# സുതാര്യം സുന്ദരം

## ഡൺസ്റ്റൺ ഒലക്കേങ്കിലച്ചന്റെ ജീവചരിത്രം

മൂന്നാം പതിപ്പ്

Dharmaram Publications
No. 537

# സുതാര്യം സുന്ദരം

## ഡൺസ്റ്റൺ ഒലക്കേങ്കിലച്ചന്റെ ജീവചരിത്രം

മൂന്നാം പതിപ്പ്

**ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.**

**Preshitha Communications**
Little Flower Mission Centre
Bharathiar University P.O.
Coimbatore 641 046
&
**Dharmaram Publications**
Bengaluru 560 029 India

സുതാര്യം സുന്ദരം: ഡൺസ്റ്റൺ ഒലക്കേങ്കിലച്ചന്റെ
ജീവചരിത്രം

ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.
polypayyappilly@gmail.com

Sutharyam Suntharam
(Biography of Fr. Dunstan Olakkengil CMI)

First Published 2014
Second Edition 2020
Third Edition 2023

© Preshitha Communications, Coimbatore

Cover: David, Smriti, Thrissur
Layout & Printing: Viani Printings, Kochi

ISBN: 978-93-92996-27-6
Price: Rs. 150/-

Publisher:
**Preshitha Communications**
Little Flower Mission Centre
Bharathiar University P. O.
Coimbatore 641 046
&
**Dharmaram Publications**
Bengaluru 560 029 India

# ഉള്ളടക്കം

**അവതാരിക (2023)** **11**
സാജു ചക്കാലക്കൽ സി.എം.ഐ.

**മുഖമൊഴി** **15**
ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.

**അവതാരിക (2020)** **18**
സാജു ചക്കാലക്കൽ സി.എം.ഐ.

**അവതാരിക (2014)** **20**
മാർ ജേക്കബ് മനത്തോടത്ത്

**ഡൺസ്റ്റണച്ചൻ ഉണ്ടായിരുന്നെങ്കിൽ...** **23**
ഫാ. വിൻസൻ മൊയലൻ സി.എം.ഐ.

**ഗുരുവന്ദനം** **25**
ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ.

**1. ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിൽ സി.എം.ഐ. – ജീവിതരേഖ** **37**

**2. വിശുദ്ധനിയോഗങ്ങളുടെ സോപാനനടയിൽ** **44**
വിശുദ്ധരുടെ പഠനക്കളരിയും ആദ്ധ്യാത്മിക ഗ്രന്ഥപാരായണവും 44
കുഞ്ഞേത്തിയുടെ പാഠശാലയിൽ 46
സ്വരാജ്യസ്നേഹം സകലഭാഗ്യങ്ങളുടെ ആരംഭം 48

**3. വിശുദ്ധപദത്തിലേക്കു സന്ന്യാസവഴി** **53**
പെങ്ങളെപ്പോലെ ആകാൻ 53
സന്ന്യാസം തന്റെ സ്വന്തവഴി 54
മാതാപിതാക്കളുടെ സ്വാധീനം 55
വ്യക്തികൾ പ്രചോദനമായപ്പോൾ 57
ബലഹീനതകളെ മറികടന്ന്... 59

| | | |
|---|---|---|
| | പണമെന്ന പ്രശ്നം | 63 |
| | മത്തായിയുടെ മാതൃകയിൽ... | 63 |
| **4.** | **ക്ഷമാശീലനത്തിന്റെ സഹനസരണി** | **65** |
| | അപ്പനിൽ നിന്നു പഠിച്ചത് | 65 |
| | ജ്യേഷ്ഠന്റെ കഠിനശിക്ഷണത്തിൽ നിന്നു ലഭിച്ചത് | 67 |
| | ജന്മനാ വാശിക്കാരൻ | 68 |
| | വഴിത്തിരിവായ ചില അനുഭവങ്ങൾ | 68 |
| | അതിസഹനം ക്ഷമാശീലനം | 71 |
| | വിഷാദഭാവത്തെയും മറികടന്ന് | 73 |
| | ആരോടും പകയില്ലാതെ | 75 |
| | സഹനശേഷി ശാരീരിക സഹനത്തിലും | 77 |
| | രഹസ്യസഹനം മഹനീയം | 80 |
| | രമ്യതയുടെ ദൂതനായ് പരിശീലന വഴിയിൽ | 80 |
| **5.** | **സത്യവഴിയിൽ ഒരു നിത്യസഞ്ചാരി** | **84** |
| | സത്യസ്നേഹത്തിന്റെ അടിസ്ഥാനം എളിമ | 87 |
| | സത്യസ്നേഹം വിശുദ്ധജീവിതത്തിന്റെ അടിസ്ഥാനം | 89 |
| | വി. തോമസ് മൂറിന്റെ വഴിത്താരയിൽ | 90 |
| | ന്യായവും തത്വവും | 99 |
| | പണിതീരാത്ത വീടിന്റെ സാക്ഷ്യം | 99 |
| | സമഭാവനയുടെ ശാന്തസമുദ്രം | 101 |
| | ആത്മീയതയിലെ പ്രവാചകചൈതന്യം | 103 |
| | പരിശീലിതരിൽ സത്യസ്നേഹത്തിന്റെ മുദ്ര പതിക്കാൻ | 105 |
| **6.** | **പ്രാർത്ഥന: ജീവിതത്തിന്റെ അവിരാമമായ അന്തർധാര** | **110** |
| | അപ്പന്റെ വഴിയിൽ മകൻ | 110 |
| | അമ്മ കാണിച്ച വഴിയിൽ | 114 |
| | അമ്മയറിയാത്ത വഴിയിൽ മകൻ | 115 |
| | ഇട്ടൂപ്പുണ്ണിയുടെ ഉപകാരസ്മരണകൾ | 117 |
| | വെടിക്കെട്ടു തകർത്താലും നമസ്കാരം മുടങ്ങില്ല | 119 |
| | വാർദ്ധക്യത്തിലും അഭംഗമായ ചേതന | 120 |
| **7.** | **അന്തര്യാമിയോടൊത്തു നിരന്തരം** | **122** |
| | ഹൃദയം ഒരു ദേവാലയം | 122 |
| | ഈശവാസ്യമിദം സർവ്വം | 124 |
| | വി. കുർബാനയിൽ തിരുസാന്നിദ്ധ്യം | 125 |

| | | |
|---|---|---|
| | അന്തര്യാമിയാണ് ദൈവം | 126 |
| | നിരന്തര സ്മരണം | 127 |
| | തിരുസന്നിധിയിൽ ഇരവു പകലുകൾ | 130 |
| **8.** | **വഴിപ്പെടലിന്റെ സുകൃതമാർഗ്ഗം** | **132** |
| | അനുസരണം ഒരു തിരുബലി | 133 |
| | തുറവിയിൽ തിളങ്ങുന്ന അനുസരണം | 137 |
| | അനുസരണത്തിന്റെ തീക്ഷ്ണതയും സൂക്ഷ്മതയും | 139 |
| | അനുസരണം പരിശീലനവേദിയിൽ | 149 |
| | അനുസരണം സാമൂഹ്യനിയമങ്ങളോടും | 151 |
| **9.** | **ബന്ധങ്ങളെ പവിത്രതലത്തിൽ പ്രതിഷ്ഠിച്ചവൻ** | **154** |
| | ആത്മീയതയിൽ ചാലിച്ചെടുത്ത കുടുംബബന്ധം | 159 |
| | സഖിത്വവും സന്ന്യാസബ്രഹ്മചര്യവും | 165 |
| **10.** | **ദാരിദ്ര്യം നിറവിന്റെ അനുഗ്രഹം** | **167** |
| | മുടിയണിയാതെ ഒരു തിരുവിരുന്ന് | 167 |
| | ദാരിദ്ര്യ സ്നേഹമെന്ന സവിശേഷകൃപ | 168 |
| | നിറഞ്ഞ പ്രതീക്ഷയോടെ സന്ന്യാസത്തിലേക്ക് | 170 |
| | ആന്തരികഭാവത്തിന്റെ അടയാളങ്ങൾ | 172 |
| | 25 പൈസയ്ക്കു പരിഹാരം | 174 |
| | മടിയിൽ കനമുള്ളവനേ വഴിയിൽ ഭയമുള്ളു | 175 |
| | ഉപ്പു ചേർക്കാത്ത കഞ്ഞി മുതൽ പഴയ സാമ്പാറു വരെ | 176 |
| | തുലനാവസ്ഥയിൽ പ്രതികരിക്കുമ്പോൾ | 178 |
| | നഷ്ടങ്ങളിൽ അക്ഷോഭ്യനായി | 178 |
| | സംഘാത സാക്ഷ്യത്തിനു പ്രചോദനം | 179 |
| | ലളിതജീവിത പരീക്ഷണങ്ങൾ | 182 |
| | ദരിദ്രരുടെ സ്നേഹിതൻ | 184 |
| | ദാരിദ്ര്യഭാവം ജോലിയിലും | 186 |
| | സ്ഥിതപ്രജ്ഞനും മുക്തപുരുഷനും | 187 |
| **11.** | **പരിമളം പരത്തിയ പുണ്യപ്പൂമരം** | **190** |
| | വിശ്വാസവെളിച്ചത്തിൽ വസിച്ചവൻ | 190 |
| | ദൈവകാരുണ്യം ജീവിച്ചവൻ | 193 |
| | ദൈവത്തെ മാത്രം ശരണമാക്കിയവൻ | 195 |
| | പരസ്നേഹത്തിൽ ചരിച്ചവൻ | 197 |
| | പരസ്നേഹം പരസ്പര സഹായം | 201 |

| | | |
|---|---|---|
| | തിരുക്കുടുംബത്തിന്റെ ഡൺസ്റ്റണച്ചൻ | 203 |
| **12.** | **അയക്കപ്പെടുന്നതിനുള്ള അന്തർദ്ദാഹം** | **205** |
| | പ്രേഷിതന്റെ വിശുദ്ധി പ്രേഷിതോപകരണം | 206 |
| | അംബികാപൂരിലേക്ക്... | 206 |
| | അട്ടപ്പാടിയിൽ സ്വപ്നസാക്ഷാത്കാരം | 207 |
| | നാഥാ, അയച്ചാലും... | 210 |
| | ലോകമെങ്ങും സുവിശേഷമറിയിക്കുവാൻ | 211 |
| | ഡൺസ്റ്റണച്ചന്റെ ആകാശക്കോട്ട | 213 |
| | വിശുദ്ധപദത്തിന്റെ പ്രേഷിതമാനം | 214 |
| **13.** | **വിവേചനബുദ്ധിയുള്ള ദൈവവിളി പ്രേഷിതൻ** | **216** |
| | ദൈവവിളി പ്രോത്സാഹനം = ദൈവഹിതാന്വേഷണം | 217 |
| | എല്ലാ ദൈവവിളികളും മഹനീയം | 218 |
| | ജീവിതാന്തസല്ല വിശുദ്ധിയാണ് പ്രധാനം | 220 |
| | വിവേചനയെന്ന സവിശേഷസിദ്ധി | 221 |
| | അതിജീവനത്തിന്റെ മാർഗ്ഗദർശി | 226 |
| **14.** | **വിവേകമതിയായപരിശീലകൻ** | **229** |
| | അർത്ഥികളെ അറിയുന്നവൻ | 230 |
| | ഹൃദയംകൊണ്ടു ശ്രവിക്കുന്നവൻ | 231 |
| | അകമഴിഞ്ഞു പ്രോത്സാഹിപ്പിക്കുന്നവൻ | 231 |
| | ലക്ഷ്യബോധമുണർത്തുന്നവൻ | 231 |
| | വിവേകമതിയായ മാതാവ് | 232 |
| | കനിവോടെ കരുത്തോടെ | 234 |
| | വികാരത്തോടെ വിവേകത്തോടെ | 237 |
| | കൃപാധാരയിലേക്ക് വഴിയൊരുക്കുന്നവൻ | 240 |
| | മനസ്സും ശരീരവും ദുർബലമായപ്പോൾ | 241 |
| **15.** | **ദൈവകൃപയുള്ള കുമ്പസാരക്കാരൻകരുതലുള്ള മാർഗ്ഗദർശി** | **243** |
| | തേടിവന്നു കാത്തിരിക്കുന്ന നല്ലിടയൻ | 248 |
| | കരുതലിന്റെ ധാരാളഹൃദയൻ | 250 |
| | സഹഗമിക്കുന്ന ആത്മപാലകൻ | 251 |
| | മങ്ങിയ ഓർമ്മയിലും പ്രജ്ജ്വലമായ ചൈതന്യം | 254 |
| **16.** | **പ്രകൃതിയൊരനുഭൂതിയായ്...** | **256** |
| | മരുഭൂമിയുടെ ആത്മീയത | 257 |
| | പ്രകൃതി നിരീക്ഷണവും പരീക്ഷണവും പരിശീലനവും | 258 |

| | | |
|---|---|---|
| | പ്രകൃതി പഠിപ്പിക്കുന്ന പാഠങ്ങൾ | 260 |
| | ഗാന്ധിമാർഗത്തിൽ... | 262 |
| **17.** | **അഴകില്ല, ആകാരഭംഗിയില്ല അകം മുഴുവൻ അഴകാണ്** | **263** |
| | മാതാപിതാക്കൾക്ക് മതിപ്പ് | 263 |
| | ആത്മീയ പിതാവ് തിരിച്ചറിഞ്ഞു | 264 |
| | കുണ്ടുകുളം പിതാവ് പറഞ്ഞു | 264 |
| | കണ്ടുമുട്ടിയവരിൽ പതിഞ്ഞ മായാമുദ്ര | 264 |
| | പ്രഗത്ഭനല്ല വിശുദ്ധനാണ് | 265 |
| | ചർച്ച് ഓഫ് ദ ഏപ്രൺ | 266 |
| | ഓർമ്മകൾ നിറയ്ക്കുന്ന സാന്നിദ്ധ്യം | 267 |
| **18.** | **മറിയം മാതാവും മാതൃകയും** | **269** |
| | മറിയമെന്ന അമ്മ | 270 |
| | മറിയമെന്ന മാതൃക | 270 |
| | ശുദ്ധീകരണത്തിന്റെ ഉപകരണമായ മറിയം | 271 |
| | മറിയത്തിന്റെ പ്രഘോഷകൻ | 272 |
| | കർമ്മലയിൽ സമർപ്പിതം | 273 |
| **19.** | **മറവിയുടെ ആത്മീയതയും രസകരകഥകളും** | **275** |
| | സ്വയം അംഗീകരിച്ച ആത്മജ്ഞാനി | 275 |
| | ദൈവവും സഹോദരങ്ങളും ഒഴികെ... | 277 |
| | പിഴവുകളില്ലാത്ത റിപ്പോർട്ട് | 277 |
| | ഉറങ്ങിയും മറന്നും | 278 |
| | കത്തുന്ന മെഴുകുതിരി കറാപ്പ് ആയപ്പോൾ | 280 |
| | തന്നെത്തന്നെയും മറന്നുപോയപ്പോൾ | 280 |
| | ഒരു രസമില്ലാത്ത കഥ | 281 |
| **20.** | **സ്വർഗ്ഗത്തിൽ ഒരു പൂ വിരിയുന്നു** | **282** |

**അനുബന്ധം**

| | |
|---|---|
| ഡൺസ്റ്റണച്ചന്റെ ജീവിതനാൾവഴികൾ | 285 |



# അവതാരിക

(മൂന്നാം പതിപ്പ്)

തന്നെ അറിഞ്ഞവർക്കിടയിൽ സുതാര്യവും സുന്ദരവുമായ ഒരു ജീവിതം നയിച്ച് കടന്നുപോയ ഡൺസ്റ്റൺ ഒലക്കേങ്കിലച്ചനെക്കുറിച്ചുള്ള അന്വേഷണങ്ങളും പഠനങ്ങളും കൂടുതൽ ശ്രദ്ധയോടും താൽപര്യത്തോടും കൂടെ തുടർന്നുകൊണ്ടിരിക്കുന്നു എന്നുള്ള വസ്തുത ഏറെ പ്രത്യാശാജനകമാണ്. ഡൺസ്റ്റണച്ചനെ അടുത്തറിഞ്ഞ് അനുദിന ജീവിതത്തിൽ ഇടപഴകിയ സഹപ്രവർത്തകരും ശിഷ്യസമൂഹവുംകൂടി ഈ അന്വേഷണ പരമ്പര നയിക്കുമ്പോൾ ഏറ്റവും ലളിതവും എന്നാൽ തീർത്തും അനന്യവുമായ ഒരു ജീവിതം നയിച്ച ഡൺസ്റ്റണച്ചനെക്കുറിച്ച് കൂടുതൽ അറിവ് നേടുന്നതോടൊപ്പംതന്നെ, ഈ പരിശ്രമങ്ങളിലൂടെ അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾ കൂടുതൽ ദീപ്തമാക്കാനും, അതുവഴി പുതുതലമുറകളിൽ ഇനിയും ധാരാളം യേശുസാധകരെ പ്രചോദിപ്പിക്കാനും സാധിക്കുമെന്നുള്ള പ്രതീക്ഷ ദൃഢതരമാകുന്നു.

ജീവിത വഴിയിൽ ഇടപഴകിയവരിലെല്ലാം ആത്മീയതയുടെ ഒരു സ്ഫുലിംഗം സൃഷ്ടിക്കാൻ ഡൺസ്റ്റണച്ചനായി. തന്റെ ജീവിതംകൊണ്ട് ആർജിച്ചെടുത്ത ആത്മീയദർശനത്തിന്റെ പങ്കുവെക്കലായിരുന്നു അദ്ദേഹവുമായി ബന്ധപ്പെട്ടവർക്കൊക്കെ ലഭ്യമായിട്ടുള്ളത്. പരിശീലനകാലഘട്ടങ്ങളിൽ ആയാലും തുടർപരിശീലനവേദികളിൽ ആയാലും തന്റെയടുത്ത് ആലോചനയ്ക്കായും മാർഗ്ഗനിർദ്ദേശത്തിനായും വരുന്നവരെ അതീവ ശ്രദ്ധയോടെ ശ്രവിക്കാനും, തന്റെ ജീവിതാനുഭവങ്ങളിലൂടെ ആർജിച്ചെടുത്ത അറിവിന്റെയും വെളിച്ചത്തിൽ, ലാളിത്യത്തിലും കരുണയിലും ചാലിച്ചെടുത്ത - എന്നാൽ സത്യത്തിൽ നിന്നും അണുവിട വ്യതിചലിക്കാതെയുള്ള - പരിഹാരങ്ങളും ക്രിയാത്മകമായി മുന്നോട്ടു പോകാൻ ഉതകുന്ന നിർദ്ദേശങ്ങളും ഡൺസ്റ്റണച്ചൻ നൽകുമായിരുന്നു. തന്റെ ഒരായുസ്സുകൊണ്ട് അദ്ദേഹം ആർജിച്ചെടുത്ത അമൂല്യമായ ക്രിസ്തു ദർശനം പങ്കുവെക്കുക വഴി നിരവധി ക്രിസ്തുസാധകരുടെ ആദ്ധ്യാത്മിക ജീവിതത്തിൽ ഒരു രാസത്വരകമാകാൻ ഡൺസ്റ്റണച്ചനു

സാധിച്ചു. താൻ നേടിയെടുത്തത് ഔദാര്യപൂർവ്വം പങ്കുവെച്ചതുവഴി, തന്നെ തേടിയെത്തിയവരെയും തനിക്ക് ഏൽപ്പിക്കപ്പെട്ടിരുന്നവരെയും കൂടുതൽ മെച്ചപ്പെട്ട മനുഷ്യരും ആത്മീയരുമാക്കാൻ അദ്ദേഹത്തി നായി.

ഡൺസ്റ്റൺ ഒലക്കേങ്കിലച്ചനെ തന്റെ സഹസന്യാസിമാരിൽ നിന്നും വ്യത്യസ്തനാക്കിയത് അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിലെ വിദ്യാഭ്യാസപരമായതും തൊഴിൽപരവുമായ നേട്ടങ്ങളെക്കാൾ, തന്റെ സന്യാസ-പൗരോഹിത്യ സമർപ്പണ ജീവിതത്തിലെ ആത്മാർത്ഥതയും നിതാന്തപരിശ്രമവും, സ്വയം മറന്ന് മറ്റുള്ളവരുടെ ജീവിതാവസ്ഥ കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉതകുന്നരീതിയിലുള്ള ഇടപെടലുക ളുമായിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ പരിശീലനം നേടിയ ഒരു നവ സന്യാസി എന്ന നിലയിലും, പിന്നീട് ഔദ്യോഗികമായും അല്ലാതെയും വ്യത്യസ്ത സാഹചര്യങ്ങളിൽ ഡൺസ്റ്റണച്ചനുമായി ഇടപെട്ടിട്ടുള്ള ഒരു വ്യക്തി എന്ന നിലയിലും, അദ്ദേഹത്തിന്റെ ജീവിതവീക്ഷണവും നില പാടുകളും മനോഭാവങ്ങളും മനസ്സിലാക്കാനും, അല്പമായെങ്കിലും സ്വാംശീകരിക്കാനും എനിക്കായിട്ടുണ്ട്. വളരെ ലാളിത്യമേറിയ ഒരു ജീ വിതശൈലി ആയിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്രയെങ്കിലും, ഉയർന്ന ആദർശങ്ങളും സുവിശേഷാധിഷ്ഠിതമായ ദർശനങ്ങളും, അവ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ള നിതാന്തമായ പരിശ്രമവും, അങ്ങനെ താൻകൂടെ അംഗമായ സന്യാസ സമൂഹത്തെ വിശുദ്ധിയുടെ ഉന്നത തലങ്ങളിലേക്ക് വളർത്താനുള്ള അഭിവാഞ്ഛയും ഡൺസ്റ്റണ ച്ചനെ തീർത്തും വേറിട്ട ഔന്നിത്യമേറിയ വ്യക്തിത്വമാക്കി മാറ്റി. അതു കൊണ്ടുതന്നെ ഡൺസ്റ്റണച്ചനെക്കുറിച്ച് ഇനിയും കൂടുതൽ അറി യുകയും വ്യാഖ്യാനിക്കുകയും ചെയ്യേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാകുന്നു.

അവിശ്വസനീയമാം വിധം ലാളിത്യമേറിയ ഡൺസ്റ്റണച്ചന്റെ ജീവിതം അക്ഷരാർത്ഥത്തിൽ യാതൊന്നും ബാക്കിവയ്ക്കാതെയാണ് കാലയവനി കക്കുള്ളിൽ മറഞ്ഞത്. താൻ ജീവിച്ച സ്ഥലങ്ങളിലോ താൻ ഇടപ്പെട്ട സ്ഥാപനസംവിധാനങ്ങളിലോ വ്യക്തിജീവിതങ്ങളിലോ തന്നെക്കുറി ച്ചുള്ള ഓർമ്മകൾ അടയാളപ്പെടുത്തുന്നതിനായി യാതൊന്നും സ്വയം സൃഷ്ടിക്കാതെയാണ് ഡൺസ്റ്റണച്ചൻ കടന്നുപോയത്: അദ്ദേഹത്തിന്റെ ക്രിയാത്മകമായ ഇടപെടലുകൾ വ്യക്തിജീവിതങ്ങളിലായിരുന്നു; അതുകൊണ്ടുതന്നെ ഡൺസ്റ്റണച്ചനെക്കുറിച്ച് കൂടുതൽ അറിയണ മെങ്കിൽ അദ്ദേഹം സ്പർശിച്ച ജീവിതങ്ങളിൽ അദ്ദേഹത്തിനുണ്ടാ ക്കാൻ കഴിഞ്ഞ സ്വാധീനത്തെ മനസ്സിലാക്കാനാകണം. ഈ പ്രക്രിയ

വളരെ ശ്രമകരമാണെന്ന് മാത്രമല്ല ഒരു സ്ഥിരോത്സാഹിയുടെ മുൻപിൽ പോലും ശേഖരിച്ചെടുക്കുന്ന വിവരങ്ങൾ അപൂർണ്ണമായിരിക്കും. ഈ വിധത്തിൽ ഡൺസ്റ്റണച്ചന്റെ ജീവിതത്തെക്കുറിച്ചുള്ള പഠനം എളുപ്പ മാവുകയില്ല എന്ന് വ്യക്തമായി അറിയാമായിരുന്നെങ്കിലും, അദ്ദേഹ ത്തിന്റെ പ്രേഷ്ഠശിഷ്യനായ പോളി പയ്യപ്പിള്ളിയച്ചന്റെ സ്നേഹ തീക്ഷണതയോടും നിഷ്ഠയോടും കൂടിയുള്ള തുടർച്ചയായ ഇടപെട ലുകൾ വഴിയായി ഏതാണ്ട് ഒരു ദശാബ്ദം നീണ്ട പരിശ്രമത്തിനൊടു വിൽ ഡൺസ്റ്റണച്ചനെക്കുറിച്ചുള്ള ഒത്തിരിയേറെ വിവരങ്ങളും ഉൾ ക്കാഴ്ചകളും ശേഖരിച്ച്, അനുവാചകർക്ക് ഏറ്റം താല്പര്യത്തോടു കൂടെ വായിക്കാൻ ഉതകുന്ന രീതിയിൽ സുതാര്യം സുന്ദരം എന്ന ജീവ ചരിത്രത്തിന്റെ മൂന്നാം പതിപ്പ് തയ്യാറായിരിക്കുകയാണ്. തന്റെ നവസ ന്ന്യാസ ഗുരുവിനോടുള്ള സ്നേഹവായ്പുകൊണ്ടും അദ്ദേഹത്തിന്റെ ജീവിതവിശുദ്ധി നേരിട്ട് അനുഭവിച്ചറിഞ്ഞിട്ടുള്ളതുകൊണ്ടും, അദ്ദേഹ ത്തിന്റെ ജീവിതത്തിലെ സത്യസാധന പുതിയ തലമുറയ്ക്ക് ഏറെ ഉത്തേജനം നൽകാൻ ഉതകുന്നതാണെന്ന് ഉറച്ച ബോധ്യം ഉള്ളതു കൊണ്ടും പോളി പയ്യപ്പിള്ളിയച്ചൻ ഒരു തപസ്യയായി ഈ ജീവ ചരിത്ര പ്രസാധന പദ്ധതി ഏറ്റെടുക്കുകയും ഏറ്റം ഉദാത്തമായ രീതി യിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തന്റെ തുടർപഠനത്തിലൂടെ സമാഹരിച്ച ഡൺസ്റ്റണച്ചനെക്കുറിച്ചുള്ള ധാരാളം പുതിയ വിവരങ്ങൾ ഉൾക്കൊള്ളിക്കാൻ സാധിച്ചതിനാലും ആദ്യ പതിപ്പുകളിൽ കടന്നു കൂടിയ ഏതാനും അപൂർണ്ണങ്ങളായ വിവരണങ്ങളിലുള്ള തിരുത്തലു കളും കൂട്ടിച്ചേർക്കലുകളും നടത്തിയിരിക്കുന്നതുകൊണ്ടും, ഈ മൂന്നാം പതിപ്പ് കൂടുതൽ ശ്രേഷ്ഠതയുള്ളതും ഡൺസ്റ്റണച്ചന്റെ ജീവിതം ഏറെ സുതാര്യതയോടുകൂടെ സമൂഹമധ്യേ അവതരിപ്പിക്കാനുത കുന്നതുമാണ്.

സുതാര്യം സുന്ദരത്തിന്റെ മൂന്നാം പതിപ്പ് പ്രകാശനം ചെയ്യു മ്പോൾ ദൈവസന്നിധിയിൽ നിറഞ്ഞ നന്ദിയോടെയാണ് സി.എം. ഐ. പ്രേഷിത പ്രവിശ്യ പുണ്യശ്ലോകനായ ഡൺസ്റ്റണച്ചനെ അനു സ്മരിക്കുന്നത്. ഞങ്ങൾക്കു മുൻപേ കടന്നുപോയ ഡൺസ്റ്റണച്ചന്റെ ജീവിതത്തിൽ പരിലസിച്ചിരുന്ന വിശുദ്ധിയും മൂല്യങ്ങളും ഞങ്ങൾക്ക് എത്തിപ്പിടിക്കാവുന്നതിനുമപ്പുറം ഏറെ ഉയരത്തിലാണെന്ന് തിരിച്ചറി യുമ്പോഴും, തുടർച്ചയായി ഞങ്ങളുടെ മുൻപിൽ ഒരു വെല്ലുവിളിയായി നിലകൊള്ളുകയും പ്രതീക്ഷയോടെ സന്യാസ-പൗരോഹിത്യ ജീവി തത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അമൂല്യമായ മുത്തുകൾ കരസ്ഥമാക്കുവാൻ പ്രചോദിപ്പിക്കുകയും ചെയ്യുന്നുണ്ട് അദ്ദേഹം.

ആത്മീയതയുടെ ദുർഘടം പിടിച്ച പാതയിൽ, ഇരുളിൽ തപ്പുന്നവർക്ക് ഒരു വിളക്കുമാടം കണക്കെ, ഡൺസ്റ്റണച്ചന്റെ ഔന്നത്യമേറിയ ജീവിതദർശനങ്ങളും ആത്മീയോപാസനയിൽ ഉള്ള വിജയവും തെളിഞ്ഞു നിൽക്കുകയും മാടി വിളിക്കുകയും ചെയ്യുന്നുണ്ട്.

ഒരു സത്യം തെളിവായും ഞങ്ങൾ മനസ്സിലാക്കുന്നു: ലോകത്തിന്റെ ദൃഷ്ടിയിൽ ഏറെ മൂല്യമുളവാക്കുന്ന വിദ്യാഭ്യാസ വിചക്ഷണതയോ, വ്യക്തിതലത്തിലുള്ള അനന്യമായ നേട്ടങ്ങളോ, സ്ഥാപനസംവിധാനങ്ങളുടെ ഏറ്റം മികച്ച ഭരണനൈപുണ്യതയോ അല്ല ഒരു സന്ന്യാസ പുരോഹിതനെ ഏറെ പ്രിയപ്പെട്ടവനും മൂല്യമുള്ളവനുമാക്കുന്നത്; മറിച്ച്, ഇതെല്ലാം നേടിയാലും ഇല്ലെങ്കിലും, ആഴത്തിലുള്ള ക്രിസ്തു അനുഭവവും സഹജർക്കു വേണ്ടിയുള്ള നിർലോഭമായ ലഭ്യതയും, സത്യത്തോടുള്ള സമ്പൂർണ്ണമായ സമർപ്പണവും, സുവിശേഷത്തിൽ അടിസ്ഥാനമിട്ട കറകൂടാത്ത ലാളിത്യവുമാണ് ആത്യന്തികമായി ക്രൈസ്തവദർശനത്തിനുൾച്ചേരുന്ന യഥാർത്ഥ സന്യാസ പുരോഹിതരെ സൃഷ്ടിക്കുക. ഇത്തരത്തിലുള്ള ജീവിതദർശനത്തിലുള്ള വിജയം സാധ്യമാണോ എന്ന് സംശയിക്കുന്ന പുതിയ തലമുറയ്ക്ക് ഒരു നിസ്തർക്കമായ മറുപടിയായി ഡൺസ്റ്റണച്ചന്റെ ജീവിതസാക്ഷ്യം നിലകൊള്ളുകയാണ്. ഇനിയും അനേകം വിശുദ്ധ ജന്മങ്ങൾക്ക് കാരണമാകാനും പ്രോത്സാഹനമേകാനും പുണ്യശ്ലോകനായ ഡൺസ്റ്റണച്ചന്റെ ജീവചരിത്രപഠനം ഉറപ്പായും സഹായിക്കും എന്നാണ് എന്റെ പ്രതീക്ഷ.

എളിയ ജീവിതശൈലികൊണ്ടും സത്യത്തിലൂന്നിയ ജീവിതദർശനം കൊണ്ടും, ഒരു വടക്കുനോക്കിയന്ത്രം പോലെ തന്നെ സമീപിച്ചവർക്കെല്ലാം യേശുവിലേക്കുള്ള ഒരു ചൂണ്ടുപലകയായിത്തീർന്ന ഡൺസ്റ്റണച്ചൻ ദൈവസന്നിധിയിലാണെന്ന അദ്ദേഹത്തിന്റെ സഹസന്ന്യാസികളുടെയും ഇതരസഹജരുടെയും വിശ്വാസം തിരുസഭ ഏറ്റെടുക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന നിമിഷങ്ങൾക്കായി പ്രതീക്ഷയോടെ നമുക്ക് കാത്തിരിക്കാം.

ഫാ. സാജു ചക്കാലക്കൽ സി.എം.ഐ.
പ്രൊവിൻഷ്യൽ, പ്രേഷിത പ്രവിശ്യ

# മുഖമൊഴി

"സുതാര്യം സുന്ദരം" ഡൺസ്റ്റൺ ഒലക്കേങ്കിലച്ചന്റെ ജീവചരിത്രമാണ്. അദ്ദേഹത്തിന്റെ ജീവിത സ്മരണകളാണ് ഈ ഗ്രന്ഥത്തിന്റെ പ്രധാന ഉറവിടം.

1953–56 കാലയളവിൽ അമ്പഴക്കാട് വി. അമ്മത്രേസ്യയുടെ ആശ്രമാംഗമായിരുന്ന ഡൺസ്റ്റണച്ചന്റെ ആദ്ധ്യാത്മിക പിതാവ് ആശ്രമത്തിന്റെ പ്രിയോരായിരുന്ന മലാഖിയാസ് കണ്ണനായ്ക്കലച്ചനായിരുന്നു. തന്റെ ആത്മീയപുത്രന്റെ വിശുദ്ധി തിരിച്ചറിഞ്ഞ മലാഖിയാസച്ചൻ ഓർമ്മക്കുറിപ്പുകൾ എഴുതുവാൻ ഡൺസ്റ്റണച്ചനോട് ആവശ്യപ്പെട്ടു. തന്റെ ജീവിതത്തിൽ മാതാപിതാക്കൾ ചെലുത്തിയ സ്വാധീനം, വ്യക്തിത്വത്തെ രൂപപ്പെടുത്തിയ അനുഭവങ്ങളും സംഭവങ്ങളും, തന്നെ നയിച്ചുകൊണ്ടിരിക്കുന്ന ആത്മീയമായ ബോദ്ധ്യങ്ങൾ, വിശുദ്ധി ലക്ഷ്യമാക്കിയുള്ള പ്രയാണത്തിൽ കടന്നുചെന്ന പടികൾ തുടങ്ങി പലതും ആത്മീയ പിതാവിന്റെ നിർദ്ദേശമനുസരിച്ചു കുറിച്ചുവച്ചു. നിയതമായ ക്രമങ്ങളില്ലാതെ ഓർമ്മയിൽ ഉദിച്ചുയരുന്നതനുസരിച്ച്, തന്റെ സ്വതസിദ്ധമായ സരളശൈലിയിൽ തന്റെ പരമാർത്ഥഹൃദയം തുറന്നുവെച്ചു.

ഒരു നോട്ടുപുസ്തകത്തിന്റെ 163 പുറങ്ങളിൽ ചിതറിക്കിടക്കുന്ന സ്മരണകളെ അവയുടെ ആത്മാവ് നഷ്ടമാകാതെ ഈ ഗ്രന്ഥകാരൻ വിഷയമനുസരിച്ചു വേർതിരിച്ചു. ശീർഷകാടിസ്ഥാനത്തിൽ ഒരുമിച്ചു ചേർത്തു. സമാനങ്ങളും പരസ്പരബന്ധികളുമായ ചിന്തകളും സംഭവങ്ങളും ബോധധാരക്രമത്തിൽ കോർത്തിണക്കി. ചുരുക്കം ചില വാക്കുകൾ മാറ്റിപ്രതിഷ്ഠിച്ചു. വാക്യങ്ങളുടെ ഘടനമാറ്റി. ഖണ്ഡികകളായിത്തിരിച്ചു. ഇടയിൽ സി.എം.ഐ. സഭാംഗങ്ങളും ഡൺസ്റ്റണച്ചന്റെ കുടുംബാംഗങ്ങളും സുഹൃത്തുക്കളും സംഭാവന ചെയ്ത ഡൺസ്റ്റൺ സ്മരണകളെ ചേരുംപടി വിളക്കിച്ചേർത്തു. അങ്ങനെ "സുതാര്യം സുന്ദരം" രൂപം കൊണ്ടു.

സാധാരണ ജീവചരിത്രത്തിൽനിന്നു വിപരീതമായി ചരിത്രപുരുഷൻ ഇവിടെ ആത്മകഥയിലെന്നപോലെ ദീർഘമായി സംസാ

രിക്കുന്നു. ആ പുണ്യാത്മാവിന്റെ ഹൃദയത്തിൽ നിന്നൊഴുകുന്ന ലളിതശൈലിയിലുള്ള സ്വയംപ്രകാശനം വായനക്കാർക്ക്, പ്രത്യേകമായി അദ്ദേഹത്തിന്റെ ചിരപരിചിതർക്കു കൂടുതൽ സ്വീകാര്യവും ആസ്വാദ്യവുമാക്കുമെന്ന പ്രതീക്ഷയാണുള്ളത്.

ഡൺസ്റ്റണച്ചന്റെ ജീവചരിത്രരചനയെന്ന വിശുദ്ധകർമ്മത്തിനു എന്നെ ഭരമേല്പിച്ചതു പ്രേഷിതപ്രവിശ്യയുടെ മുൻപ്രവിശ്യാശ്രേഷ്ഠനായ ആന്റണി പുത്തനങ്ങാടിയച്ചനാണ്. പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുള്ള നിയോഗം വിൻസൻ മൊയലനച്ചന്റെ നേതൃത്വത്തിലുള്ള പ്രവിശ്യാശ്രേഷ്ഠസംഘം പൂർത്തിയാക്കി.

രണ്ടാം പതിപ്പ് പ്രസിദ്ധീകരിച്ചതിനുശേഷം ഡൺസ്റ്റണച്ചനെ സംബന്ധിച്ച കൂടുതൽ രേഖകൾ ശേഖരിക്കാനായി. അവയെല്ലാം മൂന്നാം പതിപ്പിനെ കൂടുതൽ ആധികാരികമാക്കി. ഈ കാലയളവിൽ ഡൺസ്റ്റണച്ചനെപ്പറ്റി പല പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ ഡബ്ല്യു. ജെ. തറയിലിന്റെ "ദീർഘദർശി ഡൺസ്റ്റണച്ചൻ", ഫാ. ജോർജ്ജ് നേരേപ്പറമ്പിലിന്റെ "ഡൺസ്റ്റൺ അച്ചനെക്കുറിച്ച്" ഫാ. പോൾ തെക്കിനിയത്ത്, ഫാ. ജോൺസൺ വലിയകുളത്തിൽ എന്നിവരുടെ "ഉള്ളഴക്" എന്നീ ഗ്രന്ഥങ്ങൾ പുതിയ പതിപ്പിനെ സമ്പന്നമാക്കി. പ്രസ്തുത പുസ്തകങ്ങളിൽനിന്ന് ഏറെ പ്രതിപാദ്യങ്ങൾ സ്വാംശീകരിച്ചും ചിലതു ചുരുക്കിയും പലതു കാര്യമായ മാറ്റം കൂടാതെയും മൂന്നാം പതിപ്പിൽ ഉൾപ്പെടുത്തി. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി കഥാനായകന്റെ അനുസ്മരണ സമ്മേളനങ്ങളും കൂടിച്ചേരലുകളും വിവിധ അവസരങ്ങളിൽ നടത്തുവാൻ ഇടയായി. അപ്രകാരമുള്ള അവസരങ്ങളിൽ നടന്ന പങ്കുവെക്കലുകൾ ഇതിനെ വിപുലമാക്കി.

സുതാര്യം സുന്ദരത്തിന്റെ മൂന്നാം പതിപ്പ് ഡൺസ്റ്റണച്ചൻ എന്ന പുണ്യാത്മാവിനെക്കുറിച്ചുള്ള അന്വേഷണത്തിന്റെ ഒരു ഘട്ടമാണ്. അന്വേഷണവും പഠനവും തുടരേണ്ടിയിരിക്കുന്നു.

രണ്ടാം പതിപ്പിന്റെ പ്രസിദ്ധീകരണത്തിന് മുൻകയ്യെടുത്ത സി.എം.ഐ. പ്രേഷിത പ്രവിശ്യയുടെ ശ്രേഷ്ഠൻ സാജു ചക്കാലയ്ക്കലച്ചൻ തന്നെയാണ് മൂന്നാം പതിപ്പിനെ അവതാരികയെഴുതി അവതരിപ്പിക്കുന്നത്. ഡേവിഡ് സ്മൃതി മുഖചിത്രമൊരുക്കി. കൊച്ചി വിയാനി പ്രിന്റിങ്ങ്സ് പുസ്തകത്തിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ചു.

എല്ലാവരേയും ദൈവം ഡൺസ്റ്റണച്ചനിലൂടെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം

ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.

# അവതാരിക

(രണ്ടാം പതിപ്പ്)

1983 മുതൽ വളരെ അടുത്തു പരിചയമുള്ള ബഹുമാനപ്പെട്ട ഡൺസ്റ്റണച്ചൻ എന്റെ നവസന്ന്യാസഗുരുവും ആധ്യാത്മനിയന്താവും എന്നതിനുമപ്പുറം സി.എം.ഐ. സന്ന്യാസ ജീവിതത്തിൽ ഒരു തുറന്ന പാഠപുസ്തകവും ആത്മാവിൽ ഉറപ്പു പകരുന്ന വഴികാട്ടിയുമായിരുന്നു. ലവലേശം കലർപ്പില്ലാത്തതും തനിമയാർന്നതുമായ ഒരു സന്ന്യാസവൈദിക ജീവിതശൈലിയുടെ ഉടമയായിരുന്നു, ലളിതജീവിതത്തിനും നീതിനിഷ്ഠമായ കാഴ്ചപ്പാടുകൾക്കും ആഴമേറിയ ദൈവാനുഭവത്തിനും സഹസന്ന്യാസികളുടെയും ശിഷ്യരുടെ ഇടയിലും പേരുകേട്ട ആദരണീയനായ ഡൺസ്റ്റൺ ഒലക്കേങ്കിലച്ചൻ.

രണ്ടുവർഷക്കാലം നവസന്ന്യാസഗുരു എന്ന നിലയിൽ അദ്ദേഹത്തോടൊപ്പം ആയിരിക്കുവാൻ കഴിഞ്ഞത് എന്റെ സി.എം.ഐ. സന്ന്യാസ പരിശീലനത്തിലെ ഏറ്റവും പ്രധാനപ്പെട്ട നാഴികക്കല്ലായി ഞാൻ തിരിച്ചറിയുന്നു. സ്ഥാപകപിതാക്കന്മാരുടെ സിദ്ധിയിലും കർമ്മലീത്താ പാരമ്പര്യത്തിലും ഊന്നിയ ധ്യാനോപാസനയിലും ഞാൻ ആദ്യചുവടുകൾ വയ്ക്കുന്നത് ഡൺസ്റ്റണച്ചന്റെ കൈകൾ പിടിച്ചായിരുന്നു. ഈ പാതയിലുള്ള യാത്രയിലും വളർച്ചയിലും ഉലച്ചിലുകൾ ഉണ്ടായിട്ടുണ്ടെങ്കിലും ഏറ്റവും ഉറപ്പുള്ള ഒരു അടിസ്ഥാനമിടാൻ അദ്ദേഹത്തിന്റെ പ്രോജ്ജ്വലമായ ജീവിതമാതൃക എന്നെ സഹായിച്ചു എന്നത് അഭിമാനത്തോടെ ഞാൻ അനുസ്മരിക്കുന്നു.

ഡൺസ്റ്റണച്ചൻ നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യ സന്നിധിയിൽ ആയിരിക്കുന്നത് ഇന്നും ദീപ്തമായ ഒളിമങ്ങാത്ത ഓർമ്മയാണ്. സ്വയം ത്യജിക്കാനും അപരനെ വളർത്താനും ഉതുകുന്ന മനോഭാവം സ്വന്തമാക്കാൻ ഡൺസ്റ്റണച്ചനു കഴിഞ്ഞത് അദ്ദേഹത്തിന്റെ നിതാന്തമായ പ്രാർത്ഥനയിൽനിന്നും ധ്യാനത്തിൽനിന്നും ഉയിർക്കൊണ്ട ദൈവാനുഭവത്തിന്റെ ബഹിർസ്ഫുരണമായിരുന്നു. ഒരു തപസ്യ കണക്കേ ശ്രവണ-മനന–നിധിധ്യാസനത്തിൽ ഏറ്റം സ്വാഭാവികമായി

പങ്കുചേരുവാൻ സാധിക്കുമായിരുന്ന അദ്ദേഹം ആധ്യാത്മികശാസ്ത്രത്തിൽ ഊന്നിയ നിർദ്ദേശങ്ങൾക്കൊപ്പം തന്റെ ജീവിതാനുഭവത്തിൽ ചാലിച്ച പാഠങ്ങളും വ്യക്തിപരമായ പങ്കുവെക്കലുകളിൽ പകർന്നു തരുമായിരുന്നു. ദൈവവചനത്തിൽ അധിഷ്ഠിതമായ കാഴ്ചപ്പാടുകൾ വളർത്തിയെടുക്കുന്നതിനും, ആ കാഴ്ചപ്പാടുകൾക്കനുസൃതമായ ഒരു ക്രിസ്തീയ സന്ന്യാസജീവിതശൈലി രൂപപ്പെടുത്തുന്നതിനും അദ്ദേഹത്തിന് സാധിച്ചത് രാപകലില്ലാതെ അദ്ദേഹം സ്വന്തമാക്കിയ ധ്യാനതപസ്യയുടെയും ദൈവാനുഭവത്തിന്റെയും ഫലപ്രാപ്തിയാണ്.

ആഘോഷങ്ങളും ആഡംബരങ്ങളും തന്റെ ജീവിതത്തിലേക്ക് ക്ഷണിക്കാൻ കഴിയാത്ത ഡൺസ്റ്റണച്ചൻ ഏറ്റം എളിയ ഒരു ജീവിതശൈലി സ്വീകരിക്കുകയും, സ്വതസിദ്ധമായി പാവങ്ങളോട് പക്ഷം ചേരുകയും ചെയ്തത് എന്നെ ഒരിക്കലും അത്ഭുതപ്പെടുത്തിയിട്ടില്ല. ഏതാനും മാസങ്ങൾ അദ്ദേഹത്തോടൊപ്പം ഒരു ഗ്രാമാന്തരീക്ഷത്തിൽ ഏറ്റം കുറഞ്ഞ സൗകര്യങ്ങളോടുകൂടെ എനിക്ക് ജീവിക്കാൻ കഴിഞ്ഞതും ഒരു അനന്യസൗഭാഗ്യമായി ഞാൻ കാണുന്നു. കുറവുകളുടെ മധ്യത്തിലും അല്ലലുകളും അലച്ചിലുകളും ഡൺസ്റ്റണച്ചന് അന്യമായിരുന്നു. ദൈവപരിപാലനയിലുള്ള അദ്ദേഹത്തിന്റെ ആഴമേറിയ വിശ്വാസവും സഹസന്ന്യാസികളോടുള്ള കറയറ്റ സൗഹൃദവും എനിക്കേറെ പ്രചോദനാത്മകമായിരുന്നു. ദൈവത്തെ പിതാവായി കാണുന്നതിനും ആ പിതാവിൽ കണ്ണുംപൂട്ടി വിശ്വസിക്കുന്നതിനും ഡൺസ്റ്റണച്ചന് കഴിഞ്ഞിട്ടുണ്ടെങ്കിൽ, ആ സരണിയിൽ മറ്റുള്ളവരെ വഴിനടത്തുവാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനം തന്റെ ആഴമേറിയ ക്രിസ്തീയ ദൈവാനുഭവമല്ലാതെ മറ്റൊന്ന് കണ്ടെത്തുക നമുക്ക് അസാധ്യമാണ്.

2020 നവംബർ 27-ാം തീയതി ഡൺസ്റ്റണച്ചന്റെ ജന്മശദാബ്ദി കൊണ്ടാടുന്ന വേളയിൽ ഈ ഓർമ്മക്കുറിപ്പുകൾ കോറിയിടുമ്പോൾ എന്നെ ഞാനാക്കുന്നതിൽ, എന്റെ സന്ന്യാസവൈദിക വിളിയിൽ എന്നെ ആഴപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ച എന്റെ പുണ്യചരിതനായ ഗുരുവച്ചനെ ഏറെ നന്ദിയോടെ ദൈവസന്നിധിയിൽ അനുസ്മരിക്കുന്നു. ഡൺസ്റ്റണച്ചനാകുന്ന സുകൃതസരണി കൂടുതൽ ദീപ്തമാക്കാൻ, ഇനിയും ധാരാളം പേർക്ക് പ്രത്യാശയോടുകൂടെ ഈ പാതയിലൂടെ ചരിക്കുവാൻ പ്രചോദനമേകുന്നതിനു ലളിതമായ ഈ ആഘോഷവേളകൾ കളമൊരുക്കട്ടെയെന്ന് ആഗ്രഹിക്കുന്നു.

ഈ പുണ്യാത്മാവിനെക്കുറിച്ചുള്ള ഒരു ജീവചരിത്രം തയ്യാറാക്കുകയെന്ന ശ്രമകരമായ സൽകർമ്മം ഏറ്റം ഉചിതമായ രീതിയിൽ പൂർത്തീകരിച്ച ഡൺസ്റ്റണച്ചന്റെ പ്രേഷ്ഠ ശിഷ്യരിലൊരാളാണ് ബഹുമാനപ്പെട്ട

പോളി പയ്യപ്പിള്ളിയച്ചൻ. "സുതാര്യം സുന്ദരം" എന്ന ശീർഷകത്തോടുകൂടെ 2014-ൽ പ്രകാശനം ചെയ്ത ഡൺസ്റ്റണച്ചന്റെ ജീവചരിത്രം അദ്ദേഹത്തിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് പുനഃപ്രകാശനം ചെയ്യുമ്പോൾ സി.എം.ഐ. പ്രേഷിത പ്രവിശ്യ ഒത്തിരിയേറെ നന്ദിയും കടപ്പാടും പോളി പയ്യപ്പിള്ളിയച്ചനോട് അറിയിക്കുന്നു. ഏറ്റം ആദ്യമായി രചിക്കപ്പെട്ട ജീവചരിത്രം എന്ന നിലയിൽ ഈ പുസ്തകരചനയും അതിന്റെ പ്രകാശനവും ഏറെ ദുഷ്കരമായിരുന്നു എന്ന് ഞാൻ തിരിച്ചറിയുന്നു. ആധികാരിക രേഖകളെയും, ഡൺസ്റ്റണച്ചനുമായി ബന്ധപ്പെട്ടിട്ടുള്ള കുടുംബാംഗങ്ങളും സഭാംഗങ്ങളുമടങ്ങിയ ഒരു വലിയ സമൂഹത്തിൽനിന്നും ലഭിച്ച അറിവിനെയും അനുഭവങ്ങളെയും അടിസ്ഥാനമാക്കി ഏറ്റം സമൃക്കായ ഒരു രേഖാചിത്രം രചിക്കുക എന്നത് ഏറെ ശ്രമകരമായ ഒരു കർമ്മമാണെന്ന് നിസ്സംശയം പറയാനാകും. എങ്കിലും തനിക്കേറ്റം പ്രിയപ്പെട്ട ഗുരുവച്ചനോടുള്ള നന്ദിസൂചകമായി പോളിയച്ചൻ ഈ ജീവചരിത്രത്തിന്റെ രണ്ടാം പതിപ്പ് തയ്യാറാക്കി പൊതുജനസമക്ഷം സമർപ്പിക്കുമ്പോൾ, ഇതുവഴിയായി ഡൺസ്റ്റണച്ചനാകുന്ന വിശ്വാസത്തിന്റെ, ആഴമേറിയ പ്രാർത്ഥനാനുഭവത്തിന്റെ, എളിയ ജീവിതശൈലിയുടെ, സുവിശേഷാധിഷ്ഠിതമായ നീതിനിഷ്ഠയുടെ ദീപ്തി കൂടുതൽ ശോഭ പകരട്ടെയെന്നും ആശംസിക്കുന്നു.

തന്റെ ഇഹലോകജീവിതത്തിന്റെ അന്ത്യത്തിൽ സ്വയം തിരിച്ചറിയുവാൻ കഴിയാത്ത വിധം മറവിരോഗം ഡൺസ്റ്റണച്ചനെ ബാധിച്ചപ്പോഴും ഈശോയെ മറക്കുവാൻ കഴിയാത്തവിധം അദ്ദേഹം തീർത്തും ഒരു മഹായോഗിയായി തീർന്നുവെന്നത് ദൈവതിരുമുമ്പിൽ കൃതാർത്ഥതയോടെ അനുസ്മരിക്കുന്നു. വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറുവാൻ നന്നേ ചെറുപ്പത്തിൽതന്നെ തീരുമാനിക്കുകയും, തന്റെ സന്ന്യാസവൈദിക ജീവിതചര്യയിൽ ഈ തീരുമാനത്തെ നിതാന്തം വളർത്തുകയും, ജീവിതാന്ത്യത്തിൽ ദൈവസന്നിധിയിൽ സ്വീകരിക്കപ്പെടുകയും ചെയ്ത ഡൺസ്റ്റണച്ചനാകുന്ന ഈ ജീവിതനൈവേദ്യം വിശുദ്ധിയുടെ പരിമളം പരത്തി പരിലസിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. തിരുസഭയുടെ ഉപരി വിശുദ്ധിക്കു ഡൺസ്റ്റണച്ചന്റെ ജീവിതം കൂടുതൽ കരുത്തേകുമെന്ന് പ്രതീക്ഷിക്കുന്നു.

ഡൺസ്റ്റണച്ചന്റെ
ജന്മശതാബ്ദി
27 നവംബർ 2020
കോയമ്പത്തൂർ

ഫാ. സാജു ചക്കാലക്കൽ സി.എം.ഐ.
പ്രൊവിൻഷ്യൽ, പ്രേഷിത പ്രവിശ്യ



# അവതാരിക

(ഒന്നാം പതിപ്പ്)

വിശുദ്ധർ ജന്മംകൊള്ളുകയല്ല രൂപംകൊള്ളുകയാണ് എന്ന ബോദ്ധ്യ ത്തിലേക്ക് അനുവാചകരെ നയിക്കുന്ന ഗ്രന്ഥമാണ് ഡൺസ്റ്റണച്ചന്റെ ആത്മകഥാംശ സമ്പുഷ്ടമായ "സുതാര്യം സുന്ദരം" എന്ന ജീവചരിത്രം. ഗ്രന്ഥകർത്താവായ ഫാ. പോളി പയ്യപ്പിള്ളി മുഖമൊഴിയിൽ വ്യക്തമാക്കി യിരിക്കുന്ന പോലെ ഡൺസ്റ്റണച്ചൻ തന്റെ ആത്മീയ പിതാവിന്റെ നിർദ്ദേശമനുസരിച്ച് എഴുതിവച്ച ഓർമ്മക്കുറിപ്പുകളാണ് രചനയുടെ പ്രധാന ഉറവിടം. അതോടൊപ്പം അടുത്ത് ഇടപഴകിയവരുടെ അനുഭവ ങ്ങളും ഓർമ്മകളും. ഒരു ആത്മീയ സുഹൃത്ത് നിഷ്കളങ്കമായി തന്നെ ത്തന്നെ നമ്മുടെ മുന്നിൽ തുറന്നുവച്ചിരിക്കുന്ന അനുഭൂതിയിലേക്കാണ് പുസ്തകം നമ്മെ ക്ഷണിക്കുന്നത്. പാലക്കാടിന്റെ മണ്ണിൽ അന്തിമ വിശ്രമം കൊള്ളുന്ന ഈ പുണ്യാത്മാവിന്റെ ജീവിതത്തിൽ നാം കണ്ടറിഞ്ഞിട്ടുള്ള സുകൃതങ്ങളും ഉറച്ച ബോദ്ധ്യങ്ങളും രൂപപ്പെട്ടതിന്റെ സുതാര്യചരിത്രം, പലപ്പോഴും നമ്മുടെ ആത്മീയ വളർച്ചാവഴികളുടെ നേർക്കാഴ്ചയായിത്തീരുന്നു എന്നതാണ് സത്യം. നമ്മളിലൊരുവന്റെ പച്ചയായ ജീവിതം ആത്മീയ ലഹരി നൽകുന്ന മേൽത്തരം വീഞ്ഞാ യിരുന്നുവെന്നു തിരിച്ചറിയുന്ന അനുഭവം.

ബലഹീനതകളെ അതിജീവിക്കാൻ ഉതകുന്ന ഉപായങ്ങളും പരി ശീലനങ്ങളും നിർദ്ദേശിക്കുന്ന ആധുനിക മനഃശാസ്ത്രത്തിന്റെ കാല ഘട്ടത്തിൽ ധീരമായി ബലഹീനതകളെ സ്വീകരിക്കുകയും കൃപാ സ്വീകരണത്തിനുള്ള പാത്രങ്ങളായി ദൈവസന്നിധിയിൽ സമർപ്പിക്കു കയും ചെയ്ത അച്ചൻ വേറിട്ട ഒരു ആത്മീയക്കാഴ്ച തന്നെയാണ് പ്രദാനം ചെയ്യുന്നത്. കുറവുകളുള്ളവർ തന്നിലേക്കുതന്നെ പിന്തിരി യുവാൻ ശ്രമിക്കുമ്പോൾ ആത്മീയ സാധനയുടെ ഒരു നവജാലകം തുറന്ന്, ദൈവാനുഭവത്തിലേക്കു പ്രവേശിച്ച അച്ചൻ അത്തരക്കാർക്ക് പ്രത്യാശയുടെ ഒരു ദീപനാളമാണ്. ദൈവം ശിശുസഹജമായ നിഷ്ക ളങ്കത പാലിക്കുന്നവർക്ക്, ബുദ്ധിമാന്മാരിൽനിന്നുപോലും മറച്ചുവച്ച വിശുദ്ധ ജ്ഞാനം നൽകുമെന്ന വചനം ഡൺസ്റ്റണച്ചനിൽ അന്വർത്ഥ

മായി. സന്ന്യാസപരിശീലനവേദിയിൽ ഈ ദിവ്യജ്ഞാനം തിളങ്ങുന്ന തിന് എത്രയോ ശിഷ്യർ സാക്ഷികളായിരിക്കുന്നു. സത്യമായതു വിശ്വസി ക്കുക, വിശ്വസിച്ചതു പറയുക, പറഞ്ഞതു പ്രവർത്തിക്കുക, ഇതായിരുന്നു അദ്ദേഹത്തിന്റെ ബോധ്യത്തിൽ "നീതി." ഈ നീതിബോധം താൻ പരി ശീലിപ്പിക്കുന്നവരിൽ നിറഞ്ഞു കാണുവാൻ ആഗ്രഹിച്ച അച്ചൻ, സത്യ സന്ധത സന്ന്യാസികളുടെ അടിസ്ഥാന ഗുണമായിരിക്കണമെന്നു നിരന്തരം അവരെ ഓർമ്മപ്പെടുത്തി. ഈ സത്യസ്നേഹം അച്ചനെ ഒരു പ്രവാചകന്റെ സ്വരവും സാന്നിദ്ധ്യവുമാക്കി. ദീർഘകാലം അച്ചന്റെ ശുശ്രൂഷാ മേഖല സന്ന്യാസികളുടെ പരിശീലനമായിരുന്നുവല്ലോ.

ക്ഷമയും ശാന്തതയും നിറഞ്ഞ ഒരു ആത്മീയ പിതാവിനെയും ദൈവ കരുണയുടെ പ്രതിരൂപമായ ഒരു കുമ്പസാരക്കാരനെയും അച്ചനിൽ കണ്ടെത്തിയവർ നിരവധിയാണ്. പാലക്കാട് രൂപതയുടെ പ്രഥമാദ്ധ്യ ക്ഷനായ മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ ദീർഘകാല കുമ്പസാര ക്കാരനായിരുന്നു ഡൺസ്റ്റണച്ചൻ. പിതാവ് തന്റെ ഉത്തരവാദിത്വ പൂർണ്ണമായ കാലഘട്ടത്തിലും മലമ്പുഴയിലെ വിശ്രമകാലഘട്ടത്തിലും ഡൺസ്റ്റണച്ചൻ കുമ്പസാരിപ്പിക്കണമെന്നു നിർബന്ധമായി ആവശ്യ പ്പെട്ടിരുന്നു. എന്നാൽ ഓർമ്മക്കുറവ് അധികരിച്ച അച്ചന് പിതാവിന്റെ അവസാന നാളുകളിൽ ആ ശുശ്രൂഷ നിർവഹിക്കാനാകാതെ പോയി. ഇത് അഭിവന്ദ്യ ഇരിമ്പൻ പിതാവിനെ ഒത്തിരിയേറെ വേദനിപ്പിച്ചിരുന്നു എന്നത് എനിക്കു നേരിട്ടറിയാവുന്ന വസ്തുതയാണ്. പാലക്കാട് രൂപത യിലെ വൈദികരെ കുമ്പസാരിപ്പിക്കുന്നതും അവർ ആവശ്യപ്പെടുമ്പോ ഴെല്ലാം ഇടവകകളിൽ ആ കൂദാശ പരികർമ്മം ചെയ്യാൻ ഓടിയെത്തു ന്നതും അച്ചനു സന്തോഷകരമായിരുന്നു. പതിവായി അച്ചന്റെ അടുക്കൽ കുമ്പസാരിക്കുന്നവരുടെ ആത്മീയ വളർച്ച തന്റെ ഉത്തരവദിത്വമായി കരുതിയ അദ്ദേഹം ക്ഷീണം വകവക്കാതെ ദീർഘനേരം പാപമോചന വേദിയിൽ ചെലവഴിച്ചിരുന്നു. വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ അനുകരണീയ മാതൃക ഡൺസ്റ്റണച്ച നിലും ശോഭിച്ചിരുന്നു. പാലക്കാട് രൂപതയുടെ ആരംഭവർഷമായ 1974-ൽ അച്ചൻ താവളം, ത്രിത്വമല ഇടവകകളിൽ ഹ്രസ്വകാലം സേവനം ചെയ്തിരുന്നു എന്നതും നന്ദിയോടെ ഓർക്കുന്നു.

തൃശൂർ അതിരൂപതയിലെ പാവറട്ടി ഇടവകയിൽ 1920-ൽ ജനിച്ച ഡൺ സ്റ്റണച്ചൻ തന്റെ വിശുദ്ധ ജീവിതത്തിന് ഏറ്റവും കടപ്പെട്ടിരിക്കുന്നത് സ്വന്തം കുടുംബത്തോടാണ് എന്നത് വ്യക്തം. മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും മാതൃകാ ജീവിതങ്ങൾ അച്ചനിൽ ചെലുത്തിയ സ്വാധീനം നിസ്സീമമാണ്. അനുസരണത്തിന്റെയും പരിത്യാഗത്തിന്റെയും അരൂപി സന്യാസ സ്വീകരണത്തിന് എത്രയോ മുൻപുതന്നെ കുടുംബം

വഴിയായി അച്ചനിൽ എത്തിച്ചേർന്നിരുന്നു എന്നത് ശ്രദ്ധേയമാണ്. ചെറു പ്രായത്തിൽ വിശ്വാസകാര്യങ്ങളിൽ ലഭിച്ച പ്രോത്സാഹനം, സദ്ഗ്രന്ഥങ്ങൾ വായിക്കാൻ ലഭിച്ച അവസരങ്ങൾ, ആത്മീയ ജീവിതത്തിൽ മുന്നേറിയവരുടെ ജീവിതങ്ങളെക്കുറിച്ച് ശ്രവിച്ച മതിപ്പു നിറഞ്ഞ സംഭാഷണങ്ങൾ ഇവയെല്ലാം ഡൺസ്റ്റണച്ചനെ എത്രയധികം സ്വാധീനിച്ചുവെന്ന് അച്ചൻ തന്നെ സാക്ഷ്യപ്പെടുത്തുന്നത് ശ്രദ്ധേയമാണ്. നമ്മുടെ കുടുംബങ്ങളിൽ ഇത്തരം സാഹചര്യങ്ങൾ സംജാതമായാൽ നിരവധി ദൈവവിളികളും പുണ്യജീവിതങ്ങളും സഭാസമൂഹത്തിൽ രൂപംകൊള്ളുമെന്നതിൽ സംശയമില്ല.

"വലിയ മറവിക്കാരൻ, എന്നാൽ ഈശോയെ മറക്കാത്ത മഹായോഗി." ഡൺസ്റ്റണച്ചന്റെ ജീവിതം നമുക്കിങ്ങനെ സംഗ്രഹിക്കാം. ജീവിതത്തിൽ ദൈവവും അവിടുത്തെ ഇഷ്ടവുമാണ് സുപ്രധാനം എന്നറിഞ്ഞ അച്ചൻ മറ്റെല്ലാ കാര്യങ്ങളും മറക്കുക പതിവായിരുന്നു. എന്നാൽ തന്റെ ദൈവവിളിയും അതു ആവശ്യപ്പെട്ടിരുന്ന ഉത്തരവാദിത്വങ്ങളും അപരനെക്കുറിച്ചുള്ള പരിഗണനയും ഒരിക്കലും മറന്നതുമില്ല. ഈ ജീവചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ ഇക്കാര്യം നമ്മുടെ ഹൃദയങ്ങളിൽ ആഴത്തിൽ പതിയും എന്ന് തീർച്ചയാണ്. അച്ചനെക്കുറിച്ചുള്ള മറവിക്കഥകൾ നിരവധിയുണ്ട്. അതിൽ ചിലത് ഈ പുസ്തകത്തിൽ പോളിയച്ചൻ വിവരിക്കുന്നുമുണ്ട്. മറവിമൂലം നേരിട്ട എല്ലാ അപമാനവും വിശുദ്ധമായ വിനയത്തിൽ അച്ചൻ സ്വീകരിച്ചു. മറവി വിശുദ്ധിക്കുള്ള ചവിട്ടുപടിയാക്കിയ ഡൺസ്റ്റണച്ചൻ ദൈവതിരുച്ചിത്തപ്രകാരം വിശുദ്ധനെന്നു നാമകരണം ചെയ്യപ്പെടുന്നപക്ഷം മറവിക്കാർക്കുള്ള പ്രത്യേക മദ്ധ്യസ്ഥനായി നിയോഗിക്കപ്പെട്ടാലും അത്ഭുതപ്പെടേണ്ടതില്ല.

ഫാ. പോളി പയ്യപ്പിള്ളിയച്ചൻ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. അധികാരികൾ ഏൽപ്പിച്ച ഉത്തരവാദിത്വം വളരെ ശ്രദ്ധയോടെ അച്ചൻ നിർവഹിച്ചിട്ടുണ്ട്. ഡൺസ്റ്റണച്ചന്റെ ആത്മകഥയും മറ്റുള്ളവരുടെ അനുഭവങ്ങളും സ്വന്തം ഉൾക്കാഴ്ചകളും ഏറ്റവും മനോഹരമായി കോർത്തിണക്കിയപ്പോൾ "സുതാര്യം സുന്ദരം" എന്ന പേര് അന്വർഥമാക്കുന്ന സുന്ദരവും ലളിതവുമായ ജീവചരിത്രമായി. ഈ ഗ്രന്ഥം അനേകർക്ക് ആത്മീയ ഉണർവിനും ആത്മീയ നവീകരണത്തിനും ഇടയാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

മാർ ജേക്കബ് മനത്തോടത്ത്
പാലക്കാട് രൂപതാ മെത്രാൻ



# ഡൺസ്റ്റണച്ചൻ ഉണ്ടായിരുന്നെങ്കിൽ...

(ഒന്നാം പതിപ്പ്)

പുണ്യചരിതനായ ഡൺസ്റ്റണച്ചന്റെ ജീവചരിത്രത്തിലൂടെ കടന്നു പോയപ്പോൾ അച്ചനോട് എപ്പോഴുമുണ്ടായിരുന്ന ആദരവ് പതിന്മട ങ്ങായി വളർന്നു എന്നതാണ് വാസ്തവം. വി. കൊച്ചുത്രേസ്യയുടെ "നവമാലിക'' വായിക്കുമ്പോഴുണ്ടാകുന്ന സുഖവും ആത്മീയാനു ഭൂതിയും ലഭിച്ചു.ഇന്ത്യയിലെ ആദ്യത്തെ വിശുദ്ധനാകാൻ കൊതിച്ചു ജീവിച്ച ഒരു പുണ്യാത്മാവ്!

ഞാൻ സഭയിൽ ചേരുന്ന 1978-ൽ വരന്തരപ്പിള്ളി കൊവേന്തയിലെ പ്രിയോരച്ചനായിട്ടാണ് എനിക്ക് അദ്ദേഹവുമായുള്ള പരിചയം ആരംഭിക്കു ന്നത്. അമ്പഴക്കാട് എന്റെ നവസന്ന്യാസ കാലഘട്ടത്തിൽ (1979-81) ഡൺ സ്റ്റണച്ചൻ പരിശീലന ടീമിലെ അംഗമായിരുന്നു. വീണ്ടും 1995-96-ൽ ഡൺസ്റ്റണച്ചന്റെ സഹായിയായി കോയമ്പത്തൂർ കൗണ്ടംപാളയം ലിറ്റിൽ ഫ്ളവർ മൈനർ സെമിനരിയിലും 1999-2001-ൽ എനിക്കു സഹായിയായി ശരവണംപട്ടി അരുൾ മലർ ഇല്ലത്തിലും 2006-ൽ അച്ചന്റെ ഓർമ്മ നഷ്ടപ്പെട്ട കാലയളവിൽ അച്ചനെ ശുശ്രൂഷിച്ച് കൊഴി ഞ്ഞാമ്പാറ സെന്റ് തോമസ് ആശ്രമത്തിലും ഇടപഴകുന്നതിന് അവസരം ലഭിച്ചതു ജീവിതത്തിലെ പുണ്യപ്പെട്ട വർഷങ്ങളായി കണക്കാക്കുന്നു.

കാണാൻ ആകർഷകത്വമില്ലെങ്കിലും പരിചയപ്പെടുന്നവർക്കു ഡൺ സ്റ്റണച്ചൻ ഏറ്റവും ഇഷ്ടപ്പെടുന്നവനും ബഹുമാന്യനുമായിത്തീർന്ന തിനു കാരണം അച്ചന്റെ ആത്മീയ സൗന്ദര്യമുള്ള വ്യക്തിത്വമായിരി ക്കാം. പൊതുചർച്ചകളിൽ സി.എം.ഐ. സന്ന്യാസനിയമങ്ങൾക്ക് എതി രായ ഒരു തീരുമാനമുണ്ടായാൽ വാചാലമായല്ലെങ്കിലും അദ്ദേഹത്തിൽ നിന്നുയരുന്ന രോഷാകുലമായ ശബ്ദം ഇന്നും കാതുകളിൽ മാറ്റൊലി കൊള്ളുന്നു. അച്ചന്റെ കാലശേഷം യോഗങ്ങളിൽ ചിലപ്പോഴൊക്കെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നെങ്കിൽ എന്നു കൊതിച്ചു പോയിട്ടുണ്ട്. അത്രയേറെ പ്രവാചകത്വം നിറഞ്ഞ സാന്നിദ്ധ്യമായിരുന്നു ഡൺസ്റ്റണച്ചൻ.

വലിയ ബിരുദങ്ങൾ നേടിയിട്ടില്ലെങ്കിലും, ജീവിക്കുന്ന അനുഭവത്തിൽ നിന്ന് അച്ചൻ നൽകുന്ന ഉപദേശങ്ങൾ ആർക്കും സ്വീകാര്യവും ശാന്തി പകരുന്നവയുമായിരുന്നു. വിശുദ്ധനായ ഒരു വ്യക്തിയിൽ നിറഞ്ഞു നിന്നിരുന്ന പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമാണ് അദ്ദേഹത്തിന്റെ വാക്കുകളെ അത്രയേറെ ആസ്വാദ്യകരമാക്കിയതെന്ന് ഇന്നു തിരിച്ചറിയുന്നു.

ഓർമ്മ നഷ്ടപ്പെട്ടു കൂടെയുണ്ടായിരുന്ന കാലഘട്ടത്തിലെ ഒരനുഭവം കുറിക്കുകയാണ്: വൈദിക വിദ്യാർത്ഥികളുടെ സ്വരം കേട്ടു നീങ്ങുന്ന ഒരു വടക്കുനോക്കി യന്ത്രം പോലെയായിരുന്നു അന്ന് ഡൺസ്റ്റണച്ചൻ. മറ്റ് യാതൊരു വികാരവും അച്ചനിൽ പ്രകടമായിരുന്നില്ല. ഒരിക്കൽ ഒരു ബ്രദർ ചെയ്ത ഒരു തെറ്റിനെ അൽപം കർക്കശമായി ഞാൻ ശാസിച്ചുകൊണ്ടിരിക്കുകയായിരുന്നു. ചുറ്റുപാടും നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഓർമ്മകളോ വികാരങ്ങളോ ഇല്ലെന്നു കരുതപ്പെട്ടിരുന്ന ഡൺസ്റ്റണച്ചൻ പെട്ടെന്നു പ്രതികരിച്ചു: "ഹകുട്ടികളെ ശാസിക്കാൻ അച്ചന് ആരാണ് അനുവാദം തന്നത്?'' ഒരു കാലത്ത് അനീതികൾക്കെതിരെ ശബ്ദമുയർത്തിയതിന്റെ അതേ തീവ്രത!

അവസാനംവരെ കുട്ടികളോടൊപ്പമായിരുന്ന്, അവരോടൊപ്പം ജീവിച്ചു മതിവരാതെ നമ്മിൽനിന്ന് അകന്നുപോയ ഡൺസ്റ്റണച്ചൻ വൈദിക വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥനായി സ്വർഗ്ഗത്തിൽ വസിക്കുന്നു എന്നാണെന്റെ വിശ്വാസം.

ഓർമ്മക്കുറിപ്പുകൾ സമാഹരിച്ച് അടുക്കും ചിട്ടയുമായി ക്രമീകരിച്ച് ഒരാത്മീയ ഉണർവ്വായി ഞങ്ങളുടെ മുമ്പിൽ വിളമ്പിതന്ന പോളി പയ്യപ്പിള്ളിയച്ചനു നന്ദി; പ്രാർത്ഥനാശംസകൾ!

കോയമ്പത്തൂർ
2014

ഫാ. വിൻസൻ മൊയലൻ സി.എം.ഐ.
പ്രൊവിൻഷ്യൽ, പ്രേഷിത പ്രവിശ്യ



# ഗുരുവന്ദനം!

ഏവർക്കും പ്രിയങ്കരനായ പുണ്യപ്പെട്ട ഡൺസ്റ്റണച്ചൻ 1956–1957 കാലയളവിൽ വരന്തരപ്പിള്ളി യോഗാർത്ഥി ഭവനത്തിൽ എന്റെ ഗുരുഭൂതനായിരുന്നു. അന്നാണ് അദ്ദേഹം സന്ന്യാസവൈദിക പരിശീലന രംഗത്തേക്ക് ആദ്യമായി കടന്നുവന്നത്. ഭക്തനും മിസ്റ്റിക്കുമായ എയ്മാർഡച്ചൻ തന്റെ പിൻഗാമിയായി പ്രത്യേകം തെരഞ്ഞെടുത്ത യോഗിവര്യൻ. ജിതേന്ദ്രിയനും നിഷ്കാമകർമ്മിയുമായ ഒരാളെ തന്റെ പരിശീലകനായി കണ്ടെത്തിയതിൽ എന്റെ ഒന്നാം വർഷത്തെ റെക്റ്ററായിരുന്ന എയ്മാർഡച്ചൻ അതീവ സന്തുഷ്ടി പ്രകടിപ്പിച്ചതു ഞാനിന്നും ഓർക്കുന്നു.

ഡൺസ്റ്റണച്ചൻ പരിശീലനം നല്കിയ ആദ്യത്തെ ബാച്ചിൽ ഉൾപ്പെടുന്നതിനു വരം ലഭിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. ലോകം വിലമതിക്കുന്ന ഗുണഗണങ്ങളൊന്നും റെക്റ്ററച്ചന് ഉണ്ടായിരുന്നില്ല. ആകാരഭംഗിയോ വാക്പാടവമോ തൊട്ടുതേച്ചിട്ടില്ലെന്നു പറയാം. പക്ഷേ ആ തനിമയാർന്ന വർത്തനരീതി എന്നെ ഹഠാദാകർഷിച്ചു. പുഞ്ചിരിക്കുന്ന മുഖം, വളച്ചുകെട്ടില്ലാത്ത സംസാരം, ആത്മാർത്ഥതയും നിഷ്കളങ്കതയും ഊറിയുതിരുന്ന വാക്കുകൾ. ആരോടും വിരോധമില്ല; എന്നാൽ പ്രത്യേകമായ അടുപ്പവുമില്ല. ഓമനകളാകാൻ ആരേയും അനുവദിക്കുകയുമില്ല.

പോരായ്മകൾ ധാരാളമുണ്ടായിരുന്നു. മറവിയായിരുന്നു സുപ്രധാനം. കവിയായ കെ. കെ. രാജാ പാടുകയുണ്ടായി:

"മറവിതൻ മാറപ്പെടുപ്പാൽ മാത്രം
മറവിയുണ്ടായിട്ടില്ലിത്ര നാളും."

പക്ഷേ ഡൺസ്റ്റണച്ചൻ ആ മാറാപ്പ് ഏന്തുന്നവനായിരുന്നു. അക്കാര്യം ജീവചരിത്ര രചയിതാവായ ഫാ. പോളി പയ്യപ്പിള്ളി സ്വാരസ്യത്തോടെ അവതരിപ്പിച്ചിട്ടുണ്ട്. പക്ഷേ യോഗാർത്ഥികളുടെ സ്വഭാവ വിശേഷങ്ങളും ദൗർബ്ബല്യങ്ങളും മറന്നിരുന്നില്ല. കോൺഫ്രൻസിനു

ചെല്ലുമ്പോൾ മുമ്പു പറഞ്ഞവയും നല്കിയ നിർദ്ദേശങ്ങളും തിരുത്തലുകളും അക്ഷരം പ്രതി ഓർത്തിരിക്കുന്നുണ്ടാകും. ആവശ്യപ്പെടുമ്പോൾ അവയെല്ലാം അഭ്യസിക്കുന്നതിനു ശ്രമിക്കുന്നുണ്ടോയെന്ന് അന്വേഷിക്കുകയും ചെയ്യും.

ഡൺസ്റ്റണച്ചനു പരഹൃദയജ്ഞാനമുണ്ടെന്ന ഭീതി ചില യോഗാർത്ഥികൾക്കുണ്ടായിരുന്നു. തങ്ങൾ മറച്ചു വയ്ക്കുന്ന കാര്യങ്ങൾ അദ്ദേഹം കണ്ടുപിടിക്കുമോയെന്ന പരിഭ്രമം. ആന്തരികമായ ഉൾക്കാഴ്ച്ചയെന്ന വരം ദൈവം അദ്ദേഹത്തിനു നല്കിയിരുന്നുവോ എന്നറിഞ്ഞുകൂടാ. എന്തായാലും ഗുരുവച്ചൻ അക്കാര്യം പുറത്തു പ്രകടിപ്പിച്ചിരുന്നില്ല.

അന്തർമുഖനും ലോകവിദ്വേഷിയുമായിരുന്നില്ല ഡൺസ്റ്റണച്ചൻ. യോഗാർത്ഥികളുടെ പുത്തൻ കാൽവയ്പ്പുകൾക്കൊന്നും എതിരു നിന്നില്ലെന്നു മാത്രമല്ല, പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അവരെ രണ്ടു ഗണമായി തിരിച്ചു രണ്ടു കയ്യെഴുത്തു ദിനപത്രങ്ങൾ തുടങ്ങുന്നതിനു പ്രചോദനമേകി. മത്സരബുദ്ധിയോടെ മൂന്നു മാസത്തോളം അവ അനുദിനം പുറത്തിറക്കുകയുണ്ടായി. അതുപോലെ രാത്രി ആശ്വാസസമയത്തിന്റെ അവസാനത്തെ 15 മിനിറ്റ് അന്നത്തെ വിശുദ്ധനെക്കുറിച്ച് ഒരു ബ്രദർ പ്രസംഗം പറയുന്നതും അതിനു ശേഷം സമൂഹം വിമർശനാത്മകമായി വിലയിരുത്തുന്നതുമായ സമ്പ്രദായം ഏർപ്പെടുത്തുകയുണ്ടായി.

വ്യക്തിപരമായി വളരെയധികം വളരുന്നതിനു ഡൺസ്റ്റണച്ചന്റെ കാലത്ത് കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യം എനിക്കുണ്ട്. വെറുതെ പുകഴ്ത്തുന്ന ശീലം ഗുരുവച്ചനില്ലായിരുന്നു. കോൺഫ്രൻസുകൾ വളരെ പ്രയോജനം ചെയ്തു. അനാവശ്യമായി ഒന്നിലും ഇടപ്പെട്ടിരുന്നില്ല. അക്കാലത്ത് ആദ്യവർഷ വിദ്യാർത്ഥികളായിരുന്ന രണ്ടു മൂന്നു പേർ ഇല്ലാത്ത അസുഖം അഭിനയിച്ചു വീട്ടിലേക്കു മടങ്ങിപ്പോവുകയുണ്ടായി. ഗുരുവച്ചനു സത്യമറിയാമായിരുന്നുവെന്നാണ് എന്റെ ബോദ്ധ്യം. പക്ഷെ അദ്ദേഹം അവരെയാരേയും തടഞ്ഞില്ല. അവർക്കാർക്കും ദൈവവിളി ഇല്ലായിരുന്നുവെന്ന അന്തർജ്ഞാനമാകാം കാരണം.

ഗുരുവച്ചന്റെ ജീവിതത്തിൽ അതുല്യസ്ഥാനം അലങ്കരിച്ചിരുന്ന വി. തോമസ് മൂറിനെക്കുറിച്ച് ഉപദേശത്തിൽ പറയുക പതിവായിരുന്നു. ഞാൻ ഓർക്കുന്ന മറ്റൊരു കാര്യം ദിവ്യകാരുണ്യസ്വീകരണത്തിനു ശേഷം 15 മിനിറ്റ് ഉപകാരസ്മരണ നടത്തണമെന്ന നിബന്ധനയാണ്. അത്രയും സമയം ചെലവഴിക്കുക പലർക്കും വിരസവും വിഷമകരവുമായിരുന്നുവെങ്കിലും ആ നിയമം മാറ്റാൻ ഡൺസ്റ്റണച്ചൻ തയ്യാറായില്ല.

എന്റെ നവസന്ന്യാസകാലത്ത് മലാഖിയാസച്ചനായിരുന്നു അമ്പഴക്കാട് കൊവേന്തയുടെ പ്രിയോർ. അദ്ദേഹം ഡൺസ്റ്റണച്ചന്റെ

സുപ്പീരിയറായിരുന്നപ്പോൾ അനുസരണത്തിന്റെ കൽപനയിൻകീഴ് ചെറുപ്പകാലത്തെ ആത്മകഥ എഴുതുകയുണ്ടായി. രണ്ടു നോട്ടുബുക്കുകളിലായി എഴുതപ്പെട്ട ഗ്രന്ഥം പ്രിയോരച്ചൻ എനിക്കു വായിക്കാൻ തന്നു. എന്റെ ആദ്ധ്യാത്മിക ഉന്നമനത്തിന് ആ ആത്മകഥ സഹായകരമായിത്തീർന്നു. അതിൽ രേഖപ്പെടുത്തിയ ഒരു സംഭവം ഇപ്പോഴും ഓർമ്മയിലുണ്ട് (അതോ ഗുരുവച്ചൻ സംഭാഷണമദ്ധ്യേ പറഞ്ഞതാണോ? തീർച്ചയില്ല). ഒരിക്കൽ അപ്പൻ ഇട്ടൂപ്പുണ്ണിക്ക് ഒരു ഷർട്ട് തയ്പ്പിച്ചു കൊടുത്തു; ഇട്ടിരുന്നത് വളരെ പഴയതായി പോയപ്പോഴാണ് അപ്രകാരം ചെയ്തത്. ഷർട്ടും ധരിച്ചു നടന്നപ്പോൾ ബാലനെ സ്റ്റൈലുകാരനെന്നും നിഗളിയെന്നും ചിലർ മുദ്ര കുത്തുകയുണ്ടായി. വാസ്തവത്തിൽ അതിടാൻ അവനു താൽപര്യമുണ്ടായിരുന്നില്ല. നിർബന്ധിക്കപ്പെട്ടപ്പോൾ ഇട്ടുവെന്നു മാത്രം. ഇതരരുടെ വിലയിരുത്തലിനെപ്പറ്റി ഇട്ടൂപ്പുണ്ണി ചിന്തിച്ചത് ഇപ്രകാരമാണ്. ലോകത്തിന്റേതായ വിധിപ്രസ്താവനകൾക്ക് അമിതപ്രധാന്യം കൽപിച്ചിട്ടാവശ്യമില്ല. വെറും ബാലനായിരുന്നപ്പോൾ ചിന്തിച്ചെടുത്ത നിഗമനം എത്ര സത്യസന്ധം, ഗഹനം! നിസ്സാരകാര്യങ്ങൾ പോലും ആഴത്തിൽ അപഗ്രഥനം ചെയ്തു ദൈവികകാഴ്ചപ്പാടിൽ എത്തിച്ചേരാൻ ചെറുപ്പത്തിലേ ലഭിച്ച വരദാനമാണ് ഡൺസ്റ്റണച്ചനെ മറ്റുള്ളവരിൽനിന്നു വ്യത്യസ്തനാക്കുന്നത്. ഈ ഗ്രന്ഥത്തിൽ പോളിയച്ചൻ ധാരാളം സംഭവങ്ങൾ നിരത്തിവയ്ക്കുന്നുണ്ടല്ലോ.

"സുതാര്യം സുന്ദരം" എന്ന ജീവചരിത്രത്തിൽ വരച്ചു വച്ചിരിക്കുന്ന നഖചിത്രം താഴെപ്പറയുന്ന വാക്കുകളിൽ സംഗ്രഹിക്കാമെന്നു തോന്നുന്നു. മറവി, കോപശീലം, അമിതമായ ഭയവും ലജ്ജയും, അലസത, കൃത്യനിഷ്ഠയില്ലായ്മ എന്നിവയായിരുന്നു ഇട്ടൂപ്പുണ്ണിയിൽ കണ്ടിരുന്ന ചില പോരായ്മകൾ. അവ തിരുത്തുന്നതിന് ഭഗീരഥയത്നം തന്നെ ചെയ്തു ആ ബാലൻ. മറവി മാത്രം കുറയ്ക്കാനായില്ല; പ്രായമേറുന്തോറും അതു വർദ്ധിച്ചു വന്നതേയുള്ളൂ. ഡൺസ്റ്റണച്ചൻ അപകർഷതാബോധമോ വിഷമമോ കൂടാതെ ആ പോരായ്മയെ അംഗീകരിച്ചിരുന്നു. മറവി മാറ്റാനാകാത്ത രോഗമായിരുന്നു. അതിന് അദ്ദേഹത്തെ കുറ്റപ്പെടുത്താനാകില്ലല്ലോ. പക്ഷേ മറ്റുള്ള തെറ്റുകൾക്കെതിരെയുള്ള പോരാട്ടം വീരോചിതം തന്നെ എന്നു പറയാം. ഡൺസ്റ്റണച്ചന്റെ വിശുദ്ധിയെ വിളിച്ചോതുന്നതായി അക്കാര്യത്തെ മുദ്രകുത്താം.

ചെറുപ്പത്തിലേ പരിശ്രമം തുടങ്ങി ഇട്ടൂപ്പുണ്ണി, നല്ല കുട്ടിയും പുണ്യവാളനുമാകാൻ. അമ്മയും അപ്പനും ചേച്ചിയായ കുഞ്ഞേത്തിയും ജ്യേഷ്ഠനും അക്കാര്യത്തിൽ സുപ്രധാന പങ്കുവഹിച്ചു. കുഞ്ഞേത്തിയുടെ പുണ്യത്തിന്റെ പാഠശാലയിലാണ് ബാലൻ വിദ്യ അഭ്യസിച്ചത്.

പുണ്യവാനാകാനുള്ള അഭിവാഞ്ഛയെന്ന നാളം ഇട്ടൂപ്പുണ്ണിയുടെ ഹൃദയത്തിൽ കൊളുത്തിയത് ആ പുണ്യപ്പെട്ടവളാണ്. ആ ജ്വാല പിന്നീടൊരിക്കലും കെട്ടടങ്ങിയില്ല. പൂർവ്വാധികം ശക്തിയോടെ കത്തിപ്പടരുകയാണ് ചെയ്തത്. ആ ആഗ്രഹനിവർത്തിക്കുവേണ്ടി പള്ളിയിൽ പോയിത്തുടങ്ങി ബാലൻ. നല്ല കുട്ടിയാകാൻ യത്നമാരംഭിച്ചു. ഭാരതത്തിലെ ആദ്യത്തെ പുണ്യവാളനാകണമെന്ന ആശയും വാശിയുമുണ്ടായി. മാതൃഭൂമിക്കുവേണ്ടി ജീവനർപ്പിക്കണം. വലിയ വലിയ കാര്യങ്ങൾ ചെയ്യണം. മഠത്തിലെ നാലുഭിത്തികൾക്കുള്ളിൽനിന്നു പുറത്തിറങ്ങാത്ത വി. കൊച്ചുത്രേസ്യായുടെ വലിയ വലിയ ആഗ്രഹങ്ങളോട് ഇട്ടൂപ്പുണ്ണിയുടെ മോഹങ്ങളെ തുലനം ചെയ്യാനാകും.

"സ്വരാജ്യ സ്നേഹമാണ് എന്റെ സകല ഭാഗ്യങ്ങളുടേയും ആരംഭ" മെന്ന് ഡൺസ്റ്റണച്ചൻ എഴുതിയിട്ടുണ്ട്. വിശുദ്ധനാകാൻ വേണ്ടിയാണ് സന്ന്യാസം കൈവരിച്ചതു തന്നെ. ദിവ്യകാരുണ്യ സ്വീകരണത്തിനു ശേഷം പ്രധാനമായും പ്രാർത്ഥിച്ചിരുന്നത് "ഞങ്ങളെല്ലാവരും (സഹോദരീസഹോദരന്മാർ) സന്ന്യാസികളും കന്യാസ്ത്രീകളും ആയിത്തീരാൻ" വേണ്ടിയായിരുന്നു. ഒരിക്കൽ കുടുംബാംഗങ്ങളോടൊത്തു മലയാറ്റൂർ തീർത്ഥയാത്ര നടത്തിയപ്പോൾ ആലുവ മണപ്പുറത്ത് എല്ലാവരും അൽപനേരം വിശ്രമിക്കുകയുണ്ടായി. തുടർന്ന് ഏറെദൂരം ചെന്നപ്പോഴാണ് ഇട്ടൂപ്പുണ്ണി കൂട്ടത്തിലില്ലെന്ന് മനസ്സിലായത്. ബാലനെ അന്വേഷിച്ച് വീണ്ടും ആലുവായിലെത്തിയപ്പോൾ അവനെ കണ്ടെത്തി. തങ്ങൾ തിരിച്ചു വന്നില്ലായിരുന്നുവെങ്കിൽ എന്തു ചെയ്യുമായിരുന്നുവെന്ന ജ്യേഷ്ഠന്റെ ചോദ്യത്തിന് ഉടനടി പ്രത്യുത്തരമുണ്ടായി: "ഞാൻ അടുത്തുള്ള കൊവേന്തയിൽ പോയി ചേരുമായിരുന്നു." തന്റെ ഓർമ്മക്കുറിപ്പിൽ ഡൺസ്റ്റണച്ചൻ ഇപ്രകാരം രേഖപ്പെടുത്തുന്നു: "ദൈവവിളിയെക്കുറിച്ചുള്ള ചിന്ത ഒരിക്കലും എന്നെ വിട്ടുമാറിയിരുന്നില്ല. എന്റെ എല്ലാ പ്രവൃത്തികളെയും അതു നിയന്ത്രിച്ചിരുന്നു. ദിവസം ചെല്ലുന്തോറും എന്റെ ആഗ്രഹം ശക്തിപ്പെട്ടുകൊണ്ടിരുന്നു."

തന്നിലുണ്ടായിരുന്ന ബുദ്ധിശക്തി, ചിന്താശീലം, ഭക്തിയിലേക്കുള്ള ചാച്ചിൽ എന്നീ അടിസ്ഥാനഗുണങ്ങളെക്കുറിച്ചു ഡൺസ്റ്റണച്ചൻ ബോധവാനായിരുന്നു. കോപിക്കുന്നതുതന്നെ ചിന്തിച്ചും ന്യായസഹിതവുമായിരുന്നു. തന്നെ ദ്രോഹിക്കുന്നവരോടു പകരം വീട്ടാൻ പറ്റിയ സമയത്തിനായി കാത്തിരിക്കുമായിരുന്നു. ഇത്തരം ദുർഗുണങ്ങളെ ജയിക്കാൻ കഠിനമായി അദ്ധ്വാനിക്കേണ്ടി വന്നു. ചിലപ്പോഴെല്ലാം നൈരാശ്യം അനുഭവപ്പെട്ടിരുന്നു. അതേക്കുറിച്ച് അദ്ദേഹം എഴുതുന്നു: "ദൈവകൃപയും വിശ്വാസത്തിന്റെ വെളിച്ചവും അഞ്ചു വയസ്സുള്ളപ്പോൾ

മുതൽ സുലഭമായിരുന്നതുകൊണ്ട് ജീവിതനിരാശയിൽനിന്നു ക്രമേണ വിമോചനമായി. ദൈവവിശ്വാസവും വിശ്വാസസത്യങ്ങളിന്മേൽ അടിയുറച്ച ഉന്നതാദർശങ്ങളുമാണ് ജീവനും ഉന്മേഷവും പകർന്ന് എന്നെ രക്ഷിച്ചത്.'' അവസാനവർഷങ്ങളിൽ തന്നെ ശുശ്രൂഷിച്ചിരുന്ന ശെമ്മാശനുമായി ഒരിക്കൽ പിണങ്ങാനിടയായി. അൽപം കഴിഞ്ഞപ്പോൾ കുറ്റബോധം തോന്നി. ബ്രദറിനെ ചെന്നുകണ്ട് മാപ്പപേക്ഷിച്ചു.

ശാരീരികമായ വേദനകളിൽ അപാരമായ ക്ഷമ പ്രകടിപ്പിച്ചിരുന്നു ഡൺസ്റ്റണച്ചൻ. കാലിലെ എക്സിമ മൂലം 52 വർഷങ്ങളായി വളരെ സഹിച്ചിരുന്നു. ഒരിക്കൽ കരിസ്മാറ്റിക് ധ്യാനത്തിൽ സംബന്ധിക്കുമ്പോൾ ആ അസുഖം കർത്താവ് തൊട്ടുസുഖപ്പെടുത്തിയെന്നു ധ്യാനഗുരു വിളിച്ചുപറഞ്ഞു. “അയ്യോ കഷ്ടമായി.'' രോഗി പ്രതികരിച്ചു. കാരണമാരാഞ്ഞപ്പോൾ പറയുകയാണ്: “എനിക്കു സഹിക്കാൻ കർത്താവു തന്ന അനുഗ്രഹമാണ്. അതെടുത്തു മാറ്റിയെന്നു പറഞ്ഞപ്പോൾ ദുഃഖം തോന്നി.''

സത്യത്തോടുള്ള സ്നേഹം ജന്മനാ ഡൺസ്റ്റണച്ചനു ദൈവം നൽകിയിരുന്നു. “ദൈവകൃപയോടുള്ള സഹകരണം വഴിയായി അത് എന്നിൽ വർദ്ധിച്ചുകൊണ്ടിരുന്നു. ഈ മഹാദാനത്തെക്കുറിച്ചു ദൈവത്തിന് ഏറ്റവും കൂടുതലായി നന്ദി പറയുന്നു.'' “എനിക്ക് മറ്റുള്ളവരിൽനിന്നു സഹിക്കേണ്ടി വന്നിട്ടുള്ളതിൽ മനഃസാക്ഷിയെപ്രതി സഹിച്ചിട്ടുള്ളതു മാത്രമേ എന്നെ സ്പർശിച്ചിട്ടുള്ളു.'' ഡൺസ്റ്റണച്ചന്റെ അഭിപ്രായത്തിൽ എളിമയത്രെ സത്യസ്നേഹത്തിന്റെ അടിസ്ഥാനം. പുണ്യജീവിതം മുഴുവൻ ഒരു സത്യസ്നേഹപ്രകടനമാണ്. എളിമയും വിശ്വാസവും ഒരേ സത്യത്തിന്റെ ഏറ്റുപറച്ചിൽ തന്നെ. നവസന്ന്യാസഭവനത്തിന്റെ കെട്ടിടപണിക്ക് ഒരു ലോഡ് സിമന്റ് കരിഞ്ചന്തയിൽ വാങ്ങിയതറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: “നമുക്ക് ഈ ഇടപാടു വേണ്ട.'' പണി നിറുത്തേണ്ടി വരികയാണെങ്കിലോ? ഉടനടി മറുപടി: “പണി തീരാത്ത, പണി മുടങ്ങിയ കെട്ടിടമായിരിക്കും ഏറ്റവും വലിയ സാക്ഷ്യം.'' തന്റെ മനഃസാക്ഷിക്ക് അംഗീകരിക്കാൻ സാധ്യമല്ലാത്തതുകൊണ്ട് ഒരു രേഖയിലൊപ്പുവയ്ക്കുന്നതിന് ആശ്രമശ്രേഷ്ഠൻ നിർബന്ധിച്ചിട്ടും അദ്ദേഹം തയ്യാറായില്ല. കള്ളക്കണക്കെഴുതി കിട്ടുന്ന ഗ്രാന്റ് വേണ്ടെന്നു വെച്ച ധീരനാണ് ഡൺസ്റ്റണച്ചൻ. അദ്ദേഹത്തിന്റെ സംസ്കാരവേളയിൽ പാലക്കാട് രൂപതാദ്ധ്യക്ഷൻ സാക്ഷ്യപ്പെടുത്തുകയുണ്ടായി: “വിശുദ്ധ കുർബാനയുടെ പ്രാർത്ഥനയിൽ പറയുന്നതുപോലെ നിർമ്മല ഹൃദയത്തോടും പ്രസന്ന വദനത്തോടും നിഷ്കളങ്ക മനസ്സോടുംകൂടെ ജീവിച്ച നീതിമാനായ സന്ന്യാസവൈദികനായിരുന്നു ഡൺസ്റ്റണച്ചൻ.''

ഡൺസ്റ്റണച്ചന്റെ പ്രാർത്ഥനാശൈലി സവിശേഷത നിറഞ്ഞതായിരുന്നു. വീട്ടിലെ ദാരിദ്ര്യം മാറ്റിക്കിട്ടുവാൻ വേണ്ടി ഇട്ടൂപ്പുണ്ണി ഒരിക്കലും പ്രാർത്ഥിച്ചിട്ടില്ല. വാചാ പ്രാർത്ഥനകൾ ഉരുവിടുന്നതിൽ ഇഷ്ടമില്ലായിരുന്നു. വീട്ടിൽ എല്ലാവരും തനിച്ചുള്ള പ്രാർത്ഥനകൾ മുട്ടിന്മേൽ നിന്നു ചൊല്ലുമ്പോൾ ഇട്ടൂപ്പുണ്ണിയിൽ നിന്ന് ഒരു മൂളൽ സ്വരം മാത്രമേ കേട്ടിരുന്നുള്ളു. അതിനെക്കുറിച്ച് അമ്മ പല പ്രാവശ്യം ശകാരിച്ചിരുന്നുവെങ്കിലും ഉപകാരമുണ്ടായില്ല. ഡൺസ്റ്റണച്ചൻ ജീവിതസ്മരണയിൽ ഇപ്രകാരമാണ് രേഖപ്പെടുത്തുക: "പലപ്പോഴും പലവിചാരങ്ങളിൽ മുഴുകിയതുകൊണ്ടാണ് എന്റെ പ്രാർത്ഥന മൂളൽ മാത്രമായിരുന്നത്. എന്നാൽ ആ പലവിചാരം പലപ്പോഴും നല്ല കാര്യങ്ങളെകുറിച്ചായിരുന്നതുകൊണ്ട് വാചാ പ്രാർത്ഥന മോശമായിപോയിരുന്നുവെങ്കിലും മാനസിക പ്രാർത്ഥനയായി പരിണമിച്ചിരുന്നു." കുർബാനസ്വീകരണത്തിനുശേഷം ഇട്ടൂപ്പുണ്ണി പത്തുപതിനഞ്ച് മിനിറ്റ് ഉപകാര സ്മരണയ്ക്കായി ചെലവഴിച്ചിരിക്കും. "ആ സമയം എന്റെ ചുറ്റും നടക്കുന്നതു ഞാൻ അറിയുകയില്ല. എന്റെ ശ്രദ്ധ മുഴുവൻ എന്റെ ഉള്ളിൽ വസിക്കുന്ന കർത്താവിൽ കേന്ദ്രീകരിക്കും." പത്തുപന്ത്രണ്ടു വയസ്സുള്ളപ്പോൾ മുതൽ നാലു പുണ്യങ്ങൾക്കു വേണ്ടിയായിരുന്നു പ്രാർത്ഥന. "എളിമ, ക്ഷമ, സഹനശക്തി, ധൈര്യം എന്നീ പുണ്യങ്ങൾ എനിക്കു തരണമേ." കാനോന നമസ്കാരം ചൊല്ലിത്തീർക്കുന്നതിനായി പാതിരാവരെ ഉറക്കമിളക്കുമായിരുന്നു. ഒരു മണിക്കൂർ ആരാധനാവേളയിൽ ചിലപ്പോഴെല്ലാം ഉറക്കം തൂങ്ങും. അതിനെക്കുറിച്ച് ആരാഞ്ഞപ്പോൾ മറുപടി പറഞ്ഞു: "ഞാൻ കർത്താവിന്റെ പക്കലാണ്. കർത്താവ് എന്നെ കാണുന്നുണ്ട്. ഉറങ്ങിയാലും ദിവ്യകാരുണ്യസന്നിധിയിൽ ആയിരിക്കുന്നതാണ് കാര്യം." മറവിയിലാണ്ടുപോയ ഡൺസ്റ്റണച്ചന്റെ അന്ത്യവചസ്സുകൾ: "ഞാൻ മരിച്ചു... ഈശോ... സഹായിക്കണേ... എനിക്കു സന്തോഷമാണ്... ഞാൻ പോവുകയാണ്.. ഈശോ..."

അനുസരണവ്രതത്തെക്കുറിച്ച് ഡൺസ്റ്റണച്ചനു തനതായ കാഴ്ചപ്പാടുണ്ടായിരുന്നു. "പ്രിയോരച്ചൻ അങ്ങനെ പറഞ്ഞപ്പോൾ ഞാനങ്ങു വഴിപ്പെട്ടു." – അദ്ദേഹം കൂടെക്കൂടെ ആവർത്തിച്ചിരുന്ന വാക്യമാണിത്. വഴങ്ങിക്കൊടുക്കുക എന്നാണല്ലോ വഴിപ്പെടുക എന്നതിന്റെ അർത്ഥം. മേലധികാരി എന്തുപറഞ്ഞാലും ആമ്മേൻ മൂളലല്ല കീഴ്‌വഴക്കം. എതിർന്യായങ്ങളുണ്ടെങ്കിൽ അതു മേലധികാരികളെ ധരിപ്പിക്കണം. ആ ത്യാഗശീലന്റെ വാക്കുകൾ ശ്രവിക്കുക: "സന്ന്യാസി അധികാരികൾക്കു നൽകുന്ന അനുസരണം മക്കൾക്കടുത്ത അനുസരണമായിരിക്കണം. നമ്മുടെ ആഗ്രഹങ്ങളെല്ലാം അധികാരികളോടു പറയാം. നമ്മൾ മക്ക

ളാണ്. മക്കൾക്കു ചോദിക്കാൻ അവകാശമുണ്ട്, സ്വാതന്ത്ര്യമുണ്ട്.'' അധികാരികളും അധീനരും തമ്മിലുള്ള ബന്ധം പിതൃപുത്രസമാനമായിരിക്കണംഎന്നായിരുന്നു ഡൺസ്റ്റണച്ചന്റെ കാഴ്ച്ചപ്പാട്. സാധാരണ തവിട്ടു നിറമുള്ള ളോഹ ധരിച്ചിരുന്ന അദ്ദേഹം ഒരു ദിവസം വെള്ളയുടുപ്പിട്ട് മഠത്തിലെത്തിയപ്പോൾ സിസ്റ്റേഴ്സിന് അത്ഭുതമായി. കാരണം ആരാഞ്ഞപ്പോൾ ചിരിച്ചുകൊണ്ടുള്ള പ്രത്യുത്തരം: "പ്രൊവിൻഷ്യാളച്ചൻ പറഞ്ഞപ്പോൾ ഞാനങ്ങു വഴിപ്പെട്ടു.'' തെറ്റല്ലാത്ത കാര്യങ്ങൾക്കെല്ലാം തന്റെ അഭിപ്രായത്തെ ത്യജിച്ചുകൊണ്ട് അധികാരികൾക്കു കീഴടങ്ങിയിരുന്നു ആ വിധേയൻ. ധാർമ്മികമായി ശരിയല്ലെന്നു തോന്നുന്നവ അനുസരിക്കാതിരിക്കാനും ഡൺസ്റ്റണച്ചന് ആത്മധൈര്യം ഉണ്ടായിരുന്നു.

ബന്ധുജനങ്ങളോടുള്ള ഡൺസ്റ്റണച്ചന്റെ വർത്താനം ഇന്നത്തെ പ്രതിഷ്ഠിതർക്ക് ഒരു വെല്ലുവിളിയാണ്. ഏഴു വയസ്സുമുതൽ ഇട്ടൂപ്പുണ്ണി താൻ സ്നേഹിച്ചിരുന്ന സകലതിൽനിന്നും അകന്നു ജീവിച്ചു. കുടുംബബന്ധം ഒരു ബന്ധനമായിത്തീരാൻ ബാലൻ ആഗ്രഹിച്ചില്ല. അമ്മയെ വളരെയധികം സ്നേഹിച്ചിരുന്നുവെങ്കിലും ആ സ്നേഹംപ്രകടിപ്പിക്കുന്നതിൽ വിമുഖനായിരുന്നു. അമ്മ മരണാസന്നയായപ്പോൾ മക്കളെല്ലാം മുട്ടുകുത്തിനിന്നു നിലവിളിക്കുകയായിരുന്നു. ഇട്ടൂപ്പുണ്ണിയോ മൗനമായി പ്രാർത്ഥനയിൽ മുഴുകി. "അമ്മയെ ഇന്നുതന്നെ മരിപ്പിക്കണമേ'' എന്നായിരുന്നു ആത്മമന്ത്രണം. അന്ത്യകൂദാശകൾ കൈക്കൊണ്ട് നന്നായി ഒരുങ്ങിക്കിടന്നിരുന്ന അമ്മയുടെ ആത്മീയനന്മ മാത്രമാണ് ആ ബാലൻ കാംക്ഷിച്ചിരുന്നത്. കൊവേന്തയിൽ കൂടിയപ്പോൾ താൻ ലോകത്തിനു മരിച്ചു കഴിഞ്ഞുവെന്ന ബോദ്ധ്യത്തോടെ ജീവിച്ചു. തന്മൂലം കുടുബപ്രശ്നങ്ങളെപ്പറ്റി കേൾക്കുമ്പോൾ ഡൺസ്റ്റണച്ചൻ അവ കർത്താവിനു സമർപ്പിക്കുകയല്ലാതെ സ്ഥലത്ത് ഓടിയെത്തിയിരുന്നില്ല. ഗുരുതരമായ പ്രശ്നങ്ങളിൽ ചിലപ്പോഴെല്ലാം ഇടപെടാൻ നിർബന്ധിതനായിത്തീർന്നിട്ടുണ്ട്. അപ്പോഴെല്ലാം കുടുംബാംഗങ്ങളുടെ ആത്മീയ വളർച്ചക്കും സ്വഭാവരൂപീകരണത്തിനും ഉതകുന്ന ഉപദേശങ്ങൾ നൽകുക മാത്രം ചെയ്തു. എന്നാൽ "ആത്മീയ ബന്ധങ്ങൾക്കു താൻ വഴിപ്പെട്ടിരുന്നു'' എന്ന് പ്രസ്താവിക്കുന്നുണ്ട് ആ സർവ്വസംഗപരിത്യാഗി. ഒരു സന്ന്യാസവൈദികന്റെ കടമയാണതെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

വീട്ടിൽ നിലനിന്നിരുന്ന ദാരിദ്ര്യാവസ്ഥ ഇട്ടൂപ്പുണ്ണിയിൽ അപകർഷതാബോധം ജനിപ്പിച്ചില്ല. വിശുദ്ധിയിലേക്കുള്ള സോപാനമായി അതിനെ സ്വീകരിച്ചു. ആദ്യകുർബാനസ്വീകരണത്തിനു തലയിൽ മുടി ചൂടാൻ സാധിച്ചില്ല. തിരുനാളിനു നേർച്ചയിടാൻ സഹോദരങ്ങളെല്ലാം അപ്പനിൽനിന്നു പണം വാങ്ങിച്ചപ്പോൾ അവൻ അപ്രകാരം ചെയ്തില്ല. "ആ വിഷമം സന്തോഷത്തോടെ സഹിച്ചു.''

ദാരിദ്ര്യാരൂപിയെ സ്നേഹിച്ചിരുന്ന ഇട്ടൂപ്പുണ്ണിക്കു സന്ന്യാസത്തിൽ പ്രവേശിച്ചപ്പോൾ തന്റെ പ്രതീക്ഷക്കൊത്ത വിധമുള്ള ദാരിദ്ര്യം അവിടെ കാണപ്പെടാത്തതിൽ ഇച്ഛാഭംഗം തോന്നി. “ഈ ദാരിദ്ര്യസ്നേഹം എന്നെ എല്ലാത്തിലും ഉയർത്തിനിറുത്തി. ആരേയും സേവിക്കാതെ മനസ്സിന്റെ ശ്രേഷ്ഠത പാലിപ്പാൻ അതെന്നെ സഹായിച്ചു.'' ജീവിതശൈലിയിലും പെരുമാറ്റത്തിലും ലാളിത്യം പുലർത്തിയിരുന്നു ഡൺസ്റ്റണച്ചൻ. തുന്നലുകൾ നിറഞ്ഞ വസ്ത്രം ധരിച്ചു; പൊട്ടിയ ചെരിപ്പിട്ടു. പറമ്പിൽ കിടന്നിരുന്ന പഴയ സാധനങ്ങൾ പെറുക്കിക്കൂട്ടി സൂക്ഷിച്ചുവച്ചു. ആവശ്യത്തിനു പ്രൊക്യുറേറ്ററച്ചന്റെ കൈയിൽനിന്നു വാങ്ങിയ പണത്തിനു കൃത്യമായി കണക്കുകൊടുത്തു. ഒരിക്കൽ 25 പൈസയുടെ കുറവു കണ്ടപ്പോൾ പുറത്തുപോയി തിരിച്ചു വരുമ്പോൾ നടന്നുപോന്നു. 25 പൈസ ബസുകൂലിക്കു ചെലവായതായി കണക്കെഴുതി. രാത്രി ബസിലും ചായക്കടയിലുമായി കിടന്നുറങ്ങിയിട്ടുണ്ട്. അഞ്ചുവയസ്സു മുതൽ ഉപ്പു ചേർക്കാതെ കഞ്ഞി കുടിക്കുന്നതു ശീലമാക്കി. അട്ടപ്പാടി ആശ്രമത്തിൽ ഒറ്റയ്ക്കായിരുന്ന അവസരങ്ങളിൽ തേങ്ങാക്കൊത്തും പരിപ്പു തിളപ്പിച്ച വെള്ളവും കുടിച്ചു വിശപ്പടക്കിയിരുന്നു. മുൻനേരത്തെ ഭക്ഷണത്തിൽ ബാക്കിയുണ്ടെങ്കിൽ അതെടുത്തു കഴിക്കും. ഭൗതികനേട്ടങ്ങളോടു നിസ്സംഗത പുലർത്തി. ദാരിദ്ര്യത്തിനു സന്ന്യസ്തർ സംഘാതസാക്ഷ്യം വഹിക്കണമെന്നു പ്രബോധിപ്പിച്ചു. ആർഭാടപൂർണ്ണമായ സംവിധാനങ്ങൾ കാണുമ്പോൾ അദ്ദേഹം പറയുമായിരുന്നു: “ഇതെല്ലാം നമ്മെ ദൈവസന്നിധിയിലേക്ക് എത്തിക്കുന്നതാണോ എന്നു ചിന്തിക്കണം.'' ദരിദ്രരോട് അനുകമ്പ പുലർത്തി. കിട്ടുന്നവയെല്ലാം സൂക്ഷിച്ചുവയ്ക്കാതെ മറ്റുള്ളവർക്കു നല്കിയിരുന്നു. മരിക്കുമ്പോൾ ശേഷിച്ചിരുന്നത് ഒരു തകരപ്പെട്ടിയും ഏതാനും ചില വസ്ത്രങ്ങളും മാത്രം.

ഉപദേശങ്ങൾക്കും മറ്റുമായി തന്നെ സമീപിക്കുന്നവരെ ദൈവാശ്രയബോധത്തിൽ വളരുവാൻ അഭ്യസിപ്പിക്കും: “ദൈവം തരും; ദൈവം സഹായിക്കും.'' എല്ലാവരേയും ഉള്ളുതുറന്നു സ്നേഹിക്കുകയും ബഹുമാനിക്കുകയും അവരുടെ വികാരങ്ങളെ മാനിക്കുകയും ചെയ്തിരുന്നു. ജീവചരിത്രകാരൻ ധാരാളം ഉദാഹരണങ്ങൾ നിരത്തി വച്ചിട്ടുണ്ട്. രോഗീശുശ്രൂഷയിൽ സന്തോഷം കണ്ടെത്തുമായിരുന്നു. “വിഷമിക്കേണ്ട, എല്ലാം ശരിയായിക്കൊള്ളും'' തുടങ്ങിയ സാന്ത്വനോക്തികൾ ചൊരിയുമായിരുന്നു.

കായികാദ്ധ്വാനിയായിരുന്നു ഡൺസ്റ്റണച്ചൻ. ഭവനവും പരിസരവും വൃത്തിയാക്കുക, പാത്രം കഴുകുക, തോട്ടപ്പണി ചെയ്യുക തുടങ്ങിയ


ജോലികളിൽ നിരതനാകുന്ന ഗുരുവരനെ കണ്ട് നവസന്ന്യാസികൾ വിസ്മയിക്കാറുണ്ട്. അതിരാവിലെ എഴുന്നേറ്റു പള്ളി അടിച്ചുവൃത്തിയാക്കലായിരുന്നു മറ്റൊരു സേവനം. പ്രഭാതഭക്ഷണത്തിനു ശേഷം പിക്കാക്സുമെടുത്തു പറമ്പിലേക്കിറങ്ങുക സാധാരണയായിരുന്നു. മുറ്റത്തു കൊഴിഞ്ഞുവീഴുന്ന ഇലകൾ പെറുക്കി മാറ്റുകയും വഴിയിൽ കിടക്കുന്ന തെങ്ങിന്റെ പട്ടയും വിറകുചുള്ളികളും അടുക്കളയിലെത്തിക്കുകയും ചെയ്യും. തികഞ്ഞ പ്രകൃതി സ്നേഹിയായിരുന്നു ഡൺസ്റ്റണച്ചൻ. എവിടെപ്പോയി വന്നാലും കുറെ ചെടികൾ കൊണ്ടുവന്നു നട്ടുപിടിപ്പിക്കുന്നതിൽ ആനന്ദമടഞ്ഞു. പ്രകൃതിയിൽ അലിഞ്ഞു ജീവിച്ച് അദ്ദേഹം പ്രകൃതിനാഥനുമായി സംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ടായിരുന്നു നടന്നിരുന്നത്. ഡൺസ്റ്റണച്ചനിൽ തിളങ്ങിനിന്ന വിവേചനാശീലം സവിശേഷശ്രദ്ധ അർഹിക്കുന്നു. ഗരുഡന്റെ കണ്ണുപോലെയായിരുന്നു ആ ക്രാന്തദർശിത്വം. ദൈവവിളിയുള്ളവരെ കണ്ടുപിടിക്കുന്നതിനും ഇല്ലാത്തവരെ പറഞ്ഞുവിടുന്നതിനും അദ്ദേഹത്തിനുള്ള കഴിവിനെപ്പറ്റി ഭിന്നാഭിപ്രായമുണ്ടായില്ല. ഓരോ വ്യക്തിയുടെയും വ്യതിരിക്തതകൾ തിരിച്ചറിഞ്ഞു പ്രതിസന്ധികളെ തരണം ചെയ്യുന്നതിനു പ്രാപ്തി നൽകി. പലർക്കും ദൈവവിളിയിൽ ഉറച്ചുനിൽക്കുന്നതിനു ശക്തിയും പ്രചോദനവുമേകിയത് ഡൺസ്റ്റണച്ചനാണ്. അതീവ ശാന്തതയോടും സൗമ്യതയോടും സഹിഷ്ണതയോടുംകൂടിയാണ് അർത്ഥികളെ ശ്രവിച്ചിരുന്നത്. ആരേയും പിടിച്ചുനിർത്താൻ ശ്രമിച്ചില്ല. സ്വന്തം അഭിപ്രായം പറഞ്ഞശേഷം നിൽക്കാനും പോകാനുമുള്ള സ്വാതന്ത്ര്യം നൽകി. ജീവിച്ചിരിക്കുന്ന പലരും എത്ര നന്ദിയോടും സ്നേഹത്തോടും കൂടിയാണെന്നോ ഗുരുവച്ചനെ ഓർക്കുന്നത്! ഇഷ്ടമില്ലാതിരുന്നിട്ടും പരിശീലനരംഗത്ത് അനുസരണയുടെ പേരിൽ തുടരാനിടയായപ്പോൾ ദൈവകരം ദർശിച്ചുകൊണ്ട് സസന്തോഷം ആ ജോലി ചെയ്തു. പരിശീലകൻ എന്ന ദൗത്യം തന്നെ ആദ്ധ്യാത്മികമായി വളർത്തിയെന്നു ഡൺസ്റ്റണച്ചൻ പറഞ്ഞിട്ടുണ്ട്: "സ്വയം നന്നാകാൻ നിർബന്ധിതനായി. കൂടുതൽ ആത്മാർത്ഥതയോടെ ജീവിക്കുവാൻ ഈ ജോലി സഹായിച്ചു." ബാഹ്യമായ സ്നേഹപ്രകടനങ്ങൾ ഉണ്ടായിരുന്നില്ലെങ്കിലും ആ ഹൃദയം മുഴുവൻ സ്നേഹവാത്സല്യങ്ങൾ നിറഞ്ഞുനിന്നിരുന്നുവെന്ന് അടുത്തറിയുന്നവരൊക്കെ സമ്മതിക്കും.

ഡൺസ്റ്റണച്ചന്റെ ആദ്ധ്യാത്മികതയുടെ ആഴവും നീളവും അളക്കുവാൻ മനുഷ്യർക്ക് ആർക്കും കഴിയുകയില്ല. പുറമേ കണ്ട ചില കഴിവുകേടുകളുടേയും കുറവുകളുടേയും അതോടൊപ്പം വസ്തുനിഷ്ഠവും സരളവും വിനയാന്വിതവുമായ പെരുമാറ്റരീതിയുടേയും അനാകർഷക

മായ സംഭാഷണശൈലിയുടേയും വെളിച്ചത്തിൽ ആ വ്യക്തിത്വത്തെ വിലയിരുത്തുന്നതു തെറ്റാണ്. ഡൺസ്റ്റണച്ചന്റെ ആദ്ധ്യാത്മികതയ്ക്കു വികാരപ്രധാനമായ തലമുണ്ടായിരുന്നില്ല. യുക്തിയിലും ബുദ്ധിപൂർവ്വമായ നിഗമനത്തിലും ചാലിച്ചെടുത്തതായിരുന്നു ദൈവവും മനുഷ്യനുമായുള്ള അദ്ദേഹത്തിന്റെ ബന്ധം. ഭാരതീയ ചിന്തയിൽ നിഷ്കാമകർമ്മിയെന്നു വിശേഷിപ്പിക്കാം. വി. യോഹന്നാൻ ക്രൂസിന്റെ ആദ്ധ്യാത്മികതയോട് അതിനെ ഉപമിക്കാനാണ് ഞാൻ ഇഷ്ടപ്പെടുക. ഡൺസ്റ്റണച്ചനിൽ പ്രശോഭിച്ചിരുന്ന വീരോചിതവും തനിമ നിറഞ്ഞതുമായ ദാരിദ്ര്യചൈതന്യത്തിലും സരളമനോഭാവത്തിലും വിനയാർദ്രതയിലും നിഷ്കളങ്കമായ പുഞ്ചിരിയിലും ത്യാഗമനസ്ഥിതിയിലും കഠിനാദ്ധ്വാനത്തോടുള്ള ആസക്തിയിലും സേവനശൈലിയിലും പ്രാർത്ഥനാനുഭവത്തിലും എല്ലാം വസ്തുനിഷ്ഠമായി വിലയിരുത്തുവാനുള്ള കഴിവിലും, ശരിയായി തോന്നുന്നവ ആരുടെ മുമ്പിലും തുറന്നു പറയാനുള്ള ധൈര്യത്തിലും യേശുവിന്റെ ആദ്ധ്യാത്മികത നിറഞ്ഞു നിൽക്കുകയായിരുന്നില്ലേ?

ജീവചരിത്രം വായിച്ചപ്പോഴും ഈ കുറിപ്പുകൾ എഴുതിയപ്പോഴും എനിക്കുണ്ടായ അനുഭവം തുറന്നുപറയട്ടെ. ഗുരുവരൻ എന്റെ മുമ്പിൽ നിൽക്കുന്നതും സംഭാഷിക്കുന്നതുമായി തോന്നി. ആത്മനിഷ്ഠമായ തോന്നലാകാം.

ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ.
സെന്റ് തേരേസാസ് ആശ്രമം, കോട്ടയ്ക്കൽ, മാള
കോട്ടമുറി പി.ഒ., തൃശൂർ 680732



## 01

# ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിൽ സി.എം.ഐ. – ജീവിതരേഖ

തൃശൂർ അതിരൂപതയിൽ പാവറട്ടി ഇടവകയിലെ പുതുമനശ്ശേരിയിൽ ഒലക്കേങ്കിൽ ആനട്ടി കുടുംബത്തിൽ പൗലോസ് മറിയം ദമ്പതിമാരുടെ ആറു മക്കളിൽ നാലാമനായി ഡൺസ്റ്റണച്ചൻ ജനിച്ചു. ഇടവകപ്പള്ളിയിലെ മാമ്മോദീസാ രേഖയനുസരിച്ച് അച്ചൻ ജനിച്ചത് 1920 നവംബർ 27-ാം തീയതിയാണ്. എന്നാൽ അതു തെറ്റായി രേഖപ്പെടുത്തിയതാണെന്നും യഥാർത്ഥ ജന്മദിനം നവംബർ 28-ാം തീയതിയാണെന്നും ഡൺസ്റ്റണച്ചന്റെ അമ്മ ഉറപ്പിച്ചുപറയുന്നു.

അമ്മവീടായ പാലയൂരിലെ വി. തോമസ് ശ്ലീഹയുടെ ദേവാലയത്തിൽ, ഡിസംബർ 6-ന്, പാവറട്ടി സെന്റ് തോമസ് ആശ്രമത്തിന്റെ ശ്രേഷ്ഠനായിരുന്ന അൽഫോൻസ് കൊള്ളന്നൂരച്ചനാണു കുഞ്ഞിനു മാമ്മോദീസാ നൽകിയത്. അമ്മയുടെ അപ്പന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ നാമത്തെ പിന്തുടർന്നു മാമോദീസായിൽ മത്തായി എന്നു കുഞ്ഞിനെ നാമകരണം ചെയ്തു. വീട്ടുകാർ അവനെ ഇട്ടൂപ്പുണ്ണി എന്നു വിളിച്ചു. അപ്പന്റെ അപ്പനാണ് ഈ പേരിനു കാരണക്കാരൻ.

“എനിക്ക് ഓർമ്മ വെച്ച നാൾ മുതലേ കുടുംബത്തിൽ ഒരു ആദ്ധ്യാത്മിക അന്തരീക്ഷം ഉണ്ടായിരുന്നു.” സ്വന്ത കുടുംബത്തെക്കുറിച്ചു ഡൺസ്റ്റണച്ചന്റെ അനുസ്മരണയാണിത്. അദ്ദേഹം ജനിക്കുന്നതിനുമുമ്പേ, 1919 ജൂലൈ 4-ാം തീയതി, ഒലക്കേങ്കിൽ കുടുംബം ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. അങ്ങനെ തിരുഹൃദയം ആ കുടുംബത്തിന്റെ ജീവിതചര്യകളുടെ നിയന്ത്രണകേന്ദ്രമായി. ഇട്ടൂപ്പുണ്ണിയുടെ ഒന്നര വയസുള്ള അനുജത്തി 1923-ൽ മരണമടഞ്ഞു.

നാലര വയസ്സിൽ ഇട്ടൂപ്പുണ്ണി സ്വന്തം പിതാവ് മാനേജരായിരുന്ന പുതു മനശ്ശേരി സെന്റ് മേരീസ് എലമെന്ററി സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസ ത്തിന് ആരംഭം കുറിച്ചു. പാവറട്ടി സെന്റ് തോമസ് മൊണാസ്റ്ററിയോട് അനുബന്ധിച്ചുള്ള സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ പഠനം തുടർന്നു.

ആറര വയസു കഴിഞ്ഞാണ് ഇട്ടൂപ്പുണ്ണി ആദ്യകുമ്പസാരം നടത്തിയത്. അതിനൊരുക്കമായി സി.എം.ഐ. കൊർണേലിയുസ് ചിറ്റിലപ്പള്ളിയച്ചൻ പാലയൂർ ഇടവക പള്ളിയിൽ നയിച്ച ധ്യാനത്തിൽ പങ്കെടുത്തു. ധ്യാനത്തിന്റെ അവസാനത്തിൽ പാവറട്ടി സെന്റ് ജോ സഫ് ചർച്ച് ഇടവക വികാരിയായിരുന്ന ജോൺ പൊറുത്തൂരച്ചന്റെ പക്കൽ ആദ്യമായി കുമ്പസാരിച്ചു. പിന്നീട് ആഴ്ചതോറും ഇട്ടൂപ്പുണ്ണി കുമ്പസാരിച്ചിരുന്നു. കുമ്പസാരത്തോടെ ആദ്യകുർബാന സ്വീകരി ക്കുന്ന പതിവ് അന്നു നിലവിലില്ലായിരുന്നു. അതനുസരിച്ച് ഇട്ടൂപ്പുണ്ണി ആദ്യകുർബാന സ്വീകരണത്തിന് അനുവദിക്കപ്പെട്ടത്, ഏകദേശം ഒരു വർഷം കഴിഞ്ഞ്, 1928 ജൂലൈ 6-ാം തീയതിയായിരുന്നു. മാമ്മോദീ സാ നൽകിയ അൽഫോൻസച്ചൻ തന്നെ അവന് ആദ്യകുർബാനയും നൽകി. ജൂലൈ മാസത്തിലെ ആദ്യവെള്ളിയാഴ്ചയാണ് വീട്ടിൽ കു ടുംബപ്രതിഷ്ഠ ആണ്ടുതോറും ആഘോഷ പൂർവ്വം നവീകരിക്കാറു ള്ളത്. അതേ നാളിൽ (1942 മുതൽ) തന്നെ തന്റെ ആദ്യകുർബാന സ്വീകരണത്തിന്റെ അനുസ്മരണയും അദ്ദേഹം ആചരിച്ചുവന്നു.

1935 സെപ്റ്റംബർ 22-ാം തീയതി, ഹൈസ്കൂൾ വിദ്യാർത്ഥിയായി രിക്കെ, പാവറട്ടിയിലെ സെന്റ് തോമസ് മൊണാസ്റ്ററിയോട് അനുബന്ധിച്ചുള്ള സെന്റ് ബെർക്കുമാൻസ് അസ്പേരന്റ്സ് ഹൗസിൽ ഇട്ടൂപ്പുണ്ണി അർത്ഥിയായി പ്രവേശിച്ചു. ഹൈസ്കൂൾ പഠനം വിജയകരമായി പൂർത്തിയാക്കിയ യോഗാർത്ഥി തുടർന്ന് ലത്തീൻ, സുറിയാനി ഭാഷാപഠനത്തിനു നിയോഗിതനായി. ആലുവ സെന്റ് ആന്റണീസ് മൊണാസ്റ്ററിയിലെ വി. കൊച്ചുത്രേസ്യയുടെ നാമത്തിലുള്ള യോഗാർത്ഥി ഭവനത്തിൽ 1937 ജൂലൈ 25-ാം തിയതി ആരംഭിച്ച പഠനം ഒരു വർഷം നീണ്ടുനിന്നു. ആശ്രമാധികാരി യായ കൊർണേലിയൂസച്ചനായിരുന്നു പരിശീലകൻ.

1938 ജൂലൈ 20-ന് ആയിരുന്നു നവസന്ന്യാസ പ്രവേശനം. അമ്പഴക്കാട് സെന്റ് തെരേസാസ് മൊണാസ്റ്ററിയിലെ ലിറ്റിൽ ഫ്ളവർ നൊവിഷ്യേ റ്റിലാണ് പരിശീലനം നേടിയത്. ലുദവിക്കോസ് കുനിയന്തോടത്തച്ച നായിരുന്നു നവസന്ന്യാസ ഗുരു.

1938 ജൂലൈ 26-ന് കുടുംബത്തിലെ ആദ്യജാത, ഇട്ടൂപ്പുണ്ണിയുടെ "പുണ്യവതിയായ കുഞ്ഞേത്തി പെങ്ങൾ' പരലോകപ്രാപ്തയായി. അതേ വർഷം നവംബർ 23-ാം തീയതി ഡൺസ്റ്റൺ നവസന്ന്യാസി സഭാ വസ്ത്രം സ്വീകരണം നടത്തി. തിരുക്കുടുംബത്തിന്റെ ബ്ര. ഡൺസ്റ്റൺ എന്ന നാമം സ്വീകരിച്ചു. അദ്യവ്രത വാഗ്ദാനത്തിലൂടെ സമർപ്പിതജീവിതത്തിനു തുടക്കം കുറിച്ചത് 1939 നവംബർ 24-നായിരുന്നു.

കൂനമ്മാവിലെ സെന്റ് ജോസഫ് മൊണാസ്റ്ററിയായിരുന്നു തുടർ പരിശീലനരംഗം. 1941 ജനുവരി 4-ാം തീയതി കൂനമ്മാവിലെത്തിയ ബ്ര. ഡൺസ്റ്റൺ അവിടെ പ്രസംഗകല അഭ്യസിച്ചു. ലത്തീൻ, സുറിയാനി ഭാഷാപഠനവും പരിശീലനത്തിന്റെ ഭാഗമായി. അർസേനിയൂസ് പാറയ്ക്കലച്ചൻ ഇക്കാലയളവിൽ അർത്ഥികൾക്കു പരിശീലനം നൽകി.

ഒരു വർഷത്തിനു ശേഷം (5-1-1942) മുത്തോലി സെന്റ് ജോൺ ഓഫ് ദ ക്രോസ് മൊണാസ്റ്ററിയിൽ തത്വശാസ്ത്ര പഠനത്തിനു തുടക്കം കുറിച്ചു. ഗുരുനാഥനായിരുന്നത് ബഞ്ചമിൻ കോട്ടൂരാനച്ചനായിരുന്നു. 1942 നവംബർ 24-ാം തീയതി ഡൺസ്റ്റൺ ശെമ്മാശൻ നിത്യവ്രത വാഗ്ദാനം നടത്തി. 1943 നവംബർ 22-ന് ശെമ്മാശന്റെ വത്സലപിതാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ആസ്ഥപ്പാട് പട്ടവും ഒന്ന്, രണ്ട് പട്ടങ്ങളും(19-6-1943) ഇക്കാലയളവിൽതന്നെ നിറവേറി.

ദൈവശാസ്ത്ര പഠനം നടത്തിയത് ചെത്തിപ്പുഴ സേക്രട് ഹാർട്ട് മൊണാസ്റ്ററിയോട് അനുബന്ധിച്ചുള്ള എസ്.എച്ച്. സ്കൊളാസ്റ്റിക്കേറ്റിലാണ്. 1944 ജനുവരി 6-ാം തീയതി ആരംഭിച്ച പഠനകാലത്ത് സ്കറിയ നടുവിലേപ്പറമ്പിൽ, വിൻസന്തിയോസ് ആലപ്പാട്ട് (1943 ജനുവരി മുതൽ), ചെലസ്തീനോസ് (1944 ആഗസ്റ്റ് മുതൽ), ബെഞ്ചമിൻ കോട്ടുരാൻ (1947 ഏപ്രിൽ മുതൽ) എന്നീ വൈദികർ ഡൺസ്റ്റൺ ശെമ്മാശനെ വഴിനടത്തി. ഗുരുക്കന്മാരുടെ ഗുരുഭൂതനെന്ന് അറിയപ്പെടുന്ന പ്ലാസിഡ് പൊടിപാറയച്ചനും ദൈവദാസൻ കനീസിയൂസ് തെക്കേക്കരയച്ചനും പഠനഗൃഹത്തിലെ ദൈവശാസ്ത്രാദ്ധ്യാപകരായിരുന്നു. ഇക്കാലഘട്ടത്തിൽ മൂന്ന്, നാല് പട്ടങ്ങളും (3-6-1944) അഞ്ചാം പട്ടവും (26-5-1945) ആറാം പട്ടവും (15-6-1946) ശെമ്മാശൻ സ്വീകരിച്ചു.

1947 മെയ് 31-നായിരുന്നു തിരുപ്പട്ടസ്വീകരണം. അഭിവന്ദ്യ ജെയിംസ് കാളാശ്ശേരി പിതാവിന്റെ കൈവെപ്പു ശുശ്രൂഷ വഴി ചെത്തിപ്പുഴ ആശ്രമത്തിൽ ശെമ്മാശൻ ശുശ്രൂഷാപൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെട്ടു. തുടർന്ന് ജൂൺ 2-ന് പാവറട്ടി ആശ്രമ ദേവാലയത്തിൽ നവപൂജാർപ്പണം നടത്തി.

ആഘോഷങ്ങൾക്കുശേഷം ജൂൺ 7-ാം തീയതി ചെത്തിപ്പുഴ ആശ്രമത്തിൽ തിരിച്ചെത്തിയ ഡൺസ്റ്റണച്ചൻ ദൈവശാസ്ത്രപഠനം തുടർന്നു.

ചെത്തിപ്പുഴ ആശ്രമത്തോടനുബന്ധിച്ചു നടന്നിരുന്ന മതബോധന വിദ്യാലയം ആരംഭകാലം മുതലേ വളരെ വിപുലമായിരുന്നു. ദൈവശാസ്ത്ര വിദ്യാർത്ഥികളായ ശെമ്മാശന്മാരാണ് പ്രധാനമായും വേദപാഠം പഠിപ്പിച്ചിരുന്നത്. നവവൈദികനായ ഡൺസ്റ്റണച്ചൻ മതബോധന ക്ലാസുകളുടെ നടത്തിപ്പിൽ ആശ്രമാധികാരിയെ സഹായിക്കുന്നതിനു നിയുക്തനായി.

1947ന്റെ അന്ത്യത്തോടെ ഡൺസ്റ്റണച്ചൻ വൈദികപരിശീലനം പൂർത്തിയാക്കി. കരിക്കാട്ടൂർ സെന്റ് ജെയിംസ് മൊണാസ്റ്ററിയിലാണ് അച്ചന്റെ ആദ്യത്തെ നിയമനം. ഡിസംബർ 20-ാം തീയതി അദ്ദേഹം ആശ്രമാംഗമായി ചേർന്നു. പ്രധാനമായും ഭവനത്തിനു ചുറ്റുപാടുമുള്ള വിശ്വാസികളുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റുന്നതിൽ അദ്ദേഹം വ്യാപൃതനായി.

കരിക്കാട്ടൂരിലെ എട്ടു മാസത്തിലധികം നീണ്ട സേവനത്തിനുശേഷം 1948 ആഗസ്റ്റ് 29-ന് ചെത്തിപ്പുഴയിലേക്ക് അച്ചൻ തിരിച്ചെത്തി. അന്ന് ആശ്രമത്തിനു കീഴിൽ അയിരൂരിൽ ലൂർദ് കാർമ്മൽ ആശ്രമം ഒരു ഉപഭവനമായി പ്രവർത്തിച്ചിരുന്നു. യാക്കോബായ സഭയിൽനിന്ന് കത്തോലിക്ക സഭയുമായി പുനരൈക്യപ്പെട്ട കുടുംബങ്ങൾക്കുവേണ്ടി ഒരു ഇടവക 1926-ൽ ഇവിടെ സ്ഥാപിതമായി. ഡൺസ്റ്റണച്ചൻ കൂടെക്കൂടെ ഈ ഭവനത്തിൽ പല നാളുകൾ താമസിച്ച് ഭവനത്തിന്റെ നടത്തിപ്പിൽ സഹായിച്ചുവന്നു. 1949 ഒക്റ്റോബർ 17-ന് ഇവിടെ സ്ഥിര താമസമാക്കി. തുടർന്നും ചെത്തിപ്പുഴ ആശ്രമത്തിലെ ആലോചന സംഘത്തിൽ അച്ചൻ പങ്കെടുക്കുന്നതായിക്കാണാം. 1950 ഫെബ്രുവരി 23-ാം തീയതി നടന്ന സംഘത്തിലാണ് അദ്ദേഹം അവസാനമായി പങ്കെടുക്കുന്നത്. അടുത്തതായി സംഘം ചേരുന്നത് തുടർന്നുള്ള മാർച്ച് 18-നാണ്. ഈ രണ്ടു തീയതികൾക്കുമിടയിൽ അയിരൂരിലെ ആശ്രമം സ്വതന്ത്രഭവനമായി ഉയർത്തപ്പെട്ടതായി അനുമാനിക്കുന്നു.

1950 ജൂൺ 9-ാം തീയതിയായിരുന്നു ഡൺസ്റ്റണച്ചന്റെ അമ്മയുടെ വേർപാട്. 1950 ആഗസ്റ്റ് 31-ന് ആശ്രമത്തോട് അനുബന്ധിച്ചുള്ള ഇടവകയുടെ ചുമതല ഏറ്റെടുത്തതോടെ അദ്ദേഹം അജപാലന രംഗത്ത് പൂർവ്വാധികം ഊർജ്ജസ്വലതയോടെ വ്യാപൃതനായി.

1953-ൽ സി.എം.ഐ. സഭ മൂന്നു പ്രവിശ്യകളായി തിരിഞ്ഞപ്പോൾ ഡൺസ്റ്റണച്ചൻ തൃശൂർ ദേവമാതാ പ്രവിശ്യയിൽ അംഗമായി. 1978 ജൂൺ 22-നാണ് പുതുതായി രൂപംകൊള്ളാനിരുന്ന കോയമ്പത്തൂർ പ്രേഷിത ഉപപ്രവിശ്യയിൽ ചേരുന്നതിന് അച്ചൻ സമ്മതം അറിയിക്കുന്നത്. ഈ രണ്ടു പ്രവിശ്യകളായിരുന്നു ഡൺസ്റ്റണച്ചന്റെ പ്രധാന കർമ്മരംഗം.

1953 മെയ് 19 മുതൽ അമ്പഴക്കാട് സെന്റ് തെരേസാസ് മൊണാസ്റ്ററിയിലെ പ്രൊക്യുരേറ്ററും നവസന്ന്യാസഭവനത്തിലെ കുമ്പസാരക്കാരനുമായിരുന്നു. സഭയിലെ അർത്ഥികളെ ഉരുവാക്കുന്ന ഗുരുവായി, ഗുരുക്കന്മാരുടെ സഹായിയായി, അർത്ഥികളുടെ ആദ്ധ്യാത്മിക പിതാവായി താൻ നിറവേറ്റിയ നീണ്ടകാല പരിശീലന സപര്യയുടെ തുടക്കം അങ്ങനെ കുറിക്കുകയായിരുന്നു. സെന്റ് പയസ് ടെൻത്ത് അസ്പേരന്റ്സ് ഹൗസ്, വരന്തരപ്പിള്ളി (1956-1966, 1967-1969), ഏൽത്തുരുത്ത് സെന്റ് ബെർക്കുമാൻസ് അസ്പേരന്റ്സ് ഹൗസ് (1965-1967), റാഞ്ചി, ജ്യോതി നിവാസ് (1977-1978), കൊഴിഞ്ഞാമ്പാറ സെന്റ് തോമസ് ആശ്രമം (1986-1987), പാലക്കാട് സി.എം.ഐ. ഭവൻ (1988-1989), കൗണ്ടമ്പാളയം ലിറ്റിൽ ഫ്ളവർ മൈനർ സെമിനരി (1994-1996) എന്നിയിടങ്ങളിൽ യോഗാർത്ഥികളുടെ ഗുരുവായി അദ്ദേഹം ജോലി ചെയ്തു. 1982-1984 കാലയളവിൽ ശരവണംപട്ടിയിൽ നവസന്ന്യാസ ഗുരുവായിട്ടായിരുന്നു നിയമനം. വിവിധകാലങ്ങളിൽ ദേവമാതാ, കോയമ്പത്തൂർ പ്രവിശ്യകളിലെ വിവിധ പരിശീലന ഭവനങ്ങളിലായി, പരിശീലകരുടെ സഹായിയെന്ന നിലയിൽ, അർത്ഥികളുടെ വളർച്ചയിൽ ഡൺസ്റ്റണച്ചൻ നിർണായകമായ പങ്കുവഹിച്ചു.

സി.എം.ഐ. സഭയിലെ സഹോദരസമൂഹം കടലുണ്ടിയിലെ സെന്റ് പോൾസ് ഹൗസ് കേന്ദ്രമാക്കി ബ്രദേഴ്സ് യൂണിറ്റിനു രൂപം നൽകിയപ്പോൾ അവരുടെ ആദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശകനായി നിയമിതനായതു ഡൺസ്റ്റണച്ചനാണ്. നിരവിൽപ്പുഴ സെന്റ് ഏലിയാസ് അരണ്യാശ്രമത്തിലും (1991-1992) കടലുണ്ടി സെന്റ് പോൾസ് ഹൗസിലും (1992-1993) താമസിച്ചുകൊണ്ട് അച്ചൻ പ്രസ്തുത ദൗത്യം നിറവേറ്റി.

രണ്ടു പ്രവിശ്യകളിൽ പലയിടങ്ങളിൽ ആശ്രമാധികാരിയായി സേവനമനുഷ്ഠിക്കാനും ഡൺസ്റ്റണച്ചന് അവസരമുണ്ടായി. വരന്തരപ്പിള്ളി ഇമ്മാക്കുലേറ്റ് ഹാർട്ട് മൊണാസ്റ്ററി (1969-1972, 1978-1979), ദേവമാത പ്രൊവിൻഷ്യൽ ഹൗസ് (1972-1973), അട്ടപ്പാടി സെന്റ് ജോസഫ് ഹോം (1973-1977) എന്നിവ അദ്ദേഹത്തിന്റെ അധികാര ശുശ്രൂഷയുടെ കേന്ദ്രങ്ങളായിരുന്നു. കോയമ്പത്തൂർ ലിറ്റിൽ ഫ്ളവർ മിഷൻ സെന്ററിലും പാലക്കാട്

ഭാരതമാത ആശ്രമത്തിലും അംഗമായി അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കുമ്പസാരക്കൂട്ടിലിരുന്ന് അനേകരെ അനുരഞ്ജന കൂദാശയിലൂടെ ദൈവബന്ധത്തിലേക്കു നയിക്കുന്നത് ഒരു പുണ്യകർമ്മമായി ഡൺസ്റ്റണച്ചൻ കരുതി. അദ്ദേഹം ഒരുപാടു പേരുടെ കുമ്പസാരക്കാരനും ആദ്ധ്യാത്മിക പിതാവുമായിരുന്നു. പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് ഇരിമ്പൻ പിതാവിനു പ്രിയങ്കരനായ കുമ്പസാരക്കാരനായിരുന്നു ഡൺസ്റ്റണച്ചൻ.

ഡൺസ്റ്റണച്ചന്റെ ജ്യേഷ്ഠൻ ജോസഫ് (12 ഓഗസ്റ്റ് 1982) ചെറിയ പെങ്ങൾ മേരി മാഴ്സിൻ (26 സെപ്റ്റംബർ 2004), സഹോദരി കൊച്ചുത്രേസ്യ (27 നവംബർ 2009) എന്നിവർ വിവിധ കാലങ്ങളിൽ കർത്താവിൽ നിദ്രപ്രാപിച്ചു.

സമർപ്പിത ജീവിതത്തോട് അനുകൂലമായി പ്രതികരിക്കാനുള്ള സവിശേഷമായ ആഭിമുഖ്യം ഒലക്കേങ്കിൽ കുടുംബത്തിനു സ്വാഭാവികമായിരുന്നു. മക്കളെ എല്ലാവരെയും സന്ന്യാസദൈവവിളി നൽകി അനുഗ്രഹിക്കണമെന്നു മാതാപിതാക്കൾ തീവ്രമായി പ്രാർത്ഥിച്ചു. വിശുദ്ധനായ ഡൺസ്റ്റണച്ചനു ജന്മം നല്കി സി.എം.ഐ. സഭയിലൂടെ ദൈവജന ശുശ്രൂഷയ്ക്കായി നൽകിയതു ഒലക്കേങ്കിൽ കുടുംബമാണ്. അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ജോസഫ് സി.എം.ഐ. സഭയിൽ ചേർന്നു സന്ന്യാസ വൈദികനാകുന്നതിനു പരിശ്രമിച്ചു. എന്നാൽ കുടുംബം പരിപാലനത്തിന് ആളില്ലാത്തതിനാൽ അധികാരികളുടെ നിർദ്ദേശമനുസരിച്ചു ഗൃഹസ്തജീവിതം തെരഞ്ഞെടുക്കുന്നതിനു നിർബ്ബന്ധിതനായി. വിവാഹിതനായ ജോസഫിനെ പത്തു മക്കളെ നൽകി കർത്താവ് അനുഗ്രഹിച്ചു. അവരിൽ മൂന്നുപേർ വൈദിക സമർപ്പിതജീവിതം തെരെഞ്ഞെടുത്തു. ഫാ. ജോൺ മരിയ വിയാനി പാലക്കാട് രൂപതയിലും ബ്ര. സാവിയോ എം.എം.ബി. സഭയിലും സി. ലിസി എഫ്.സി.സി. സഭയിലും അംഗങ്ങളായി സേവനമനുഷ്ഠിക്കുന്നു. ഡൺസ്റ്റണച്ചന്റെ ഇളയ സഹോദരി മേരി തിരുഹൃദയ സഭയിൽ പ്രവേശിച്ച് മേരി മാഴ്സിൽ എന്ന പേരിൽ സന്ന്യാസിനിയായി. തൃശൂർ രൂപത വൈദികനായ ഫാ. ഡൺസ്റ്റണും സി.എം.ഐ. ദേവമാതാ പ്രവിശ്യയിലെ അംഗമായ ലിൻസ്റ്റനച്ചനും ഒലക്കേങ്കിൽ തറവാടിന്റെ സന്താനങ്ങളാണ്.

നീണ്ട 86 വർഷങ്ങൾ ഡൺസ്റ്റണച്ചൻ ഈ ലോകത്തിൽ ജീവിച്ചു. ആ ജീവിതം അതിധന്യമായിരുന്നു. വിശുദ്ധനാകണമെന്ന ഒരേയൊരു ലക്ഷ്യം ജീവിതത്തിലുടനീളം പകർന്ന് ജീവിതചര്യകളെ മുഴുവൻ നിയ

ന്ത്രിക്കുന്ന ഭ്രമണകേന്ദ്രമായി പരിണമിച്ചു. ചെറുപ്പം മുതൽ നിർലോഭമായിരുന്ന ദൈവകൃപയും വിശ്വാസ വെളിച്ചവും വിശുദ്ധിയുടെ പടികളിലൂടെ ഇട്ടൂപ്പുണ്ണിയെ നയിച്ചു. വിശുദ്ധമായ ബോദ്ധ്യങ്ങളുടെയും ഉൾക്കാഴ്ചകളുടെയും നീർച്ചാലുകൾ ദൈവം സമൃദ്ധമായി അവനു തുറന്നരുളി. സുകൃതികളായ മാതാപിതാക്കളും "പുണ്യവതി കുഞ്ഞേത്തി പെങ്ങളും" ഇട്ടൂപ്പുണ്ണിക്കു ദൈവകൃപയുടെ കൈവഴികളായി. വിശുദ്ധിയിലേക്കുള്ള തന്റെ മാർഗ്ഗം സന്ന്യാസമാണെന്ന് അവരിലൂടെ തിരിച്ചറിഞ്ഞു. ധീരമായ നിലപാടുകളിലൂടെ സ്വന്തം ബലഹീനതകളെ അതിജീവിച്ചു. ശിശുസഹജമായ നിഷ്കളങ്കതയിൽ അനുസരിച്ചു. ബന്ധങ്ങളുടെ ബന്ധനങ്ങളിൽ നിന്നകന്ന് അവയെ വിശുദ്ധയാത്രക്ക് അനുകൂല ഘടകങ്ങളാക്കി. ദാരിദ്ര്യചൈതന്യത്തിന്റെ ആൾരൂപമായി. സത്യസന്ധതയെ വിശുദ്ധിയുടെ പര്യായമായി മാറ്റി. പ്രാർത്ഥിച്ചു പ്രാർത്ഥിച്ചു പ്രാർത്ഥനയായി. വിശ്വാസ വെളിച്ചത്തിൽ വസിച്ച്, പരസ്നേഹത്തിൽ ചരിച്ച്, മണ്ണിനെ സ്നേഹിച്ച്, പ്രകൃതിയിൽ അലിഞ്ഞ് ജീവിതത്തെ തികഞ്ഞ അനുഭൂതിയായി പകർത്തി. വിദൂരരാജ്യങ്ങളിൽ തിരുവചന പ്രഘോഷണം എന്ന നിറവേറാതെ പോയ നിരന്തരസ്വപ്നം ഊർജമായി പകർന്ന് ദൈവവിളി പ്രോത്സാഹനരംഗത്തും ദൈവവിളിയുടെ വിവേചനത്തിലും പരിശീലന വേദിയിലും സഫലമായി. വീരോചിതമായ രീതിയിൽ സുകൃതങ്ങളുടെ സാധകനായി. വലിയ വാശിക്കാരനും അരിശമുള്ളവനുമായ ഇട്ടൂപ്പുണ്ണിയെ സ്വന്തം ഇച്ഛാശക്തിയും അന്വേഷണത്വരയും വിശുദ്ധനായ ഡൺസ്റ്റണച്ചനാക്കി.

വലിയ മറവിക്കാരൻ, ഈശോയെ മറക്കാത്ത മഹായോഗി! ചെറുപ്രായത്തിൽ ആരംഭിച്ച വിശുദ്ധിയുടെ തീർത്ഥയാത്ര ജീവിതാന്ത്യം വരെ തുടർന്നു. 2006 ഒക്റ്റോബർ 20-ാം തീയതി ഈശോനാമം ഉരുവിട്ടുകൊണ്ട് ആ മഹിതജീവൻ നിത്യതയിൽ അലിഞ്ഞു. കന്മഷമില്ലാത്ത നന്മയുടെ തണൽമരമായി നമുക്കുമേൽ അതു വിരിഞ്ഞു നിൽക്കുന്നു. ദിവ്യചൈതന്യത്തിന്റെ ഫലം പൊഴിച്ചു കാലത്തിനപ്പുറത്തേക്ക് അതു പടർന്നുകൊണ്ടിരിക്കും.

# 02

# വിശുദ്ധനിയോഗങ്ങളുടെ സോപാനനടയിൽ

ചെറുപ്പം മുതലേ ആദ്ധ്യാത്മിക കാര്യങ്ങളിൽ തൽപരനായിരുന്നു ഇട്ടൂപ്പുണ്ണി. കുടുംബസാഹചര്യങ്ങൾ സുകൃതവളർച്ചക്കു സ്വാധീനഘടകങ്ങളൊരുക്കി. അനുദിന ജീവിതചര്യകളിലും ബാല്യകാല ലീലകളിലും ആത്മീയസ്പർശം നിറഞ്ഞു. വീട്ടിൽ സഹോദരങ്ങളും കൂട്ടുകാരുമൊരുമിച്ച് കുർബാന ചൊല്ലി. പള്ളി പണിതു. പ്രദക്ഷിണം നടത്തി.

അഞ്ചു വയസുമുതൽ തനിയെ പള്ളിയിൽ പോകാൻ തുടങ്ങി. വീട്ടിൽ നിന്നു പള്ളിയിലേക്കു മുക്കാൽ മൈൽ കാണും. പോകുന്ന വഴിയുടെ ഇരുവശവും ഇടതൂർന്നു നിൽക്കുന്ന കാടുമായി ബന്ധപ്പെടുത്തി പേടിപ്പെടുത്തുന്ന കഥകൾ നിലവിലിരുന്നപ്പോഴും ഇട്ടൂപ്പുണ്ണി പള്ളിയിൽ പോകുന്നതു മുടക്കിയില്ല. അങ്ങനെ തനിയെ പതിവായി പള്ളിയിൽ പോയിരുന്നതു “നല്ലകുട്ടിയായിത്തീരുവാൻ” വേണ്ടിയായിരുന്നു.

**വിശുദ്ധരുടെ പഠനക്കളരിയും അദ്ധ്യാത്മിക ഗ്രന്ഥപാരായണവും**

ചെറുപ്പം മുതലേ നല്ല പുസ്തകങ്ങൾ വായിക്കാനുള്ള സാഹചര്യം വീട്ടിലുണ്ടായിരുന്നു. പുതിയ നിയമവും വിശുദ്ധരുടെ, പ്രത്യേകമായി കൊച്ചുത്രേസ്യ, അമ്മത്രേസ്യാ എന്നിവരുടെ ജീവചരിത്രങ്ങളും വായിച്ചിട്ടുണ്ട്. കുടുംബാംഗങ്ങൾക്കുവേണ്ടി ചേച്ചി കുഞ്ഞേത്തി നേതൃത്വം നൽകിയ വായനയും വ്യാഖ്യാനവും തന്നെ വളർത്തിയതിനെക്കുറിച്ചു ഡൺസ്റ്റണച്ചൻ വിവരിക്കുന്നു:

“എനിക്കു 7 വയസ്സുള്ളപ്പോൾ ഞങ്ങളെല്ലാവരുംകൂടി വീടിന്റെ ഇറയത്തിരുന്നു നല്ല പുസ്തകങ്ങൾ വായിക്കുന്നതു കേൾക്കുമായിരുന്നു. നവമാലികയാണ് ഞാൻ ഓർമ്മിക്കുന്ന ഒരു പുസ്തകം. മൂത്ത പെങ്ങളാണു

സാധാരണ വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നത്. അമ്മ കേട്ടാനന്ദിച്ചിരുന്നതു ഞാൻ ഇപ്പോഴും ഓർക്കുന്നു. ആ വായനകളിൽ നിന്നു ഞങ്ങളുടെ കുടുംബത്തിനു വളരെ ഉപകാരമുണ്ടായിട്ടുണ്ട്. ഞങ്ങളുടെയൊക്കെ സന്ന്യാസജീവിത പ്രവേശനത്തിനുള്ള ആഗ്രഹം പരിപോഷിക്കപ്പെട്ടത് ആ പുസ്തകപാരായണം വഴിയാണ്.

"വായനയുടെ സമയത്ത് അപ്പന്റെ സാന്നിദ്ധ്യം ഉണ്ടെങ്കിൽ ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ടോ, ഗ്രഹിക്കുന്നുണ്ടോ എന്നറിയുന്നതിനു ചോദ്യങ്ങൾ ചോദിക്കുകയും, ഞങ്ങളുടെ പ്രതികരണത്തെത്തുടർന്ന് ചിലപ്പോൾ നല്ല ഉപദേശങ്ങളും വ്യാഖ്യാനങ്ങളും നൽകുകയും ചെയ്യുമായിരുന്നു. അപ്പന്റെ ബുദ്ധിപൂർവ്വമായ ഉപദേശങ്ങൾ കേൾക്കുന്നതിന് എനിക്ക് വലിയ താൽപര്യമായിരുന്നു.

"വി. കൊച്ചുത്രേസ്യായെക്കുറിച്ചു കേൾക്കുന്നതിനുള്ള അവസരങ്ങൾ എനിക്കു നാലഞ്ചുവയസു മുതൽ സുലഭമായിരുന്നു. കോവേന്ത പള്ളിയിൽ വിശുദ്ധയുടെ സ്തുതിക്കായി വലിയ ആഘോഷങ്ങൾ നടത്തിയിരുന്നു. എന്റെ ആദ്യകുമ്പസാരത്തോട് അടുത്തകാലത്ത് "ചെറുപുഷ്പാനുകരണം" എന്ന ചെറിയ പുസ്തകം അമ്മ എനിക്കു വാങ്ങിത്തന്നു. അതു ഞാൻ ഉടനെ വായിച്ചുതീർത്തു. പല തവണ വായിച്ചു. വീട്ടിൽ പലപ്പോഴും ആ പുണ്യവതിയെക്കുറിച്ചു സംസാരിക്കുന്നതായി കേട്ടിട്ടുണ്ട്. ഈ സാഹചര്യങ്ങൾ വിശുദ്ധനാകുന്നതിനുള്ള ആഗ്രഹം എന്നിൽ ഉളവാകുന്നതിനു വളരെ സഹായിച്ചിട്ടുണ്ട്."

കൊച്ചുത്രേസ്യയുടെ പുണ്യജീവിതം വളരെ മധുരതരമാണെന്നും അവളുടെ ജീവിതം തന്നെ വളരെ ആകർഷിച്ചുവെന്നും വിശുദ്ധനാകുന്നതിനെ സംബന്ധിച്ച് "എനിക്കും ഒരു കൈ നോക്കാം" എന്ന ശക്തമായ പ്രചോദനം ആ ജീവിതത്തിൽനിന്നു ലഭിച്ചുവെന്നും ഡൺസ്റ്റണച്ചൻ സാക്ഷിക്കുന്നു. ചെറുപുഷ്പത്തിന്റെ ആത്മീയത ജീവിതാന്ത്യം വരെ അദ്ദേഹം പിന്തുടർന്നു.

തന്റെ പരിശീലനത്തിനായി ഭരമേൽപിക്കപ്പെട്ട യോഗാർത്ഥികൾക്കു കൊച്ചുത്രേസ്യയുടെ കുറുക്കുവഴി പരിചയപ്പെടുത്തി. "ഒരു നല്ല സന്ന്യാസിയാകുവാൻ വലിയ കാര്യങ്ങളൊന്നും ചെയ്യണമെന്നില്ല. ചെറിയ കാര്യങ്ങൾ വലിയ മനസ്സോടും ആത്മസംതൃപ്തിയോടും കൂടി നിർവ്വഹിക്കണമെന്ന് ഈശോ നമ്മിൽനിന്ന് ആഗ്രഹിക്കുന്നു എന്ന വിശ്വാസത്തോടുകൂടി ഓരോ കൃത്യവും പൂർത്തിയാക്കണം." ഈ ആദർശം സ്വന്തം ജീവിതത്തിലൂടെ അദ്ദേഹം യോഗാർത്ഥികളെ പഠിപ്പിച്ചു.

വായനയിലൂടെ താൻ സ്വന്തമാക്കിയ ആത്മീയപക്വത മറ്റുള്ളവരും നേടണമെന്നു ഡൺസ്റ്റണച്ചൻ ആഗ്രഹിച്ചു. ജ്യേഷ്ഠന്റെ മകൻ

സ്റ്റനിസ്ലാവോസിന് എഴുതിയ കത്തിൽ വായനയിൽ ശ്രദ്ധ ചെലുത്തണമെന്ന് ഉപദേശിക്കുന്നു: “ഈശോയുടെ തിരുഹൃദയത്തിൽ സർവ്വവും സമർപ്പിച്ചുകൊണ്ട് ആകുലചിന്തകൾ കൂടാതെ ജീവിക്കുവാൻ ഓരോ ദിവസവും കൂടുതൽ കൂടുതൽ പഠിക്കുവാൻ ശ്രമിക്കുക. സുവിശേഷം പതിവായി കുറേശ്ശെ വായിക്കുക. മറ്റു നല്ല ആദ്ധ്യാത്മിക ഗ്രന്ഥങ്ങളും വായിക്കുക.”

ജസ്റ്റിന് എഴുതിയ കത്തിലും ഈ ഉപദേശം ആവർത്തിക്കുന്നു: “പരീക്ഷയിൽ ജയിക്കാൻമാത്രം വായിച്ചാൽ പോരാ. ഒരു നല്ല കത്തോലിക്കനായി ജീവിക്കാൻവേണ്ട അറിവു ലഭിക്കാൻ നല്ല പുസ്തകങ്ങൾ വായിക്കണം.”

പരിശീലകനെന്ന നിലയിൽ അർത്ഥികളുടെ വളർച്ചയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ കണ്ടെത്തുകയും വായിക്കുന്നതിനായി അവർക്കു പ്രേരണ നൽകുകയും ചെയ്തു. അർത്ഥികളുടെ ഉപയോഗത്തിനുള്ള ഗ്രന്ഥശാലയിൽ അവർക്കു പ്രയോജനകരമായ പുസ്തകങ്ങൾ മാത്രം ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനും തികഞ്ഞ ശ്രദ്ധ പുലർത്തി. ഡൺസ്റ്റണച്ചൻ മുത്തോലിയിൽ തത്വശാസ്ത്ര വിദ്യാർത്ഥിയായിരിക്കെ ഗുരുവായിരുന്നത് ബെഞ്ചമിൻ കോട്ടൂരാനച്ചനായിരുന്നു. ജോലി ഏറ്റെടുത്ത ഉടനെ ഗുരുവച്ചൻ ആദ്യമായി ഗ്രന്ഥാലയത്തിൽനിന്ന് അർത്ഥികൾക്ക് ഉപകരിക്കാത്ത പുസ്തകങ്ങൾ നീക്കം ചെയ്തും പുതിയ പുസ്തകങ്ങൾ ഉൾപ്പെടുത്തിയും പുസ്തകശേഖരം ക്രമീകരിച്ചു. ശിഷ്യനായ ഡൺസ്റ്റൺ ശെമ്മാശൻ ഗുരുവച്ചന്റെ മാതൃക ഹൃദിസ്ഥമാക്കി പ്രവൃത്തിപഥത്തിൽ പൂർത്തിയാക്കി.

ചെറുപ്പം മുതൽ വിശുദ്ധരുടെ ജീവചരിത്രം ഡൺസ്റ്റണച്ചന്റെ സ്വഭാവരൂപവത്കരണത്തെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. മറ്റുള്ളവരും വിശുദ്ധ ജീവിതങ്ങൾ മൂലം സ്വാധീനിക്കപ്പെടുമെന്നും സ്വാധീനിക്കപ്പെടണമെന്നും ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തു. എഴുതാൻ കഴിവുള്ളവരെ കാണുമ്പോൾ “കുറച്ച് വിശുദ്ധന്മാരുടെ പുസ്തകങ്ങൾ എഴുതിയാൽ ഉപകാരപ്പെടും” എന്ന് പറയുമായിരുന്നു.

## കുഞ്ഞേത്തിയുടെ പാഠശാലയിൽ

ഇട്ടൂപ്പുണ്ണിക്കു കുഞ്ഞേത്തി ഒരു മൂത്ത കുടുംബാംഗം മാത്രമായിരുന്നില്ല. ആദ്ധ്യാത്മിക ജീവിതത്തിൽ നിരന്തരം പ്രചോദനം പകരുന്ന ഗുരുനാഥയായിരുന്നു. കുഞ്ഞേത്തിയുടെ ആദ്ധ്യാത്മിക പാഠശാലയിലാണ് ഇട്ടൂപ്പുണ്ണി വിശുദ്ധിയുടെ ബാലപാഠങ്ങൾ സ്വായത്തമാക്കിയത്. അതേക്കുറിച്ച് ഡൺസ്റ്റണച്ചൻ രേഖപ്പെടുത്തുന്നു:

“പെങ്ങൾ വിശുദ്ധന്മാരെക്കുറിച്ച് അവസോരോചിതമായി സംസാരിക്കുമായിരുന്നു. വിശുദ്ധരുടെ ഉദ്ധരണികളും ജീവിതസംഭവങ്ങളും സാധാരണ സംഭാഷണങ്ങളിൽ ഏറെ മനോഹരമായി ഇണങ്ങിചേർന്നിരുന്നു. പെങ്ങളോടൊപ്പമുള്ള നിമിഷങ്ങളിൽ ഞാൻ വളരെ ഉന്മേഷഭരിതനായിരുന്നു. ഭക്തിപരമായ കാര്യങ്ങൾ സാധാരണ സംഭാഷണങ്ങളിൽ ഇത്രയും സ്വാഭാവികമായ രീതിയിൽ ഇഴചേർത്തു കേൾവിക്കാരെ സന്തോഷിപ്പിക്കുന്നതിനും സൽകൃത്യങ്ങൾക്കായി പ്രേരിപ്പിക്കുന്നതിനും കഴിവുള്ളവരെ അധികം കണ്ടിട്ടില്ല. ഒരു ആഗമന കാലത്ത്, എന്നും വിശുദ്ധ കുർബാന സ്വീകരിക്കുവാൻ പാടില്ലെന്നു പറഞ്ഞതൊഴിച്ചാൽ പെങ്ങൾ ഒരിക്കലും ഉപദേശിച്ചതായി ഓർക്കുന്നില്ല. കണ്ടശാങ്കടവ് മഠം വക സ്കൂളിൽ ബോർഡറായി പഠിച്ചുകൊണ്ടിരിക്കുമ്പോൾ പെങ്ങൾ എഴുതിയ കത്ത് ഞാൻ ഓർക്കുന്നുണ്ട്. അതിൽ ഇരുപത്തഞ്ചു നോമ്പിൽ എല്ലാദിവസവും 40 നന്മനിറഞ്ഞ മറിയം ചൊല്ലി ഉണ്ണിയീശോയ്ക്കു കാഴ്ചവെക്കുന്ന ഭക്തകൃത്യത്തെക്കുറിച്ച് ഓർപ്പിച്ചിരുന്നു.

“എനിക്കു പതിനാലു വയസ്സു തികയുന്നതുവരെയുള്ള കാലഘട്ടത്തിൽ മറ്റു കുടുംബാംഗങ്ങൾ പരസ്പരം ഉണ്ടായിരുന്നതിനേക്കാൾ അടുപ്പം ഞങ്ങൾ തമ്മിലുണ്ടായിരുന്നു. ദൈവപരിപാലനയിൽ ഞങ്ങൾക്കു തനിച്ചാകുന്നതിന് അവസരങ്ങൾ ധാരാളമുണ്ടായി. ആ കാലയളവിൽ ഞാൻ ചെയ്തിട്ടുള്ള സൽപ്രവൃത്തികൾ അധികവും പെങ്ങളെ അനുകരിച്ചും പെങ്ങളുമായുള്ള സംഭാഷണത്തിന്റെ ഫലങ്ങളുമായിരുന്നു. പെങ്ങളുമായി സംഭാഷിച്ചു കഴിയുമ്പോൾ നല്ല ആഗ്രഹങ്ങളും പ്രതിജ്ഞകളും എന്നിൽ താനെയുണ്ടാകും. ആ സംഭാഷണത്തിന് അത്രക്കു വശീകരണ ശക്തിയുണ്ടായിരുന്നു.

“എന്റെ അഞ്ചാം വയസ്സു മുതൽ പെങ്ങളെ ഞാൻ അനുകരിപ്പാൻ തുടങ്ങി. ചോറുണ്ണുമ്പോൾ അന്നുവരെ ഉപ്പ് ഉപയോഗിച്ചിരുന്ന ഞാൻ പെങ്ങൾ ചെയ്യുന്നതുപോലെ ഉപ്പ് ഉപേക്ഷിച്ചു തുടങ്ങി. പെങ്ങളെ അനുകരിച്ച് ഞാൻ പല ആശയടക്കങ്ങളും ചെയ്തിരുന്നു.

“നിത്യം പള്ളിയിൽ പോകുന്നതിനും പെങ്ങൾ തന്നെയായിരുന്നു ഞങ്ങൾക്കെല്ലാവർക്കും പ്രേരണ. പള്ളിയിലേക്കുള്ള വഴി അന്നു വളരെ മോശമായിരുന്നു. വർഷകാലത്ത് തോട്ടിൽ പലയിടങ്ങളിലും മുട്ടോളം വെള്ളം കാണും. കാലിൽ സുഖക്കേടുണ്ടായിരുന്ന പെങ്ങൾ കാലവ്യത്യാസങ്ങൾ കണക്കിലെടുക്കാതെ, ശരീരിക ക്ഷീണം വകവെക്കാതെ വളരെ ബുദ്ധിമുട്ടി എല്ലാവർക്കും മുമ്പേ പള്ളിയിലേക്ക് ഇറങ്ങിപ്പോകു

ന്നതു കാണുമ്പോൾ ഞങ്ങൾ എങ്ങനെയാണു മടിച്ചിരിക്കുക. എങ്കിലും സുഖമുള്ള ഞങ്ങൾ കാലാവസ്ഥയുടെയും വഴിയുടെയും പ്രാതികൂല്യങ്ങൾ ഓർത്തു മടിച്ചിട്ടുള്ള അനേകം അവസരങ്ങളിൽ പെങ്ങൾ കുർബാന കണ്ടു തിരിച്ചുവന്നിട്ടുണ്ട്. പെങ്ങൾ വീട്ടിൽ നിന്നിറങ്ങി കുറെ കഴിഞ്ഞായിരിക്കും ഞാൻ പുറപ്പെടുക. പലപ്പോഴും വഴിയിൽ ക്ഷീണിതയായി ആശ്വസിക്കുന്ന പെങ്ങളെ കണ്ടു വിഷമം തോന്നിയിട്ടുണ്ട്. എന്നാൽ വഴിയിൽ ഏകാകിനിയായി പെങ്ങൾ പുഞ്ചിരി തൂകി നിൽക്കുന്ന കാഴ്ച വളരെ ആസ്വാദ്യകരമായിരുന്നു. അനേകം പ്രാവശ്യം എനിക്കാ കാഴ്ച്ചയ്ക്കു ഭാഗ്യമുണ്ടായി. ആ പുഞ്ചിരിക്കു കാരണം അനുജനായ എന്നെ കണ്ടുമുട്ടിയതായിരുന്നില്ല. പെങ്ങളുടെ പുണ്യജീവിതത്തിൽ വളരെ മതിപ്പുണ്ടായിരുന്നതുകൊണ്ട് ആ പുഞ്ചിരിക്ക് ആദ്ധ്യാത്മികമായ ഒരർത്ഥമാണു ഞാൻ കൊടുത്തിരുന്നത്.''

1938 ജൂലൈ 26-ന് ഇട്ടൂപ്പുണ്ണിയുടെ "പുണ്യവതിയായ കുഞ്ഞേത്തി പെങ്ങൾ'' പരലോകപ്രാപ്തയായി. തന്റെ ചേച്ചി പുണ്യവതിയാണെന്ന് ഇട്ടൂപ്പുണ്ണി വിശ്വസിച്ചു. പല വിശുദ്ധരുടെയും ശരീരം അഴുകാതെയിരിക്കുന്നതായി അവൻ കേട്ടിട്ടുണ്ട്. ചേച്ചിയുടെ ശരീരവും അഴുകില്ലെന്ന് ഇട്ടൂപ്പുണ്ണി കരുതി.

ഓർമ്മകൾക്കു തെളിച്ചം നഷ്ടപ്പെട്ടു പഴയതെല്ലാം വിസ്മൃതിയിൽ ആണ്ടുപോകുന്നതിനിടയിലും ഇട്ടൂപ്പുണ്ണി കുഞ്ഞേത്തിയെ ഓർത്തു. "എനിക്കു പെങ്ങളെ കാണണം. നല്ല പെങ്ങളായിരുന്നു. ഞാൻ തെറ്റു ചെയ്യുമ്പോൾ തിരുത്തിയിരുന്നു. എനിക്ക് ഒരുപാട് കഥ പറഞ്ഞു തന്നിരുന്നു. എനിക്ക് ഇപ്പോൾ പെങ്ങളെ കാണാൻ പറ്റുന്നില്ല.'' ചേച്ചിയെക്കുറിച്ചുള്ള ഓർമ്മകളിൽ ഡൺസ്റ്റണച്ചൻ പഴയ ഇട്ടൂപ്പുണ്ണിയായി. അവൻ കരയുകയും ചിരിക്കുകയും പുഞ്ചിരിക്കുകയും ചെയ്തു.

## സ്വരാജ്യസ്നേഹം സകലഭാഗ്യങ്ങളുടെ ആരംഭം

ചെറുപ്പം മുതലേ മോക്ഷത്തിൽ പോകണമെന്ന ആഗ്രഹം ഇട്ടൂപ്പുണ്ണി മനസ്സിൽ കരുതിയിരുന്നു. "മോക്ഷത്തിൽ പോയാൽ എല്ലാ ഭാഗ്യങ്ങളും എനിക്ക് അനുഭവപ്പെടും. അതിൽ കൂടുതൽ എനിക്ക് എന്തു വേണം? ഞാൻ അതിൽ തൃപ്തനായിരുന്നു.'' ഇതായിരുന്നു ഇട്ടൂപ്പുണ്ണിയുടെ മനോഗതം. "പുണ്യവാനാകാനായി എന്നെ ആരും, പെങ്ങൾ പോലും ഒരിക്കലും ഉപദേശിച്ചിട്ടില്ല.'' എന്ന് ഇട്ടൂപ്പുണ്ണി സാക്ഷിക്കുന്നു. എന്നാൽ കുടുംബസാഹചര്യങ്ങളും കുഞ്ഞേത്തിയുടെ മാർഗ്ഗദർശനവും ആന്തരികമായ പ്രേരണകൾ വിശുദ്ധിയിലേക്കു ചാലുതിരിഞ്ഞ് ഒഴുകുന്നതിനിടയാക്കി; വ്യക്തിത്വത്തിന്റെ സകല ചോദനകളും വിശുദ്ധനാകണമെന്ന

ഏകാഗ്രതയിൽ സമ്മേളിതമായി. എന്നാൽ വിശുദ്ധിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രേരകഘടകങ്ങളും പൂർണ്ണമായും ഇട്ടൂപ്പുണ്ണിയിൽ ശുദ്ധീകരിക്കപ്പെട്ടിരുന്നില്ല. അനുഭവവളർച്ചയുടെ പരിശീലനവഴിയിൽ ദൈവനിയോഗത്തിന്റെ പൂർണ്ണത പുൽകുവാൻ പല കാതങ്ങൾ പടിപടി യായി അവൻ മുന്നേറി. പരിപൂർണ്ണത ലക്ഷ്യമാക്കിയുള്ള യാത്രയിൽ കടന്നുവന്ന വഴികളിലേയ്ക്കു ഡൺസ്റ്റണച്ചൻ തിരിഞ്ഞുനോക്കുന്നു:

"പുണ്യവാനാകുക എന്നു വെച്ചാൽ പാപം ചെയ്യാതെ പുണ്യം ചെയ്യുക, വളരെയധികം പുണ്യം ചെയ്യുക എന്നതിൽ കവിഞ്ഞ് എനിക്കു യാതൊന്നും അറിഞ്ഞുകൂടായിരുന്നു. ദൈവസ്നേഹത്തിൽ എന്റെ ശ്രദ്ധ പതിഞ്ഞിരുന്നില്ല. ദൈവഭയമാണ് എന്നെ കൂടുതൽ നയിച്ചിരുന്നത്. നല്ലവനാകാനുള്ള ആഗ്രഹം, മറ്റുള്ളവരുടെ നല്ല സാക്ഷ്യം എന്നിവയും എന്നെ പുണ്യാഭ്യസനത്തിനു പ്രേരിപ്പിച്ചിരുന്നു.

"പുണ്യവാനാകുന്നതിന് ആഗ്രഹിക്കുന്നതു നിഗളമായേ മറ്റുള്ളവർ കരുതുകയുള്ളു എന്നു ഞാൻ വിചാരിച്ചിരുന്നു. അതു അനുവദനീയമായ ഒന്നായി തോന്നിയില്ല. അനുവാദമില്ലാത്തതു രഹസ്യമായി സമ്പാദി ക്കാൻ ശ്രമിക്കുന്നവനെ പോലെയായിരുന്നു എന്റെ സ്ഥിതി.

"ഒരു ദിവസം പെങ്ങൾ കിണറ്റിൽ നിന്നു വെള്ളം കോരികൊണ്ടിരിക്കു മ്പോൾ ഞാനും അവിടെ ചെന്നുനിന്നു സംസാരിക്കാൻ തുടങ്ങി. സംഭാഷ ണത്തിനിടയിൽ, 'പുണ്യവാനാകാൻ ആഗ്രഹിക്കാമോ?' എന്നു ഞാൻ ചോദിച്ചു. അതിൽ തെറ്റൊന്നും ഇല്ലെന്നും നല്ലതാണെന്നും കൊച്ചു ത്രേസ്യ പുണ്യവതി അങ്ങനെ ആഗ്രഹിച്ചിരുന്നെന്നും മറുപടി പറഞ്ഞു. അന്നുമുതൽ ധൈര്യത്തോടും നല്ല മനഃസാക്ഷിയോടുംകൂടി അതിനായി ആഗ്രഹിക്കാനും പ്രാർത്ഥിക്കാനും തുടങ്ങി. അതോടെ പുണ്യവാനാ കാനുള്ള ആഗ്രഹം ദൈവവുമായി ബന്ധപ്പെടുന്ന ഒന്നായി മാറി.

"പുണ്യവാന്മാരെക്കുറിച്ചു ധാരാളം പറഞ്ഞിരുന്ന പെങ്ങൾ ആദ്യകുമ്പ സാരത്തോട് അടുത്ത കാലത്ത് (ആറര വയസ്) ഒരു ദിവസം 'നമ്മുടെ നാട്ടിൽ ഇതുവരേയും പുണ്യവാന്മാരുണ്ടായിട്ടില്ല' എന്നു പറയാനിട യായി. വളരെ വിഷമത്തോടെയാണ് ആ പ്രസ്താവന ഞാൻ ശ്രവിച്ചത്. അന്യനാട്ടുകാർക്കു കൈവന്ന ഭാഗ്യം നമുക്കില്ലല്ലോ എന്നോർത്തു ഞാൻ വളരെ ദുഃഖിതനായി. പുണ്യവാനാകാൻ ആഗ്രഹിക്കുന്നതു നിഗള മാണെന്ന ചിന്ത അന്നു വിട്ടകന്നിരുന്നില്ല. എങ്കിലും സ്വരാജ്യസ്നേഹ ത്തിന്റെ തള്ളൽകൊണ്ട് ഒരു വിശുദ്ധനാകുന്നതിനു ഞാൻ ആഗ്രഹിച്ചു. അന്നാൾ മുതൽ ഇന്ത്യക്ക് ഒരു പുണ്യവാനുണ്ടാകുന്നതിനു വിശുദ്ധ നാകുക എന്നതായിത്തീർന്നു എന്റെ ലക്ഷ്യം. എന്നാൽ ഇക്കാര്യം പുറത്തു പറയാൻ ധൈര്യപ്പെട്ടില്ല.

"പുണ്യവാനാകുക എന്ന ആഗ്രഹത്തിൽ ലോകത്തിന്റെ സ്തുതി ബഹുമാനങ്ങൾക്കു വേണ്ടിയുള്ള ആഗ്രഹങ്ങളും ആശയങ്ങളും കലർന്നിരുന്നു. കൊവേന്ത പള്ളിയിൽ മുട്ടുകുത്തി നിൽക്കുമ്പോൾ അവിടെയുള്ള ചെറിയ അൾത്താരകൾ കാണുമ്പോൾ ഒരു ദിവസം ഞാനും (എന്റെ രൂപവും) അതുപോലെയുള്ള ഒന്നിൽ പ്രതിഷ്ഠിക്കപ്പെടുമെന്നും പാവറട്ടിയുടെ നില ഞാൻ മൂലം ഉയരുമെന്നുമുള്ള വിചാരങ്ങൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിരുന്നു. ഇന്ത്യയിലെ ആദ്യത്തെ പുണ്യവാളനാകണം. എന്റെ മൃതശരീരം പാവറട്ടിയിൽ അടക്കപ്പെടണം.

"1937-ലാണ് നമ്മുടെ ചാവറയച്ചനെക്കുറിച്ചും അദ്ദേഹത്തെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനുള്ള പ്രാർത്ഥനയെക്കുറിച്ചും ഞാൻ അറിഞ്ഞത്. അദ്ദേഹത്തിന്റെ നാമകരണനടപടി തൃപ്തികരമായ വിധം പുരോഗമിക്കുന്നു എന്നറിഞ്ഞപ്പോൾ വലിയ സന്തോഷമുണ്ടായി. തീക്ഷ്ണമായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. എങ്കിലും ഞാൻ ഇന്ത്യയിലെ ആദ്യ വിശുദ്ധനാകുമെന്ന പ്രതീക്ഷ നിമിത്തം അദ്ദേഹത്തിന്റെ കാര്യം ഉടനെ പുരോഗമിക്കുകയില്ലെന്ന് എനിക്കു തോന്നി. ആ തോന്നൽ ശക്തമായി. 1938-ൽ അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുന്നതിൽ എനിക്കു വലിയ ശരണമില്ലാതായി. അപ്പോൾതന്നെ എന്നെ ജയിക്കാൻവേണ്ടി എന്റെ ചിന്താഗതിയെ അന്നത്തെ എന്റെ ആത്മപിതാവിനെ അറിയിച്ചു. അങ്ങനെ ആ ചിന്താഗതികളെ ജയിച്ച് അദ്ദേഹത്തിനുവേണ്ടി പൂർവ്വാധികം തീക്ഷ്ണതയോടെ പ്രാർത്ഥിക്കുവാൻ തുടങ്ങി.

"നാലഞ്ചു കൊല്ലം കഴിഞ്ഞപ്പോൾ ചാവറയച്ചന്റെ നാമകരണനടപടിക്കു പ്രസിദ്ധി കുറഞ്ഞു. എല്ലാവരും അക്കാര്യം ഉപേക്ഷിച്ചതുപോലെ തോന്നി. എന്റെ പഴയ ധാരണകൾ വീണ്ടും ശക്തമായി. ഞാൻ ഇനിയും വിശുദ്ധനായില്ല എന്ന ചിന്ത എന്നെ ദുഃഖപൂരിതനാക്കി. ദൈവപരിപാലനയുടെ തീരുമാനം ആരാഞ്ഞു. ഒരു പക്ഷെ ഞാൻ കാരണം ഇന്ത്യക്ക് ആ മഹാഭാഗ്യം തടയപ്പെട്ടിരിക്കാം.

"1945ൽ അൽഫോൻസാ സഹോദരിയുടെ കാര്യം കേൾക്കാനിടയായി. അവളുടെ ചരിത്രം ഞാൻ വായിച്ചു. ഇന്ത്യക്ക് ഒരു വിശുദ്ധയെ ലഭിക്കുമെന്ന പ്രതീക്ഷയിൽ എല്ലാവരും ഉണരുന്നതു കണ്ടു. ഞാനും അതിയായി സന്തോഷിച്ചു. എങ്കിലും ഞാൻ വിചാരിച്ചു 'ഈ ബഹളമെല്ലാം കുറച്ചുകഴിയുമ്പോൾ നിൽക്കും. അവളെ വിശുദ്ധയെന്ന് നാമകരണം ചെയ്യുന്നതിനായി ഞാൻ വിശുദ്ധനാകുന്നതുവരെ കർത്താവു കാത്തുനിന്നേക്കും.' ഈ വ്യർത്ഥചിന്തകളുടെ ഫലമായി ഞാൻ വേഗം മരിക്കുമെന്ന വിചാരം എന്നിൽ ഉരുവായി.

“ഇന്ത്യക്ക് അവളുടെ ഒരു വിശുദ്ധൻ ഈ ആധുനികകാലത്ത് ഉണ്ടാകണമെന്നു ഞാൻ അതിയായി ആഗ്രഹിക്കുന്നു. ഇന്ത്യയുടെ മാനസാന്തരം അതിനെ ആശ്രയിച്ചിരിക്കുന്നു എന്നു ഞാൻ കരുതി. 1947-ൽ തിരുപ്പട്ടത്തിന്റെ തലേനാൾ രാത്രി എഴുതിയ കുർബാന നിയോഗങ്ങളിൽ മൂന്നാമത്തേത്, ‘ഇന്ത്യാക്കാരായ പുണ്യപ്പെട്ടവർ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കപ്പെടുന്നതിനുവേണ്ടി’ എന്നാണ്. ഇപ്പോൾ, 1953-ൽ അൽഫോൻസായുടെ കാര്യം വളരെ ശക്തിയായി പുരോഗമിക്കുന്നുണ്ട്. എങ്കിലും എന്റെ ആ പഴയ വിചാരം മുഴുവൻ മാറുന്നില്ല. ഞാൻ ചെല്ലാതെ അവരുടെ കാര്യം നിറവേറുമെന്നു തോന്നുന്നില്ല. ഇന്ത്യക്ക് ഒരു വിശുദ്ധനെ ലഭിക്കുന്നതിനുവേണ്ടി ഇത്രയും കൊല്ലങ്ങൾ ജീവിതമർപ്പിച്ചുകൊണ്ട് പരിശ്രമിച്ചിട്ടുള്ളവർ ഉണ്ടാകുമെന്നു തോന്നുന്നില്ല. മാതൃഭൂമിയുടെ ഉന്നമനത്തിനായി പരിശ്രമിച്ചിട്ടുള്ളവരിൽ അഗ്രഗണ്യനാകുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം അതു ദൈവതിരുമനസ്സു തന്നെയാണെന്നു വിശ്വാസം.

“മഹാത്മഗാന്ധിയെക്കുറിച്ചു കേൾക്കുന്നതിനുമുമ്പേ ഞാൻ മാതൃഭൂമിയോടുള്ള സ്നേഹത്താൽ എരിഞ്ഞു. ചരിത്രം പഠിക്കുമ്പോൾ എന്റെ കണ്ണുകൾ നിറയുകയും രക്തം തിളക്കുകയും ചെയ്യുക പതിവായിരുന്നു. എനിക്കു 10 വയസ്സുള്ളപ്പോൾ ഗാന്ധിയുടെയും കോൺഗ്രസിന്റെയും സ്വാതന്ത്ര്യസമരം എന്നെ ആകർഷിച്ചു. അവരുടെ വിജയം എന്റെ വിജയമായി ഞാൻ കരുതി. ഗാന്ധിജിയുടെ മരണവാർത്ത അറിഞ്ഞ ആഴ്ചയിൽ നാലുപ്രാവശ്യം ഞാൻ കണ്ണുനീർ വിഴ്ത്തിയിട്ടുണ്ട്. അദ്ദേഹവും കൂട്ടുകാരും ലൗകികമായി മാതൃഭൂമിക്കുവേണ്ടി ചെയ്തതിൽ കൂടുതൽ ആത്മീയമായി ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവരെക്കാൾ കൂടുതലായി ദൈവത്തിൽ എന്റെ മാതൃഭൂമിയെ ഞാൻ സ്നേഹിക്കുന്നുവെന്നു ലോകത്തെ കാണിച്ചല്ലാതെ എനിക്കു തൃപ്തി വരില്ല. വിശ്വാസത്തിന്റെ മഹത്വവും കഴിവുകളും ലോകം തിരിച്ചറിയണം. ഏഴു വയസ്സു മുതൽ മരണംവരെ മാതൃഭൂമിക്കുവേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കാൻ, ജീവിതമർപ്പിക്കാൻ പ്രേരണ നൽകുന്നതിനു കത്തോലിക്ക വിശ്വാസത്തിനു കഴിവുണ്ടെന്നു ലോകം അറിയട്ടെ. ദൈവം തന്റെ മഹത്വം ഇന്ത്യയിൽ വെളിപ്പെടുത്തുന്നതിനായി ഇടവരട്ടെ. എന്റെ ദൈവമേ, എന്റെ ദിവാസ്വപ്നങ്ങളുടെ പൂർത്തികരണത്തിനായല്ല (അവ എന്റെ ബാല്യകാലത്തെ ബാലിശമായ ആഗ്രഹങ്ങൾ മാത്രമായിരുന്നു) നിന്റെ മനസ്സു നിറവേറുന്നതിനായി നിന്നിൽ ഞാൻ സർവ്വരാജ്യങ്ങളേയും ആശ്ലേഷിക്കുന്നു.

“നിന്റെ പരിപാലനയിൽ ഒരു ഇന്ത്യക്കാരനായി ജനിച്ച ഞാൻ എന്റെ നാടിനെ പ്രത്യേകവിധം സ്നേഹിക്കണമല്ലോ. ഇന്ത്യയെ ഞാൻ സ്നേഹിച്ചതുകൊണ്ടാണ് നിന്റെ നേരെയുള്ള സ്നേഹത്തിൽ ഞാൻ പുരോഗമിക്കുവാൻ തുടങ്ങിയത്. ഇന്നിപ്പോൾ ഇന്ത്യയെ സ്നേഹിക്കുന്നതു നിന്നെ സ്നേഹിക്കുന്നതുകൊണ്ടു മാത്രമാണ്, നിന്നിൽ മാത്രമാണ്. നിന്റെ ഇഷ്ടം എന്നിൽ വേഗം പൂർത്തിയാക്കണമെ. നിന്റെ ദാനങ്ങൾ എന്നിൽ വ്യർത്ഥമാകാതിരിക്കട്ടെ. നീ എന്നിൽ ആരംഭിച്ചതു പൂർത്തിയാക്കണമെ. എന്തു ചെയ്യണമെന്ന് എനിക്കറിഞ്ഞുകൂടാ. നിന്റെ വരവിനെ പ്രതീക്ഷിച്ചുനിൽക്കുന്നു. സർവ്വശക്തനായ നിന്നിൽ ഞാൻ ശരണം പ്രാപിച്ചിരിക്കുന്നു. ഇന്നുവരെ എന്നിലെ പ്രത്യാശയെ സംരക്ഷിച്ച എന്റെ കർത്താവേ, മരണംവരെ അതെന്നിൽ നിലനിറുത്തണമെ. നിന്നിലൂള്ള പ്രത്യാശയല്ലാതെ എന്നിൽ ഒന്നുമില്ല. അതിൽ എനിക്ക് എല്ലാമുണ്ട്. അതോടെ ഞാൻ മരിച്ചാൽ സമ്പന്നനായി നിത്യതയിൽ പ്രവേശിക്കും. അങ്ങ് മുഴുവൻ എന്റേതായിത്തീരും. ഇന്ത്യയിലെ ലക്ഷോപലക്ഷങ്ങൾക്കു ഞാൻ അങ്ങയെ കാണിച്ചുകൊടുക്കും. നിന്നിൽ ആശ്രയിക്കുന്നവർ ലജ്ജിക്കുകയില്ല എന്നതു വാസ്തവമെങ്കിൽ ഇവയൊന്നും ബാലിശചിന്തകളല്ല.

“സ്വരാജ്യാഭിമാനമാണ് വിശുദ്ധനാകുന്നതിന് എനിക്കു പ്രേരണ നൽകിയത്. അത് നിഗളത്തോടു വളരെ അടുത്തതാണല്ലോ. അതെന്നെ ദൈവത്തോടു കൂടുതൽ അടുപ്പിച്ചു. പ്രായം ചെല്ലുന്തോറും ഞാൻ അതിനെ വിശുദ്ധീകരിച്ചു വരികയാണ്. അതിനെ ഞാൻ വളരെ കാര്യമായി മതിക്കുന്നു. തനി ദൈവസ്നേഹത്തിൽ പ്രേരിതനായി വിശുദ്ധനാകാൻ പരിശ്രമിക്കുകയെന്നത് ആരംഭത്തിൽ അത്ര എളുപ്പമുള്ള സംഗതിയായിരുന്നില്ല. ഈ യാഥാർത്ഥ്യം ഗ്രഹിക്കാൻ വളരെ വർഷങ്ങൾ വേണ്ടിവന്നു. സ്വരാജ്യസ്നേഹമെന്ന ശക്തമായ പ്രേരണ ഇല്ലായിരുന്നുവെങ്കിൽ എന്റെ ജീവിതം തികച്ചും വ്യത്യസ്തമായ പാതയിലൂടെ ചെല്ലുമായിരുന്നു. എനിക്കുവേണ്ടിത്തന്നെ ഒരു പുണ്യവാനാകുവാൻ യാതൊരു ന്യായവും ഞാൻ കണ്ടിരുന്നില്ല. ഈ സ്വരാജ്യസ്നേഹം എന്റെ ജീവിതത്തിന് ഉന്നതമായ കാഴ്ച്ചപ്പാടു നൽകി, ‘ഞാൻ ജനിച്ചില്ലായിരുന്നെങ്കിൽ’ എന്ന നിരാശാജനകമായ വിഷാദഭാവത്തിൽ നിന്നു ജീവിക്കണമെന്ന ആഗ്രഹം ഉളവാക്കി. എന്നെ ഉന്മേഷഭരിതനാക്കി. സ്വരാജ്യസ്നേഹമാണ് എന്റെ സകലഭാഗ്യങ്ങളുടെയും ആരംഭം.”

03

# വിശുദ്ധപദത്തിലേക്കു സന്ന്യാസവഴി

കുടുംബത്തിലെ ആദ്ധ്യാത്മികാന്തരീക്ഷം ഇട്ടൂപ്പുണ്ണിയിൽ ദിവ്യവും ദൃഢവുമായ ബോദ്ധ്യങ്ങൾ നിറച്ചു. മാതാപിതാക്കളുടെ ചിട്ടയായ പരിശീലനം വിശുദ്ധി മുളയെടുത്തു വളരുന്നതിന് അനുകൂലമായ വ്യക്തിത്വഭാവങ്ങൾ രൂപപ്പെടുത്തി. കുടുംബത്തിൽ പതിവായി നടന്നിരുന്ന ജ്ഞാനവായന സുകൃതങ്ങൾ വേരുറച്ചുവളരുന്നതിനും ദൈവവിളിയിൽ പുരോഗമിക്കുന്നതിനും സഹായകമായി. സർവ്വോപരി പുണ്യചരിതയായ മൂത്ത പെങ്ങൾ കുഞ്ഞേത്തിയുടെ മധുരഭാഷണവും മാതൃകയും വിശുദ്ധിയുടെ സോപാനത്തിലേക്കു വഴിതെളിച്ചു. വിശുദ്ധിയുടെ പൂർണ്ണതയിലേക്കുള്ള തന്റെ യാത്രാപഥം സന്ന്യാസത്തിന്റെ സമർപ്പണവഴിയാണെന്ന് ഇട്ടൂപ്പുണ്ണി തിരിച്ചറിഞ്ഞു. കുടുംബസാഹചര്യവും വ്യക്തികളും അനുദിനസംഭവങ്ങളും അനുഭവങ്ങളും ആ തിരിച്ചറിവിനെ നിരന്തരം തൊട്ടുണർത്തി. ആഴമായ അവബോധമായും ദൃഢമായ ബോദ്ധ്യമായും വ്യക്തിത്വത്തെ പരിപൂരിതമാക്കിക്കൊണ്ട് അതു വളർന്നു. ദൈവവിളിയുടെ പക്വതയിലേക്കുള്ള യാത്രയിൽ ഇട്ടൂപ്പുണ്ണി കടന്നുവന്ന വഴിയിലേക്കു ഡൺസ്റ്റണച്ചൻ തിരിഞ്ഞു നോക്കുന്നു.

## പെങ്ങളെപ്പോലെ ആകാൻ

ഇട്ടൂപ്പുണ്ണിക്ക് ഏകദേശം അഞ്ചുവയസ്സുള്ളപ്പോൾ നടന്ന സംഭവത്തോടെ ആരംഭിക്കാം.

"പെങ്ങളും (കുഞ്ഞേത്തി), വലിയമ്മയുടെ മകൾ (പെങ്ങളുടെ പ്രായമുള്ള) മറിയകുട്ടി പെങ്ങളുംകൂടി മാണിയച്ചന്റെ വീട്ടിൽ പ്രധാന

ഇറയത്തിരുന്നു നടത്തിയ സംഭാഷണവും തീരുമാനങ്ങളും ഞാൻ ശ്രദ്ധിക്കാനിടയായി. സംഭാഷണം അതേപടി കൃത്യമായി ഓർക്കുന്നി ല്ലെങ്കിലും സന്ന്യാസത്തെക്കുറിച്ചായിരുന്നു തീരുമാനം. അവർ ഇരു വരും ഉടനെ മഠത്തിൽ ചേരാൻപോകുന്നു എന്നാണു മനസ്സിലായത്. ഇളയമ്മമാർ രണ്ടുപേർ മഠത്തിൽ പോകുകയും വരികയും ചെയ്തിരു ന്നതുകൊണ്ടും മറ്റൊരു ഇളയമ്മ കന്യാസ്ത്രീയായിരുന്നതുകൊണ്ടും മഠം, കന്യാസ്ത്രീ എന്നീ വാക്കുകൾ എനിക്കന്ന് മനസ്സിലാകുമായി രുന്നു. എന്നാൽ സന്ന്യാസജീവിതത്തെക്കുറിച്ച് ഒന്നും അറിയില്ലായി രുന്നു. എങ്കിലും അവരുടെ സംഭാഷണം എന്നെ ഏറെ ആകർഷിച്ചു. അവർ ആഗ്രഹിക്കുന്നത് എനിക്കും പ്രാപിക്കണം എന്ന ഒരാഗ്രഹം എന്നിൽ അന്നുളവായി. തികച്ചും അവ്യക്തമായതെങ്കിലും, എന്റെ ഓർമ്മയിൽ ഏറ്റവും ആദ്യത്തെ ദിവ്യാഹ്വാനമാണത്. എന്റെ ആ പെ ങ്ങമ്മാരെ പോലെയാകണമെന്നെ അപ്പോൾ ഞാൻ ആഗ്രഹിച്ചുള്ളു.

"അധികം താമസിയാതെ അവർ രണ്ടുപേരും കണ്ടശാങ്കടവു മഠത്തിൽ പോയി പഠിക്കുവാൻ തുടങ്ങി. പെങ്ങൾ മഠത്തിൽനിന്നു തിരിച്ചുവന്നപ്പോൾ ആദ്ധ്യാത്മികകാര്യങ്ങളെക്കുറിച്ചും സന്ന്യാസ ജീവിതത്തെക്കുറിച്ചും ധാരാളം സംസാരിക്കുമായിരുന്നു. ആ കാലം മുതൽ പെങ്ങളെ ഞാൻ അനുകരിക്കാൻ തുടങ്ങി."

## സന്ന്യാസം തന്റെ സ്വന്തവഴി

മൂത്ത സഹോദരി കുഞ്ഞേത്തിയിൽനിന്നു ലഭിച്ച പ്രചോദനമനുസരിച്ച് 7-ാം വയസ്സിൽ ഒരു വിശുദ്ധനാകണമെന്ന് ഇട്ടൂപ്പുണ്ണി തീരുമാനമെ ടുത്തു. വിശുദ്ധനാകണമെന്ന ആഗ്രഹമാണു സന്ന്യാസത്തിലേക്ക് അദ്ദേഹത്തെ നയിച്ചത്. ആ സാഹചര്യത്തെക്കുറിച്ചു ഡൺസ്റ്റണച്ചൻ പങ്കുവയ്ക്കുന്നു:

"വിശുദ്ധനാകുന്നതിനുള്ള എന്റെ ആഗ്രഹം പുരോഗമിച്ചുകൊണ്ടി രുന്നു. വലിയ പെങ്ങളുടെ സംസാരത്തിൽനിന്നു ക്രമേണ ഞാൻ ഒന്നു ഗ്രഹിച്ചു. പെങ്ങൾ വിവരിച്ചിരുന്ന വിശുദ്ധന്മാർ പലരും വൈദിക ഗണത്തിൽപെട്ടവരും കന്യാസ്ത്രീകളും ആയിരുന്നു. ഇടവകക്കാ രായ അച്ചന്മാരിൽനിന്ന് ഒരാളെ പുണ്യവാനായിട്ടുള്ളു എന്നും പെങ്ങൾ ഒരിക്കൽ പറഞ്ഞതു ഞാൻ ശ്രദ്ധിച്ചു. ഇതിൽനിന്നു ഞാൻ ഒന്ന് അനുമാനിക്കുകയും അനുമാനത്തിനനുസരിച്ച് ഒന്നു നിശ്ചയി ക്കുകയും ചെയ്തു. 'എനിക്കും ഒരു സന്ന്യാസിയാകണം.' ഒരു സന്ന്യാസി യാകണം, അച്ചനാകണം എന്ന ആഗ്രഹം ഏകദേശം ഏഴുവയസ്സുള്ള

പ്പോഴാണ് ഉണ്ടായത്. അത് പുണ്യവാനാകണം എന്ന ആഗ്രഹത്തിനു ശേഷം ഉണ്ടായതാണ്.

"ഒരു സന്ന്യാസിയാകുന്നത് എന്തിനാണെന്നും ആരെങ്കിലും ചോദിച്ചാൽ എങ്ങിനെയാണ് ഉത്തരം പറയേണ്ടതെന്നും പെങ്ങളിൽ നിന്നു ഞാൻ ഗ്രഹിച്ചിരുന്നു. പുണ്യവാനാകുന്നതിനും മറ്റുള്ളവരുടെ ആത്മരക്ഷ സാധിക്കുന്നതിനുംവേണ്ടി സന്ന്യാസിയാകുന്നത് എനിക്കു വളരെ ആകർഷണീയമായി."

## മാതാപിതാക്കളുടെ സ്വാധീനം

നല്ല ദൈവവിളികൾ രൂപമെടുക്കുന്നത് ആദ്ധ്യാത്മികാന്തരീക്ഷമുള്ള കുടുംബങ്ങളിലാണ്. നല്ല കുടുംബങ്ങളെ സൃഷ്ടിക്കുന്ന മാതാപിതാക്കൾ മക്കളിൽ അരൂപിയുടെ ചലനങ്ങൾക്ക് അനുഗുണമായ പ്രതികരണങ്ങൾക്കു കളമൊരുക്കുന്നു. മക്കളിൽ ദൈവസങ്കൽപങ്ങൾ വിടർന്നു വികസിക്കുവാൻ അനുകൂല പശ്ചാത്തലം ഒരുക്കുന്നത് അവരുടെ സ്വാഭാവികവും ധനാത്മകവുമായ മനോഭാവങ്ങളും ജീവിതചര്യകളുമാണ്. സ്വന്തം മാതാപിതാക്കളുടെ വാക്കുകളും പ്രവൃത്തികളും ദൈവാഹ്വാനത്തിനായി തന്നെ എപ്രകാരം ഒരുക്കിയെന്നു ഡൺസ്റ്റണച്ചൻ വിവരിക്കുന്നു:

"മാതാപിതാക്കന്മാർ വൈദികരെക്കുറിച്ചും കന്യാസ്ത്രീകളെക്കുറിച്ചും എല്ലായ്പ്പോഴും ആദരവോടും സ്നേഹത്തോടുംകൂടിയാണു സംസാരിച്ചിരുന്നത്. അസഹ്യമായ ദാരിദ്ര്യാവസ്ഥ കുടുംബത്തിൽ കുറെകാലത്തേക്കു നീണ്ടുനിന്നിരുന്നെങ്കിലും വൈദികർക്കു സഹായം ചെയ്യുന്നതിലും അവരെ ക്ഷണിച്ചു സൽക്കരിക്കുന്നതിലും എന്റെ അഭിപ്രായത്തിൽ സ്വൽപം അമിതമായ താൽപര്യം മാതാപിതാക്കന്മാർ പ്രദർശിപ്പിച്ചിരുന്നു. നമ്മുടെ യഥാർത്ഥ സ്ഥിതിക്കനുസരിച്ചു സൽക്കരിച്ചാൽ മതി. തിന്നാനും കുടിക്കാനുമല്ലല്ലോ അവർ വരുന്നത്. കഴിവുള്ള വിധത്തിൽ നമ്മുടെ സ്നേഹം കാണിച്ചാൽ മതിയെന്നു ഞാൻ പലപ്പോഴും പറയാറുണ്ടായിരുന്നു. എങ്കിലും ഒരു ഫലവും ഇല്ലായിരുന്നു.

"അമ്മയുടെ അനുജത്തിമാരെ മഠത്തിൽ ചേരുവാൻ അമ്മ പ്രേരിപ്പിച്ചിരുന്നതായി ഞാൻ കേട്ടിട്ടുണ്ട്. ചെറുപ്പത്തിലേ കന്യാസ്ത്രീ മഠങ്ങളുമായി പരിചയപ്പെടുന്നതിന് ഇടയായിരുന്നെങ്കിൽ ഇന്ന് ഒരു കന്യാസ്ത്രിയായിരുന്നേനെ എന്ന് അമ്മയെക്കുറിച്ച് അപ്പൻ തമാശ പറയാറുണ്ടായിരുന്നു. സന്ന്യാസ ജീവിതരീതിയോടു മാതാപിതാക്കന്മാർ കാണിച്ചിരുന്ന സ്നേഹവും മതിപ്പും ഞങ്ങളിൽ സന്ന്യാസ

ജീവിതം നയിക്കുന്നതിനുള്ള ആഗ്രഹം ഉളവാക്കി. ഇളയ സഹോദരി കൊച്ചുത്രേസ്യ ഒഴികെ എല്ലാവരും ചെറുപ്പത്തിലെതന്നെ സന്ന്യാസ ഭവനങ്ങളിൽ ചേരുന്നതിനുള്ള ആഗ്രഹം വെളിപ്പെടുത്തിയിട്ടുള്ളതാണ്. പ്രായമായപ്പോൾ അതിനുവേണ്ടി വളരെ ത്യാഗം സഹിക്കുകയും ചെയ്തിട്ടുണ്ട്. കഴിവിന്റെ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. കൊച്ചുത്രേസ്യയും ഇപ്പോൾ കുറച്ചു കൊല്ലങ്ങളായി പരിശ്രമിച്ചുകൊണ്ടിരിക്കയാണ്."

സ്വന്തം ജീവിതത്തിൽ നടക്കാതെപോയതു മക്കളുടെ ജീവിതത്തിൽ നടന്നുകാണണമെന്ന് അമ്മ ആഗ്രഹിച്ചിരിക്കാം. ദൈവചൈതന്യമുള്ള മാതാപിതാക്കളുടെ പ്രേരണ മക്കൾക്കു ദൈവവിളിയിൽ പ്രചോദനം പകർന്നു. അമ്മയുടെയും അപ്പന്റെയും വാക്കുകളും പ്രവൃത്തികളും ഇട്ടൂപ്പുണ്ണിക്കു ദൈവവിളിയെ ഊട്ടിയുറപ്പിക്കുന്ന ഓർമ്മപ്പെടുത്തലുകളായി.

ഡൺസ്റ്റണച്ചൻ രണ്ടു സംഭവങ്ങൾ അനുസ്മരിക്കുന്നു: "ഒരിക്കൽ എന്റെ കഴുത്തിലോ കൈയിലോ ചെയിൻ ഊരിയെടുക്കാനാകാത്തവണ്ണം തട്ടാനെക്കൊണ്ടു വിളക്കിയിടാൻ പോകുകയായിരുന്നു. സാധാരണക്കാരിൽനിന്നു വ്യത്യസ്തനായി കാണപ്പെടുക വളരെ വിഷമമായിരുന്നതുകൊണ്ട് ആഭരണങ്ങൾ അണിയുന്നതിലും മറ്റും എനിക്കു വലിയ വിരോധമായിരുന്നു. എന്റെ വിരോധം ജയിക്കാൻ അമ്മ ഒരു വാഗ്ദാനം നടത്തി. എന്റെ സഭാപ്രവേശനത്തെ സൂചിപ്പിച്ചുകൊണ്ട് അന്നത്തേയ്ക്കാവശ്യമായ പണത്തിനുള്ള ഒരു മാർഗ്ഗമായി ഇതു കരുതാം എന്നു പറഞ്ഞു. സഭാപ്രവേശനത്തിനായി അത്യധികം ആഗ്രഹിച്ചിരുന്നതുകൊണ്ടും മറ്റു ധനാഗമമാർഗ്ഗങ്ങൾ കാണാഞ്ഞതിനാലും അമ്മയുടെ വാക്കിലുള്ള ഉറപ്പുകൊണ്ടും ഞാൻ അതിനു വഴിപ്പെട്ടു."

മറ്റൊരു സംഭവം: "രാത്രിയിൽ ഉറക്കത്തിൽ ഇടയ്ക്ക് ഉറക്കം ഉണർന്നപ്പോൾ മാതാപിതാക്കളുടെ സംഭാഷണം ഇട്ടൂപ്പുണ്ണിയുടെ കാതിൽ പതിഞ്ഞു. 'മനസ്സാണെങ്കിൽ അഞ്ചുപേരും (സന്ന്യാസത്തിലേക്ക്) പൊയ്ക്കൊള്ളട്ടെ.' എന്റെ മാതാപിതാക്കളിൽനിന്ന് ഇതിൽ പരം സന്തോഷജനകമായ വാക്കുകൾ കേട്ടിട്ടില്ല. കുറെകാലമായി വി. കുർബാന ഉൾകൊണ്ടശേഷം ഞാൻ നടത്തിയിരുന്ന യാചനകളിൽ ഒന്ന് ഞങ്ങൾ എല്ലാവരും സന്ന്യാസികളും കന്യാസ്ത്രീകളും ആയിത്തീരുന്നതിനു വേണ്ടിയായിരുന്നു. മാതാപിതാക്കന്മാരുടെ ഭാഗത്തുനിന്ന് അതിനു യാതൊരു തടസ്സവും ഉണ്ടാകുകയില്ലെന്നും അവർ അത് അനുകൂലിക്കുന്നെന്നും കേട്ടപ്പോൾ ഞാൻ അതിയായി സന്തോഷിച്ചതും അതുകൊണ്ടാണ്."

ഒരിക്കൽ ഒലക്കേങ്കിൽ കുടുംബം മലയാറ്റൂർ തീർത്ഥാടനത്തിനു പുറപ്പെട്ടു. പെരിയാറിലൂടെ വഞ്ചിയിലായിരുന്നു അവരുടെ യാത്ര. ഇടയിൽ യാത്രികർ ആലുവ മണപ്പുറത്ത് അൽപനേരം ചെലവഴിച്ചു. കുറച്ചുനേരത്തെ വിശ്രമത്തിനു ശേഷം അവർ യാത്ര തുടർന്നു. ഏറെ ദൂരം പിന്നിട്ട ശേഷമാണ് മനസ്സിലാക്കിയത് ബാലനായ ഇട്ടൂപ്പുണ്ണി തങ്ങളോടൊപ്പം ഇല്ലെന്ന്. ക്ലേശഭാരത്തോടെ യാത്രികർ വന്നവഴിയെ തിരിച്ചുതുഴഞ്ഞു. അവർ നേരത്തെ തമ്പടിച്ച ആലുവ മണപ്പുറത്ത് ഇട്ടൂപ്പുണ്ണിയെ കണ്ടെത്തി. “ഞങ്ങൾ തിരിച്ചു വന്നില്ലായിരുന്നെങ്കിൽ ഇട്ടൂപ്പുണ്ണ്യേ, നീ എന്തു ചെയ്യുമായിരുന്നു.” ജ്യേഷ്ഠൻ ജോസഫ് ചോദിച്ചു. “ഞാൻ അടുത്തുള്ള കൊവേന്തയിൽ പോയി ചേരുമായിരുന്നു.” തെല്ലും ആലോചനയില്ലാതെ പെട്ടെന്നായിരുന്നു ഇട്ടൂപ്പുണ്ണിയുടെ പ്രതികരണം.

ഇട്ടൂപ്പുണ്ണിക്കു 14 വയസ്സുള്ളപ്പോൾ വിശുദ്ധ കുർബാന കഴിഞ്ഞുള്ള ഉപകാരസ്മരണ നേരങ്ങളിൽ മേൽപ്രസ്താവിച്ചതുപോലെ പ്രാർത്ഥനയുടെ വിഷയം ദൈവവിളിതന്നെ ആയിരുന്നു. “എന്നെ ഒരു പുണ്യവാനാക്കേണമെ. ഞാൻ ഒരു സന്ന്യാസിയും വൈദികനുമായി കാണുന്നതിനുള്ള ഭാഗ്യം അമ്മയ്ക്കു കൊടുക്കേണമെ. ഞങ്ങളെ അഞ്ചു പേരേയും സന്ന്യാസികളാക്കേണമെ. എന്റെ സ്നേഹിതനേയും (എൻ. പി. ദേവസി) കൂട്ടുകാരനേയും (ഇ. കെ. പോൾ) സന്ന്യാസത്തിലേക്ക് ആകർഷിക്കേണമെ. (1935 മുതൽ എം. ജെ. വർഗീസിനു വേണ്ടിയും പ്രാർത്ഥിച്ചിരുന്നു.)”

## വ്യക്തികൾ പ്രചോദനമായപ്പോൾ

ദൈവം തന്റെ പരിപാലനയിൽ വിളിയുടെ ഒരു വിത്ത് ഇട്ടൂപ്പുണ്ണിയിൽ നിക്ഷേപിച്ചു. കുടുംബാംഗങ്ങളും കുടുംബസാഹചര്യങ്ങളും ആ ദിവ്യാഹ്വാനത്തെ തിരിച്ചറിഞ്ഞു വളരുന്നതിനു സഹായിച്ചു. ദേവാലയം, വിദ്യാലയം തുടങ്ങി താൻ ചരിച്ച വഴികളിൽ കണ്ടുമുട്ടിയ വ്യക്തികൾ ആ വിളി നിരന്തരം അനുസ്മരിച്ച് ഉറപ്പിക്കുന്നതിനു ഉപകരണങ്ങളായി. ഡൺസ്റ്റണച്ചൻ അനുസ്മരിക്കുന്നു:

“എനിക്കു 9 വയസു തികയുന്നതിന്റെ തലേ മാസത്തിൽ കൊവേന്തയിൽ 40 മണി ആരാധനയ്ക്കു വന്നിരുന്ന ഒരു പ്രായം ചെന്ന അച്ചന്റെ പക്കൽ കുമ്പസാരിക്കുന്നതിന് ഇടയായി. ബ. പത്രോസച്ചനാണെന്ന് പിന്നീട് ഞാൻ കേട്ടറിഞ്ഞു. ‘നിനക്കു കൊവേന്തയിൽ ചേരാൻ ആഗ്രഹമുണ്ടോ’ എന്ന് അദ്ദേഹം ചോദിച്ചു. ഒന്നിലധികം കൊല്ലമായി ഞാൻ അതു

നിശ്ചയിച്ചു വെച്ചിരുന്നതിനാൽ ഞാൻ ഉടനെത്തന്നെ 'ഉവ്വ്' എന്നു മറുപടി നല്കി. അദ്ദേഹം അത് അപ്പനോടു പറഞ്ഞു. എന്റെ രഹസ്യം കുടുബാംഗ ങ്ങൾക്കിടയിൽ സംസാരവിഷയമായി. അവർ എന്നോടു ചോദിച്ചു. അച്ചന്റെ ചോദ്യത്തിന് ഉത്തരമായി ഞാൻ അങ്ങനെ പറഞ്ഞതാണെന്നു സമ്മതിച്ചു... അദ്ധ്യാപകനായിരുന്ന മാധവമേനോൻ എന്റെ പ്രകൃതി യിൽനിന്ന് എന്റെ ദൈവവിളിയെക്കുറിച്ച് ഊഹിച്ച് ഒന്നിലധികം പ്രാ വശ്യം ക്ലാസിൽ സൂചിപ്പിച്ചതായി ഓർക്കുന്നു. ഒരിക്കൽ recognize എന്ന വാക്കിന്റെ അർത്ഥം ഞങ്ങളെ ഗ്രഹിപ്പിക്കുവാനായി, ഞാൻ കുറെ കൊല്ലങ്ങൾക്കുശേഷം ഒരു വൈദികനായി തീരുമെന്നു വിചാരിക്കണ മെന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം തുടങ്ങിയത്.

"ഇങ്ങനെയൊക്കെ ആണെങ്കിലും എന്റെ ആഗ്രഹം രഹസ്യമായി രുന്നു. പലരും എന്നോട് ഇക്കാര്യം ചോദിച്ചിരുന്നു. ഞാൻ ആർക്കും തെളിവായ ഉത്തരം കൊടുത്തിരുന്നില്ല 'കാലമായില്ലല്ലൊ. ആലോചി ക്കുകയാണ്.' എന്നിങ്ങനെയുള്ള ഉത്തരങ്ങളാണ് കൊടുത്തിരുന്നത്. ആ രഹസ്യം പുറത്തു വിടുന്നതു നന്നല്ല എന്നു തോന്നിയിരുന്നു. വൈദികരോടു പോലും ഇക്കാര്യം പറയുന്നതിന് എനിക്കു മടിയായി രുന്നു. ആഗ്രഹം സാധിച്ചു തരുവാൻ കഴിവുള്ളവരോട്, അതിനുള്ള കാലമാകുമ്പോൾ, ഉടൻ സാധിക്കുമെന്നു പ്രതീക്ഷയുണ്ടെങ്കിൽ പറയുവാനേ ഞാൻ ഉദ്ദേശിച്ചിരുന്നുള്ളു. അല്ലാതെയുള്ള സംസാരം ദൈവവിളിക്കു വിഘാതമായേ വരികയുള്ളു എന്നു ഞാൻ വിചാരി ച്ചിരുന്നു. പലരും ജിജ്ഞാസ കൊണ്ടാണ് ചോദിക്കുന്നത്. അവരിൽ നിന്ന് ഒരു നന്മയും പ്രതീക്ഷിക്കാനില്ല. പല വൈദികർതന്നെയും ആ തരക്കാരാണെന്ന് അന്നേ എനിക്കു തോന്നിയിട്ടുണ്ട്. കർത്താവിന്റെ രഹസ്യം അതു നിറവേറുന്നതുവരെ ഉപകാരമില്ലാത്ത വിമർശനങ്ങൾ ക്കും പരിഹാസത്തിനും വിധേയമാക്കുവാൻ പാടില്ല. ഇന്നും എന്റെ അഭിപ്രായം അതു തന്നെയാണ്.

"എന്റെ ഏറ്റം പ്രിയ സ്നേഹിതനായ ദേവസിയോടുപോലും ഈ സംഗതി 5 കൊല്ലം കഴിഞ്ഞാണു പറഞ്ഞത്. അതും മറ്റുള്ളവർ അറി യാനിടയായി എന്നു കണ്ടപ്പോൾ മാത്രം.

"മറ്റു കൂട്ടുകാരും വേലക്കാരും ദൈവവിളിയെക്കുറിച്ച് ഓർക്കുന്ന തിൽ എന്നെ സഹായിച്ചിട്ടുണ്ട്. എന്റെ തീരുമാനം ശരിയായി അറി യാൻ കഴിഞ്ഞിരുന്നില്ലെങ്കിലും സന്ന്യാസസഭാപ്രവേശനത്തെക്കുറിച്ചു പല കാര്യങ്ങൾ അവർ ഊഹിച്ചു പറയുമായിരുന്നു.

"കന്യാസ്ത്രീയായ മേരി റോസ് ഇളയമ്മക്ക്, ഇളയമ്മയെപ്പോലെ കർ

മ്മലീത്തസഭയിൽ സന്ന്യാസജീവിതം നയിക്കാൻ ആഗ്രഹമുണ്ടെന്നു കാണിച്ച് ഇംഗ്ലീഷിൽ ഞാൻ ഒരു കത്തെഴുതി. പക്ഷെ, ആ എഴുത്ത് ഞാൻ അയച്ചില്ല.

"ദൈവവിളിയെക്കുറിച്ചുള്ള ചിന്ത ഒരിക്കലും എന്നെ വിട്ടുമാറിയിരുന്നില്ല. എന്റെ എല്ലാ പ്രവൃത്തികളേയും അതു നിയന്ത്രിച്ചിരുന്നു. ദിവസം ചെല്ലുന്തോറും എന്റെ ആഗ്രഹം ശക്തിപ്പെട്ടുകൊണ്ടിരുന്നു."

**ബലഹീനതകളെ മറികടന്ന്...**

സന്ന്യാസസമർപ്പണത്തിനായുള്ള ആഹ്വാനം അനുദിനം ശക്തിപ്പെടുകയും അത്യന്തം ദൃഢമാകുകയും ചെയ്തുകൊണ്ടിരുന്നപ്പോഴും സ്വന്തം ബലഹീനതകളെക്കുറിച്ചുള്ള അവബോധം ഇട്ടൂപ്പുണ്ണിയെ നിരന്തരം അലട്ടി. അവയെ അതിജീവിക്കുവാൻ തന്നോടുതന്നെ അസാമാന്യ രീതിയിൽ പോരാട്ടം അവന് ആവശ്യമായിവന്നു. സ്വന്തം ദൈവവിളിയെക്കുറിച്ചുള്ള പ്രതീക്ഷകൾ, അതിനു തടസ്സമായിനിന്ന തന്റെ ബലഹീനതകൾ, അവയെ ജയിക്കണമെന്ന ദൃഢനിശ്ചയം, അതിനായി നടത്തിയ പോരാട്ടങ്ങൾ എന്നിവയെപ്പറ്റി അദ്ദേഹം വിവരിക്കുന്നു:

"സന്ന്യാസജീവിത സ്ഥിതിക്കായി ഒരുങ്ങുന്നവനു വേണ്ട ഗുണലക്ഷണങ്ങളെക്കുറിച്ചു പെങ്ങൾ തന്നെ പലപ്പോഴായി സംസാരിച്ചിട്ടുണ്ട്. ആ ഗുണങ്ങൾ എന്നിൽ ഞാൻ കണ്ടിരുന്നില്ല. ചില നല്ല ഗുണങ്ങൾ എന്നിൽ ഉണ്ടെന്ന് എനിക്കുതന്നെ എക്കാലവും ബോദ്ധ്യമുള്ളതാണ്. പക്ഷെ, ആകെക്കൂടെ നോക്കുമ്പോൾ എന്നിൽ വലിയ പോരായ്മകൾ ഉണ്ടെന്നു മനസ്സിലാക്കിയിരുന്നു. മറ്റുള്ളവരുടെ ദൃഷ്ടിയിൽ ഒരു നിശ്ചയദാർഢ്യമുള്ളവനായി ഞാൻ കാണപ്പെട്ടിരുന്നില്ലെന്നാണ് തോന്നുന്നത്. പ്രാർത്ഥന നമസ്കാരങ്ങളിൽ വലിയ അലസത എന്നിൽ കാണപ്പെട്ടിരുന്നു. നല്ല ആഗ്രഹങ്ങൾ ഉണ്ടായിരുന്നെങ്കിലും അതിനനുസരിച്ചുള്ള പ്രവൃത്തി ഇല്ലായിരുന്നു. എന്റെ ജീവിതം എനിക്കുതന്നെ ഒട്ടും തൃപ്തികരമായിരുന്നില്ല. പ്രായം ചെല്ലുന്തോറും ഞാൻ മോശമായി വരുന്നെന്ന് അമ്മയിൽനിന്ന് കേട്ടിരുന്നതുകൊണ്ട് വിഷമം വർദ്ധിച്ചുമിരുന്നു.

"ഇങ്ങനെയൊക്കെ ആണെങ്കിലും സന്ന്യാസിയാകണമെന്ന ദൃഢനിശ്ചയത്തിൽനിന്നു യാതൊരു കാരണത്താലും മാറുകയില്ലെന്നു ഞാൻ തീരുമാനമെടുത്തു. സന്ന്യാസ സഭാപ്രവേശനത്തിൽ എനിക്കും എന്റെ സഹോദരി സഹോദരന്മാർക്കും വളരെ പ്രതിബന്ധങ്ങൾ ഉണ്ടെന്ന് അറിഞ്ഞിരുന്ന ഞാൻ അവരെയെല്ലാം പറഞ്ഞുവിട്ടതിനുശേഷമേ പോകുന്നുള്ളു എന്നു വിചാരിച്ചിരുന്നു. എനിക്ക് ഉണ്ടായിരുന്നതുപോലെ

സാഹര്യങ്ങളെ അതിജീവിക്കുന്നതിന് ആവശ്യമായ മനക്കരുത്ത് അവർക്കില്ലെന്നു ഞാൻ കരുതി. ഞാൻ എങ്ങിനെയായാലും, എന്തു വിഷമം സഹിച്ചും, പ്രായപൂർത്തിയെത്തിയാൽ സഭയിൽ ചേരും എന്നു നിശ്ചയിച്ചു. അതേ സമയംതന്നെ എന്റെ സഭാപ്രവേശനത്തിന് ആദ്യം കിട്ടുന്ന അനുകൂല സാഹചര്യം ഉപയോഗിക്കുന്നതിനും ഒരുക്കമായിരുന്നു.

"ഞാൻ തേഡ് ഫോമിൽ ആയപ്പോഴാണ് അമ്മായിയുടെ മകൻ അബ്ദിയാസച്ചൻ യോഗാർത്ഥി ഭവനത്തിൽ പ്രവേശിച്ചത്. ചേരുന്നതിനു കുറച്ചു ദിവസം മുമ്പ് അത്തനാസിയൂസച്ചൻ അദ്ദേഹത്തെ കാണണമെന്ന് ആവശ്യപ്പെട്ടതുകൊണ്ട് ഞങ്ങൾ രണ്ടുപേരുംകൂടി കൊവേന്തയിൽ ചെന്നു. 'എന്താ നിനക്കു കൊവേന്തയിൽ ചേരാൻ ആഗ്രഹമുണ്ടോ?' എന്നു ചോദിച്ചതിന് അബ്ദിയാസച്ചൻ പണത്തിന്റെ വിഷമമോ ജ്യേഷ്ഠൻ സമ്മതിക്കുമോ എന്നറിഞ്ഞുകൂടാ എന്നോ മറ്റോ പറയാൻ തുടങ്ങി. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ആ വക കാര്യങ്ങളൊന്നും നീ നോക്കേണ്ട. നിനക്കു മനസ്സുണ്ടോ എന്ന് അറിഞ്ഞാൽ മതി.' അച്ചൻ പറഞ്ഞത് എനിക്കു വളരെ ഉപകാരമുള്ളതായി തോന്നി. എന്റെ ദൈവവിളി പ്രായോഗികമാക്കുന്നതിലുള്ള നിരവധി വിഷമങ്ങൾ എന്റെ ബോദ്ധ്യത്തിൽ വരുമ്പോഴൊക്കെയും അത്തനാസിയൂസച്ചന്റെ വാക്കനുസരിച്ച് അത് എന്റെ കാര്യമല്ലെന്നും ഞാൻ എന്നെത്തന്നെ സമർപ്പിച്ചാൽ മതിയെന്നും കരുതി സമാധാനിച്ചിരുന്നു.

"സഭാപ്രവേശനത്തിലും നിലനിൽപിലും എനിക്കു വിജയസൂചകമായി അധികമൊന്നും കണ്ടില്ല. തോൽവി പേടിച്ചു നിന്നിരുന്നെങ്കിൽ ഞാൻ എന്നും അങ്ങനെ നിൽക്കുമായിരുന്നു. വലിയ തുനിവ് എനിക്കാവശ്യമായി വന്നു. ഞാൻ മുഴുവൻ കർത്താവിൽനിന്നു പ്രതീക്ഷിച്ചു. ഏതു തോൽവിയും അഭിമുഖീകരിക്കുന്നതിന് ഒരുങ്ങിയാണ് സന്ന്യാസ വൈദിക ജീവിതത്തിനു തുനിഞ്ഞത്. കൃത്യനിഷ്ഠയില്ലായ്മയും അലസതയുമാണ് എനിക്കു വലിയ വിഘ്നാതമായി തോന്നിയത്. ലോകത്തിൽ എനിക്കെത്ര ശ്രമിച്ചിട്ടും ജയിക്കാൻ കഴിയാത്ത ആ ദുർഗുണങ്ങൾ സന്ന്യാസ സഭാപ്രവേശനത്തോടെ മാറികിട്ടും എന്നു ഞാൻ പ്രതീക്ഷിച്ചു. രണ്ടു തരത്തിലുള്ള അടിസ്ഥാനങ്ങൾ എന്നിൽ ഉണ്ടായിരുന്നു. ബുദ്ധിശക്തിയും ചിന്താശീലവും പഠനത്തെ സംബന്ധിച്ചും പുണ്യവാനാകാനുള്ള അതിയായ ആഗ്രഹവും ഭക്തിയിലേക്കുള്ള ചാച്ചിലും പുണ്യജീവിതത്തെ സംബന്ധിച്ചുമാണ് ആ അടിസ്ഥാനങ്ങൾ."

സ്വന്തം ബലഹീനതകളെക്കുറിച്ചു ദുഃഖിക്കുമ്പോഴും തന്നിൽ

അന്തർലീനമായിരിക്കുന്ന നന്മ അംഗീകരിക്കുന്നതിനും ആ നന്മകളുടെ അടിസ്ഥാനത്തിന്മേൽ ജീവിതം പണിതുയർത്തുന്നതിനുമുള്ള ലക്ഷ്യ ബോധവും ദൃഢനിശ്ചയവും ഇട്ടൂപ്പുണ്ണിക്കു സ്വന്തമായിരുന്നു. തന്നെ ത്തന്നെ ജയിക്കുന്നതിന് ആവശ്യമായ അനുകൂലമനോഭാവങ്ങളും ദൈവാശ്രയബോധവും അവിടുത്തെ പരിപാലനയിലുള്ള വിശ്വാസവും അനുസരണശീലവും പ്രത്യാശയും ബുദ്ധിശക്തിയും ചിന്താശീലവും എല്ലാറ്റിനും ഉപരിയായി വിശുദ്ധജീവിതത്തോടുള്ള അതിയായ അഭിനി വേശവും എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ചു മുന്നേറുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചു. സന്ന്യാസ ജീവിതത്തിന് ഏറ്റവും വലിയ ഭീഷണിയായി താൻ കണ്ടിരുന്ന അമിതമായ ലജ്ജാശീലത്തെ അതി ജീവിക്കുന്നതിന് അസാമാന്യമായ സാഹസികത തന്നെ ഇട്ടൂപ്പുണ്ണിക്ക് ആവശ്യമായി വന്നു. വിശുദ്ധനാകുന്നതിനുള്ള അത്യാവേശം ആ സാഹസമുന്നേറ്റത്തിന് ആവേശം പകർന്നു. ഈ സാഹസികത വിശുദ്ധ ജീവിതത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. അച്ചൻ വിവരിക്കുന്നു:

"മറ്റുള്ളവർ കേൾക്കെ പാട്ടുപാടുന്നതിനോ സഭയിൽ പ്രത്യക്ഷപ്പെടു ന്നതിനോ എനിക്കു വലിയ, എന്നല്ല അസാമാന്യമായ വിഷമമായിരുന്നു. അതിനെ ജയിക്കാൻ ഒരു മാർഗ്ഗവും ഞാൻ അന്നു കണ്ടില്ല. ഇതായിരുന്നു സ്വാഭാവികമായി എന്നെ കൂടുതൽ ഭയപ്പെടുത്തിയത്. അതിൽ ജയം മുഴു വൻ കർത്താവിൽനിന്നു പ്രതീക്ഷിച്ചു. തക്കസമയത്ത് എനിക്കു വേണ്ട തെല്ലാം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുവാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളു.

"അമ്മയുടെ ആഗ്രഹപ്രകാരം എന്റെ ആദ്യകുർബാന സ്വീകരണ ത്തിനുമുമ്പു തന്നെ കുർബാനക്കു കൂടാൻ ഞാൻ പഠിച്ചുതുടങ്ങിരുന്നു. എല്ലാകൊല്ലവും ഒഴിവുകാലത്തു കുറച്ചു ദിവസം പഠിക്കും. പിന്നെ അച്ചന്റെ വീട്ടിലോ മറ്റോ പോകും. അങ്ങനെ ആ വർഷത്തെ പഠനം അവസാനിക്കും. എന്റെ നാണം മാറാതെ പഠിച്ചിട്ട് എന്തു ഫലം എന്നു ഞാൻ വിചാരിക്കുമായിരുന്നു. സുറിയാനി ഭാഷയിലുള്ള പ്രാർത്ഥന കളുടെ അർത്ഥം മനസ്സിലാക്കാതെയുള്ള പഠനമായിരുന്നതുകൊണ്ട് മനഃപാഠമാക്കുന്നതിനു പ്രയാസം നേരിട്ടു. ഒരിക്കൽ പള്ളിയിൽ മൂന്നോ നാലോ പേർ മാത്രമുള്ള നേരത്തു കുർബാനക്കു കൂടിയതൊഴിച്ചാൽ യോഗാർത്ഥി ഭവനത്തിൽ ചേരുന്നതിനുമുമ്പു മറ്റൊരു ദിവസവും കുർബാനക്കു കൂടാൻ ഇടയായില്ല. യോഗാർത്ഥിയാകുന്നതുവരെ പഠനവും പൂർത്തിയാക്കിയില്ല.

"യോഗാർത്ഥി ഭവനത്തിൽ പ്രവേശിച്ചതിന്റെ തലേദിവസം വളരെ

താമസിച്ചാണു ഞാൻ പള്ളിയിൽനിന്നു പോന്നത്. വി. കുർബാന ഉൾക്കൊള്ളാൻ ആഗ്രഹിച്ചിരുന്ന ഒരു വൃദ്ധനും രണ്ടുമൂന്നു സ്ത്രീകളും മാത്രം ദേവാലയത്തിൽ ശേഷിച്ചിരുന്നു. തിമോത്തിയൂസച്ചൻ വി. കുർബാന കൊടുക്കുവാൻ ഒരുങ്ങി. പക്ഷെ തിരി കത്തിക്കുന്നതിനും തട്ടം പിടിക്കുന്നതിനും പള്ളിയിൽ ആരുമില്ലായിരുന്നു. അദ്ദേഹം എന്നെ വിളിച്ചു. ഞാൻ ചെന്നു. എന്നാൽ ആ ജോലി ചെയ്യാൻ ഞാൻ സമ്മതിച്ചില്ല. യാതൊരു തരത്തിലും എനിക്ക് എന്നെത്തന്നെ ജയിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം കുറെ നിർബന്ധിച്ചു. പിറ്റെ ദിവസം മുതൽ ഞാൻ ആ ജോലി ചെയ്യേണ്ടവനല്ലെ എന്ന് അദ്ദേഹം സൂചിപ്പിച്ചു. അനുസരിക്കാത്തവർക്കു കൊവേന്തയിൽ സ്ഥാനമില്ലെന്ന് എനിക്ക് അറിയാമായിരുന്നു. അച്ചൻ എന്നെക്കുറിച്ച് എന്തു വിചാരിച്ചാലും വേണ്ടില്ല. അതു ചെയ്യാൻ അപ്പോൾ എനിക്കു സാദ്ധ്യമല്ലെന്ന ഭാവം ഞാൻ പ്രകടിപ്പിച്ചു. എന്റെ ബലഹീനതയുടെ ആധിക്യത്തെക്കുറിച്ച് എനിക്കു തെല്ലുംതന്നെ നിരാശയുണ്ടായില്ല. പിറ്റേദിവസംതൊട്ടു ഞാൻ അനുസരണമുള്ളവനായി അതു ചെയ്യേണ്ടതാണെങ്കിൽ കർത്താവ് അതിനുള്ള ശക്തി എനിക്കു തരുമെന്നു ഞാൻ ദൃഢമായി വിശ്വസിച്ചു. അതിനു വലിയൊരു തുനിവ് എനിക്ക് ആവശ്യമായിരുന്നു. ആ വിഷയത്തിൽ എന്റെ ഭയവും വിറയലുമൊക്കെ വളരെ കാലത്തേക്കു തുടർന്നെങ്കിലും അനുസരിക്കാനുള്ള കഴിവും കർത്താവ് എനിക്കു തന്നിരുന്നു.

“യോഗാർത്ഥി ഭവനത്തിൽ ചേർന്ന് ഒരു കൊല്ലം കഴിഞ്ഞിട്ടും വലിയ അൾത്താരയിൽ തനിച്ചു കുർബാനയ്ക്കു കൂടുമ്പോൾ സാധാരണ ദിവസങ്ങളിൽ പോലും വിറച്ചു വിറച്ച് വീഞ്ഞു വെള്ള പാത്രങ്ങൾ അൾത്താരയിലേയ്ക്കു കൊണ്ടുവരുന്നതിനു വിഷമിച്ചിട്ടുണ്ട്. കാർമ്മികന്റെ കൈകഴുകാൻ ധൂമകുറ്റിയുമായി ചെന്നിട്ടുണ്ട്. അതു എനിക്കു സാധാരണമായ മനഃസാന്നിദ്ധ്യമില്ലായ്മ (absent mindedness) ആയിരുന്നില്ല. പേടികൊണ്ടുണ്ടായ മറവിയാണ്. ഈ വക പ്രശ്നങ്ങളും കൊവേന്തയിൽനിന്നു തള്ളപ്പെട്ടേക്കുമെന്ന ഭയവുമെല്ലാം ഉണ്ടായിരുന്നിട്ടും സന്ന്യാസജീവിതമെന്ന സാഹസത്തിനു തുനിഞ്ഞതു പുണ്യവാനാകണമെന്നുള്ള ഏക ഉദ്ദേശ്യം ഉള്ളതുകൊണ്ടായിരുന്നു. ഇല്ലായിരുന്നെങ്കിൽ ഭീരുവായ ഞാൻ ഈ പരീക്ഷണത്തിനു മുതിരുകയില്ലായിരുന്നു. എന്തിനും ഒരുങ്ങിയുള്ള ഒരു പുറപ്പാടായിരുന്നു എന്റേത്. ഈ ഒരുക്കമാണ് വൈദികനായിത്തീരുന്നതുവരെ ഉണ്ടായിക്കൊണ്ടിരുന്ന നിരവധി ക്ലേശങ്ങളെ തരണം ചെയ്യുവാൻ എന്നെ സഹായിച്ചതും.”

## പണമെന്ന പ്രശ്നം

സന്ന്യാസ പ്രവേശനമെന്നത് ഇട്ടൂപ്പുണ്ണിയെ സംബന്ധിച്ചിടത്തോളം വലിയൊരു കടമ്പയായിരുന്നു. ഏഴാം വയസ്സുമുതൽ താൻ മനസിൽ സൂക്ഷിച്ച സ്വപ്നം പൂവണിയുന്നതിനു മാതാപിതാക്കളോ കുടുംബ ബന്ധങ്ങളോ തടസമായിരുന്നില്ല. സ്വന്തം ബലഹീനതകൾ തന്നെയായിരുന്നു മുന്നോട്ടുള്ള പ്രയാണത്തിനു തടങ്ങലായിത്തീർന്നത്. എന്നാൽ എല്ലാ വിലങ്ങിടങ്ങളെയും മറികടന്നു പറക്കുന്നതിനു വിശുദ്ധനാകണമെന്ന ആഗ്രഹം ശക്തമായ ചിറകുകൾ നൽകി.

അപ്പോഴും ഒരു പ്രശ്നം മാത്രം അവശേഷിച്ചു. സി.എം.ഐ. സഭയിൽ നവസന്ന്യാസപ്രവേശനം വരെയുള്ള കാലയളവിൽ പഠനത്തിനാവശ്യമായ ഫീസിനും മറ്റു ചെലവുകൾക്കുമായി നല്ലൊരു തുക കൊവേന്തയ്ക്കു നൽകണമായിരുന്നു. നവസന്ന്യാസ പ്രവേശനാവസരത്തിൽ നിശ്ചിത തുക പത്രമേനിയായി നൽകുന്ന പതിവും നിലവിലിരുന്നു.

കടം കയറി വളരെ ദരിദ്രമായിത്തീർന്ന കുടുംബത്തിന് ഈ ചെലവുകളെല്ലാം തീർത്തും ദുർവഹമായിരുന്നു. പ്രശ്നപരിഹാരത്തിനായി പാവറട്ടി ആശ്രമസമൂഹം മുന്നോട്ടുവന്നു. ആശ്രമാധികാരി വിൻസെന്റ് ആലപ്പാട്ടച്ചൻ ആശ്രമാംഗങ്ങളുടെ സമ്മതത്തോടെ ജനറാളച്ചനു കത്തെഴുതി. സി.എം.ഐ. പ്രയർ ജെനറൽസ് ഹൗസിലെ രേഖാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന 'പകർപ്പ് പുസ്തക'ത്തിൽ (ജെനറാളച്ചന്റെ കത്തിടപാടുകൾ രേഖപ്പെടുത്തുന്ന പുസ്തകം) 1935 ജൂൺ 19-ാം തീയതി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

"പാവറട്ടി പള്ളി ഇടവക ഒലക്കേങ്കിൽ പൗലോസ് ഇട്ടൂപ്പ് എന്ന കുട്ടിക്ക് യോഗാർത്ഥി സ്കൂളിൽ ചേരുന്നതിനു ധനസഹായം ചെയ്യുവാൻ അനുവാദത്തിനായി പാവറട്ടി കൊവേന്തയുടെ പെ. ബ. പ്രിയോരച്ചൻ അയച്ച അപേക്ഷ വായിച്ചു.

"ടി കുട്ടിയുടെ രക്ഷാകർത്താക്കൾ നിർദ്ധനരാകയാലും കുട്ടി പഠിക്കുവാൻ സമർത്ഥനും സൽസ്വഭാവിയും പ്രായം കുറവുള്ളവനും ആകയാലും ആശ്രമസംഘത്തിന്റെ സമ്മതമുള്ളതുകൊണ്ടും ഫീസു വകയിൽ ആണ്ടിൽ ക. 36 കഴിച്ച് ബാക്കി വരുന്ന എല്ലാ ചെലവുകളും പത്രമേനിയുടെ ഭാരവും ആ ആശ്രമത്തിൽനിന്നു നടത്തുന്നതിന് അപേക്ഷ പ്രകാരം അനുവദിച്ചു."

അങ്ങനെ സാമ്പത്തിക പ്രയാസത്തിനു പരിഹാരമായി.

## മത്തായിയുടെ മാതൃകയിൽ...

മത്തായി ഒരു ചുങ്കക്കാരനായിരുന്നു. റോമാക്കാർക്കുവേണ്ടി ചുങ്കം പിരിക്കുകയെന്നതു യഹൂദരെ സംബന്ധിച്ചിടത്തോളം തികച്ചും അരുതാ

ത്തൊരു ജോലിയായിരുന്നു. ചുങ്കസ്ഥലത്തിരുന്ന മത്തായിയെ കണ്ട യേശു, "എന്നെ അനുഗമിക്കുക" എന്ന് അവനോടു പറഞ്ഞു. മത്തായി എല്ലാം ഉപേക്ഷിച്ച് അവിടുത്തെ അനുഗമിച്ചു (മത്താ. 9:9; മാർക്കോ. 2:14; ലൂക്കാ. 5:27-28). യേശുവിന്റെ വിളികേട്ട് ഉടനടി അവൻ പ്രതികരിച്ചു. തന്റെ ജോലിയോ പണമോ അതിനു തടസ്സമാകുന്നില്ല. ഒഴിവുകഴിവുകൾ യാതൊന്നും മുന്നോട്ടു വയ്ക്കുന്നുമില്ല. മറിച്ച്, അനുസരണയിലൂടെ സ്വന്തം പ്രതികരണം അറിയിച്ചു. മത്തായിയുടെ ഈ തൽക്ഷണ പ്രതികരണം ഇട്ടൂപ്പുണ്ണിയെ ആകർഷിച്ചു. ഡൺസ്റ്റണച്ചൻ പങ്കുവയ്ക്കുന്നു:

"വലിയ പെങ്ങൾ ഒരിക്കൽ മത്തായി ശ്ലീഹായുടെ ദൈവവിളി സ്വീകരണത്തെക്കുറിച്ചു സ്തുതിച്ചു പറയുന്നതു ഞാൻ കേട്ടു. എന്റെ മാമോദീസാ പേര് മത്തായി എന്നായതുകൊണ്ട് ആ ശ്ലീഹായോടു എനിക്കു പ്രത്യേക ഭക്തിയുണ്ടായിരുന്നു. ചുങ്കസ്ഥലത്തിരുന്ന ശ്ലീഹാ കർത്താവു വിളിച്ചപ്പോൾ ഉടനെ ഇറങ്ങിച്ചെന്നതു പോലെ, ഞാൻ ഒട്ടും പ്രതീക്ഷിക്കാത്ത സമയത്ത്, കൊവേന്ത പറമ്പിലോ മറ്റു സ്ഥലങ്ങളിലോ വച്ച് ബ. അച്ചന്മാർ, 'നിന്നെ ഇപ്പോൾതന്നെ സ്വീകരിക്കാം' എന്നു പറയുകയാണെങ്കിൽ ആ സമയം തന്നെ എല്ലാം ഉപേക്ഷിച്ച് അവരോടുകൂടി ചേരുന്നതിനു ഞാൻ ഒരുക്കമാണോ എന്ന് എന്നോടുതന്നെ ഞാൻ പലപ്പോഴും ചോദിക്കുമായിരുന്നു. എല്ലായ്പ്പോഴും എന്റെ ഹൃദയം ഒരുങ്ങിയിരുന്നതായി എനിക്ക് അനുഭവപ്പെട്ടിരുന്നു.

"ഏഴു വയസായിരുന്നപ്പോൾ മുതൽതന്നെ കുടുംബസ്നേഹത്തിൽ നിന്നും വസ്തുക്കളോടുള്ള സ്നേഹത്തിൽനിന്നും ലൗകികമായ എല്ലാത്തിൽനിന്നും എന്റെ ഹൃദയത്തെ ഞാൻ അകറ്റിയിരുന്നതു കൊണ്ട് എനിക്കു വളരെ എളുപ്പമായിരുന്നു. അപ്പന്റെ പക്കൽ പലരും പല തരത്തിലുള്ള കേസുകൾ തീർക്കുന്നതിനായി വരുമായിരുന്നു. അതു ശ്രദ്ധിച്ചു ശ്രദ്ധിച്ച് എനിക്കു വ്യവഹാര കാര്യങ്ങളോടു വളരെ താൽപര്യം തോന്നാൻ തുടങ്ങി. അപ്പോൾ 'ഇതുകൊണ്ടൊക്കെ എനിക്ക് എന്ത് ഉപകാരം' എന്നു കരുതി മനഃപൂർവ്വം എന്റെ ശ്രദ്ധ ഞാൻ അകറ്റാൻ തുടങ്ങി."

ദൈവവിളിയോടു മത്തായിയെപ്പോലെ പ്രതികരിക്കണം. ഇട്ടൂപ്പുണ്ണി തീരുമാനമെടുത്തു. ആ തീരുമാനം നടപ്പിലാക്കുന്നതിനു പ്രതികൂലമായി വന്നതിനെയെല്ലാം പ്രതിരോധിച്ചു. കർത്താവ് വിളിച്ചപ്പോൾതന്നെ മത്തായി ഇറങ്ങിച്ചെന്നു. പിന്നെ പിന്തിരിഞ്ഞു നോക്കിയില്ല. കർത്താവ് വിളിച്ചാൽ താൻ പെട്ടെന്ന് ഇറങ്ങിച്ചെല്ലും. പിന്നെ തിരിഞ്ഞുനോക്കില്ല. ദൃഢമായിരുന്നു ഇട്ടൂപ്പുണ്ണിയുടെ തീരുമാനം. മത്തായി ശ്ലീഹായുടെ തിരുനാളിന്റെ അടുത്ത ദിവസം, സെപ്റ്റംബർ 22-ാം തീയതി ഇട്ടൂപ്പുണ്ണി വീട്ടിൽനിന്ന് ഇറങ്ങി.

## 04

# ക്ഷമാശീലനത്തിന്റെ സഹനസരണി

പ്രകൃത്യാ വാശിക്കാരനായിരുന്നു ഇട്ടൂപ്പുണ്ണി. ക്ഷമയുടെയും അനുരഞ്ജനത്തിന്റയും വഴി പരിശീലിക്കുക അവനു വളരെ എളുപ്പമായിരുന്നില്ല. ആ പരിശ്രമം തികച്ചും സഹനപൂർണ്ണമായിരുന്നു. വീടും വിദ്യാലയവും ഈ വാശിക്കാരനു ക്ഷമയുടെ പരീക്ഷണശാലകളായിരുന്നു. എങ്കിലും വിശുദ്ധനാകുന്നതിനുള്ള പ്രതിജ്ഞാബദ്ധത അവനിൽ നിശ്ചയദാർഢ്യം പകർന്നു. ഇട്ടൂപ്പുണ്ണി സ്വയം സാക്ഷിക്കുന്നതുപോലെ അഞ്ചു വയസ്സുമുതൽ തനിക്കു സുലഭമായിരുന്ന വിശ്വാസവെളിച്ചവും ദൈവകൃപയും അവനു വലിയ തുണയായി. ക്ഷമയുടെ പടിപടിയായ വഴിയിലൂടെ ദൈവം വളർച്ചയിലേക്കു നയിച്ചു. രമ്യതയുടെയും അനുരഞ്ജനത്തിന്റെയും പക്വതയുടെ പൂർണ്ണത താൻ പ്രാപിച്ചതിനെക്കുറിച്ച് ഡൺസ്റ്റണച്ചൻ അനുസ്മരിക്കുന്നു.

### അപ്പനിൽ നിന്നു പഠിച്ചത്

“അപ്പൻ തനിക്കു കഴിവുള്ള സഹായം ആർക്കും ചെയ്തുകൊടുത്തിരുന്നു. പലരും പല പ്രശ്നങ്ങളിൽ മദ്ധ്യസ്ഥം വഹിക്കുന്നതിനായും ചില കേസുകളിൽ ആലോചന ചോദിക്കുന്നതിനായും രോഗങ്ങളിൽ ചില്ലറ ചികിത്സാസഹായം ലഭിക്കുന്നതിനായും വീട്ടിൽ വരുമായിരുന്നു. എപ്പോഴും താൽപര്യത്തോടുകൂടി അപ്പൻ അവരെ സ്വീകരിക്കും. ഒരേ സമയം രണ്ടുതരം ചികിത്സ തേടുന്നവരാണെങ്കിൽ അതേക്കുറിച്ച് അവരെ ശകാരിക്കാറുണ്ട്. സ്നേഹമാണ്, വിരോധമല്ല ശകാരത്തിനു പ്രേരകമായിരുന്നത്. തന്റെ കോപവും വിദ്വേഷവും അഞ്ചു മിനിറ്റിലധികം നീണ്ടു നിൽക്കാറില്ല എന്ന് അപ്പൻ പറയും.

“ശത്രുക്കളോടുള്ള അപ്പന്റെ പെരുമാറ്റം കുടുംബാംഗങ്ങളെ അതിശയിപ്പിക്കുന്ന തരമായിരുന്നു. 1933ലോ അതിനു സ്വൽപം മുമ്പോ നടന്ന ഒരു സംഭവം: 1000 തേങ്ങക്കു 16ഉം 17ഉം രൂപ കിട്ടിയിരുന്ന കാലം. വസ്തു മുഴുവൻ വിറ്റാലും വീട്ടാനാകാത്ത കടമുണ്ടായിരുന്നു. കടക്കാർ പലരും കോടതിയിൽ കേസു കൊടുത്തിരുന്നു. ചിലതെല്ലാം വിധിയായി. തൈക്കാട്ടിൽ താമസിക്കുന്ന പോന്നോര് ചാക്കു എന്നയാൾക്കു വസ്തുക്കളിൽ നല്ലൊരു ഭാഗം ഈടുകൊടുത്ത് കിട്ടുന്ന തുകകൊണ്ട് കടം വീട്ടാം എന്ന് അപ്പൻ തീർച്ചയാക്കി. മനസ്സില്ലാമനസ്സോടെ ചാക്കു അതിനു സമ്മതം നൽകി. പക്ഷെ, നടപടികളൊന്നും നടന്നില്ല. കടക്കാരിൽ അക്ഷമനായ പാവറട്ടി ഇടവകക്കാരൻ ഒരാൾ അപ്പനോടൊപ്പം ചാക്കുവിനെ നേരിൽകണ്ടു സംസാരിച്ചു. അടുത്തു തന്നെ കടം തന്നുതീർത്തുകൊള്ളാം എന്ന വാഗ്ദാനം ചാക്കുവിൽ നിന്ന് അയാൾക്കു ലഭിച്ചു. എന്നിട്ടും അയാൾ അപ്പനെ പിടിപ്പിക്കുന്നതിനായി രഹസ്യമായി തുക കോടതിയിൽ കെട്ടിവെക്കുകയാണുണ്ടായത്. തുടർനടപടികൾക്കായി കോടതിയിൽനിന്ന് അയയ്ക്കപ്പെട്ട ശിപായിമാരോടുകൂടി ഒരു നാൾ രാവിൽ ഞങ്ങളുടെ അയൽപക്കത്തു താമസമാക്കി. നേരം വെളുക്കുന്നതിനുമുമ്പ് ഞങ്ങളുടെ വീടു വളയണമെന്നായിരുന്നു ഉദ്ദേശ്യം. കൃത്യനിർവ്വഹണത്തിനായി വരുന്ന ശിപായിമാരോടൊപ്പം കടക്കാരനും നടക്കുകയെന്നത് അന്ന് അവിടങ്ങളിൽ നടപ്പുള്ള നടപടി ആയിരുന്നില്ല. കൈക്കൂലി വാങ്ങി ‘ആളെ കണ്ടില്ല’ എന്നു പറഞ്ഞു ശിപായി തിരിച്ചുചെല്ലുകയാണ് പതിവ്. അപ്രകാരം സംഭവിക്കാതെ എങ്ങനെയെങ്കിലും അപ്പനെ പിടിപ്പിക്കണമെന്ന ദൃഢനിശ്ചയത്തിലാണു കക്ഷി ആ രാത്രി അവരോടൊപ്പം കൂടിയത്. എന്നാൽ അവർ താമസമാക്കിയ വീട്ടിലെ സ്ത്രീ നേരം വെളുക്കുന്നതിനു മുമ്പേ ഞങ്ങളുടെ വീട്ടിൽവന്നു വിവരം അറിയിച്ചു. ഉടനെ അപ്പൻ എഴുന്നേറ്റു പുറകുവശത്തുകൂടി രക്ഷപ്പെട്ടു. നേരം വെളുത്തതോടെ അയാളും ശിപായിമാരും വീട്ടിൽ വന്നു കാവലായി. അപ്പൻ വീട്ടിലില്ല എന്നു പറഞ്ഞിട്ടും അവർക്കു വിശ്വാസമായില്ല. സ്ഥലത്തെ അധികാരിയുടെ അനുവാദപ്രകാരം വീട്ടിൽ കടന്ന് പരിശോധിക്കുന്നതിനും ആലോചന നടന്നു. പല മണിക്കൂറുകൾ കാത്തുനിന്നതിനുശേഷം നിരാശരായി അവർ മടങ്ങി.

“മറ്റു കടക്കാർ സംഭവം അറിഞ്ഞു. തങ്ങൾക്കും പണം കിട്ടുവാൻ തിരക്കുണ്ടെന്ന മട്ടിൽ ഉടനെ നടപടികൾ തുടങ്ങി. ഇക്കാര്യം ഗ്രഹിച്ച പോന്നോരു ചാക്കുവിനു വലിയ വിഷമമായി. അദ്ദേഹം വലിയ ധനവാനും

വാക്കു പാലിക്കുന്നവനുമായിരുന്നു. 'എന്റെ വാക്കു വിശ്വസിച്ച് അൽപം ക്ഷമിക്കാൻ അവർക്കു കഴിഞ്ഞില്ലല്ലോ. അവർ പണം വാങ്ങുന്നതു ഞാനൊന്നു കാണട്ടെ.' ചാക്കുവിനും വാശിയായി. ഓടി രക്ഷപ്പെടുന്നതിനുള്ള തുക മാത്രം അദ്ദേഹം അപ്പനു കൊടുത്തു. ഇതോടെ കടം വീട്ടുന്നതിനുള്ള അപ്പന്റെ പരിശ്രമം വിഫലമായി. വലിയ കുണ്ഠിതവുമായി. മറ്റു മതസ്ഥർ ക്ഷമിച്ചുനിൽക്കെ നാട്ടുകാരനും കത്തോലിക്കനുമായ കടക്കാരന്റെ അക്ഷമയാലും വിദ്വേഷത്താലും സംഗതികൾ ഇത്രയും വഷളായി. സ്വൽപം ക്ഷമിച്ചിരുന്നെങ്കിൽ എല്ലാം ശുഭമായിത്തീരുമായിരുന്നു. മാത്രമല്ല, ഞങ്ങളുടെ കുടുംബത്തിനു വലിയ നഷ്ടമുണ്ടായി. എല്ലാവർക്കും അയാളോടു വെറുപ്പായി. പണം മുടക്കി അയാളും മടുത്തു.

"ഒരു ദിവസം രാവിലെ ഒന്നുമറിയാത്ത പോലെ അയാൾ വീട്ടിൽ വന്നുകയറി. അപ്പൻ വളരെ സന്തോഷത്തോടുകൂടി സ്വീകരിച്ച് കഞ്ഞി കുടിക്കുന്നതിനു ക്ഷണിച്ചു. അപ്പന്റെ സ്നേഹപൂർണ്ണമായ സംസാരവും പെരുമാറ്റവും അയാളിൽ ലജ്ജയുളവാക്കി. മുഖം വിളറി. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ അയാളിൽനിന്നു തനിക്കുണ്ടായ പ്രയാസങ്ങൾ വിവരിച്ച് ആയതെല്ലാം ക്ഷമിച്ചിരിക്കുന്നുവെന്ന് അപ്പൻ പറഞ്ഞു. ആ രംഗം കാണേണ്ടതുതന്നെയായിരുന്നു."

### ജ്യേഷ്ഠന്റെ കഠിനശിക്ഷണത്തിൽ നിന്നു ലഭിച്ചത്

ജ്യേഷ്ഠൻ ജോസഫ് തന്റെ തെറ്റുകൾ വളരെ കഠിനമായിട്ടാണ് തിരുത്തിയിരുന്നതെന്നും അതുകൊണ്ടാണ് താൻ ഇത്രയധികം മയപ്പെട്ടതെന്നും ഡൺസ്റ്റണച്ചൻ അനുസ്മരിക്കുന്നു:

"ഒരിക്കൽ (അഞ്ചുവയസാകുന്നതിനുമുമ്പ്) ഞാനും ചെറിയ പെങ്ങൾ മേരിയും ശണ്ഠകൂടി. അരിശം സഹിക്കവയ്യാതായപ്പോൾ ഞാൻ ഒരു ചീത്തവാക്കു പറഞ്ഞു. ഉടനെ ജ്യേഷ്ഠൻ ഓടിയെത്തി എന്നെ തല്ലി. അതിൽപിന്നെ ഞാൻ ഒരുത്തരോടും ഒരു ചീത്തവാക്കു പറഞ്ഞിട്ടില്ല. എന്റെ കുടുംബാംഗങ്ങളിൽ ആരിൽനിന്നും ഒരിക്കലും ഒരു ചീത്തവാക്കു കേൾക്കുന്നതിന് എനിക്ക് ഇടയായിട്ടില്ലാത്തതിനാൽ അപ്രകാരം സൂക്ഷിക്കുന്നത് എളുപ്പവുമായിരുന്നു. സംശയമുള്ള വാക്കുകൾപോലും ഞാൻ ഉപയോഗിക്കാറില്ലായിരുന്നു. അന്യവീട്ടിലെ കുട്ടികൾ ഞങ്ങളുടെ വീട്ടിൽവെച്ചു ചീത്തവാക്കുകൾ പറയുന്നതിനു സാധാരണ തുനിയാറില്ല. ജ്യേഷ്ഠൻ ഈ വിഷയത്തിൽ വളരെ കഠിനമായാണു പെരുമാറിയിരുന്നത്. ആരാണ്, എവിടെ വെച്ചാണ് എന്നു ജ്യേഷ്ഠൻ നോക്കുകയില്ല. 'അതു കുറെ കടന്നുപോയി' എന്നു പലപ്പോഴും വിമർശനമുണ്ടായിട്ടുണ്ടെങ്കിലും ജ്യേഷ്ഠന്റെ സ്വഭാവത്തിനു അയവു തെല്ലും വന്നില്ല."

**ജന്മനാ വാശിക്കാരൻ**

“മറ്റത്തിലെ ഐപ്പുണ്ണി അച്ചന്റെ മകൻ കൊച്ചുമാത്തു ചെറുപ്പത്തിൽ വളരെ വാശിയുള്ളവനായിരുന്നു. അമ്മായിയുടെ മക്കളിൽ അവനെ ക്കുറിച്ചായിരുന്നു എനിക്കു കൂടുതൽ മതിപ്പുണ്ടായിരുന്നത്. അവനു രണ്ടുമൂന്നു വയസ്സുള്ളപ്പോൾ ഞാൻ കൊണ്ടുനടന്നു കളിപ്പിച്ചിരുന്നു. അവന്റെ ചിന്താശീലവും വാശിയും സംസാരവും കളികളും എന്നെ വളരെ ആകർഷിച്ചു. അവൻ ഒരു വൈദികനാകുമെന്നു ഞാൻ പ്രതീക്ഷിച്ചു. അമ്മായി അവനെ ശിക്ഷിക്കുമ്പോൾ അവന്റെ അപ്പൻ പറയുമായിരുന്നത്രെ. കുട്ടികൾക്കു ചെറുപ്പത്തിൽ കുറച്ചു വാശിയുള്ളതുകൊണ്ട് തരക്കേടൊ ന്നുമില്ല. ആ ആനട്ടിമാരോടത്തെ ഇട്ടൂപ്പുണ്ണി എങ്ങനെയായിരുന്നു?

“അതെ, ഞാൻ ജന്മനാ വളരെ അരിശമുള്ളവനും വാശിക്കാരനുമായി രുന്നു. ചൂടുകഞ്ഞി എനിക്കു വളരെ അരിശം വരുത്തിയിരുന്നു. അതോ ടൊപ്പം എരിവ് അധികമുള്ള കറിയും കൂടെയായാൽ അരിശത്തിനു തെല്ലും അളവില്ലാതാകും. കോപാധിക്യത്താൽ കഞ്ഞിപ്പാത്രം കാലുകൊണ്ട് തൊഴിച്ചതായും ഞാൻ ഓർക്കുന്നു. എന്നാൽ എന്റെ ദുർഗുണത്തെ താലോലിക്കുന്ന അന്തരീക്ഷമല്ലായിരുന്നു വീട്ടിലുണ്ടായിരുന്നത്.”

**വഴിത്തിരിവായ ചില അനുഭവങ്ങൾ**

“കോപമെന്ന വികാരത്തെ നിയന്ത്രിക്കുന്നതിനു സഹിച്ചിട്ടുള്ളിടത്തോളം മറ്റൊന്നിനുംവേണ്ടി ഞാൻ സഹിച്ചിട്ടില്ല. ദൈവാനുഗ്രഹത്താൽ ഞാൻ ആ സഹനത്തിൽ വളരെ വിജയിക്കാനിടയായി. ഞാൻ ഒരു മുൻകോപി യായിരുന്നില്ല. അതുകൊണ്ടുതന്നെ മറ്റുള്ളവരുടെ ദൃഷ്ടിയിൽ എന്റെ കോപം അധികം പ്രത്യക്ഷമായില്ല. മുൻകോപികൾ എളുപ്പത്തിൽ അവ രുടെ കോപകാരണം മറക്കുകയോ തങ്ങളുടെ കോപത്തെക്കുറിച്ചു മനസ്തപിക്കുകയോ ചെയ്യുന്നു. രമ്യപ്പെടുവാൻ അവർക്ക് എളുപ്പമാണ്. ഇതല്ലായിരുന്നു എന്റെ സ്ഥിതി. പ്രകൃത്യാ ചിന്താശീലനായിരുന്ന ഞാൻ ഏതെങ്കിലും ന്യായത്തോടുകൂടിയാണു കോപിച്ചിരുന്നത്. അകാരണമായി കോപിക്കുന്ന പതിവില്ലായിരുന്നു. അതുകൊണ്ട് മനസ്തപിക്കേണ്ട ആവശ്യവുമില്ലായിരുന്നു. എന്റെ കോപം ചിന്ത യോടുകൂടിയും ന്യായസഹിതവും ആയിരുന്നതിനാൽ അതെന്നിൽ ആഴമായി പതിയും. സദാ ഓർമ്മയിൽ നിൽക്കും. പകരം വീട്ടുന്നതിന് അവസരം പാർത്തിരിക്കുകയും ചെയ്യും.”

പ്രകൃത്യാ അരിശക്കാരനും വാശിക്കാരനുമായിരുന്നു ഇട്ടൂപ്പുണ്ണി. കോപം അവന്റെ ആത്മീയ പുരോഗതിക്കു തടസ്സവുമായിരുന്നു. എന്നാൽ

വിശുദ്ധനായിത്തീരണമെന്ന ദൃഢനിശ്ചയം, ദൈവം ക്രമാനുഗതമായി പ്രദാനം ചെയ്തിരുന്ന വിശ്വാസവെളിച്ചത്തോടും അവിടുത്തെ കൃപയോടും അവൻ സർവാത്മനാ നൽകിയ സഹകരണം, ഓർമ്മവെച്ചനാൾ മുതൽ ഈ ദുർഗുണത്തെ ജയിക്കുന്നതിനു ഉൾപ്രേരണയ്ക്ക് അവൻ നൽകിയ അനുകൂല പ്രതികരണം എന്നിവ വളർച്ചക്കുള്ള വളമായി. ചെറുപ്രായം മുതലേ, ജീവിതാനുഭവങ്ങൾ വഴി തുടർച്ചയായ മാനസാന്തരത്തിലൂടെ ഇട്ടൂപ്പുണ്ണി കടന്നുപോയി. അഞ്ചുവയസിനും ഏഴുവയസിനും ഇടയിൽ നടന്ന ചില സംഭവങ്ങളും അതിലൂടെ സ്വന്തമായ മാനസാന്തരാനുഭവവും ഡൺസ്റ്റണച്ചൻ അനുസ്മരിക്കുന്നു:

"ഞാനും മറ്റത്തെ അമ്മായിയുടെ മകൻ തോമസും ഒരിക്കൽ കളിച്ചുകൊണ്ടിരുന്നപ്പോൾ വഴക്കുണ്ടായി. ഞങ്ങൾ തമ്മിൽ ഒരു ദിവസത്തെ പ്രായവ്യത്യാസമേ ഉള്ളു. എന്നാൽ അവൻ എന്നെക്കാൾ ശക്തിയുള്ളവനായിരുന്നു. തൽക്കാലം എനിക്കു തോൽവിയുണ്ടായി. കുട്ടികൾ തമ്മിൽ ശണ്ഠകൂടി തോൽക്കുന്നയാൾ പറയാറുള്ള ഒരു വാചകമുണ്ട്, 'ഇന്നു രാത്രി നീ ഉറങ്ങുമ്പോൾ ഞാൻ കാണിച്ചുതരാം.' അപ്രകാരം ഉരുവിട്ട് തൽക്കാലം എനിക്കു സമാധാനിക്കേണ്ടതായിവന്നു. 'കുട്ടികൾ എത്ര പ്രാവശ്യം ഇതുപോലെ പറയാറുണ്ട്. എന്നാൽ ഒരിക്കലെങ്കിലും അവർ അതു ചെയ്തു കണ്ടിട്ടില്ല.' ഞാൻ വെല്ലുവിളിക്കുന്നതു കേട്ട് അവിടെയുണ്ടായിരുന്നവർ ചിലർ പ്രതികരിച്ചു. കുട്ടികളുടെ പ്രകൃതിയനുസരിച്ച് ഇപ്രകാരമുള്ള വാക്കുകൾ അവർ പാലിക്കാറില്ല. എത്ര ശണ്ഠ കൂടിയാലും അടുത്ത നിമിഷം അവർ അതു മറക്കും. വീണ്ടും ഒരുമിച്ചു കളിതുടങ്ങും.

"എന്നാൽ ഞാൻ പറഞ്ഞാൽ പറഞ്ഞതു തന്നെയാണ്. ഞങ്ങൾ ഉടനെ പിരിഞ്ഞു. സന്ധ്യയാകുന്നതുവരെ ഒരുമിച്ചു കളിച്ചില്ല. അവൻ ഉറങ്ങുന്നതിനു ഞാൻ കാത്തിരുന്നു. രാത്രി അവൻ കിടക്കുന്നതിനു പായ വിരിക്കുമ്പോൾ ഞാൻ പുറകെ ചെന്ന് ഒന്നു നുള്ളിയിട്ട് ഓടി. അവൻ എന്റെ പുറകെ വരുമെന്നു ഞാൻ വിചാരിച്ചു. പക്ഷെ, വന്നില്ല. അവന്റെ പ്രതികരണമില്ലായ്മ എന്നെ ചിന്തിപ്പിച്ചു. ഞാൻ വിജയിച്ചതായി തോന്നിയില്ല. തെല്ലും തൃപ്തി അനുഭവിച്ചില്ല. അതിസ്വാഭാവിക ന്യായങ്ങൾക്കു കാലമായിട്ടില്ലായിരുന്നു. എന്നാൽ ആ ദുർഗുണത്തിനെതിരായ സമരത്തിനു ഞാനറിയാതെ എന്നിൽ ആരംഭം കുറിച്ചു. എന്നിലെ അസംതൃപ്തി സ്വാഭാവികമായ, അസ്പഷ്ടമായ ഒരു പ്രേരണയായി രൂപം പൂണ്ടു. ആ പ്രേരണയനുസരിച്ച് അതൊരു തീരുമാനമായി രൂപാന്തരപ്പെടുവാൻ ഏകദേശം ഒരു കൊല്ലംകൂടെ കാത്തിരിക്കേണ്ടി വന്നു."

ഇനി മറ്റൊരു സംഭവം അനുസ്മരിക്കാം: "പിൽകാലത്തു ഞാൻ വളരെയധികം മനസ്തപിച്ചിരുന്നതും ഒരിക്കലും ആവർത്തിച്ചിട്ടില്ലാത്തതുമായ ഒരു തെറ്റ് എന്നിൽനിന്നുണ്ടായി. പുതുമനശ്ശേരിയിലെ എലമെന്ററി സ്കൂളിൽ പഠിച്ചിരുന്ന കാലത്തു നാലുമണിക്കു സ്കൂൾ വിട്ടതിനു ശേഷം വേദപാഠക്ലാസ് നടത്തിയിരുന്നു. ഒരു ആശാനായിരുന്നു ക്ലാസ് നടത്തിയിരുന്നത്. പലപ്പോഴും അദ്ധ്യാപകരെല്ലാവരും പോയതിനു ശേഷം കുറെ താമസിച്ചായിരിക്കും ആശാൻ വരിക. അതുവരെ കുട്ടികളെ നിയന്ത്രിക്കുവാൻ ആരുമുണ്ടായിരിക്കുകയില്ല. ആശാൻ വരുന്നതിനു താമസിച്ചാൽ ഞങ്ങൾ അടങ്ങിയിരുന്നു ക്രമമായി വായിച്ചു പഠിച്ചുകൊള്ളണമെന്നായിരുന്നു നിർദ്ദേശം. എന്നാൽ കുട്ടികൾ പുറത്തു പോയി സംസാരിക്കുകയും വഴക്കിടുകയും കളിക്കുകയും ചെയ്യും. ആശാൻ വരുന്ന സമയത്തു പൊതുവെ ബഹളമാണെന്നു കണ്ടാൽ എല്ലാവരേയും ഒരുപോലെ ശിക്ഷിക്കുകയാണു പതിവ്. കുറ്റം ചെയ്തവരാരെന്നു നോക്കുകയില്ല. ഒരറ്റം മുതൽ കുട്ടികളുടെ കാൽമുട്ടുകളിൽ അടിച്ചടിച്ചു കടന്നുപോകും. അതാണ് ആശാൻ താമസിച്ചു വരുന്ന ദിവസങ്ങളിലെ ഒന്നാമത്തെ ചടങ്ങ്. ആശാന്റെ ഈ പരിപാടിയെക്കുറിച്ച് എനിക്കു വളരെ വിഷമം തോന്നിയിരുന്നു. എങ്കിലും അതു പുറമെ കാണിച്ചിരുന്നില്ല.

"ഒരു ദിവസം ആശാൻ പതിവു പരിപാടിയായി എല്ലാവരേയും അടിച്ചപ്പോൾ എനിക്കു കണക്കിലധികം വേദനയുണ്ടായി. ഈ രീതി ഒന്നു മാറ്റണമെന്ന് എനിക്കു തോന്നി. അതിനു മുമ്പും പിമ്പും ഞാൻ ഹൃദയപൂർവ്വം വെറുത്തിരുന്ന ഒരു അഭിനയം നടത്തി. കുസൃതികളായ കുട്ടികൾ ചെയ്തുകണ്ടിട്ടുള്ളതുപോലെ ഞാൻ പിണങ്ങി ധിക്കാരപൂർവ്വം ആശാനോട് എന്തോ പറഞ്ഞിട്ടു ക്ലാസിൽനിന്ന് ഇറങ്ങിപോകുവാൻ ഭാവിച്ചു. ഞാൻ മാനേജരുടെ മകനാണെന്ന ഭാവം എനിക്കുണ്ടായിരുന്നു. റ്റയിം പീസ് ഞാനാണു വീട്ടിൽ കൊണ്ടുപോയിരുന്നത്. "ഞാൻ അതു കൊണ്ടുപോയാൽ ക്ലാസ് നിർത്താനുള്ള സമയം അവരെങ്ങനെ അറിയും. ഒന്നു കാണട്ടെ.' എന്ന അഹങ്കാരചിന്ത എന്നിലുണ്ടായിരുന്നു. എന്നാൽ വാതിൽവരെ ചെന്നപ്പോഴെക്കും എന്റെ തുനിവ് അവസാനിച്ചു. ആശാൻ സ്വൽപം ഒന്നു പരിഭ്രമിച്ചെന്നു തോന്നി. അദ്ദേഹം എന്നെ ആ കുറ്റത്തിനു ശിക്ഷിച്ചില്ല. പ്രത്യേകമായൊന്നും പറഞ്ഞതായി ഓർക്കുന്നില്ല. എങ്കിലും അപ്പോൾമുതൽ ആ അഭിനയത്തെക്കുറിച്ചു വലിയ ലജ്ജയാണ് എനിക്ക് അനുഭവപ്പെട്ടത്."

അച്ചന്റെ ജീവിതത്തെ മുഴുവൻ സ്പർശിച്ച മറ്റൊരു സംഭവം: "ക്ലാസിൽ എന്റെ പുറകിലിരുന്ന ഒരു കുട്ടി എന്റെ തലയ്ക്കു തോണ്ടു

വാൻ തുടങ്ങി. ഓരോ തോണ്ടലിനും ഞാൻ തിരിഞ്ഞുനോക്കി. അപ്പോഴെല്ലാം പുറകിലിരിക്കുന്നവർ അറിയാത്ത ഭാവം നടിച്ചു. കളിപ്പിക്കലാണെന്നു മനസ്സിലായി. ഞാൻ തിരിഞ്ഞു നോക്കാതിരുന്നു. എങ്കിലും ആരാണെന്ന് അറിയാൻ പുറകോട്ടു സൂത്രത്തിൽ നോക്കിക്കൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ആളെ പിടികിട്ടി. ഉടനെ ആ കുട്ടിയുടെ കൈവിരൽ പിടിച്ചു ഞാൻ കടിച്ചു. വിവരമറിഞ്ഞു പ്രധാനാധ്യാപകൻ ക്ലാസിൽ വന്ന് എന്നെ ശാസിച്ചു. തെറ്റു തിരുത്തി. എന്തു ശിക്ഷയാണു തന്നതെന്ന് ഓർക്കുന്നില്ല. അദ്ദേഹം തന്ന ശിക്ഷയോ ശാസനയോ അല്ല എന്നെ സ്പർശിച്ചത്. അതിസ്വാഭാവിക ന്യായങ്ങൾകൊണ്ടല്ല എന്നെ ഉപദേശിച്ചത്.  എന്റെ ബുദ്ധിയെ അദ്ദേഹം കൂടുതൽ സ്പർശിച്ചു.

"മാന്യകുടുംബത്തിൽപെട്ട എനിക്ക് അപ്രകാരമുള്ള പകരം വീട്ടൽ ഒട്ടും യോജിച്ചതല്ലായെന്ന് അദ്ദേഹത്തിൽനിന്ന് എനിക്കു മനസ്സിലായി. സ്കൂളിൽ മറ്റുള്ള കുട്ടികളിൽ നിന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ അദ്ധ്യാപകരെ അറിയിച്ചു നിവർത്തി മാർഗ്ഗം ആരായുകയല്ലാതെ ഞാൻ നേരിട്ടു മറ്റു കുട്ടികളെ ശിക്ഷിക്കരുതെന്നും മനസ്സിലായി.

"ഹെഡ്മാസ്റ്റർ എന്നെ വളരെ സ്നേഹിച്ചിരുന്ന ഒരാളായിരുന്നു. അപ്പൻ സ്കൂളിന്റെ  മാനേജർ ആയിരുന്നതുകൊണ്ടു ശമ്പളം വാങ്ങുന്നതിനും വിദ്യാലയ സംബന്ധമായ കാര്യങ്ങൾ പറയുന്നതിനും അദ്ദേഹം കൂടെക്കൂടെ വീട്ടിൽ വന്നിരുന്നു. അങ്ങനെയുള്ള അവസരങ്ങളിൽ മാസ്റ്റർ എന്നെ മടിയിൽ വെച്ചു ലാളിക്കുമായിരുന്നു. അപ്രകാരമുള്ള ഒരാൾ, പുറകിലിരുന്നു തോണ്ടിയവനെ തെല്ലും ശാസിക്കാതെ എന്നെ മാത്രം ശിക്ഷിച്ചതും ശാസിച്ചതും പ്രത്യേകം സ്പർശിച്ചു. പകരം വീട്ടൽ വലിയ തെറ്റായതുകൊണ്ടാണ് അദ്ദേഹം എന്നെ ശിക്ഷിച്ചതും ശാസിച്ചതുമെന്നു മനസ്സിലായി. അദ്ദേഹത്തെക്കുറിച്ചു മതിപ്പും സ്നേഹവും തോന്നി. എന്റെ തെറ്റിനെക്കുറിച്ച് എനിക്കു ലജ്ജ തോന്നത്തക്ക വിധം സാമർത്ഥ്യപൂർവ്വം എന്നോടു പെരുമാറിയ അദ്ദേഹത്തിനെ ഞാൻ എന്നും നന്ദിയോടുകൂടിയാണ് ഓർത്തിരുന്നത്. പിൽക്കാലത്ത് ആരും ഒരിക്കലും സ്കൂളിൽ എന്നെക്കുറിച്ചു പരാതിപ്പെടുന്നതിന് ഇടയായില്ല."

**അതിസഹനം ക്ഷമാശീലനം**

"മേൽ വിവരിച്ച സംഭവത്തിനുശേഷം അധികനാൾ കഴിയുന്നതിനു മുമ്പുതന്നെ വീട്ടിൽനിന്നു പ്രതികാരത്തെ മുടക്കുന്ന അതിസ്വഭാവിക ന്യായങ്ങളും എനിക്കു കരഗതമായി. അങ്ങനെയാണ് പൂർണ്ണവും

സ്ഥിരവുമായ പരിവർത്തനം എന്നിൽ സാധ്യമായത്. എന്നാൽ പ്രശാന്തമായ അവസ്ഥയിൽ ചെന്നുചേരുന്നതിനുമുമ്പു വളരെയധികം സഹിക്കേണ്ടതുണ്ടായിരുന്നു.

"പ്രതികാരവും കോപപ്രകടനങ്ങളും പാപമാണെന്നും മാന്യതക്കു തെല്ലും യോജിച്ചതല്ലെന്നും അപ്രകാരം പ്രവർത്തിച്ചാൽ വിദ്യാലയത്തിലായാലും വീട്ടിലായാലും ശിക്ഷിക്കപ്പെടുമെന്നും ബോദ്ധ്യമായ നിമിഷംമുതൽ ആകുലതകൾ എന്നെ വലയം ചെയ്തു. തിന്മയുടെ അടയാളങ്ങൾ കൺമുമ്പിൽ കാണപ്പെട്ടപ്പോഴൊക്കെ നിസ്സഹായനായിത്തീർന്നു. ആരെയും എതിർക്കുവാൻ പാടില്ലെന്നായപ്പോൾ സഹിക്കാതെ ഗത്യന്തരമില്ലെന്നായി. സഹനത്തിന്റെ മാഹാത്മ്യം ഗ്രഹിക്കുവാൻ എനിക്കു കഴിഞ്ഞതുമില്ല.''

അതിസ്വാഭാവിക ന്യായങ്ങളുടെ തുണയില്ലാതെ തന്റെ കോപവികാരങ്ങളെ നിയന്ത്രിക്കുന്നതിനും അമർത്തുന്നതിനും ഇട്ടൂപ്പുണ്ണി പരിശ്രമിച്ചപ്പോൾ അവന്റെ പ്രകൃതിയിൽ തന്നെ വലിയ മാറ്റമുണ്ടായി. അപ്രകാരമുള്ള സ്വഭാവമാറ്റം ഇട്ടൂപ്പുണ്ണിയെ കടുത്ത ജീവിതനിരാശയിൽ ആഴ്ത്തി.

"കോപവും പ്രതികാരവും അരുതെന്നു വന്നപ്പോൾ മറ്റൊരു പ്രകൃതം എന്നിൽ പ്രകടമായി. ഞാൻ കോപിക്കുമായിരുന്ന സാഹചര്യങ്ങളിൽ പലപ്പോഴും ആശ്വസിക്കുവാൻ ആകാത്തവിധം കരയുവാൻ തുടങ്ങി. ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ ഒരു കാലത്ത് ചൂടുകഞ്ഞി എന്നെ കോപിപ്പിച്ചിരുന്നു. എന്നാൽ ഇപ്പോൾ ചൂടുകഞ്ഞി എന്നെ കരയിപ്പിക്കുന്നു. ഈദൃശാനുഭവങ്ങൾ ജീവിതത്തെ സംബന്ധിച്ച് എന്നിൽ മടുപ്പുളവാക്കി. എട്ടുവയസു തികയുന്നതിനുമുമ്പു ഞാൻ ചിന്തിച്ചതായി ഓർക്കുന്നു: 'ദൈവം എന്നെ സൃഷ്ടിച്ചില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. എത്രയേറെ ക്ലേശങ്ങൾ ഞാൻ സഹിക്കേണ്ടതായി വന്നിരിക്കുന്നു. ഇനി മരിച്ചാലും സ്വർഗ്ഗത്തിൽ പോകുമെന്ന് എന്ത് ഉറപ്പാണുള്ളത്?' ഈ ചിന്ത എന്നെ കൂടെക്കൂടെ അലട്ടിക്കൊണ്ടിരുന്നു. അങ്ങനെ വിഷാദാത്മകമായ ചിന്തയിൽ മുഴുകി കരഞ്ഞുകൊണ്ട് ഞാൻ വീടിനും സ്കൂളിനും ഇടക്കുള്ള വഴിയിൽ നിന്നിരുന്ന ഒരവസരം ഇപ്പോഴും ഓർക്കുന്നു.

"ഏകദേശം ഏഴുവയസ്സുള്ള കാലഘട്ടത്തെക്കുറിച്ചാണ് ഞാൻ വിവരിച്ചത്. ഈ കാലഘട്ടം കഴിയാറായപ്പോഴേക്കും പല സംഗതികളിലും ഞാൻ സ്വയം ജയിക്കാൻ തുടങ്ങി. ഞാൻ വളരെ കരുതലോടെ പ്രവർത്തിച്ചിരുന്നതായി ഓർക്കുന്നു. ഒരു ദിവസം ഭക്ഷണം തയ്യാറാ

കുന്നതിനു കുറെ താമസം നേരിട്ടു. എനിക്കു വിശപ്പു സഹിക്കവയ്യാതായി. അടുക്കളയിൽ കാത്തുനിന്നാൽ ഞാൻ പരാജിതനാകും എന്ന് അറിയാമായിരുന്നതുകൊണ്ട് ഞാൻ തെക്കെ ഇറയത്തു പോയിക്കിടന്നു. ഭക്ഷണം തയ്യാറായപ്പോൾ അമ്മായി വന്ന് എന്നെ വിളിച്ചു. ഞാൻ അവിടെ നിന്ന് എഴുന്നേറ്റില്ല. വീണ്ടും വീണ്ടും വിളിച്ചിട്ടും ഞാൻ എഴുന്നേൽക്കാതിരുന്നതു കണ്ട് അമ്മായി കാരണം ചോദിച്ചു. "ഇപ്പോൾ നല്ല ചൂടുണ്ടാകും. അവിടെ വന്നിരുന്നാൽ എനിക്കു അരിശം വരും." ഞാൻ കൊടുത്ത മറുപടി.

"കോപത്തിലും വാശിയിലും ഒരു നല്ല വശമുണ്ടെന്നു ബാല്യകാലത്തിന്റെ അന്ത്യത്തിൽ എത്തിയപ്പോഴേക്കും എനിക്കു മനസ്സിലായി. നിശ്ചയദാർഢ്യം എന്ന നിലയിൽ വാശി ഞാൻ മതിക്കുവാനും തുടങ്ങി.''

കോപവികാരങ്ങളെ നിയന്ത്രിക്കുന്നതിനുള്ള കഠിനയത്നത്തിനിടയിൽ നിരാശയിൽ നിപതിച്ച കാലയളവിലാണ് ഇട്ടൂപ്പുണ്ണിയുടെ ആദ്യകുർബാന സ്വീകരണം നടന്നത്. തികച്ചും വരണ്ടമനസ്സും വറ്റിപ്പോയ ഹൃദയവുമായി ആ സൗഭാഗ്യനിമിഷങ്ങളെ അവൻ സമീപിച്ചു:

"എന്റെ ആദ്യകുർബാന സ്വീകരണത്തിന്റെ ദിവസങ്ങൾ അടുത്തു. അന്നെനിക്കു വളരെയധികം പ്രായമായെന്ന് തോന്നിയിരുന്നു. അപ്പൻ കുർബാനയെന്ന കൂദാശയെക്കുറിച്ചു വേദപാഠത്തിൽ ഉണ്ടായിരുന്നവ എനിക്കു മനസ്സിലാകത്തക്കവണ്ണം വിവരിച്ചുതന്നു. ഇടവകപ്പള്ളിയിലോ കൊവേന്തയിലോ ആ കാലത്ത് കുട്ടികളുടെ കുർബാനസ്വീകരണം സംബന്ധിച്ചു യാതൊരു ഏർപ്പാടും ഉണ്ടായിരുന്നില്ല. അമ്മ എന്നെ കൊവേന്തയിലേക്കു പറഞ്ഞയച്ചു. ഞാൻ ബ. കൊർണേലിയൂസച്ചനെ കണ്ടു കാര്യം പറഞ്ഞു. അദ്ദേഹം കുറെയൊക്കെ ഉപദേശിച്ചു. സാധാരണയിൽ കവിഞ്ഞു ഞാൻ ആഗ്രഹിച്ചിരുന്നതുപോലെയോ പ്രതീക്ഷിച്ചിരുന്നതുപോലെയോ ഒരു ഭക്തി തീക്ഷ്ണതയും അനുഭവപ്പെട്ടില്ല. അത് ഒരു വലിയ ദിവസമായി കുടുംബാംഗങ്ങൾ കരുതുന്നുവെന്നു മനസ്സിലായി. എനിക്ക് അറിയാവുന്നതുപോലെ ഞാൻ ഒരുങ്ങി. പിറ്റേദിവസം എന്നെ ഒരുക്കി ജ്യേഷ്ഠന്റെ കൂടെ കൊവേന്തയിലേക്കു പറഞ്ഞയച്ചു. സെറാഫിയോനച്ചനെ മണിമുറിയിൽ കണ്ട് ഉപദേശം ആവശ്യപ്പെട്ടു. അദ്ദേഹം സ്വൽപനേരം ചിലതെല്ലാം പറഞ്ഞു. എന്നാൽ ഇതുകൊണ്ടൊന്നും എനിക്ക് ഒരു ഫലവുമുണ്ടായില്ല. ശുഷ്കമായ വിശ്വാസം മാത്രമാണ് അന്നെനിക്ക് അനുഭവപ്പെട്ടത്.''

### വിഷാദഭാവത്തെയും മറികടന്ന്

ജീവിതനിരാശയിൽ ആണ്ടുപോയപ്പോഴും ദൈവം ഇട്ടൂപ്പുണ്ണിയെ കൈവെടിഞ്ഞില്ല. പ്രതിസന്ധികളിലും കരം പിടിച്ചുനടത്തുന്ന കർത്താ

വിന്റെ പരിപാലനാവൈഭവം അവനെ ആത്മാവിന്റെ ഇരുളിൽനിന്നു പ്രകാശത്തിലേക്കു നയിച്ചു. ദൈവകൃപയും വിശ്വാസവും അതിലേറെ വിശുദ്ധനായിത്തീരണമെന്ന ദൃഢപ്രതിജ്ഞയും നിരാശയിൽനിന്നു കരകയറാനുള്ള യാനപാത്രങ്ങളായി. ഡൺസ്റ്റണച്ചൻ എഴുതുന്നു:

"ദൈവകൃപയും വിശ്വാസത്തിന്റെ വെളിച്ചവും അഞ്ചുവയസുള്ളപ്പോൾ മുതൽ എനിക്കു സുലഭമായിരുന്നതുകൊണ്ട്, ജീവിതനിരാശയിൽനിന്നു ക്രമേണ വിമോചനമായി. ദൈവവിശ്വാസവും വിശ്വാസസത്യങ്ങളിന്മേൽ അടിയുറച്ച ഉന്നതാദർശങ്ങളുമാണ് ജീവനും ഉന്മേഷവും പകർന്ന് എന്നെ രക്ഷിച്ചത്.

"വിശുദ്ധനാകണം എന്ന ചിന്ത വളർന്നതോടെ വിശുദ്ധനാകുന്നതുവരെയെങ്കിലും ജീവിക്കാൻ ഞാൻ ആഗ്രഹിച്ചുതുടങ്ങി. ഇന്ത്യക്കു വേഗം ഒരു പുണ്യവാനുണ്ടാകുന്നതിനായി വേഗം മരിക്കണമെന്നു ഞാൻ ആഗ്രഹിച്ചു. അതിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആ പ്രാർത്ഥന ദൈവം ശ്രവിക്കുമെന്ന വിശ്വാസം വളരെ ആശ്വാസദായകമായി. അധികകാലം ക്ലേശിക്കേണ്ടി വരികയില്ലെന്ന ഓർമ്മ സഹനസമയങ്ങളെ ഉന്മേഷഭരിതമാക്കി. കഠിനതരമായ രോഗത്തിന്റെ മുന്നടയാളമെന്നു സംശയിക്കാവുന്ന അനുഭവങ്ങൾ വളരെ സന്തോഷം പകർന്നു. മരണം അടുത്തുവരുന്നു എന്ന ചിന്ത എനിക്ക് ആശ്വാസം നൽകി. 24-ാം വയസ്സിൽ കാലിലെ അസുഖം (എക്സിമ) ആരംഭിച്ചപ്പോൾ എല്ലാവരുടെയും ദൃഷ്ടിയിൽ ഞാൻ രോഗിയായിത്തീർന്നു. സുഖമാകുമെന്ന പ്രതീക്ഷ ഇല്ലാതായി. ആറുവയസിൽ എന്നിലെ കോപസ്വഭാവം അമർത്തിയപ്പോൾ പ്രത്യക്ഷമായ വിഷാദാത്മകത്വം പൂർണ്ണമായി മാറിയെന്ന് എനിക്കു തോന്നിയത് ചെത്തിപ്പുഴ ആതുരശാലയിൽ കഴിഞ്ഞിരുന്ന ദിവസങ്ങളിലാണ്. അന്ന് ഒരാൾ എന്നെ ഓപ്റ്റിമിസ്റ്റ് എന്നു വിളിക്കാനിടയായി. വിശുദ്ധനാകുന്നതിനുള്ള ആഗ്രഹം വളരെ ആഴമായ വിഷാദാത്മക പ്രകൃതിയെ ജയിക്കുവാൻ എനിക്കു ശക്തി പകർന്നു.''

ഇട്ടൂപ്പുണ്ണി വളർന്നുകൊണ്ടിരുന്നപ്പോഴും സ്വന്തം ദുർഗുണത്തിനെതിരെ പോരാട്ടം തുടർന്നു:

"ചെറുപ്പത്തിൽ തന്നെ എന്നിൽ പ്രത്യക്ഷപ്പെട്ട കോപവികാരങ്ങളോടു കുറേ പ്രായമായിട്ടും എനിക്കു പോരാടേണ്ടിയിരുന്നു. ഞാൻ വലിയ മറവിക്കാരനായിരുന്ന കാലങ്ങളിലും ഈ വിഷയത്തിൽ മറവിയില്ലായിരുന്നു. കോപത്താൽ തപിച്ചവനായി ദിവസം മുഴുവൻ കഴിച്ചുകൂട്ടേണ്ടി വന്നിട്ടുണ്ട്. മനഃപൂർവ്വം വഴിപ്പെട്ടില്ലെങ്കിലും ഈ വികാരത്തെ നിയന്ത്രിക്കുവാൻ പല ദിവസങ്ങൾതന്നെ ചിലപ്പോൾ ആവശ്യമായി

വന്നു. ഇതു വലിയൊരു സഹനം തന്നെയായിരുന്നു. എന്റെ ബലഹീനതക്കെതിരായി ഇടവിടാതെ പ്രാർത്ഥനയോടുകൂടി പരിശ്രമിച്ചിരുന്ന കാലങ്ങളിലെ സ്ഥിതിയാണിത്.''

ക്ഷമിക്കാൻ പ്രയാസമേറിയ തന്റെ മാനസികാവസ്ഥയെ അലകടലിനോട് അച്ചൻ ഉപമിക്കുന്നു. ദൂരത്തു കടൽ ആർത്തലയ്ക്കുന്നു. അലമാല ഉയർന്നുയർന്നു സാവധാനം ചെറുതായി കരയിൽവന്ന് അലിയുന്നു. എല്ലാം അവസാനിച്ചുവെന്നു കരുതുമ്പോൾ അതാ അകലെനിന്നു വീണ്ടും തിരമാല ഉരുണ്ടുവരുന്നു. ഇതൊരിക്കലും അവസാനിക്കുന്നില്ലല്ലോ ദൈവമേ!

വൈദികനായതിനുശേഷവും കോപത്തെ അതിജീവിക്കുന്നതിനുള്ള പരിശ്രമം തുടർന്നു. അയിരൂരിലും മണിമലയിലും വ്യത്യസ്തരായ മനുഷ്യരെ കണ്ടുമുട്ടുന്നതിനും വിപരീത സാഹചര്യങ്ങളിൽ പരസ്നേഹം അഭ്യസിക്കുന്നതിനും സാധിച്ചെന്നു തികഞ്ഞ ചാരിതാർത്ഥ്യത്തോടെ അദ്ദേഹം പങ്കുവയ്ക്കാറുണ്ട്. പ്രസ്തുത ജീവിതാനുഭവങ്ങൾ എവിടെച്ചെന്നാലും പിടിച്ചുനിൽക്കാനുള്ള ധൈര്യം പകരുന്ന ശക്തിസ്രോതസുകളായി. അയിരൂരിലെ അനുഭവങ്ങൾ പങ്കുവച്ചുകൊണ്ട് ഒരിക്കൽ പറഞ്ഞു, "അത്താഴമുണ്ണാതെ കിടന്നുറങ്ങിയ അനേകം രാത്രികൾ എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്.'' ഭക്ഷണം കഴിക്കാതെ ഉറങ്ങുന്നതിന് ഒരു പ്രത്യേക കാരണമുണ്ട്. പലതും മറക്കാൻ കഴിയുന്നില്ല. മുറിവേറ്റ ഓർമ്മകൾ ഉറങ്ങാൻ അനുവദിക്കുന്നില്ല. ഭക്ഷണം കഴിക്കാതിരുന്നാൽ ശരീരത്തിനു ക്ഷീണമുണ്ടാകും; അറിയാതെ ഉറങ്ങിപ്പോകും. ഇത്തരം അനുഭവങ്ങളിലൂടെ എവിടെയും പിടിച്ചുനിൽക്കാൻ മാത്രം ഡൺസ്റ്റണച്ചൻ കരുത്തനായി. വിശുദ്ധിയിൽ പക്വത പ്രാപിച്ചു. ജീവിതത്തിൽ മറ്റുള്ളവരോടു ക്ഷമിക്കാൻ കഴിഞ്ഞതിന്റെ അത്ഭുത കഥകൾ അദ്ദേഹത്തിനു ധാരാളം പറയുവാനുണ്ടായിരുന്നു. എല്ലാവരോടും ക്ഷമിക്കണം; എങ്ങനെ ക്ഷമിക്കണം എന്ന് ആധികാരികമായി അദ്ദേഹത്തിനു പറയാൻ കഴിഞ്ഞിരുന്നു.

### ആരോടും പകയില്ലാതെ

ജന്മനാ കോപിഷ്ഠനും വാശിക്കാരനുമായിരുന്ന, ചൂടുകഞ്ഞി വിളമ്പിയാൽ കാലുകൊണ്ടു തട്ടിയെറിഞ്ഞ് അരിശം തീർക്കുന്ന, ഉപദ്രവിച്ചവരെ ഓർത്തിരുന്നു പ്രതികാരം ചെയ്തു തൃപ്തി തേടിയിരുന്ന ഇട്ടൂപ്പുണ്ണിയിൽനിന്നു തന്നെ വേദനിപ്പിച്ചവരോട് ഒരിക്കലും വിരോധം പുലർത്തുവാൻ കഴിയാത്ത ഡൺസ്റ്റണച്ചനിലേക്കുള്ള ദൂരം വളരെ വലുതും സഹനം നിറഞ്ഞതുമായിരുന്നു.

ജീവിതത്തിൽ മറക്കാനും മാപ്പുചോദിക്കാനുമുള്ള കഴിവ് ഡൺസ്റ്റണച്ചന്റെ ആദ്ധ്യാത്മിക ജീവിതത്തിന്റെ ഭാഗമായി, ആത്മീയതയുടെ അടയാളമായി വളർന്നു. "കർത്താവേ പൊറുക്കണമേ. കർത്താവേ ക്ഷമിക്കണമേ" എന്നത് നിരന്തര സുകൃതജപമായി. ക്രൂശിതന്റെ മുമ്പിൽ കൈ വിരിച്ച്, തന്റെ തെറ്റുകൾ ക്ഷമിക്കണമെന്നു പ്രാർത്ഥിച്ച ഡൺസ്റ്റണച്ചൻ മറ്റുള്ളവർക്കു മാപ്പു കൊടുക്കാനും അവരോടു ക്ഷമ യാചിക്കാനും ശ്രദ്ധാലുവായി. ക്ഷമിക്കുവാനും ക്ഷമ ചോദിക്കുവാനുമുള്ള ശീലത്തിനു പ്രായം ഒരിക്കലും തടസ്സമായില്ല.

വരന്തരപ്പിള്ളിയിൽ പ്രിയോരായിരിക്കെ ഇടവകജനങ്ങളിൽ ഡൺസ്റ്റണച്ചനെ ചിലർ വേദനിപ്പിച്ചു. ആരുമായും അദ്ദേഹം അകന്നുനിന്നില്ല. അവരുടെ വീടുകളിലേക്കു കടന്നുചെന്ന് അവരുമായി സംസാരിച്ചു. ശാന്തമായി ഇടപഴകി. അനുരഞ്ജനത്തിനായി പരിശ്രമിച്ചു.

ഒരിക്കൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് മൊണാസ്റ്ററിയിൽ മാസധ്യാനത്തിന് അദ്ദേഹം ഉപദേശം നൽകാനിടയായി. തദവസരത്തിൽ സ്വാനുഭവം അദ്ദേഹം പങ്കുവച്ചു: "എന്റെ ജീവിതത്തിൽ ഇതുവരെ മറ്റുള്ളവരോടു പ്രയാസം തോന്നിയിട്ടുള്ള അവസരങ്ങൾ രണ്ടെണ്ണം മാത്രം." ഡൺസ്റ്റണച്ചൻ ഒരു യുവവൈദികനായിരിക്കെ അദ്ദേഹത്തിന്റെ പ്രിയോരച്ചൻ ഒരു ഇടവകപള്ളിയിൽ പോയി ദിവ്യബലി അർപ്പിക്കുവാൻ ആവശ്യപ്പെട്ടു. ഡൺസ്റ്റണച്ചൻ പ്രിയോരച്ചന്റെ ആജ്ഞ അനുസരിച്ചു. എങ്കിലും ഒരു മനഃപ്രയാസം. "പ്രിയോരച്ചൻ പനി പിടിച്ചിരിക്കുന്ന എന്നെ ഇങ്ങനെ പറഞ്ഞയച്ചല്ലോ!" ആ ഉപദേശം ശ്രവിച്ചവർക്ക് അത്ഭുതം തോന്നി. സ്വന്തം വിശുദ്ധജീവിതത്തിന് അദ്ദേഹം സ്വയം നൽകിയ മഹത്തരമായ സാക്ഷ്യമൊഴിയായി ശ്രോതാക്കൾ അതിനെ കരുതി.

പാലക്കാട് രൂപതയിലെ കുളക്കാട്ടുകുറിശി നടത്തുപള്ളിയിൽ സണ്ണി ഊക്കനച്ചനോടൊപ്പം താമസിച്ച കാലത്ത് ഡൺസ്റ്റണച്ചന് കൈക്കാരനുമായി പിണങ്ങേണ്ടിവന്നു. രണ്ടുപേരും നല്ല ദേഷ്യത്തിലായിരുന്നു. അവസാനം കൈക്കാരൻ, "അങ്ങനെയാണല്ലെ? എന്നാൽ ഞാൻ പിന്നെ കണ്ടോളാം" എന്നു പറഞ്ഞ് വീട്ടിലേക്കു പാഞ്ഞു. ഡൺസ്റ്റണച്ചൻ ഉടനെ ഓടിവന്ന് സണ്ണിയച്ചനോടു പറഞ്ഞു, "കൈക്കാരൻ വർഗീസ് ചേട്ടൻ പിണങ്ങിയാണ് പോയത്. അച്ചൻ ചെന്ന് കാര്യങ്ങൾ ശരിയാക്ക്." "അച്ചന് വേറെ പണിയില്ലെ? അയാളുടെ കള്ളിന്റെ മപ്പ് ഇറങ്ങിക്കഴിയുമ്പോൾ എല്ലാം ശരിയായിക്കൊള്ളും." സണ്ണിയച്ചൻ മറുപടി നൽകി. ഡൺസ്റ്റണച്ചൻ പല തവണ നിർബന്ധിച്ചെങ്കിലും സണ്ണിയച്ചൻ വഴങ്ങിയില്ല. ഉടനെ ഡൺസ്റ്റണച്ചൻ വർഗീസേ

ട്ടന്റെ വീട്ടിലേക്കു തിരിച്ചു. വാതിൽക്കൽ മുട്ടി അകത്തു കടന്നു. മുട്ടുകുത്തി കാലുപിടിച്ചു മാപ്പപേക്ഷിച്ചു. രണ്ടുപേരും കെട്ടിപ്പിടിച്ചു കരഞ്ഞു. തിരിച്ചുവന്ന ഡൺസ്റ്റണച്ചൻ കൊച്ചച്ചനെ ഒരു ഗുണപാഠം പഠിപ്പിച്ചു: "നമ്മൾ സന്ന്യാസ വൈദികർ ഇങ്ങനെയൊക്കെയാണ് ചെയ്യേണ്ടത്."

ഓർമ്മ മങ്ങിത്തുടങ്ങിയ കാലത്തും പാപപുണ്യവിവേചനകൾ അദ്ദേഹത്തിൽ സജീവമായിരുന്നു. ചിലപ്പോൾ ദേഷ്യപ്പെട്ടു ചെറുതായി കൈവീശി അടിക്കും. അടുത്ത നിമിഷം തെറ്റിനെക്കുറിച്ചു ബോധവാനായി മാപ്പു ചോദിക്കും.

ഒരിക്കൽ തന്നെ ശുശ്രൂഷിച്ചിരുന്ന സഹോദരനുമായി ഡൺസ്റ്റണച്ചൻ ഒന്നു പിണങ്ങി. തുടർന്ന് ബ്രദർ കളിക്കാനായി പോയി. കുറ്റബോധം തോന്നി അച്ചൻ കളിസ്ഥലത്തു സഹോദരനെ തിരക്കിയെത്തി. കളിയിൽ മുഴുകിയ സഹോദരന്റെ ശ്രദ്ധയിൽ അദ്ദേഹം പതിഞ്ഞില്ല. ഡൺസ്റ്റണച്ചൻ കളി കഴിയുംവരെ കാത്തുനിന്നു. കളി കഴിഞ്ഞപ്പോൾ അച്ചൻ നവസന്ന്യാസിയുടെ പുറകെ കൂടി. "അച്ചന് എന്തു വേണം?" സഹോദരൻ ചോദിച്ചു. "ഞാൻ താങ്കൾക്കെതിരെ തെറ്റു ചെയ്തെങ്കിൽ, അല്ല ഞാൻ തെറ്റു ചെയ്തു; ക്ഷമിക്കണം." നിഷ്ക്കളങ്കഭാവത്തിലുള്ള ക്ഷമായാചനം അവരുടെ ബന്ധത്തെ പുനഃസ്ഥാപിച്ചു.

അച്ചൻ പ്രാർത്ഥിക്കുന്നു: "എനിക്കു ചുറ്റുമുള്ളവരോടുള്ള എന്റെ പെരുമാറ്റത്തിൽ നിന്റെ ക്ഷമയെ അനുകരിച്ചു ജീവിപ്പാൻ എനിക്കു കൃപ ചെയ്യണമെ. എന്നിൽ നിരാശ ഉളവാകുന്ന അവസരങ്ങളിലും എന്റെ കാര്യങ്ങളിലുള്ള മറ്റുള്ളവരുടെ അശ്രദ്ധ എന്നെ വേദനിപ്പിക്കുമ്പോഴും ഞാൻ വിശ്വസിച്ചിരുന്നവർ പരമാർത്ഥതയില്ലാതെ എന്നോടു പെരുമാറുമ്പോഴും ക്ഷോഭജനകങ്ങളായ എല്ലാ അവസരങ്ങളിലും ഞാൻ ശാന്തനായിരിക്കേണ്ടതിനു നിന്റെ മാധുര്യമേറിയ സൗമ്യതതന്നെ എനിക്കു തരണമെ. ശാന്തതയോടും സൗമ്യതയോടും സ്ഥിരതയോടുംകൂടെ, വിഷമങ്ങളെ ഗണ്യമാക്കാതെ, കർത്തവ്യങ്ങൾ നിർവ്വഹിച്ചു ജീവിപ്പാൻ എന്നെ സഹായിക്കണമെ. എല്ലാവരേയും ഹൃദയപൂർവ്വം സ്നേഹിച്ചുകൊണ്ട്, എന്നാൽ ആരുടെയും മുഖം നോക്കാതെ, നിന്നെ പ്രസാദിപ്പിക്കണമെന്ന ഏക ലാക്കോടുകൂടി എന്റെ കടമകൾ നിർവ്വഹിപ്പാൻ എന്നെ ശക്തിപ്പെടുത്തണമെ."

### സഹനശേഷി ശാരീരിക സഹനത്തിലും

ഡൺസ്റ്റണച്ചന്റെ ജീവിതം സഹനപൂർണ്ണമായിരുന്നു. ദാരിദ്രമായിരുന്നു ബാല്യകാലം. വിശുദ്ധനാകാനുള്ള പരിശ്രമത്തിന്റെ ഭാഗമായി

തന്റെ ബലഹീനതയോടു പടവെട്ടുന്നതിനിടയിൽ കടുത്ത വിഷാദത്തിൽ അച്ചൻ അമർന്നുപോയി. ചെറുപ്പകാലം മുതൽ ബാധിച്ചിരുന്ന മറവി പഠനത്തിനു പ്രയാസമുണ്ടാക്കിയതോടൊപ്പം അപമാനത്തിനും പലരുടെയും വെറുപ്പിനും പാത്രമാക്കി.

ചെത്തിപ്പുഴയിൽ ദൈവശാസ്ത്രപഠനകാലത്ത് രക്തവാദരോഗിയായി പല മാസങ്ങൾ മണിമലയിൽ താമസിച്ചു ചികിത്സ നേടി. പഠനം താറുമാറായ നിലയിൽ തിരുപ്പട്ടം തടസ്സപ്പെടുന്ന നിലയുണ്ടായി. തുടർന്ന് ഏഴുവർഷത്തോളം പ്രസ്തുത രോഗത്താൽ നന്നേ ക്ലേശിക്കേണ്ടിവന്നു.

വേദനകളിൽ പുലർത്തിയിരുന്ന മനോഭാവമെന്തെന്ന് അദ്ദേഹം തന്റെ അമ്മയ്ക്കെഴുതിയ കത്തിൽ വ്യക്തമാക്കുന്നുണ്ട്:

"ദൈവം അമ്മയ്ക്കു വേണ്ട ധൈര്യവും സമാധാനവും തരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അമ്മ ഓർക്കുവാൻപോലും തുനിയാത്ത പല ത്യാഗങ്ങളും ഇതിനകം സഹിച്ചുകഴിഞ്ഞു. ദൈവം നമ്മിൽനിന്ന് ഓരോ ത്യാഗങ്ങൾ ആവശ്യപ്പെടുമ്പോൾ അതു സഹിക്കുന്നതിനുള്ള ശക്തിയും നമുക്കു തരാതിരിക്കയില്ല. നാം പ്രാർത്ഥിച്ചാൽ മാത്രം മതി.

"പ്രിയ അമ്മേ, തന്നെപ്രതി കൊടുക്കുന്ന ഒരു കോപ്പ പച്ച വെള്ളത്തിനു പോലും സമ്മാനം പറഞ്ഞൊത്തിരിക്കുന്ന കർത്താവ് അമ്മയുടെ ഇത്രയേറെ ബലികൾക്ക് ഒരുക്കി വെച്ചിരിക്കുന്ന സമ്മാനം എത്ര വലുതായിരിക്കും.''

ദേവമാതാ പ്രവിശ്യയുടെ വൈദികരും അർത്ഥികളും ചാലക്കുടി വെട്ടുകടവിന്റെ തീരത്തുള്ള കൊവേന്തയിൽ കുളിച്ചുതാമസിക്കുന്ന പതിവുണ്ടായിരുന്നു. ഏൽത്തുരുത്ത്, വരന്തരപ്പിള്ളി യോഗാർത്ഥി ഭവനങ്ങളിലെ കുട്ടികൾ ഒരുമിച്ചാണ് ഈ പരിപാടി നടത്തിയിരുന്നത്. 1962 ഏപ്രിൽ മാസത്തിൽ പതിവുപോലെ യോഗാർത്ഥികൾ വെട്ടുകടവ് കൊവേന്തയിൽ കുളിച്ചു താമസിക്കാനെത്തി. കളിയും കുളിയും ഉല്ലാസവുമായി ദിവസങ്ങൾ മുന്നോട്ടു പോയി.

അങ്ങനെയിരിക്കെ ഏപ്രിൽ 25-ാം തീയതി സമൂഹത്തെ നടുക്കിയ ഒരു സംഭവമുണ്ടായി. ഏൽത്തുരുത്ത് യോഗാർത്ഥി ഭവനത്തിലെ ബ്ര. ഇ. എൽ. ആന്റണിയെ രാത്രിയിൽ കാണാതായി. അന്വേഷണത്തിൽ പുഴയിൽ കുളിച്ചുകൊണ്ടിരിക്കെ മുങ്ങിമരിച്ചതായി അറിഞ്ഞു. റെക്റ്ററായ സാംസനച്ചൻ സ്ഥലത്തില്ലായിരുന്നു. വരന്തരപ്പിള്ളി യോഗാർത്ഥികളുടെ ചുമതലയുള്ള ഡൺസ്റ്റണച്ചൻ ആ ദുരന്ത സാഹചര്യത്തെ നേരിടേണ്ടിവന്നു. രാത്രി മുഴുവൻ ആശ്രമക്കപ്പേളയിൽ കുട്ടിയുടെ മൃതശരീരത്തിന് ആകുലതയോടെ കാവലിരുന്നു. മരണമടഞ്ഞ യോഗാർ

ത്ഥിയുടെ കുടുംബാംഗങ്ങളുടെ വികാരപ്രകടനങ്ങളെ അച്ചനാണ് നേരി ടേണ്ടിവന്നത്. അന്ന് കാലിലെ എക്സിമ മനഃസംഘർഷംമൂലം പൊട്ടി ചോരയൊലിച്ചു.

പിന്നീട് ഉറക്കമില്ലാത്ത ഒരുപാട് രാത്രികളിലൂടെയാണ് അദ്ദേഹം കടന്നുപോയത്. മാനസികവേദനയാലോ എന്തോ ശരീരം വിണ്ടുകീറിയി ട്ടെന്നപോലെ ജലമൊഴുകി. അതോടുകൂടി ശരീരത്തെ ഫംഗസ് ബാധിച്ചു. മുടി മുഴുവൻ കൊഴിയാൻ തുടങ്ങി. അങ്ങനെ മദ്ധ്യപ്രായത്തിൽതന്നെ രൂപം നഷ്ടപ്പെട്ടവനെപ്പോലെയായി. ഒരിക്കൽ കണ്ണാടി നോക്കിയപ്പോൾ കടുത്ത മനോവേദനയ്ക്കിരയായി. താൻ എത്ര വിരൂപനായിരിക്കുന്നു. "കർത്താവ് ഈശോമിശിഹാ എത്ര സുന്ദരനും സുമുഖനുമായിരുന്നു. എന്നാൽ പീഡകൾ സഹിച്ചപ്പോൾ വിരൂപനായി മാറിയല്ലോ. താനിപ്പോൾ സഹിക്കുന്ന കർത്താവിനോട് അനുരൂപനായിരിക്കുന്നു." ഡൺസ്റ്റണ ച്ചൻ ആശ്വസിച്ചു.

സത്യസന്ധമായ നിലപാടുകളും നീതിക്കുവേണ്ടിയുള്ള പോരാട്ടവും സമൂഹത്തിൽ ചിലപ്പോഴെല്ലാം ഒറ്റപ്പെടലിനും അവഗണനയ്ക്കും അദ്ദേഹത്തെ ഇരയാക്കി.

ശാരീരികമായ വേദനകളിൽ ഡൺസ്റ്റണച്ചൻ അപാരമായ ക്ഷമ പ്രകട മാക്കി. അപ്രകാരമുള്ള അവസരങ്ങളിൽ "വേദനയുണ്ട്. സാരമില്ല" എന്ന് അദ്ദേഹം മൊഴിയും. ഒരിക്കൽ വാതം കോപിച്ചതിന്റെ ഫലമായി വായ് തുറക്കുന്നതിനും ശരിയായി ഭക്ഷണം കഴിക്കുന്നതിനും ബുദ്ധി മുട്ടിലായ സാഹചര്യമുണ്ടായി. ചികിത്സകൾ പലതും ഫലിക്കാതെ വന്നപ്പോൾ ദൈവതിരുമനസു സ്വീകരിക്കുന്നതിനായി എല്ലാവരോടും പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെട്ടു.

1996-ൽ ഡൺസ്റ്റണച്ചൻ കൗണ്ടമ്പാളയം സെമിനാരിയിലെ റെക്റ്റ റായിരുന്നു. ആ വർഷം ബ്ര. സ്റ്റാൻലിയുടെ നേതൃത്വത്തിലുള്ള ടീമാ യിരുന്നു യോഗാർത്ഥികളുടെ വാർഷികധ്യാനം നടത്തിയത്. ഓരോ ദിവസവും യോഗാർത്ഥികൾക്ക് അത്ഭുതരോഗശാന്തികൾ ലഭിച്ചു. "ഡൺസ്റ്റണച്ചന്റെ കാലിലെ എക്സിമ കർത്താവ് തൊട്ടു സുഖപ്പെടു ത്തുന്നു" ധ്യാനഗുരു വിളിച്ചുപറഞ്ഞു. തത്സമയം കർത്താവിനെ സ്തു തിച്ചുകൊണ്ടിരുന്ന ഡൺസ്റ്റണച്ചൻ അറിയാതെ പറഞ്ഞു, "അയ്യോ, കഷ്ടമായി." പിന്നീട് അതേക്കുറിച്ച് അച്ചൻ പറഞ്ഞത്, "എനിക്കു സഹിക്കാൻ കർത്താവ് തന്ന അനുഗ്രഹമാണ്. അതെടുത്തു മാറ്റിയെന്നു പറഞ്ഞപ്പോൾ ദുഃഖം തോന്നി." 52 വർഷങ്ങളായി കാൽ പഴുത്തു കഷ് ടപ്പെട്ടിരുന്ന അദ്ദേഹത്തെ പിന്നീട് ഒരിക്കലും ഈ രോഗം അലട്ടിയിട്ടില്ല.

## രഹസ്യസഹനം മഹനീയം

"കർത്താവറിയാതെ യാതൊന്നും സംഭവിക്കുന്നില്ല'' എന്നത് ഡൺസ്റ്റണച്ചന്റെ ഉപദേശങ്ങളിൽ സ്ഥിരം പല്ലവിയായിരുന്നു. ചിലർക്ക് അവിടുന്ന് കണ്ടറിഞ്ഞ് ചിലതു നൽകാറുണ്ട്. തനിക്കു പ്രിയപ്പെട്ടവരെ സ്വന്തം സഹനത്തിൽ പങ്കുചേർക്കാറുണ്ട്. അപ്രകാരമുള്ളവർക്ക് സഹനം അവിടുന്നുമായുള്ള ഹൃദയബന്ധത്തിന്റെ അടയാളങ്ങളാണ്. ഡൺസ്റ്റണച്ചൻ പ്രാർത്ഥിക്കുന്നു: "എനിക്കുണ്ടാകുന്ന ചെറിയ വിഷമങ്ങളും ഹൃദയവ്യഥകളും മറ്റാരുടെയും സഹതാപവിഷയമാകാതിരിപ്പാൻ അവ എന്നിൽതന്നെ ഒതുക്കുവാൻ എന്നെ പഠിപ്പിക്കണമെ. കർത്താവേ, അവ നാം രണ്ടു പേർ മാത്രം അറിയുന്ന രഹസ്യങ്ങളായിരിക്കട്ടെ.''

## രമ്യതയുടെ ദൂതനായ് പരിശീലന വഴിയിൽ

താൻ ജീവിതത്തിൽ അനുവർത്തിച്ച ക്ഷമയുടെ പാഠങ്ങൾ അർത്ഥികളിലും പുലർന്നുകാണണമെന്നു ഡൺസ്റ്റണച്ചൻ ആഗ്രഹിച്ചു. സമൂഹത്തിലെ പ്രശ്നങ്ങളിൽ വിവേകപൂർവ്വം ഇടപെട്ട് രമ്യമായി പരിഹരിക്കുന്നതിൽ ശ്രദ്ധ പുലർത്തി.

ഒരിക്കൽ പുതിയൊരു സ്ഥലത്തു യോഗാർത്ഥികളുടെ ഗുരുവായി ജോലിയേറ്റെടുത്തപ്പോൾ അദ്ദേഹത്തിനു ശുശ്രൂഷിക്കേണ്ടിയിരുന്നതു മുൻറെക്റ്ററിൽനിന്ന് ഒരുപാട് മുറിവേറ്റ കുട്ടികളെയായിരുന്നു. മുൻഗാമികളുടെ ബലഹീനതകൾ ചികഞ്ഞു പരിശോധിക്കുന്നതിന് അദ്ദേഹം മുതിർന്നില്ല. യോഗാർത്ഥികളുടെ പരിശീലനം മാത്രമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ആത്മീയതയുടെയും ജ്ഞാനത്തിന്റെയും ബലവത്തായ നട്ടെല്ലു സ്വന്തമായവനു ലക്ഷ്യനിർണയം പ്രശ്നമാകുന്നില്ല. അച്ചൻ മുറിവേറ്റ കുഞ്ഞാടുകളെ ശുശ്രൂഷിച്ചു. സഹനം സമ്മാനിച്ചവനു മാപ്പു നൽകി മുറിവുകൾ ഉണക്കുന്നതിൽമാത്രം വ്യാപൃതനായി. ആത്മീയതയുടെ കണ്ണുകളിലൂടെ എല്ലാത്തിനേയും കാണുന്നതിന് പരിശീലനം നൽകി. ഗുരുവിന്റെ അദ്ധ്വാനം ഏറെ വിജയമണിഞ്ഞുവെന്നു ശിഷ്യന്മാർ സാക്ഷിക്കുന്നു.

റാഞ്ചിയിൽ യോഗാർത്ഥികൾ താമസിച്ചിരുന്നത് കൽക്കട്ടക്കാരനായ മുസ്തഫ മുതലാളിയുടെ വീട്ടിൽ വാടകയ്ക്ക് ആയിരുന്നു. യോഗാർത്ഥികൾ താഴത്തെ നിലയിലും ഗുപ്തയുടെ കുടുംബം മുകളിലത്തെ നിലയിലുമാണ് കഴിഞ്ഞിരുന്നത്. അവർക്ക് ബംഗാളി തന്നെയായ ജോലിക്കാരൻ ഉണ്ടായിരുന്നു. അയാൾ മുകളിൽനിന്ന് അടിച്ചുവാരിയ പൊ

ടിയും മറ്റും താഴെക്കിട്ട് കീഴെ താമസിച്ചിരുന്നവരെ ചെറുതായി ശല്യം ചെയ്തിരുന്നു. ഇതെക്കുറിച്ച് അർത്ഥികൾ പരാതി പറഞ്ഞു. അപ്പോൾ ഡൺസ്റ്റണച്ചൻ പറഞ്ഞത്: "അവൻ നിങ്ങളെപ്പോലെ വൈദികപരിശീലനത്തിൽ അല്ലല്ലൊ. നമ്മുടെ ബുദ്ധിമുട്ടിനെക്കുറിച്ച് അവന് അറിവില്ലായിരിക്കും. ഒരു പൊടിക്കാറ്റ് വന്നാൽ അകത്തൊക്കെ പൊടി നിറയില്ലേ? നിങ്ങൾ അതൊക്കെ അടിച്ച് വൃത്തിയാക്കുകയില്ലേ? അവൻ ഇടുന്നതിൽ പൊടികാറ്റിന്റെ അത്ര പൊടിയൊന്നും ഇല്ലല്ലോ. ഞാൻ സാവധാനം ഗുപ്തയോടു പറഞ്ഞേക്കാം."

നല്ല തണുപ്പുകാലത്ത് മേൽപറഞ്ഞ ജോലിക്കാരൻ ഒരു ബക്കറ്റിൽ കൽക്കരി കത്തിക്കുവാൻ താഴെ മുറ്റത്തു കൊണ്ടുവന്നു വെക്കുമായിരുന്നു. കൽക്കരി, കനലായി കഴിഞ്ഞാൽ എടുത്തുകൊണ്ടുപോയി മുകളിൽ യജമാനന്റെ മുറിയിൽ തീ കായുവാനായി വെക്കും. ഒരു ദിവസം തീ പിടിച്ചുകൊണ്ടിരുന്ന പുകനിറഞ്ഞ ബക്കറ്റ് യോഗാർത്ഥികളിൽ ഒരാളുടെ സൈക്കിൾ തട്ടി മറിഞ്ഞുവീണു. അൽപം ഇംഗ്ലീഷ് അറിയുന്ന ജോലിക്കാരൻ പറഞ്ഞു: "God good, but this not good." യോഗാർത്ഥികൾ ദൈവിക കാര്യങ്ങൾക്കായുള്ള പരിശീലനത്തിലാണെന്ന് അയാൾക്ക് അറിയാമായിരുന്നു. അത്തരത്തിലുള്ളവരിൽനിന്ന് ബക്കറ്റ് മറിഞ്ഞു പോകത്തക്കവിധത്തിലുള്ള ഒരു പെരുമാറ്റം ഉണ്ടായതു ശരിയായില്ല എന്നാണ് അയാൾ പറഞ്ഞത്.

ഇതറിഞ്ഞ ഡൺസ്റ്റണച്ചൻ സരസമായി പറഞ്ഞു: "ഇപ്പോൾ ഞാൻ താഴോട്ടു പൊടിയിടുന്നു എന്നു പറഞ്ഞ് വേലക്കാരനെ തിരുത്തണോ, അതോ അയാളുടെ തീ ബക്കറ്റ് മറിച്ചു കളഞ്ഞ നിങ്ങളെ തിരുത്തണോ? വീട്ടുകാരൻ വരുമ്പോൾ ആ പാവത്തിനു നിങ്ങൾ കാരണം ശകാരം കേൾക്കേണ്ടി വരും."

ഇത്രയും പറഞ്ഞ് അച്ചൻ ഗുപ്ത വരുന്നതും കാത്ത് വീടിന്റെ മുൻവശത്ത് ഇരിപ്പായി. ഗുപ്ത വന്ന് അൽപനേരത്തിനുള്ളിൽ ഡൺസ്റ്റണച്ചൻ ചെന്ന് അദ്ദേഹത്തോട് ക്ഷമായാചനം നടത്തി. തുടർന്ന് ഗുപ്ത ഡൺസ്റ്റണച്ചനോടൊപ്പം യോഗാർത്ഥികളെ കാണാൻ വന്നു. ഇരുകൂട്ടരും തമ്മിലുള്ള നീരസവും അവസാനിച്ചു. ഗുപ്ത അദ്ദേഹത്തിന്റെ മകളുടെ ജന്മദിനാഘോഷങ്ങൾക്കു യോഗാർത്ഥികളെ ക്ഷണിച്ചു.

ഡൺസ്റ്റണച്ചൻ തിടുക്കവും എടുത്തുചാട്ടവും ഇല്ലാത്ത വിവേകമതിയായിരുന്നു. തിരുത്തുന്നതിന് എന്നതിനേക്കാൾ അദ്ദേഹം തിടുക്കപ്പെട്ടിരുന്നത് സ്വരുമയിൽ സ്നേഹബന്ധങ്ങൾ സംരക്ഷിക്കുന്നതിനാണ്.

ജ്യോതിനിവാസിൽ നടന്ന മറ്റൊരു സംഭവം: കപ്പേളയിൽ കുർബാന വീഞ്ഞ് വേഗം തീർന്നുപോകുന്നു! അന്വേഷണത്തിലൂടെ സംഗതി യുടെ നിജസ്ഥിതി കണ്ടുപിടിച്ചു. രാത്രിയിൽ പ്രാർത്ഥിക്കുവാനെന്ന പേരിൽ കപ്പേളയിൽ ചെല്ലുന്ന ഭവനത്തിന്റെ പാചകക്കാരൻ ജോർജ് കുർബാന വീഞ്ഞ് പതിവായി മോഷ്ടിച്ചു കുടിക്കുകയായിരുന്നു. ഈ കണ്ടുപിടുത്തം ജോർജിന്റെ വേറെ ചില കളവുകൾകൂടി കണ്ടുപിടി ക്കുവാൻ സഹായകമായി. വൈകുന്നേരം യോഗാർത്ഥികളുടെ പ്രാർ ത്ഥനാസമയത്ത് ജോർജ് കലവറയിൽനിന്ന് അരി, പഞ്ചസാര തുടങ്ങി യവ അടിച്ചുമാറ്റി തൊട്ടടുത്തുള്ള ഹോട്ടൽകാരന് വിൽപന നടത്തുന്നു! ജോർജിനെ പറഞ്ഞു വിടുവാൻ തീരുമാനം ഉണ്ടായി. പക്ഷെ, ഡൺസ്റ്റ ണച്ചൻ പറഞ്ഞു: "അവനെ ആരും വഴക്കു പറയണ്ട. അവൻ ഒന്നും അറിയാ ത്തവനെപ്പോലെ സന്തോഷത്തിൽ പൊക്കോട്ടെ. അവൻ ചെയ്തത് ഒട്ടുംതന്നെ ശരിയായില്ലെങ്കിലും, നമ്മളായിട്ട് അവന്റെ മനസ്സിന് ഒരു വിഷമവും നാണക്കേടും ഉണ്ടാക്കണ്ട."

ജ്യോതിനിവാസ് അങ്കണത്തിന്റെ പിന്നിലായി കോളേജ് വിദ്യാർ ത്ഥിനികളുടെ ഹോസ്റ്റൽ ഉണ്ടായിരുന്നു. അവിടത്തെ കുറുമ്പികളായ കുറെ കുട്ടികൾ ജ്യോതിനിവാസിന്റെ മുൻവശത്തുള്ള ഇറയത്തിരുന്ന് സംസാരിക്കുന്നത് യോഗാർത്ഥികൾക്കു ശല്യമായി തോന്നി. അവരെ എങ്ങനെ വിരട്ടി ഓടിക്കാമെന്ന ചർച്ചകൾ അവിടെ നടന്നു. ഭവന ത്തിന്റെ കാവൽക്കാരൻ ചില ദിവസങ്ങളിൽ, പെൺകുട്ടികൾ അപ്ര കാരം ചെയ്യാതിരിക്കാൻ ഇറയത്ത് വെള്ളം കൊണ്ടുവന്ന് ഒഴിക്കും. ഇതിൽ കുപിതരാകുന്ന പെൺകുട്ടികൾ അദ്ദേഹത്തോടു തട്ടിക്കയറുക പതിവായി. ഈ വിവരങ്ങൾ അറിഞ്ഞ ഡൺസ്റ്റണച്ചൻ ഒരു ദിവസം പെൺകുട്ടികളോട് ഇറയത്ത് ഇരിക്കരുതെന്ന് സൗമ്യമായ രീതിയിൽ ഉപദേശിച്ചു. അതോടെ പ്രശ്നത്തിനു പരിഹാരമായി.

വരന്തരപ്പിള്ളിയിലെ ഒരു യോഗാർത്ഥിക്കു മൂക്കത്തായിരുന്നു അരിശം. വാശിക്കോ തെല്ലും കുറവില്ല. കളിക്കുമ്പോഴും ക്ലാസ് മുറിയി ലും അദ്ധ്യാപകനായ സക്കേവൂസച്ചനുമായി പയ്യൻ വഴക്കിടുക പതിവാ യിരുന്നു. ഒരു ദിവസം ക്ലാസിൽ അച്ചൻ അവനോട് ഒരു ചോദ്യം ചോദിച്ചു. തലേനാളിൽ കളിക്കിടയിൽ അച്ചനുമായി വഴക്കിട്ടതിന്റെ വാശി തെല്ലും ആറിയിരുന്നില്ല. കുട്ടി ഉത്തരം പറയാതെ നിന്നു. ചോദ്യം പലവട്ടം ആവർത്തിച്ചു. അർത്ഥി യാതൊന്നും ഉരിയാടിയില്ല. അച്ചനു ദേഷ്യം വന്നു. വിദ്യാർത്ഥിയോടു ക്ലാസിൽനിന്ന് ഇറങ്ങിപ്പോകാൻ ആജ്ഞാപിച്ചു. അവൻ അതും അനുസരിച്ചില്ല. അവസാനം കൂട്ടുകാർ ഇടപെട്ടപ്പോഴാണ് കുട്ടി ക്ലാസിൽനിന്ന് ഇറങ്ങിയത്.

വിവരമറിഞ്ഞ ഡൺസ്റ്റണച്ചൻ സൗമ്യത കൈവിടാതെ സ്നേഹ പൂർവ്വം അദ്ദേഹത്തിന്റെ മുറിയിലേക്ക് അർത്ഥിയെ കൊണ്ടുപോയി. ഏറെ നേരം സാന്ത്വനം നൽകി ഉപദേശിച്ചു. ഗുരുവച്ചൻ ആവശ്യപ്പെട്ട പ്രകാരം സക്കേവൂസച്ചനോട് അദ്ദേഹത്തിന്റെ മുറിയിൽ പോയി യോഗാർത്ഥി മാപ്പു ചോദിച്ചു പ്രശ്നം പരിഹരിച്ചു. അന്ന് ഡൺസ്റ്റണച്ചൻ തന്നോടു കാണിച്ച സ്നേഹവും വാത്സല്യവും തനിക്ക് ഒരിക്കലും മറക്കാനാകി ല്ലെന്ന് അദ്ദേഹം സാക്ഷിക്കുന്നു.

പരിശീലനത്തിൽ വ്യക്തിബന്ധത്തിലെ മുറിവുകൾ ഉണക്കുന്ന തിനു ഡൺസ്റ്റണച്ചൻ എന്നും ശ്രദ്ധ പുലർത്തി. പ്രശ്നങ്ങളിൽ നൽകിയ ഉപദേശങ്ങൾ പലരുടേയും ജീവിതത്തിൽ നീണാൾ വാഴുന്ന ഫലം നൽകി. കൂടെക്കൂടെ സംഭവിക്കുന്ന പ്രശ്നങ്ങൾക്കു മറുമരുന്നായി. അവ ജീവിതത്തിലുടനീളം തങ്ങളെ അനുഗമിച്ചു പ്രശ്നങ്ങൾക്കു പരിഹാരം പകരുന്നതായി ചിലരുടെ അനുഭവം. വർഷങ്ങൾ കഴി ഞ്ഞും അച്ചന്റെ സാമീപ്യവും സാന്നിധ്യവും ജീവിതത്തിൽ അവർക്ക് അനുഭവമാണ്.

## 05

# സത്യവഴിയിൽ ഒരു നിത്യസഞ്ചാരി

സത്യത്തോടുള്ള സ്നേഹമാണ് ഡൺസ്റ്റണച്ചന്റെ വ്യക്തിത്വ സവിശേഷതകളുടെ അന്തർധാര. തന്റെ സൗഭാഗ്യത്തിന്റെ അടിസ്ഥാനം എന്നു സത്യസ്നേഹത്തെ ചിലപ്പോൾ അദ്ദേഹം വിളിക്കാറുണ്ട്. ഡൺസ്റ്റണച്ചൻ പറയുന്നു: "എന്റെ സൗഭാഗ്യത്തിന്റെ സാക്ഷാൽ അടിസ്ഥാനം, ആരംഭം കത്തോലിക്കാ വിശ്വാസത്തോടുകൂടിയുള്ള സ്വരാജ്യസ്നേഹമാണ്. ഈ അടിസ്ഥാനത്തിൽ പണി തുടങ്ങിയിട്ടു കുറെ കഴിഞ്ഞപ്പോൾ എല്ലാം തകർന്നുപോയതായി എനിക്ക് അനുഭവപ്പെട്ടു. നിരാശയുടെ വക്കിൽ ഞാൻ ചെന്നെത്തിയപ്പോൾ പുനരുദ്ധാരണത്തിനു സമൃദ്ധമായി സഹായിച്ചത്, ഈ സത്യസ്നേഹമാണ്."

ആത്മീയകാര്യങ്ങളിൽ താൻ എങ്ങും എത്തിയിട്ടില്ല എന്ന ചിന്ത അദ്ദേഹത്തെ എന്നും അലട്ടിയിരുന്നു. "ഒന്നും ആയില്ല" എന്ന് അദ്ദേഹം ആത്മഗതം ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ടുതന്നെ ആത്മീയാന്വേഷണത്തിൽ അദ്ദേഹം തീക്ഷ്ണത പുലർത്തി. അങ്ങനെയാണ് പൂർണ്ണതയുടെ വിജയവഴിയായി സത്യസന്ധതയെ അദ്ദേഹം കണ്ടെത്തിയത്.

വളരെ ചെറുപ്പത്തിൽതന്നെ ഇട്ടൂപ്പുണ്ണിയിൽ സത്യത്തോടുള്ള സ്നേഹം നാമ്പെടുത്തു. സത്യസന്ധതയെ സംബന്ധിച്ചു തനതായ ബോദ്ധ്യങ്ങളും ധാരണകളും അവനിൽ വളർന്നുകൊണ്ടിരുന്നു. മാതാപിതാക്കളുടെ പരിശീലനവും കുടുംബസാഹചര്യങ്ങളും സത്യസ്നേഹത്തിൽ വേരൂന്നുന്നതിനുള്ള അനുകൂലഘടകങ്ങളായി. അമ്മയുടെ ദൃഢനിശ്ചയവും വാക്കു പാലിക്കുന്ന ശീലവും ഇട്ടൂപ്പുണ്ണിയെ വളരെയേറെ സ്വാധീനിച്ചു. ഡൺസ്റ്റണച്ചൻ എഴുതുന്നു:

“അമ്മയുടെ വാഗ്ദാനങ്ങളിൽ എനിക്കു വലിയ വിശ്വാസമായിരുന്നു. അമ്മ ഒന്നു പറഞ്ഞാൽ സാധാരണ രീതിയിൽ അതിനു വിപരീതമായി പ്രവർത്തിക്കുകയില്ല. ഇതു ഞാൻ ചെറുപ്പത്തിലേ മനസ്സിലാക്കിയിരുന്നു. ചില വിഷമഘട്ടങ്ങളിൽ അമ്മയുടെ വാഗ്ദാനങ്ങൾ ഓർപ്പിച്ചുകൊണ്ട് പലതും ഞാൻ നേടിയിട്ടുണ്ട്. അമ്മ ഒന്നു നിശ്ചയിച്ചാൽ അതു നട ത്താതെ അടങ്ങുകയില്ല. അനേക കൊല്ലങ്ങൾ രോഗിയായിരുന്നെങ്കി ലും അമ്മയാണ് യഥാർത്ഥത്തിൽ കുടുംബം ഭരിച്ചിരുന്നതും. വാശി യോടുകൂടി വിഷമഘട്ടങ്ങളെ അമ്മ തരണംചെയ്യുമായിരുന്നു.” ഇത് അമ്മയെക്കുറിച്ചുള്ള മകന്റെ സാക്ഷ്യം. അമ്മയുടെ തീക്ഷ്ണ പ്രകൃതി മകനെ ഏറെ സ്വാധീനിച്ചു.

ചെറുപ്രായംമുതൽ തന്നിൽ സത്യസ്നേഹത്തിന്റെ കൃപ സ്വാഭാവിക മെന്നോണം വളർന്നതിനെക്കുറിച്ചും സ്വതസിദ്ധമായ ഭീരുത്വത്തെ ഉല്ലംഘിച്ച് അതു വിടർന്നതിനെക്കുറിച്ചും ഡൺസ്റ്റനച്ചൻ ദീർഘ മായ വിവരണം നൽകുന്നു:

“എനിക്ക് ഓർമ്മവെച്ച നാൾമുതൽ ഇന്നുവരെ പറയത്തക്ക തോൽവി കൂടാതെ നിലനിന്നിട്ടുള്ള ഒരു ഗുണം സത്യത്തോടുള്ള സ്നേഹ മാണ്. ഇത് എനിക്കു ജന്മസിദ്ധമെന്നതുപോലെയാണ്. മറ്റു പല ഗുണ ങ്ങളും ഒരു പരാജയത്തിനു ശേഷം തിരുത്തി വീണ്ടും ആരംഭിച്ചതായി ഞാൻ ഓർക്കുന്നു. എന്നാൽ ഇത് അപ്രകാരമല്ല. ചെറുപ്പത്തിൽ തീരെ നിസ്സാരമായ ചില സംഗതികളിൽ കള്ളം പറഞ്ഞിട്ടുണ്ട്. അത് മറ്റുള്ള വരുടെ ശ്രദ്ധയെ ആകർഷിക്കാവുന്ന രീതിയിൽ വല്ലതും വിവരിക്കു മ്പോഴാണു നടന്നിട്ടുള്ളത്. യഥാർത്ഥ്യം എന്നോട് ആവശ്യപ്പെട്ട നേര ങ്ങളിൽ ഒരിക്കലും മനഃപൂർവ്വം കള്ളം പറഞ്ഞിട്ടില്ല.

“കളിയിൽ എനിക്കു വലിയ ഭ്രമമായിരുന്നു. എങ്കിലും വീട്ടിൽ അംഗീ കരിക്കുമെന്നു ബോദ്ധ്യമുള്ള കളികളിലും കൂട്ടുകാരുടെ കൂടെയും മാത്രമേ കളിച്ചിരുന്നുള്ളു. കളികളിൽ തർക്കമുണ്ടായി കുട്ടികൾ കളി നിർത്തുമ്പോൾ കളിക്കുവാനുള്ള അതിയായ ആഗ്രഹത്താൽ ഏതു വിട്ടുവീഴ്ചക്കും ഞാൻ ഒരുങ്ങും. എന്നാൽ അസത്യം പറഞ്ഞ് അവ രുടെ അവകാശവാദങ്ങൾക്കു വഴിപ്പെടുകയില്ലായിരുന്നു. ജയിക്കുന്ന തിനു വാശിയോടെ കളിക്കുമായിരുന്നെങ്കിലും ജയപരാജയങ്ങളെ പരി ഗണിക്കാതെ കളിക്കുവേണ്ടി തന്നെ കളിക്കുവാനും ഒരുക്കമായിരുന്നു.

“ഞാൻ ജന്മനാ വളരെ ഭീരുവാണ്. എന്നാൽ എന്റെ ഭീരുത്വത്തേയും ജയിക്കത്തക്കവിധം സത്യസ്നേഹം ദൈവം എനിക്കു തന്നു. ചെറുപ്പം മുതൽ ഇവ രണ്ടും തമ്മിൽ വലിയ പോരാട്ടം എന്നിൽ നടന്നിട്ടുണ്ട്.

ദൈവകൃപയാൽ ഞാൻ എപ്പോഴും വിജയിയായി. ഞാൻ സൂചിപ്പിച്ച ചില്ലറ വ്യതിയാനങ്ങൾ ചെറുപ്പത്തിൽ ചിന്തയും പോരാട്ടവും കൂടാതെ ഉണ്ടായിട്ടുള്ളവയാണ്. എന്റെ ആദ്യകുർബാന സ്വീകരണത്തിന്റെ കാലം മുതൽ ഞാൻ ഈ കാര്യത്തിൽ വളരെ നിഷ്കർഷമായി ആത്മ ശോധന ചെയ്തിരുന്നു. ഈ വിഷയത്തിൽ എനിക്കു മനഃപൂർവ്വം തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അതു മറക്കുവാൻ അത്ര എളുപ്പമല്ല. ജീവിത കാലത്തെ മുഴുവൻ പരിശോധിച്ചുകൊണ്ടുള്ള ആത്മശോധനകൾ ഈ വിഷയത്തിൽ ചെറുപ്പം മുതൽ പലപ്പോഴും ഞാൻ നടത്തിയിട്ടുണ്ട്.

"കള്ളം പറയുന്നത് എത്ര നിസ്സാരമായ വിധത്തിലും സാഹചര്യത്തി ലും ആയിരുന്നാലും ഒരു ചെറിയ പാപമെങ്കിലുമായിരിക്കുമെന്ന് അറിവു കിട്ടിയതുമുതൽ ഒരിക്കലും അതിനു ഞാൻ തുനിഞ്ഞിട്ടില്ലെന്നു മാത്ര മല്ല, മറ്റുള്ളവരെയും അതിൽ പാപമുണ്ടെന്ന് ഓർപ്പിച്ചു പിൻമാറ്റുന്ന തിനു ശ്രമിച്ചിരുന്നു. കൂട്ടുകാർ കള്ളം പറയുമ്പോൾ 'അത് കുമ്പസാര ത്തിൽ പറയേണ്ടിവരുന്ന പാപമാണെന്നു' പലപ്പോഴും ഓർപ്പിച്ചിരുന്ന തായി ഞാൻ ഓർക്കുന്നുണ്ട്. കുമ്പസാരത്തിൽ പറയേണ്ട ഒരു പാപ മാണെന്ന് ഓർമ്മ വന്നാൽ ആരും അതിനു തുനിയുകയില്ലെന്നാണ് അന്നു ഞാൻ വിചാരിച്ചിരുന്നത്. മറ്റുള്ളവരും അപ്രകാരമായിരിക്കുമെന്നു ഞാൻ വിചാരിച്ചത് എന്റെ അനുഭവത്തിൽ നിന്നാണ്.

"ഞാൻ കള്ളം പറഞ്ഞിരുന്നില്ലെന്നു മാത്രമല്ല സത്യത്തോട് അതിയായ സ്നേഹം എനിക്കുണ്ടായിരുന്നു. അതെന്നിൽ ദൈവകൃപയോടുള്ള സഹകരണം വഴിയായി വർദ്ധിച്ചുകൊണ്ടിരുന്നു. ഈ മഹാദാനത്തെ ക്കുറിച്ചു ദൈവത്തിന് ഏറ്റവും കൂടുതലായി നന്ദിപറയുന്നു.

"സത്യത്തെക്കുറിച്ചുള്ള എന്റെ ആശയങ്ങളും അതിനോടുള്ള എന്റെ സ്നേഹവും ക്രമേണ വളർന്നതാണെങ്കിലും അതിന്റെ ഒരു ഭാഗമായ അല്ലെങ്കിൽ മറ്റൊരു രൂപമായ മനസ്സാക്ഷിയോടുള്ള ആദരവ് ആദ്യം മുതലെയുണ്ടായിരുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ഞാൻ കണ്ണടച്ചു പിഞ്ചെന്നിരുന്നില്ല. എന്റെ മനസ്സാക്ഷിയെ ന്യായങ്ങൾകൊണ്ടു തിരുത്താൻ ഞാൻ ഒരുക്കമായിരുന്നു. പക്ഷെ, തിരുത്തുന്നതിനുമുമ്പ് അതിനെ അവഗണിച്ച് എന്തെങ്കിലും ചെയ്യുന്നതിന് അത്ര എളുപ്പം വഴിപ്പെട്ടിരുന്നില്ല. ഈ കാരണത്താൽ എനിക്കു വളരെയധികം സഹി ക്കേണ്ടതായി വന്നിട്ടുണ്ട്. എനിക്കു മറ്റുള്ളവരിൽനിന്നു സഹിക്കേണ്ടി വന്നിട്ടുള്ളവയിൽ മനസ്സാക്ഷിയെപ്രതി സഹിച്ചിട്ടുള്ളവ മാത്രമെ എന്നെ സ്പർശിച്ചിട്ടുള്ളു."

## സത്യസ്നേഹത്തിന്റെ അടിസ്ഥാനം എളിമ

ഒരിക്കൽ ഒരു യോഗാർത്ഥിയുടെ കുട നഷ്ടപ്പെടുവാൻ ഇടയായി. അതീവ ദുഃഖിതനായി അദ്ദേഹം കരഞ്ഞുകൊണ്ടിരുന്നു. ഗുരുവായ ഡൺസ്റ്റ ണച്ചൻ അർത്ഥിയെ വളരെയേറെ സമാധാനിപ്പിക്കാൻ പരിശ്രമിച്ചു. എന്നാൽ റെക്റ്ററച്ചന്റെ സാന്ത്വനത്തിൽ ആശ്വാസം കണ്ടെത്താൻ യോഗാർത്ഥിക്കു കഴിഞ്ഞില്ല. അർത്ഥിയുടെ കണ്ണുനീർ തോരുന്നുമില്ല. യഥാർത്ഥത്തിൽ കുട നഷ്ടപ്പെട്ടതിലായിരുന്നില്ല കുട്ടിക്കു സങ്കടം. "എനിക്ക് ഇങ്ങനെ ഒരു തെറ്റ് സംഭവിച്ചല്ലോ." "എനിക്ക് ഇങ്ങനെയൊരു വീഴ്ച സംഭവിക്കുമോ? സംഭവിക്കാമോ?" ഇതായിരുന്നു സങ്കടത്തിനു നിദാനം.

തനിക്കു സംഭവിച്ച വീഴ്ച അംഗീകരിക്കാനാകാതെ യോഗാർത്ഥി കരയുന്നു. കരച്ചിലിന്റെ അടിസ്ഥാന കാരണം അദ്ദേഹത്തിന്റെ എളി മയില്ലായ്മയാണെന്നു ഡൺസ്റ്റണച്ചൻ വിലയിരുത്തുന്നു. തെറ്റുപറ്റി എന്നത് ഒരു യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യം അംഗീകരിച്ച് സത്യം ആത്മാർത്ഥമായി ഏറ്റുപറയുന്നതിന് അർത്ഥിയുടെ അഹങ്കാരം അദ്ദേ ഹത്തെ അനുവദിക്കുന്നില്ല. എളിമയുള്ളവനേ സത്യത്തെ അംഗീ കരിക്കാനാകു. സ്വന്ത ബലഹീനതയെക്കുറിച്ചുള്ള അവബോധവും അംഗീകാരവും ദൈവത്തിൽ ആശ്രയിക്കുന്നതിനു സഹായകമാണ്. അവിടുത്തെ കരുണയിൽ അടിയുറച്ച പ്രത്യാശയിൽ അവൻ വളരുന്നു. എളിമയില്ലാത്തവൻ സ്വന്തം വീഴ്ച്ചകളെ ന്യായങ്ങൾകൊണ്ടു മൂടുന്നു. അവനിൽ ദൈവാനുഗ്രഹം തടയപ്പെടുന്നു. ആദ്ധ്യാത്മിക വളർച്ച മുരടി ക്കുന്നു.

സത്യസ്നേഹം ഡൺസ്റ്റണച്ചനെ എളിമയുള്ളവനാക്കി. പല വർഷ ങ്ങൾ പരിശീലനജോലിയിൽനിന്ന് വിട്ടുനിന്നശേഷമാണ് ഡൺസ്റ്റ ണച്ചൻ റാഞ്ചിയിൽ യോഗാർത്ഥികളുടെ പരിശീലകനായി ജോലിയേറ്റെ ടുക്കുന്നത്. "നിങ്ങൾക്കു പരിശീലനം നൽകുക എന്നതിനേക്കാൾ നിങ്ങ ളിൽ നിന്ന് എന്തെങ്കിലും പഠിക്കുവാനായാണ് ഞാൻ വന്നിരിക്കുന്നത്." യോഗാർത്ഥികളോടു വിനയാന്വിതനായി അദ്ദേഹം പറഞ്ഞു.

ശരവണംപട്ടിയിൽ നവസന്ന്യാസ ഗുരുവായി ഒരുവർഷം പൂർത്തി യാക്കിയ ദിവസങ്ങളിൽ സ്വന്തം പരിശീലനമുറയെക്കുറിച്ചുള്ള ആശങ്ക നവസന്ന്യാസികളുമായി അദ്ദേഹം പങ്കുവെച്ചു, "കുട്ടികൾക്കു കൊടു ക്കാൻ എന്റെ കൈയിൽ കുറച്ചു മാത്രമേയുള്ളു. ആ കുറച്ചുതന്നെയും നിങ്ങൾക്കു ഞാൻ തന്നോ? എനിക്കു പറ്റുന്നതു തന്നെയും ഞാൻ നിങ്ങൾക്കുവേണ്ടി ചെയ്തോ എന്നു സംശയം."

ഒരിക്കൽ ഡൺസ്റ്റണച്ചൻ ശരവണപട്ടിയിൽ ബസ് ഇറങ്ങിയശേഷം നവസന്ന്യാസ ഭവനത്തിലേക്കു നടക്കുകയായിരുന്നു. കണ്ടുമുട്ടിയവർ ചോദിച്ചു, "എന്തച്ചാ നടക്കുന്നേ. ഇറങ്ങിയ സ്ഥലം തെറ്റിപ്പോയോ?" "ഞാൻ ബിഷപ്പിനെ കുമ്പസാരിപ്പിച്ചിട്ട് വരുകയാണ്. വലിയ ആളുകളെ കുമ്പസാരിപ്പിച്ചു വരുമ്പോൾ നാം അവരെക്കാൾ വലിയവരാണെന്ന അഹങ്കാരം തോന്നും. അതിനു പരിഹാരമായിട്ടാണ് ഞാൻ നടന്നു വരുന്നത്. നമ്മൾ ചെറിയ ചെറിയ പരിഹാരങ്ങൾ ചെയ്തുകൊണ്ടിരിക്കണം."

ഡൺസ്റ്റണച്ചൻ സഹോദരി കൊച്ചുത്രേസ്യയ്ക്ക് കത്തിലൂടെ നൽകിയ ഒരു ഉപദേശം ഇവിടെ കുറിക്കാം: "നമ്മളെക്കാൾ കൂടുതൽ സഹിക്കുന്നവരെ നാം കാണുമ്പോൾ നമ്മുടേതു നിസ്സാരമായി നമുക്കു തോന്നും. ലൗകികസുഖങ്ങളിൽ നമ്മളെക്കാൾ താണവരെ നാം നോക്കിക്കൊണ്ടിരിക്കുകയാണ് നമുക്കു നല്ലത്. എന്നാൽ പുണ്യസമ്പാദനത്തിൽ ദൈവസ്നേഹത്തിൽ നമ്മെക്കാൾ വളരെ ഉയർന്നവരെ നാം നോക്കിക്കൊണ്ടിരുന്നാൽ നാം നിഗളിക്കുകയില്ല. നമ്മുടെ അൽപത്വം മനസ്സിലാക്കി കൂടുതൽ പരിശ്രമിക്കുന്നതിന് അതു പ്രേരകമാകും. എല്ലാത്തിലും അവയെ നമുക്കു പ്രദാനം ചെയ്യുന്ന ആ നല്ല പിതാവിനെ ഓർക്കുക. നന്ദിപറയുകയും ചെയ്യുക."

എളിമയുള്ള ഡൺസ്റ്റണച്ചൻ തന്റെ ജീവിതത്തിൽ ഉടനീളം സത്യത്തെ ആഴമായി സ്നേഹിച്ചു. അദ്ദേഹം സത്യസ്നേഹത്തെയും എളിമയെയും തുലനം ചെയ്യുകയും അവയെ വ്യവച്ഛേദിച്ചു തന്റെ ജീവിതത്തിൽ അവയ്ക്കുള്ള സ്ഥാനം നിരീക്ഷിച്ച് അടയാളപ്പെടുത്തുകയും ചെയ്യുന്നു.

"സകല പുണ്യങ്ങളുടെയും അടിസ്ഥാനം എളിമയാണെന്ന് പറയാറുണ്ടല്ലൊ. ഈ എളിമയുടെയും അടിസ്ഥാനം അല്ലെങ്കിൽ ഈ എളിമ തന്നെ സത്യസ്നേഹമാണ്.

"എന്റെ തെറ്റുകളെ ഗോപനം ചെയ്തു സത്യത്തെ മറച്ച്, ലോകത്തെ വഞ്ചിച്ചു ജീവിക്കുന്നത് എനിക്ക് ദുസ്സഹമായി തോന്നി. വിവേകമെന്ന പുണ്യവുംകൂടി പാലിക്കണമെന്ന് ഓർമ്മ വന്നില്ലായിരുന്നെങ്കിൽ ഒരവസരത്തിൽ എന്റെ സകല രഹസ്യങ്ങളും ഞാൻ പ്രസിദ്ധപ്പെടുത്തുമായിരുന്നു. പുണ്യവാനാകുവാൻ പരിശ്രമിച്ചു പരിശ്രമിച്ച് ഒടുവിൽ ഒരു ദിവസം എനിക്കുതന്നെ ഞാൻ ഒരു മഹാപാപിയായി പ്രത്യക്ഷപ്പെട്ടപ്പോൾ, ജന്മനാ ഭീരുവും ലജ്ജാശീലനുമായ എനിക്ക്, എന്റെ നിർഭാഗ്യസ്ഥിതി ഏറ്റുപറഞ്ഞു പുണ്യജീവിതം പുനരാരംഭിക്കുന്നതിനു സഹാ

യമായിത്തീർന്നത് എന്റെ സത്യസ്നേഹമാണ്. അതു വഴിയായി എന്റെ കർത്താവിന്റെ പക്കൽ ഞാൻ കൃപ കണ്ടെത്തി. എന്റെ പശ്ചാത്താപം ഫലശൂന്യമായ നിരാശയായി പകരാതെ പൂർവ്വാധികം ശക്തിയുള്ള ഒരു നവജീവൻ പ്രാപിക്കുവാനും അതു ജീവിതത്തിൽ തുടരുന്നതിനും എനിക്കു സാധിച്ചു. ആദ്ധ്യാത്മിക ജീവിതം മുഴുവൻ ഒരു സത്യസ്നേഹ മാണെന്ന് എനിക്കു അനുഭവമായിട്ട് ഏറെ കൊല്ലങ്ങളായി.''

## സത്യസ്നേഹം വിശുദ്ധജീവിതത്തിന്റെ അടിസ്ഥാനം

1943-ൽ ചെത്തിപ്പുഴ പഠനഗൃഹത്തിൽ ഒരു പ്രസംഗം പറയുവാൻ നിർബ ന്ധിതനായപ്പോൾ ''Love of Truth'' എന്ന വിഷയത്തെക്കുറിച്ചാണ് ഡൺ സ്റ്റൺ ശെമ്മാശൻ എഴുതി വായിച്ചത്.

അച്ചൻ വിവരിക്കുന്നു: ''എന്റെ പുണ്യജീവിതം മുഴുവൻ ''Love of Truth'' ആണ്. സത്യത്തെ സ്നേഹിക്കുക. 'ഞാൻ സത്യ'മാണെന്നു നമ്മുടെ കർത്താവു പറഞ്ഞിട്ടുണ്ടല്ലോ. സത്യമായിട്ട് ഒന്നു മാത്രമേ യുള്ളു. അതു ദൈവമാണ്. ദൈവം സകലത്തിന്റെയും നാഥനാണെന്നും എല്ലാവരും തന്റെ ഇഷ്ടം നിറവേറ്റുവാൻ കടപ്പെട്ടിരിക്കുന്നുവെന്നു മുള്ള സത്യത്തിന്റെ പ്രായോഗികനിഷേധം എല്ലാ പാപകർമ്മങ്ങളിലും അടങ്ങിയിരിക്കുന്നു.

സകല പാപവും അസത്യമാണ്. അറിവിനു വിപരീതമായി പ്രകടി പ്പിക്കുന്നതാണല്ലോ നുണ. മനഃസാക്ഷിക്ക് എതിരായി പ്രവർത്തി ക്കുമ്പോഴാണല്ലോ പാപമാകുന്നത്. സത്യത്തെ സ്നേഹിക്കുന്നവൻ അജ്ഞതയിൽനിന്നും അബദ്ധങ്ങളിൽനിന്നും വിമോചിതനാകുവാൻ പരിശ്രമിക്കുന്നു. പുണ്യജീവിതം മുഴുവൻ ഒരു സത്യസ്നേഹ പ്രകട നമാണ്.

''എളിമയാണ് സകല പുണ്യങ്ങളുടേയും അടിസ്ഥാനമെന്നു ചില പ്പോൾ നാം കേൾക്കാറുണ്ട്. മറ്റു ചിലപ്പോൾ, വിശ്വാസമാണ് എല്ലാ പുണ്യ ങ്ങളുടെയും അടിസ്ഥാനമെന്നു പറയുന്നു. രണ്ടു പ്രസ്താവനകളും ശരിയാണെന്ന് ആരും സമ്മതിക്കും. അപ്പോൾ എളിമയും വിശ്വാസവും ഒന്നുതന്നെയാണൊ? അതെ, രണ്ടും ഒരേ സത്യത്തിന്റെ ഏറ്റുപറച്ചി ലാണ്. സൃഷ്ടികർമ്മത്തിന്റെ ഏറ്റുപറച്ചിലാണ്. ദൈവമാണു സ്രഷ് ടാവ് എന്നു പറയുന്നത് വിശ്വാസം. ഞാൻ സൃഷ്ടിയാണെന്നു പറയു ന്നത് എളിമ. ഇങ്ങനെ ആഗ്രഹിക്കാവുന്നതെല്ലാം സത്യത്തോടുള്ള സ്നേഹത്തിൽ അടങ്ങിയിരിക്കുന്നു. ദൈവവും ദൈവികമായ സക ലവും അതിലുണ്ട്.''

**വി. തോമസ് മൂറിന്റെ വഴിത്താരയിൽ**

ജീവിതത്തിൽ സത്യസന്ധത അതിന്റെ പൂർണ്ണതയിൽ പാലിക്കാനുള്ള സമർപ്പണാത്മകമായ പരിശ്രമത്തിൽ ഡൺസ്റ്റണച്ചനു വഴികാട്ടിയായി വന്നത് വി. തോമസ് മൂറാണ്.

ബ്രിട്ടനിലെ ചക്രവർത്തിയായിരുന്ന ഹെൻറി എട്ടാമന്റെ ആത്മമിത്രവും ആലോചനക്കാരനുമായിരുന്നു തോമസ് മൂർ. ആദ്യഭാര്യയായ കാതറൈനിൽനിന്നു തനിക്കു വിവാഹമോചനം ലഭിക്കുന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ ചാൻസലറായിരുന്ന കർദ്ദിനാൾ വൂൾസി വേണ്ട വിധത്തിൽ പരിശ്രമിക്കുന്നില്ലെന്ന കാരണത്താൽ ഹെൻറി അദ്ദേഹത്തെ ആ ജോലിയിൽ നിന്നു നീക്കംചെയ്തു. പകരം തൽസ്ഥാനം തന്റെ ആത്മസുഹൃത്തായ തോമസ് മൂറിനു നൽകി. സാധാരണക്കാർക്ക് അപ്രാപ്യമായ ആ മഹാപദവിയുടെ ദാനംകൊണ്ട് മൂറിനെ വശംവദനാക്കാമെന്നായിരുന്നു ഹെൻറിയുടെ ഉദ്ദേശ്യം.

എന്നാൽ രാജാവ് സ്വന്തം ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരു സ്ത്രീയെ വിവാഹം ചെയ്യാനുള്ള തീരുമാനത്തെ അനുകൂലിക്കുവാൻ തോമസ് മൂറിനു കഴിഞ്ഞില്ല. മാർപാപ്പ രാജാവിന് അനുമതി നിഷേധിച്ചു. കുപിതനായ രാജാവ് ഇംഗ്ലണ്ടിലെ സഭയുടെ രാജാവ് താൻതന്നെയെന്നു പ്രഖ്യാപിച്ചു. പ്രജകളെല്ലാവരും ഒപ്പുവച്ച് ഈ വിളംബരം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടു. കർദ്ദിനാൾ വൂൾസിയും വൈദികരും അനായാസേന രാജകൽപന അനുസരിച്ചു. സ്വന്തം മകളും രാജാവിന്റെ താൽപര്യത്തിനു കീഴ്‌വഴങ്ങി. എന്നാൽ തോമസ് മൂർ ആരുടെയും പ്രലോഭനങ്ങൾക്കു വഴിപ്പെടാതെ മനസ്സാക്ഷിയുടെ നിമന്ത്രണങ്ങൾക്ക് അടിയറവു പറഞ്ഞു. ചാൻസലർ സ്ഥാനം ഉപേക്ഷിച്ചു. രാജാവിന്റെ പ്രേഷ്ഠമിത്രമെന്ന ആനുകൂല്യം നിരാകരിച്ചു. അദ്ദേഹം കത്തോലിക്കാവിശ്വാസത്തിൽ ഉറച്ചുനിന്നു; വിളംബരത്തിൽ ഒപ്പു വയ്ക്കാൻ വിസമ്മതിച്ചു. രക്തസാക്ഷിത്വത്തിനു തയ്യാറായി.

തന്നോടു വിഘടിച്ചു നിൽക്കുന്ന തോമസ് മൂറിന്റെ നിലപാട് ഹെൻറിക്കു ദുസ്സഹമായിരുന്നു. പല വ്യക്തികളിലൂടെ പലരീതിയിൽ, പ്രലോഭനങ്ങളിലൂടെ, ഭീഷണികൾവഴി തോമസ് മൂറിനെ തന്റെ വഴിയിലേക്കു കൊണ്ടുവരുവാൻ അദ്ദേഹം പരിശ്രമിച്ചു. രാജാവിന്റെ ഇംഗിതത്തിനു വഴങ്ങാൻ പലരും ഉപദേശിച്ചു. ജീവിക്കാൻ അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. ഉറക്കമില്ലാത്ത അസ്വാസ്ഥ്യം നിറഞ്ഞ നിരവധി രാത്രികളിലൂടെ അദ്ദേഹം കടന്നുപോയി. സാവധാനം ഭൗതികമായ എല്ലാ മോഹങ്ങളെയും ഭയങ്ങളെയും അദ്ദേഹം അതിജീവിച്ചു. ദൃഢനി

ശ്ചയം കൊണ്ട് ആശാപാശങ്ങളിൽനിന്നു മോചനം നേടി. മനസ്സാക്ഷി പറഞ്ഞതെന്തോ അതു മാത്രം നിർവ്വഹിച്ചു.

രാജാവിന് അനുകൂലമായി നിലകൊള്ളുന്നവരെ അദ്ദേഹം കുറ്റപ്പെടുത്തുകയോ ആക്ഷേപിക്കുകയോ ചെയ്തില്ല. ആരുടെയും സ്വാതന്ത്ര്യത്തിൽ കൈകടത്തിയില്ല. ആരെയും വിധിച്ചില്ല. മനസ്സാക്ഷിയുടെ സമഗ്രതയിലും വ്യക്തിത്വത്തിലും വിശ്വസിച്ചു. ഒന്നര വർഷത്തെ തടവുജീവിതത്തിലും തന്റെ സഹജമായ പ്രസന്നത ഉപേക്ഷിച്ചില്ല. രോഗങ്ങൾ വേട്ടയാടിയപ്പോഴും ക്ഷമയും സന്തുഷ്ടിയും കൈവെടിഞ്ഞില്ല. പടിപടിയായുള്ള പീഡനങ്ങളെ പ്രസന്നവദനനായി, പ്രശാന്തചിത്തനായി നേരിട്ടു.

തന്നെ തൂക്കിക്കൊല്ലുമെന്ന് ഉറപ്പായപ്പോൾ മാത്രമാണു തനിക്കു പറയാനുള്ളതു മുഴുവൻ മൂർ പറഞ്ഞത്. അതുവരെ രാജാവ് ആവശ്യപ്പെട്ടതു നിറവേറ്റാൻ തനിക്കു കഴിയില്ല എന്നു മാത്രമേ അദ്ദേഹം പറഞ്ഞിരുന്നുള്ളു. തന്റെ ഉന്നതമായ ആദർശം ഹെൻറിയുടെ മുൻപിൽ പ്രഖ്യാപനം ചെയ്ത് ധൈര്യസമേധം അതിന്റെ ഫലം വരിച്ചു കൃതാർത്ഥനായി.

1935-ൽ തോമസ് മൂർ വിശുദ്ധനായി നാമകരണം ചെയ്യപ്പെട്ടു. അന്ന് ഇട്ടൂപ്പുണ്ണിക്കു വയസ്സ് 15. ആ പ്രായത്തിൽ ദൈവം തനിക്ക് ഒരു മദ്ധ്യസ്ഥനെ തന്നതായി ഇട്ടൂപ്പുണ്ണി കരുതി. വിശുദ്ധനെ തന്റെ പ്രത്യേക മദ്ധ്യസ്ഥനായി സ്വീകരിക്കുന്നതിനുള്ള കാരണമെന്തെന്നു അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ഡൺസ്റ്റണച്ചന്റെ ഓർമ്മക്കുറിപ്പുകളിൽ പലയിടങ്ങളിലായി പരന്നുകിടക്കുന്ന ചിന്തകൾ അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ സമാഹരിക്കാം:

"വി. തോമസ് മൂർ ചെറുപ്പംമുതൽ കർത്താവിന്റെ ഉപദേശമനുസരിച്ചു കണക്കു കൂട്ടുന്നവനായിരുന്നു. ഗോപുരം പണിയാൻ ഇച്ഛിക്കുമ്പോൾ അതു പൂർത്തിയാക്കാൻവേണ്ട വക തനിക്കുണ്ടോ എന്ന് അതിന്റെ ചെലവ് ആദ്യമേ തന്നെ കണക്കു കൂട്ടി നോക്കാത്തവൻ നിങ്ങളിൽ ആരുണ്ട്?

"ഇരുപതിനായിരം ഭടന്മാരോടുകൂടെ തനിക്കെതിരേ വരുന്നവനെ പതിനായിരംകൊണ്ടു നേരിടാൻ സാധിക്കുമോയെന്ന് ആദ്യമേ ആലോചിക്കാതെ മറ്റൊരു രാജാവിനോടു യുദ്ധത്തിനു പോകുന്ന ഏതു രാജാവാണുള്ളത്?" (ലൂക്ക. 14:28, 31). യുവാവായിരിക്കെ തോമസ് മൂറിനു സന്ന്യാസത്തിലേക്ക് ആകർഷണമുണ്ടായി. മറ്റു പലരെ പോലെ അദ്ദേഹം അതിനു പെട്ടെന്നു തുനിഞ്ഞിറങ്ങിയില്ല. തനിക്ക് അതു

സാധിക്കുമോയെന്നു ദീർഘമായി പരിചിന്തനം നടത്തി. കർത്തുസിയൻ ആശ്രമത്തിൽ കുറച്ചുനാൾ പാർത്ത് പ്രാർത്ഥനയിലും തപസിലും കഴിച്ചുകൂട്ടി. ആത്മപിതാവിനോട് ആലോചിച്ചു. സന്ന്യാസത്തിന്റെ ഭാരം തനിക്കു ദുർവഹമെന്നു കണ്ടു വിവാഹിതനാകുന്നതിന് അദ്ദേഹം തീർച്ചയാക്കി. അന്നു കണക്കു കൂട്ടിയപ്പോൾ സ്വർഗ്ഗത്തിൽനിന്നുള്ള സഹായത്തെക്കുറിച്ചു വേണ്ടവിധം കരുതിയോ എന്നറിഞ്ഞുകൂടാ.

“എന്നാൽ തന്റെ അവസാന കാലത്ത്, വേദസാക്ഷിത്വത്തിനായി ഒരുങ്ങിയപ്പോൾ ദൈവാശ്രയത്തിനു പ്രധാനസ്ഥാനം നല്കി. ബുദ്ധിമാനായ തോമസ് മൂർ കാര്യങ്ങൾ മുൻകൂട്ടി കണ്ടിരുന്നു. അപകടസൂചനകൾ കണ്ടുതുടങ്ങിയപ്പോൾ അദ്ദേഹം തന്നെത്തന്നെയും തന്റെ കുടുംബാംഗങ്ങളെയും സംഭവിച്ചേക്കാവുന്ന വിഷമങ്ങളെ യോഗ്യതയോടും ശാന്തതയോടും കൂടെ സഹിക്കുന്നതിന് ഒരുക്കുകയും തഴക്കുകയും ചെയ്തിരുന്നു. ഭീകരമായ സഹനം തന്നെ സമീപിക്കുന്നു എന്നറിഞ്ഞ്, സ്വർഗ്ഗത്തിന്റെ സന്തോഷങ്ങളെക്കുറിച്ചും നരകത്തിന്റെ യാതനകളെക്കുറിച്ചും, വിശുദ്ധ രക്തസാക്ഷികളുടെ ജീവിതം, അപാരമായ ക്ഷമ, ദൈവത്തെ നിന്ദിക്കുന്നതിനേക്കാൾ അവർ സ്വീകരിച്ച അതിരൂക്ഷമായ സഹനം, മരണം എന്നിവയെക്കുറിച്ചും ഭാര്യയോടും മക്കളോടും സംസാരിച്ചു. ദൈവസ്നേഹത്തെപ്രതി വസ്തുക്കൾ നഷ്ടപ്പെടുന്നതും കാരാഗൃഹവാസവും മരണവും എത്ര അനുഗൃഹീതമാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുന്നതിനു പരിശ്രമിച്ചു.

“അദ്ദേഹം ഇതുകൊണ്ടും തൃപ്തനായില്ല. കുടുംബാഗങ്ങളെ പരീക്ഷിക്കുന്നതിനും തഴക്കുന്നതിനുമായി ഒരു തമാശ ഒപ്പിച്ചതായി പറയപ്പെടുന്നുണ്ട്. അദ്ദേഹം രണ്ടുമൂന്നു പേരെ ചട്ടംകെട്ടി. അവർ മൂറിന്റെ വീട്ടിലേക്കു രാജകിങ്കരന്മാരെപ്പോലെ മൂറിനെ അറസ്റ്റു ചെയ്യാനായി വരണമെന്നായിരുന്നു. ഇതിലൂടെയെല്ലാം കുടുംബാംഗങ്ങളുടെയും അതിനുമുപരി തന്റെതന്നെയും ഐന്ദ്രിയഭയങ്ങളെ ജയിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമമായിരുന്നു അദ്ദേഹം നടത്തിയത്. വരാനിരിക്കുന്ന സഹനത്തിനുവേണ്ടി അവരെ ഒരുക്കുകയെന്നതു തന്റെ കടമയായി അദ്ദേഹം കരുതി.

“മരണാസന്നരായ ചിലർ തങ്ങളുടെ പാപകരമായ ജീവിതത്തെക്കുറിച്ചു ഭയപ്പെടുമ്പോൾ അവരെ വേണ്ടവിധം മനസ്താപത്തിനും ദൈവത്തിലുള്ള പ്രത്യാശയ്ക്കും ഒരുക്കാതെ അവരുടെ ഭയം അനാവശ്യമാണെന്നും ഒന്നും സംഭവിക്കുകയില്ലെന്നും പറഞ്ഞ് ആശ്വസിപ്പിക്കു

ന്നതിനെ അദ്ദേഹം  പരിഹസിക്കുന്നു. കഴിവില്ലാത്ത വാക്കുകളിലോ ചിന്തകളിലോ അദ്ദേഹം ആശ്വാസവും സമാധാനവും അന്വേഷിക്കുന്നില്ല. വി. തോമസ് മൂർ സത്യത്തെ അതിയായി സ്നേഹിച്ചിരുന്നു. സത്യം കൈവിട്ടുകൊണ്ട് കാര്യം നേടുന്നതിന് ഉദ്ദേശിച്ചിരുന്നില്ല. ക്രൂരമായ മരണത്തിന് മൂർ തന്നെത്തന്നെ ഒരുക്കി.

"സ്വഭാവത്താലെ താൻ ഒരു ഭീരുവായിരുന്നെന്ന് അദ്ദേഹം പറയുന്നു. പീഡകളേയും മരണത്തേയും വളരെ ഭയപ്പെട്ടിരുന്നതുകൊണ്ട് അവയെക്കുറിച്ചുതന്നെ അദ്ദേഹം ഏറെ ധ്യാനിച്ചു. ഉദ്യോഗം രാജിവെച്ച് വീട്ടിൽ വന്ന അവസരത്തിൽ തനിക്കായി ശവക്കല്ലറ പണിയിപ്പിക്കുകയും ഒരു സ്മാരകലേഖം എഴുതിയുണ്ടാക്കുകയും ചെയ്തു. മരണത്തിനായി ഒരുങ്ങുന്നതിനുവേണ്ടിയാണ് ഇപ്രകാരം ചെയ്തത്. നാളത്തെ സഹനത്തിനുവേണ്ടി അദ്ദേഹം ഒരുങ്ങുകയായിരുന്നു."

ധർമ്മവും അധർമ്മവും തമ്മിലുള്ള സംഘട്ടനത്തിൽ ധർമ്മത്തിനുവേണ്ടി സ്വന്തം ആയുസ്സിനെപ്പോലും ബലി കഴിക്കുന്നതിനു തയ്യാറായ ധർമ്മധീരനായ തോമസ് മൂറിൽ ഡൺസ്റ്റണച്ചൻ തന്റെ ആദർശപുരുഷനെ കണ്ടെത്തി. സത്യമെന്നു ബോധ്യമുള്ള ആദർശത്തിൽനിന്നു പ്രലോഭനങ്ങളാൽ വശീകൃതരായോ ഭീഷണിക്കു വഴങ്ങിയോ വ്യതിചലിക്കരുതെന്ന തത്വം വിശുദ്ധനിൽനിന്നു പഠിച്ചു.

ഭീരുവായ തോമസ് മൂർ തനിക്കു വരാനിരിക്കുന്ന സഹനത്തെ നേരിടുന്നതിനു നടത്തിയ ഒരുക്കം ഡൺസ്റ്റണച്ചനെ ആകർഷിച്ചു. സ്വന്തം ബലഹീനതകളെ അതിജീവിച്ചു രക്തസാക്ഷി കിരീടത്തിനു തന്നെ യോഗ്യനാക്കുന്നതിനു വിശുദ്ധൻ തന്റെ പ്രകൃതിയോടു തന്നെ നടത്തിയ പോരാട്ടത്തെ, തോമസ് മൂറിന്റെ മനോഭാവങ്ങളെ തന്റേതുമായി അദ്ദേഹം തുലനം ചെയ്തു. തന്നിൽ സ്വാഭാവികമായി ഉണ്ടായിരുന്ന അമിതമായ ലജ്ജാശീലത്തെക്കുറിച്ചും അതിനെ ജയിക്കാനുള്ള പരിശ്രമം എങ്ങനെ വിജയമണിഞ്ഞുവെന്നും അച്ചൻ വിശദമാക്കുന്നുണ്ട്.

തന്റെ ദൈവവിളിക്കു തടസമായി മുന്നിൽകണ്ട ബലഹീനതകളിൽ ഒന്ന് സ്വന്തം ഭീരുത്വമാണെന്ന് അദ്ദേഹം ഏറ്റുപറയുന്നു. മറ്റുള്ളവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതിനുള്ള ഭയം ചെറുപ്പംമുതൽ അലട്ടിയിരുന്നു. വിശുദ്ധനാകുന്നതിനുള്ള ഉത്ക്കടമായ അഭിവാഞ്ച ആ ഭീരുത്വത്തെ അതിജീവിക്കുന്നതിനു പ്രേരകമായി. അനുസരണമെന്ന സുകൃതവും ഏറെ ശക്തി പകർന്നു. അച്ചൻ തുടരുന്നു:

"കെട്ടിടം പണിയാൻ തുടങ്ങുന്നവൻ ആദ്യമേതന്നെ അതിന്റെ കണക്കും പദ്ധതിയുമെല്ലാം തയാറാക്കി അതു സാധിക്കുമോ എന്നു

നോക്കേണ്ടിയിരിക്കുന്നു എന്നു സുവിശേഷത്തിൽ നമ്മുടെ കർത്താവു പറഞ്ഞിട്ടുണ്ടല്ലോ. എന്റെ ചെറുപ്പം മുതൽ അതായത് അഞ്ചാറു വയസ്സുള്ളപ്പോൾ മുതൽതന്നെ ഞാൻ ഇപ്രകാരം ചെയ്തിരുന്നു. ഭാവിയെക്കുറിച്ചും ഉണ്ടായേക്കാവുന്ന വിഷമങ്ങളെക്കുറിച്ചും ഞാൻ ചിന്തിക്കുക പതിവാണ്. പുണ്യവാനാകണമെന്ന ആഗ്രഹം ശക്തി പ്പെടുന്നതുവരെ മേൽപറഞ്ഞ ചിന്തകൾ എന്നെ നിരാശനും ഭീരുവു മാക്കുകയായിരുന്നു പതിവ്. എന്നാൽ പിന്നീട്, അതായത് ആദ്യകുർ ബാന സ്വീകരണത്തോട് അടുത്തകാലംമുതൽ ആ ചിന്താപ്രകൃതി എന്നെ കൂടുതൽ ധൈര്യപ്പെടുത്തി. മുൻകൂട്ടി ഒരുങ്ങുന്നതിന് അതു സഹായിച്ചു. ദൈവപരിപാലനയിലുള്ള വിശ്വാസവും അവിടുന്നിലുള്ള പ്രത്യാശയും വഴിയായി ഞാൻ ധൈര്യം പ്രാപിച്ചു. ദൈവം എനിക്കു വരാനുള്ള വിഷമഘട്ടങ്ങളെകുറിച്ച് സ്വൽപം സൂചന മുൻകൂട്ടി തരുമായിരുന്നു. എന്നെ ഒരുക്കിയതിനുശേഷമാണു കർത്താവ് പീഡ കളിലേക്ക് ആനയിച്ചിരുന്നത്. അതുകൊണ്ടാണ് മറ്റുള്ളവർക്ക് അതി ശയം തോന്നത്തക്കവണ്ണം ശാന്തനായി ഞാൻ സഹിച്ചിരുന്നത്. സഭാ പ്രവേശനത്തിനു മുമ്പുതന്നെ, "To prepare for the worst" (ഏറ്റവും മോശമായതിനുവേണ്ടി തയ്യാറാവുക) എന്നത് എന്റെ നയമായിരുന്നു. അതുവഴിയായി ഞാൻ വളരെ സമാധാനം കണ്ടെത്തി. ഭാവിതിന്മകളെ ക്കുറിച്ചു ഭാവനയിൽ കാണുമ്പോൾ വലിയ ഭയം എനിക്കു ചിലപ്പോൾ അനുഭവപ്പെടും. അപ്പോൾ കർത്താവിന്റെ പക്കലേക്കു തിരിഞ്ഞു പ്രാർ ത്ഥിക്കും. സമാധാനം കൈവരും.

"എന്നിൽനിന്നു കർത്താവ് പ്രത്യേകമായ സഹനം ആവശ്യപ്പെ ടുന്നെങ്കിൽ അതിനെ നേരിടുവാനുള്ള ശക്തി അവിടുന്ന് എനിക്കു തരുമെന്ന പ്രതീക്ഷയിൽ ഞാൻ സംതൃപ്തനാകും. സാധാരണയായി ആ വിഷമസാഹചര്യങ്ങളെ സന്തോഷത്തോടെ പാർത്തിരിക്കുന്നതി നുള്ള വരം തന്നെ കർത്താവെനിക്കു തരാറുണ്ട്. എന്നാൽ ആയുധ പ്രയോഗംകൊണ്ടുള്ള മുറിവുകൾ ഏൽക്കാൻ വേണ്ട ധൈര്യം ഇന്നും എനിക്കു ലഭിച്ചിട്ടില്ല. ഏറ്റവും നിസ്സാരമായ തോതിൽപോലും അങ്ങനെ യൊന്ന് അഭിമുഖീകരിക്കാൻ ഞാൻ നിർബന്ധപ്പെട്ടിട്ടുമില്ല. ചെറുപ്പം മുതൽ വേദസാക്ഷിയാകുവാൻ ആവശ്യപ്പെട്ടാൽ ഞാൻ എന്തുചെയ്യും എന്ന ചോദ്യം ഞാൻ എന്നോടുതന്നെ ചോദിക്കുമായിരുന്നു. ക്രൂരപീഡ കൾ ഏറ്റുകൊണ്ടുള്ള മരണം എന്റെ ഭാവനയിൽ ഞാൻ കൂടെക്കൂടെ കൊണ്ടുവരുമായിരുന്നു. ആദ്യകാലത്തെക്കാൾ കൂടുതൽ ഞാനി പ്പോൾ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്. സഭയിൽ ചേർന്ന കാലംമുതൽ

ദൈവത്തെപ്രതി മരിക്കുന്നതിനായി എനിക്കു ശക്തി തരണമേയെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

"കൂടുതൽ വിഷമം തോന്നുന്ന ഒരു കാര്യം കണ്ടാൽ ആ ചിന്ത ഉപേക്ഷിച്ച് അതിൽനിന്നു രക്ഷപ്പെടുകയല്ല എന്റെ നയം. ഭയം തോന്നുന്ന സംഗതിയെ എതിരിട്ടു ഭയം ഇല്ലാതാക്കുകയാണു വേണ്ടത്. ബുദ്ധിപരമായ ഭയവും ഐന്ദ്രികമാത്രമായ ഭയവും ഉണ്ട്. ബുദ്ധിപരമായ ഭയം ജയിക്കണമെങ്കിൽ ഭയത്തിനുള്ള കാരണം ഇല്ലാതാക്കണം.

"പാപമല്ലാതെ മറ്റൊരു തിന്മയും യഥാർത്ഥമല്ല എന്ന സത്യം നമ്മുടെ പ്രാർത്ഥനയും പരിശ്രമവുംവഴി ഉള്ളിൽ ഉറപ്പിക്കണം. പാപമാണു ഭയത്തിനു കാരണമെങ്കിൽ അതിൽനിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങൾ നമുക്കറിയാം. പാപമില്ലാത്തിടത്തു ബുദ്ധിപരമായ ഭയം ഉണ്ടാകുന്നെങ്കിൽ അതു ചിന്താകുഴപ്പംകൊണ്ടുള്ളതാണ്. സത്യം ഗ്രഹിച്ചാലെ അതു മാറുകയുള്ളു. നിത്യസത്യങ്ങളിന്മേലുള്ള ധ്യാനംകൊണ്ട് അതു ഇല്ലാതാക്കാം. ഐന്ദ്രിയപരമായ ഭയം അവഗണിക്കപ്പെടേണ്ടതു തന്നെയാണ്. ഭയോൽപാദകമായ വസ്തുവിനെയോ ചിന്തയെയോ കുറേശ്ശെ കുറേശ്ശെ ആവർത്തിച്ചാവർത്തിച്ച് നമ്മിലേക്ക് അടുപ്പിച്ചുകൊണ്ടാണ് അതു സാധ്യമാക്കേണ്ടത്. വണ്ടിക്കു കെട്ടേണ്ട കാളകളെ തഴക്കുന്നതു നാം കണ്ടിട്ടുണ്ടല്ലോ. ആദ്യം റോഡിൽ കയറുന്ന ചില കാളകൾ വാഹനങ്ങൾ വരുന്നതു കണ്ടാൽ വിരണ്ടോടും. കുറെ പരിചയിച്ചു കഴിയുമ്പോൾ അവയുടെ ഭയം കുറയുന്നു. ആകയാൽ ഏതു തരത്തിലുള്ള ഭയമായാലും അതിനെ ജയിക്കേണ്ടതു കണ്ണടച്ചു കളഞ്ഞിട്ടോ അസത്യത്തിൽ ആശ്രയിച്ചുകൊണ്ടോ അല്ല. മറിച്ച്, നേരിട്ടുകൊണ്ടാണ്. ഭയപ്പെടേണ്ടതിനെ നശിപ്പിച്ചുകൊണ്ടോ, അകാരണമായി തമ്മിൽ ഭയം ജനിപ്പിക്കുന്ന വസ്തുക്കളോട് അടുത്തുകൊണ്ടോ ആണ്.

"മറ്റുള്ളവരെ ആശ്വസിപ്പിക്കുമ്പോഴും നാം വിവേകപൂർവ്വം ഈ തത്ത്വങ്ങളെ ആശ്രയിക്കേണ്ടതാണ്. രോഗിയായി മരണാസന്നനായി കഴിയുന്നയാൾ മരണത്തെക്കുറിച്ചു ഭയപ്പെടുന്നതു കാണുമ്പോൾ നീ മരിക്കുകയില്ല എന്നു പറഞ്ഞ് ആശ്വസിപ്പിക്കുന്നവരുണ്ട്. ഇത്ര ഗൗരവമായ സംഗതിയിലല്ലെങ്കിലും, ഭയപ്പെടുന്ന സഹോദരങ്ങളെ അസത്യങ്ങളായ അല്ലെങ്കിൽ ഉറപ്പില്ലാത്ത ന്യായങ്ങളാൽ താൽകാലിക ആശ്വാസം നൽകുന്നവരായി ഇവർ കടന്നുപോകുകയും ചെയ്യുന്നു. വരാൻ പോകുന്ന തിന്മ വരികയില്ലെന്നു പ്രവചിച്ചുകൊണ്ട് ആ സാഹചര്യത്തിൽനിന്നു രക്ഷപ്പെടുന്നു. മുഖം നോക്കി ഭാവി പ്രവചിക്കുന്ന കണിയാന്മാരോട് ഇവരെ ഉപമിക്കാം. ഉദ്ദേശ്യം നല്ലതായിരുന്നാലും

ഉപദ്രവമാണ് ഇവർ വിളിച്ചുവരുത്തുന്നത്. ഭയപ്പെടുത്തുന്നവരെ ഭയകാരണം മാറ്റുകയോ ഭയപ്പെടുന്നതിനെ ശാന്തമായി എതിരിടുന്ന തിനു വേണ്ടവിധം ഒരുക്കുകയോ ആണ് വേണ്ടത്.

"നാളെയെക്കുറിച്ചു നിങ്ങൾ ആകുലരാകരുത്. നാളത്തെ ദിനം തന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും. ഓരോ ദിവസത്തിനും അതതിന്റെ ക്ലേശം മതി" (മത്താ. 6:34) എന്നു നമ്മോടു കർത്താവു പറയുമ്പോൾ നാളെയെക്കുറിച്ചു വിചാരിക്കേണ്ട എന്നല്ല, വിചാര പ്പെടണ്ട, പരിഭ്രമിക്കേണ്ട എന്നാണു പറയുന്നത്. പിതാവായ ദൈവം നമ്മുടെ ശക്തിയിൽ കവിഞ്ഞു നമ്മെ പരീക്ഷിക്കുകയില്ല. ഇന്നു നമുക്കുള്ള കഴിവുകൾകൊണ്ട് നാളത്തെ വലുതായ പീഡകൾ സഹി പ്പാൻ നാം നിർബന്ധിതരാകുന്നില്ല. നാളെ നമുക്കു കൂടുതൽ പീഡകൾ യാത്രയാക്കുന്ന കർത്താവ് കൂടുതൽ ശക്തിയും തരാതിരിക്കുകയില്ല.

"ഞാൻ 1-ാം ക്ലാസിൽ പഠിക്കുമ്പോൾ (5 വയസ്) നാലാം ക്ലാസി ലെ (പത്തു പതിനാലു വയസുള്ളവരായിരിക്കാം) കുട്ടികളെ ഹെഡ് മാസ്റ്റർ ബെഞ്ചിന്റെ മുകളിൽ കയറ്റി നിറുത്തി വലിയ വടികൊണ്ട് വളരെയധികം അടിക്കുന്നതു കണ്ടിട്ട് ഞാൻ വല്ലാതെ പരിഭ്രമിച്ചിട്ടുണ്ട്. ഞാൻ ആ ക്ലാസിലേക്കു ചെല്ലുമ്പോൾ എങ്ങനെ കഴിഞ്ഞുകൂടും എന്നുവിചാരിച്ചിട്ടുണ്ട്. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ആശ്വാസപ്രദ മായ ഒരു ചിന്ത എന്നിലുണ്ടായി. "അപ്പോഴേക്കും ഞാൻ കുറെക്കൂടെ വലുതാകും. വലിയ ആളുകൾക്ക് അത്ര അധികം പേടിയില്ലല്ലൊ. അന്ന് എങ്ങിനെയെങ്കിലും കഴിഞ്ഞുകൂടും.'

"നാളെ ദൈവം നമുക്കുവേണ്ട ശക്തി തരുമെങ്കിൽ നാളത്തെ പീഡകളെക്കുറിച്ച് ഇന്നു ചിന്തിച്ചിട്ട് എന്തുപകാരമെന്നു ചോദിച്ചേക്കാം. വേലക്കാരുടെ കൂലിയെക്കുറിച്ചു പറയുമ്പോൾ ഒരു വലിയ കുടുംബ ത്തിന്റെ തലവൻ ഒരു ദിവസം ജോലി ചെയ്യുമ്പോൾ അന്ന് അയാളുടെ കുടുംബത്തിൽ ഉണ്ടായേക്കാവുന്ന സകല ആവശ്യങ്ങളും നടത്തുന്ന തിനു പര്യാപ്തമായ കൂലി ആയിരിക്കണമെന്ന് ആരും വാദിക്കയില്ല ല്ലോ. വിവാഹത്തിനു മുമ്പുതന്നെ കിട്ടുന്ന കൂലിയിൽനിന്നു തനിക്കു കുടുംബമുണ്ടാകുമ്പോൾ ഉപകരിപ്പിക്കേണ്ടതിനായി അയാൾ അൽ പാൽപം മാറ്റിവെക്കേണ്ടതാണ്.

"നാളത്തെ പീഡകൾ സഹിക്കാൻ മതിയായ ശക്തി ദൈവം തരു മെന്നു പറയുമ്പോൾ നാം ഒന്നും കരുതേണ്ടതില്ലായെന്നു വരുന്നില്ല. നാളെവരെയുള്ള നമ്മുടെ പരിശ്രമംവഴി ദൈവസഹായത്താൽ നാം പ്രാപിക്കേണ്ട ശക്തിയിൽ കവിഞ്ഞ് എന്തെങ്കിലും പീഡ ദൈവം

അയയ്ക്കുകയാണെങ്കിൽ അതിനെ നേരിടുവാൻ കൂടുതൽ ആവശ്യ മായ ശക്തി ദൈവം തരുമെന്നാണ് അതിന്റെ അർത്ഥം. ദൈവം നമുക്കു തന്നിട്ടുള്ള കഴിവുകളെ, സ്വാഭാവികങ്ങളും അതിസ്വാഭാവികങ്ങളുമായ ശക്തികളെ സ്വാഭാവികങ്ങളും അതിസ്വഭാവികങ്ങളുമായ മാർഗ്ഗങ്ങളിലൂ ടെ വളർത്തി പരിപൂർണ്ണമാക്കികൊണ്ടിരിക്കുവാൻ നമുക്കു കടമയുണ്ട്. ദൈവം അതു നമ്മിൽനിന്നു പ്രതീക്ഷിക്കുന്നു. താലന്തുകളുടെ ഉപമ, കായ്ക്കാത്ത അത്തിവൃക്ഷം എന്നിവ ഈ സത്യമാണു തെളിയി ക്കുന്നത്. അപ്രകാരം തന്നെത്തന്നെ ഒരുക്കാത്തവൻ സ്വന്തം കുറ്റം ഏറ്റുപറഞ്ഞു മനസ്തപിച്ചു ദൈവാനുഗ്രഹം അപേക്ഷിക്കുന്നെങ്കിൽ കരുണയുള്ള കർത്താവ് ശക്തി പ്രദാനം ചെയ്യും. ഇങ്ങനെയൊരു കടമയില്ലെന്നു കരുതി കാത്തിരിക്കുന്നവനും ആവശ്യമുള്ളതു കിട്ടു ന്നത് അവൻ ശരിയായി പ്രവർത്തിച്ചതുകൊണ്ടല്ല, മറിച്ച്, അവന്റെ പരമാർത്ഥതയെ ദൈവം തൃക്കൺപാർത്തതുകൊണ്ടാണ്.

“നമ്മുടെ മനസ്സിനു വിരോധമായി സംഭവിക്കുവാൻ പാടുള്ള സംഗതി കളെ അവ സംഭവിക്കുന്നതിനുമുമ്പുതന്നെ മനസ്സിൽ സങ്കൽപിച്ച് അപ്രകാരമുള്ള സന്ദർഭങ്ങളിൽ എങ്ങനെ നാം പെരുമാറുമെന്നും മറ്റും ചിന്തിക്കുന്നതു നല്ലതാണ്. അതുവഴി നമ്മുടെ മനസ്സിനെ ഒരുക്കുവാൻ കഴിയും. വരുവാൻ പാടുള്ള കഷ്ടപ്പാടുകളെ ഓർത്ത് ഇപ്പോൾതന്നെ ദുഃഖിച്ചും ഭയപ്പെട്ടും ജീവിക്കണമെന്നല്ല പറയുന്നത്. വരുവാൻ പാടുള്ളവ എല്ലായ്പോഴും വരണമെന്നില്ലല്ലോ. ഒരിക്കലും സംഭവിക്കാൻ സാധ്യത യില്ലാത്ത സംഗതികളെ ഓർത്ത് ഇപ്പോൾ തന്നെ എന്തിനു ദുഃഖിക്കുന്നു? ചുരുക്കിപറഞ്ഞാൽ, എന്തു സഹിക്കാനും ഒരുങ്ങിയിരിക്കണമെന്നേ ഞാൻ പറയുന്നുള്ളു. നമുക്കു വേണ്ട ശക്തി ദൈവത്തിൽനിന്നു പ്രാപിക്കാം. അസാദ്ധ്യമായ സംഗതികൾ ദൈവം നമ്മിൽനിന്ന് ആവശ്യപ്പെടുകയില്ല.

“ചെറുപ്പംമുതൽ ഈ നയമാണു ഞാൻ അവലംബിച്ചിരുന്നത്. ഇതുപോലെ ചെയ്തിരുന്ന ഒരു വിശുദ്ധന്റെ ചരിത്രം, ഞാൻ കൊവേന്ത യിൽ ചേർന്ന ശേഷം ഊട്ടുമുറിയിൽ ആണ്ടിലൊരിക്കൽ വായിക്കു ന്നതു കേട്ടിട്ടുണ്ട്. ഈ അഭ്യാസത്തിന്റെ ഫലമായി അദ്ദേഹത്തിനു പ്രതീക്ഷയിൽ കവിഞ്ഞു യാതൊന്നും സംഭവിച്ചിട്ടില്ലെന്നു പറയുവാൻ കഴിഞ്ഞിരുന്നു. ഏതു പീഡകളും വേണ്ടവിധം സഹിക്കുന്നതിനു കഴി ഞ്ഞിരുന്നു. വിശുദ്ധന്റെ പേരു ഞാൻ ഓർക്കുന്നില്ല. ഭയത്തെ സംബന്ധിച്ച് എന്റെ അഭ്യാസം തുടർന്നുകൊണ്ടുപോകുന്നതിന് ആ ചരിത്രം എന്നെ ധൈര്യപ്പെടുത്തി. തോമസ് മൂറിനെക്കുറിച്ച് അറിഞ്ഞതുമുതൽ ആ

വിശുദ്ധൻ എനിക്ക് അനുകരണീയനാണ് എന്നു സന്തോഷപൂർവ്വം മനസ്സിലാക്കി. ഞാൻ അദ്ദേഹത്തെ തീവ്രമായി സ്നേഹിച്ചു.

“നാം മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ പലപ്പോഴും നമ്മെ തന്നെയാണു സ്നേഹിക്കുന്നത്. നമ്മിലുള്ള നന്മകൾ മറ്റുള്ളവരിൽ കാണുമ്പോഴാണു നാം അവരെ പ്രത്യേകമായി സ്നേഹിക്കുന്നത്. ആരിലെങ്കിലും നാം ആയിരിക്കുന്നതിന്റെയോ ആയിത്തീരുവാൻ അഗ്രഹിക്കുന്ന ആദർശത്തിന്റെയോ ഛായ നാം കാണുന്നെങ്കിൽ നമുക്ക് അയാളെയും സ്നേഹിക്കാതിരിക്കുവാൻ കഴിയുകയില്ല. നാം നമ്മെ സ്നേഹിക്കുന്നുണ്ടെങ്കിൽ അയാളെയും സ്നേഹിക്കും. അയാൾ അത്രയ്ക്കു നമ്മുടെതാണ്.

“വി. തോമസ് മൂറിൽ എന്റെ ആദർശങ്ങളിൽ വലിയ പങ്കും സജീവമായി ഞാൻ കാണുന്നു. അദ്ദേഹം എന്റെ വിശുദ്ധനാണ്. ഓരോ കൊല്ലം ചെല്ലുന്തോറും അദ്ദേഹത്തിന്റെ നേരെയുള്ള സ്നേഹം എന്നിൽ വർദ്ധിച്ചുവരുന്നു. ആറേഴു കൊല്ലമായി ഞാൻ കൂടെക്കൂടെ അദ്ദേഹത്തിന്റെ ചരിത്രഭാഗങ്ങൾ സൗകര്യം കിട്ടുമ്പോഴൊക്കെ വായിക്കാറുണ്ട്. അദ്ദേഹത്തിന്റെ കൃതികൾ പലതും എനിക്കു വായിക്കാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹം ജയിലിലായിരുന്നപ്പോൾ എഴുതിയവയെങ്കിലും വായിക്കുവാൻ എനിക്ക് അതിയായ ആഗ്രഹമുണ്ട്. എനിക്കു ധൈര്യം പകരാൻ സാധ്യമായ പലതും അവയിൽ കണ്ടേക്കും.

“എല്ലാ വേദസാക്ഷികളും അവരുടെ മനസ്സാക്ഷിയുടെ പ്രേരണക്കു വിധേയരായിട്ടാണ് മരിച്ചിട്ടുള്ളത്. വി. തോമസ് മൂർ എന്റെ അറിവിൽ പെട്ട വേദസാക്ഷികളിൽ മനസ്സാക്ഷിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഏറ്റവും കൂടുതലായി വാദിക്കുകയും, അതിനുവേണ്ടിമാത്രം സുദീർഘമായ കാരാഗൃഹവാസവും മരണവും വരിക്കുന്നതിനു സന്നദ്ധത കാണിക്കുകയും ചെയ്ത വിശുദ്ധനാണ്. താൻ ആദരിച്ചിരുന്ന സത്യങ്ങളുടെ യുക്തിയുക്തതയെക്കുറിച്ചു പ്രകീർത്തിക്കാതെ, അവയെ അനാദരിച്ചിരുന്നവരെ വിധിക്കാതെ, സ്വന്തമനസ്സാക്ഷിക്കെതിരായി നിർബന്ധിക്കരുതെന്നു മാത്രമേ അപേക്ഷിച്ചിരുന്നുള്ളു. തർക്കവിഷയമായിരുന്ന കാര്യത്തിൽ തന്റെ മനസ്സാക്ഷിയെ ശരിപ്പെടുത്തുന്നതിനു പല കൊല്ലങ്ങൾ തന്നെ ബുദ്ധിമുട്ടി പഠിച്ചതിനുശേഷമാണ് ഈ നിലപാട് അവലംബിച്ചത്. അല്ലാതെ അദ്ദേഹത്തിന്റേതു വെറും പിടിവാദമല്ലായിരുന്നു.

“സ്വഭാവത്താലെ ഭീരുവെങ്കിലും സത്യം ഗ്രഹിക്കുന്നത്തിനുള്ള ആഗ്രഹവും സന്നദ്ധതയും, അതിനെ ആദരിക്കുന്നതിനും അതനുസരിച്ചു പ്രവർത്തിക്കുന്നതിനും ദൈവത്തിലുള്ള പ്രത്യാശയെ അവലം

ബിച്ചുള്ള ധീരതയും, ദൈവത്തെക്കുറിച്ച് സഹിക്കുന്നതിനുള്ള അതി യായ ആഗ്രഹവും അദ്ദേഹത്തിന് ഉണ്ടായിരുന്നു. എന്നാൽ ദൈവം തന്നെ അതിലേക്ക് ആനയിക്കുന്നതുവരെ ശാന്തനായി കാത്തുനിൽ ക്കുന്നതിനുള്ള എളിമയും വിവേകവും അദ്ദേഹം പ്രദർശിപ്പിച്ചു. ഈ ഗുണഗണങ്ങൾ വി. തോമസ് മൂറിനെ എന്റെ സ്വന്തമായി കരുതുവാൻ കാരണമായി. വിശുദ്ധന്റെ ചരിത്രം ഞാൻ വീണ്ടും വീണ്ടും വായി ച്ചിട്ടുണ്ട്. ഓരോ തവണയും അദ്ദേഹം എനിക്കു കൂടുതൽ കൂടുതൽ അനുകരണീയനായി തോന്നുന്നു. അദ്ദേഹത്തിന്റെ ജീവിതം, പ്രത്യേ കിച്ച് അവസാനകാലം എന്റെ ജീവിതത്തെ സാരമായി നിയന്ത്രിക്കു കയും നയിക്കുകയും ചെയ്തിട്ടുണ്ട്."

ഡൺസ്റ്റണച്ചൻ സ്വയം അവകാശപ്പെടുന്നതുപോലെ തോമസ് മൂറിന്റെ ആദർശം അദ്ദേഹത്തെ ഹഠാദാകർഷിച്ചു. വിശുദ്ധൻ അദ്ദേഹ ത്തിന്റെ ജീവിതസ്വാധീന വിഷയമായി. ആത്യന്തികമായി നാം മനസ്സാ ക്ഷിയുടെ സ്വരം ശ്രവിക്കണം. ആ സ്വരവും ശ്രവണവും വിശ്വാസ ത്തിൽ അധിഷ്ഠിതമായിരിക്കണം. സർവ്വവും ത്യജിച്ച് ആ നിമന്ത്രണ ങ്ങളെ പിഞ്ചെല്ലണം. സ്വന്തബന്ധങ്ങൾ അതിനു തടസ്സമാകരുത്. ഈ മൂല്യവിശേഷങ്ങളുടെ അതിശക്തമായ അവതാരരൂപമായിരുന്നു ഡൺസ്റ്റണച്ചൻ.

### ന്യായവും തത്വവും

'ന്യായം' എന്ന പദം ഡൺസ്റ്റണച്ചൻ ധാരാളമായി ഉപയോഗിച്ചിരുന്നു. അച്ചനെ സംബന്ധിച്ചിടത്തോളം ന്യായമെന്നത് സത്യത്തിന്റെ പര്യായ മായിരുന്നു. 'തത്വം' എന്ന വാക്കും കൂടെക്കൂടെ സംഭാഷണത്തിൽ കടന്നുവന്നിരുന്നതാണ്. അച്ചനത് ഇംഗ്ലീഷിലെ പ്രിൻസിപ്പലിനു പകരം നിൽക്കുന്ന വാക്കാണ്.

### പണിതീരാത്ത വീടിന്റെ സാക്ഷ്യം

ചിന്തയിലും സംസാരത്തിലും പ്രവൃത്തിയിലും പൂർണ്ണസത്യത്തെ പുൽകാൻ ആഗ്രഹിച്ചിരുന്ന ഡൺസ്റ്റണച്ചൻ സത്യവഴിയിൽ നിത്യം ചരിക്കാൻ ശ്രമിച്ചു. സത്യസന്ധതയുടെ ജീവിക്കുന്ന സാക്ഷ്യമായി അദ്ദേഹം പകർന്നു.

റാഫേൽ കണ്ണനായ്ക്കലച്ചൻ അനുസ്മരിക്കുന്നു: "ഡൺസ്റ്റണ ച്ചന്റെ സത്യസന്ധതയും ആത്മാർത്ഥതയും എനിക്ക് എന്നും പ്രചോദന മായിരുന്നു. പലപ്പോഴും ശരിയായ, ഉറച്ച തീരുമാനങ്ങൾ എടുക്കുന്ന

തിനും ഒരു പരിധിവരെ അവ നടപ്പാക്കുന്നതിനും ആ മാതൃക എന്നെ സഹായിച്ചു. ചില വിഷമം പിടിച്ച സാഹചര്യങ്ങളിൽ അച്ചനിൽനിന്നു മാർഗ്ഗനിർദ്ദേശങ്ങൾ ഞാൻ ആരാഞ്ഞിട്ടുണ്ട്. അവ എനിക്ക് കൂടുതൽ വെളിച്ചം നൽകി.''

ശരവണംപട്ടിയിലെ നവസന്ന്യാസഭവനത്തിന്റെ കെട്ടിടപ്പണി നടക്കുന്ന കാലം. റാഫേലച്ചനായിരുന്നു പണികളുടെ നേതൃത്വം. സിമന്റിനു വളരെ ബുദ്ധിമുട്ട്. പെർമിറ്റ് അനുസരിച്ച് കിട്ടിയ സിമന്റ് ഉപയോഗിച്ച് പണികൾ തകൃതിയായി നടക്കുന്നു. അധികാരികളുടെ അനുവാദത്തോടുകൂടെ ഒരു ലോഡ് സിമന്റ് അധികവില കൊടുത്തു കരിഞ്ചന്തയിൽ വാങ്ങി. ഡൺസ്റ്റണച്ചൻ അത് അറിഞ്ഞപ്പോൾ പറഞ്ഞു, "നമുക്ക് ഈ ഇടപാട് വേണ്ട.'' "പണി നിറുത്തി വയ്ക്കേണ്ടി വരും'' റാഫേലച്ചൻ പറഞ്ഞു: "അങ്ങനെയെങ്കിൽ പണി നിറുത്തുക. പണി തീരാത്ത, പണി മുടങ്ങിയ കെട്ടിടമായിരിക്കും ഏറ്റവും വലിയ സാക്ഷ്യം. മറ്റുള്ളവർ പണി നടക്കാത്തതിന് കാരണം ചോദിച്ചാൽ നമുക്കു മറുപടി പറയാം.''

വസ്തു വാങ്ങുന്നതിനും സ്ഥാപനങ്ങളുടെ അനുവാദവും അംഗീകാരവും ലഭിക്കുന്നതിനും "സർവ്വീസ് ചാർജ്' എന്ന ഓമനപ്പേരിൽ നൽകുന്ന കൈക്കൂലിയെപ്പറ്റിയും അദ്ദേഹത്തിന് ഇതേ നിലപാടാണ് ഉണ്ടായിരുന്നത്. സഭാസംബന്ധമായ സമ്മേളനങ്ങളിൽ അനീതിക്കെതിരെ ധീരമായ വാദഗതികളിലൂടെ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ എടുത്തിരുന്നു. തന്റെ ബോദ്ധ്യങ്ങളെ ശക്തമായി അവതരിപ്പിക്കാൻ ചങ്കുറപ്പുള്ള പ്രവാചകനായിരുന്നു കഥാനായകൻ.

അയിരൂർ കൊവേന്തയിൽ അംഗമായിരുന്ന കാലത്ത് ഒരു രേഖയിൽ ഒപ്പുവയ്ക്കുന്നതിന് ആശ്രമശ്രേഷ്ഠൻ അച്ചനെ നിർബന്ധിച്ചു. സ്വന്തം മനസ്സാക്ഷിക്ക് അംഗീകരിക്കാൻ സാധ്യമല്ലാത്തതുകൊണ്ട് അദ്ദേഹം അധികാരിയെ അനുസരിച്ചില്ല. സംഭവം തന്റെ ജീവിതത്തിലെ ഏറ്റവും നീണ്ട സഹനത്തിനു കാരണമായി.

വരന്തരപ്പിള്ളി ആശ്രമത്തിനു കീഴിൽ ഒരു എയ്ഡഡ് സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ വർഷവും പ്രധാനാധ്യാപകൻ വരവുചെലവു കണക്കുകൾ ശരിപ്പെടുത്തി മാനേജരുടെ ഒപ്പു വാങ്ങി സർക്കാരിലേക്ക് അയക്കുന്ന പതിവുണ്ട്. കണക്കുകൾ പരിശോധിച്ചശേഷമാണ് പതിവുള്ള ഗ്രാന്റ് അനുവദിക്കുക. പതിവനുസരിച്ച് പ്രധാനാധ്യാപകൻ ഒപ്പു വാങ്ങാനായി മാനേജരായ ഡൺസ്റ്റണച്ചനെ സമീപിച്ചു. കണക്കുകൾ പരിശോധിച്ച അച്ചൻ അതിൽ ചെയ്യാത്ത ചെലവിന്റെ കണക്കു കണ്ടെത്തി. "സർക്കാരിൽനിന്നു ലഭിക്കാനുള്ള തുക മുഴുവനും ചെലവഴിച്ചതായി

കണക്കിൽ കാണിക്കണം. അൽപം മാത്രം ചെലവഴിച്ചാൽ തുക തെല്ലും ലഭിക്കാതെ പോകും. അതുകൊണ്ട് കണക്കിൽ അൽപം കൃത്രിമം സാധാരണമാണ്. അതിൽ കുഴപ്പമില്ല.'' ഡൺസ്റ്റണച്ചന്റെ സംശയത്തിനു പ്രധാനാധ്യാപകൻ മറുപടി പറഞ്ഞു. സത്യസന്ധനായ ഡൺസ്റ്റണച്ചന് ആ പതിവു പരിപാടിയോടു യോജിക്കാനായില്ല. കള്ളക്കണക്കെഴുതി കിട്ടുന്ന ഗ്രാന്റ് വേണ്ടെന്നു വച്ചു. അങ്ങനെ ജീവിതത്തിന്റെ സംശുദ്ധിക്കു അദ്ദേഹം സ്വയം അടിവരയിട്ടു.

ഒരിക്കൽ നവസന്ന്യാസികൾക്കു ക്ലാസെടുത്തുകൊണ്ടിരിക്കെ അച്ചൻ ഇപ്രകാരം പറഞ്ഞു: "എങ്ങനെയാണ് ഈ ലോകത്തിൽ എപ്പോഴും സത്യസന്ധനായിരിക്കാൻ സാധിക്കുക? കൈക്കൂലി കൊടുക്കാതെ കാര്യം നടത്താൻ കഴിയുമോ? ഞാൻ നിങ്ങളെ ചികിത്സിക്കാൻ സർക്കാർ ആശുപത്രിയിൽ കൊണ്ടുപോയി എന്നു കരുതുക. കൈക്കൂലി കൊടുക്കുന്നില്ലെങ്കിൽ അവിടെ ആരും നമ്മെ തിരിഞ്ഞു നോക്കിയെന്നുവരില്ല. കൊടുക്കില്ലായെന്ന നിലപാടിൽ ഞാൻ ഉറച്ചുനിന്നാൽ നിങ്ങൾ എന്തു ചിന്തിക്കും? 'എന്നാലും അച്ചൻ ഇങ്ങനെ പിശുക്കു കാണിക്കണോ? കുറച്ചു പൈസ കൈമടക്കു കൊടുത്തിരുന്നെങ്കിൽ സമയത്തിന് എന്റെ ചികിത്സ നടക്കുമായിരുന്നല്ലോ. രോഗിയായ ഞാൻ ഇങ്ങനെ കഷ്ടപ്പെടേണ്ടിവരില്ലായിരുന്നു.' അച്ചൻ ഒരു പ്രായോഗിക ബുദ്ധിമുട്ട് അവതരിപ്പിച്ചു. ഒരുപക്ഷേ, എന്നെങ്കിലും അപ്രകാരം ഒരു പ്രതിസന്ധി അദ്ദേഹം നേരിട്ട് അനുഭവിച്ചിരിക്കാം. "എങ്ങനെയാണ് ഈ ലോകത്തിൽ എപ്പോഴും സത്യസന്ധനായിരിക്കാൻ സാധിക്കുക?'' അദ്ദേഹം വീണ്ടും ചോദ്യം ആവർത്തിച്ചു. നവസന്ന്യാസികൾ ആരും മറുപടി നൽകിയില്ല.

### സമഭാവനയുടെ ശാന്തസമുദ്രം

എന്നും എവിടെയും സത്യസന്ധനായിരിക്കാൻ ഡൺസ്റ്റണച്ചൻ ആഗ്രഹിച്ചു. അക്കാര്യത്തിൽ സഭാസമൂഹം അദ്ദേഹത്തിൽ പരിപൂർണ്ണ വിശ്വാസമാണ് അർപ്പിച്ചിരുന്നത്. ആരുടെയും ചേരിയിൽ ചേരാതെ സത്യത്തിനുവേണ്ടി തനിച്ചുനിൽക്കാനുള്ള ആത്മീയമായ ധീരത അദ്ദേഹം സ്വന്തമാക്കിയിരുന്നു.

സഭയിലെ തെരഞ്ഞെടുപ്പുകളിൽ അധികാരസ്ഥാനത്തേക്കു യോഗ്യനായ ആളെ കണ്ടെത്തുന്നതിനു സമൂഹം പലപ്പോഴും ഡൺസ്റ്റണച്ചന്റെ സഹായം തേടി. അതുവഴി ഡൺസ്റ്റണച്ചനിൽ നിറവേറിയിരുന്ന സത്യാത്മാവും സഹായകനുമായ പരിശുദ്ധാത്മാവിന്റെ സവിശേഷ പ്രവർത്തനത്തെ സമൂഹം അംഗീകരിക്കുകയായിരുന്നു. അതോടൊപ്പം,

സ്വാർത്ഥതയുടെ ബന്ധനമകന്ന സ്വതന്ത്രപ്പറവ പൊതുനന്മയ്ക്കു വേണ്ടി നിലകൊള്ളുമെന്നു സമൂഹത്തിനു വിശ്വാസമുണ്ടായിരുന്നു. പലതരം ചിന്താഗതിയുള്ളവരെയും വ്യത്യസ്തങ്ങളായ ആശയങ്ങൾ പുലർത്തുന്നവരെയും ആശയവിനിമയത്തിലൂടെ ബന്ധിപ്പിക്കുന്നതിനും കണ്ണിചേർക്കുന്നതിനും അച്ചൻ പരിശ്രമിച്ചു. രഹസ്യചർച്ചകൾക്കു പ്രോത്സാഹനം നൽകിയില്ല. ഒരിക്കൽ പ്രവിശ്യാസംഘത്തിൽ രാവിലെ പ്രവിശ്യാശ്രേഷ്ഠന്റെ തെരഞ്ഞെടുപ്പിനു ശേഷം സംഘാംഗങ്ങൾ ചിലർ സ്വന്തം മുറികളിലേക്കു വലിഞ്ഞു. മറ്റു ചിലർ ചീട്ടുകളിയിൽ മുഴുകി. ഡൺസ്റ്റണച്ചന് അച്ചന്മാരുടെ നടപടികൾ തെല്ലും പിടിച്ചില്ല. ഇതു തമാശയ്ക്കുള്ള സമയമല്ല. ഇനി ആലോചനക്കാരെ തെരെഞ്ഞെടുക്കാനുണ്ട്. അതേക്കുറിച്ചു ചർച്ച നടക്കണം. ചീട്ടു കളിക്കുന്നവരിൽ ചിലരെ ചുമലിൽ തട്ടിവിളിച്ച് അവരുടെ ഉത്തരവാദിത്വത്തെക്കുറിച്ച് അദ്ദേഹം ഓർപ്പിക്കുന്നതു കാണാനിടയായി.

വരന്തരപ്പിള്ളിയിൽ ആശ്രമത്തോടനുബന്ധിച്ച് ഒരു കോളേജിന്റെ സ്ഥാപനം സംബന്ധിച്ച് അധികാരികളും ജനങ്ങളും തമ്മിൽ തർക്കമുണ്ടായി. ഗൗരവകരമായ ആ പ്രശ്നം പരിഹരിക്കുന്നതിനു വിവേകിയും നീതിനിഷ്ഠനുമായ ഒരു പ്രിയോരച്ചന്റെ സേവനം ആവശ്യമായിവന്നു. അന്നത്തെ ആശ്രമാംഗങ്ങൾ ഡൺസ്റ്റണച്ചന്റെ പേരു നിർദ്ദേശിച്ചു. അവർ ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം കൊവേന്തയുടെ പ്രിയോരായി നിയമിതനായി. കൊവേന്തയുടെ തർക്കമെല്ലാം അവസാനിപ്പിച്ച് ഏവർക്കും സ്വീകാര്യമായ വിധത്തിലും ഏറ്റവും യുക്തവും നീതിപൂർവ്വകവുമായ രീതിയിലും അവിടെ കോളേജ് ആരംഭിക്കാൻ സാഹചര്യമൊരുങ്ങി.

തൃശൂർ ദേവമാത പ്രവിശ്യയിൽനിന്ന് 1979 മാർച്ച് 11-ന് സി.എം.ഐ. കോയമ്പത്തൂർ ഉപപ്രവിശ്യ നിലവിൽ വന്നു. അതോടെ രണ്ട് പ്രവിശ്യകളുടെ അതിർത്തികളെ സംബന്ധിച്ചു സംശയങ്ങൾ ഉദിച്ചു. പ്രശ്നപരിഹാരത്തിനായി പ്രേഷിത ഉപപ്രവിശ്യാധികാരികൾ നിയോഗിച്ച കമ്മറ്റിയുടെ നേതൃത്വം ഡൺസ്റ്റണച്ചനായിരുന്നു. വിഷയം അവധാനപൂർവ്വം പഠിച്ച് നീതിപൂർവ്വകമായ തീരുമാനം എടുക്കാനുതകുന്ന നീതിബോധവും വിവേകവും ഡൺസ്റ്റണച്ചനുണ്ടെന്ന സമൂഹത്തിന്റെ ബോധ്യമാണ് അദ്ദേഹം ഈ കൃത്യത്തിന് നിയോഗിതനാകുന്നതിനുള്ള കാരണം. അൽപം കല്ലിന്റെയും മണ്ണിന്റെയും പേരിൽ തർക്കമുണ്ടാകുന്നതു സന്ന്യാസചൈതന്യത്തിനു നിരക്കുന്നതല്ലെന്ന് ഉപദേശിക്കുമ്പോഴും അച്ചൻ സത്യത്തിനുവേണ്ടി നിലകൊണ്ടു.

**ആത്മീയതയിലെ പ്രവാചകചൈതന്യം**

ഡൺസ്റ്റണച്ചന്റെ സംസ്കാരവേളയിൽ പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പ്രസ്താവിച്ചു: "വിശുദ്ധ കുർബാനയുടെ പ്രാർത്ഥനയിൽ പറയുന്നതുപോലെ നിർമ്മല ഹൃദയത്തോടും പ്രസന്ന വദനത്തോടും നിഷ്കളങ്ക മനസ്സോടുംകൂടെ ജീവിച്ച നീതിമാനായ സന്ന്യാസവൈദികനായിരുന്നു ഡൺസ്റ്റണച്ചൻ.''

"താൻ മുഴുവനായും ദൈവത്തിന്റേതാണ്, തന്റെ സ്വസ്ഥതയും സുരക്ഷിതത്വവും ദൈവത്തിൽ മാത്രമാണ്'' എന്ന അവബോധത്തിന്റെ അടിത്തറയിൽ അടിസ്ഥാനമുറപ്പിച്ച് ഉൾക്കരുത്തു നേടിയ വ്യക്തിത്വ മാണു ഡൺസ്റ്റണച്ചന്റേത്. നിർഭയത്വം അദ്ദേഹത്തിനു സ്വാഭാവിക മായിരുന്നു. തികച്ചും പരമാർത്ഥമായ ഹൃദയത്തിന്റെ ഉടമ. ഈശ്വരോ ന്മുഖമായ ആന്തരികയാത്രയിലുണ്ടാകുന്ന ഏതൊരു തടസ്സത്തെയും നേരിടാനുള്ള തീക്ഷ്ണമായ ക്ഷമാശീലം, തടസ്സങ്ങളുണ്ടാക്കുന്ന വേദനയിലൂടെ കടന്നുപോകാനുള്ള സഹനശേഷി, എന്തു ത്യാഗവും സഹിക്കാനുള്ള മനഃശക്തി, ഐശ്വര്യ പാതയിൽ തടസ്സങ്ങളുണ്ടാ ക്കുന്ന അസത്യത്തിനും അനീതിക്കുമെതിരെ പ്രതിഷേധിക്കാനുള്ള ആർജ്ജവം എന്നിവ ഡൺസ്റ്റണച്ചന്റെ സവിശേഷതകളായിരുന്നു. കളങ്കമില്ലാത്ത മനസ്സും ഒളിച്ചുകളിയില്ലാത്ത പെരുമാറ്റവും, പരസ്പരം അന്തരമില്ലാത്ത വാക്കുകളും ചെയ്തികളും, വളച്ചുകെട്ടില്ലാത്ത സംസാര രീതിയും, തെല്ലും വളവില്ലാത്ത ലളിതജീവിതവും അദ്ദേഹത്തിന്റെ മുഖമുദ്രകളായി തിളങ്ങി.

സഭയിലും സമൂഹത്തിലും അരങ്ങേറുന്ന ആനുകാലിക സംഭവ ങ്ങളോടു ജാഗരൂകവും വിമർശനാത്മകവുമായ ഒരു മനസ്സ് അദ്ദേഹം എപ്പോഴും അകമേ കരുതി. അവയെക്കുറിച്ചുള്ള അച്ചന്റെ അഭിപ്രായ ങ്ങൾ വളരെ വ്യക്തമായിരുന്നു. പലപ്പോഴും നിറഞ്ഞ വികാരങ്ങളോടെ തന്നെ തന്റെ അഭിപ്രായങ്ങളും വിമർശനങ്ങളും വിനിമയം ചെയ്തു. തിന്മയുടെ ഘടകങ്ങൾ തിരിച്ചറിഞ്ഞു പ്രതികരിച്ചു.

ഒരിക്കൽ ഡൺസ്റ്റണച്ചൻ ഒരു വീട്ടിൽ വിരുന്നിനു പോയി. ഏതാനും വൈദികരും ഒപ്പമുണ്ടായിരുന്നു. വിഭവസമൃദ്ധമായ ഊണിന്റെ ഭാഗമായി പാനോപചാരവും നടന്നു. എന്നാൽ വൈദികരാരുംതന്നെ ആ വക മര്യാദകളൊന്നും പാലിക്കാൻ തയ്യാറായില്ല. ആതിഥേയൻ അവരെ നിർ ബന്ധിക്കാൻ തുടങ്ങി. "അച്ചന്മാരായാലും അൽപം കുടിച്ചാൽ എന്താ കുഴപ്പം...? അതു വലിയ പാപമാണോ...? വല്ലപ്പോഴുമല്ലെയുള്ളു...? എപ്പോഴുമില്ലല്ലോ? ഇന്നത്തെ സമൂഹത്തിൽ ഇതൊക്കെ സാധാരണ

മല്ലേ?'' ഗൃഹനാഥന്റെ ന്യായവാദങ്ങളിലൊന്നും അച്ചന്മാർ വീണില്ല. തോൽവി സമ്മതിച്ച് അദ്ദേഹം പിൻവാങ്ങി. തുടർന്ന് പല കാര്യങ്ങളും അവർ സംസാരിച്ചു. സഭാധികാരികളുടെ വീഴ്ചകളും വൈദികരുടെ ദുർനടപടികളും ചർച്ചാവിഷയങ്ങളായി. ഇടയിൽ അവരിൽ ചിലരുടെ മദ്യപാനശീലവും കടന്നുവന്നു. മദ്യപിക്കുന്ന വൈദികരെക്കുറിച്ച് ആതിഥേയനു തെല്ലും മതിപ്പില്ലായിരുന്നു. അച്ചന്മാർ കുടിക്കുന്നതിനെ ക്കുറിച്ച് വളരെ മോശമായ ഭാഷയിലാണ് അദ്ദേഹം വിമർശിച്ചത്. അൽപം മുൻപ് മദ്യപാനത്തെക്കുറിച്ചു വളരെ ലാഘവത്തോടെ സംസാരിച്ചതും അച്ചന്മാരെ നിർബന്ധിച്ചതും അതിനകം അയാൾ മറന്നുപോയിരുന്നു. "അയാൾ നിർബന്ധിച്ചപ്പോൾ നാം കുടിച്ചിരുന്നെ ങ്കിൽ എത്ര നാണക്കേടാകുമായിരുന്നു,'' സദ്യ കഴിഞ്ഞു മടങ്ങും വഴിയിൽ അച്ചന്മാർ പരസ്പരം പറഞ്ഞു. ഈ അനുഭവം എല്ലാവർക്കും നല്ലൊരു പാഠമായി.

ഒരിക്കൽ ഡൺസ്റ്റണച്ചൻ അവശ്യം മദ്യപിക്കുന്നവരുടെ ആഘോഷ ത്തിലേക്കു യാദൃശ്ചികമായി ചെന്നുകയറാനിടയായി. മദ്യപാന ത്തിൽ പങ്കുചേരാതെ അവരോടൊപ്പം ശാന്തമായി അച്ചൻ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നു. ഒരാൾ വന്ന് അൽപം സേവിക്കുന്നതിന് അദ്ദേ ഹത്തെ പ്രേരിപ്പിച്ചു. ഡൺസ്റ്റണച്ചൻ ആ അഭ്യർത്ഥന നിരസിച്ചു. എന്നാൽ അഭ്യർത്ഥന നിർബന്ധമായി മാറി. അച്ചൻ പെട്ടെന്ന് പൊട്ടി ത്തെറിച്ചു: "നിങ്ങൾക്കു കഴിക്കാം ഞാനതിനു വിരോധം പറഞ്ഞില്ലല്ലോ. എന്തിനാണ് മറ്റുള്ളവരെ നിർബന്ധിക്കുന്നത്.''

പ്രവിശ്യ സംഘത്തിലും സഭാസംബന്ധമായ സമ്മേളനങ്ങളിലും ഡൺസ്റ്റണച്ചന്റേതു പ്രവാചകസ്വരമായിരുന്നു. മൂല്യങ്ങളുടെ പാലന ത്തിൽ അൽപമെങ്കിലും വ്യതിചലിക്കാനോ നീതിയുടെ നടത്തിപ്പിൽ കടുകിട വിട്ടുകൊടുക്കാനോ അദ്ദേഹം തയ്യാറല്ലായിരുന്നു. സ്വന്തം അഭി പ്രായങ്ങൾ തുറന്നുപറയുന്നതിൽ നിർഭയത്വം പുലർത്തി. എതിർപ്പു കളെ അവഗണിച്ചു. പരിക്കുകൾ പരിഗണിക്കാതെ പോരാടി. ഒറ്റപ്പെടലു കളെ സ്വയം വരിച്ചു. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും സത്യത്തോടുള്ള ഈ പ്രതിബദ്ധത പൂർത്തികരിക്കുന്നതിനു ശ്രമിച്ചതുകൊണ്ട് ഏറെ ആന്തരിക സമരം അദ്ദേഹം അനുഭവിക്കേണ്ടിവന്നു. ദൃഢചിത്തതയോടെ മൂല്യങ്ങൾക്കുവേണ്ടി നിലകൊണ്ടപ്പോൾ "വാശിക്കാരനായി" മുദ്രകുത്ത പ്പെട്ടു. വല്ലപ്പോഴുമേ ഇത്തരം വ്യക്തികൾ ജനിക്കുകയുള്ളു. അവരുടെ സത്യസന്ധത ചിലപ്പോൾ പരിഹസിക്കപ്പെട്ടേക്കാം. എന്നാലും അണു വിട ധർമ്മത്തിൽനിന്നു വ്യതിചലിക്കാൻ അവർ തയ്യാറാവുകയില്ല.

"സത്യമായതു വിശ്വസിക്കുക; വിശ്വസിക്കുന്നതു പറയുക; പറയുന്നതു പ്രവർത്തിക്കുക. സത്യത്തിന്റെ അംഗീകരണത്തിൽനിന്നേ നീതി പുലരുകയുള്ളൂ." ഇത് ഡൺസ്റ്റണച്ചന്റെ ജീവിതബോദ്ധ്യമായിരുന്നു. സഭയ്ക്ക് എന്തെങ്കിലും തെറ്റുപറ്റിപ്പോകുന്നുണ്ടെങ്കിൽ അത് സത്യസന്ധതയോടുള്ള പ്രതിബദ്ധതയുടെ കുറവുകൊണ്ടാണെന്ന് അദ്ദേഹം കരുതി. "വാക്കൊന്ന് പ്രവൃത്തി വേറെ! അനുസരണത്തിന്റെയും വിനയത്തിന്റെയും ജീവിതരീതി തെരഞ്ഞെടുത്തിട്ട് പ്രതാപമുള്ള ജോലി കിട്ടാതാകുമ്പോൾ അസംതൃപ്തരായി കാണപ്പെടുക! ദരിദ്രനായിരിക്കാമെന്നു വാക്കു കൊടുത്തവൻ മനുഷ്യരുടെ മുൻപിൽ പണക്കാരനായി പ്രത്യക്ഷപ്പെടുക! അനുസരിക്കാമെന്നു സമ്മതിച്ചവൻ അധികാരമോഹവുമായി നടക്കുക! ജനങ്ങളെപ്രതി ഏറ്റെടുത്ത സംരംഭങ്ങൾ സൗകര്യപൂർവ്വം മാറ്റിവെച്ചു മറ്റുകാര്യങ്ങൾ തേടിപ്പോകുക!" ഈ പ്രവണതകൾക്കെല്ലാം കാരണം സത്യത്തോടുള്ള പ്രതിബദ്ധതയുടെ കുറവാണെന്നു ഡൺസ്റ്റണച്ചൻ വിശ്വസിച്ചു.

സത്യത്തിനുവേണ്ടി മുഖം നോക്കാതെ വാദിക്കുമ്പോഴും വിനീതഭാവവും ശാന്തശീലവും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽനിന്നു ചോർന്നുപോയില്ല. അവിടെ പ്രതികാരമനോഭാവമില്ല, സത്യത്തോടുള്ള കൂറും നീതി പുലരുന്നതിനു വേണ്ടിയുള്ള സഹന ശേഷിയുമാണുള്ളത്. നിഷ്കളങ്കതയുടെയും നീതിബോധത്തിന്റെയും സുന്ദരമേളനം ആ വ്യക്തിത്വത്തിന്റെ പ്രത്യേകതയായിരുന്നു. അസത്യത്തിനെതിരെ ശബ്ദമുയർത്തുമ്പോഴും വഴിതെറ്റി നടക്കുന്നവരോട് ആദരവു തെല്ലും നഷ്ടപ്പെടാതെ സൂക്ഷിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

വ്യത്യസ്തമായ ആശയങ്ങളും അഭിപ്രായങ്ങളും പുലർത്തുന്നവർക്കിടയിൽ സാധാരണ കാണാറുള്ള അകൽച്ച ഡൺസ്റ്റണച്ചനിൽ ഉണ്ടായിരുന്നില്ല. ഔദ്യോഗിക വേദികളിൽ നടക്കുന്ന ചർച്ചകളിൽ തന്റെ ബോധ്യങ്ങളിൽ ഉറച്ചുനിന്ന് ശക്തിയുക്തം വാദിച്ചിരുന്ന ഡൺസ്റ്റണച്ചന് ആ ചർച്ചകൾക്കുശേഷം എതിർപക്ഷത്തുള്ളവരോട് വളരെ സ്നേഹപൂർവ്വം സ്വാഭാവികമായി ഇടപഴകുവാൻ കഴിയുമായിരുന്നു. അതുകൊണ്ടുതന്നെ ഡൺസ്റ്റണച്ചന്റെ ആശയങ്ങളെ എതിർത്തവരും അദ്ദേഹത്തെ ഹൃദയപൂർവ്വം ബഹുമാനിച്ചു.

## പരിശീലിതരിൽ സത്യസ്നേഹത്തിന്റെ മുദ്ര പതിക്കാൻ

വളരെ വർഷങ്ങൾ പരിശീലനരംഗത്തു പ്രവർത്തിച്ച ആളെന്ന നിലയിൽ സന്ന്യാസ പരിശീലനത്തെക്കുറിച്ചു തനിക്കുള്ള കാഴ്ചപ്പാടെന്തെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

"വളരെയധികം നന്മചെയ്യാവുന്ന ഒരു ഫീൽഡാണിതെന്ന് എനിക്കു മനസ്സിലായിട്ടുണ്ട്. "ഫോർമേഷനെ'ക്കുറിച്ചുള്ള എന്റെ "വിഷൻ' വളരെ വലുതായിരുന്നു. ആ വിഷനനുസരിച്ച് പ്രവർത്തിക്കാനാകാതെവന്നത് എന്നെ വളരെ വിഷമിപ്പിച്ചു. ഏറെ ചിന്തിച്ചപ്പോൾ കുട്ടികൾക്കുണ്ടാകേണ്ടത് അടിസ്ഥാനപരമായ സത്യസന്ധതയാണെന്നു മനസ്സിലായി. അതില്ലാതെ സന്ന്യാസ ജീവിതത്തിന് അർത്ഥമില്ലെന്നും തോന്നി. ഈ സത്യസന്ധത മാത്രമാണു കുട്ടികളിൽ വളർന്നുകാണാൻ ആഗ്രഹിക്കുന്നതും. ഈ ആഗ്രഹത്തിനു വിരുദ്ധമായി കാണുന്നതെല്ലാം മനസ്സിനെ വല്ലാതെ വിഷമിപ്പിച്ചു. പലപ്പോഴും നിരാശതന്നെ തോന്നിയിട്ടുണ്ട്."

യോഗാർത്ഥികളും നവസന്ന്യാസികളും സത്യസന്ധതയിലും നീതിബോധത്തിലും വളരണമെന്നു ഡൺസ്റ്റണച്ചൻ ആഗ്രഹിച്ചു. സത്യത്തിന്റെ അംഗീകാരത്തിൽനിന്നേ നീതി പുലരുകയുള്ളുവെന്ന് അദ്ദേഹം പറയുമായിരുന്നു. സത്യസന്ധതയുടെ ജീവിതസാക്ഷ്യം തന്റെ വാക്കുകളിലൂടെയും പ്രവൃത്തിയിലൂടെയും നിറവേറ്റി. സദാ സത്യസന്ധരായിരിക്കാൻ അർത്ഥികൾക്കു പ്രചോദനം നൽകി. തന്റെ ആദർശപുരുഷനായ തോമസ് മൂറിന്റെ സത്യത്തോടുള്ള പ്രതിബദ്ധത മറ്റുള്ളവരിലേക്കും പകരുന്നതിന് അദ്ദേഹം പരിശ്രമിച്ചു. അർത്ഥികൾക്കുള്ള ഉപദേശങ്ങളിൽ തോമസ് മൂർ പലപ്പോഴും സാന്ദർഭികമായി കടന്നുവന്നു. 1953-56 കാലഘട്ടത്തിൽ അമ്പഴക്കാട് കൊവേന്തയിലെ പ്രൊക്കുറേറ്ററും നവസന്ന്യാസികളുടെ കുമ്പസാരക്കാരനും ആയിരിക്കെ ഡൺസ്റ്റണച്ചന്റെ പ്രേരണയിൽ നവസന്ന്യാസികൾ തോമസ് മൂറിന്റെ ജീവചരിത്രം നാടകമായി അവതരിപ്പിച്ചു. റാഞ്ചിയിൽവച്ച് വിശുദ്ധന്റെ കത്തുകൾ വിവർത്തനം ചെയ്യാൻ യോഗാർത്ഥികൾക്കു പ്രേരണ നൽകി. അച്ചൻ പറഞ്ഞു: "എന്റെ പെട്ടിയുടെ അടിയിൽ കുറേ കൊല്ലങ്ങളായി കിടക്കുന്നുണ്ട്, തോമസ് മൂറിന്റെ കുറച്ച് കത്തുകൾ ഞാൻ മലയാളത്തിലേയ്ക്ക് ആക്കിയത്. അദ്ദേഹത്തിന്റെ ബാക്കിയുള്ള കത്തുകൾകൂടി ശേഖരിച്ച് മലയാളത്തിലാക്കണം."

റെക്റ്ററായ ഡൺസ്റ്റണച്ചനോട് എന്തും തുറന്നുപറയുന്നതിനുള്ള സ്വാതന്ത്ര്യം അർത്ഥികൾ അനുഭവിച്ചു. അച്ചനോടു കയർക്കുന്നതിനും തർക്കിക്കുന്നതിനും അവർക്ക് ഏറെ സ്വാതന്ത്ര്യമുണ്ടായിരുന്നു. തുറന്ന മനസ്സിൽനിന്ന് ആത്മാർത്ഥമായി നിറഞ്ഞൊഴുകുന്നതൊന്നും അദ്ദേഹം ഉപേക്ഷിച്ചില്ല. തുറവിയുള്ള യോഗാർത്ഥിയുടെ എല്ലാ തെറ്റുകളും പൊറുക്കുവാൻ തയ്യാറായി.

തങ്ങളുടെ കുറവുകൾ തുറന്നുപറഞ്ഞാൽ 'പറഞ്ഞുവിടും' എന്ന ആശങ്ക ഡൺസ്റ്റണച്ചന്റെ യോഗാർത്ഥികൾക്ക് ആവശ്യമില്ലായിരുന്നു. പ്രീഡിഗ്രി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ യോഗാർത്ഥി ഭവനത്തിൽ കഴിഞ്ഞ ഒരാൾ അക്കാര്യം റെക്റ്ററച്ചനോടു തുറന്നു പറഞ്ഞു. കുട്ടിയുടെ സത്യസന്ധതയെ മാനിച്ചുകൊണ്ട് അദ്ദേഹത്തെ പരിശീലന ഭവനത്തിൽ തുടരുവാനും പഠനം പൂർത്തിയാക്കുവാനും അനുവാദം നൽകി.

പഠനത്തിൽ മിടുക്കനായ ഒരു യോഗാർത്ഥിയുടെ അനുഭവം കുറിക്കാം. അവന്റെ കുടുംബം സാമ്പത്തിക ശേഷിയുള്ളതായിരുന്നെങ്കിലും പഠനത്തിനാവാശ്യമായ സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. അതുകൊണ്ട് സെമിനാരിയിൽ ചേർന്ന്, ഇഷ്ടവിഷയത്തിൽ കോളേജ് പഠനം നടത്തി തിരിച്ചു പോകാനായിരുന്നു അവന്റെ പദ്ധതി. സെമിനരിയിൽ തന്റെ ഇംഗിതങ്ങൾ തന്ത്രപൂർവ്വം മറച്ചുവെച്ച് "മാതൃകായോഗ്യനായ യോഗാർത്ഥി" യായി അവൻ അഭിനയിച്ചുവരവെയാണ് സെമിനാരിയിലെ ഗുരുവായി ഡൺസ്റ്റണച്ചൻ നിയോഗിതനാകുന്നത്. അച്ചനുമായി ഇടപഴകിയപ്പോൾ സാവാധാനം അവനിൽ കുറ്റബോധമുണ്ടായി. മറച്ചുവെച്ചിരുന്നതെല്ലാം വളരെ സ്വാതന്ത്ര്യത്തോടെ ഗുരുവിന്റെ പക്കൽ തുറന്നുപറഞ്ഞു. അതോടൊപ്പം യോഗാർത്ഥിയുടെ പിതാവിനും മനക്കടിയുണ്ടായി. എഴുത്തിലൂടെ അച്ചനോടു ക്ഷമാപണം നടത്തി. ഇത്രയും നാൾ തന്റെ മകൻ സെമിനാരിയിൽ ജീവിച്ചതിനു നല്ലൊരുതുക നൽകുവാൻ അദ്ദേഹം തയ്യാറായി.

പണം കൊടുത്ത് കുറ്റബോധം തീർക്കുവാൻ തുനിഞ്ഞ പതാവിനോടും മകനോടുമായി ഡൺസ്റ്റണച്ചൻ പറഞ്ഞത്: "പണമൊന്നും വേണ്ട. സെമിനാരി ജീവിതത്തിലൂടെ കുറേ നല്ല കാര്യങ്ങൾ മനസ്സിലാക്കിയല്ലോ. അതനുസരിച്ച് നല്ല കത്തോലിക്കനായി തുടർന്ന് ജീവിക്കണം. നല്ല ഉദ്യോഗസ്ഥനൊക്കെ ആയിക്കഴിയുമ്പോൾ അവസരം ഒത്തുവന്നാൽ മിഷൻ പ്രദേശങ്ങളിൽ കുടുംബമായി ജീവിക്കണം. അങ്ങനെ അവിടെയുള്ളവർക്കു നല്ല കത്തോലിക്കാ വിശ്വാസത്തിന്റെ മാതൃക നൽകണം.''

വരന്തരപ്പിള്ളിയിൽ യോഗാർത്ഥിയായിരുന്നപ്പോഴുണ്ടായ അനുഭവം ഒരാൾ അനുസ്മരിക്കുന്നു: "വരാന്തയിൽനിന്നു പഠനമുറിയിലേക്കു കടക്കുന്ന വാതിലിനോടു ചേർന്ന് ഒരു അലമാര ഉണ്ട്. അതിൽ തോട്ടപ്പണിക്കും മറ്റുമുള്ള സാധനങ്ങൾ സൂക്ഷിച്ചിരുന്നു. വാതിൽ തുറന്നു വച്ചാൽ അലമാരിയിലെ സാധനങ്ങൾ കാണാനാകാത്തവിധം അടഞ്ഞു പോകും. ഒരു ദിവസം വൈകുന്നേരം അലമാരയിൽനിന്നു ചില സാധന

ങ്ങൾ ഞാൻ എടുത്തു. മറ്റു സാധനങ്ങൾ അടുക്കും ചിട്ടയുമില്ലാതെ ഉപേക്ഷിച്ചു പോയി. കുറച്ച് സമയം കഴിഞ്ഞ് ഡൺസ്റ്റണച്ചൻ എല്ലാവരേയും വിളിച്ചുകൂട്ടി. പലപ്രാവശ്യം പറഞ്ഞിട്ടുള്ള കാര്യം വേണ്ട വിധത്തിൽ ചെയ്യാത്തതുകൊണ്ട് അദ്ദേഹം വളരെ ഗൗരവത്തിലായിരുന്നു. ആരാണ് ഇതു ചെയ്തതെന്ന് അച്ചൻ അന്വേഷിച്ചു. നല്ല ശിക്ഷ കിട്ടുമെന്ന് ഉറപ്പായിരുന്നു. ഞാനാണ് ചെയ്തതെന്നു തുറന്നു പറഞ്ഞു. അച്ചൻ തെല്ലും ദേഷ്യപ്പെട്ടില്ല. വളരെ ശാന്തനായി എല്ലാ സാധനങ്ങളും അടുക്കിവയ്ക്കാൻ മാത്രമേ പറഞ്ഞുള്ളു.''

റാഞ്ചിയിൽ യോഗാർത്ഥികളുടെ റെക്റ്ററായിക്കേ നടന്ന സംഭവം: പരിശീലന ഭവനത്തിനു തൊട്ടടുത്തുള്ള അങ്കണം പ്ലാവ്, മാവ്, പേര, ലീച്ച് തുടങ്ങിയ ഫലവൃക്ഷങ്ങളാൽ സമ്പന്നമായിരുന്നു. വികൃതികളായ യോഗാർത്ഥികൾ പലപ്പോഴും മതിൽ ചാടി കൊതി തീർത്തിരുന്നു. തോട്ടമുടമസ്ഥനും തോട്ടം സൂക്ഷിപ്പുകാരനും അകലങ്ങളിൽ ആയിരുന്നതിനാൽ വളരെ സൗകര്യമായി. ഒരിക്കൽ അർത്ഥികൾ കുറെ പേരയ്ക്ക പറിച്ച് അടുത്തുള്ള ഒരു റ്റി.ഒ.ആർ. സെമിനാരിയിലേക്കു കടത്തുവാൻ ശ്രമം നടത്തി. ഗുരുവച്ചൻ അതറിഞ്ഞു. അത് അന്യായമായ മുതലാണെന്നു പറഞ്ഞു യോഗാർത്ഥികളെ തിരുത്തി: “തോട്ടക്കാരൻ അറിയാതെ പേരയ്ക്ക പറിച്ചതു തെറ്റ്. ആ പേരയ്ക്ക റ്റി.ഒ.ആർ. കാർക്കു കൊടുത്ത് അവരെക്കൂടി ഇതിൽ പങ്കാളികൾ ആക്കുന്നത് വേറെ ഒരു വലിയ തെറ്റ്.'' തിരുത്തുന്നതോടൊപ്പം ആ നല്ല പിതാവ് മക്കളെക്കുറിച്ചു കരുതലുള്ളവനായിരുന്നു. നടത്തിപ്പുകാരനെ സമീപിച്ചു പറമ്പിലുണ്ടായിരുന്ന ഫലവൃക്ഷങ്ങളിൽ ഓരോ തരം മരത്തിന്റെ ഫലങ്ങൾ കച്ചവടമാക്കി.

രഹസ്യങ്ങൾ സൂക്ഷിക്കുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്നു, ഡൺസ്റ്റണച്ചൻ. ഏതു രഹസ്യവും തികഞ്ഞ വിശ്വസ്തതയോടെ അദ്ദേഹം സൂക്ഷിച്ചു. യോഗാർത്ഥികൾ തുറന്നു പറയുന്നതൊന്നും പ്രവിശ്യാശ്രേഷ്ഠരോടു പോലും വെളിപ്പെടുത്തിയിരുന്നില്ല. ചില കാര്യങ്ങൾ അധികാരികളോടു തുറന്നുപറയേണ്ടിവന്നാൽ ബന്ധപ്പെട്ട അർത്ഥിയോട് അനുവാദം ചോദിച്ചിട്ടേ അവ വെളിപ്പെടുത്തിയിരുന്നുള്ളു.

അർത്ഥികളുടെ ദൈവവിളിയെക്കുറിച്ചു തീരുമാനമെടുക്കുന്നതിൽ തികഞ്ഞ സത്യസന്ധതയും ആത്മാർത്ഥതയും അദ്ദേഹം പുലർത്തി. അധികാരികളെയും സമൂഹത്തെയും ഭയന്നു ദൃഢനിശ്ചയങ്ങളിൽ നിന്നു വ്യതിചലിച്ചില്ല. സമൂഹത്തിന്റെ വിമർശനം ഭയന്ന് ഏതുവിധേനയും കണക്കൊപ്പിക്കാനും തയ്യാറായില്ല. 1995-ൽ കൗണ്ടമ്പാളയം

ലിറ്റിൽ ഫ്ളവർ സെമിനാരിയിൽ പ്ലസ്ടൂ പഠനം കഴിഞ്ഞു നവസന്ന്യാസ പ്രവേശനത്തിനായി ശേഷിച്ചത് ഒരാൾ മാത്രം. ശേഷിച്ചവനു ചില കാരണ ങ്ങളാൽ സെമിനാരിയോടു വിടപറയുവാൻ പ്രേരണ നൽകി, അവനെ വീട്ടിലേക്ക് അദ്ദേഹം പറഞ്ഞയച്ചു.

സി.എം.ഐ. ദേവമാത, പ്രേഷിത, സെന്റ് പോൾസ് പ്രവിശ്യകളിൽ അംഗങ്ങളായ നിരവധി പേർക്ക് ഡൺസ്റ്റണച്ചൻ സന്ന്യാസമൂല്യ വളർച്ചയിൽ വലിയൊരു സ്വാധീനശക്തിയായിരുന്നു. അർത്ഥികൾക്ക് അധികാരികളോടുള്ള തുറവി സത്യസന്ധതയുടെ മുഖ്യഘടകമാണെ ന്നും അതു പരിശീലനത്തിന് അനിവാര്യമാണെന്നും അച്ചൻ തിരിച്ചറി ഞ്ഞിരുന്നു. അധികാരികളെ പരമാർത്ഥതയോടെ സമീപിക്കണ മെന്ന് അവരെ ഉപദേശിച്ചു. പരിശീലകരുമായി അകന്നുനിൽക്കുന്ന അർത്ഥികളെ അടുപ്പിക്കുക തന്റെ പ്രത്യേക ദൗത്യമായി അദ്ദേഹം സ്വീകരിച്ചു. ഡൺസ്റ്റണച്ചന്റെ പരിശ്രമങ്ങൾ വളരെയേറെ ഫലമണി ഞ്ഞുവെന്ന് ധർമ്മാരാമിൽ വളരെ കാലം ആദ്ധ്യാത്മിക നിയന്താവായി രുന്ന ഫാ. ബെഞ്ചമിൻ കോട്ടുരാൻ സാക്ഷിക്കുന്നു: "തൃശൂരുനിന്നു വരുന്ന ശെമ്മാശന്മാരെ ഡൺസ്റ്റണച്ചൻ വളരെ സ്വാധീനിച്ചിട്ടുണ്ട്. അവരെ തുറവിയുള്ളവരാക്കുന്നതിൽ അദ്ദേഹം വിജയിച്ചിരിക്കുന്നു."

06

# പ്രാർത്ഥന: ജീവിതത്തിന്റെ അവിരാമമായ അന്തർധാര

ഡൺസ്റ്റണച്ചൻ തന്റെ ഓർമ്മക്കുറിപ്പുകൾ ആരംഭിക്കുന്നത് സ്വന്തം മാതാപിതാക്കൾ തന്റെ സ്വഭാവരൂപീകരണത്തിലും ആദ്ധ്യാത്മിക ജീവിതവളർച്ചയിലും വഹിച്ച പങ്കു പ്രതിപാദിച്ചുകൊണ്ടാണ്. തന്റെ ആദ്ധ്യാത്മിക വളർച്ചയിൽ മാതാപിതാക്കൾ, പ്രത്യേകമായി അപ്പൻ ചെലുത്തിയ സ്വാധീനം അപാരമെന്ന് അദ്ദേഹം സാക്ഷിക്കുന്നു. ദൈവൈക്യം ലക്ഷ്യമാക്കി ഇട്ടൂപ്പുണ്ണി പിന്നിട്ട വഴികളിലേക്കു ഡൺസ്റ്റണച്ചൻ തിരിഞ്ഞു നോക്കുന്നു.

### അപ്പന്റെ വഴിയിൽ മകൻ

"എനിക്ക് ഓർമ്മ വെച്ച നാളുകളിൽ കുടുംബത്തിൽ ഒരു ആദ്ധ്യാത്മിക അന്തരീക്ഷം ഉണ്ടായിരുന്നു. ഞാൻ ജനിച്ചത് 1920 നവംബർ 28-ാം തീയതിയാണ്. അതിനു മുൻപെ 1919 ജൂലായ് 4-ാം തീയതി ഞങ്ങളുടെ കുടുംബം ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടു. ഈ പ്രതിഷ്ഠ മാസാദ്യ വെള്ളിയാഴ്ചകളിൽ വളരെ ശുഷ്കാന്തിയോടുകൂടി നവീകരിക്കപ്പെട്ടിരുന്നു. മറ്റുള്ള പ്രാർത്ഥനകൾ ഞങ്ങൾ ചൊല്ലിയാലും പ്രതിഷ്ഠാ ജപം അപ്പൻ വീട്ടിലുണ്ടെങ്കിൽ അദ്ദേഹംതന്നെയാണ് ചൊല്ലാറുള്ളത്. അതു ചൊല്ലുന്ന സമയത്ത് അപ്പനെ കാണുന്നതും കേൾക്കുന്നതും വളരെ ഭക്തി സംവർദ്ധകമായ ഒന്നാണ്. വികാരഭരിതനായിട്ടാണ് എപ്പോഴും അപ്പൻ ചൊല്ലാറുള്ളതും. ദീർഘമായ ഏതെങ്കിലും യാത്രയ്ക്കു പോകുന്നതിന്നുമുൻപ് (അസാധാരണ താമസം ആവശ്യപ്പെടുന്ന അല്ലെങ്കിൽ അപായകരമെന്നു തോന്നുന്ന യാത്രകൾക്കുമുമ്പ്) പ്രതിഷ്ഠ എല്ലാവരുംകൂടി നവീകരിക്കാറുണ്ട്.

"യാത്ര കഴിഞ്ഞു തിരിച്ചെത്തുമ്പോൾ നന്ദി പറയുന്നതിനും അപ്പൻ മറക്കാറില്ല. ഇപ്രകാരം നന്ദി പറയുന്നതിന് ഒന്നിലധികം പ്രാവശ്യം അപ്പൻ ഞങ്ങളെ ഓർമ്മിപ്പിച്ചിട്ടുണ്ട്. കുടുംബാംഗങ്ങൾ എല്ലാവരും ഒരിക്കൽ യാത്ര കഴിഞ്ഞു തിരിച്ചെത്തിയപ്പോൾ ഞാൻ തനിയെ ഈശോയുടെ തിരുഹൃദയത്തിനു നന്ദി പറഞ്ഞു. കുറച്ചുകഴിഞ്ഞപ്പോൾ അപ്പൻ കുടുമ്പാംഗങ്ങളോടായി ചോദിച്ചു 'ആരെങ്കിലും നന്ദിപറയുവാൻ ഓർത്തോ' എന്ന്. അപ്പോൾ സന്തോഷപൂർവം ഞാൻ ഉത്തരം പറഞ്ഞു. അപ്പനിൽനിന്നു ഞാൻ പഠിച്ച പ്രധാന പാഠങ്ങളിൽ ഒന്നാണിത്.

"മറ്റു കുടുംബങ്ങളിൽ കുടുംബപ്രതിഷ്ഠ നടത്തുന്നതിനും മാതാപി താക്കന്മാർ വളരെ പരിശ്രമിച്ചിട്ടുണ്ട്. വീട്ടിൽ വന്നിരുന്ന പലരോടും ഒമ്പതു ആദ്യവെള്ളിയാഴ്ച വി. കുർബാന ഉൾക്കൊള്ളുന്നവർക്ക് ഈശോയുടെ തിരുഹൃദയത്തിൽനിന്നു ലഭിക്കാവുന്ന അനുഗ്രഹങ്ങ ളെക്കുറിച്ച് ഉപദേശരൂപത്തിൽ പറഞ്ഞു പ്രേരിപ്പിക്കുന്നതു ഞാൻ കേട്ടി ട്ടുണ്ട്. പിന്നീട് കുടുംബത്തിൽ പതിവുള്ള മൂന്നു നേരത്തെ പ്രാർത്ഥന കൾക്കു മുടക്കം വന്നു. സന്ധ്യാനമസ്കാരംതന്നെയും പലപ്പോഴും ഏറ്റവും അതൃപ്തികരമായ വിധത്തിൽ നടത്താൻ ഇടയായി. എന്നാൽ കുടുംബപ്രതിഷ്ഠയുടെ കാര്യത്തിൽ കുടുംബാംഗങ്ങൾ എല്ലാവരും മാതാപിതാക്കന്മാരുടെ മരണംവരെ ശുഷ്കാന്തിയുള്ളവരായിരുന്നു. ആദ്യ വെള്ളിയാഴ്ചതോറും പള്ളിയിൽ പോകാൻ കഴിവുള്ള എല്ലാവരും വിശുദ്ധ കുർബാന ഉൾക്കൊള്ളുകയും ചെയ്യുമായിരുന്നു."

കുടുംബത്തിലെ തിരുഹൃദയ പ്രതിഷ്ഠയും അനുബന്ധമായ ഭക്തി മുറകളും അടുത്ത തലമുറയിലേയ്ക്കും കൈമാറണമെന്നു ഡൺസ്റ്റ ണച്ചൻ ആഗ്രഹിച്ചു. പുതിയ വീട് പണിത് വെഞ്ചിരിപ്പിന് ഒരുങ്ങുന്ന സ്റ്റനിസ്ലാവൂസിന് ഇളയപ്പനച്ചൻ കത്തിലൂടെ നൽകുന്ന നിർദ്ദേശം: "ഇതു നിങ്ങൾക്ക് ഒരു പുതിയ അനുഭവമായിരിക്കും. ഈശോയുടെ തിരുഹൃദയത്തിന്റെ നല്ല ഒരു രൂപം കുടുംബപ്രതിഷ്ഠയ്ക്കായി ഒരുക്കി പ്രധാന സ്ഥലത്തു വെക്കണം. നിങ്ങൾ പ്രതിഷ്ഠയ്ക്കായി സ്വയം ഒരുങ്ങണം. വീടുവെഞ്ചിരിപ്പോടുകൂടി പ്രതിഷ്ഠയും നടത്താം. പ്രതിഷ്ഠ യുടെ തീയതി പടത്തിനകത്ത് (ചില്ലിനകത്ത്) ഉചിതമായ സ്ഥലത്തു കാണത്തക്കവണ്ണം എഴുതിവെക്കുക. പ്രതിഷ്ഠയുടെ വാർഷികം ലളിത മായി ഘോഷിക്കുകയും ചെയ്യാം."

കുടുംബത്തിൽ ആദ്ധ്യാത്മികാന്തരീക്ഷം സൃഷ്ടിക്കുന്നതിലും മാതാപിതാക്കൾ ഇരുവരും അതീവ ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിലും ആത്മീയ വളർച്ചയിൽ കൂടുതലായി തന്നെ സ്വാധീനിച്ചത് അപ്പനാ

ണെന്ന് ഇട്ടൂപ്പുണ്ണി തിരിച്ചറിയുന്നു. അതിനുള്ള കാരണവും ഇട്ടൂപ്പുണ്ണി വിവരിക്കുന്നുണ്ട്:

"ഓർമ്മ വെച്ച നാൾമുതൽ ഞാൻ ഒരു ചിന്താശീലനായിരുന്നു. ഹൃദയത്തെക്കാൾ ബുദ്ധിയാണ് എന്നെ നയിച്ചിരുന്നത്. അഞ്ചാറു വയസ്സുള്ളപ്പോൾ രാത്രിയിൽ ഭയങ്കര സ്വപ്നങ്ങൾ കണ്ടു പേടിച്ച് ഉണർന്ന് പിന്നീട് ഉറങ്ങുവാൻ സാധിക്കാതെയിരിക്കുമ്പോൾ ഞാൻ അമ്മയുടെ പക്കൽനിന്ന് അപ്പന്റെ കട്ടിലിലേക്കു കയറിച്ചെല്ലും. ഉറങ്ങിക്കിടക്കുന്ന അപ്പന്റെ രോമം നിറഞ്ഞ, വണ്ണമുള്ള കൈകളിൽ ഒന്ന് പിടികിട്ടിയാൽ പിന്നെ ഒരു ഭയവുംകൂടാതെ സുഖമായി ഞാൻ കിടന്നുറങ്ങും. അതിന്റെ ന്യായം, അമ്മയ്ക്കു ശക്തിയില്ല, അപ്പനു ശക്തിയുണ്ട് എന്നതാണ്. ഇതുപോലെത്തന്നെ അമ്മയെക്കാൾ അപ്പനു കൂടുതൽ അറിവുണ്ട് എന്നായിരുന്നു എന്റെ ബോദ്ധ്യം. ഈ കാരണങ്ങളാൽ അപ്പനാണ് എന്റെ ശ്രദ്ധയെ കൂടുതൽ ആകർഷിച്ചിട്ടുള്ളത്."

പല കാര്യങ്ങളിലും താൻ അപ്പനെപ്പോലെയാണെന്ന് ഇട്ടൂപ്പുണ്ണി മനസ്സിലാക്കി. അപ്രകാരം ആയിരിക്കുന്നതിൽ അവൻ ഏറെ സന്തുഷ്ടനുമായിരുന്നു. തന്റെ പ്രാർത്ഥനാ ജീവിതത്തിൽ അപ്പൻ സ്വാധീനിച്ച സന്ദർഭങ്ങൾ ഡൺസ്റ്റണച്ചൻ എടുത്തു പറയുന്നു:

"എന്റെ ബാല്യകാലംവരെ ഞങ്ങൾ വലിയ ദാരിദ്ര്യത്തിലാണ് കഴിഞ്ഞുകൂടിയിരുന്നത്. ചില മാസങ്ങളിൽ ദിവസങ്ങൾ കടന്നുപോയതു ദൈവത്തിന്റെ പ്രത്യേക പരിപാലനയിലാണ്. പലപ്പോഴും ഭക്ഷണം വളരെ താമസിച്ചാണു കിട്ടിയിരുന്നത്. ചുരുക്കം ചിലപ്പോൾ പേരിനു വല്ലതും കഴിച്ചു തൃപ്തിപ്പെടേണ്ടതായും വന്നിട്ടുണ്ട്. അമ്മയുടെ നോട്ടവും സാമർത്ഥ്യവുംകൊണ്ട് വലിയ വിഷമം കൂടാതെ കഴിഞ്ഞുകൂടി. കുടുംബത്തിലെ ഈ സ്ഥിതി വെളിയിൽ ആരുമറിയാതെ വളരെ സൂക്ഷിച്ചിരുന്നു. ഇതുകൂടാതെ ഞങ്ങളുടെ കടക്കാർ വന്ന് ഇടവിടാതെ അവരുടെ പണം തിരിച്ചു കൊടുക്കാൻ ശക്തിയായ ഭാഷയിൽ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ചിലതു കേസിലായി, വിധിയായി, ജപ്തിയും വാറണ്ടുമൊക്കെയായി. പിടിക്കപ്പെടാതിരിക്കുന്നതിനായി പലപ്പോഴും രാത്രിയിലും മറ്റും ഒളിച്ചോടി പോകുന്നതിന് അപ്പൻ നിർബന്ധിതനായിട്ടുണ്ട്. കുറേ കാലത്തേക്ക് അപ്പനു പകൽ സമയം വീട്ടിൽ താമസിക്കാൻ നിവൃത്തിയില്ലാത്തവണ്ണമായി. ഇങ്ങനെ കുടുംബം എല്ലാതരത്തിലും വിഷമിച്ചിരുന്നു.

"വൈഷമ്യം നിറഞ്ഞ കാലഘട്ടം കുറെ നീങ്ങിയപ്പോൾ അപ്പൻ ഒരു ദിവസം പറയുകയാണ്, "ഞാൻ അനേക സംഗതികൾക്കുവേണ്ടി

പ്രാർത്ഥിച്ചിട്ടുണ്ട്; പ്രാർത്ഥിക്കുന്നുമുണ്ട്. എന്നാൽ ഇതിനുവേണ്ടി (അപ്പന് അനുഭവിക്കേണ്ടിവന്ന മേൽപറഞ്ഞ വിഷമങ്ങൾ മാറികിട്ടി ധനസ്ഥിതി ഉയരുന്നതിനുവേണ്ടി) ഒരിക്കലും പ്രാർത്ഥിച്ചിട്ടില്ല. അപ്പന്റെ നിയോഗപ്രകാരം കുടുംബത്തിൽ പലപ്പോഴും ഈശോയുടെ തിരുഹൃദയത്തോടുള്ള നവനാൾ കഴിക്കാറുണ്ടായിരുന്നു അതു വേറെ ആവശ്യങ്ങൾക്കുവേണ്ടി ആയിരുന്നിരിക്കാം.

"അപ്പന്റെ വാക്കുകൾ കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. ഈ സംഗതിയിൽ ഞാനും അപ്പനെ പോലെയായിരുന്നു. വി. കുർബാന ഉൾക്കൊണ്ടതിനുശേഷമുള്ള സമയങ്ങളിൽ ഞാൻ പ്രത്യേകമായി പല സംഗതികൾക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. കുടുംബത്തിലെ വിഷമം എനിക്കു വളരെയധികം അനുഭവപ്പെട്ടിരുന്നെങ്കിലും, മാതാപിതാക്കന്മാരുടെ ദയനീയസ്ഥിതിയിൽ വിഷമം തോന്നിയിരുന്നെങ്കിലും ഞാൻ കുടുംബത്തിന്റെ ലൗകികമായ ഉന്നമനത്തിനുവേണ്ടി ഒരിക്കലും പ്രാർത്ഥിച്ചിട്ടില്ല. അതിന് ആഗ്രഹവുമില്ലായിരുന്നു. അതു മുഴുവൻ ദൈവഹിതത്തിനു വിട്ടുകൊടുത്തിരിക്കയായിരുന്നു. എങ്കിലും മരണശേഷം ഉത്തരിപ്പുകടത്താൽ അപ്പൻ ശുദ്ധീകരണസ്ഥലത്തു വേദനയനുഭവിക്കാതിരിക്കാൻവേണ്ടി അപ്പൻ മരിക്കുന്നതിനുമുമ്പ് കടങ്ങളെല്ലാം വീട്ടണമെ എന്നു പ്രാർത്ഥിച്ചിരുന്നു. കുടുംബത്തിലെ ദാരിദ്ര്യത്തിൽനിന്നുള്ള വിഷമങ്ങളും അപമാനവും മുഴുവൻ സഹിക്കാൻ ഞാൻ ഒരുക്കമായിരുന്നു. അതു മാറിക്കിട്ടുവാൻ ആഗ്രഹിച്ചിരുന്നില്ല.

"വി. കൊച്ചുത്രേസ്യയുടെ ചരിത്രം അന്നു ഞങ്ങൾക്കു സുപരിചിതമായിരുന്നതിനാൽ പുണ്യവതിയെ അനുകരിച്ച് അമലോത്ഭവ മാതാവിനോടുള്ള കാഴ്ചവെപ്പ് ചൊല്ലുന്നതിന് അമ്മ എന്നെ പലപ്പോഴും നിർബന്ധിച്ചിട്ടുണ്ട്. അമ്മ അതു പതിവായി ചൊല്ലുന്നതു ഞാൻ കേട്ടിട്ടുമുണ്ട്. അമ്മയുടെ നിർബന്ധത്താൽ, അനുസരണത്തെ പ്രതിയാണ് ഞാനവ ചൊല്ലിയിരുന്നത്. പുസ്തകങ്ങളിലുള്ള വാചാപ്രാർത്ഥനകൾ അധികം ചൊല്ലാൻ അന്ന് ഇഷ്ടമില്ലായിരുന്നു. എന്നാൽ ഒരു ദിവസം കാലത്ത് അപ്പന്റെ തനിച്ചുള്ള പ്രാർത്ഥനകൾ കേൾക്കുന്നതിനിടയായി. പുസ്തകം കൂടാതെ ചൊല്ലിയിരുന്ന ആ പ്രാർത്ഥനകൾക്കിടയിൽ അമലോത്ഭവ മാതാവിനോടുള്ള കാഴ്ച്ചവെപ്പു ജപവും ഞാൻ കേട്ടു. അതിൽനിന്ന് പല കൊല്ലങ്ങളായി അപ്പൻ ആ ജപം പതിവായി ചൊല്ലിയിരുന്നെന്നു ഞാൻ അനുമാനിച്ചു. അന്നുമുതൽ അമ്മ പറഞ്ഞതുപോലെ ആ ജപം ചൊല്ലുന്നതിന് എനിക്കു കൂടുതൽ എളുപ്പമുണ്ടായിരുന്നു. അമലോത്ഭവ മാതാവിന്റെ ജപം അമ്മ

പറഞ്ഞതു നന്നായി ചൊല്ലിയിരുന്നെങ്കിൽ എനിക്കു പിൽകാലത്തു ണ്ടായ നിർഭാഗ്യങ്ങൾ സംഭവിക്കുകയില്ലായിരുന്നു.

"വി. കുർബാന സ്വീകരണത്തിനുമുമ്പും പിമ്പുമുള്ള ജപങ്ങൾ പുസ്തകത്തിൽനിന്നു പഠിച്ചതു കൃത്യമായി ചൊല്ലുന്ന പതിവ് എനിക്ക് ഉണ്ടായിരുന്നു. ഒരു ദിവസം അതു ചൊല്ലിത്തീരാത്തതുകൊണ്ട് വൈദികൻ കുർബാന കൊടുത്തപ്പോൾ പോയി കൈക്കൊണ്ടില്ല. പിന്നിട് വളരെ താമസിച്ചാണ് അന്ന് വി. കുർബാന സ്വീകരിക്കാൻ സാധിച്ചത്. അത് അപ്പൻ കണ്ടു. അന്ന് വീട്ടിൽ വന്നപ്പോൾ, പുസ്തക ത്തിലുള്ളതു ചൊല്ലാൻ സൗകര്യമുള്ളപ്പോൾ ചൊല്ലിയാൽ മതിയെന്നു പറഞ്ഞു. അതിനുശേഷം ഞാൻ ആ വിഷയത്തിൽ വളരെ സ്വാതന്ത്ര്യം എടുത്തിരുന്നു.

"പള്ളിയിലുള്ള എന്റെ പെരുമാറ്റം എല്ലായ്പോഴും തൃപ്തികര മായിരുന്നില്ല. ആദ്യകുർബാന സ്വീകരണത്തിനുമുമ്പും പിമ്പുമുള്ള കാലങ്ങളിൽ പള്ളിയിൽവെച്ച് മറ്റു കുട്ടികളുമായി ചിലപ്പോൾ സംസാ രിക്കുകയും അശ്രദ്ധനായിരിക്കുകയും ചെയ്തിരുന്നു. ഇതിനായി അപ്പനും അമ്മയും പലപ്പോഴും എന്നെ ശിക്ഷിച്ചിട്ടുണ്ട്. പള്ളിയിലാ യിരിക്കുമ്പോൾ അപ്പൻ കഫം ഇറക്കുന്ന സ്വരം കേട്ടാൽ എനിക്കു വലിയ ഭയമായിരുന്നു. അപ്പന്റെ ആ സ്വരം എനിക്കു തിരിച്ചറിയാൻ സാധിക്കും. അതു കേട്ടാൽ ഞാൻ വളരെ ഉണർവോടുകൂടി നിൽക്കും. കുറച്ചു പ്രായമാകുന്നതുവരെ ഈ ദുർഗുണം എന്നിലുണ്ടായിരുന്നു. അതിനുള്ള ശിക്ഷയിൽനിന്നൊഴിയാനും ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചിരുന്നു. പലപ്പോഴും കർത്താവ് എന്റെ പ്രാർത്ഥന കേട്ടു. ശിക്ഷാർഹമായ പല ദിവസങ്ങളിലും എങ്ങനെയോ അതിൽനിന്നു ഞാൻ രക്ഷപ്പെട്ടിട്ടുണ്ട്."

### അമ്മ കാണിച്ച വഴിയിൽ

"അമ്മ ചില ഭക്തകൃത്യങ്ങൾ ചെയ്യുന്നതിന് എന്നെ പ്രേരിപ്പിച്ചിട്ടുണ്ട്; നിർബന്ധിച്ചിട്ടുണ്ട്. അവയിൽ ദിനംപ്രതിയുള്ള വി. കുർബാന കാണാൽ, ശനിയാഴ്ചകളിലും പ്രത്യേക തിരുനാളുകളിലും വി. കുർബാന സ്വീക രണം, ഉറങ്ങാൻ കിടക്കുമ്പോഴും ഉറക്കമുണരുമ്പോഴും മൂന്നു നന്മ നിറഞ്ഞ മറിയം ചൊല്ലൽ, ഇത്രയും സംഗതികളെ ഞാൻ വലിയ മുടക്കം കൂടാതെ ചെയ്തിരുന്നുള്ളു.

"അവിടങ്ങളിൽ അച്ചന്മാർ നടന്നു വി. കുർബാന വീടുകളിലേക്കു കൊണ്ടുവരിക പതിവില്ലായിരുന്നു. അതുകൊണ്ട് അമ്മ വളരെ വിഷമിച്ചി

ട്ടുണ്ട്. ഇടയ്ക്കിടെ കുർബാന സ്വീകരണത്തിന് അമ്മയെ മഞ്ചലിൽ എടുത്തു പള്ളിയിലേക്കു കൊണ്ടുപോകുകയാണു ചെയ്യുക. അച്ചന്റെ വീട്ടിൽ ഉണ്ടായിരുന്ന മഞ്ചൽ കൊണ്ടുവന്നു കേടുതീർത്തു പല കൊല്ലങ്ങളോളം അമ്മയ്ക്കുവേണ്ടി വീട്ടിൽതന്നെ സൂക്ഷിച്ചിരുന്നു. ഒരു പ്രാവശ്യം പള്ളിയിൽ പോകുന്നതിന് ആ ക്ഷാമകാലത്തും ഒരു രൂപയോ മറ്റോ ആകും. ഞങ്ങളുടെ അന്നത്തെ ധനസ്ഥിതിക്ക് അതു കുറച്ചു കടന്നതായിരുന്നു. എങ്കിലും പള്ളിയിൽ പോയി വി. കുർബാന ഉൾകൊള്ളുന്ന ദിവസം സുഖക്കേടിനു വളരെ ആശ്വാസവും സമാധാനവും അനുഭവപ്പെടുന്നുവെന്നു പറഞ്ഞ് മറ്റുള്ളവരെയും വി. കുർബാന ഉൾക്കൊള്ളുന്നതിന് അമ്മ പ്രേരിപ്പിച്ചിരുന്നതു കണ്ടിട്ടുണ്ട്. എത്ര വിഷമിച്ചിരുന്ന കാലങ്ങളിലും അമ്മയുടെ ഈ ആഗ്രഹസാദ്ധ്യത്തിനായി അപ്പൻ എപ്പോഴും ഒരുക്കമുള്ളവനായിരുന്നു, ശനിയാഴ്ചകളിലും പ്രധാനപ്പെട്ട തിരുനാളുകളിലും വി. കുർബാന ഉൾക്കൊള്ളുന്നതിന് അമ്മ ഞങ്ങളെ പ്രേരിപ്പിക്കുമായിരുന്നു.

"കുറച്ചുകഴിഞ്ഞപ്പോൾ കുടുംബത്തിലുണ്ടായ ഭക്തിമാന്ദ്യത്തെക്കുറിച്ച് അമ്മ പലപ്പോഴും സങ്കടത്തോടുകൂടി പറഞ്ഞിരുന്നു. മന്ദജീവിതക്കാരെ ഈശോയുടെ തിരുഹൃദയം ഛർദിച്ചുകളയുമെന്ന് അമ്മ ഒരിക്കൽ പറഞ്ഞത് എന്നെ വളരെയധികം സ്പർശിച്ചു. രക്ഷാകരമായ ഒരു ഭയം എന്നിൽ ഉളവായി. പിൽക്കാലത്തു ഞാനതു പലപ്പോഴും ഓർക്കുമായിരുന്നു.

"അമ്മ ജപാപ്പോസ്തല സഖ്യത്തെ പ്രചരിപ്പിച്ചിരുന്നു. ഞങ്ങളെ എല്ലാവരെയും അതിൽ ചേർത്തതു കൂടാതെ പലരേയും ഉപദേശിച്ചു ചേർത്തിട്ടുണ്ട്. സഖ്യത്തിൽ ചേർന്നവരുടെ പേരെഴുതിയ കടലാസുകൾ മൂന്നു നാലു പ്രാവശ്യം എന്നെക്കൊണ്ടാണ് കൊവേന്തയിൽ കൊണ്ടു പോയി കൊടുപ്പിച്ചത്. അംഗങ്ങൾക്കുള്ള സാക്ഷ്യപത്രങ്ങൾ അച്ചന്റെ കൈയിൽ നിന്ന് ഒന്നിലധികം പ്രാവശ്യം ഞാനാണു വാങ്ങിച്ച് അമ്മയെ ഏൽപിച്ചതും."

**അമ്മയറിയാത്ത വഴിയിൽ മകൻ**

"ആറേഴു വയസുള്ളപ്പോൾ തുടങ്ങി 14 വയസ്സുവരെ കുർബാനയ്ക്കു കൂടുന്നതിനു പഠിക്കാൻ അമ്മ എന്നെ നിർബന്ധിച്ചിരുന്നു. എങ്കിലും എനിക്കു സാധിച്ചില്ല.

"അമ്മ പറഞ്ഞതു പോലെ പല പ്രാർത്ഥനകളും മുടങ്ങാതെ ചൊല്ലുന്നതിനു മറവികൊണ്ടും അത്തരം ഭക്തകൃത്യങ്ങളിൽ അത്ര താൽപര്യമില്ലാത്തതിനാലും അമ്മയുടെ ആഗ്രഹമനുസരിച്ചു ഞാൻ അഭിവൃദ്ധി

പ്പെട്ടില്ല. പ്രായം ചെല്ലുന്തോറും ഞാൻ മോശമായി വരുന്നുവെന്ന് അമ്മ എപ്പോഴും ആവലാതിപ്പെട്ടിരുന്നു. അമ്മ പറഞ്ഞിരുന്നത് എനിക്കും ബോദ്ധ്യവുമായിരുന്നു.

"വീട്ടിൽ സന്ധ്യക്കു ത്രികാല ജപം ചൊല്ലികഴിഞ്ഞാലുടൻ കുടുംബാംഗങ്ങൾ എല്ലാവരും തനിച്ചു കുറെ സമയം പ്രാർത്ഥിക്കുന്ന ഒരു പതിവ് വീട്ടിലുണ്ടായിരുന്നു. കൂട്ടമായിട്ടുള്ള കൊന്തയും മറ്റു പ്രാർത്ഥനകളും കുറെക്കൂടെ വൈകിയിട്ടേ ചൊല്ലാറുള്ളു. തനിയെ ചൊല്ലേണ്ട പ്രാർത്ഥനകളെക്കുറിച്ചു നിർദ്ദേശം നൽകിയിരുന്നത് അമ്മതന്നെയായിരുന്നു. ചുരുങ്ങിയത് എന്തെല്ലാം പ്രാർത്ഥനകൾ ചൊല്ലണമെന്ന് അമ്മ പറഞ്ഞു തരും. പിന്നീട് ഓരോരുത്തന്റെയും ഭക്തിക്കനുസരിച്ച് അവയുടെ എണ്ണവും ദൈർഘ്യവും കൂടും. അങ്ങനെ ജ്യേഷ്ഠനും പെങ്ങന്മാരും കുറേ പ്രാർത്ഥനകൾ ചൊല്ലിയിരുന്നു. അവ വ്യത്യസ്തങ്ങളുമായിരുന്നു. അവർ പ്രാർത്ഥനയ്ക്ക് എടുക്കുന്ന സമയംതന്നെ ഞാനും എടുക്കുമായിരുന്നു. പക്ഷെ പലപ്പോഴും താഴ്ന്ന സ്വരത്തിലാണു പ്രാർത്ഥിക്കുക. ഒരു മൂളൽ മാത്രമേ അമ്മക്കു കേൾക്കാൻ കഴിയുകയുള്ളൂ. അതിനെക്കുറിച്ച് അമ്മ എന്നെ ശകാരിച്ചിട്ടുണ്ട്. ആ ശകാരം ഞാൻ സഹിച്ചിരുന്നു. പലപ്പോഴും പല വിചാരങ്ങളിൽ മുഴുകിയതുകൊണ്ടാണ് എന്റെ പ്രാർത്ഥന മൂളൽ മാത്രമായിരുന്നത്. എന്നാൽ ആ പലവിചാരം പലപ്പോഴും നല്ല കാര്യങ്ങളെക്കുറിച്ചായിരുന്നതുകൊണ്ട് വാചാപ്രാർത്ഥന മോശമായി പോയിരുന്നുവെങ്കിലും മാനസിക പ്രാർത്ഥനയായി പരിണമിച്ചിരുന്നു.

"വളരെ കുറച്ചു പ്രാർത്ഥനകൾ മാത്രമേ ഞാൻ ചൊല്ലാൻ നിശ്ചയിച്ചിരുന്നുള്ളൂവെങ്കിലും മറ്റുള്ളവർ പ്രാർത്ഥന അവസാനിപ്പിക്കുമ്പോൾ എന്റേതു ചൊല്ലിത്തീർന്നുകാണുകയില്ല. ഞാനും അവരോടൊപ്പം എഴുന്നേറ്റുപോകും. പതിവായി ചൊല്ലുവാൻ തീരുമാനിച്ചിരുന്ന പ്രാർത്ഥനകൾ ചൊല്ലിയില്ലല്ലൊ എന്ന വിഷമത്തോടുകൂടി ഞാൻ കഴിഞ്ഞുകൂടിയിരുന്നു. എന്നാൽ ഭാവിജീവിതത്തിലേക്ക് എന്നെ ഒരുക്കുന്ന പല നിശ്ചയങ്ങളും ചെയ്തിരുന്നത് ആ സമയത്തായിരുന്നു. എന്റെ തെറ്റുകളെക്കുറിച്ചു മനസ്താപവും പുണ്യം ചെയ്യുന്നതിന്നുള്ള ആഗ്രഹവും സ്വശക്തിയിൽ അവിശ്വാസവും ദൈവത്തിലുള്ള വിശ്വാസവും ആ സമയം എന്നിൽ ഉളവായിക്കൊണ്ടിരുന്നു. എന്നാൽ എന്റെ ആഗ്രഹങ്ങൾ എന്നും ആഗ്രഹങ്ങളായിമാത്രം കഴിയുന്നതു കണ്ട് ഞാൻ വളരെ ഖേദിച്ചിരുന്നു. ഒരു ദിവസം മുട്ടിൽമ്മേൽനിന്നു "മൂളി"ക്കൊണ്ടിരുന്നപ്പോൾ എന്റെ സഭാപ്രവേശനത്തെക്കുറിച്ചാണു ഞാൻ ചിന്തിച്ചിരുന്നത്. ശക്തിയായ എന്റെ ആഗ്രഹം അനുഭവത്തിൽ വരുന്നത് അത്ര എളുപ്പമല്ലാ എന്നു തോന്നിയ

പ്പോൾ ഞാൻ തളർന്ന് ഇരിക്കുവാൻ നിർബന്ധിതനായി. എന്റെ മനോവ്യാപാരങ്ങൾ അറിയുവാൻ കഴിയാഞ്ഞതിനാൽ അമ്മ എന്നെക്കുറിച്ചു വളരെ ദുഃഖിച്ചിരുന്നു. എന്നാൽ എന്റെ പ്രാർത്ഥനാരീതി മാറ്റുവാൻ എനിക്കു കഴിഞ്ഞിരുന്നുമില്ല. ഇന്നും ആ രീതിതന്നെയാണ് ഏറെക്കുറെ എന്റെ കഴിവിലുള്ളത്.

"ഞാൻ വീട്ടിൽനിന്നു പോരുന്നതുവരെ എന്റെ ഭക്തജീവിതംകൊണ്ട് അമ്മയെ തൃപ്തിപ്പെടുത്തുവാൻ എനിക്കു കഴിഞ്ഞില്ല. എന്നാൽ എന്റെ വേർപാട് അടുത്തപ്പോൾ വിരഹദുഃഖത്താലും സ്നേഹാധിക്യത്താലും എന്റെ സ്വഭാവദൂഷ്യങ്ങൾ എല്ലാം മറന്ന് എന്നെപോലെ നല്ലവരായി വീട്ടിൽ ആരുമില്ലെന്ന രീതിയിലാണു അമ്മ സംസാരിച്ചിരുന്നത്."

അമ്മ ആഗ്രഹിച്ചതുപോലെ മകൻ വളർന്നില്ലെങ്കിലും ആ മകൻ തന്നെയും അറിയാതെ ദൈവം മാനസികപ്രാർത്ഥനയുടെ ഉയർന്ന മേഖലയിലേയ്ക്കു അവനെ നയിക്കുകയായിരുന്നു. കുടുംബസാഹചര്യങ്ങളും വീട്ടിലെ ആദ്ധ്യാത്മികമായ അന്തരീക്ഷവും മാതാപിതാക്കൾ നൽകിയ പരിശീലനവും ദൈവത്തിന്റെ പ്രത്യേകമായ കൃപാവരവും അവനെ അതിനു സഹായിച്ചു. ഡൺസ്റ്റണച്ചന്റെ മരണംവരെ നീണ്ടുപരന്ന ജീവിതത്തിൽ ഒരിക്കലും പിരിയാതെ ഇഴചേർന്ന ദൈവൈക്യ ജീവിതത്തിനു ശുഭസൂചകമായ തുടക്കം അങ്ങനെ കുറിക്കുകയായിരുന്നു.

## ഇട്ടൂപ്പുണ്ണിയുടെ ഉപകാരസ്മരണകൾ

അനുദിനബലിയും ദിവ്യകാരുണ്യസ്വീകരണവും ഇട്ടൂപ്പുണ്ണിക്ക് ഏറ്റവും വിലപ്പെട്ടതായിരുന്നു. കുർബാനയ്ക്കുശേഷമുള്ള ഉപകാരസ്മരണകളെ അനർഘനിമിഷങ്ങളായി അവൻ കരുതി. ക്ലേശങ്ങളിൽ ദൈവികമായ ശരണവും അവയെ നേരിടുവാനുള്ള കരുത്തും ഈ അമൂല്യ നിമിഷങ്ങളുടെ സംഭാവനയായിരുന്നു. ആ വിശുദ്ധ നിമിഷങ്ങൾ താൻ എന്തുമാത്രം വിലമതിച്ചുവെന്നും സ്വന്തം ആത്മീയ വളർച്ചക്ക് എപ്രകാരം ഉപകരിച്ചുവെന്നും ഡൺസ്റ്റണച്ചൻ രേഖപ്പെടുത്തുന്നു:

"ഉപകാരസ്മരണയുടെ പത്തുപതിനഞ്ചു മിനിറ്റുകൾ എന്റെ ചെറിയ പ്രാർത്ഥനകൾ ആവർത്തിച്ച് ഉരുവിടുന്നതിനായി ഞാൻ ചെലവഴിക്കും. ആ സമയം എന്റെ ചുറ്റും നടക്കുന്നതു ഞാൻ അറിയുകയില്ല. എന്റെ ശ്രദ്ധ മുഴുവൻ എന്റെ ഉള്ളിൽ വസിക്കുന്ന കർത്താവിൽ കേന്ദ്രീകരിക്കും."

കുടുംബത്തിന്റെ ലൗകികമായ ഉന്നമനത്തിനായി ഒരിക്കലും പ്രാർത്ഥിച്ചിട്ടില്ലാത്ത ഇട്ടൂപ്പുണ്ണി, ഉത്തരിപ്പു കടത്താൽ അപ്പൻ ശുദ്ധീകരണ സ്ഥ

ലത്തു വേദനയനുഭവിക്കാൻ ഇടവരുത്തരുതെന്ന് ആഗ്രഹിച്ചു. "അപ്പൻ മരിക്കുന്നതിനുമുമ്പ് കടങ്ങൾ എല്ലാം വീട്ടണമെ" എന്നതായിരുന്നു പ്രാർത്ഥന.

മകന്റെ പ്രാർത്ഥനാജീവിതത്തെക്കുറിച്ച് അമ്മയ്ക്കുണ്ടായിരുന്ന ഉൽക്കണ്ഠയും ഇട്ടൂപ്പുണ്ണിയുടെ ഉപകാരസ്മരണകളിൽ കടന്നുവന്നു: "അമ്മയുടെ ആഗ്രഹമനുസരിച്ചു ഞാൻ ഭക്തിയിൽ പുരോഗമിച്ചില്ല. എന്റെ ആഗ്രഹമനുസരിച്ചു ഞാൻ പുണ്യവാനാകാൻ തുടങ്ങിയുമില്ല. ഇതെനിക്ക് എന്നും വലിയ വിഷാദത്തിനു കാരണമായി. എന്റെ ആഗ്രഹങ്ങൾ ഒന്നും പ്രവൃത്തിയിൽ വരാഞ്ഞതിനാൽ ഞാൻ നിരന്തരം ക്ലേശിച്ചു. എന്നാൽ വി. കുർബാന സ്വീകരിക്കുന്ന ദിവസം എനിക്കു വലിയ ആശ്വാസമായിരുന്നു. ശനിയാഴ്ചയും കൊവേന്തയിൽ പാട്ടുകുർബാനയുണ്ടായിരുന്ന തിരുനാളുകളിലും ഞാൻ വി. കുർബാന സ്വീകരിച്ചിരുന്നു. ആ ദിവസങ്ങളിൽ എന്റെ ആഗ്രഹങ്ങൾ ആവർത്തിച്ചാവർത്തിച്ച് എന്റെ കർത്താവിനോടു പറയും. വലിയ ശരണത്തോടെയാണു ഞാൻ പള്ളിയിൽനിന്നു തിരിച്ചിരുന്നത്.

"വി. കുർബാന ഉൾക്കൊള്ളുമ്പോൾ എന്റെ പ്രധാന പ്രാർത്ഥനകളിൽ ഒന്ന് എന്നെ ഒരു വിശുദ്ധനാക്കണമെന്നും അമ്മ മരിക്കുന്നതിനു മുമ്പ് എന്നെ മരിപ്പിക്കണമെന്നും അങ്ങനെ എന്റെ പ്രാഥനാജീവിതത്തെ സംബന്ധിച്ച് അമ്മയുടെ ഭയം തീർക്കണമെന്നുമായിരുന്നു. കൂടാതെ ഞാൻ കുർബാനക്കു കൂടുന്നതും കുർബാന ചൊല്ലുന്നതും കാണാനുള്ള ഭാഗ്യവും അമ്മയ്ക്കു കൊടുക്കണമെന്നും എല്ലായ്പോഴും പ്രാർത്ഥിച്ചിരുന്നു."

വിശുദ്ധിയിലേക്കുള്ള വഴിയായി സന്ന്യാസത്തെ തിരിച്ചറിഞ്ഞ നിമിഷംമുതൽ തന്നെയും തന്റെ സഹോദരങ്ങളെയും സ്നേഹിതരെയും സന്ന്യാസത്തിലേക്ക് ആകർഷിക്കണമെന്ന് ഇട്ടൂപ്പുണ്ണി പ്രാർത്ഥിക്കാൻ തുടങ്ങി.

വിശുദ്ധനാകണമെന്ന ഒരേയൊരു ലക്ഷ്യത്തോടെ മുന്നേറിയ ഇട്ടൂപ്പുണ്ണി ആ മുന്നേറ്റത്തിനു തടസ്സമായി കണ്ടതിനെയെല്ലാം മാറ്റിത്തരണമെയെന്നു പ്രാർത്ഥിച്ചു. ആ വിശുദ്ധയാത്രയ്ക്ക് ഉതകുന്ന സുകൃതങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. വിശുദ്ധനാകുന്നതിനുള്ള പരിശ്രമത്തിൽ അഹങ്കാര ചിന്തകളാൽ നയിക്കപ്പെടുന്നുവെന്ന അവബോധമുണർന്നപ്പോൾ, ഉപകാരസ്മരണയിൽ ഒന്നാമതായി പ്രാർത്ഥിച്ചിരുന്നത്, "എളിമ തരണമെ" എന്നായിരുന്നു. ഓരോ ദിവസവും വളരെയധികം പ്രാവശ്യം അത് ആവർത്തിച്ചുകൊണ്ടിരിക്കും. പിന്നീട്, ശത്രുക്കളോടു ക്ഷമിക്കാതെ

പുണ്യവാനാകുവാൻ സാദ്ധ്യമല്ല എന്നു മനസ്സിലായപ്പോൾ ക്ഷമ എന്ന പുണ്യവും ചോദിക്കാൻ തുടങ്ങി. അവസാനം, അതായത് പത്തു പന്ത്രണ്ടു വയസ്സുള്ളപ്പോൾ നാലു പുണ്യങ്ങൾക്കുവേണ്ടിയാണു പ്രാർത്ഥിച്ചിരുന്നത്. "എളിമ, ക്ഷമ, സഹനശക്തി, ധൈര്യം എന്നീ പുണ്യങ്ങൾ എനിക്കു തരേണമെ." ഡൺസ്റ്റണച്ചൻ പറയുന്നു: "വി. കുർബാനക്കു ശേഷം ഏറെനേരം ആ ചെറിയ പ്രാർത്ഥന ആവർത്തിക്കുന്നതിൽ എനിക്ക് ഒരു മടുപ്പും തോന്നിയിരുന്നില്ല. വൈദികനായതിനു ശേഷവും ഈ പതിവ് ഉപേക്ഷിച്ചില്ല. ചെറുപ്പകാലങ്ങളിലെന്നപോലെ അത് ആവർത്തിച്ചു പറയുന്നത് എനിക്ക് സന്തോഷമായി തോന്നുന്നു."

### വെടിക്കെട്ടു തകർത്താലും നമസ്കാരം മുടങ്ങില്ല

"ഞാൻ വൈദികനായിട്ട് എന്റെ സ്വന്തം ഇടവകയ്ക്കു (പാവറട്ടി) വേണ്ടി ഒന്നും ചെയ്തിട്ടില്ല. എന്ത് ഉപകാരമാണു ചെയ്യാൻ കഴിയുക... ഇടവക ത്തിരുനാളിന്റെ അവസരത്തിൽ കുമ്പസാരം നടത്തിക്കൊടുക്കാം." ഡൺസ്റ്റണച്ചൻ ചിന്തിച്ചു. ഇടവക വികാരിയുടെ അനുവാദം വാങ്ങി. ഒരു ദിവസം മുഴുവൻ അച്ചൻ കുമ്പസാരിപ്പിക്കാനിരുന്നു. രാത്രി വെടിക്കെട്ടു തുടങ്ങാൻ നേരമായി. പള്ളിയിലെ പ്രത്യേക പ്രാർത്ഥനകളെല്ലാം പൂർത്തിയാക്കി ജനങ്ങളെല്ലാവരും വെടിക്കെട്ടു കാണുന്നതിനു ഒരുങ്ങി നിന്നു. സെക്യൂരിറ്റിക്കാരൻ റോന്തു ചുറ്റിയപ്പോൾ പള്ളിക്കകത്താരോ ഇരിക്കുന്നു. ഉടനെ അദ്ദേഹം വികാരിയച്ചനെ വിവരമറിയിച്ചു. പള്ളി അടയ്ക്കണം. പക്ഷേ പള്ളിക്കകത്ത് ആരോ ഇരിക്കുന്നുണ്ട്. വികാരിയച്ചൻ തേടിവന്നു. ആരായിരിക്കും ഈ നേരത്തു പള്ളിയകത്ത്? ഡൺസ്റ്റണച്ചൻ പള്ളിയിലിരുന്നു കാനോന നമസ്കാരം ചൊല്ലുകയായിരുന്നു. ദിവസം മുഴുവൻ കുമ്പസാരിപ്പിക്കാൻ ഇരുന്നതുകൊണ്ട് പ്രാർത്ഥനകളൊന്നും നിറവേറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല.

ആദ്ധ്യാത്മിക കാര്യങ്ങളിൽ അദ്ദേഹത്തിനു വലിയ നിഷ്ഠയുണ്ടായിരുന്നു. സഭയുടെ നിയമപ്രകാരമുള്ള പ്രാർത്ഥനകൾ ഒരിക്കലും മുടങ്ങാതെ നടത്തുന്നതിൽ അച്ചൻ ശ്രദ്ധാലുവായിരുന്നു. രാത്രിയിൽ യോഗാർത്ഥികൾ ഉറങ്ങിക്കഴിയുമ്പോൾ ദിവ്യകാരുണ്യസന്നിധിയിൽ മുട്ടുകുത്തിനിന്നു ദീർഘനേരം പ്രാർത്ഥിക്കുന്നതിനു പലരും സാക്ഷികളാണ്.

എം.എം.ബി. സഭയുടെ പട്ടിക്കാടുള്ള ജ്യോതി ആശ്രമത്തിൽ ഒരു രാത്രി ഡൺസ്റ്റണച്ചൻ താമസിക്കാനിടയായി. ബ്ര. സാവിയോയുമായി അച്ചൻ ഏറെ നേരം സംസാരിച്ചു. പത്തു മണിയായപ്പോൾ അദ്ദേഹം ബ്രദറിനോടു പറഞ്ഞു, "ഇനി പോയി കിടന്നോളു. ഞാനിന്നു സ്പിരിച്ച്വൽ റീഡിങ്ങ്

നടത്തിയിട്ടില്ല.'' യാത്രയിലും അച്ചൻ സന്ന്യാസ നിയമങ്ങൾ കൃത്യമായി പാലിക്കുന്നു! ബ്രദറിന് അത്ഭുതമായി.

### വാർദ്ധക്യത്തിലും അഭംഗമായ ചേതന

രോഗത്തിലും വാർദ്ധക്യത്തിലും ക്രമപ്രകാരം പ്രാർത്ഥിക്കുന്നതിനു മനസ്സും ശരീരവും അശക്തമാകുമ്പോൾ പ്രാർത്ഥനയോടുള്ള മനോ ഭാവമെന്തായിരിക്കണം? എങ്ങനെ പ്രാർത്ഥിക്കാം? രോഗിണിയായ അമ്മയ്ക്ക് എഴുതിയ കത്തിൽ ഡൺസ്റ്റണച്ചൻ വിവരിക്കുന്നു: "ദൈവ ത്തിന്റെ പക്കലേയ്ക്കു സഹായത്തിനായി നമ്മുടെ കണ്ണുകൾ തിരിച്ച് "ദൈവമെ!" എന്ന് വിളിക്കുന്നതുതന്നെ വലിയ പ്രാർത്ഥനയാണ്. വായിൽ നിന്നു പുറപ്പെടുന്ന വെറും സ്വരമല്ലല്ലോ ദൈവം നോക്കുന്നത്. നമ്മുടെ ഹൃദയത്തെയാണ് ദൈവം കാര്യമായി മതിക്കുന്നത്. ദൈവത്തെ സ്നേഹി ക്കണം എന്നുള്ള ആഗ്രഹംതന്നെ ദൈവത്തിനു വളരെ സന്തോഷമുള്ള സംഗതിയാണ്. "ദൈവമെ, നിന്നെ പൂർണ്ണമായി സ്നേഹിച്ചുകൊണ്ടു മരിപ്പാൻ എനിക്കിടവരുത്തണമെ!'' പ്രിയ അമ്മേ, ഇതാണ് എന്റെ വലിയ പ്രാർത്ഥന. ഈ പ്രാർത്ഥന അമ്മയ്ക്കു വളരെ എളുപ്പത്തിൽ കഴിക്കാ മെന്നു ഞാൻ വിശ്വസിക്കുന്നു. മറ്റു പ്രാർത്ഥനകൾ കഴിപ്പാൻ അമ്മയ്ക്കു സുഖമില്ലെങ്കിൽ ഒട്ടും ഖേദിയ്ക്കേണ്ട ആവശ്യമില്ല. മേൽപറഞ്ഞ സുകൃത ജപത്തിൽ മറ്റു പ്രാർത്ഥനകളെല്ലാം ഒരുവിധം ഒതുങ്ങിയിട്ടുണ്ട്.''

വർഷങ്ങൾക്കുശേഷം മകനെയും വാർദ്ധക്യം ആക്രമിച്ചു. ഓർമ്മ കളെല്ലാം മറവിയിൽ മുങ്ങി. എന്നാൽ ജീവിതത്തിന്റെ പ്രാർത്ഥനയെന്ന അന്തർധാര അഭംഗുരം തുടർന്നു.

അവശനായി മുറിയിൽ ഉറങ്ങി വിശ്രമിക്കുമ്പോഴും കപ്പേളയിൽ പ്രാർ ത്ഥന തുടങ്ങുന്ന സ്വരം ശ്രവിച്ചാൽ അതിൽ പങ്കുചേരാൻ അദ്ദേഹം പാഞ്ഞെത്തും. കപ്പേളയിൽ പ്രാർത്ഥനയുടെ സമയത്തു ഡൺസ്റ്റണ ച്ചനെ കാണാതായാൽ നവസന്ന്യാസികൾ ആരെങ്കിലും വാതിലിൽ മുട്ടും. ഉടനെ അദ്ദേഹം മുറിയിൽനിന്ന് ഇറങ്ങി ഒരു ഓട്ടമുണ്ട്. കൃത്യ നേരത്തു പ്രാർത്ഥനയ്ക്ക് എത്തിച്ചേരണമെന്ന നിഷ്കളങ്കമായ വാശി ആ ഓട്ടത്തിലുണ്ട്. ജപമാല അദ്ദേഹത്തിനു പ്രിയങ്കരമായ പ്രാർത്ഥന യായിരുന്നു. ഒരു ദിവസം ജപമാലയ്ക്കു നേരമായപ്പോൾ അച്ചൻ ഉറങ്ങുക യായിരുന്നു. ജപമാല നടക്കുന്നതിനിടയിൽ കപ്പേളയിൽ കയറിവന്ന് തന്നെ ഉണർത്താതെ പോയതിൽ പരിഭവം പ്രകടിപ്പിച്ചു.

അനാരോഗ്യം അലട്ടിയിരുന്നപ്പോഴും നവസന്ന്യാസികളോടുകൂടി തിരുകർമ്മങ്ങളിലും പ്രാർത്ഥനകളിലും മുട്ടുകുത്തിനിന്നു പങ്കെടുത്തു.

പുലർച്ചയ്ക്കും പാതിരാത്രിയിലും പകൽ സമയത്തും വിശ്രമവേള കളിലും മണിക്കൂറുകളോളം സക്രാരിക്കുമുമ്പിൽ ശിരസ്സു നമിച്ചു കൈകൾ കൂപ്പി ധ്യാനലീനനായി ചെലവഴിച്ചു. ദിവ്യകാരുണ്യസന്നി ധിയിൽ ദീർഘനേരം മുട്ടുകൾ മടക്കി, കൈകൾ വിരിച്ചു പ്രാർത്ഥിച്ചു. തിരുമണിക്കൂറുകളിൽ മുഴുവൻ സമയവും മുട്ടിന്മേൽ നിന്ന് ആരാധന നടത്തി. മിന്നിമറയുന്ന ഓർമ്മയിൽ യേശുവിനെയും മാതാവിനെയും വിളിച്ചു പ്രാർത്ഥിച്ചു. "കർത്താവേ പൊറുക്കണമേ," കർത്താവേ ക്ഷമി ക്കണമേ." എന്നത് നിരന്തര സുകൃതജപമായി. വേദനകളിൽ "ഈശോ രക്ഷിക്കണേ," "മാതാവേ സഹായിക്കണേ," എന്നു പതിവായി ഉരു വിട്ടു. മറ്റുള്ളവരെ വി. ചാവറയച്ചന്റെ ഭക്തിയിലേയ്ക്കു നയിക്കാൻ അദ്ദേഹം പരിശ്രമിച്ചു. ഈശോ ... മാതാവ് ... കൊച്ചുത്രേസ്യ... ചാവറ പിതാവ് – ജീവിതത്തിന്റെ അന്ത്യഘട്ടത്തിലും ഈ നാമങ്ങൾ ഉരുവിട്ടുകൊണ്ടിരുന്നു.

രോഗത്തിന്റെയും വാർദ്ധക്യത്തിന്റെയും അവശതകൾ അനുഭവി ക്കുന്ന ഡൺസ്റ്റണച്ചനു സഹായികളായി നവസന്ന്യാസികൾ കൂട്ടുകിട ക്കുക പതിവായിരുന്നു. ചില ദിവസങ്ങളിൽ സഹായികൾ ഇടയ്ക്ക് ഉണർന്നു നോക്കുമ്പോൾ അച്ചൻ അൾത്താരയിങ്കൽ മുട്ടുകുത്തി, കുരിശി ലേക്കു നോക്കി, കൈ വിരിച്ച് "കർത്താവേ, എന്നെ രക്ഷിക്കണമെ; കർത്താവേ, എന്നെ രക്ഷിക്കണമെ" എന്നു പ്രാർത്ഥിക്കുന്നതു കാണാം.

ഒരിക്കൽ ഒരു നവസന്ന്യാസി രാത്രിയിൽ ഉണർന്നു നോക്കുമ്പോൾ അച്ചൻ ചാപ്പലിനു പുറത്തു ചാവറയച്ചന്റെ രൂപത്തിനു മുമ്പിൽ പ്രാർത്ഥി ക്കുന്നതു കണ്ടു. "അച്ചാ, ഇതാരാണ്?" നവസന്ന്യാസി ചോദിച്ചു. "ഞങ്ങൾ ഒരുമിച്ചു പഠിച്ചവരാണ്; കൂട്ടുകാരാണ്." ശരിയായ ഓർമ്മയില്ലെങ്കിലും ആരാണെന്നു വ്യക്തമായി പറയാനറിയില്ലെങ്കിലും ഒരു ആത്മബന്ധം ചാവറ പിതാവുമായി അച്ചനുണ്ടായിരുന്നു.

ജിവിതത്തിലുടനീളം അനുശീലിച്ച് സ്വന്തം ആത്മാവിന്റെ ഭാഗ മായി പരിണമിച്ച മൂല്യങ്ങളുടെ പരിപാലനം ഓർമ്മ ബലഹീനമായ പ്പോഴും അദ്ദേഹം തുടർന്നു.

07

# അന്തര്യാമിയോടൊത്തു നിരന്തരം

ശരീരം ദൈവത്തിന്റെ ആലയമാണ് (1 കൊറി. 6:19). മനുഷ്യന്റെ ആത്മാവിൽ ദിവ്യാതിഥിയായി വസിക്കുന്ന ദൈവത്തെയാണ് അന്തര്യാമി എന്നു പറയുന്നത്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ പരിശുദ്ധ ത്രിത്വം നമ്മുടെ ആത്മാവിൽ വസിക്കുന്നു. നമ്മുടെ ആത്മാവിനുള്ളിൽ, ആത്മാവിന്റെതന്നെ ആത്മാവായി, ജീവാത്മാവിനുള്ളിൽ പരമാത്മാവായി അവിടുന്നു വാഴുന്നു. നമ്മിൽ നിരന്തരം വാഴുന്ന ദൈവത്തിൽ മനസ്സുറപ്പിക്കുകയും സദാ അവിടുത്തെ സ്മരണയിൽ ജീവിക്കുകയും ചെയ്യുകയെന്നതു മനുഷ്യനു നൽകപ്പെട്ടിരിക്കുന്ന വിളിയാണ്.

## ഹൃദയം ഒരു ദേവാലയം

"ദൈവം നിന്നോടുകൂടെയുണ്ട്. നാം ഓരോരുത്തരും ദൈവത്തിന്റെ നിത്യഭവനങ്ങളാകണം" എന്ന് ഡൺസ്റ്റനച്ചൻ പറയുന്നു. അച്ചൻ സഹോദരി കൊച്ചുത്രേസ്യക്ക് അയച്ച കത്തുകളിലും പ്രാർത്ഥനയിലും മനുഷ്യാത്മാവിലെ ദൈവനിവാസത്തെക്കുറിച്ചും ദൈവം വസിക്കുന്ന ആലയമായ ശരീരത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കേണ്ടതിനെക്കുറിച്ചും പ്രബോധനമുണ്ട്:

അച്ചൻ പ്രാർത്ഥിക്കുന്നു: "മനുഷ്യഹൃദയങ്ങളിൽ വാഴുവാൻ അതിയായി ആഗ്രഹിക്കുന്ന സ്നേഹരാജനായ കർത്താവേ, എന്റെ ഹൃദയത്തെ അങ്ങയുടെ സജീവകൂടാരവും കമനീയ ആലയവുമാക്കി പകർത്തണമെ. അതിൽ അങ്ങു സദാ വസിക്കണമെ." "കർത്താവേ, നിന്റെ സിംഹാസനമായ അരുളിക്കാ പോലെ ഞാൻ ആയിരിക്കട്ടെ. എന്റെ ആത്മാവ് നിന്റെ മനോഹര വാസസ്ഥലമാകട്ടെ."

ഈശോ വസിക്കുന്നതിന് തന്റെ ആത്മാവിനെ തെരെഞ്ഞെടുത്തെങ്കിലും ആ വാസസ്ഥലത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കുന്നതിൽ താൻ പരാജയപ്പെട്ടതായി ഡൺസ്റ്റണച്ചൻ പരിതപിക്കുന്നു. അഴുക്കു പിടിച്ച അരുളിക്കാ അതിൽ വസിക്കുന്ന തിരുവോസ്തിയുടെ കാഴ്ച മറയ്ക്കുന്നതുപോലെ തന്നിലെ മാലിന്യം മറ്റുള്ളവർക്ക് ഈശോയെ കാണിച്ചുകൊടുക്കുന്നതിൽനിന്നു തടയുന്നുവെന്ന് അദ്ദേഹം ഏറ്റുപറയുന്നു. ഈ അരുളിക്കായെ അഴുക്കു നീക്കി അഴകുള്ളതാക്കുമെന്നു പ്രതിജ്ഞയും എടുക്കുന്നു:

“നിനക്ക് ഒരു മനോഹര വാസസ്ഥലമായും മറ്റുള്ളവരെ സമീപിക്കുവാൻ ഒരു വാഹനമായും നീ എന്നെ തിരഞ്ഞെടുത്തു. എന്നാൽ അഴുക്കു നിറഞ്ഞ ചില്ലോടുകൂടിയ ക്ലാവ് പിടിച്ച ഒരു അരുളിക്കാപോലെ ഞാൻ ഇത്രനാൾ ജീവിച്ചു. നീ എന്നിൽ വസിച്ചിരുന്നെങ്കിലും ആർക്കും നിന്നെ എന്നിൽ കാണുവാൻ കഴിഞ്ഞില്ല. എന്നിൽ ജീവിക്കുന്ന നിന്നെ നിഷ്പ്രയാസം മറ്റുള്ളവർക്കു കാണുവാൻ കഴിയുമാറ് ഈ അരുളിക്കായെ ഞാൻ തുടച്ചു വൃത്തിയാക്കി ശോഭയുള്ളതാക്കിത്തീർക്കും. എന്റെ ജീവിതത്തേയും പെരുമാറ്റത്തേയും ഞാൻ ക്രമപ്പെടുത്തും. അതിനായി എന്നെ സഹായിക്കണമെ. ഞാൻ ഇപ്പോൾ ആയിരിക്കുന്ന സാഹചര്യത്തിൽ അങ്ങ് ആയിരുന്നെങ്കിൽ എങ്ങനെ പ്രവർത്തിക്കുമായിരുന്നോ അപ്രകാരം പ്രവർത്തിപ്പാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു.”

തുടർന്ന് ശരീരമാകുന്ന ആലയം എങ്ങനെയാണ് അശുദ്ധമാകുന്നതെന്നും അശുദ്ധിയുള്ളതിനെ എപ്രകാരം ശുദ്ധീകരിക്കാമെന്നും അനുജത്തിയെ ഉപദേശിക്കുന്നു: “നമ്മുടെ ശരീരം ദൈവത്തിന്റെ ആലയമാണ്. അതിനെ നാം ബഹുമാനിക്കണം. ദൈവത്തിന്റെ ആലയത്തെ അശുദ്ധമാക്കരുത്. ദൈവത്തിന്റെ ആലയം പ്രാർത്ഥനയുടെ സ്ഥലമാണ്. അശുദ്ധമായതൊന്നിനും അതിൽ പ്രവേശനം നൽകരുത്. ജനലുകളും വാതിലുകളും പോലെയാകുന്ന നമ്മുടെ കണ്ണ്, ചെവി മുതലായ പഞ്ചേന്ദ്രിയങ്ങൾ വഴിയാണ് ആത്മാവിനെ അശുദ്ധമാക്കിയേക്കാവുന്നവ നമ്മിലേക്കു പ്രവേശിക്കുന്നത്. ആകയാൽ പഞ്ചേന്ദ്രിയങ്ങളെ നല്ലവണ്ണം കാക്കുക. ദൈവത്തിനിഷ്ടമില്ലാത്ത യാതൊന്നിനെയും ഉള്ളിൽ പ്രവേശിപ്പിക്കരുത്. വല്ലതും കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവരെ നശിപ്പിക്കാനുള്ള മാർഗ്ഗം അവ മറന്നുകളയുകയാണ്. അവ ജീവിക്കുന്നതു നമ്മുടെ ഓർമ്മശക്തിയിലാണ്. അകയാൽ വീണ്ടും ഓർക്കാതെയും ചിന്തിക്കാതെയും മുഴുവനായി മറക്കുക...”

സ്വന്തം ശരീരം ദൈവത്തിന്റെ ആലയമായിരിക്കുന്നതുപോലെ മറ്റുള്ളവരും ജീവനുള്ള ദൈവത്തിന്റെ ആലയങ്ങൾ തന്നെയാണ്. അതു കൊണ്ട് എല്ലാ മനുഷ്യരോടും അനൽപമായ ബഹുമാനം വേണം. അച്ചൻ പറയുന്നു: "മറ്റുള്ളവരിലും ദൈവത്തെ കാണുക. മൂത്തവർക്കും അച്ചന്മാർക്കും നാം സ്തുതി പറയുമ്പോൾ അവരിലുള്ള ദൈവത്തെ യാകുന്നു സ്തുതിക്കുന്നത്. മാമോദീസ മുങ്ങിയ കൊച്ചുകുട്ടികളിൽ ദൈവം തീർച്ചയായിട്ടും ഉണ്ട്. ജോസ് പോളിനെ (ഡൺസ്റ്റണച്ചന്റെ ജ്യേഷ്ഠന്റെ മകൻ) എടുക്കുമ്പോൾ ഇത് ഓർക്കുമല്ലോ..."

സമാനമായ ചിന്തകൾ സ്റ്റനിസ്ലാവൂസിന് എഴുതിയ കത്തിലും കാണാം: "ഡെയിസിയുടെ പ്രസവം അറിയിച്ചുകൊണ്ടുള്ള എഴുത്തു കിട്ടി. എല്ലാത്തിനും നന്ദി. ദൈവത്തിനു സ്തുതി. ശാന്തമായി എല്ലാ കാര്യങ്ങളിലും ദൈവത്തിൽ, സ്നേഹപിതാവിൽ, ആശ്രയിച്ച്, ഉൽക്കണ്ഠ കൾ അകറ്റി, ദൈവം തന്ന കുഞ്ഞിനെ ദൈവകരങ്ങളിൽ നിന്നു സ്വീ കരിച്ച് അവിടുന്ന് ആഗ്രഹിക്കുന്ന തരത്തിൽ വളർത്തുവാൻ എല്ലാ തരത്തിലും തയ്യാറാകണമെന്ന് അവളോടു പറയുക. ജീവന്റെ നാഥനായ ദൈവത്തിനു പ്രിയപ്പെട്ട, വളരെ വിലപ്പെട്ട ഒരു കുഞ്ഞിനെയാണു ദൈവം നിങ്ങളെ ഏൽപിച്ചിരിക്കുന്നതെന്നു കുഞ്ഞിനെ കാണുമ്പോളെല്ലാം ഓർക്കുക. ദൈവസ്മരണക്ക് ഈ കുഞ്ഞു നിങ്ങൾക്കു സഹായക മാകട്ടെ. മാമോദീസ കഴിഞ്ഞെന്നു വിചാരിക്കുന്നു. നിഷ്കളങ്കമായ ആ കുഞ്ഞ് ഇപ്പോൾ ദൈവത്തിന്റെ സജീവമായ ആലയമാണെന്നു തീർച്ചയാണ്. കുഞ്ഞിനെ ചുംബിക്കുമ്പോൾ ഉള്ളിൽ വസിക്കുന്ന ദൈവത്തെ ഓർക്കുക."

### ഈശവാസ്യമിദം സർവ്വം

"ഈശവാസ്യമിദം സർവ്വം" എന്ന് ഉപനിഷത് പറയുന്നു. ഇക്കാണുന്ന എല്ലാറ്റിലും ദൈവത്തിന്റെ ആവാസമുണ്ടെന്നാണ് ഇതിന്റെ അർത്ഥം. ദൈവം എല്ലാറ്റിലും എല്ലാറ്റിന്റെയും ജീവശക്തിയായി വർത്തിക്കുന്നു. അവിടുത്തെ നിവാസമാണ് സർവ്വതിന്റെയും ഉള്ളായ്മയുടെ നിദാനം. ഡൺസ്റ്റണച്ചൻ കുറിക്കുന്നു: "ദൈവം എല്ലായിടത്തും ഉണ്ട് എന്നു നാം വിശ്വസിക്കുന്നു. ദൈവത്തിന്റെ ശക്തി സകല സൃഷ്ടികളിലും എല്ലായ് പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതില്ലാതിരുന്നെങ്കിൽ (ഏതെ ങ്കിലും സൃഷ്ടിയിൽനിന്നു ദൈവശക്തി പിൻവലിക്കപെട്ടിരുന്നെങ്കിൽ) ആ വസ്തു ഉടനെ ഇല്ലായ്മയിലേയ്ക്കു പിന്തിരിയുമായിരുന്നു. അങ്ങിനെ സകലവസ്തുക്കളിലും ദൈവമുണ്ട്."

## വി. കുർബാനയിൽ തിരുസാന്നിദ്ധ്യം

വി. കുർബാനയിൽ ദൈവനിവാസത്തിന്റെ സ്വഭാവമെന്തെന്ന് ഡൺസ്റ്റ ണച്ചൻ വിശദമാക്കുന്നു: "വി. കുർബാനയിൽ ദൈവമുണ്ട്... പുത്രൻ തമ്പുരാന്റെ മനുഷ്യത്വവും ദൈവത്വവും അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളുടെ കീഴിൽ സ്ഥിതി ചെയ്യുന്നു. മനുഷ്യനായി അവതരിച്ച ദൈവം തന്റെ സ്വന്തം ശരീരത്തോടുകൂടി സ്ഥിതിചെയ്യുന്നു.

"നാം വിശുദ്ധ കുർബാന കൈകൊള്ളുമ്പോൾ നമ്മുടെ കർത്താവ് സ്വന്തശരീരവും ചോരയും ആത്മാവും ദൈവസ്വഭാവവും അടക്കി ക്കൊള്ളുന്ന കൂദാശ വഴിയായി നമ്മുടെ ഉള്ളിൽ വരുന്നു. കുറെ നേര ത്തേക്ക് അപ്രകാരം നമ്മോടുകൂടെ വസിക്കുകയും ചെയ്യുന്നു. എന്നാൽ ദൈവമെന്നുള്ള നിലയിൽ എപ്പോഴും, ഇടവിടാതെ, നാം നിർഭാഗ്യവശാൽ ചാവുദോഷം ചെയ്യുന്നതുവരെ നമ്മോടുകൂടെ വസിക്കുന്നു."

വിശുദ്ധ കുർബാന സ്വീകരണത്തിലൂടെ തന്നിൽ എഴുന്നള്ളിവന്ന ഈശോയോട് അച്ചൻ സംസാരിക്കുന്നു: "എതാനും നിമിഷങ്ങൾക്കു മുമ്പ് അങ്ങ് എന്റെ ഉള്ളിൽ എഴുന്നള്ളി വന്നു. അങ്ങ് ആരാണെന്ന് അൽപമെങ്കിലും എന്നെ അറിയിക്കണമെ. സ്നേഹത്താൽ എന്നെ ജ്വലി പ്പിക്കേണമെ. നിനക്കുവേണ്ടി എന്റെ സകല താൽപര്യങ്ങളും സൗകര്യ ങ്ങളും സമയവും ആരോഗ്യവും കഴിവുകളും ബലികഴിക്കുവാൻ എന്നെ പ്രാപ്തനാക്കേണമെ. ഇന്നത്തെ എന്റെ പക്കലേയ്ക്കുള്ള അങ്ങയുടെ സന്ദർശനം എത്ര മഹത്തരമെന്ന് ഞാൻ മനസ്സിലാക്കട്ടെ. ഈ ദിവ്യസന്ദർശനം ഈ ദിനം എപ്പോഴും നന്ദിയോടെ അനുസ്മരി ക്കട്ടെ. കൊച്ചുകൊച്ചു ത്യാഗങ്ങൾ വഴിയെങ്കിലും ഈ ദിവസം എപ്പോഴും അങ്ങയോടു നന്ദികാണിക്കുവാൻ എന്നെ സഹായിക്കേണമെ."

വിശുദ്ധ കുർബാനയും തിരുമാംസരക്തങ്ങളും വളരെ വിലയുറ്റ താണെന്ന് അച്ചൻ അറിഞ്ഞിരുന്നു. ഒരിക്കൽ ശരവണംപട്ടി ആശുപത്രി യിൽ അച്ചൻ കുർബാന അർപ്പിച്ചുകൊണ്ടിരിക്കെ അൽപം തിരുരക്തം അൾത്താര വിരിയിൽ വീണു. ഉടനെത്തന്നെ വിരി കഴുകി അച്ചൻ ആ വെള്ളം കുടിച്ചു. കുർബാന കഴിഞ്ഞ് പരിശോധിച്ചപ്പോൾ രണ്ടാം വിരിയും മൂന്നാം വിരിയും തിരുരക്തത്താൽ നനഞ്ഞതായിക്കണ്ട് ആ വിരികളും കഴുകിക്കുടിച്ചു. തുടർന്ന് കപ്പേളയുടെ ചുമതലയുള്ള സഹോദരിയോടു പറഞ്ഞു: "ഈ വിരി ഇന്നുതന്നെ അലക്കണം. അലക്കുന്ന വെള്ളം ആരും ചവിട്ടാത്ത സ്ഥലത്ത് ഒഴിച്ചോളൂ."

ഓർമ്മ മങ്ങിയപ്പോളും ദിവ്യകാരുണ്യത്തിന്റെയും ദൈവവചന ത്തിന്റെയും വിശുദ്ധ കുരിശിന്റെയും പ്രാധാന്യത്തെക്കുറിച്ചുള്ള അവ

ബോധം മങ്ങലേൽക്കാതെ തിളങ്ങിനിന്നു. സക്രാരിയിലേക്കു വിരൽ ചൂണ്ടി "ആ ചുവന്നത് (സക്രാരിക്ക് ചുവന്ന വിരിയിട്ടിരുന്നു.) ഏറ്റവും ശക്തിയുള്ളത്." വി. ഗ്രന്ഥം ചൂണ്ടിക്കാട്ടിയിട്ട്, "അത് രണ്ടാമത്." അവസാനം കുരിശു രുപത്തിലേക്കു നോക്കി, "അത് മൂന്നാമത്തെ." നവസന്ന്യാസികൾക്ക് അദ്ദേഹം ഉപദേശം നൽകി. വിദ്യുച്ഛക്തി നില ച്ചതായി എപ്പോഴെങ്കിലും ശ്രദ്ധയിൽ പതിഞ്ഞാൽ ഓടിവന്നു സക്രാരി ക്കരികിൽ വിളക്കു തെളിക്കുക പതിവായിരുന്നു.

**അന്തര്യാമിയാണ് ദൈവം**

ദൈവത്തിന്റെ രണ്ടു തരത്തിലുള്ള സാന്നിദ്ധ്യത്തെക്കുറിച്ചു പറഞ്ഞ ശേഷം മൂന്നാമതൊരു സാന്നിദ്ധ്യത്തെപ്പറ്റി ഡൺസ്റ്റണച്ചൻ വിവരി ക്കുന്നു. അതു വരപ്രസാദത്തോടുകൂടിയ ആത്മാവിലുള്ള ദൈവത്തിന്റെ നിവാസമാണ്. മേൽപറഞ്ഞ രണ്ടുതരത്തിലുള്ള സാന്നിദ്ധ്യവും ഈ സവിശേഷമായ സാന്നിദ്ധ്യത്തെ ശക്തമാക്കുന്നതിനു വേണ്ടിയുള്ള താണെന്ന് ഡൺസ്റ്റണച്ചൻ പറയുന്നു. "എല്ലാറ്റിലും വസിക്കുന്ന ദൈവം ആത്മാവിനെ സ്വന്ത ആലയമാക്കുന്നു. നിത്യകാലത്തോളം ആ ആത്മാവിനോടുകൂടി വസിപ്പാൻ ദൈവം അതിയായി ആഗ്രഹിക്കുന്നു. മനുഷ്യാത്മാക്കളിൽ തന്റെ വാസം ഉറപ്പിക്കുന്നതിനാണ് ദൈവത്തിന്റെ മറ്റെല്ലാ പ്രവർത്തനങ്ങളും. വി. കുർബാനയിലെ തന്റെ സാന്നിദ്ധ്യംതന്നെ തന്റെ ആലയമായ മനുഷ്യാത്മാവ് കേടുവരാതെ സൂക്ഷിക്കപ്പെടുന്ന തിനും അതിന്റെ ശക്തിക്കും വളർച്ചയ്ക്കുമാണ്. ദൈവം സകല വസ്തു ക്കളെയും സൃഷ്ടിച്ചുപരിപാലിച്ചു കൊണ്ടുപോകുന്നതും തിരുസഭയെ സ്ഥാപിച്ചതും കൂദാശകളെ ഏർപ്പെടുത്തിയതും എല്ലാം മനുഷ്യാത്മാ വിനെ തന്റെ ആലയമാക്കുന്നതിനും അതിനെ കൂടുതൽ അലങ്കരിക്കുന്ന തിനും ശക്തിപ്പെടുത്തുന്നതിനുമാണ്. മനുഷ്യാത്മാവിൽ വസിക്കുന്ന തിന് അളവില്ലാത്തവനായ ദൈവം എത്രയധികം ആഗ്രഹിക്കുന്നു. വി. കുർബാനയിലെ തന്റെ വാസം ലോകാവസാനംവരെ മാത്രമെ നീണ്ടു നിൽക്കുകയുള്ളു. എന്നാൽ മനുഷ്യാത്മാവ് വരപ്രസാദത്തോടുകൂടി മരിക്കുന്നെങ്കിൽ നിത്യകാലം അത് ദൈവത്തിന്റെ ആലയമായിരിക്കും.

"എല്ലാ ക്രിസ്ത്യാനികളും ചാവുദോഷമില്ലാത്തപ്പോൾ, വരപ്രസാദ ത്തോടുകൂടിയിരിക്കുമ്പോൾ ദൈവത്തെ വഹിച്ചുകൊണ്ടാണ് നടക്കുന്നത്. മാമോദീസ മുങ്ങി ചാവുദോഷം കൂടാതെ ജീവിക്കുന്ന എല്ലാവരിലുംദൈവം സത്യമായിട്ടും എഴുന്നള്ളിയിരിപ്പുണ്ട്. ഇതു നാം ഓർക്കാറില്ല. ദൈവം നമ്മുടെ ആത്മാവിൽ സദാ ഒരു അതിഥി പോലെ എഴുന്നള്ളിയിരിക്കുന്നു."

## നിരന്തര സ്മരണം

"അച്ചൻ എന്താണ് എപ്പോഴും കീഴ്പോട്ടു നോക്കിനിൽക്കുന്നത്?" ഒരിക്കൽ ഡൺസ്റ്റണച്ചന്റെ ജ്യേഷ്ഠന്റെ പേരക്കുട്ടി, മരിയ അദ്ദേഹത്തോടു ചോദിച്ചു. "ഞാൻ കീഴ്പോട്ടു നോക്കുന്നതോ? ഞാൻ നിലത്തു മനസ്സുകൊണ്ട് പരിശുദ്ധ ത്രിത്വത്തിന്റെ ചിത്രം വരയ്ക്കുകയാണ്. എന്നിട്ട് ആ ചിത്രത്തിൽ നോക്കി ധ്യാനിച്ചുകൊണ്ടിരിക്കും." തന്റെ നിരന്തര പ്രാർത്ഥനയുടെ ശൈലിയെന്തെന്നു ഡൺസ്റ്റണച്ചൻ വിവരിക്കുകയായിരുന്നു. അച്ചൻ തുടരുന്നു: "മനസ്സുകൊണ്ട് ദൈവത്തിന്റെ ഇഷ്ടമുള്ള ഒരു രൂപം വരയ്ക്കുക. ആ ചിത്രത്തിൽ നോക്കി മണിക്കൂറുകൾ പലവിചാരം ഇല്ലാതെ പ്രാർത്ഥിക്കുവാൻ കഴിയും. പ്രാർത്ഥന കഴിയുമ്പോൾ മനസ്സുകൊണ്ടു വരച്ച ചിത്രം കടലാസിൽ പകർത്താൻ സാധ്യമാണ്."

നിരന്തരം ദൈവസാന്നിദ്ധ്യ സ്മരണയിൽ കഴിയുകയെന്നത് ഡൺസ്റ്റണച്ചന്റെ ജീവിതചര്യയായിരുന്നു. ദൈവത്തെ ധ്യാനപൂർവ്വം ഹൃദയത്തിൽ കാത്ത്, സ്നേഹപൂർവ്വം ഓർക്കുന്നതിനാണ് സ്മരണം എന്നു പറയുന്നത്. ദൈവസാന്നിദ്ധ്യ സ്മരണ എന്ന് ഇതിനെ നാം വിളിക്കുന്നു.

സി. അഡലെയ്ഡ് എഫ്.സി.സി.യുടെ ദൃക്സാക്ഷ്യം: "ഒരു ദിവസം ഞാൻ ശരവണംപട്ടിയിലെ സി.എം.ഐ. ഭവനം സന്ദർശിക്കാനിടയായി. കാപ്പി കുടിച്ചശേഷം കെട്ടിടത്തിന്റെ പിറകുവശത്തേക്കു പോയി. അവിടെ ഡൺസ്റ്റണച്ചൻ തൂമ്പയെടുത്ത് മണ്ണിൽ കിളയ്ക്കുകയാണ്. ഞാൻ ആ മുഖത്തേയ്ക്കു നോക്കി. സ്നേഹഭാവം സ്ഫുരിച്ചുനിൽക്കുന്നു. പണിയുമ്പോഴും ആരോടോ സംസാരിക്കുന്നു. നിരന്തരപ്രാർത്ഥനയിൽ അദ്ദേഹം മുഴുകിയിരിക്കുകയാണെന്നു ഞാൻ കരുതി."

ദൈവസാന്നിദ്ധ്യ സ്മരണ സംബന്ധിച്ച് ഡൺസ്റ്റണച്ചൻ അനുജത്തി കൊച്ചുത്രേസ്യക്കു പലപ്പോഴായി നൽകുന്ന വിവരണം ഇപ്രകാരം സംഗ്രഹിക്കാം: ദൈവം മനുഷ്യനിൽ വസിക്കുന്നു. എന്നാൽ മനുഷ്യരുടെ സമ്മതം കൂടാതെ ആത്മാക്കളിൽ തന്റെ വാസം ആരംഭിക്കുന്നതിനോ തുടർന്നുകൊണ്ടുപോകുന്നതിനോ ദൈവത്തിനു കഴിയുകയില്ല. ഇനി വസിപ്പാൻ നാം അനുവദിച്ചാൽതന്നെയും ദൈവത്തിന്റെ വാസം സന്തോഷപൂർണ്ണമാകുവാനും നമ്മുടെ സഹകരണം ആവശ്യമാണ്.

ദൈവം നമ്മുടെ അതിഥിയായി വസിക്കുന്നു. സൽകരിയ്ക്കേണ്ടതു നമ്മുടെ കടമയാണ്. നമ്മെ അത്യധികം സ്നേഹിച്ചുകൊണ്ട് നമ്മുടെ നിസ്സാരങ്ങളായ സൽകാരങ്ങൾ കൊതിച്ചുകൊണ്ട് നമ്മിൽ വസിക്കുന്ന ദൈവത്തെ നാം ഒരിക്കലും ഇച്ഛാഭംഗപെടുത്തരുത്... നാം നമ്മുടെ

വീട്ടിൽ വരുന്ന പ്രിയ അതിഥികളെ വീടിന്റെ ഒരു മൂലയിൽ കൊണ്ടുപോയിരുത്തി ആരും അങ്ങോട്ട് അടുക്കുകയോ അയാളോടു സംസാരിക്കുകയോ ചെയ്യുന്നില്ലെങ്കിൽ അയാളെ നാം എന്തുമാത്രം വിഷമിപ്പിക്കും. നമ്മുടെ മര്യാദയില്ലായ്മ എത്ര വലുതായിരിക്കും. അയാൾ മറ്റുള്ളവരോട് എന്തുപറയും. "അവർക്കു ഭക്ഷണസാധനങ്ങളോ മറ്റു വിലപിടിച്ച സാധനങ്ങളോ എനിക്കു തരുവാനില്ലെങ്കിൽ അതു സാരമില്ല. എന്നാൽ സന്തോഷമായിട്ട് രണ്ടു വാക്കു പറയുന്നതിന് എന്തായിരുന്നു തടസം? ഞാൻ കാത്തിരുന്നു കാത്തിരുന്നു മടുത്തു പോയി. ആരും എത്തിനോക്കുകപോലും ചെയ്തില്ല." ഇതു തന്നെയാണ് മനുഷ്യഹൃദയങ്ങളിൽ വസിക്കുന്ന ദൈവത്തിന്റേയും അനുഭവം.

ആത്മാവിൽ വസിക്കുന്ന ദൈവത്തെ സൽകരിക്കേണ്ടതും തന്നോടു സ്നേഹസംഭാഷണം നടത്തേണ്ടതും ഓരോരുത്തന്റെയും കടമയാണ്. അതു വിശുദ്ധി പ്രാപിപ്പാൻ വളരെ എളുപ്പമായ മാർഗ്ഗവുമാണ്.

ഇനി ദൈവം മാത്രം നമ്മുടെ ചിന്താവിഷയം. മറ്റു വല്ലതും ഓർക്കുന്നെങ്കിൽ അതു ദൈവഇഷ്ടത്തിനു കീഴ്പെട്ടുകൊണ്ടു മാത്രം, ദൈവത്തെപ്രതിമാത്രം. ആവശ്യമില്ലാത്തതും ഉപകാരമില്ലാത്തതുമായവയെക്കുറിച്ചു ചിന്തിച്ചോ സംസാരിച്ചോ സമയം കളയരുത്. ഇടയ്ക്കിടയ്ക്ക് ദൈവത്തെ ഓർക്കുക, ദൈവത്തോടു സംസാരിക്കുക.

നമ്മോടുകൂടി സ്നേഹസംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നതിനു താൻ എപ്പോഴും ആഗ്രഹിക്കുന്നു. നമ്മുടെ സന്തോഷങ്ങളേയും ആഗ്രഹങ്ങളേയും വിഷമങ്ങളേയും സങ്കടങ്ങളേയും നമ്മുടെ വിചാരങ്ങളേയും എല്ലാം നമ്മുടെ ഏറ്റം വലിയ സ്നേഹിതനോടെന്നപോലെ നാം ദൈവത്തെ പറഞ്ഞു കേൾപ്പിക്കണം. നമുക്കു സമയം കിട്ടുമ്പോഴെല്ലാം നമ്മുടെ ഹൃദയക്കപ്പേളയിൽ പ്രവേശിച്ച് അവിടെ എഴുന്നള്ളിയിരിക്കുന്ന ദൈവത്തോടു രണ്ടുവാക്കെങ്കിലും പറയണം. അപേക്ഷിക്കാം; അങ്ങനെ എപ്പോഴും ആ ദൈവത്തോടുകൂടെ ജീവിക്കാം.

ചില അവസരങ്ങളിൽ കർത്താവ് നമ്മുടെ കുറ്റങ്ങൾ നിമിത്തം ദുഃഖിച്ചിരിക്കുന്നതായി നാം കാണും. അപ്പോൾ മനസ്താപപ്പെട്ടുകൊണ്ട് പൊറുതിയപേക്ഷിക്കണം. മേലാൽ ചെയ്യില്ലെന്നും ചെയ്ത തെറ്റിനു പരിഹാരം ചെയ്യാമെന്നും പ്രതിജ്ഞ ചെയ്യുന്നെങ്കിൽ തന്റെ മുഖത്തെ പുഞ്ചിരി കാണുന്നതിനു നമുക്കു വീണ്ടും ഇടവരും. നല്ലദൈവത്തെ ഒരിക്കലും സങ്കടപ്പെടുത്തരുത്. സങ്കടപ്പെടുത്തിയെന്ന് ഓർമ്മ വന്നാൽ ഉടനെ ഓടിച്ചെന്ന് മാപ്പപേക്ഷിക്കണം. ക്ഷമിപ്പാൻ ഇത്ര വേഗതയുള്ള ദൈവത്തെ ശരണക്കേടുകൊണ്ട് കൂടുതൽ സങ്കടപ്പെടുത്തരുത്.

സകല കാര്യങ്ങളിലും തന്നോട് ആലോചന ചോദിക്കുക... നിന്നിൽ വസിക്കുന്ന ദൈവത്തിന്റെ സ്വരത്തിനു നീ ചെവികൊടുത്തു ശ്രദ്ധിക്കുക. ദൈവം, വരപ്രസാദത്തോടുകൂടിയ ഒരു ആത്മാവിൽ എഴുന്നുള്ളിയിരിക്കുന്നുവെന്ന സത്യം ദൃഢമായി വിശ്വസിച്ച്, ആ വിശ്വാസത്തിനനുസരിച്ചു അനുനിമിഷവും പ്രവർത്തിച്ചുകൊണ്ടു ജീവിക്കുക.

ഏറ്റം സ്നേഹമുള്ള ഒരാളോടെന്നോണം ദൈവത്തോടു പെരുമാറുക. ദിവസത്തിൽ എത്ര പ്രാവശ്യം ഓർക്കാൻ കഴിയുമോ അത്രയും പ്രാവശ്യം ആത്മാവിൽ വസിക്കുന്ന ദൈവത്തെ ഓർത്തു സ്തുതിക്കുക. എല്ലായ്പോഴും ഓർക്കാൻ സാധിക്കും. ജോലിയുടെ ഇടയ്ക്ക് ഒരു നിമിഷം മതി ഓർക്കാൻ. സ്നേഹത്തോടുകൂടി ഒന്ന് ഉള്ളിലേയ്ക്കു നോക്കുക. നമ്മുടെ സൽപ്രവൃത്തികളിൽ സന്തുഷ്ടനായിരിക്കുന്ന ദൈവത്തെ കൂടുതൽ കൂടുതൽ സൽകൃത്യങ്ങൾ ചെയ്തു നമ്മുടെ ഉള്ളിൽ വളരുവാൻ അനുവദിക്കുക.

തുടർന്ന് ദൈവസാന്നിദ്ധ്യ സ്മരണ എന്ന സൗഭാഗ്യത്തിനായി ഡൺസ്റ്റണച്ചൻ പ്രാർത്ഥിക്കുന്നു:

"എന്റെ ആത്മാവിൽ സദാ വസിക്കുന്ന അങ്ങയോടുകൂടി എപ്പോഴും വസിക്കുന്നതിനുവേണ്ട വരപ്രസാദം എനിക്കു തരണമെ. ഈ ദിവസം അനേകം പ്രാവശ്യം നിന്റെ പക്കലേയ്ക്കു വരുന്നതിന് എന്നെ വിളിക്കേണമെ. ഇന്നേ ദിവസം ഞാൻ എന്തെങ്കിലും സംസാരിക്കുകയോ പ്രവർത്തിക്കുകയോ എന്തെങ്കിലും തീരുമാനിക്കുകയോ ചെയ്യുന്നതിനു മുമ്പെല്ലാം എന്റെ ഉള്ളിൽ വസിക്കുന്ന നിന്റെ പക്കലേയ്ക്കു തിരിഞ്ഞു നിന്നോട് ആലോചന ചോദിപ്പാൻ എനിക്കിടവരുത്തേണമെ. അങ്ങനെ ഹൃദയപൂർവ്വമായ അനേകം പരസ്പര സ്നേഹസംഭാഷണങ്ങളും സ്നേഹപ്രകടനങ്ങളുംകൊണ്ട് ഇന്നേ ദിവസം നിറയട്ടെ. പ്രിയ ഈശോയേ, ഈ അനുഗ്രഹം എനിക്കു തരണമെ.

"മൗനമായിരിക്കേണ്ട സമയത്തു സംസാരിപ്പാൻ എന്നെ ഒരിക്കലും അനുവദിക്കല്ലെ. ഞാൻ ആലോചന കൂടാതെ ഒരിക്കലും സംസാരിക്കാതിരിക്കട്ടെ. ആവശ്യത്തിൽ കൂടുതലായി സംസാരിക്കാൻ എന്നെ ഒരിക്കലും അനുവദിക്കല്ലെ. നിന്നോട് ആന്തരികമായി ഒരു വാക്കു പറയാതെ എന്നിൽനിന്ന് ഒരു വാക്കെങ്കിലും പുറപ്പെടാതിരിക്കട്ടെ.

"ജനക്കൂട്ടത്തിലോ ജോലിത്തിരക്കിലോ മുറിയിൽ ഏകാന്തമായിരിക്കുമ്പോഴോ എവിടേയും എപ്പോഴും എന്റെ സ്നേഹഭാജനമായ ദൈവമേ, എന്നിൽ സദാ വസിക്കുന്ന ദൈവമേ, അങ്ങയോടുകൂടി മാത്രം ജീവിക്കത്തക്കവണ്ണം, നിന്റെ പരിശുദ്ധ അരൂപി എന്നിൽ പൂർണ്ണ കർത്തൃത്വം നടത്തട്ടെ."

സ്വന്തം അനുജത്തിക്കു മാത്രമല്ല പരിശീലനത്തിനായി തന്നെ ഭരമേൽപിച്ച അർത്ഥികളെല്ലാവരും ദൈവസാന്നിദ്ധ്യ സ്മരണ അഭ്യസിക്കുന്നതിനു ഡൺസ്റ്റണച്ചൻ പരിശീലനം നൽകി. ബ്ര. ലോറൻസിന്റെ "പ്രാക്റ്റിസ് ഓഫ് ദ പ്രെസൻസ് ഓഫ് ഗോഡ്" എന്ന പുസ്തകം ഡൺസ്റ്റണച്ചനു ഹൃദിസ്ഥമായിരുന്നു. അദ്ദേഹം നവസന്ന്യാസഗുരുവായിരിക്കെ പ്രസ്തുത പുസ്തകത്തിന്റെ പല പ്രതികൾ വാങ്ങി ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചു. അതു വായിക്കുന്നതിനു നവസന്ന്യാസികളെ നിഷ്കർഷിച്ചു.

ഒരു യോഗാർത്ഥി സ്വന്തം അനുഭവം പങ്കുവയ്ക്കുന്നു: "റെക്റ്ററച്ചൻ വലിയ ദൈവശാസ്ത്രങ്ങളൊന്നും പഠിപ്പിച്ചില്ല. ഒരിക്കൽ തനിച്ചുകണ്ട അവസരത്തിൽ സ്വന്തം ആചരണത്തിനായി ഒരു ദിനചര്യ തയ്യാറാക്കിക്കൊണ്ടു വരുവാൻ അച്ചൻ എന്നോട് ആവശ്യപ്പെട്ടു. ആവശ്യപ്പെട്ടതുപോലെ ഒരു ദിനചര്യ എഴുതിയുണ്ടാക്കി അച്ചനെ ഞാൻ സമീപിച്ചപ്പോൾ അദ്ദേഹം തന്ന ഉപദേശം ഇന്നും ഓർക്കുന്നു. ദിനചര്യയുടെ ഓരോ കൃത്യങ്ങൾ ആരംഭിക്കുമ്പോഴും അവസാനിക്കുമ്പോഴും ദൈവത്തെ ഓർക്കുകയും ആ സമയം നന്നായി ചെലവഴിക്കുവാൻ പ്രാർത്ഥിക്കുകയും വേണം. "ദൈവസാന്നിദ്ധ്യ സ്മരണ പരിശീലിക്കുന്നതിനും അതു ജീവിതത്തിന്റെ അവിഭാജ്യഭാഗമാക്കുവാനും റെക്റ്ററച്ചൻ എന്നെ പഠിപ്പിച്ചു.

## തിരുസന്നിധിയിൽ ഇരവു പകലുകൾ

ഓർമ്മ വെച്ച നാൾ മുതൽ ദൈവസാന്നിദ്ധ്യ സ്മരണ പരിശീലിച്ചും പരിശീലിപ്പിച്ചും ദൈവൈക്യത്തിൽ ജീവിച്ച വ്യക്തിയാണ് ഡൺസ്റ്റണച്ചൻ. ദിവ്യചൈതന്യത്തിന്റെ ഉർവ്വരതയിൽ മുളയെടുത്തു വളർന്നതാണു ഇട്ടൂപ്പുണ്ണിയുടെ വ്യക്തിത്വം. സന്ന്യാസ സമർപ്പണത്തിന്റെ നൈരന്തര്യത്തിൽ തീവ്രമായിത്തീർന്ന ദൈവബന്ധം അതിന്റെ ഇടമുറിയാത്ത അന്തർധാരയായി മാറി. ഓർമ്മകൾ മങ്ങി ആളുകളെയും അവരുടെ പേരുകളും തമ്മിൽ വിളക്കിച്ചേർക്കുന്നതിന് അശക്തനായിത്തീർന്നപ്പോഴും ആ ദൈവധാര അനർഗ്ഗളം ആന്തരികതയിൽ ഒഴുകി.

ആരോഗ്യവാനായിരുന്ന അവസരത്തിൽ ക്ലാസ്സും തോട്ടപണിയും കഴിഞ്ഞാൽ ദേവാലയത്തിൽ മുട്ടുകുത്തി ശിരസു നമിച്ചു കൈകൾ കൂപ്പി ധ്യാനനിരതനായി നിൽക്കുന്ന ഡൺസ്റ്റണച്ചനെ കാണുന്നത് ഏവർക്കും പ്രചോദനമായി. പ്രാർത്ഥനയ്ക്കിടയിൽ പലപ്പോഴും അദ്ദേഹം ഉറങ്ങിപ്പോകുമായിരുന്നു. ഒരിക്കൽ ഒരു നവസന്ന്യാസി ചോദിച്ചു,

“അച്ചൻ പള്ളിയിൽ ഉറങ്ങുന്നതായി കണ്ടല്ലോ?” “ഞാൻ കർത്താവിന്റെ പക്കലാണ്. കർത്താവ് എന്നെ കാണുന്നുണ്ട്. ഉറങ്ങിയാലും ദിവ്യ കാരുണ്യസന്നിധിയിൽ ആയിരിക്കുന്നതാണ് കാര്യം.” ഡൺസ്റ്റണച്ചൻ മറുപടി നൽകി. അതോടെ ദിവ്യസാന്നിദ്ധ്യ സ്മരണയോടെ ദിവ്യ കാരുണ്യ സന്നിധിയിൽ ആയിരിക്കുവാൻ നവസന്ന്യാസിക്കു പ്രചോ ദനമായി.

ഓർമ്മകൾ മുറിഞ്ഞ് ഒറ്റപ്പെട്ട ചെറുതുണ്ടുകളായി ചിതറി, ആരെയും തിരിച്ചറിയാത്ത അവസരത്തിലും സക്രാരിക്കും കുരിശിനും എന്തോ സവിശേഷതയുണ്ടെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. പള്ളിയിൽ കയറി വിശുദ്ധരുടെ രൂപങ്ങളും ചിത്രങ്ങളും വീക്ഷിച്ചു മെല്ലെ മെല്ലെ അച്ചൻ നടന്നു നീങ്ങും. മദുബഹയിലെ കുരിശുരൂപം കാണുമ്പോൾ നിറഞ്ഞ വികാരങ്ങളോടെ ഇരുകൈകളും രൂപത്തിലേക്ക് ഉയർത്തി സ്വയംമറന്നു ഹൃദയം തുറന്നുപാടും. തൊണ്ടയിൽനിന്ന് ഉയരുന്ന ഒരു ഇരമ്പലായി ആ ഗാനം പുറത്തുവരും. പ്രാർത്ഥനയിൽ അമിതമായ വികാരപ്രകടനങ്ങളൊന്നും അദ്ദേഹത്തിൽ പ്രകടമായിരുന്നില്ല. എന്നാൽ ജീവിതം അന്ത്യത്തിലേക്കു നീങ്ങുകയും ഓർമ്മയും ബുദ്ധിയുമെല്ലാം മങ്ങുകയും ചെയ്തപ്പോൾ തന്റെ പ്രാണനാഥനോടുള്ള അദമ്യമായ സ്നേഹവികാരങ്ങൾ ഒളിമറവില്ലാതെ ചിറപൊട്ടിയൊഴുകി.

ഈശോയെ അനുനിമിഷം വിളിക്കുവാൻ ഡൺസ്റ്റണച്ചൻ ചെറുപ്പം മുതൽ ശീലിച്ചിരുന്നു. അതു ജീവിതത്തിലുടനീളം തുടർന്നു. സർവ്വവും മറവിയിലാണ്ടു പോയപ്പോഴും ഈശോയെ മാത്രം മറന്നില്ല. “ഞാൻ മരി ച്ചു... ഈശോ... സഹായിക്കണെ... രക്ഷിക്കണെ.... എനിക്കു സന്തോഷ മാണ്.... ഞാൻ പോകുകയാണ്.... ഈശോ!” ഡൺസ്റ്റണച്ചന്റെ അന്ത്യ വചസ്സുകൾ!

സ്വർഗ്ഗോന്മുഖനായി അദ്ദേഹം ജീവിച്ചു. ജീവിതത്തിന്റെ ആദ്യന്തം ഈശോയെ സ്നേഹിച്ചു സ്നേഹിച്ച് അദ്ദേഹം അവിടുന്നിൽ ലയിച്ചു. യേശുനാമം ഉരുവിട്ടുകൊണ്ട് വിശുദ്ധിയിലേയ്ക്കുള്ള പ്രയാണം പൂർത്തിയാക്കി.

# 08

# വഴിപ്പെടലിന്റെ സുകൃതമാർഗ്ഗം

ഇട്ടൂപ്പുണ്ണി 14-ാം വയസ്സിൽ വീട്ടിൽനിന്ന് സന്ന്യാസത്തിലേക്കു പുറപ്പെടുമ്പോൾ ഒരു തീരുമാനമെടുത്തിരുന്നു. "ഇനി മുഴുവൻ അധികാരികളുടെ ഇഷ്ടം. അവർ എവിടേയ്ക്ക് അയച്ചാലും ഞാൻ പോകും." ഡൺസ്റ്റണച്ചൻ ജീവിതം മുഴുവൻ പാലിച്ചിരുന്ന സന്ന്യാസചൈതന്യമാണിത്.

അനുസരണത്തെ ഡൺസ്റ്റണച്ചൻ അമൂല്യമായി കരുതി. "പ്രിയോരച്ചൻ അങ്ങനെ പറഞ്ഞപ്പോൾ ഞാനങ്ങു വഴിപ്പെട്ടു." അച്ചനിൽനിന്നു കൂടെകൂടെ ശ്രവിക്കുന്ന പ്രയോഗമായിരുന്നു, "വഴിപ്പെടൽ." "സുപ്പീരിയറച്ചൻ പറയുന്നതുപോലെ," "സുപ്പീരിയറച്ചനോടു ചോദിച്ചിട്ട്," "സുപ്പീരിയറച്ചൻ പറഞ്ഞാൽ" എന്നിങ്ങനെ തന്റെ ആന്തരികതയിൽ ഉറഞ്ഞുകൂടിയ അനുസരണചൈതന്യം അറിയാതെതന്നെ വാക്കുകളായ് ഒഴുകി. പ്രവൃത്തികളായ് ഉരുവംകൊണ്ടു.

ഡൺസ്റ്റണച്ചൻ അമ്പഴക്കാട് കൊവേന്തയിൽ പ്രൊക്കുറേറ്ററായിരിക്കെ ആശ്രമാധികാരിയായ മലാഖിയാസച്ചൻ നിർദ്ദേശിച്ചതനുസരിച്ചാണ് തന്റെ ഓർമ്മക്കുറിപ്പുകൾ എഴുതാൻ ആരംഭിച്ചത്. ഒരു ദിവസം എഴുതാനിരുന്നപ്പോൾ അനുകൂലമായ മാനസികാവസ്ഥ കൈവരിക്കാനാകാതെ അച്ചൻ വിഷമിച്ചു. എന്നാൽ അധികാരിയോടുള്ള അനുസരണം അദ്ദേഹത്തെ കൃത്യനിർവ്വഹണത്തിനായി പ്രേരിപ്പിക്കുകയാണ്. ഡൺസ്റ്റണച്ചൻ എഴുതാൻ തുടങ്ങുന്നു:

"പെ. ബ. പ്രിയ പിതാവേ, ഇന്നു ഞാൻ പതിവുപോലെ നാലരയ്ക്കു മുമ്പുതന്നെ എഴുതുവാൻ ഇവിടെ ഒരുങ്ങിവന്നിരുന്നതാണ്. ഇപ്പോൾ സമയം അഞ്ചേമുക്കാൽ ആയി. ഇന്ന് എനിക്കു ശാരീരികമായി ഈ ജോ

ലിക്ക് ഒരു ഉന്മേഷവും തോന്നുന്നില്ല. ഇത്രയും നേരം ഒരു ഇല പോലും അനങ്ങുന്നതു കണ്ടില്ല. വലിയ ചൂടും അനുഭവപ്പെടുന്നു. ഇന്ന് എന്റെ ജീവിതകഥ ആരംഭിക്കുന്നതിനു നിശ്ചയിച്ചിരുന്നതുകൊണ്ട് പതിവു പോലെ എളുപ്പവുമില്ല. രണ്ടുദിവസം മുമ്പ് ഈ സമയത്ത് ഇതു ഭംഗി യായി ആരംഭിക്കുന്നതിനുള്ള കഴിവുണ്ടായിരുന്നു. കർത്താവിന്റെ നേരെ നന്ദിയാൽ എന്റെ ഹൃദയം നിറഞ്ഞ്, പ്രാർത്ഥനാരൂപത്തിൽ അതു സ്വയമെ പുറപ്പെട്ടിരുന്നു. എന്നാൽ അതിനുള്ള സമയമായിട്ടില്ലാത്തതിനാൽ അന്ന് എഴുതിയില്ല. ആരംഭിക്കുന്നതു ശരിയായില്ലെങ്കിൽ തുടർന്ന് എഴുതാൻ വളരെ വിഷമവും സമയനഷ്ടവും അനുഭവപ്പെടും. അതു കൊണ്ടാണ് ഇത്രയും നേരം വെറുതെയിരുന്നത്. ഇന്ന് ഒന്നും എഴുതേണ്ട എന്നു തോന്നിയതാണ്. എങ്കിലും അങ്ങു പറഞ്ഞിട്ട് ഇന്നു വരെ ഞാൻ ഇതു മുടക്കിയിട്ടില്ല. അതിനാൽ ഇന്ന് മുടക്കുവാൻ തോന്നുന്നില്ല. എന്തായാലും വേണ്ടില്ല എന്നു കരുതിയാണ് പേന എടുത്തത്. ഇന്നും വല്ലതും എഴുതിവെക്കാം."

**അനുസരണം ഒരു തിരുബലി**

ചിത്രം വരയ്ക്കുകയും അവയ്ക്കു ചായമിടുകയും ചെയ്യുന്നത് ഇട്ടൂപ്പു ണ്ണിക്ക് ആസ്വാദ്യകരമായിരുന്നു. അമ്പഴക്കാട് ആശ്രമദേവാലയത്തിന്റെ ചുവരുകളിൽ കാണുന്ന ചെറുവിടവുകളും വിള്ളലുകളും പഴയ ചുമർചിത്രങ്ങളിൽ അടർന്നുനിൽക്കുന്ന ചായക്കൂട്ടുകളുടെ അടരുക ളും മനസ്സിൽ സ്വരൂപിച്ച് അവയിൽനിന്നു പുതുരൂപങ്ങളും ആകൃതി കളും ഭാവനയിൽ ദർശിക്കുവാൻ ഇട്ടൂപ്പുണ്ണിക്കു കഴിഞ്ഞിരുന്നു. ഇടക്കൊക്കെ മുറിയിലേക്കു വലിയാനും തന്റെ ഭാവനാചിത്രങ്ങൾക്കു വർണ്ണം ചാർത്തുവാനും കൊതിച്ചു. മുറിയിലിരുന്നു ചിലപ്പോഴൊക്കെ നവസന്ന്യാസി പടം വരച്ചു. ഒരിക്കൽ നവസന്ന്യാസഗുരുവുമായി ഈ വിചിത്രഭാവനകൾ അദ്ദേഹം പങ്കുവയ്ക്കാനിടയായി. കഥയറിഞ്ഞ ഗുരുവച്ചൻ കുപിതനായി. വരയും ചായമിടലും എന്നേക്കും ഉപേക്ഷി ക്കണമെന്നു കൽപിച്ചു. ആ കൽപന ആ മരണം പാലിക്കുന്നതിൽ ശിഷ്യൻ വീഴ്ച്ച വരുത്തിയില്ല. 1980-82 കാലയളവിൽ 60 വയസ്സ് തികഞ്ഞ ഡൺസ്റ്റണച്ചൻ ഒരു നവസന്ന്യാസിയോട് പ്രസ്തുത അനുഭവത്തെ ക്കുറിച്ച്, പെയിന്റ് ചെയ്യാതിരിക്കുകയെന്നത് തനിക്കിന്നും വളരെ വേദന യുളവാക്കുന്നു എന്നു പങ്കുവയ്ക്കാനിടയായി. എന്നാൽ ആ വേദനാ ജനകമായ അനുഭവം ദൈവതിരുമനസ്സായി അദ്ദേഹം സ്വീകരിച്ചു.

സ്വന്തം താൽപര്യമനുസരിച്ചുള്ള വരയും കലയും അനുസരണത്തെ പ്രതി വിട്ടെറിഞ്ഞെങ്കിലും തന്റെ പ്രാർത്ഥനാജീവിതത്തെ സ്വാധീനി

ക്കുന്ന രീതിയിൽ കലാബോധം കൈമോശം വരാതെ അദ്ദേഹം ആത്മാവിൽ കരുതി. ഭാവനയിൽ ചിത്രങ്ങൾ വരച്ച് അവ ആത്മീയത യുടെ അനുഭവമാക്കിയെന്ന് അച്ചന്റെ അനുഭവങ്ങൾ സൂചിപ്പിക്കുന്നു. മാത്രമല്ല, യോഗാർത്ഥികളുടെ കലാപരമായ കഴിവുകൾ വളർത്തുന്ന തിൽ അദ്ദേഹം ശ്രദ്ധപുലർത്തി. പൂക്കൾ വരക്കുന്നതിനുള്ള എളുപ്പ വിദ്യ പകർന്നുകൊടുത്തു. ചൈനപേപ്പറിൽ പൂക്കളുണ്ടാക്കുന്നതിനു പഠിപ്പിച്ചു.

ഡൺസ്റ്റണച്ചൻ ഒരു നവസന്ന്യാസിയായിരിക്കെ അധികാരികളോ ടുള്ള അനുസരണവുമായി ബന്ധപ്പെട്ട് തനിക്കുണ്ടായ ഒരു അനുഭവം പങ്കുവെക്കുകയുണ്ടായി. അന്ന് കൊവേന്തയിൽ ഒരു പ്രത്യേക യന്ത്ര മുണ്ടായിരുന്നു. (യന്ത്രത്തിന്റെ പേരോ വിശദാംശങ്ങളോ ഓർമ്മയിലില്ല.) വളരെ ആയാസമെടുത്ത് കൈകൊണ്ട് പ്രവർത്തിക്കേണ്ട യന്ത്രമാണത്. പലപ്പോഴും നവസന്ന്യാസികളാണ് അതു പ്രവർത്തിപ്പിച്ചിരുന്നത്. നിശ്ചിത നേരത്തിൽ കൂടുതൽ ആരും അതിൽ ജോലി ചെയ്യരുതെന്ന് നവസന്ന്യാസ ഗുരുവിന്റെ നിർദ്ദേശമുണ്ടായിരുന്നു. ഡൺസ്റ്റൺ നവ സന്ന്യാസി അമിത തീക്ഷ്ണതയിൽ ഒരു ദിവസം അധിക നേരം ജോലി ചെയ്തു. രാത്രിയായപ്പോൾ അദ്ദേഹത്തിനു നെഞ്ചുവേദന ഉണ്ടായി. സ്വന്തം രോഗങ്ങളും ക്ലേശങ്ങളും മാറിക്കിട്ടുവാൻ പ്രാർത്ഥിക്കുന്ന സ്വഭാവം ഒരിക്കലും നവസന്ന്യാസിക്ക് ഉണ്ടായിരുന്നില്ല. എന്നാൽ അന്നുമാത്രം ഇപ്രകാരം പ്രാർത്ഥിച്ചു, “അനുസരണയില്ലാതെ ചെയ്ത താണ് കർത്താവേ, ഈ നെഞ്ചുവേദന മാറ്റിത്തരണേ.”

ഏതു നേരത്തും ഡൺസ്റ്റണച്ചനെ ആവശ്യമുള്ളിടത്തേയ്ക്കു ജോലിക്കായി നിയോഗിക്കുന്നതിൽ അധികാരികൾക്ക് ഒരിക്കലും ആശങ്ക തോന്നിയില്ല. സർവ്വസ്വാതന്ത്ര്യത്തോടെ അച്ചന്റെ നിയമനം സംബന്ധിച്ച് അവർ തീരുമാനങ്ങളെടുത്തു. അധികാരികളുടെ നിശ്ചയ ങ്ങൾക്കു സർവ്വദാ അദ്ദേഹം വിധേയനുമായി.

പലയിടങ്ങളിലും അച്ചനു ലഭിച്ച നിയമനം ഏതാനും ദിവസങ്ങളോ മാസങ്ങളോ മാത്രം നീളുന്നതായിരുന്നു. എന്നാൽ തന്റെ 14-ാം വയസ്സിൽ വീടുപേക്ഷിച്ചു പുറപ്പെട്ടപ്പോൾ എടുത്ത തീരുമാനം തെല്ലും വീഴ്ച യില്ലാതെ അദ്ദേഹം നിറവേറ്റി. അയയ്ക്കപ്പെടുന്നിടത്തേക്ക് അനുസരണ യോടെ പുറപ്പെട്ടു. സ്ഥാനത്തിന്റെയും ജോലിയുടെയും വലിപ്പചെറുപ്പം പരിഗണിക്കാതെ ഏൽപിക്കപ്പെടുന്നതെല്ലാം ഏറ്റെടുത്തു. അധികാരിക ളുടെ കൽപനകളോടും നിർദ്ദേശങ്ങളോടും ഡൺസ്റ്റണച്ചൻ നൽകിയ അനുസരണം തികച്ചും സ്വാഭാവികമായിരുന്നു. സ്ഥലം മാറുമ്പോൾ

കൊണ്ടുപോകാൻ സ്വന്തമായി അധികം സാധനങ്ങളോ വസ്ത്രങ്ങളോ ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ സ്ഥലസ്ഥാനചലനങ്ങൾ അദ്ദേഹത്തിനു വളരെ ഏളുപ്പമായിരുന്നു.

1979 ജൂൺ 13-ന് ശരവണംപട്ടിയിലെ സെന്റ് ആന്റണീസ് ആശ്രമത്തിന്റെ പ്രീഫെക്റ്റായി ഡൺസ്റ്റണച്ചൻ നിയമിതനായി. വെറും ഏഴു ദിവസങ്ങൾക്കുശേഷം ജൂൺ 20-ാം തീയതി അമ്പഴക്കാട് നവസന്ന്യാസ ഗുരുവിന്റെ സഹായിയായി അച്ചനു സ്ഥലം മാറേണ്ടിവന്നു. ബ്ലെയ്സ് കടിച്ചീനിയച്ചനായിരുന്നു നവസന്ന്യാസ ഗുരു. പരിശീലനസംഘത്തിലെ മറ്റൊരാൾ ഫ്രാൻസിസ് കണിച്ചിക്കാട്ടിലച്ചനായിരുന്നു. വളരെ പ്രായവ്യത്യാസമുള്ളവരായിരുന്നെങ്കിലും മൂവരും വളരെ ഒരുമയോടെ പ്രവർത്തിച്ചു. നവസന്ന്യാസ ഗുരുവായ ബ്ലെയ്സച്ചനെക്കാൾ പ്രായംകൊണ്ടും പരിശീലനാനുഭവ സമ്പത്തുകൊണ്ടും ഡൺസ്റ്റണച്ചൻ അതിസമ്പന്നനായിരുന്നു. എന്നാൽ തന്റേതു മാത്രമായ ഒരു കർമ്മപരിപാടിയും അദ്ദേഹം മുന്നോട്ടു വച്ചിരുന്നില്ല. പകരം പൂർണമായ സഹകരണം നൽകി. ഡൺസ്റ്റണച്ചന്റെ ദീർഘകാലത്തെ പരിശീലനത്തിലുള്ള അറിവും അതിനുമുപരി അദ്ദേഹത്തിന്റെ ആത്മീയതയും അച്ചന്മാർക്കും നവസന്ന്യാസികൾക്കും മുതൽകൂട്ടായി.

ശരവണംപട്ടിയിലെ നവസന്ന്യാസഭവനത്തിന്റെ ആദ്യത്തെ നവസന്ന്യാസഗുരുവായി ഡൺസ്റ്റണച്ചൻ രണ്ടുവർഷം ജോലി ചെയ്തു. തുടർന്ന് ആന്റണി പുത്തനങ്ങാടിയച്ചൻ ജോലിയേറ്റെടുത്തു. സാധാരണയായി ഒരു സ്ഥാപനത്തിൽ അധികാരിയെ നിയമിക്കുമ്പോൾ സ്ഥാനമൊഴിയുന്നയാളെ സ്ഥലം മാറ്റുകയാണ് ചെയ്യുക. എന്നാൽ ആന്റണിയച്ചൻ ജോലി ചെയ്യുമ്പോഴും സഹായിയായി ഡൺസ്റ്റണച്ചൻ അവിടെത്തന്നെ തുടർന്നു. അപ്രകാരം ഇരുവർക്കും ഒരുമിച്ചു പ്രവർത്തിക്കുന്നതിൽ ബുദ്ധിമുട്ടുകളൊന്നും ഉണ്ടായതായി ആർക്കും കാണാൻ കഴിഞ്ഞില്ല.

സ്ഥാനമൊഴിഞ്ഞ പരിശീലകനും പരിശീലനത്തിൽ പരിചയസമ്പന്നനുമായ ഡൺസ്റ്റണച്ചൻ പുതിയതായി പരിശീലന ജോലി ആരംഭിച്ച ആന്റണിയച്ചന്റെ പ്രവർത്തനങ്ങൾക്ക് ഒരിക്കലും വിലങ്ങുതടിയായില്ല. പൂർണ്ണമായ പിന്തുണയാണ് അദ്ദേഹം നൽകിയത്. ഒരു കാലത്ത് തന്റെ ശിഷ്യനായിരുന്ന ആന്റണിയച്ചനോട് അച്ചൻ പ്രകടിപ്പിച്ചിരുന്ന വിധേയത്വവും അനുസരണയും നവസന്ന്യാസികൾക്കു ഗുണപാഠമായി. അധികാരികളുടെ തീരുമാനം തെറ്റിപ്പോയി എന്നു വിമർശിച്ചവരും ഡൺസ്റ്റണച്ചനെ അദ്ദേഹമറിയാതെ കളിയാക്കിയ

വരും ഉണ്ടായിരുന്നു. അധികാരസ്ഥാനങ്ങൾ ഡൺസ്റ്റണച്ചനെ തെല്ലും മോഹിപ്പിച്ചില്ല; അധികാരികളുടെ കീഴിൽ വിനയാന്വിതനായിരിക്കുന്നതിൽ ലജ്ജിച്ചുമില്ല.

1986-ൽ കൊഴിഞ്ഞാമ്പാറ സെന്റ് തോമസ് ആശ്രമത്തിലെ യോഗാർത്ഥികളുടെ റെക്റ്ററായിരുന്ന ജെയിംസ് ആളൂരച്ചന് അദ്ധ്യയനവർഷത്തിന്റെ ഇടയിൽവെച്ച് സ്ഥാനമൊഴിയേണ്ടിവന്നു. തൽസ്ഥാനത്ത് ശരവണംപട്ടി നവസന്ന്യാസ ഭവനത്തിലെ അംഗമായ ഡൺസ്റ്റണച്ചൻ നവംബർ 16-ാം തീയതി നിയമിതനായി. ജോലി പൂർത്തിയാക്കി അടുത്ത വർഷം ജൂലൈ 4-ാം തീയതി പഴയ ലാവണത്തിൽ അച്ചൻ തിരിച്ചെത്തി.

1987-1988 കാലയളവിൽ പാലക്കാട് സി.എം.ഐ. ഭവനിൽ യോഗാർത്ഥികളുടെ റെക്റ്ററായിരുന്നത് തോമസ് പായപ്പനച്ചനായിരുന്നു. ജർമ്മനിയിലേക്കു അജപാലനപ്രവർത്തനങ്ങൾക്കായി യാത്രയാകുന്ന തോമസച്ചന് അദ്ധ്യയന വർഷം പൂർത്തിയാക്കാതെ ജോലിയിൽ നിന്നു മാറേണ്ടിവന്നു. അപ്പോഴും വിടവ് നികത്തുന്നതിനു 1988 ജനുവരി 7-ാം തീയതി ഡൺസ്റ്റണച്ചൻ ശരവണംപട്ടിയിൽനിന്നു നിയോഗിക്കപ്പെട്ടു. നാലു മാസങ്ങൾക്കുശേഷം മെയ് 3-ന് സായ്ബാബ കോളനി ലിറ്റിൽ ഫ്ളവർ മൈനർ സെമിനരിയിൽ പരിശീലകന്റെ സഹായിയായി അച്ചനു സ്ഥലം മാറ്റം ലഭിച്ചു.

## അനുസരണം ഒരു ശിശുവിനെപോലെ

വളരെ ലളിതമായിരുന്നു അച്ചന്റെ പെരുമാറ്റം. പള്ളിയിൽ തനിച്ചിരുന്നു പ്രാർത്ഥിക്കുമ്പോൾ അദ്ദേഹം ഉറങ്ങിപ്പോകുമായിരുന്നു. വിളിച്ചെഴുന്നേൽപ്പിച്ചാൽ കൊച്ചുകുഞ്ഞിനെപ്പോലെ എഴുന്നേറ്റു, വിളിച്ചയാളിനോടൊപ്പം ചെല്ലുമായിരുന്നു.

ഡൺസ്റ്റണച്ചന്റെ സന്ന്യാസാധികാരികൾ പലപ്പോഴും അദ്ദേഹത്തെക്കാൾ വളരെ പ്രായം കുറഞ്ഞവരായിരുന്നു. എങ്കിലും തെല്ലും മടിയില്ലാതെ അവർക്കു വിധേയനായി. എവിടേക്കും യാത്ര പുറപ്പെടുമ്പോൾ അധികാരിയെ സമീപിച്ച് അനുവാദം ചോദിക്കും. യാത്ര കഴിഞ്ഞെത്തുമ്പോൾ അധികാരിയെ നേരിൽകണ്ടു തിരിച്ചുവന്നതായി അറിയിക്കും. ആ നിഷ്കളങ്കമായ അനുസരണം അർത്ഥികൾക്കു പ്രചോദനമായിരുന്നു.

ഒരു ദിവസം അച്ചൻ വെള്ളയുടുപ്പു ധരിച്ച് ശരവണംപട്ടി വിമൽജ്യോതി മഠത്തിൽ ചെന്നു. "എന്താ, ഇത് അത്ഭുതമാണല്ലോ? ഇതുവരെ ബ്രൗൺ

ഉടുപ്പല്ലാതെ കണ്ടിട്ടില്ലല്ലോ?'' ഒരാൾ അത്ഭുതം പ്രകടിപ്പിച്ചു. "പ്രൊവിൻഷ്യാളച്ചൻ പറഞ്ഞപ്പോൾ ഞാനങ്ങു വഴിപ്പെട്ടു.'' അച്ചൻ ഹൃദ്യമായി ചിരിച്ചുകൊണ്ടു പറഞ്ഞു.

അച്ചന്റെ പട്ടത്തിന്റെ സുവർണ്ണ ജൂബിലി ശരവണംപട്ടി നവസന്ന്യാസ ഭവനത്തിൽ ആഘോഷിച്ചു. വിമൽജ്യോതി മഠത്തിലെ ഒരു സഹോദരി അച്ചന് ഒരു സമ്മാനം കൊടുത്തു. ജൂബിലിയുടെ ഓർമ്മയ്ക്കായി ഒരു സമ്മാനം ആ സഹോദരി ആവശ്യപ്പെട്ടു. "അച്ചനു ധാരാളം കമ്പിളി ഷോൾ കിട്ടിയിട്ടുണ്ടല്ലോ? അതിലൊന്നു മതി.'' "അച്ചാ, ഈ സിസ്റ്ററിനു തണുപ്പ് കൂടുതലാണ്. കൊടുക്കച്ചാ'' അവിടെ കൂടിയിരുന്ന സഹോദരിമാർ ആവർത്തിച്ചു. "എനിക്ക് ഒരു സുപ്പീരിയർ ഉണ്ട്. അദ്ദേഹം എന്തു പറയുന്നോ, അതേ ഞാൻ ചെയ്യൂ.'' അച്ചൻ അർത്ഥശങ്കയില്ലാതെ മറുപടി പറഞ്ഞു.

സന്ന്യാസ പരിശീലനത്തോടു വിടപറഞ്ഞ് വിവാഹിതനും ഉയർന്ന സർക്കാർ ഉദ്യോഗസ്ഥനുമായിത്തീർന്ന ഒരാൾ ഡൺസ്റ്റണച്ചൻ തന്റെ ജീവിതത്തിൽ സ്വാധീനമായി തുടരുന്ന അനുഭവത്തെക്കുറിച്ചു വിവരിക്കുന്നു. അച്ചൻ അധികാരികളോടു പുലർത്തിയിരുന്ന വിനയമനോഭാവവും തുറന്ന സമീപനവുമാണ് തന്നെ സ്വാധീനിച്ചതെന്നു പറയുന്നു: "എന്റെ കുടുംബ ജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും ഡൺസ്റ്റണച്ചനിൽനിന്നു പഠിച്ച തുറന്ന മനോഭാവം വലിയ സഹായമായിത്തീർന്നിട്ടുണ്ട്. എന്റെ അഹന്തയിൽ ഞാൻ തുടർന്നിരുന്നെങ്കിൽ ഞാൻ എനിക്കുതന്നെ ഒരു കീറാമുട്ടിയായിത്തീരുമായിരുന്നു. സർക്കാർ ജോലിയിൽനിന്ന് ഞാൻ പണ്ടേ പുറത്തുപോകുമായിരുന്നു. കുടുംബജീവിതവും തകരുമായിരുന്നു.''

### തുറവിയിൽ തിളങ്ങുന്ന അനുസരണം

"അധികാരികളെ അനുസരിക്കുന്നതുകൊണ്ട് നമുക്ക് ഒരു കുറവും വരികയില്ല. എന്നാൽ അനുസരിക്കാൻ പറഞ്ഞ കാര്യത്തിൽ എന്തെങ്കിലും അപാകതയുണ്ടെന്നു തോന്നുകയാണെങ്കിൽ നന്നായി പ്രാർത്ഥിച്ചു വളരെ താഴ്മയോടെ സ്വന്തം അഭിപ്രായം അധികാരിയോടു തുറന്നുപറയണം. അഭിപ്രായം പറയാതിരുന്നാൽ അതു തെറ്റാണ്. പേടിച്ചുകൊണ്ടുള്ള അനുസരണം നമ്മിലെ സത്യസന്ധതയെ കുറയ്ക്കും.'' ഇത് അനുസരണത്തെക്കുറിച്ചുള്ള അച്ചന്റെ കാഴ്ചപ്പാട്.

ഡൺസ്റ്റണച്ചൻ സഭയിൽ പരിശീലനം സ്വീകരിച്ച കാലത്ത് അർത്ഥികൾ പി.ഡി.സി. പഠിക്കുന്ന പതിവില്ലായിരുന്നു. അതു തെരഞ്ഞെടുക്ക

പ്പെട്ടവർക്കായി സംവരണം ചെയ്യപ്പെട്ടിരുന്നു. ഡൺസ്റ്റൺ ശെമ്മാശന് ആഗ്രഹം തോന്നി പഠിക്കണമെന്ന്. അധികാരികളോട് അനുവാദം ചോദിച്ചു. അനുവാദം കിട്ടിയില്ല.

ശെമ്മാശൻ പട്ടമേൽക്കുന്നതിനു തൊട്ടുമുൻപുള്ള വർഷം രോഗിയായിത്തീർന്നു. കഴിച്ചിരുന്ന മരുന്നിന്റെ ശക്തികൊണ്ട് കൂടുതൽ വിശപ്പനുഭവപ്പെട്ടു. പല നാളുകൾ വിഷമിച്ചു കഴിച്ചുകൂട്ടി. ഒരു നാൾ അധികാരിയോടു പറഞ്ഞു. "എനിക്കു കൂടുതൽ വിശക്കുന്നുണ്ട്. ഇട നേരം വല്ലതും കഴിക്കാൻ അനുവാദം തരണം." അധികാരി അത്ഭുതത്തോടെ ശെമ്മാശനെ നോക്കി. ഒരു സന്ന്യാസി അസമയത്ത് ഭക്ഷണം കഴിക്കാൻ അനുവാദം ചോദിക്കുന്നു!

മേൽപറഞ്ഞ സംഭവങ്ങൾ അനുസ്മരിക്കുമ്പോഴെല്ലാം അച്ചൻ കൂട്ടിച്ചേർക്കും: "നാം അധികാരികളെ അനുസരിക്കണം. സന്ന്യാസി അധികാരികൾക്കു നൽകുന്ന അനുസരണം മക്കൾക്കടുത്ത അനുസരണമായിരിക്കണം. നമ്മുടെ ആഗ്രഹങ്ങളെല്ലാം അധികാരികളോടു പറയാം. നമ്മൾ മക്കളാണ്. മക്കൾക്കു ചോദിക്കാൻ അവകാശമുണ്ട്, സ്വാതന്ത്ര്യമുണ്ട്."

1953-ൽ സി.എം.ഐ. സഭ മൂന്നു പ്രവിശ്യകളായി തിരിഞ്ഞപ്പോൾ അംഗത്വത്തിനായി ഒരു പ്രവിശ്യ തെരെഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് ഡൺസ്റ്റണച്ചൻ പൂരിപ്പിച്ചു നൽകിയ ഫോമിനോടൊപ്പം പ്രയർ ജെനറാൾ മാവുരൂസ് വലിയപറമ്പിലച്ചന് അയച്ച കത്തിൽ അദ്ദേഹത്തിന്റെ തുറവിയും അനുസരണവും കളിയാടുന്നുണ്ട്. അച്ചൻ എഴുതുന്നു:

"ദേവമാതാ പ്രവിശ്യയിലേക്കു മതിയാകുന്നിടത്തോളം അംഗങ്ങളെ ലഭിക്കുന്ന പക്ഷം, മദ്ധ്യപ്രവിശ്യാംഗമാകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതാണ് എന്റെ ശരിയായ തിരഞ്ഞെടുപ്പ്.

"താമസവും ജോലിയും എവിടെയായാലും ദൈവതിരുമനസ്സെങ്കിൽ സന്തോഷമാണ്. മാനസികമായി വളരെ സഹിച്ചുകൊണ്ടാണ് നാലുകൊല്ലത്തോളം ഇവിടെ താമസിച്ചിട്ടുള്ളത്. ഇതേ സ്ഥിതിയിൽ ഇവിടെ തുടരുന്നതിനും ഞാൻ ഒരുക്കമാണ്. എന്നാൽ രണ്ടോ മൂന്നോ (ചുരുങ്ങിയതു ഒരു മാസത്തേയ്ക്കു തുടർച്ചയായി) മാസത്തേയ്ക്ക് ക്രമാനുഷ്ഠാനം ശരിയായി നടക്കുന്ന ആശ്രമങ്ങളിലേതിലെങ്കിലും ആയിരിക്കുവാൻ ആഗ്രഹമുണ്ട്.

"ഇതേ സ്ഥിതിയിൽ ഇവിടെ തുടരുന്നതിന്നും ഞാൻ ഒരുക്കമാണ്" എന്നു ഞാൻ പറഞ്ഞതു ഞാൻ മടുത്തിട്ടില്ലെന്നു കാണിക്കാനാണ്. എന്നാൽ ചുറ്റുപാടുകളെല്ലാം നോക്കുമ്പോൾ ഒരു മാറ്റം അത്യാവശ്യ

മായിട്ടാണ് ഞാൻ കാണുന്നത്. ഇവിടത്തെ ചുറ്റുപാടുകൾ പെ. ബ. പ്രിയോരച്ചനിൽനിന്ന് (പെ. ബ. അബ്രഹാമച്ചനിൽനിന്ന്) അറിയാവുന്ന വയാകയാൽ ഞാൻ വർണ്ണിക്കുന്നില്ല. ഇവിടത്തേക്ക് ആളുകളെ നിശ്ചയിക്കുമ്പോൾ ചോദിക്കുന്നതു നന്നായിരിക്കും. പല കൊല്ലങ്ങ ളായി ഇവിടെ വിഷമങ്ങൾ നീണ്ടുനില്ക്കാൻ തുടങ്ങിയിട്ട്..."

സ്വന്തം ആഗ്രഹങ്ങളെല്ലാം മക്കൾക്കടുത്ത അവകാശത്തോടും സ്വാതന്ത്ര്യത്തോടുംകൂടി അധികാരിക്കു മുമ്പിൽ അവതരിപ്പിക്കുകയും തീരുമാനം അവരിൽനിന്നു താഴ്മയോടെ പ്രതീക്ഷിക്കുകയും ചെയ്യുന്ന അനുസരണശൈലിക്ക് ഇനിയുമുണ്ട് സാക്ഷ്യം. പ്രവിശ്യാ ശ്രേഷ്ഠനായ കനീസിയൂസ് തെക്കേക്കരയച്ചന് എഴുതിയ കത്ത് അപ്രകാരമുള്ള താണ്.

## അനുസരണത്തിന്റെ തീക്ഷ്ണതയും സൂക്ഷ്മതയും

വൈദികരും സന്ന്യാസികളും "കാനോന നമസ്കാരം" എന്ന തിരുസ്സഭ യുടെ ഔദ്യോഗിക പ്രാർത്ഥന ചൊല്ലി പ്രാർത്ഥിക്കണമെന്നത് അതി നിർബ്ബന്ധ നിയമമായിരുന്നു. അതിൽ വീഴ്ചവരുത്തുന്നത് ഗുരുതര പാപവുമായിക്കരുതിയിരുന്നു. വരന്തരപ്പിള്ളിയിൽ യോഗാർത്ഥികളുടെ റെക്റ്ററായിരിക്കെ ജോലിയെല്ലാം കഴിഞ്ഞ് പ്രാർത്ഥിക്കുന്നതും ഇട യിൽ ഉറങ്ങിപ്പോകുന്നതും ഇടയിൽ ഉറക്കമുണർന്നു വീണ്ടും പ്രാർത്ഥി ക്കുന്നതും അങ്ങനെ അങ്ങനെ പാതിര കഴിഞ്ഞ് ഉറങ്ങാൻ പോകുന്നതും പലരും കണ്ടിട്ടുണ്ട്. ഏതെങ്കിലും കാരണത്താൽ നിശാപ്രാർത്ഥന രാത്രിയിൽ ചൊല്ലാൻ കഴിയാതെ പോയാൽ അതിരാവിലെ പ്രഭാത പ്രാർത്ഥനയ്ക്കു മുമ്പ് ചൊല്ലിയാലും മതിയെന്ന ധാരണ പണ്ട് നിലവി ലിരുന്നു. അതനുസരിച്ച് രാത്രി 12 മണിക്ക്, രണ്ടു മണിക്ക് എന്നിങ്ങനെ ഉറക്കത്തിനിടയിൽ ഉണർന്ന് അച്ചൻ പ്രാർത്ഥിച്ചിരുന്നു.

തന്റെ ദിവ്യബലിയർപ്പണം സ്വന്തം പ്രാർത്ഥനാഭിരുചിക്കും നവ സന്ന്യാസികൾക്കു പ്രയോജനകരമായ രീതിയിലും ക്രമീകരിക്കുവാൻ ഡൺസ്റ്റണച്ചന് ഏറെ താൽപര്യമായിരുന്നു. എന്നാൽ ആരാധനക്രമ നിയമങ്ങൾ അതിനുള്ള സ്വാതന്ത്ര്യം നൽകുന്നില്ല. ഒരു നാൾ രൂപതാ ദ്ധ്യക്ഷനായ മാർ ജോസഫ് ഇരിമ്പൻ പിതാവിനോട് നവസന്ന്യാസി കളോടൊത്തുള്ള ദിവ്യബലിയിൽ ദിവ്യകാരുണ്യസ്വീകരണാനന്തരം കുറച്ചുസമയം മൗനമായി കൃതജ്ഞതാപ്രകാശനത്തിനായി ചെലവിടു ന്നതിന് അനുവാദം തേടി. അനുമതി നിരാകരിക്കപ്പെട്ടു. യാതൊരു പരാതി യുമില്ലാതെ തിരുസഭാധികാരികളോടുള്ള വിധേയത്വത്തിൽ കൂടുതൽ ബോധ്യത്തോടെ അദ്ദേഹം മുന്നോട്ടുപോയി.

ജോർജ്ജ് നേരെപ്പറമ്പിലച്ചൻ കരിസ്മാറ്റിക് ശൈലിയിൽ ജനങ്ങൾക്കു വേണ്ടി ധ്യാനം നയിക്കുന്നതറിഞ്ഞ് അദ്ദേഹം ഉപദേശിച്ചു: "നല്ല കാര്യം. പക്ഷേ, സഭയുടെ അടിസ്ഥാന പ്രാർത്ഥനകൾ ഉപേക്ഷിക്കരുത്. സ്വർഗ്ഗ സ്ഥനായ പിതാവും നന്മനിറഞ്ഞ മറിയവും വിട്ടുകളഞ്ഞിട്ടുള്ള ആരാധനയും പ്രാർത്ഥനയും ഉണ്ടാകരുത്." പുതിയ ശൈലികൾ അവലംബിക്കുമ്പോൾ പഴയത് ഉപേക്ഷിക്കാനുള്ള പ്രവണത ചിലരിൽ കണ്ടുവരുന്നതുകൊണ്ടാണ് അച്ചൻ അങ്ങനെ പറഞ്ഞത്.

തിരുസഭയുടെയും താൻ അംഗമായിരിക്കുന്ന സന്ന്യാസസഭയു ടെയും നിയമങ്ങൾ അനുസരിക്കുന്നതിനുള്ള തീക്ഷ്ണത അദ്ദേഹം ജീവിതത്തിൽ പുലർത്തി. നിയമങ്ങൾ അടിസ്ഥാനമാക്കി തീരുമാനം എടുക്കുവാനുള്ള ശ്രദ്ധയും കരുതലും പാലിച്ചു. വലിപ്പചെറുപ്പമില്ലാതെ എല്ലാ നിയമങ്ങളെയും അനുസരിക്കുന്നതിൽ വിശ്വസ്തനായിരുന്നു. വരന്തരപ്പിള്ളിയിൽ വലിയ നോമ്പുകാലത്ത് ഒരു നാൾ യോഗാർത്ഥി കളിൽ ഒരാളുടെ സ്വർഗ്ഗീയമദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിച്ചു. ഡൺസ്റ്റണച്ചൻ ഒരു മിഠായി വായിൽ വച്ചു. പെട്ടെന്ന് അദ്ദേഹം ഓർത്തു, അന്ന് ഒരുനേരമാണല്ലോയെന്ന്. ഉടനടി പുറത്തു പോയി മിഠായി തുപ്പിക്കളഞ്ഞു.

ഡൺസ്റ്റണച്ചൻ വരന്തരപ്പിള്ളിയിലെ പ്രിയോരായിരിക്കെയാണ് അവിടെ കോളേജ് ആരംഭിച്ചത്. കോളേജിന്റെ ഉദ്ഘാടനം കെങ്കേമ മാക്കണമെന്ന് പ്രിൻസിപ്പലിന് ആഗ്രഹം തോന്നി. അപ്പോൾ മാനേജരായ ഡൺസ്റ്റണച്ചൻ പറഞ്ഞു, "നമ്മൾ ഇപ്പോൾതന്നെ പണത്തിനുവേണ്ടി കഷ്ടപ്പെടുകയാണല്ലോ. അങ്ങനെയിരിക്കെ ഇത്ര ആർഭാടമായ ഉദ് ഘാടനം ആവശ്യമുണ്ടോ? വേണ്ടെന്നാണ് എനിക്കു തോന്നുന്നത്." ഡൺസ്റ്റണച്ചൻ വളരെ ശാന്തമായി പറഞ്ഞു. അപ്പോൾ പ്രിൻസിപ്പല ച്ചൻ അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ശൈലിയിൽ പ്രതികരിച്ചു: "എ ങ്കിൽ ഇന്നാ പിടിച്ചോ താക്കോൽ. ഞാൻ പ്രിൻസിപ്പൽ ആകുന്നില്ല." ഉടൻ ഡൺസ്റ്റണച്ചൻ സ്വന്തഭാവം പ്രകടമാക്കി: "എന്ത് ഇങ്ങനെയാണോ സന്ന്യാസം. ഇങ്ങനെയാണോ പറയേണ്ടത്, ഇങ്ങനെയാണോ പെരു മാറേണ്ടത്" ഡൺസ്റ്റണച്ചൻ ശാസിച്ചു. തിരുത്തി. ഉടനെ പ്രിൻസിപ്പൽ ശാന്തനായി. കോളേജിന്റെ ഉദ്ഘാടനം വളരെ എളിയ തോതിലാണ് നടന്നത്.

ഡൺസ്റ്റണച്ചൻ വരന്തരപ്പിള്ളി ഇടവകയുടെ വികാരി ജോലി ഏറ്റെടുത്ത ഉടനെ നടന്ന സംഭവം: പ്രസ്തുത ഇടവകയിൽ ചില പ്രമാ ണിമാർ ഉണ്ടായിരുന്നു. ആരും എതിർവായ് തുറക്കാത്ത തിരുവായ് സ്വന്തമായുള്ളവർ! ഒരിക്കലും മറുവാക്കുകൾ കേൾക്കാനാഗ്രഹി

# കാലത്തിന്റെ അടയാളങ്ങൾ



1935



1961



2004



1964



2006



1967




1966



**പിതാമഹൻ**

**ഇട്ടുപ്പുണ്ണി**



**പിതാവ്**

**പൗലോസ്**



**മാതാവ്**

**മറിയം**



**സഹോദരി**

**കുഞ്ഞേത്തി**



**ജ്യേഷ്ഠൻ**

**ജോസഫ്**



**സഹോദരി**


**സി. മേരി മാഴ്സിൻ എസ്.എച്ച്.**



**അനുജത്തി**

**കൊച്ചുത്രേസ്യ**





ഇട്ടൂപ്പുണ്ണി കുടുംബാംഗങ്ങളോടും ബന്ധു ജനങ്ങളോടുമൊപ്പം. പിൻനിരയിൽ വലത്തുനിന്നു രണ്ടാമത് ഇട്ടൂപ്പുണ്ണി



മാർ ജോസഫ് കുണ്ടുകുളം പിതാവിനോടൊപ്പം



ബന്ധുജനങ്ങളോടൊപ്പം



സി. മേരി മാഴ്സിൻ, ഫാ. അബ്ദിയാസ് എന്നിവരോടൊപ്പം



കുടുംബാംഗങ്ങളോടൊപ്പം



കുടുംബാംഗങ്ങളോടൊപ്പം



ജ്യേഷ്ഠപുത്രനായ ഫാ. ജോൺ വിയാനിയുടെ തിരുപ്പട്ടത്തിന്റെ അവസരത്തിൽ




ജ്യേഷ്ഠൻ ജോസഫിന്റെ മൃതസംസ്ക്കാരം

# അനുദിന നിമിഷങ്ങൾ















# ആദ്യവ്രതാനുഷ്ഠാന സുവർണ്ണ ജൂബിലി

















# തിരുപ്പട്ട സുവർണ്ണ ജൂബിലി













# അന്ത്യയാത്ര












# അന്ത്യയാത്ര











ക്കാത്തവർ! അവർ പറയുന്നതെല്ലാം യോഗത്തിലും യോഗത്തിനു പുറത്തും അവസാന വാക്കുകളായിരുന്നു. ഒരു ദിവസം ഇടവകയോഗത്തിൽ വികാരിയച്ചൻ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. കാഴ്ച്ചയിൽ തെല്ലും ഗാംഭീര്യമില്ലാത്ത കൃശഗാത്രൻ തന്റെ അൽപമായ പ്രസംഗചാതുരിയിൽ കാര്യങ്ങൾ വിശദമാക്കുകയാണ്. എന്നാൽ മൊഴിയുന്നതു മുഴുവൻ സ്ഥലത്തെ പ്രമാണിമാർക്ക് അഹിതമായതു മാത്രം. അവർ എഴുന്നേറ്റുനിന്നു വളരെ കയർത്തു സംസാരിക്കാൻ തുടങ്ങി. “ഇരിക്കവിടെ. ഇവിടെ ഞാൻ സംസാരിക്കുന്നു” വികാരി ഗർജ്ജിച്ചു! പ്രമാണിമാർ നടുങ്ങി! ആ പാവത്തിൽനിന്ന് അവർ ഇത്രയും പ്രതീക്ഷിച്ചില്ല!

**അനുസരണം പരിശീലനവേദിയിൽ**

സന്ന്യാസി സത്യസന്ധനായിരിക്കണം. സത്യസന്ധതയ്ക്ക് അനിവാര്യമായ ഒന്നാണ് അധികാരികളോടുള്ള തുറന്ന മനോഭാവം. അത് എല്ലാവരിലും ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അധികാരികളും അധീനരും തമ്മിലുള്ള ബന്ധം പിതൃപുത്ര സമാനമായിരിക്കണമെന്ന് അദ്ദേഹം പറയുമായിരുന്നു. അധികാരികളുമായി താനും അപ്രകാരമൊരു ബന്ധം സ്ഥാപിക്കുന്നതിനാണു പരിശ്രമിച്ചിരുന്നത്. സ്വന്തം മേലധികാരിയെത്തന്നെ ആദ്ധ്യാത്മികപിതാവും കുമ്പസാരക്കാരനുമായി തെരഞ്ഞെടുക്കാൻ ആഗ്രഹിച്ചു.

ഡൺസ്റ്റണച്ചന്റെ തിരുപ്പട്ട സുവർണ്ണ ജൂബിലിയുടെ അവസരത്തിൽ ഒരാൾ ചോദിച്ചു, ദീർഘകാലം പരിശീലനജോലിയിൽ ഏർപ്പെട്ടിരുന്ന ആളെന്ന നിലയിൽ അച്ചന്റെ ചെറുപ്പകാലത്തേയും ഇന്നത്തേയും പരിശീലന മുറകളിൽ കാണുന്ന പ്രധാന വ്യത്യാസമെന്താണ്?

ചോദ്യത്തിനുള്ള മറുപടിയായി, “അർത്ഥികളിൽ ഭൂരിഭാഗം പേരും ആദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശത്തിനായി തങ്ങളുടെ ഏറ്റവും അടുത്ത അധികാരികളെയാണ് സമീപിച്ചിരുന്നത്. എന്നാൽ ഇന്ന് പരിശീലന ഗുരുക്കന്മാരെ വിട്ട് ആദ്ധ്യാത്മിക ഗുരുക്കന്മാരെ പുറംലോകത്തു തേടുന്നതായി കാണുന്നു. അങ്ങനെ സഭയിൽ വളർന്നുവരേണ്ട വലിയൊരു സന്ന്യാസമൂല്യം അടുത്ത കാലത്തായി നമുക്കു കാര്യമായി നഷ്ടപ്പെട്ടുപോയിട്ടുണ്ട്. പരിശീലകനും പരിശീലിതനും തമ്മിൽ അപ്രകാരമൊരു ആത്മീയബന്ധം നിലനിന്നിരുന്നെങ്കിൽ അധികാരികളോടു സ്വാതന്ത്ര്യമുള്ള, തുറവിയുള്ള ഒരു സഭാസമൂഹം ഉണ്ടാകുമായിരുന്നു” അദ്ദേഹം പരിതപിച്ചു.

"പ്രവിശ്യ ശ്രേഷ്ഠനായ കനീസിയൂസച്ചന് എഴുതിയ കത്തിൽ ഡൺസ്റ്റണച്ചൻ അധികാരികളോടു പുലർത്തിയ സ്വാതന്ത്ര്യത്തിന്റെയും തുറവിയുടെയും മനോഭാവം തെളിഞ്ഞു നിൽക്കുന്നതു കാണാം: എന്റെ ആദ്ധ്യാത്മിക കാര്യങ്ങളിൽ കുറച്ചു വീഴ്ചകളുണ്ട്. അങ്ങയോടായതുകൊണ്ട് "കുറച്ച്" എന്നു പറയുന്നത്. അല്ലെങ്കിൽ വലിയ വീഴ്ചകൾ തന്നെ. മറവികൊണ്ടും മാറ്റിവയ്ക്കൽകൊണ്ടും പലതും മുടങ്ങുന്നു. പ്രാർത്ഥന യാചിക്കുന്നു."

1956-ലാണു യോഗാർത്ഥികളുടെ പരിശീലകനായി അദ്ദേഹം നിയമിതനാകുന്നത്. പരിശീലനത്തിന്റെ ജോലിയിൽ ആത്മാർത്ഥമായി മുന്നേറുന്നതിനിടയിൽ സഭയിലെ അച്ചന്മാർ ഗുരുവിൽ ഗുരുതരമായ ഒരു കുറ്റം കണ്ടെത്തി. റെക്റ്ററച്ചൻ കുട്ടികളോടു കാര്യങ്ങൾ ആലോചിക്കുന്നു. നടപ്പിൽ വരുത്തേണ്ട കാര്യങ്ങളെക്കുറിച്ച് അവരോടുതന്നെ അഭിപ്രായം ആരായുന്നു. 2-ാം വത്തിക്കാൻ സൂനഹദോസിനു വർഷങ്ങൾക്കുമുൻപ്, ഡയലോഗിനെക്കുറിച്ച് കേട്ടുകേൾവിയില്ലാത്ത കാലത്ത് റെക്റ്ററച്ചൻ കുട്ടികളോട് ആലോചന നടത്തുന്നതു വലിയൊരു അപരാധമായിരുന്നു.

ഒരിക്കൽ നവസന്ന്യാസികളുടെ സമൂഹത്തിൽ ചില പ്രശ്നങ്ങൾ ഉണ്ടായപ്പോൾ അവ പറഞ്ഞു തീർക്കുന്നതിനു ഗുരുവായ ഡൺസ്റ്റണച്ചൻ അവരെ വിളിച്ചുകൂട്ടി. ദീർഘനേരത്തെ ഡയലോഗിന്റെ അവസാനത്തിൽ അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിൽ നിലവിലിരുന്ന "ന്യായം പേശൽ" യോഗത്തെക്കുറിച്ചു പറഞ്ഞു. പ്രശ്നങ്ങളും അഭിപ്രായവ്യത്യാസങ്ങളും അവർ ഒരുമിച്ചുകൂടി ചർച്ചചെയ്യും. യോഗം കഴിഞ്ഞു പിരിയുന്നതിനു മുമ്പ് ഊരുമൂപ്പൻ പറയും, "കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഇനി ഇങ്ങനെ ഉണ്ടാകാൻ പാടില്ല." നാടിന്റെ പരിഷ്കാരങ്ങളൊന്നും കടന്നുചെന്നിട്ടില്ലാത്ത ആദിവാസി ഊരുകളിലും ഡയലോഗിന്റെ പാഠങ്ങൾ ശീലിച്ചിരുന്നുവെങ്കിൽ സന്ന്യാസസമൂഹങ്ങൾ എത്രയധികമായി അവ പാലിക്കേണ്ടതാണെന്ന് അദ്ദേഹം ചോദിച്ചു. അർത്ഥികളുടെ സമൂഹത്തിൽ മുറിഞ്ഞുപോയ ബന്ധങ്ങളെ കൂട്ടിയിണക്കാൻ അച്ചൻ എപ്പോഴും യത്നിച്ചിരുന്നു.

ഒരിക്കൽ ഒരു നവസന്ന്യാസി രോഗിയായി കോയമ്പത്തൂർ ശരവണംപട്ടിയിലെ വിമൽജ്യോതി ആശുപത്രിയിൽ കഴിയുകയായിരുന്നു. അദ്ദേഹത്തിന് ധാരാളം മാനസിക പ്രയാസങ്ങൾ ഉണ്ടായിരുന്നു. ഗുരുവച്ചനായ ഡൺസ്റ്റണച്ചൻ രോഗിയായ ആ സഹോദരനോടൊപ്പം ഏറെ നേരം ചെലവഴിച്ചു. അദ്ദേഹത്തിന്റെ ബുദ്ധിമുട്ടുകളും പ്രയാസ

ങ്ങളും ഹൃദയപൂർവ്വം കേട്ടുകൊണ്ടിരുന്നു. അതുകണ്ട സിസ്റ്റർ ഹെർമൻ പറഞ്ഞു: "ഡൺസ്റ്റണച്ചൻ എത്ര ക്ഷമയോടെയാണ് കേൾക്കുന്നത്. അച്ചൻ ആ ബ്രദറിനെ ഒരു പെണ്ണിനെപ്പോലെ കേൾക്കുന്നു." ക്ഷമയും സഹനശേഷിയും കനിവും കാരുണ്യവുമെല്ലാം സ്ത്രീത്വത്തിന്റെ സഹജഗുണങ്ങളായാണ് കരുതപ്പെടുന്നത്. ഡൺസ്റ്റണച്ചൻ ഒരു സ്ത്രീയെപ്പോലെ, അമ്മയെപ്പോലെയാണ് അർത്ഥികൾക്കു കാതുകൊടുത്തിരുന്നത്.

### അനുസരണം സാമൂഹ്യനിയമങ്ങളോടും

സ്വന്തം നാടിന്റെയും താൻ ജീവിക്കുന്ന സമൂഹത്തിന്റെയും നിയമങ്ങളെയും സാമാന്യമര്യാദകളെയും ഡൺസ്റ്റണച്ചൻ ആദരിച്ചു. ഏഴാം വയസ്സിൽ സ്വരാജ്യസ്നേഹത്തെപ്രതി വിശുദ്ധനാകാൻ തുനിഞ്ഞിറങ്ങിയ അതേ ചൈതന്യത്തോടെ അനുദിനജീവിതത്തിലെ കൊച്ചുകൊച്ചുപ്രവൃത്തികളിലുടെ രാജ്യസ്നേഹം പ്രകടമാക്കി.

താൻ ഏറെ ആശിച്ചു കൈവരിച്ച സന്ന്യാസദാരിദ്ര്യത്തിന്റെ അഭ്യസനത്തിൽ സ്വന്തം നാടിനോടുള്ള സ്നേഹത്തിന്റെ മാനം ഉൾക്കൊണ്ടിരുന്നു. ഏതു സാധനങ്ങളും ആവശ്യത്തിലധികം ഉപയോഗിക്കുന്നതും സൂക്ഷിച്ചുവയ്ക്കുന്നതും ദാരിദ്ര്യചൈതന്യത്തിന് എതിരാണ്. സൂക്ഷിച്ചുവയ്ക്കുന്നതെല്ലാം പലപ്പോഴും പാഴ്വസ്തുക്കളെപ്പോലെ ഉപയോഗമില്ലാതെ കെട്ടിക്കിടക്കും. വസ്തുക്കളുടെ കൂടുതൽ ഉൽപാദനം ആവശ്യമായിവരും. അമിതമായ ഉൽപാദനം അസംസ്കൃത പദാർത്ഥങ്ങളുടെ ഉറവിടങ്ങളെ സാവധാനത്തിൽ ശൂന്യമാക്കും. അതുവഴി നമ്മുടെ നാട് കൂടുതൽ അപര്യാപ്തതയിലേക്കു നീങ്ങും. ജനം ദരിദ്രരായിത്തീരും. "നാം നമ്മുടെ നാടിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ ദരിദ്രരായി ജീവിക്കണം." ഡൺസ്റ്റണച്ചൻ പറയുന്നു.

കേവലം ചില നിയമങ്ങൾ അനുസരിക്കുന്നതിൽ മാത്രം നാം തൃപ്തരാകരുതെന്നും നിയമാനുസരണത്തെക്കാൾ ഉപരിയായ ബോദ്ധ്യങ്ങളാണ് നമ്മെ നയിക്കേണ്ടതെന്നും അദ്ദേഹം വിശ്വസിച്ചു. ഒരിക്കൽ പാവറട്ടിയിൽ ചെന്നപ്പോൾ വീടിന്റെ മുമ്പിലൂടെ പോകുന്ന റോഡ് കനത്ത മഴയിൽ തോടായി ഒഴുകുന്നതായി കണ്ടു. റോഡിന്റെ ഓരം ചേർന്നുള്ള കാന അടഞ്ഞുപോയതാണ് കാരണം. വീട്ടുകാരോടു കാര്യം തിരക്കിയപ്പോൾ, അത് സർക്കാരിൽനിന്ന് ചെയ്യേണ്ട കാര്യമാണെന്ന് അവർ പറഞ്ഞു. "അതെല്ലാം സർക്കാര് ചെയ്യട്ടെയെന്ന് വിചാരിച്ച് കാത്തിരിക്കരുത്. നാംതന്നെ മാർഗ്ഗതടസം മാറ്റി കാന

വൃത്തിയാക്കണം. നാം നമ്മുടെ രാജ്യത്തോടുള്ള കടമ നിറവേറ്റി ക്കൊണ്ടിരിക്കണം.'' അച്ചൻ ഉപദേശിച്ചു.

സമൂഹത്തിന്റെ ഏതു തലത്തിലുള്ള നിയമവും അനുസരിക്കണ മെന്ന് അച്ചനു നിർബ്ബന്ധമുണ്ടായിരുന്നു. മറ്റുള്ളവർക്കു ലഭിക്കേണ്ട അവസരങ്ങളെ വളരെ മാനിച്ചിരുന്നു. വിമൽജ്യോതി ആശുപത്രിയിൽ പരിശോധനകൾക്കായി പോകുമ്പോൾ വളരെ രോഗികൾ കാത്തിരി ക്കുമ്പോഴും സഹോദരിമാർ അച്ചനെ ആദ്യം വിളിക്കുമായിരുന്നു. അത് അദ്ദേഹത്തിന് തെല്ലും ഇഷ്ടപ്പെട്ടിരുന്നില്ല.

ശരവണംപട്ടി നവസന്ന്യാസ ഭവനാങ്കണത്തിൽ മയിലുകൾ വരുക പതിവായിരുന്നു. ഒരിക്കൽ നവസന്ന്യാസികൾ അവയെ ഓടിച്ചു പിടി ക്കുവാൻ ശ്രമിച്ചപ്പോൾ ഡൺസ്റ്റണച്ചൻ അവരെ തടഞ്ഞു: "നാമൊക്കെ അനുസരണ വ്രതം അനുഷ്ഠിക്കുന്നവരാണ്. സർക്കാർ നിയമങ്ങൾ നമ്മളാണ് ആദ്യം അനുസരിച്ചു മറ്റുള്ളവർക്കു മാതൃക നൽകേണ്ടത്.''

ഒരിക്കൽ പാലക്കാട് ബസ് സ്റ്റാന്റിൽ കോയമ്പത്തൂർക്കു ബസ്സു കയറുന്നതിനായി വലിയ നിരയിൽ ഡൺസ്റ്റണച്ചൻ കാത്തുനിൽക്കുക യായിരുന്നു. വളരെ നീണ്ട വരിയിൽ ഒരാളായി അച്ചൻ നിൽക്കുന്നതു കണ്ട് ഒരാൾ അദ്ദേഹത്തെയും കൂടെയുള്ളവരെയും ബസ്സ് സ്റ്റാന്റിലെ ഗ്യാരേജിൽ കിടക്കുന്ന ഒരു വണ്ടിയിൽ കയറ്റിയിരുത്തി. വണ്ടിയിൽ ഇരുന്ന അച്ചൻ വളരെ അസ്വസ്ഥനായി. എല്ലാവരും കഷ്ടപ്പെട്ടു വരി യിൽ നിൽക്കെ താൻ നിയമം ലംഘിച്ചു സുഖയാത്ര ചെയ്യുന്നത് അനീതിയായി തോന്നി. കൂട്ടുകാരെല്ലാവരും തെല്ലും മനശ്ചാഞ്ചല്യ മില്ലാതെ ഇരിപ്പിടത്തിൽ ഉറച്ചിരിക്കെ ഒറ്റയ്ക്കു ഡൺസ്റ്റണച്ചൻ പുറത്തിറങ്ങി. വീണ്ടും വണ്ടിക്കായി വരി നിന്ന് സമയം പോക്കാൻ തുനിഞ്ഞതുമില്ല. ബസുകൾ പലതു മാറിക്കയറി അദ്ദേഹം കോയ മ്പത്തൂരിലെത്തി.

## മറവിയിലും ഓർമ്മയുടെ അവശേഷിപ്പായ് അനുസരണം

അനുസരണത്തിനു വലിയ വിലയുണ്ടെന്നും പഴയ തലമുറയിൽപെട്ട പലരും അനുസരണത്തിൽ വലിയ മാതൃക നൽകിയവരാണെന്നും പ്രായമായി തല പോയവർപോലും അധികാരികളെ തിരിച്ചറിഞ്ഞ് അനുസരിച്ചിരുന്നുവെന്നും അദ്ദേഹം പറയാറുണ്ട്.

ഓർമ്മ മങ്ങിക്കൊണ്ടിരിക്കുമ്പോഴും ആജ്ഞാനുസരണം എന്ന സുകൃതത്തെ അദ്ദേഹം ഒരിക്കലും വിസ്മരിച്ചില്ല. ഓർമ്മയില്ലാത്ത അവസ്ഥയിലും അധികാരികളെ അദ്ദേഹം തിരിച്ചറിഞ്ഞു. അവരുടെ വാക്കുകൾ അക്ഷരംപ്രതി അനുസരിച്ചു. എപ്പോഴും അവരെ ബഹുമാ

നിച്ചു. ഒരിക്കൽ സുപ്പീരിയറായിരുന്ന ഡേവിസ് തട്ടിലച്ചന്റെ മുമ്പിൽ മുട്ടുകുത്തി കൈ ചുംബിച്ച് "എന്നോട് ക്ഷമിക്കണം" എന്നപേക്ഷിച്ചു. എന്ത് തെറ്റിനാണ് മാപ്പ് ചോദിക്കുന്നതെന്ന് ഡേവിസച്ചനു മനസ്സി ലായില്ല.

പ്രഭാതപ്രാർത്ഥനയ്ക്കുശേഷം പല ദിവസങ്ങളിലും തൂമ്പയുമെ ടുത്തു പറമ്പിലേക്ക് ഇറങ്ങുമ്പോൾ നവസന്ന്യാസികൾ ആരെങ്കിലും വന്ന് അച്ചനെ വിലക്കും. അപ്പോൾ അദ്ദേഹം നീരസം പ്രകടിപ്പിക്കും. എന്നാൽ ഗുരുവച്ചൻ ആവശ്യപ്പെട്ടുവെന്നു പറഞ്ഞാൽ എപ്പോഴും അനുസരിച്ചിരുന്നു. ഗുരുവച്ചൻ പറഞ്ഞുവെന്നു പറഞ്ഞാൽ ആരുടെ വാക്കുകളെയും വിലമതിച്ചു. മറവിയിലും വഴിപ്പെടലിന്റെ സുകൃത ത്തെ കൈമോശം വരാതെ സൂക്ഷിച്ചു.

## 09

# ബന്ധങ്ങളെ പവിത്രതലത്തിൽ പ്രതിഷ്ഠിച്ചവൻ

സ്വന്തം ഓർമ്മക്കുറിപ്പുകളിൽ മാതാപിതാക്കൾക്കുള്ള സ്ഥാനത്തെക്കുറിച്ചു ഡൺസ്റ്റണച്ചൻ സാക്ഷിക്കുന്നു: "ഞാൻ എഴുതിയിരിക്കുന്നത് ഒരു മകൻ മാതാപിതാക്കളുടെ ചരിത്രം എഴുതുന്നതുപോലെയല്ല. എന്റെ സ്നേഹവികാരങ്ങളൊന്നും ഇതിൽ പ്രത്യക്ഷമായിട്ടില്ല. അന്യനായ ഒരാളെന്നപോലെയാണ് ഞാൻ എഴുതിയിരിക്കുന്നത്."

കുടുംബബന്ധങ്ങളുടെ ഊഷ്മളതയിൽനിന്നു ഹൃദയത്തെ അതിന്റെ പൂർണ്ണതയിൽ വിമുക്തമാക്കി ബന്ധങ്ങളെ തികഞ്ഞ നിസ്സംഗതയോടെ അദ്ദേഹം സമീപിച്ചതിനു കാരണമെന്താണ്? അച്ചൻതന്നെ അതിന് ഉത്തരം നൽകുന്നു:

"ഏഴു വയസുമുതൽ എന്റെ ചിന്താഗതി മിക്കവാറും ആദ്ധ്യാത്മികമായിരുന്നു. അതെന്റെ സ്വാഭാവികസ്നേഹത്തെ ഒരുവിധം ജയിക്കുകതന്നെ ചെയ്തു. ഞാൻ സ്നേഹിച്ചിരുന്ന സകലതിൽനിന്ന് അകന്നു സന്ന്യാസത്തിൽ പ്രവേശിക്കാൻ ആഗ്രഹിച്ചിരുന്നു. കുടുംബബന്ധം അതിൽനിന്ന് എന്നെ തടയുമെന്നു ഞാൻ ഭയപ്പെട്ടു. അതിനാൽ സ്വന്തം കുടുംബത്തോടു ഞാൻ അന്യനെപ്പോലെ പെരുമാറി.

"അമ്മ ഞങ്ങളെ വളരെ സ്നേഹിച്ചിരുന്നു. ആ പ്രദേശത്തെങ്ങും കുഞ്ഞുങ്ങളെ ഇത്രയധികം സ്നേഹിക്കുന്ന ഒരു തള്ളയെ കാണുവാനില്ലായിരുന്നു. അമ്മയുടെ ഈ അസാധാരണ സ്നേഹത്തെ ഞാൻ ജയിച്ചു. സന്ന്യാസത്തിൽ പ്രവേശിക്കാൻ ചെറുപ്പത്തിലെ നിശ്ചയിച്ചിരുന്ന ഞാൻ അമ്മയിൽനിന്നു മനഃപൂർവ്വം അകന്നുനിന്നു. അമ്മയുടെ സ്നേഹത്തെ ഞാൻ പേടിച്ചിരുന്നു, അഥവാ എന്റെ ബലഹീനതയെക്കുറിച്ചു

ബോധവാനായിരുന്നു. എന്റെ ഹൃദയവികാരങ്ങളെ മനഃപൂർവ്വം അടക്കി ക്കൊണ്ടാണു ഞാൻ ജീവിച്ചിരുന്നത്. അങ്ങനെ ഹൃദയമില്ലാത്തവനെ പ്പോലെ പെരുമാറിയിട്ടും അമ്മയുടെ സ്നേഹത്തിൽനിന്നു ഞാൻ കഷ്ടിച്ചു രക്ഷപ്പെട്ടതെയുള്ളു. അമ്മയോടു മാത്രമല്ല ഞാൻ സ്നേ ഹിച്ചിരുന്ന എല്ലാവരോടും എന്റെ നയം അതുതന്നെയായിരുന്നു. മറ്റുള്ളവരുടെ സ്നേഹത്തെ ജയിക്കാൻ എനിക്കു കഴിയാതെ പോയെ ങ്കിലോ എന്ന ഭയമായിരുന്നു എന്റെ ഹൃദയത്തെ സദാ നിയന്ത്രിക്കു ന്നതിന് എന്നെ പ്രേരിപ്പിച്ചത്.''

തന്റെ സന്ന്യാസവഴിയിൽ കുടുംബബന്ധങ്ങൾ തടസ്സമാകരുതെന്ന കാര്യത്തിൽ ഇട്ടൂപ്പുണ്ണി പ്രതിജ്ഞാബദ്ധനായിരുന്നു. തന്റെ ഏഴാം വയസ്സിൽ തന്റെ വത്സല മാതാവ് അന്ത്യത്തിലേക്കു നീങ്ങിക്കൊണ്ടിരി ക്കയിൽ അവന്റെ മനസ്സിലൂടെ കടന്നുപോയ ചിന്താധാര തികച്ചും ഒരു സർവ്വസംഗ പരിത്യാഗിയുടെതായിരുന്നു. "എനിക്ക് ഓർമ്മവെച്ചനാൾ മുതൽ അമ്മ മിക്കവാറും കട്ടിലിൽ തന്നെയായിരുന്നു. ആദ്യന്തം വേദന യുള്ള പല രോഗങ്ങൾ മാറി മാറി അമ്മയെ ആക്രമിച്ചുകൊണ്ടിരുന്നു. നാലഞ്ചു പ്രാവശ്യം രോഗീലേപനം കൊടുത്തിട്ടുണ്ട്.

"അമ്മ മരണകരമായ സ്ഥിതിയിൽ കിടന്നിരുന്നപ്പോൾ അമ്മയുടെ അന്ത്യവിനാഴിക പ്രതീക്ഷിച്ചുകൊണ്ട് വീടു നിറയെ ആളുകൾ നിന്നി രുന്നു. എല്ലാവരും കരച്ചിലും പ്രാർത്ഥനയുമായി കഴിഞ്ഞു. അമ്മ മരണവായു വലിക്കുന്ന സ്വരവും മരിക്കുന്നവർക്കു സാധാരണ ചൊല്ലി കൊടുക്കാറുള്ള സുകൃതജപങ്ങളും എന്റെ ചെവിയിൽ പതിച്ചുകൊ ണ്ടിരുന്നു. അമ്മയുടെ കാൽക്കൽ വലിയ പെങ്ങളും ജ്യേഷ്ഠനും ഞാനും കൈകൾ കൂപ്പി മുട്ടുകുത്തിനിന്നു മൗനമായി പ്രാർത്ഥിക്കുക യായിരുന്നു. ജ്യേഷ്ഠന്റെ കണ്ണുകളിൽനിന്നു കണ്ണുനീർ ഒഴുകിയിരുന്നു. ചെറിയ പെങ്ങൾ നിലത്തിരുന്നു, കൈകൾ അമ്മയുടെ പക്കലേക്കു നീട്ടി, വലിയ സ്വരത്തിൽ നിലവിളിച്ചുകൊണ്ടിരുന്നു. അവൾ ആശ്വസി പ്പിക്കപ്പെടുവാൻ വയ്യാത്ത നിലയിലായിരുന്നു. എന്നാൽ എന്റെ പ്രാർ ത്ഥന ഒരു പ്രത്യേക തരത്തിലുള്ളതായിരുന്നു. 'അമ്മയെ ഇന്നു തന്നെ മരിപ്പിക്കേണമെ.' ഞാൻ ഇടവിടാതെ ഉരുവിട്ടുകൊണ്ടിരുന്നു. അമ്മ മരിച്ചാലുള്ള എന്റെ സ്ഥിതി അറിയാത്തതുകൊണ്ടല്ല അങ്ങനെ പ്രാർത്ഥിച്ചിരുന്നത്. കുട്ടികളായ ഞങ്ങളെക്കുറിച്ചു പലരും സഹതാപം പ്രകടിപ്പിച്ചിരുന്നതിന്റെ സാരം ഞാൻ മനസ്സിലാക്കിയിരുന്നു. തള്ള യില്ലാത്ത കുഞ്ഞുങ്ങളെക്കുറിച്ചുള്ള പല കഥകളും ആ കാലത്തുതന്നെ കേട്ടിരുന്നു. എന്നാൽ അമ്മക്കു മരിക്കാൻ പറ്റിയ ഇത്രയും നല്ല അവസരം

വേറെ കിട്ടുകയില്ല എന്ന വിചാരത്താലാണു ഞാൻ അങ്ങനെ പ്രാർത്ഥിച്ചത്. അമ്മ ആ ദിവസങ്ങളിൽ അന്ത്യകൂദാശകൾ കൈകൊണ്ടിരുന്നു. നല്ല ഒരുക്കത്തോടുകൂടിയാണ് അമ്മ കിടന്നിരുന്നത്. തൂങ്ങപ്പെട്ട രൂപം കൂടെക്കൂടെ മുത്തിച്ചിരുന്നു. വീട്ടിൽ സ്ഥാപിച്ചു സ്ഥിരമായി കുടുംബ പ്രതിഷ്ഠ നടത്തിയിരുന്ന ഈശോയുടെ തിരുഹൃദയത്തിന്റെ പടം അമ്മയുടെ അടുത്തു വെച്ചിരുന്നു. ചിലപ്പോൾ അതും അമ്മയെക്കൊണ്ടു മുത്തിച്ചിരുന്നു. മരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ഇടവിടാതെ കൂട്ടമായി ചൊല്ലിയിരുന്നു. ഇതെല്ലാം കണ്ടിട്ടാണ് അമ്മയ്ക്കു മരിക്കാൻ ഇത്രയും നല്ല ദിവസം വേറെ കിട്ടുകയില്ല എന്നു ഞാൻ വിചാരിച്ചത്. അമ്മയുടെ ആത്മീയനന്മ മാത്രമാണ് അപ്പോൾ എന്നെ സ്പർശിച്ചത്. എന്റെ ചിന്താഗതി എന്നും ഇപ്രകാരമായിരുന്നു. ഇതു അഭ്യാസംകൊണ്ടു ലഭിച്ചതാണ്.''*

അച്ചൻ തുടരുന്നു:

"എനിക്കു പതിനഞ്ചു വയസാകുന്നതിനുമുമ്പ് യോഗാർത്ഥി ഭവനത്തിലേക്കു പോകാൻ യാത്രപറഞ്ഞു പിരിയുന്ന നേരത്ത് അത്തരം അവസരത്തിൽ പതിവുള്ളതുപോലെ തിരുഹൃദയ പ്രതിഷ്ഠാജപം ചൊല്ലുവാൻ കുടുബാംഗങ്ങൾ ഒരുങ്ങി. എന്റെ നിർബന്ധംകൊണ്ടു മാത്രമാണ് അന്ന് അതു ചൊല്ലാതിരുന്നത്. അവരെപ്പോലെ അതു ചൊല്ലുവാൻ ഞാനും ആഗ്രഹിച്ചിരുന്നു. എന്നാൽ ഒരു മനഃശാസ്ത്ര പണ്ഡിതനെപ്പോലെ ഞാൻ വിരോധിച്ചു. ആ ജപം ഞങ്ങളുടെ വികാരങ്ങളെ വളരെയധികം ഇളക്കുമെന്നും തീർച്ചയായും എന്റെ ബലഹീനത പ്രത്യക്ഷപ്പെടുമെന്നും വിചാരിച്ചു. ഞാനും അവരെപ്പോലെ കരയുമായിരുന്നു. അതുകൊണ്ട് ഈശോയുടെ തിരുഹൃദയപടത്തിൻ മുൻപിൽ മൗനമായി പ്രാർത്ഥിച്ചിട്ടു ഞാൻ ഒരു വിധം അവിടെനിന്നു രക്ഷപ്പെടുകയായിരുന്നു.'

"സാധാരണ കുട്ടികൾ വീട്ടിൽനിന്ന് ഇറങ്ങുന്നതുപോലെയല്ല, ഭാവിയെക്കുറിച്ചു നന്നായി ചിന്തിച്ചു വിഷമങ്ങൾ മുഴുവനും മനസ്സിലാക്കിയശേഷമാണു ഞാൻ വീട്ടിൽനിന്നു പുറപ്പെട്ടത്. വീടിന്റെ കട്ടിളപ്പടി കടന്നപ്പോൾ അതെന്റെ അന്ത്യയാത്രയായി കരുതി. ഇനി മുഴുവനായും അധികാരികളുടെ ഇഷ്ടം. അവർ എവിടേയ്ക്ക് അയച്ചാലും ഞാൻ

* 1927-ൽ നടന്ന സംഭവമാണ് ഡൺസ്റ്റണച്ചൻ വിവരിക്കുന്നത്. മരണാവസ്ഥയിൽ നിന്ന് അമ്മ രക്ഷപ്പെടുകയും ജീവിക്കാൻ ഇടയാകുകയും ചെയ്തു. വീട്ടിൽ സ്ഥാപിച്ചിരിക്കുന്ന തിരുഹൃദയ ചിത്രത്തിൽനിന്നു തന്റെമേൽ വെളിച്ചം വീശിയെന്നും താൻ സുഖം പ്രാപിച്ചെന്നും അമ്മ സാക്ഷിക്കുന്നു. 1950ലായിരുന്നു അമ്മയുടെ മരണം.

പോകും. ഇനിയൊരിക്കലും വീട്ടിലേക്കു തിരിച്ചുവരാതിരിക്കുന്നതിനും ഒരുക്കമായിരുന്നു. എന്റെ കുടുംബത്തെ സംബന്ധിച്ചിടത്തോളം അന്നു ഞാൻ മനസ്സാ മരിച്ചുകഴിഞ്ഞിരുന്നു.''

സന്ന്യാസമെന്നത് മരണമാണെന്നാണ് ഡൺസ്റ്റണച്ചൻ പറയുന്നത്. അച്ചൻ വിവരിക്കുന്നു: "മരണം ജീവിതത്തിൽ അന്ത്യമാണല്ലോ. ഒരു സന്ന്യാസി മൂന്നുതരം ജീവിതത്തിന് അന്ത്യം വരുത്തുന്നു. ലോകബഹുമാനവും സ്വന്തമനസ്സും പാലിച്ചുകൊണ്ടുള്ള ഒരു ജീവിതം; ശരീരസുഖങ്ങൾ അനുഭവിച്ചുകൊണ്ടുള്ള ഒരു ജീവിതം; ലോകവസ്തുക്കൾ ആഗ്രഹിച്ചും അധീനത്തിൽ വെച്ചുകൊണ്ടുമുള്ള ജീവിതം; ഈ മൂന്നുതര ജീവിതത്തെ സംബന്ധിച്ചും ഒരു നല്ല സന്ന്യാസി മരിച്ചിരിക്കണം...

"ഈശോ ഈ മൂന്നുതരജീവിതവും നമുക്കുവേണ്ടി കുരിശിൽ ബലികഴിച്ചു; പരിപൂർണ്ണമായി ബലികഴിച്ചു. കുരിശിൽ കിടക്കുന്ന കർത്താവിനെ നോക്കുക. കള്ളന്മാരിൽ വലിയ കള്ളനെപ്പോലെ സകലരുടെയും പരിഹാസവിഷയമായി തൂങ്ങിക്കിടക്കുന്നു. തനിക്ക് എന്തു ബഹുമാനം ശേഷിച്ചിരുന്നു? തലയിൽ മുൾമുടിയും കൈകാലുകളിൽ ആണിയും ശരീരം മുഴുവൻ ഏക വ്രണമെന്നോണം മുറിവുകളും ഉള്ളവനായി മരണവായു വലിക്കുന്ന തനിക്ക് എന്തു ശരീരസുഖം ശേഷിച്ചിട്ടുണ്ട്. തലചായിപ്പാൻപോലും സ്ഥലമില്ലാത്തവനായി സ്വന്ത ഉടുപ്പുകൾപോലും ഇല്ലാത്തവനായി കുരിശിൽ കിടക്കുന്ന കർത്താവിന്റെ ലോകവസ്തുക്കളിൽനിന്നുള്ള അകൽച്ച എത്ര വിസ്മയം! ഈ കർത്താവിനെപ്പോലെയാകാനാണ് ഒരാൾ സന്ന്യാസിയാകുന്നത്. അനുസരണത്തിന്റേയും കന്യാത്വത്തിന്റേയും ദാരിദ്ര്യത്തിന്റേയും വ്രതങ്ങൾവഴിയായി സ്വയം ദൈവത്തിനു സമർപ്പിക്കുന്നു. അങ്ങിനെ ദൈവത്തോട് ഐക്യപ്പെടുവാൻ ശ്രമിക്കുന്നു. ദൈവത്തെ പരിപൂർണ്ണ ഹൃദയത്തോടെ സ്നേഹിപ്പാനും ദൈവൈക്യത്തിൽ സദാ ജീവിപ്പാനും സന്ന്യാസത്തിൽ കൂടുതൽ സൗകര്യമുള്ളതുകൊണ്ടാണ് ഒരാൾ ലോകത്തെ ഉപേക്ഷിച്ചു സന്ന്യാസത്തിൽ പ്രവേശിക്കുന്നത്.''

ഡൺസ്റ്റണച്ചൻ കൊച്ചുത്രേസ്യക്ക് കുറിച്ചുനൽകിയ പ്രാർത്ഥനയിലും താൻ ജീവിക്കുന്ന സന്ന്യാസ ചൈതന്യമെന്തെന്ന് വ്യക്തമാകുന്നുണ്ട്: "കർത്താവേ, അങ്ങയോടു യോജിച്ചിരിക്കുന്നതുകൊണ്ടു മാത്രം ഞാൻ തൃപ്തിപ്പെടുകയില്ല. ഒരു സൃഷ്ടിക്ക് അങ്ങയോടു എന്തുമാത്രം അനുരൂപപ്പെടുവാൻ കഴിയുമോ അത്രയ്ക്കും എന്റെ ദിവ്യമണവാളനായ അങ്ങയോടു തുല്യപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നു. ക്രൂശിതനായ അങ്ങേയ്ക്ക് അനുരൂപയായ മണവാട്ടിയാകുവാൻ ഞാൻ

അതിയായി ആഗ്രഹിക്കുന്നു. അത്യാവശ്യമായ വസ്തുക്കൾ പോലു മില്ലാതെ നഗ്നനായി, തലചായിക്കുവാൻപോലും സ്ഥലമില്ലാതെ ക്ലേശിച്ച അങ്ങയോട്, എന്റെ ദാരിദ്ര്യംവഴിയായി അനുരൂപയാകാൻ ആഗ്രഹി ക്കുന്നു. ശരീരത്തിനു യാതൊരാശ്വാസവും കൊടുക്കാതെ സർവ്വാംഗം കഠിനവേദനയനുഭവിച്ച അങ്ങയോടു സർവ്വശാരീരിക സുഖസന്തോഷ ങ്ങളും പരിത്യജിച്ചുകൊണ്ടുള്ള കന്യാവ്രതംവഴിയായും മറ്റു തപക്രിയ കൾവഴിയായും അനുരൂപയാകുവാൻ ഞാൻ അതിയായി ആഗ്രഹി ക്കുന്നു. മനുഷ്യരുടെ മനസ്സിനു മരണത്തോളം കീഴ്വഴങ്ങിയ അങ്ങയോട്, കുറ്റമില്ലാത്ത എല്ലാസംഗതികളിലും മറ്റുള്ളവർക്കു കീഴ്പ്പെട്ടുകൊണ്ടുള്ള എന്റെ അനുസരണമെന്ന പുണ്യഭ്യാസത്താലും അനുരൂപയാകുവാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. ഇതാകുന്നു എന്റെ സന്യാസജീവിതാന്ത്യം. ഇതിനല്ലെങ്കിൽ എന്റെ കർത്താവേ, പിന്നെ എന്തിനു ഞാൻ ഈ വേഷം കെട്ടിനടക്കുന്നു?"

ലോകത്തിനു മരിച്ചവനായി കുടുംബത്തോടു വിടപറഞ്ഞ ഇട്ടൂപ്പുണ്ണി പൂർണ്ണമായും ദൈവത്തിന്റെമാത്രം സ്വന്തമായിത്തീർന്നു. സഭയിൽ സന്ന്യാസ വ്രതസമർപ്പണവും തിരുപ്പട്ടവും സമയത്തിന്റെ തികവിൽ പൂർത്തിയായി. സമർപ്പണ ചൈതന്യം അദ്ദേഹത്തിൽ പരിധികളില്ലാതെ വളർന്നു. കുടുംബത്തിലെ പ്രശ്നങ്ങൾ തന്റെ കാതിൽ പതിക്കുമ്പോൾ സ്വന്തം ഉൾക്കാമ്പിനെ അവ തെല്ലും ബാധിക്കാതിരിക്കാൻ ശ്രദ്ധാലു വായി. ബന്ധങ്ങളും അവ മൂലമുള്ള വേദനകളും പ്രാർത്ഥനയിൽ കർത്താ വിനു സമർപ്പിച്ചു.

സഹോദരി മേരി ആദ്യമായി മംഗലാപുരത്തുള്ള അപ്പസ്തോലിക് കാർമ്മൽ സന്ന്യാസ സമൂഹത്തിലാണ് അംഗമായി ചേർന്നത്. പിന്നീട് പ്രസ്തുത സഭയോട് വിടപറഞ്ഞ് കേരളത്തിലുള്ള തിരുഹൃദയസഭയിൽ ചേരാനിടയായി. സഹോദരിയുടെ സഭാമാറ്റവും ബന്ധപ്പെട്ട പ്രയാസ ങ്ങളും ഡൺസ്റ്റണച്ചനെ ആരും അറിയിച്ചില്ല. പിന്നീട് കാര്യങ്ങൾ വിശദമായി അറിഞ്ഞപ്പോൾ വിവരങ്ങൾ തന്നെ അറിയിക്കാത്തതിലുള്ള അനിഷ്ടവും പെങ്ങളുടെ ദൈവവിളിയിൽ സംഭവിച്ച വ്യതിയാനങ്ങളെ സംബന്ധിച്ചുള്ള ആകുലതയും അറിയിച്ചുകൊണ്ട് വീട്ടുകാർക്ക് അദ്ദേഹം കത്തെഴുതി. കത്തിന്റെ അവസാനം അച്ചൻ ഇപ്രകാരം കുറി ക്കുന്നു: "നിങ്ങളുടെ വിഷമതകളെ ഓർത്ത് എന്റെ മനഃസമാധാനം നഷ്ടപെടുത്താതിരിക്കാൻ ഞാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. എല്ലാം ദൈവതിരുമനസ്സുപോലെ സംഭവിക്കട്ടെ."

## ആത്മീയതയിൽ ചാലിച്ചെടുത്ത കുടുംബബന്ധം

കുടുംബാംഗങ്ങളെ വളരെ വിരളമായേ ഡൺസ്റ്റണച്ചൻ സന്ദർശിച്ചിരുന്നുള്ളു. 1982–ൽ ജ്യേഷ്ഠൻ മരിച്ചതിനുശേഷം വീട്ടിലെ ചില പ്രശ്നങ്ങളിൽ കുറച്ചുകാലത്തേക്ക് അദ്ദേഹം ഇടപേടേണ്ടിവന്നു. കുറച്ചുകൂടെ വീടുമായി ബന്ധപ്പെടുകയും ജ്യേഷ്ഠത്തിയുടെയും മക്കളുടെയും അവിവാഹിതയായ അനുജത്തി കൊച്ചുത്രേസ്യയുടെയും ക്ഷേമത്തിൽ താൽപര്യം എടുക്കുകയും ചെയ്തു. ജ്യേഷ്ഠന്റെ വീട്ടിൽ ചെന്നാൽ 10 മക്കളെയും തനിയെ തനിയെ നേരിൽ കാണും. ഓരോരുത്തരുടെയും ആഗ്രഹങ്ങൾ, പദ്ധതികൾ, ഭാവി, ജീവിതാന്തസ് എന്നിവ ചോദിച്ചറിഞ്ഞ് ചർച്ച ചെയ്യും. ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകും. ചിലപ്പോൾ പരിപാടി പാതിരവരെ നീളും. എല്ലാം കഴിഞ്ഞ് കൊവേന്തയിൽ പോയി കിടക്കും. എന്നാൽ ബന്ധങ്ങൾ പരിധിവിടാതെ സൂക്ഷിക്കുവാൻ അദ്ദേഹം ശ്രദ്ധാലുവായി. കുടുംബാംഗങ്ങളോടു ബഹുമാനിതമായ അകലം പുലർത്തി. കുടുംബപ്രശ്നങ്ങളിൽ തീവ്രമായി പ്രാർത്ഥിച്ചു.

ഒരിക്കൽ ജ്യേഷ്ഠന്റെ മകൻ സ്റ്റാനി എഴുതിയ കത്തിനു അച്ചൻ മറുപടി നൽകി: "ഇനിയും ഞാൻ ഇതിൽ ഇടപെടേണ്ട ആവശ്യമില്ല. എനിക്ക് ഈവക കാര്യങ്ങളിൽ ഇടപെടുവാൻ മാനസികമായി വളരെ വിഷമങ്ങളുണ്ട്. പണ്ടുപണ്ടേ ഈ വക ബന്ധങ്ങളിൽനിന്നെല്ലാം വിമുക്തനായി കഴിഞ്ഞുകൂടുവാൻ ദാഹിക്കുന്നവനാണു ഞാൻ. മറ്റുള്ളവരുടെ നിർബന്ധംകൊണ്ട് ഇങ്ങനെ ഇടപെട്ടെന്നേയുള്ളു."

സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ കുടുംബകാര്യങ്ങളിൽ ഇടപെടേണ്ടി വന്നപ്പോഴും നിരന്തരം താൻ ആരെന്ന അവബോധത്തിൽ അച്ചൻ ചരിച്ചു. വിരക്തിയിലൂടെ അരുതാത്ത ബന്ധങ്ങളിൽനിന്ന് അകലുകയും ശമദമാദികളിലൂടെ ആന്തരികസ്വാതന്ത്ര്യം ആർജ്ജിക്കുകയും ചെയ്തിരുന്ന സാധകനായിരുന്നു ഡൺസ്റ്റണച്ചൻ.

വീട്ടിലെ പ്രശ്നങ്ങളുമായി ഇടപെടുമ്പോഴും ആ വ്യാപാരങ്ങളെല്ലാം ആത്മീയമാനം തഴുകിനിന്നു. എല്ലാറ്റിലും ഉപരിയായി കുടുംബാംഗങ്ങളുടെ ആത്മീയവളർച്ചയിലും സ്വഭാവരൂപീകരണത്തിലും തികഞ്ഞ ശ്രദ്ധ പുലർത്തി. സഹോദരി കൊച്ചുത്രേസ്യക്കും ജ്യേഷ്ഠന്റെ മക്കൾക്കും എഴുതിയ കത്തുകൾ ഈ സത്യത്തിന്റെ സാക്ഷ്യങ്ങളാണ്.

## ആത്മാവിൽ ഹൃദയങ്ങൾ കണ്ടുമുട്ടിയപ്പോൾ

കുടുംബബന്ധങ്ങളുടെയും സ്വാഭാവിക സ്നേഹബന്ധങ്ങളുടെയും ബന്ധനങ്ങളിൽനിന്നകന്നു വ്യക്തികളെ ആത്മീയതലത്തിൽ കണ്ടുമുട്ടു

ന്നതിനും ബന്ധപ്പെടുന്നതിനും ഡൺസ്റ്റണച്ചനു സാധിച്ചു. അദ്ദേഹം പങ്കുവയ്ക്കുന്നു: "ആത്മീയ ബന്ധങ്ങൾക്കും ഞാൻ വഴിപ്പെട്ടിരുന്നു. അവ അസാമാന്യമായി ശക്തിപ്പെടുകയും ചെയ്തിരുന്നു. അപ്രകാര മുള്ള ബന്ധങ്ങളിൽ ഞാൻ ഏർപ്പെട്ടില്ലായിരുന്നെങ്കിൽ എനിക്ക് ഒരു ഹൃദയമുണ്ടോ എന്ന് എനിക്കുതന്നെ സംശയമാകുമായിരുന്നു. അത്രക്കു സ്വാഭാവിക സ്നേഹത്തെ ഞാൻ ജയിക്കാൻ ശ്രമിച്ചിരുന്നു. ചെറുപ്പം മുതലുള്ള ഈ പരിശ്രമം ഒരു പുതിയ സ്വഭാവം തന്നെ എന്നിൽ ഉള വാക്കി." സ്വാഭാവിക സ്നേഹബന്ധങ്ങളെ ജയിച്ച് അവയെ ആത്മീയത യുടെ അസ്ഥിവാരത്തിൽ ഉറപ്പിക്കുന്നതിനു നിസ്തന്ദ്രമായ പരിശ്രമ ത്തിൽ അദ്ദേഹം മുഴുകി. ഹൃദയം നിറഞ്ഞ സ്നേഹം വഴിഞ്ഞൊഴു കിയതു ദിവ്യതയുടെ ഉന്നതതലത്തിലൂടെയായിരുന്നു. ഇതാ ഓർമ്മ ക്കുറിപ്പുകളിൽനിന്ന് ഒരു സാക്ഷ്യം:

"സ്കൂളിൽ ചേർന്നിട്ട് ആദ്യവാരത്തിൽ, മുന്നിൽനിന്ന് മൂന്നാമത്തെ നിരയിൽ ഒരു നായർകുട്ടിയുടെ കൂടെയാണ് എനിക്ക് ഇരിക്കാൻ ഇടം കിട്ടിയത്. ഒരു ദിവസം ആ കുട്ടി ഒരു പെൻസിലിന്റെ കാര്യത്തിൽ എന്തോ സ്വൽപം വഞ്ചന കാണിക്കുവാൻ ശ്രമിക്കുകയിൽ എൻ. പി. ദേവസി എന്റെ സഹായത്തിനുവന്നു. അന്നു മുതൽ ദേവസി എന്റെ സ്നേഹിതനായി. ഞങ്ങളുടെ ക്ലാസ്ടീച്ചറായ ജോൺ മാസ്റ്റർ ഞാൻ ഇരുന്നിരുന്ന സ്ഥലം എനിക്കു നല്ലതല്ല എന്നു മനസ്സിലാക്കി, ആ ദി വസങ്ങളിൽതന്നെ എന്നെ അവിടെനിന്നു മാറ്റി ദേവസിയുടെകൂടെ ഇരുത്തി. ക്ലാസിൽ ഈരണ്ടു പേർ മാത്രം ഇരിക്കാവുന്ന ബെഞ്ചുകളാണ് ഉണ്ടായിരുന്നത്. ഏതാനും ദിവസങ്ങളൊഴിച്ചാൽ ആറു കൊല്ലത്തേക്കു ഞങ്ങൾ രണ്ടുപേരും ഒരേ ബെഞ്ചിൽ തന്നെയാണ് ഇരുന്നിരുന്നത്.

"ഫസ്റ്റ് ഫോമിൽ പഠിക്കാൻ തുടങ്ങിയ ദിവസങ്ങളിൽ ദേവസി സുഖക്കേടായി കിടന്നിരുന്നതുകൊണ്ട് എന്റെ തൊട്ടടുത്ത സീറ്റ് മറ്റു കുട്ടികൾക്കു കൊടുക്കേണ്ടതായി വന്നു. അടുത്തടുത്ത് ഇരിക്കണമെന്ന കാര്യത്തിൽ പ്രത്യേകമായ ആഗ്രഹം ദേവസി ഒരിക്കലും പ്രകടിപ്പിച്ചിരു ന്നില്ല. എനിക്കായിരുന്നു ആ കാര്യത്തിൽ നിർബന്ധം. സാഹചര്യം നിർബന്ധിക്കുമ്പോൾ സസന്തോഷം ഞാനും ആ ആഗ്രഹം ഉപേക്ഷിച്ചി രുന്നു. മറ്റു കുട്ടികളുടെ ആഗ്രഹങ്ങൾക്കോ അവകാശങ്ങൾക്കോ ഞങ്ങളുടെ സഖിത്വം വിഘാതമായിരുന്നില്ല. അവർ അത് അംഗീകരി ച്ചിരുന്നു. ഞങ്ങൾ രണ്ടുപേരും ഒരു ബഞ്ചിലാകുന്നതിനു പലപ്പോഴും മറ്റു കുട്ടികളുടെ സഹായം ആവശ്യമായിരുന്നു. ആണ്ടിൽ മൂന്നു നാലു പ്രാവശ്യം ക്ലാസുമുറികൾ പുനഃക്രമീകരിക്കും. ക്രമീകരണത്തിന്റെ

ഒന്നാം ദിവസം ഓരോരുത്തനും സ്വീകരിക്കുന്ന സീറ്റുകൾ അവർക്ക് അവകാശമുള്ളതായിരുന്നു. അങ്ങനെയുള്ള ദിവസങ്ങളിൽ ഞാൻ അതിരാവിലെ ചെന്ന് എനിക്കും ദേവസിക്കും വേണ്ട ബെഞ്ചും ഡസ്ക്കും തിരഞ്ഞെടുക്കും. ഡസ്ക്കിലെ രണ്ടു കള്ളികളിലും പുസ്തകങ്ങൾ വച്ചു കഴിഞ്ഞാൽ പിന്നെ ആരും ആ സ്ഥാനങ്ങൾ അവകാശപ്പെടുകയില്ല. സാധാരണ മുൻനിരയിൽതന്നെ ഞങ്ങൾക്കു സീറ്റു ലഭിക്കും.

"ഞാൻ ഇത്രയും ബുദ്ധിമുട്ടിയിരുന്നതു പ്രധാനമായി അശുദ്ധതയിൽനിന്ന് ഒഴിയാനാണ്. ഒരിക്കൽപോലും ചീത്തവാക്കുകൾ പറയുകയില്ലയെന്ന് ഉറപ്പുപറയുവാൻ അധികം പേരെ ഞാൻ കണ്ടിരുന്നില്ല. രണ്ടാമതായി, ഞങ്ങളുടെ പരസ്പരസ്നേഹം നിലനിർത്തുന്നതിനു വേണ്ടിയായിരുന്നു.

"ദേവസി ആദ്യം എന്റെ സഹായത്തിനു വന്നതും ജോൺ മാസ്റ്റർ ദേവസിയെ കൂട്ടായിത്തന്നതും അവനെ സ്നേഹിതനായി തെരഞ്ഞെടുക്കാൻ എനിക്കു പ്രേരകമായി. മറ്റൊരു കാരണം കൂടിയുണ്ട്. അതിനു മുമ്പ് ഞങ്ങൾ തമ്മിൽ സംസാരിച്ചിട്ടില്ലെങ്കിലും ഞാൻ അവനെ പലപ്പോഴും കണ്ടിട്ടുണ്ടായിരുന്നു. കൊവേന്തയുടെ പരിസരങ്ങളിൽവെച്ചു പലപ്പോഴും അവൻ എന്റെ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. എന്നെപോലെത്തന്നെ അവൻ സൂക്ഷിച്ചു വളർത്തപ്പെടുന്ന ഒരുവനാണെന്നു നിരീക്ഷണംവഴി ഞാൻ മനസ്സിലാക്കിയിരുന്നു. കൊവേന്തയുടെ മണിമുറിയിൽവെച്ചും ഞാൻ അവനെ പഠിച്ചിട്ടുണ്ട്. ഞാൻ എന്റെ വീട്ടിൽ നിന്ന് അയയ്ക്കപ്പെട്ടിരുന്നതുപോലെയാണ് അവനും അവിടെ വന്നിരുന്നത്. എനിക്കുള്ളതുപോലെയുള്ള ഒരു വീട് അവനും ഉണ്ടെന്നു അവിടെ വെച്ച് അനുമാനിച്ചു. പള്ളിയിലുള്ള അവന്റെ പെരുമാറ്റവും ഞാൻ സൂക്ഷിച്ചു വീക്ഷിച്ചിരുന്നു. അവൻ ഏതു നാട്ടുകാരനാണെന്നോ എവിടെയാണു താമസിക്കുന്നതെന്നോ തമ്മിൽ സ്നേഹിതന്മാരാകുന്നതുവരെ എനിക്കറിവില്ലായിരുന്നു. സ്കൂളിൽവെച്ചോ പള്ളിയിൽ വെച്ചോ മാത്രമേ ഞങ്ങൾ തമ്മിൽ കാണുന്നതിന് അവസരമുണ്ടായിരുന്നുള്ളു. അവിടെനിന്നു ഞങ്ങൾ രണ്ടു വഴിക്കാണു പിരിഞ്ഞിരുന്നത്. അവൻ തെക്കോട്ട്, ഞാൻ വടക്കോട്ട്.

"ഓർമ്മ വെച്ച നാൾ മുതൽ എനിക്ക് അനേകം കൂട്ടുകാരുണ്ടായിരുന്നു. അവർ എന്നെ വളരെ സ്നേഹിച്ചിരുന്നെന്നും എനിക്കറിയാമായിരുന്നു. എന്നാൽ ഞാൻ സ്നേഹിതനായി തെരഞ്ഞെടുത്തതു ദേവസിയെ മാത്രമാണ്. ആ തെരഞ്ഞെടുപ്പു തികച്ചും ദൈവപ്രേരിതമായിരുന്നു

എന്ന് എനിക്കുറപ്പുണ്ട്. ലൗകികമോ സ്വാഭാവികമോ ആയ യാതൊരു കാരണങ്ങളും ഇതിൽ പ്രധാന പ്രേരകമായില്ല. ഈ സ്നേഹത്തെ ശുദ്ധീകരിക്കുന്നതിന് എന്നും ഞാൻ പരിശ്രമിച്ചിരുന്നു. ഉത്തമസ്നേഹിതന്മാരുടെ ലക്ഷണങ്ങളും മാതൃകകളും പഠിക്കുന്നതിന് അന്നുമുതൽ ഞാൻ ശ്രമിച്ചിരുന്നു. ഒരു നാളും ഞങ്ങളുടെ സ്നേഹബന്ധത്തിനു വ്യതിയാനം വരുത്തുകയില്ലെന്നു ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു ഞാൻ പ്രതിജ്ഞ ചെയ്തിരുന്നു. ഒരുപക്ഷെ ദേവസി എന്നെ ഉപേക്ഷിച്ചുപോയാലും ഞാൻ എന്നും എന്റെ ദൈവത്തിൽ അവനെ സ്നേഹിച്ചു കൊണ്ടിരിക്കുമെന്നു വ്യക്തമായ രീതിയിൽ പ്രതിജ്ഞ ചെയ്തതായി ഞാൻ ഓർക്കുന്നുണ്ട്. ദൈവം എനിക്കു തന്നവനെ ഞാൻ ഒരു കാരണത്താലും ഉപേക്ഷിക്കരുത് എന്നതായിരുന്നു അതിനുള്ള ന്യായം. ഇതുവരെ ഒരു നിമിഷനേരത്തേക്കെങ്കിലും ആ സ്നേഹത്തിൽനിന്നു ഞാൻ വ്യതിചലിച്ചിട്ടില്ല; കുറവുള്ളവനുമായിട്ടില്ല. ഞാൻ യോഗാർത്ഥിയായി കൊവേന്തയിൽ ചേരുന്നതുവരെ അവന്റെ ഭാഗത്തുനിന്ന് ഈ സ്നേഹബന്ധത്തിനു സ്വൽപനേരത്തേക്കെങ്കിലും വിഘാതമുണ്ടായിട്ടില്ല. ഞങ്ങളുടെ പ്രായക്കാരായ പല കുട്ടികൾ തമ്മിൽ സ്നേഹിതന്മാരായി കഴിയുന്നത് ആ കാലങ്ങളിൽ ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ ഒരിക്കലെങ്കിലും തമ്മിൽ പിണങ്ങാത്ത സ്നേഹിതന്മാരായി അവരെ കാണാൻ കഴിഞ്ഞിട്ടില്ല.

"ഞങ്ങൾ രണ്ടുപേരും ബാഹ്യമായി സ്നേഹം പ്രകടിപ്പിക്കുന്നതിനു വശം കുറഞ്ഞവർ, അല്ലെങ്കിൽ താൽപര്യമില്ലാത്തവർ ആയിരുന്നു. ഒരുമിച്ചായിരിക്കുക, ഒരുമിച്ചു കളിക്കുക ഇതായിരുന്നു ഞങ്ങളുടെ സാധാരണ സ്നേഹപ്രകടനം. ഞങ്ങളുടെ നർമ്മസല്ലാപങ്ങൾ മൗനമായിരുന്നു. അവസാനകാലങ്ങളിൽ ക്ലാസുകൾക്കിടയിലുള്ള അഞ്ചു മിനിറ്റു വിശ്രമസമയത്തുപോലും മറ്റു പലരെപ്പോലെ ഞങ്ങൾ പന്തു കളിക്കുമായിരുന്നു.

"ഫിഫ്ത് ഫോമിൽ എത്തിയപ്പോൾ ഞങ്ങൾ വെവ്വേറെ ഡിവിഷനുകളിലായി. ആ ദിവസങ്ങളിൽ ഞാൻ യോഗാർത്ഥിഭവനത്തിൽ പ്രവേശിക്കുവാൻ ഒരുങ്ങുകയായിരുന്നു. അതിനുള്ള അനുവാദം ലഭിച്ചെങ്കിലും അമ്മയുടെ നിർബന്ധപ്രകാരം സെപ്റ്റംബർ 22 വരെ വീട്ടിൽ താമസിച്ചു തന്നെ പഠിച്ചു. അങ്ങനെ മൂന്നുനാലു മാസങ്ങൾ ഞങ്ങൾ വെവ്വേറെ ക്ലാസുമുറികളിലായിരുന്നു. എനിക്കു യോഗാർത്ഥികളോട് ഏറ്റം അടുത്തിരിക്കേണ്ടതായും വന്നു.

"ഞങ്ങൾക്കു നർമ്മസല്ലാപങ്ങൾക്ക് അവസരം കിട്ടുമായിരുന്നതു സാധാരണ പള്ളിമുറ്റത്തു വെച്ചാണ്. ഞങ്ങൾ സംസാരിക്കാൻ ഒന്നിച്ചു നിൽക്കും. എന്നാൽ ഞങ്ങൾക്കു സംസാരിക്കുവാൻ കഴിഞ്ഞിരുന്നില്ല. എനിക്കു വളരെയധികം പറയാനുണ്ടാകും; പക്ഷേ എന്തു ചെയ്യാം. ഞങ്ങൾ ദൂരത്തിൽ ദൃഷ്ടികൾ പതിച്ചങ്ങു നിൽക്കും. ഇടയ്ക്കിടെ പുഞ്ചിരിയോടെ മുഖത്തോടു മുഖം നോക്കും. ഇതാണു ഞങ്ങളുടെ വലിയ സ്നേഹപ്രകടനം. ദേവാലയകർമ്മങ്ങൾക്കു സമയമാകുന്നതുവരെ അങ്ങനെ ചെലവഴിക്കും. എന്റെ ഉള്ളിൽ വലുതായ സ്നേഹമുണ്ടായിരുന്നു. അതു പുറമെ കാണിക്കുവാൻ എന്റെ സ്വഭാവം അനുവദിക്കുകയില്ലായിരുന്നു. അതുകൊണ്ട് അതെനിക്കു വലിയ സഹനമായി. എന്റെ കർത്താവിന്റെ മുമ്പാകെയാണ് ഞാനതിനു ഒരു വിധം ശമനം വരുത്തിയിരുന്നത്. അവനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു തൃപ്തിയടയും. ഞാൻ ഏറ്റവും കാര്യമായി മതിച്ചിരുന്ന സന്ന്യാസത്തിലേയ്ക്കും വിശുദ്ധ ജീവിതത്തിലേയ്ക്കും അവനേയും വിളിക്കണമെന്ന് എന്റെ കർത്താവിനോടു ഞാൻ പറയും. ഇതിൽ കൂടുതൽ എന്റെ സ്നേഹം കാണിക്കുവാൻ നിവൃത്തിയില്ലായിരുന്നു.

"ആദ്യകുർബാന സ്വീകരണത്തിനുമുമ്പ് എന്റെ കുടുംബ പരിസരങ്ങളിൽ 'തന്തപ്പിടി' എന്നു ചിലർ എന്നെ വിളിച്ചിരുന്നു. ഞങ്ങൾക്കു പത്തുപതിനൊന്നു വയസ്സുള്ളപ്പോൾ വികാരിയായിരുന്ന പാനികുളം തോമാച്ചൻ 'അപ്പാപ്പൻ' എന്ന് അവനെ വിളിച്ചിരുന്നു. ഇങ്ങനെ ചെറുപ്പത്തിലെ കിളവന്മാരായിരുന്ന ഞങ്ങളുടെ സ്നേഹബന്ധത്തിൽ ബാഹ്യപ്രകടനങ്ങൾക്കു സ്ഥാനമില്ലാതായതിൽ അല്ലെങ്കിൽ കുറവു വന്നതിൽ അതിശയിക്കാനില്ല.

"എന്നെ ദുരുദ്ദേശ്യത്തോടുകൂടിയല്ലെങ്കിലും ഒരു വിധത്തിൽ അലട്ടിയിരുന്ന ചിലരിൽ നിന്നു ദേവസി ബലപ്രയോഗംകൊണ്ടുതന്നെ ചിലപ്പോൾ രക്ഷിച്ചിട്ടുണ്ട്. ഞാൻ ശാന്തനും സ്നേഹമുള്ളവനുമായാണ് സ്കൂളിൽ കാണപ്പെട്ടിരുന്നത്. ധാരാളം സഹിക്കുന്നതിന് എനിക്കു കഴിയുമായിരുന്നു. എന്നാൽ ദേവസി സ്വൽപം കോപം ചിലപ്പോഴൊക്കെ പ്രകടിപ്പിച്ചിരുന്നു. ഒരിക്കൽ അത് എന്റെ നേരെതന്നെ പ്രയോഗിച്ചിട്ടുണ്ട്. എന്നാൽ അതേറ്റവും വലിയ സ്നേഹത്തിന്റെ ലക്ഷണമായാണു ഞാൻ സ്വീകരിച്ചത്. അത് അങ്ങനെ ആയിരുന്നുതാനും. ഫോർത്ത് ഫോമിൽ പഠിക്കുമ്പോൾ എനിക്കു വലിയ ക്ഷീണം അനുഭവപ്പെട്ടിരുന്നു. എന്റെ ഓർമ്മശക്തി നഷ്ടപ്പെട്ടതായി തോന്നി. അതിനു മുൻപു പഠിക്കുന്നതിന് അത്ര വിഷമം അനുഭവപ്പെട്ടിട്ടില്ല. പഠനം

മുന്നോട്ടുകൊണ്ടു പോകുക എന്റെ ശരീരത്തിന്റെ അന്നത്തെ സ്ഥിതി കൊണ്ട് അസാദ്ധ്യമായി എനിക്കു തോന്നി. ഞാൻ വളരെ സഹി ച്ചിരുന്നു. പക്ഷെ, സുഖക്കേടെന്തെന്നു വ്യക്തമാക്കുവാൻ കഴിയാ ത്തതിനാൽ ആരേയും അറിയിച്ചില്ല. ഞങ്ങളുടെ പരീക്ഷ അടുത്തു. എല്ലാവരും ക്ലാസിലിരുന്ന് ആവർത്തിച്ചു പഠിച്ചുകൊണ്ടിരുന്നു. ആ കൊല്ലത്തെ പാഠ്യപദ്ധതി പുതുതായിരുന്നതിനാൽ പല വിഷയ ങ്ങളിലും കുറിപ്പു മാത്രമായിരുന്നു ഏകാലംബം. ആ കുറിപ്പുകൾ എന്റെ കൈവശം പൂർണ്ണരൂപത്തിൽ ഇല്ലായിരുന്നു. മറ്റുള്ളവരുടെ പുസ്തകങ്ങൾ ഉപയോഗിച്ചു പഠിക്കേണ്ടിയിരുന്ന എനിക്കു ക്ലാസിൽ വച്ചു മാത്രമേ അതിനു സാധിക്കുമായിരുന്നുള്ളു. എന്നാൽ ഞാൻ അലസ നായിരിക്കുന്നതു കണ്ടു ദേവസിക്കു സഹിക്കുവാൻ കഴിഞ്ഞില്ല. അവൻ രാത്രിയിൽ വളരെയധികം സമയം പഠിച്ചിരുന്നിട്ടും സ്കൂളിൽ വെച്ചും ഉത്സാഹപൂർവ്വം പഠിക്കുമ്പോൾ സ്കൂളിൽവെച്ചു മാത്രം പഠി ക്കാൻ കഴിഞ്ഞിരുന്ന ഞാൻ ആ സമയം നഷ്ടപ്പെടുത്തി, പരീക്ഷയിൽ തോൽക്കുവാൻ ഒരുങ്ങിയിരിക്കുന്ന കാഴ്ച്ച സഹിക്കാൻ കഴിയാതെ കോപം നടിച്ചുകൊണ്ട് ഒന്നുരണ്ടു പ്രാവശ്യം എന്നെ പിച്ചിയിട്ടുണ്ട്. ഞങ്ങളുടെ സ്നേഹം അധികം വികാരപരമായി പ്രത്യക്ഷപ്പെട്ടില്ല. അതു കൂടുതൽ ബുദ്ധിപൂർവ്വകമായിരുന്നു.

“ഒരു ദിവസം കാലത്ത് ഞാൻ വീട്ടിൽനിന്നു സ്കൂളിലേക്കു പുറപ്പെട്ട സമയം എന്റെ കൈയിലും മറ്റുമായി നാലഞ്ചു പോളൻ പ്രത്യക്ഷപ്പെട്ടു. ദേവസിയും ഞാനും അന്നു പതിവുപോലെ ഒരു ബെഞ്ചിൽ തൊട്ടു തൊട്ടു ഇരിക്കുകയാണ്. ഞാൻ അവനെ കാര്യമറിയിച്ചു. സൂക്ഷിക്കു വാനും നിർബന്ധിച്ചു. പക്ഷേ, അവൻ അപ്പോൾ എന്നെ ധൈര്യപ്പെടുത്തു വാൻ ഒന്നുകൂടെ അടുത്തിരിക്കുകയും അവന്റെ കൈ പതിവുവിട്ട് എന്റെ തോളിൽ വെക്കുകയും ചെയ്തു. ക്ലാസ്ടീച്ചർ അനുവദിച്ചിരു ന്നെങ്കിൽ ഞാൻ വീട്ടിൽ പോകുമായിരുന്നു. രണ്ടാഴ്ചയ്ക്കുശേഷം വീ ണ്ടും സ്കൂളിൽ വന്നപ്പോൾ ദേവസി അതേ രോഗത്താൽ കിടപ്പാണെ ന്നറിഞ്ഞു. അവൻ സുഖമായി ക്ലാസിൽ വന്നപ്പോൾ ഞാൻ മുന്നറിയിപ്പു കൊടുത്തിട്ടും സൂക്ഷിക്കാതിരുന്നതിനെക്കുറിച്ചു ഒട്ടും മനസ്തപിക്കു ന്നതായി കണ്ടില്ല. സ്നേഹം പ്രതിബന്ധമറിയുന്നില്ലല്ലോ.

“ഞങ്ങൾ തമ്മിൽ സ്വന്തനിലയിൽ യാതൊരു വസ്തുക്കളും കൈ മാറ്റം ചെയ്തതായി ഓർക്കുന്നില്ല. അക്കാലത്ത് ലോകത്തിൽ ഒരു മനുഷ്യനേയും ദേവസിയെപ്പോലെ ഞാൻ സ്നേഹിച്ചിരുന്നില്ലെന്ന് എനിക്കു തോന്നിയിരുന്നു. എനിക്കു മറ്റുള്ള ബന്ധങ്ങളെല്ലാം സ്വാഭാ

വികമാണ്. ഇതു പ്രധാനമായി ആത്മീകമാണ്. ദേവസിയുമായുള്ള ബന്ധത്തിൽ എന്റെ കുടുംബത്തിലെ നിർദ്ദേശങ്ങൾക്കു വിപരീതമായി എന്തെങ്കിലും ചെയ്യുന്നതിനു ഞാൻ തുനിഞ്ഞിട്ടില്ല. ഈ ബന്ധത്തിൽ ദൈവതിരുമനസ്സ് സ്വൽപമെങ്കിലും ലംഘിക്കുന്നതിന് എനിക്കിടവന്നിട്ടില്ല. ദൈവത്തിന്റെ കരം ഞാൻ അതിൽ കണ്ടിരുന്നു. ദൈവത്തെപ്രതി അവനിൽനിന്നു പിരിയുന്നതിന് എന്നും ഒരുങ്ങിയിരുന്നു. എങ്കിലും ഞങ്ങൾ ഇരുവരും സന്ന്യാസത്തിലും ഒരുമിച്ചാകുവാൻ ഞാൻ ആഗ്രഹിച്ചിരുന്നു.

"ലോകത്തിൽ ഇതുവരെ ഒരേഒരു സ്നേഹിതനേ എനിക്കുള്ളു. ഈ പറഞ്ഞതു പലരും തെറ്റിദ്ധരിച്ചേക്കും. അവനേക്കാൾ കൂടുതലായി, സന്ന്യാസത്തിലെ എന്റെ സഹോദരന്മാരെ ഞാൻ സ്നേഹിക്കുന്നുണ്ട്. പക്ഷേ അവർ സഹോദരന്മാരാണ്. സ്നേഹിതന്മാരാകുകയില്ല. സ്നേഹിതൻ തെരഞ്ഞെടുക്കപ്പെടുന്നവനാണ്. അനേകരിൽ ഒരുവനാണ്. അവനിൽ കാണുന്ന നന്മ നിമിത്തം സ്നേഹിതനായി തെരഞ്ഞെടുക്കപ്പെടുന്നു. അതു സ്വന്തമനസ്സിന്റെ പരപ്രേരിതമല്ലാത്ത പ്രവർത്തനമാണ്. നാം സഹോദരങ്ങളെ സ്നേഹിക്കേണ്ടത് അപ്രകാരമല്ല. അവനിൽ ഒരു നന്മയും കാണുന്നില്ലെങ്കിലും നിയമത്തിനു വിധേയനായി സ്നേഹിക്കേണ്ടതാണ്. ആദ്യത്തേതിൽ സ്വഭാവികത്വം കൂടുതലുള്ളതിനാൽ വലിയ സ്നേഹമായി തോന്നുമെന്നു മാത്രം."

ഡൺസ്റ്റണച്ചൻ പറഞ്ഞതുപോലെ സ്വന്തം സമൂഹത്തിലെ അംഗങ്ങളായ സഹോദരങ്ങളെ ഹൃദയവികാരങ്ങളോടെ സ്നേഹിച്ചു. തൃശൂർ ദേവമാത പ്രവിശ്യ ഭവനത്തിലെ പ്രീഫെക്റ്റായിരിക്കെയാണ് അട്ടപ്പാടി സെന്റ് ജോസഫ്സ് ഭവനിലേയ്ക്ക് അദ്ദേഹം നിയോഗിതനായത്. തദവസരത്തിൽ പ്രൊവിൻഷ്യാളച്ചനെഴുതിയ കത്തിൽ അച്ചൻ കുറിക്കുന്നു: "പ്രൊവിൻഷ്യൽ ഹൗസിലെ അംഗങ്ങളെ വിട്ടുപിരിയുന്ന കാര്യം ... ഓർമ്മയിൽ വന്നപ്പോൾ എന്റെ കണ്ണുനിറഞ്ഞു. 1935-ൽ വീട്ടിൽ നിന്നിറങ്ങിയപ്പോൾ മാത്രമേ ഇപ്രകാരമൊരനുഭവം ഉണ്ടായിട്ടുള്ളു."

### സഖിത്വവും സന്ന്യാസബ്രഹ്മചര്യവും

മാതാപിതാക്കൾ തങ്ങളെ എല്ലാവരേയും ശാരീരികമായും ആത്മീകമായും വളരെ സുരക്ഷിതത്വത്തിലാണ് വളർത്തിയതെന്നു ഡൺസ്റ്റണച്ചൻ സാക്ഷിക്കുന്നു. വീട്ടിൽനിന്നു ലഭിച്ച ശിക്ഷണം തുടർന്നുള്ള ജീവിതത്തിൽ ശുദ്ധത പാലിക്കുന്നതിനു സഹായകമായി. സന്ന്യാസ

ബ്രഹ്മചര്യം പാലിക്കുന്നതിനുള്ള ബാഹ്യവും ആന്തരികവുമായ നിഷ്ഠ ജീവിതത്തിൽ ഉടനീളം അദ്ദേഹം പുലർത്തി.

സന്ന്യാസ വ്രതാനുഷഠാനത്തിനുശേഷം സ്വന്തം കുടുംബം സന്ദർശിക്കുന്ന അവസരങ്ങളിൽ പാവറട്ടി കൊവേന്തയിലാണ് അച്ചൻ അന്തിയുറങ്ങിയിരുന്നത്. 1982-ൽ ജ്യേഷ്ഠൻ മരണമടഞ്ഞ നാളിൽ തന്നെ അദ്ദേഹം വീട്ടിലെത്തി. രാത്രി ഏറെ വൈകിയാണ് ആശുപത്രിയിൽനിന്നു മൃതദേഹം വീട്ടിലേക്കു കൊണ്ടുവന്നത്. രാത്രി 11 മണിയായപ്പോൾ ജ്യേഷ്ഠന്റെ മകൻ സ്റ്റാനിയെ ഡൺസ്റ്റണച്ചൻ രണ്ടാം നിലയിലേക്കു കൊണ്ടുപോയി. "ഞാൻ ഇന്ന് ഇവിടെ ഉറങ്ങിയെന്നതിനു നീ സാക്ഷിയായിരിക്കുക" എന്നു പറഞ്ഞുകൊണ്ട് ഉറങ്ങാൻ കിടന്നു. തെറ്റിൽ വീഴാൻ സാധ്യതയുള്ള സാഹചര്യങ്ങളെ അതിജീവിക്കുന്നതിനു തുണയായി മറ്റൊരാളെ അച്ചൻ കൂടെ കൂട്ടുകയായിരുന്നു.

ഒരു നവസന്ന്യാസി രാത്രിയിൽ കൂട്ടുകിടക്കാനായി അച്ചന്റെ മുറിയിൽ ചെന്നു. കിടക്കുന്നതിനുമുമ്പ് കതകടച്ചു കുറ്റിയിടുന്നതിനു ശ്രമിച്ച നവസന്ന്യാസിയോട് അദ്ദേഹം പറഞ്ഞു, "നമ്മൾ സഹോദരന്മാർ ഒരു മുറിയിൽ വാതിലടച്ചു കിടന്നുറങ്ങുന്നതു ശരിയല്ല."

ശരവണംപട്ടി നവസന്ന്യാസ ഭവനത്തിൽ ചാവറ പിതാവിന്റെ നാടകത്തിൽ വിശുദ്ധന്റെ അമ്മയായി ഒരു നവസന്ന്യാസി വേഷമിട്ടു. ചട്ടയും മുണ്ടും അണിഞ്ഞ പെൺമണിയെ കണ്ട് ഡൺസ്റ്റണച്ചൻ അവരെ പിടിച്ചു പുറത്താക്കുന്നതിനു തുനിഞ്ഞു. ആണുങ്ങൾ മാത്രം താമസിക്കുന്ന ആശ്രമത്തിൽ എങ്ങനെ സ്ത്രീ സാന്നിദ്ധ്യമുണ്ടായെന്നു ചിന്തിക്കാനും അതിന് എതിർപ്പ് അറിയിക്കാനും തെല്ലും ഓർമ്മയില്ലാത്ത അവസ്ഥയിലും ഡൺസ്റ്റണച്ചനു കഴിഞ്ഞു.

പൂർണ്ണമായും ഓർമ്മ നഷ്ടപ്പെട്ട ജീവിതാന്ത്യത്തിൽ ശാരീരികമായ ചലനങ്ങളും മറ്റുള്ളവരോടുള്ള പ്രതികരണങ്ങളും ശുദ്ധതയെക്കുറിച്ചുള്ള അവബോധം ആഴത്തിൽ വേരുന്നിയതിന്റെ തെളിവുകളായിരുന്നു.

# 10

# ദാരിദ്ര്യം നിറവിന്റെ അനുഗ്രഹം

ഇട്ടൂപ്പുണ്ണിയുടെ ബാല്യകാലത്തിൽ കുടുംബം വളരെ ദരിദ്രമായ അവസ്ഥയിലായിരുന്നു. തീർത്തും വർണരഹിതമായ ബാല്യം. അങ്ങനെയുള്ള ഒരാൾ തിരയുന്നതു നിറമുള്ള ജീവിതമായിരിക്കും. കുടുംബത്തിൽ താൻ അനുഭവിക്കുന്ന ദരിദ്രാവസ്ഥയെക്കുറിച്ച് അവനു വിഷമം തോന്നി. എന്നാൽ കുടുംബത്തിന്റെ ലൗകികമായ ഉന്നമനം ഒരിക്കലും ആഗ്രഹിച്ചില്ല. അതിനുവേണ്ടി പ്രാർത്ഥിച്ചില്ല. എല്ലാം ദൈവഹിതത്തിനു വിട്ടുകൊടുത്തു. ദാരിദ്ര്യത്തിന്റെ വേദനകളും അപമാനവും മുഴുവൻ സഹിക്കാൻ ഒരുക്കമായിരുന്നു.

കുടുംബത്തിലെ സാമ്പത്തികമായ അധോഗതിയോടു തികച്ചും ക്രിയാത്മകമായും ധനാത്മകമായും ഇട്ടൂപ്പുണ്ണി പ്രതികരിച്ചു. വ്യക്തിത്വത്തെ താറുമാറാക്കുന്ന അപകർഷത്തിനോ അമിതമായ ധനസമ്പാദനവാഞ്ചയ്ക്കോ അവൻ ഇരയായില്ല. വീട്ടിലെ നിർധനാവസ്ഥ അവനിൽ നിറച്ചതു മഹിതമായ മനോഭാവങ്ങൾമാത്രം. ഇല്ലായ്മകൾ താൻ സ്വപ്നം കണ്ട വിശുദ്ധിയിലേക്കുള്ള സോപാനമായി കൺമുമ്പിൽ വിടരുന്നതു തിരിച്ചറിഞ്ഞു. ദാരിദ്ര്യാരൂപിയുടെ പാഠശാലയായി കുടുംബസാഹചര്യം പരിണമിച്ചു.

### മുടിയണിയാതെ ഒരു തിരുവിരുന്ന്

ഇട്ടൂപ്പുണ്ണിയുടെ ആദ്യകുർബാന സ്വീകരണം ഏഴര വയസിലാണു നടന്നത്. ആ ദിവസം അവനു തലയിൽ ചൂടാനുള്ള മുടി തലേരാത്രിയിൽ ഉറക്കമിളച്ചിരുന്നാണ് വീട്ടുകാർ ഒരുക്കിയത്. സെറാഫിയോനച്ചന് ആ 'മുടി' ഇഷ്ടപ്പെട്ടില്ല. പച്ചപൂക്കൾ കൊണ്ടുള്ള 'മുടി' വേണമെന്നാ

യിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. പക്ഷേ, അത് ഉടനെ ഉണ്ടാക്കുവാനുള്ള വിഷമംകൊണ്ട് ഒന്നും വേണ്ടെന്ന് അഭിപ്രായപ്പെട്ടു. അതുകൊണ്ട് ഒരു മുടിയും തലയിൽ വെച്ചില്ല. അത് ഒരു അനുഗ്രഹമായി ഇട്ടൂപ്പുണ്ണി കരുതി. കാരണം മുടി വെക്കുന്നത് വലിയ വിഷമമായിരുന്നു. പ്രത്യേകതകൾ എല്ലായ്പോഴും അവൻ മനഃപൂർവ്വം ഉപേക്ഷിച്ചിരുന്നു.

ഡൺസ്റ്റണച്ചന്റെ വ്രതാനുഷ്ഠന സുവർണ്ണ ജൂബിലി കോയമ്പത്തൂരിലെ പ്രവിശ്യാഭവനത്തിൽ ആഘോഷിച്ചപ്പോൾ ആശംസ പ്രസംഗകരിൽ ഒരാൾ, തലയിൽ സുവർണ്ണ മുടിയണിഞ്ഞിരിക്കുന്ന അച്ചനെക്കുറിച്ചു പറഞ്ഞു: "ഇത്രയും അലങ്കാരത്തോടുകൂടി ഡൺസ്റ്റണച്ചനെ ഒരിക്കലും കാണാനിടയായിട്ടില്ല.''

### ദാരിദ്ര്യ സ്നേഹമെന്ന സവിശേഷകൃപ

ആദ്യകുർബാന സ്വീകരണത്തോടെ ദാരിദ്ര്യത്തെ അകമഴിഞ്ഞു സ്നേഹിക്കാൻ കർത്താവ് ഇട്ടൂപ്പുണ്ണിക്കു പ്രത്യേക കൃപ നൽകി. ഏഴര വയസ്സിൽ ദാരിദ്ര്യത്തെ സംബന്ധിച്ചു തനിക്കുണ്ടായ ഉൾകാഴ്ചയിലേക്കു ഡൺസ്റ്റണച്ചൻ തിരിഞ്ഞു നോക്കുന്നു.

"ഞങ്ങളുടെ പറമ്പിൽ പാർക്കുന്നവരെക്കാൾ ഞങ്ങൾ ദരിദ്രരാണെന്നു ഞാൻ വിചാരിച്ചിരുന്നു. കാരണം അവർക്കുള്ളത് അവരുടെ സ്വന്തമാണ്. എന്നാൽ ഞങ്ങൾക്കുള്ളതു ഞങ്ങളുടെ കടക്കാരുടെതാണ്. ഈ യാഥാർത്ഥ്യം ഏറ്റുപറയുന്നതിനും അതിനനുസരിച്ചു ജീവിതം ക്രമീകരിക്കുന്നതിനും ഞാൻ ഒരുക്കമായിരുന്നു. മറ്റു കുടുംബാംഗങ്ങൾ അനുഭവിച്ചിരുന്ന ആനുകൂല്യങ്ങൾ എനിക്കും അനുഭവിക്കാമെന്ന് അറിഞ്ഞിരുന്നെങ്കിലും മനഃപൂർവ്വം ഞാൻ അവ ഉപേക്ഷിച്ചിരുന്നു. ഭക്ഷണത്തിലും ഉടുപ്പിലും ഞാനെപ്പോഴും ആവശ്യത്തെയാണ് നോക്കിയിരുന്നത്. പള്ളിയിലെ തിരുനാൾ അവസരങ്ങളിൽ ഓരോ കുട്ടിക്കും നേർച്ചയിടുന്നതിനും ആവശ്യമുള്ളവയും ഇഷ്ടമുള്ളവയും വാങ്ങുന്നതിനും മറ്റും പണം കൊടുക്കാറുണ്ട്. എന്റെ സ്വന്തം സഹോദരങ്ങളും അമ്മായിമാരുടെ മക്കളും അമ്മയിൽനിന്നും ചിലർ അപ്പനിൽ നിന്നും പണം വാങ്ങിയതായി ഞാനറിഞ്ഞു. ഞാൻ ആരോടും ചോദിച്ചില്ല. എന്നെ ആരും ഓർത്തതുമില്ല. അവരവർക്കിഷ്ടമുള്ള സാധനങ്ങളുമായി എല്ലാവരും തിരിച്ചുവരുമ്പോൾ ഞാൻ അവരുടെയിടയിൽ ദരിദ്രനായി കാണപ്പെട്ടു. ആ വിഷമം സന്തോഷത്തോടെ സഹിച്ചു. ഞാൻ എല്ലാം ഉപേക്ഷിച്ചു പോകേണ്ടവനാണെന്ന ചിന്ത, സന്ന്യാസത്തെ

ക്കുറിച്ച് എനിക്കു വിചാരം വന്നതുമുതൽ എന്നെ നയിച്ചിരുന്നു. എന്റെ കൈയിൽ ഒന്നുമില്ലെന്നു മനസ്സിലാക്കിയ ചിലർ അവർ വാങ്ങിച്ച മിഠായിയും മറ്റും എനിക്കു തന്നു. പക്ഷേ അതിൽ രസമില്ലാ യിരുന്നു. അതൊരു ധർമ്മംപോലെയെ തോന്നിയുള്ളു. ആ കാലം മുതൽ സന്ന്യാസത്തിൽ പ്രവേശിക്കുന്നതുവരെ അനുഭവിച്ചിരുന്ന തിലും കഠിനമായ ദാരിദ്ര്യ ജീവിതം എപ്പോഴും ആശ്ലേഷിക്കണമെ ന്നായിരുന്നു എന്റെ ആഗ്രഹം.''

അങ്ങനെ കുട്ടിക്കാലത്തു കുടുംബത്തിൽ ഉണ്ടായ ഇല്ലായ്മകൾക്ക് അപ്പുറത്തും യഥാർത്ഥമായ ദാരിദ്ര്യാരൂപിയെ സർവ്വാത്മന പുൽകുന്ന തിനും സർവ്വസംഗപരിത്യാഗം വരിക്കുന്നതിനുള്ള സഫലയാത്രയ്ക്കു ശുഭസൂചകമായ തുടക്കം കുറിക്കുന്നതിനും ഇട്ടൂപ്പുണ്ണിക്കു സാധ്യമായി.

പുതുമനശ്ശേരിയിലെ എലിമെന്ററി സ്കൂളിലാണ് ഇട്ടൂപ്പുണ്ണി നാലാം ക്ലാസുവരെ പഠിച്ചിരുന്നത്. ഒരു ദിവസം ടീച്ചർ കുട്ടികളോടു ചോദിച്ചു, “ആരൊക്കെയാണ് 10–ാം ക്ലാസ്‌വരെ പഠിക്കുന്നത്?'' അച്ചൻ വിവരിക്കുന്നു: “പല കുട്ടികളും എഴുന്നേറ്റുനിന്നു. എന്നേക്കാൾ ദരിദ്രരായ പലരും എഴുന്നേറ്റുനിന്നു. എനിക്കു വൈദികനാകണമെങ്കിൽ 10–ാം ക്ലാസ്സ് ജയിക്കണമെന്നു ഞാൻ കേട്ടിരുന്നു. എങ്കിലും ഞാൻ എഴു ന്നേറ്റുനിന്നില്ല. എന്റെ മാതാപിതാക്കന്മാർക്ക് അതിനു കഴിയുകയില്ല എന്നാണു ഞാൻ വിചാരിച്ചിരുന്നത്. ആ സ്കൂളിൽ പഠിച്ചിരുന്ന ഭൂരി പക്ഷം കുട്ടികളേക്കാൾ മെച്ചമായ നില ബാഹ്യമായി എനിക്കുണ്ടെന്ന് എനിക്കു ബോദ്ധ്യമുണ്ട്. ഒരു തരത്തിൽ അവരെക്കാൾ ഞാൻ ധനികനായി രുന്നു. ബാഹ്യമായവയിൽ തൃപ്തിപ്പെടാതെ നിഗൂഢ യാഥാർത്ഥ്യ ങ്ങളിലേക്ക് ഇറങ്ങുന്ന ഒരു പ്രകൃതി എനിക്ക് അന്നുമുതലെ ഉണ്ടാ യിരുന്നു. അവ ഏറ്റുപറയുവാനും ഞാൻ ഒരുക്കമായിരുന്നു.''

എട്ടര വയസിൽ ഇട്ടൂപ്പുണ്ണി 4–ാം ക്ലാസു ജയിച്ചു. ഉടനെത്തന്നെ മകനെ ഹൈസ്കൂളിൽ ചേർക്കുന്നതിന് അപ്പനു ധൈര്യം തോന്നി യിരുന്നില്ല. ഹൈസ്കൂളിലെ നാലാം ക്ലാസിൽതന്നെ ഇട്ടൂപ്പുണ്ണിയെ ചേർക്കുകയാണെങ്കിൽ ഒരു കൊല്ലം ഇംഗ്ലീഷിൽ അദ്ധ്യയനം നടത്തി യിരുന്ന കുട്ടികളോടുകൂടിയാണ് പഠിക്കേണ്ടിയിരുന്നത്. അതുകൊണ്ട് ജയിച്ച ക്ലാസ്സിൽതന്നെ പ്രവേശനം നൽകിയാൽപോലും അവനു നന്നായി പഠിക്കുവാൻ സാധിക്കുകയില്ലെന്ന് അപ്പൻ ഭയന്നു. സെറാഫി യോനച്ചന്റെ പ്രേരണമൂലം അതേക്കുറിച്ച് അദ്ദേഹം ചിന്തിക്കുവാൻ ഇടയായി. അതിനുപുറമെ പട്ടിപ്പറമ്പിലെ ഒരു നായർ യുവാവ് ഇട്ടൂ പ്പുണ്ണിയെ ഹൈസ്കൂളിൽതന്നെ ചേർക്കണമെന്ന് അപ്പനെ നിർബ

ന്ധിച്ചു. കുറെ നാളത്തേക്കു തന്റെ വീട്ടിൽ കുട്ടിയെ ഇംഗ്ലീഷ് പഠിപ്പിക്കുന്ന ചുമതല ഏറ്റെടുക്കുകയും ചെയ്തു. ആ യുവാവിന്റെ വാക്കുകൾ അപ്പന്റെ ആശങ്കയകറ്റി. അങ്ങനെ ഇട്ടൂപ്പുണ്ണി ഹൈസ്കൂളിൽ നാലാം ക്ലാസിൽ ചേർന്നുപഠിക്കാനിടയായി. ഒരു മാസത്തിൽ കുറയാതെയുള്ള കാലഘട്ടം, സ്കൂളിൽ പോകുന്ന വഴി അയാളുടെ വീട്ടിൽ കുറച്ചു നേരം ഇംഗ്ലീഷു പഠിക്കുന്നതിനായി ചെലവഴിച്ചു. അയാൾ സൗജന്യമായാണ് ആ സേവനമനുഷ്ഠിച്ചത്.

**നിറഞ്ഞ പ്രതീക്ഷയോടെ സന്ന്യാസത്തിലേക്ക്**

ബാല്യത്തിൽതന്നെ ദാരിദ്ര്യാരൂപിയെ സ്നേഹിച്ച് പരമമായ ദാരിദ്ര്യത്തെ പുൽകുന്നതിനായി വെമ്പൽകൊണ്ട ഇട്ടൂപ്പുണ്ണിക്കു സന്ന്യാസപ്രവേശനത്തിനുശേഷമുണ്ടായ അനുഭവത്തെക്കുറിച്ചു വിവരിക്കുന്നു: "ഞാൻ സന്ന്യാസത്തിൽ പ്രവേശിച്ചപ്പോൾ ആ കാര്യത്തിൽ (ദാരിദ്ര്യം) എനിക്ക് ഇച്ഛാഭംഗമാണുണ്ടായത്. ദാരിദ്ര്യത്തിന്റെ യഥാർത്ഥ അനുഭവങ്ങൾ ഞാൻ പ്രതീക്ഷിച്ചിരുന്നു. അയിരൂർ താമസിച്ചിരുന്നപ്പോൾ ദൈവകൃപയാൽ എന്റെ ആഗ്രഹം കുറച്ചു നിറവേറി. അവിടെയും ഞാൻ (വീട്ടിലായിരുന്നപ്പോൾ) സഹിച്ചേടത്തോളം സഹിപ്പാൻ നിർബന്ധപ്പെട്ടിരുന്നില്ല. സന്ന്യാസജീവിതം ആരംഭിച്ചതിനുശേഷം ദാരിദ്ര്യത്തിൽ നിന്നുള്ള വിഷമങ്ങൾ നേരിടുമ്പോൾ ഞാൻ എന്നോടുതന്നെ പറയാറുണ്ടായിരുന്നു: "വീട്ടിൽവെച്ച് അനുഭവിക്കേണ്ടിവന്നതിലും കഠിനമായ ദാരിദ്ര്യം അനുഭവിക്കാനല്ലേ സന്ന്യാസത്തിൽ പ്രവേശിച്ചത്?" അതോടെ സകല വിഷമങ്ങളും അടങ്ങും. ഈ ദാരിദ്ര്യസ്നേഹം എന്നെ എല്ലാത്തിലും ഉയർത്തിനിറുത്തി. ആരേയും സേവിക്കാതെ മനസ്സിന്റെ ശ്രേഷ്ഠത പാലിപ്പാൻ അതെന്നെ സഹായിച്ചു. ആവശ്യങ്ങൾ ഇല്ലാത്തവൻ ദരിദ്രനെങ്കിലും സമ്പന്നരെക്കാൾ സമ്പന്നനാണ്. സമ്പന്നർക്ക് അവരുടെ സമ്പത്തിനു കഴിവുള്ളതിൽ കൂടുതൽ ആഗ്രഹങ്ങൾ ഉണ്ടായാൽ അവർ ദരിദ്രരായിത്തീരുന്നു. ഉള്ളവകൊണ്ട് തൃപ്തിപ്പെടുന്നതിനും സാഹചര്യങ്ങളുമായി ഒത്തുപോകുന്നതിനും എനിക്ക് എളുപ്പമായിരുന്നു."

"നമ്മുടെ വീട്ടിൽ ലഭിച്ചിരുന്നതിനേക്കാൾ സുഖസൗകര്യങ്ങൾ സന്ന്യാസജീവിതത്തിൽ ഒരിക്കലും ഉണ്ടാകരുത്" എന്നത് ഡൺസ്റ്റണച്ചൻ കൂടെക്കൂടെ സമൂഹത്തിൽ പങ്കുവെക്കുന്ന ചിന്തയായിരുന്നു. അട്ടപ്പാടിയിലെ ജീവിതകാലം ഡൺസ്റ്റണച്ചനു തന്റെ ബോധ്യങ്ങ

ളുടെ പൂർണ്ണമായ ആവിഷ്കാരത്തിനും സാക്ഷാത്കാരത്തിനും ജന മദ്ധ്യത്തിൽ വിശ്വാസ്യമായ ജീവിതസാക്ഷ്യത്തിനും അവസരമായി.

അദ്ദേഹം തുടരുന്നു: "ഈ പറഞ്ഞത് (ഉള്ളവകൊണ്ട് തൃപ്തിപ്പെടുന്ന തിനും സാഹചര്യങ്ങളുമായി ഒത്തുപോകുന്നതിനുമുള്ള എളുപ്പം) ലൗകികവസ്തുക്കളുടെ അനുഭവത്തിലും ശാരീരികസുഖത്തെ സംബ ന്ധിച്ചും മാത്രമേ എന്നിൽ വാസ്തവമാകയുള്ളു. മറ്റുള്ളവരുടെ ആശയ ങ്ങളോടും ആദർശങ്ങളോടും ഒത്തുപോകുവാൻ എനിക്ക് അസാമാന്യ മായ വിഷമമാണുള്ളത്." സ്വന്തം കുടുംബാംഗങ്ങളെയോ വസ്തുക്കളെ യോ ഉപേക്ഷിക്കുന്നവനു നൂറിരട്ടി ലഭിക്കുമെന്ന (മത്താ. 19:29) കർ ത്താവിന്റെ വാഗ്ദാനത്തെ അനുസ്മരിച്ചുകൊണ്ട്, അച്ചൻ അർത്ഥിക ളോടു ചോദിക്കാറുണ്ട്, "അങ്ങനെയെങ്കിൽ സ്വന്തം മനസ്സ് ഉപേക്ഷി ക്കുന്നവന് എന്തു പ്രതിഫലമാണു ലഭിക്കുക?"

ദാരിദ്ര്യപുണ്യത്തെ സംബന്ധിച്ചു തനിക്കുള്ള ബോദ്ധ്യങ്ങളും അതിന്റെ അഭ്യസനവും അഭ്യസനത്തിൽ അനുഭവങ്ങളിലൂടെ താൻ കൈവരിച്ച മാറ്റങ്ങളും അദ്ദേഹം ഹ്രസ്വമായി വിവരിക്കുന്നു: "വ്യക്തി പരമായ ദാരിദ്ര്യം പാലിക്കുന്നതിനു ഞാൻ ഏറെ ശ്രമിച്ചിരുന്നു. നമുക്കു ചുറ്റുമുള്ള ദരിദ്രരോടു പൊരുത്തപ്പെടാൻ നമ്മുടെ ആശ്രമങ്ങളുടെ സം രംഭങ്ങളും ജീവിതരീതിയും 1942 മുതൽ (തത്വശാസ്ത്ര പഠനകാലം) എന്നെ വളരെയധികം വേദനിപ്പിച്ചിരുന്നു. 1944-ൽ (ദൈവശാസ്ത്ര പഠനത്തിനിടയിൽ) ഞാൻ രക്തവാതരോഗിയായിത്തീർന്നത് ഒരു വലിയ അനുഗ്രഹമായി അന്ന് എനിക്കു തോന്നി. അപ്പോഴേക്കും ഞാൻ എന്റെ ഉള്ളിൽ ഒരു കൊച്ചുവിപ്ലവകാരിയായിരുന്നു. രോഗിയായതോടു കൂടി സ്വയവിശുദ്ധീകരണത്തിനായി മാത്രം ഞാൻ ശ്രദ്ധിക്കുവാൻ തുടങ്ങി. മറ്റുള്ളവരുടെ കാര്യത്തിൽ തലയിടേണ്ട ചുമതലയില്ലെന്നു തോന്നി. പഥ്യവും കഷായവും വേദനയും ഒറ്റയ്ക്കു താമസിപ്പിക്കലും എനിക്കിഷ്ടപ്പെട്ടു. എന്നെ സംബന്ധിച്ച് അപ്പോൾ എല്ലാം എളിയതായി. വൈദിക ജീവിതത്തിന്റെ പ്രതീക്ഷയും ഇല്ലാതായി. ഒരു തീവ്രവാദിയായി തീരുന്നതിൽനിന്നു ദൈവം അന്ന് അങ്ങിനെ എന്നെ രക്ഷിച്ചു."

തീവ്രമായ ബോദ്ധ്യങ്ങളും ആശയങ്ങളും ആദർശങ്ങളും മനുഷ്യനെ ചിലപ്പോൾ അഹങ്കാരിയും നിഷേധിയുമാക്കി മാറ്റുന്നതിനു സാധ്യത യുണ്ട്. ഡൺസ്റ്റണച്ചനും ആ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങിയിരുന്നു. രോഗങ്ങളും സഹനങ്ങളും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനു പതം വരുത്തി. അദ്ദേഹത്തെ രൂപാന്തരപ്പെടുത്തി. കൂടുതൽ എളിമയുള്ളവ നാക്കി.

## ആന്തരികഭാവത്തിന്റെ അടയാളങ്ങൾ

ജീവിതശൈലിയിലും പെരുമാറ്റത്തിലും ഡൺസ്റ്റണച്ചൻ പുലർത്തുന്ന ലാളിത്യമാണ് ഏവരെയും ഏറ്റവും ആകർഷിക്കുന്ന ഘടകം. സംസാരത്തിലും പ്രവൃത്തിയിലും ഉടുപ്പിലും നടപ്പിലും ഭക്ഷണത്തിലും ഭാഷണത്തിലും ഉപയോഗസാധനങ്ങളിലും ലാളിത്യം നിറഞ്ഞുനിന്നു. അവയെല്ലാം താൻ ആന്തരികതയിൽ സ്നേഹിച്ച ദാരിദ്ര്യത്തിന്റെ അടയാളങ്ങളായിരുന്നു. "ആകാശത്തിലെ പറവകളെ നോക്കുവിൻ..." എന്ന ദൈവവചനം ചെറുപ്പംമുതലെ ഡൺസ്റ്റണച്ചനെ ഹഠാദാകർഷിച്ചു. "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ"എന്ന ദിവ്യസൂക്തം അക്ഷരാർത്ഥത്തിൽ ജീവിതത്തിൽ പകർത്തി.

വിത്സൻ തറയിലച്ചൻ ഡൺസ്റ്റണച്ചന്റെ മുറിയിലെ ക്രമീകരണങ്ങളെക്കുറിച്ച് മനോഹരമായി വിവരിക്കുന്നുണ്ട്: "മുറിയിൽ ഒരു കട്ടിൽ, ഒരു മേശ, ഒരു കസേര, ട്രങ്കുപെട്ടി എന്നിവ കൂടാതെ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. മുറിയിൽ കെട്ടിയിരിക്കുന്ന അഴയിൽ ഒരു ജോടി ളോവ, അടിവസ്ത്രങ്ങൾ, ഒരു തോർത്തുമുണ്ട്. മൂലയിൽ ഒരു ജോടി റബ്ബർ ചെരുപ്പ്, മേശപുറത്ത് ഒരു പുസ്തകം, ഒരു പെൻസിൽ ഇതായിരുന്നു അദ്ദേഹം ജീവിച്ചിരുന്ന മുറിയുടെ ഒരു ചെറിയ ചിത്രം. ചർക്കയ്ക്ക് മുമ്പിലിരിക്കുന്ന മഹാത്മാഗാന്ധിയെപ്പോലെ അദ്ദേഹം ദരിദ്രനായി, ഒന്നുമില്ലാത്തവനായി ഇരിക്കുന്ന ആ മനോഹരദൃശ്യം ഇന്നും നമ്മെ ചിന്തിപ്പിക്കുന്നതാണ്."

കോട്ടപ്പടിയിൽ ഉള്ള ഒരു ആശ്രമത്തിൽ വൈദിക വിദ്യാർത്ഥികളെ കുമ്പസാരിപ്പിക്കാൻ ഡൺസ്റ്റണച്ചൻ മാസത്തിലൊരിക്കൽ ചെല്ലുമായിരുന്നു. അച്ചന് ഒരു മുറി താമസിക്കുവാനായി, പതിവുപോലെ സോപ്പ്, കുളിമുണ്ട്, ബ്രഷ്, പെയ്സ്റ്റ്, ചീർപ്പ് തുടങ്ങിയ സാമഗ്രികളോടെ ഒരുക്കിയിടുമായിരുന്നു. അതിഥികളെ ശുശ്രൂഷിക്കുന്ന ഒരു വൈദിക വിദ്യാർത്ഥിക്ക് അദ്ദേഹം പതിവായി ഇവയൊന്നും ഉപയോഗിക്കാത്തതിൽ സംശയം ഉണർന്നു. ഒരു ദിവസം അച്ചൻ പുറത്തേക്കു പോയപ്പോൾ മുറി ഒന്നു പരിശോധിച്ചു. അപ്പോഴാണ് അച്ചൻ ഉപയോഗിച്ചിരുന്ന തോർത്തുമുണ്ടിന്റെ രഹസ്യം മനസ്സിലായത്. അദ്ദേഹത്തിന്റെ പഴയ ളോഹയുടെ ഒരു കഷണമാണ് തോർത്താക്കി ഉപയോഗിച്ചുകൊണ്ടിരുന്നത്.

ആശ്രമങ്ങളിൽ ഒന്നോ രണ്ടോ രാത്രികൾ തങ്ങിയശേഷം യാത്രതിരിക്കുംമുൻപേ ആശ്രമസുപ്പീരിയറെ സമീപിച്ചു യാത്ര ചോദിക്കുന്നതോടൊപ്പം ചിലപ്പോൾ പറയും, "പുതപ്പ് ഞാൻ മേശപ്പുറത്തു മടക്കിവെച്ചിട്ടുണ്ട്. ഉപയോഗിക്കേണ്ടി വന്നില്ല. അലക്കേണ്ട ആവശ്യം വരില്ല."

ഒരിക്കൽ ഡൺസ്റ്റണച്ചന്റെ സഹോദര പുത്രൻ സ്റ്റനിസ്ലാവൂസ് ആശ്രമത്തിൽ അദ്ദേഹത്തെ കാണാൻ ചെന്നു. അപ്പോൾ അച്ചൻ പൊട്ടിപ്പോയ ബെൽറ്റ് സൂചിയും നൂലും ഉപയോഗിച്ച് കൂട്ടിത്തുന്നുകയായിരുന്നു. ചെരിപ്പിന്റെ വാറും തുന്നാനുണ്ടായിരുന്നു. "സഭയ്ക്ക് ഇതിന്റെ ആവശ്യമുണ്ടോ? ഇത്രയ്ക്ക് ദാരിദ്ര്യം വേണമോ" എന്ന് മകൻ ചോദിച്ചു. "സഭയിൽ ഇങ്ങനെയും ആളുകൾ വേണം." മകന്റെ ചോദ്യത്തിന് ഇളയപ്പൻ മറുപടി പറഞ്ഞു.

ഉപയോഗിക്കുന്നതെന്തും പൂർണ്ണമായും ഉപയോഗിച്ചു തീർത്തിട്ടേ ഉപേക്ഷിച്ചിരുന്നുള്ളു. അതുകൊണ്ടുതന്നെ തുന്നലുകൾകൊണ്ട് അലങ്കൃതമായ വസ്ത്രങ്ങൾ ധരിച്ചു. ചെരുപ്പു ധരിക്കണമെന്ന നിർബ്ബന്ധമില്ലായിരുന്നു. പലപ്പോഴും നിഷ്പാദുകനായി സഞ്ചരിച്ചു. ധരിക്കുന്ന ചെരുപ്പുകളാകട്ടെ തീർത്തും ലളിതവും ചിലപ്പോഴെല്ലാം ചെരുപ്പുകുത്തിയും മുഖം തിരിക്കുന്ന തരവുമായിരുന്നു. മുഖക്ഷൗരത്തിന് ഉപയോഗിക്കുന്ന ബ്ലെയ്ഡ് വളരെ നാളുകളുടെ ഉപയോഗം മൂലം മൂർച്ച പോകുമ്പോൾ ചുമരിൽ ഉരച്ചു മൂർച്ചകൂട്ടി, വീണ്ടും ഉപയോജ്യമാക്കി മാറ്റും. ഉപയോഗമില്ലെന്നു കരുതി മറ്റുള്ളവർ കളയുന്ന വസ്തുക്കളിൽ മൂല്യം കാണുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അവയെല്ലാം ശേഖരിച്ച് ഉപയോജ്യമാക്കി മാറ്റുന്നതിൽ ശ്രദ്ധ പുലർത്തി. പറമ്പിൽ നടന്നു പഴയ സാധനങ്ങൾ പെറുക്കിക്കൂട്ടി. ഏതെങ്കിലും തരത്തിൽ ഉപകരിക്കുമെന്ന വിചാരത്തിൽ യാതൊന്നും നഷ്ടപ്പെടാതെ സൂക്ഷിച്ചുവച്ചു. കടലാസുകൊണ്ടും പ്ലാസ്റ്റിക് കവറുകൾകൊണ്ടും മനോഹരമായ പൂക്കൾ ഉണ്ടാക്കി കപ്പേളയിൽ അലങ്കാരത്തിനായി നൽകി.

ഒരു കപ്പ് ജലംകൊണ്ടുതന്നെ മുഖവും തലയും കഴുകിയശേഷം, ഇനി ദേഹം കുളിമുറിയിൽ കഴുകിയാൽ മതിയല്ലോ എന്ന് അദ്ദേഹം പറയുമായിരുന്നു. കൈ കഴുവാനുള്ള സോപ്പും ഉപയോഗിച്ച് പൊതുസ്ഥലത്തെ കണ്ണാടിയിൽ നോക്കി മുഖം വടിക്കുന്നതു ചിലപ്പോഴൊക്കെ കണ്ടിട്ടുണ്ട്.

യാത്രയ്ക്കായി പലപ്പോഴും ബസ് കാത്തുനിൽക്കുന്ന പതിവ് ഡൺസ്റ്റണച്ചന് ഇല്ലായിരുന്നു. അമ്പഴക്കാടുനിന്നു വരന്തരപ്പിള്ളിവരെ നടക്കാൻ തയ്യാറായിരുന്നു. പദയാത്രയ്ക്കിടയിൽ ഏതെങ്കിലും ബസ്സുകാർ വിളിച്ചുകയറ്റിയാൽ കയറുമെന്ന് മാത്രം. പാവറട്ടിക്കാർ ഡൺസ്റ്റണച്ചനെക്കുറിച്ചു പണ്ട് ഒരു തമാശ പറയാറുണ്ടത്രെ: "അച്ചൻ ആറടിയിൽ കൂടുതൽ കണ്ണുകളുയർത്തി നോക്കാറില്ല. അതായിരുന്നല്ലോ സന്ന്യാസത്തിന്റെ നിയമം. അതുകൊണ്ടുതന്നെ പലപ്പോഴും നടന്നു യാത്ര ചെയ്യേ

ണ്ടിവന്നു. ബസ്സ് ആറടി ദൂരം അടുത്തു വരുമ്പോഴേ അച്ചൻ അതിന്റെ ബോർഡ് കാണുകയുള്ളു. നടക്കുകയല്ലാതെ എന്താ നിവൃത്തി?''

1987-ൽ അബ്ദിയാസച്ചന്റെ വ്രതാനുഷ്ഠാന ജൂബിലി എറണാകുളം പ്രയർ ജനറൽ ഹൗസിൽ ആഘോഷിച്ചു. ജൂബിലേറിയന്റെ ബന്ധുവായ ഡൺസ്റ്റണച്ചനും അതിൽ സംബന്ധിച്ചു. മടക്കയാത്രയിൽ അച്ചനും കുടുംബാംഗങ്ങളും എറണാകുളം ബസ്സ് സ്റ്റാന്റിൽ ബസ്സിനായി കാത്തു നിന്നു. പാലക്കാടു പോകുന്ന ഒരു സൂപ്പർ ഫാസ്റ്റ് വണ്ടി വന്നപ്പോൾ ഡൺസ്റ്റണച്ചൻ അതിൽ കയറാനായി ഓടി. എന്നാൽ ബസ്സിൽ കയറാതെ അദ്ദേഹം തിരിച്ചുവന്നു. "ഓർഡിനറി വരട്ടെ'' അച്ചന്റെ പ്രതികരണം.

### 25 പൈസയ്ക്കു പരിഹാരം

ഡൺസ്റ്റണച്ചൻ ശരവണംപട്ടി നവസന്ന്യാസഭവനത്തിലെ അംഗമായിരിക്കെ, പ്രൊക്കുറേറ്ററായ ജോയ് ചാലിശ്ശേരിയച്ചനിൽനിന്നു 100 രൂപ കൈപ്പറ്റി. "നൂറുരൂപയുടെ കണക്കു ഞാൻ തരാട്ടൊ,'' ഒരു മാസം കഴിഞ്ഞ് ഡൺസ്റ്റണച്ചൻ ജോയച്ചനോടു പറഞ്ഞു. "ഊം'' ജോയച്ചൻ ഒന്നു മൂളി. ഏതാനും നാളുകൾ കഴിഞ്ഞ് ഡൺസ്റ്റണച്ചൻ വീണ്ടും വീണ്ടും കണക്കിനെക്കുറിച്ചു പറഞ്ഞു. "കണക്കിപ്പോഴും പൂർണ്ണമായില്ല. 25 പൈസയുടെ കുറവു കാണുന്നു.'' "25 പൈസയല്ലേ കുറവുള്ളു. ഞാൻ അതു ധർമ്മം കൊടുത്തതായി എഴുതാം.'' ജോയച്ചൻ സമാധാനിപ്പിച്ചു. ഡൺസ്റ്റണച്ചൻ സ്വതസിദ്ധമായി ചിരിച്ചു. "അതു വേണ്ട. ഞാൻ ഒന്നുകൂടി പരിശോധിക്കട്ടെ.'' കുറച്ചു നാളുകൾക്കു ശേഷം ഡൺസ്റ്റണച്ചൻ ക്ഷീണിതനായി പുറത്തുനിന്നു പടികടന്നുവരുന്നതു ജോയച്ചൻ കണ്ടു. "ഞാൻ ഗാന്ധിപുരത്തു സിസ്റ്റേഴ്സിനെ കുമ്പസാരിപ്പിച്ചു വരുകയാണ്. വിശ്വാസപുരത്ത് ഇറങ്ങുന്നതിനു പകരം ശരവണംപട്ടിയിൽ ബസ്സിറങ്ങി ഇങ്ങോട്ടു നടന്നു.'' വിശേഷം ചോദിച്ച ജോയച്ചനോട് ഡൺസ്റ്റണച്ചൻ പറഞ്ഞു. "അത് എന്തേ? പൈസ തികഞ്ഞില്ലേ?'' ജോയച്ചൻ അന്വേഷിച്ചു. "അല്ല. അച്ചന്റെ കണക്കു തീർക്കണ്ടേ? നഷ്ടപ്പെട്ട 25 പൈസക്ക് ഞാൻ നടന്നു പരിഹാരം ചെയ്തു.''

കാണാതായ പൈസ എഴുതിത്തള്ളുന്നതിനു പകരം അതിന് ആനുപാതികമെന്നു തനിക്കു തോന്നിയ പരിഹാരം അദ്ദേഹം അനുഷ്ഠിച്ചു. 25 പൈസ ബസ്സുകൂലിക്കു ചെലവായതായി അദ്ദേഹം കണക്കെഴുതി. ദാരിദ്ര്യവ്രതപാലനം ആത്മാർത്ഥമായും സത്യസന്ധമായും അദ്ദേഹം നിറവേറ്റി.

ഡൺസ്റ്റണച്ചൻ വരന്തരപ്പിള്ളി ആശ്രമാധികാരിയായിരിക്കെ കാനോനിക വിസീത്തയ്ക്കു വന്ന പ്രൊവിൻഷ്യാളച്ചനോട് തന്റെ ആശ്രമ കണക്കു പുസ്തകത്തിൽ 1500 രൂപയുടെ കണക്ക് കാണാതായ കാര്യം തുറന്നു പറഞ്ഞു. എന്നിട്ട് താൻ ഈ ശ്രേഷ്ഠസ്ഥാനത്തിനു യോഗ്യനല്ലെന്നും തന്നെ ജോലിയിൽനിന്നു മാറ്റണമെന്നും അപേക്ഷിച്ചു. പ്രൊവിൻഷ്യാളച്ചന്റെ മറുപടി ഇപ്രകാരമായിരുന്നു: "അച്ചാ, അച്ചൻ കണക്ക് എഴുതാൻ മറന്നു പോയതല്ലേ; അച്ചനെ എനിക്കറിയാം; ഈ സഭയ്ക്ക് അറിയാം; അച്ചന്റെ ആത്മീയതയുടെ കണക്കു പുസ്തകത്തിൽ ഒരു തെറ്റുമില്ലെന്ന് ഞങ്ങൾക്കറിയാം."

## മടിയിൽ കനമുള്ളവനേ വഴിയിൽ ഭയമുള്ളു

1989-90 കാലയളവിൽ ഡൺസ്റ്റണച്ചൻ സായ്ബാബ കോളനി ലിറ്റിൽ ഫ്ളവർ സെമിനാരിയിലായിരുന്നു. ഒരു ദിവസം യാത്ര കഴിഞ്ഞു രാത്രി വളരെ വൈകിയാണ് അദ്ദേഹം തിരിച്ചെത്തിയത്. അപ്പോഴേക്കും സെമിനാരിയുടെ കവാടം പൂട്ടിയിരുന്നു. എങ്കിൽ ലിറ്റിൽ ഫ്ളവർ മൊണാസ്റ്ററിയിൽ തങ്ങാം എന്നു കരുതി അങ്ങോട്ടു തിരിച്ചു. അവിടെയും പ്രവേശനമാർഗ്ഗത്തിൽ താഴ് വീണിരുന്നു. ഇനി എന്തു ചെയ്യണമെന്നറിയാതെ അച്ചൻ തിരിച്ചുനടന്നു. ആശ്രമത്തിന്റെ വഴിയിൽനിന്ന് അളകേശൻ റോഡിലേക്കു ചെന്നുചേരുന്നതിനു തൊട്ടുമുമ്പ് ഒരു ബസ്സ് കിടക്കുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പതിഞ്ഞു. 25-ാം നമ്പർ ബസ്സ്. രണ്ടുപേർ വണ്ടിയുടെ കേടു പോക്കുന്നതിൽ മുഴുകിയിരിക്കുന്നു. "ഇന്നു ഞാൻ ഈ വണ്ടിയിൽ കിടന്നോട്ടെ." അദ്ദേഹം അവരോട് അനുവാദം ചോദിച്ചു. അവർ മനസ്സലിഞ്ഞ് ആ യാചന സ്വീകരിച്ചു. ആ രാത്രി മുഴുവൻ ഡൺസ്റ്റണച്ചൻ ബസ്സിൽ കിടന്നുറങ്ങി.

ഒരിക്കൽ യാത്രയിൽ അച്ചൻ വളരെ വൈകി സായ്ബാബ കോളനി ലിറ്റിൽ ഫ്ളവർ ആശ്രമത്തിൽ ചെന്നെത്തി. കാവൽക്കാരന്റെ അനുവാദത്തോടെ ആശ്രമാങ്കണത്തിൽ പ്രവേശിക്കാനായി. അച്ചന്മാരും ജോലിക്കാരും ഉറങ്ങിക്കഴിഞ്ഞിരുന്നു. രാവിലെ ജോലിക്കാരൻ ഉണർന്നു നോക്കുമ്പോൾ ആശ്രമത്തിനു പുറത്തുള്ള ബെഞ്ചിൽ അച്ചൻ കിടന്നുറങ്ങുന്നു. ഭക്ഷണമോ പുതപ്പോ അദ്ദേഹം അന്വേഷിച്ചില്ല. ഉറങ്ങുന്ന സഹോദരങ്ങളെ ഉണർത്തേണ്ടയെന്നും കരുതി.

1982-ൽ ഒരു നാൾ ഡൺസ്റ്റണച്ചൻ അമ്പഴക്കാട് നവസന്ന്യാസ ഭവനത്തിൽനിന്നു കടലുണ്ടിയിലേയ്ക്കു ബസ്സിൽ യാത്രയായി. നവസന്ന്യാസികൾ അവരുടെ പരിശീലനത്തിന്റെ ഭാഗമായി കടലുണ്ടി കൊ

വേന്തയിൽ താമസമാക്കിയിരുന്നു. ബസ്സ് ആശ്രമത്തിന് അടുത്തുള്ള സ്റ്റോപ്പിലെത്തിയിട്ടും ഡൺസ്റ്റണച്ചൻ ഇറങ്ങിയില്ല. വണ്ടി മുന്നോട്ടു പോയി അതിന്റെ അവസാന സ്റ്റോപ്പിലെത്തി. നേരം നന്നേ ഇരുട്ടിയിരുന്നു. തിരിച്ചു യാത്രചെയ്യാൻ അന്നു വണ്ടിയില്ല. ഇനി എന്തു ചെയ്യും? ഡൺസ്റ്റണച്ചൻ ചുറ്റും നോക്കി. അതാ ഒരു ചായക്കട. അദ്ദേഹം അതിനെ ലക്ഷ്യമാക്കി നടന്നു. അന്നത്തെ കച്ചവടം കഴിഞ്ഞ് എല്ലാം വൃത്തിയാക്കി കട പൂട്ടുവാനുള്ള തിരക്കിലാണ് കടയുടമസ്ഥൻ. "ഇന്നു ഞാൻ ഇവിടെ കിടന്നോട്ടെ." ഡൺസ്റ്റണച്ചൻ കടക്കാരനോടു ചോദിച്ചു. "കിടന്നോളു." കടക്കാരൻ അനുവാദം നൽകി.

അട്ടപ്പാടിയിലേക്ക് ഒരു യാത്ര. ഒപ്പം രണ്ടു മൂന്ന് യോഗാർത്ഥികളുമുണ്ട്. പാലക്കാട് ചെന്നപ്പോൾ തന്നെ രാത്രി എട്ടുമണി. പിന്നെ അട്ടപ്പാടിക്കു ബസില്ല. ബസ്സ്സ്റ്റാൻഡിൽ കിടന്നുറങ്ങുകയല്ലാതെ വേറെ വഴിയില്ല. അന്ന് അച്ചനും കുട്ടികളും പാലക്കാട് ബസ്സ്സ്റ്റാന്റിൽ കിടന്നുറങ്ങി. കൈയിൽ ബസ്സ് കാശു മാത്രമേയുള്ളു. പൈസ വെക്കുന്ന പേഴ്സ് എവിടെ സൂക്ഷിക്കും. കള്ളന്മാരുടെ ശല്യമുള്ള സ്ഥലമാണ്. എവിടെ വച്ചാലും ഉറക്കം വരില്ല. ഡൺസ്റ്റണച്ചൻ ആ പേഴ്സ് എല്ലാവരും കാണുന്ന രീതിയിൽ തലഭാഗത്ത് പരസ്യമായി വെച്ച് സിമന്റ് ബഞ്ചിൽ കിടന്നുറങ്ങി. ഏതെങ്കിലും കള്ളന് അത് അത്യാവശ്യമെങ്കിൽ എടുത്തു കൊള്ളട്ടെ. അതു സൂക്ഷിക്കുന്നതിൽ ശ്രദ്ധിച്ചാൽ തന്റെ ഉറക്കം നഷ്ടമാകും. ആയതിനാൽ അത് പരസ്യമായി പുറത്തിരിക്കട്ടെ. അതായിരുന്നു ഡൺസ്റ്റണച്ചന്റെ ന്യായം. ഒരു കള്ളനും ആ പേഴ്സ് ആവശ്യം വന്നില്ല. ഒപ്പമുണ്ടായിരുന്ന അച്ചൻ കുട്ടികൾക്ക് ഡൺസ്റ്റണച്ചന്റെ ന്യായം ഏറെ ബോധിച്ചു.

### ഉപ്പു ചേർക്കാത്ത കഞ്ഞി മുതൽ പഴയ സാമ്പാറു വരെ

താൻ ഏറ്റവും വിലപ്പെട്ടതായി കരുതിയിരുന്ന ദാരിദ്ര്യശൈലി ഊട്ടുമുറിയിലും ഡൺസ്റ്റണച്ചൻ അനുവർത്തിച്ചു. ഒരു വിശുദ്ധനാകുന്നതിനുള്ള അഭിവാഞ്ച അഞ്ചാം വയസ്സിൽ മുളയെടുത്തതുമുതൽ ത്യാഗമായി ഇനിമേൽ ഭക്ഷണം ഉപ്പു ചേർക്കാതെ കഴിക്കാം എന്നു സഹോദരി കുഞ്ഞേത്തിയോടൊപ്പം തീരുമാനമെടുത്തിരുന്നു.

കുഞ്ഞുനാളിൽ ഭക്ഷണമേശയിൽ ആരംഭിച്ച ത്യാഗം ജീവിതത്തിലുടനീളം അദ്ദേഹം തുടർന്നു. അട്ടപ്പാടി ആശ്രമത്തിൽ ഒറ്റയ്ക്കു കഴിഞ്ഞിരുന്ന അവസരങ്ങളിൽ പലപ്പോഴും തേങ്ങാക്കൊത്തും പരിപ്പു തിളപ്പിച്ച വെള്ളവുംമാത്രം കഴിച്ച് അദ്ദേഹം വിശപ്പടക്കി. ഒരേ പരിപ്പു

തന്നെ പല നാളുകൾ തിളപ്പിക്കുന്നതിനായി അദ്ദേഹം കരുതിവച്ചു. ദൂരയാത്ര കഴിഞ്ഞു രാത്രിയിൽ അപ്രതീക്ഷിതമായി തിരിച്ചെത്തുന്ന ഡൺസ്റ്റണച്ചൻ ഭക്ഷണം ലഭിച്ചില്ലെങ്കിൽ ഒരിക്കലും വിഷമം പ്രകടിപ്പിച്ചിട്ടില്ല. പകരം തേങ്ങയും പച്ചക്കറികളും കഴിച്ചു തൃപ്തനാകും.

മഠങ്ങളിൽ ഭക്ഷണം കഴിക്കുമ്പോൾ ചിലപ്പോഴെല്ലാം സഹോദരിമാർ ഭക്ഷണത്തെക്കുറിച്ച് ചോദിക്കും. "എന്തായാലും വിശപ്പു മാറണം," എന്നാണ് മറുപടി തരിക. "എന്തു ഭക്ഷണം കൊടുത്താലും അതിൽ സംതൃപ്തനാണ്. കഴിക്കുന്നതു കണ്ടാൽതന്നെ തോന്നും, കിട്ടിയതിൽ വളരെ സന്തുഷ്ടനാണെന്ന്.'' ഒരു സഹോദരിയുടെ സാക്ഷ്യം.

"പലരും ഭക്ഷണം കഴിക്കുന്നത് വിശന്നിട്ടല്ല. ഭക്ഷണത്തിനുള്ള സമയമായതുകൊണ്ടും രുചിയുള്ള ഭക്ഷണം ലഭിക്കുന്നതുകൊണ്ടുമാണ്. വിശപ്പിനുള്ള ഭക്ഷണംമാത്രം കഴിക്കുന്നതാണ് ആരോഗ്യത്തിന് ഏറ്റവും ഗുണകരം'' എന്നായിരുന്നു ഡൺസ്റ്റണച്ചന്റെ അഭിമതം.

സമൂഹത്തിൽ ഓരോ നേരവും ഭക്ഷണത്തിന് എത്തുമ്പോൾ മുൻനേരത്തിലേതു ബാക്കിയുണ്ടോയെന്ന് അദ്ദേഹം അന്വേഷിക്കുമായിരുന്നു. മറ്റുള്ളവർ പുതിയതും സ്വാദുള്ളതുമായ ഭക്ഷണം തേടിപ്പോകുമ്പോൾ പഴയതുകൊണ്ട് അദ്ദേഹം തൃപ്തിപ്പെടും. രാവിലെ ശേഷിച്ചിരുന്ന ഉപ്പുമാവ്, ഉച്ചയ്ക്കു ബാക്കിവന്ന സാമ്പാർ, നാലുമണിക്കു മിച്ചംവന്ന സേമിയ പായസം, അല്പം ചോറ് തുടങ്ങി പല പദാർത്ഥങ്ങളുടെ മിശ്രണമായിരിക്കും അച്ചന്റെ അത്താഴം. പഴുത്തു പാകം തെറ്റിയ പഴവും ഉപേക്ഷിക്കാറില്ല. പുഴു കയറിയ മാങ്ങയുടേയും ചീഞ്ഞു തുടങ്ങിയ പപ്പായയുടെയും നല്ലഭാഗം മുറിച്ചെടുത്ത് അദ്ദേഹം കഴിച്ചിരുന്നു. അൽപം പഴകിയെന്നതുകൊണ്ട് യാതൊന്നും പാഴായിപ്പോകരുതെന്നു നിർബ്ബന്ധമുണ്ടായിരുന്നു.

ഒരു ദിവസം ഉപ്പുമാവായിരുന്നു പ്രഭാതഭക്ഷണം. ഉപ്പിന്റെ ആധിക്യത്താൽ അതു ശരിക്കും ഉപ്പുമാവുതന്നെയായിരുന്നു. എന്തുചെയ്യണമെന്നറിയാതെ നവസന്ന്യാസികൾ വിഷണ്ണരായി നിൽക്കേ, ഡൺസ്റ്റണച്ചൻ കടന്നുവന്നു. അൽപം ഉപ്പുമാവെടുത്ത് രുചിച്ചുനോക്കി. മുഖത്ത് ഭാവഭേദമൊന്നുമില്ല. ശേഷം ഒരു ഗ്ലാസിൽ വെള്ളമെടുത്ത് ഉപ്പുമാവ് കഴുകിയശേഷം കഴിച്ചു. തുടർന്ന് പതിവുപോലെ ഒരു തൂമ്പയുമെടുത്ത് തോട്ടത്തിലേക്ക് ഇറങ്ങിപ്പോയി.

ഡൺസ്റ്റണച്ചന്റെ ശുശ്രൂഷകരിൽ ഒരാൾ അനുസ്മരിക്കുന്നു: "അച്ചനു കുടിക്കുന്നതിനായി പാൽ കൊടുത്താൽ അൽപം അച്ചാറോ കറിയോ ചേർത്തുകഴിക്കുമായിരുന്നു. അതു കണ്ട് പലപ്പോഴും എനിക്ക്

അസ്വസ്ഥത തോന്നിയിരുന്നു. ഞാൻ ഒരിക്കൽ ഗുരുവച്ചന്റെ പക്കൽ പരാതിയുമായിച്ചെന്നു. അദ്ദേഹം എനിക്കു വിശദീകരിച്ചുതന്നു. അപ്പോഴാണ് ഡൺസ്റ്റണച്ചന്റെ പരിത്യാഗമനോഭാവത്തിന്റെ ആഴം മനസ്സിലായത്. ഈ അനുഭവം അച്ചനോടുള്ള ബഹുമാനം വളർത്തുവാൻ ഇടയാക്കി.''

അവസാനകാലത്ത് അച്ചൻ കഴിക്കുന്ന ഭക്ഷണത്തിന്റെ അളവു കുറഞ്ഞു വന്നപ്പോൾ ശുശ്രൂഷകർ ഒരു സൂത്രം അവലംബിച്ചു. "ഈ ഭക്ഷണം ആർക്കും വേണ്ട. കൊണ്ടുപോയി കളഞ്ഞേക്കാം.'' കേൾക്കേണ്ട താമസം രോഗി ഭക്ഷണം കഴിച്ചുതീർക്കും.

## തുലനാവസ്ഥയിൽ പ്രതികരിക്കുമ്പോൾ

ആഘോഷങ്ങളോടും ആർഭാടങ്ങളോടും ഡൺസ്റ്റണച്ചൻ എന്നും നിസ്സംഗത പുലർത്തി. താൻ അംഗമായിരിക്കുന്ന സമൂഹത്തിൽ തന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുനാളും സ്വന്തം ജന്മദിനവും പരിശീലന ഭവനങ്ങളിൽ റെക്റ്ററേഴ്സ് ഡേയും ആഘോഷിച്ചപ്പോൾ അച്ചൻ അവയിൽ നിന്ന് ഒരിക്കലും അകന്നുനിന്നില്ല. തനിക്കായി ഒരിക്കലും ആഘോഷങ്ങൾ സംഘടിപ്പിച്ചില്ല. തന്നെ കേന്ദ്രമാക്കിയുള്ള കൊണ്ടാട്ടങ്ങൾ അച്ചന്റെ ചിന്താകേന്ദ്രത്തെ ഭരിച്ചതുമില്ല. തനിക്കായി ഒരുക്കുന്ന എല്ലാറ്റിനോടും തുലനാവസ്ഥയിൽ പ്രതികരിച്ചു. സ്ഥിതപ്രജ്ഞതയോടെ സർവ്വരോടും സഹകരിച്ചു. ലോകം ഉപേക്ഷിച്ചവന് അനുഗുണമായ മനോഭാവം.

ദാരിദ്ര്യവ്രതമെടുത്തു തികച്ചും ദൈവത്തിന്റെ നിസ്വനായി ജീവിക്കുന്നവൻ തന്റെ സഹോദരപുത്രനും പാലക്കാട് രൂപതാ വൈദികനുമായ ജോൺ വിയാനിയച്ചനോടു സാന്ദർഭികമായി ചോദിച്ചു: "നിനക്കു ബാങ്ക് എക്കൗണ്ട് ഉണ്ടോ?'' ഇല്ലായെന്ന് വിയാനിയച്ചന്റെ മറുപടി. "എങ്കിൽ ഉടനെ ഒരു ബാങ്ക് എക്കൗണ്ട് തുടങ്ങണം.''

## നഷ്ടങ്ങളിൽ അക്ഷോഭ്യനായി

സർവ്വസംഗപരിത്യാഗിക്ക് ഒന്നിനോടും ഒട്ടിനിൽക്കാനാവില്ല. ഒന്നും നഷ്ടപ്പെടുത്താതെ എല്ലാം ഭാവിസമൂഹത്തിനായി കരുതിവയ്ക്കുന്നതും ജീവിതത്തിൽ പരിപൂർണ്ണ ദാരിദ്ര്യം പാലിക്കുന്നതും അവർക്കു ജീവിതചര്യയുടെ അവിഭാജ്യഭാഗമാണ്. ഒപ്പം ഭൗതിക നേട്ടങ്ങളോടു നിസ്സംഗത പുലർത്തുന്നു. ഒന്നും സമ്പാദിച്ചു സ്വന്തമാക്കാൻ ആഗ്രഹിക്കുന്നില്ല. ജീവിതത്തിൽ നേരിടുന്ന നഷ്ടങ്ങളെ പ്രതി നിസ്സം

ഗതയിൽനിന്ന് ഇളകുന്നില്ല. സ്വന്തമായി ഉപയോഗിക്കുന്നതെന്തും നഷ്ടമാകുമ്പോഴും അവർ അക്ഷോഭ്യരായിരിക്കും.

ഒരാൾ തന്റെ അനുഭവം പങ്കുവയ്ക്കുന്നു: "ഞങ്ങളുടെ മൂത്ത ബാച്ചിലെ ഒരു സഹോദരനെ ശരവണംപട്ടി വിമൽ ജ്യോതി ആശുപതിയിൽ പ്രവേശിപ്പിച്ചിരിക്കയായിരുന്നു. അന്ന് പുതിയതായി വാങ്ങിയ ഫ്ളാസ്ക്കിൽ ആദ്യമായി പാൽ പകർന്നു രോഗിക്കുവേണ്ടി ഞാൻ കൊണ്ടുപോയി. സൈക്കിളിലാണ് ഞാൻ ആശുപത്രിയിലേക്കു പോയത്. ആശുപത്രി അങ്കണത്തിലേയ്ക്കു പ്രവേശിക്കുന്നതിനിടയിൽ ഫ്ളാസ്ക്ക് സൈക്കിളിൽ തട്ടി ഉള്ളിലെ ഗ്ലാസ് ഉടഞ്ഞ് പാൽ പ്രയോജനരഹിതമായി. പൊട്ടിയ ഫ്ളാസ്കുമായി ഭയന്നുഭയന്നു നൊവിഷ്യേറ്റിലേക്കു ഞാൻ തിരിച്ചുവന്നു. റെക്റ്ററായ ഡൺസ്റ്റണച്ചനോടു സത്യാവസ്ഥ തുറന്നുപറഞ്ഞപ്പോൾ, 'മറ്റൊരു പാത്രത്തിൽ പാലെടുത്ത് ആശുപത്രിയിലേക്കു പോകു ... എത്രയും വേഗം ...' എന്ന നിർദ്ദേശമാണ് എനിക്കു ലഭിച്ചത്. വലിയൊരു ശാസനയും ശിക്ഷയും പ്രതീക്ഷിച്ചിരിക്കെ ഒത്തിരി ആശ്വാസവും ആശ്ചര്യവുമാണ് തോന്നിയത്. പിന്നീട് ഒരിക്കലും ഇതേക്കുറിച്ച് അദ്ദേഹം എന്നോടു സംസാരിച്ചിട്ടുമില്ല. തികച്ചും അപ്രതീക്ഷിതമായ ഈ സമീപനം എന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായിരുന്നു."

**സംഘാത സാക്ഷ്യത്തിനു പ്രചോദനം**

തന്റെ വ്യക്തിപരമായ ജീവിതത്തിൽ പരമദരിദ്രനായി ഡൺസ്റ്റണച്ചൻ ജീവിച്ചു. ഒരു സന്ന്യാസി തനിയെ വിശുദ്ധനായാൽ പോരാ. രണ്ടാം വത്തിക്കാൻ സൂനഹദോസ് സന്ന്യാസികളോട് ആവശ്യപ്പെടുന്നതു സംഘാതമായ സാക്ഷ്യമാണ്.

കൗൺസിൽ പഠനങ്ങളുടെ വെളിച്ചത്തിൽ ഡൺസ്റ്റണച്ചൻ ഇപ്രകാരം കുറിക്കുന്നു: "സന്ന്യാസികൾ യഥാർത്ഥ ദാരിദ്ര്യത്തിന്റെ വിഷമങ്ങൾ അനുഭവിക്കണം; സമൂഹമായി ദരിദ്രനായ ക്രിസ്തുവിന്റെ സാക്ഷികളാകണം എന്ന കൗൺസിൽ ഡിക്രിയിലെ ആശയമാണ് അതിനു കാരണം. ഞാൻ ദരിദ്രനായി ജീവിച്ചാൽമാത്രം പോരാ; സഭ ആഗ്രഹിക്കുന്ന തരത്തിൽ ക്രിസ്തുവിന്റെ സാക്ഷികളുടെ സമൂഹത്തിൽ ജീവിക്കാൻകൂടെ ഞാൻ പരിശ്രമിക്കണം."

കൗൺസിലിന്റെ ആഹ്വാനമനുസരിച്ചു സന്ന്യാസസമൂഹം ദാരിദ്ര്യമെന്ന പുണ്യത്തിനു സംഘാതമായ സാക്ഷ്യം നൽകണമെന്ന് അച്ചൻ ആഗ്രഹിച്ചിരുന്നു. വ്യക്തികൾ ദാരിദ്ര്യമെന്ന പുണ്യം എത്ര പൂർണ്ണത

യിൽ അഭ്യസിച്ചാലും സമൂഹമെന്ന നിലയിൽ നാം ധനവാന്മാരായി കാണപ്പെടുന്നുണ്ടെങ്കിൽ അവിടെ സാക്ഷ്യമൂല്യത്തിനു ശോഷണം സംഭവിക്കുന്നു. അതുകൊണ്ട് സന്ന്യാസമൂല്യങ്ങളുടെ സംഘാതമായ പാലനത്തെക്കുറിച്ചും സാക്ഷ്യത്തെപ്പറ്റിയും സമൂഹത്തിലെ ചർച്ചകളിൽ ശക്തമായി അദ്ദേഹം ആശയങ്ങൾ അവതരിപ്പിച്ചു. സന്ന്യാസഭവനങ്ങളും അനുബന്ധ സംവിധാനങ്ങളും ആർഭാടപൂർണ്ണമാകുമ്പോൾ ജനത്തിനു നൽകുന്ന സന്ദേശം വളരെ വിപരീതവും സന്ന്യാസസമർപ്പണത്തിന്റെ എതിർസാക്ഷ്യവുമായിത്തീരുന്നുവെന്നു സഭാംഗങ്ങളെ ഓർപ്പിച്ചു. “ഇതെല്ലാം നമ്മെ ദൈവസന്നിധിയിലേക്ക് എത്തിക്കുന്നതാണോ എന്ന് ചിന്തിക്കണം.'' സഭയുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചു പറയുമ്പോൾ അദ്ദേഹം സഭാംഗങ്ങളുടെ ഓർമ്മയിൽ കൊണ്ടുവരുന്ന പരാമർശമാണിത്.

റാഞ്ചിയിലെ യോഗാർത്ഥികൾ പല്ലുതേക്കുന്നതിന് ഒരു പ്രത്യേകതരം പൽപ്പൊടിയാണ് ഉപയോഗിച്ചിരുന്നത്. ഉപകാരപ്രദമെങ്കിലും അത്ര സുഖകരമല്ലാത്ത മണമുള്ള ഈ പൽപ്പൊടി അവർക്ക് ഇഷ്ടമായിരുന്നില്ല. പല്ലുതേക്കുവാനുള്ള ‘ചാഴിപ്പൊടി’ എന്ന് അതിനെ തമാശയായി വിളിച്ചു. അന്നാട്ടിലെ പാവപ്പെട്ടവർ ആരിവേപ്പ്, ഉങ്ങ് തുടങ്ങിയ ഔഷധഗുണമുള്ള ചെടികളുടെ ചെറുതണ്ടുകൾകൊണ്ടാണ് പല്ലുതേച്ചിരുന്നത്. പല്ലുതേച്ചശേഷം ആ കമ്പ് രണ്ടായി പൊളിച്ച് നാവു വടിക്കും. ഒരു ദിവസം ഉപദേശ സമയത്ത് ഡൺസ്റ്റണച്ചൻ പറഞ്ഞു: “സെമിനാരി പഠനകാലത്ത് സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന വീടുകളിൽനിന്നു വരുന്നവർ ലളിതജീവിത ശൈലി സ്വായത്തമാക്കുന്നതു വളരെ വേഗത്തിലായിരിക്കും. എന്നാൽ, സാമ്പത്തികശേഷി കുറഞ്ഞ സാഹചര്യങ്ങളിൽ നിന്നു വരുന്നവരാണ് കൂടുതൽ സുഖസൗകര്യങ്ങൾക്കായി ആഗ്രഹിക്കാറുള്ളത്.സന്ന്യാസത്തിൽ കുടുംബപരമായ സാമ്പത്തിക വേർതിരിവുകളൊന്നുമില്ല. നിങ്ങൾ ഉപയോഗിക്കുന്ന പൽപ്പൊടിയുടെ ഗുണം മാത്രം നോക്കിയാൽ മതി. ഈ പൽപ്പൊടിയേക്കാൾ വളരെ വിലയുള്ള ടൂത്ത്പേസ്റ്റ് വേണമെന്ന ആഗ്രഹം നിങ്ങളൊന്നു പരിശോധിക്കുന്നത് നല്ലതാണ്.

താൻ ആഗ്രഹിക്കുന്ന ആദർശങ്ങളുടെ നേർരേഖയിൽ വരിതെറ്റാതെ വലിയൊരു സമൂഹം ചരിക്കുകയെന്നത് അസാദ്ധ്യമെന്ന് അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ട് സഭയുടെ തെരഞ്ഞെടുക്കപ്പെട്ട ഭവനങ്ങളിൽ, ലളിതജീവിതത്തോടു സവിശേഷാഭിമുഖ്യമുള്ള സമാനമനസ്കരായ സഭാംഗങ്ങൾ ഒരുമിച്ചുകൂടി ദാരിദ്ര്യജീവിതത്തിനു സംഘാതമായ

സാക്ഷ്യം നൽകണമെന്ന് ആഗ്രഹിച്ചു. പല സന്ന്യാസസഭകളുടെയും നവീകരണം അപ്രകാരമാണല്ലോ സംഭവിച്ചത്.

കനീസിയൂസ് തെക്കേക്കരയച്ചൻ പ്രൊവിൻഷ്യാളായിരിക്കെ, പ്രവിശ്യയുടെ ചില പ്രവർത്തനങ്ങൾക്കായി പേരു നൽകണമെന്നു നിർദ്ദേശിച്ചുകൊണ്ട് പ്രവിശ്യാംഗങ്ങൾക്ക് എഴുതിയ കത്തിൽ ഇപ്രകാരം ആവശ്യപ്പെടുന്നു: 'ചെറിയ പാസ്റ്ററൽ സെന്റേഴ്സിൽ ജോലി ചെയ്യാൻ സാദ്ധ്യതയുള്ള രണ്ടോ മൂന്നോ പേരെയെങ്കിലും, ഈവർഷം തന്നെ അതിലേക്കു നിയോഗിക്കാൻ ശ്രദ്ധിക്കണം' എന്ന പ്രവിശ്യാസംഘത്തിന്റെ നിർദ്ദേശം പ്രായോഗികമാക്കുന്നതിനുള്ള സാദ്ധ്യതകൾ തെളിഞ്ഞു വരുന്നുണ്ട്. സൗകര്യങ്ങൾ കേവലം പരിമിതമായ സ്ഥലങ്ങളിൽ രൂപതയുടെ പേർക്കു ചില സെന്റേഴ്സ് സ്ഥാപിച്ച്, അവ വികസിപ്പിച്ച് ഇടവകകളാക്കിത്തീർത്ത് രൂപതയെ ഏൽപിക്കുക എന്ന ജോലി തികച്ചും ത്യാഗപൂർണ്ണമാണ്. ഈ ജോലി ഏറ്റെടുക്കുന്നതിനു സന്നദ്ധതയുള്ളവർ ഈ മാസത്തിൽത്തന്നെ വിവരം എന്നെ അറിയിപ്പാറാകണം.''

അധികാരിയുടെ കത്തിനു ഡൺസ്റ്റണച്ചൻ മറുപടി എഴുതി. പ്രൊവിൻഷ്യാളച്ചൻ മുന്നോട്ടുവച്ചിരിക്കുന്ന പല പ്രവർത്തനങ്ങളിൽ ചെറിയ പാസ്ട്രൽ സെന്റേഴ്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കു താൻ മുൻഗണന നൽകുന്നതായി മറുപടി നൽകി. അതിനുള്ള കാരണവും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്: "ഒരാശ്രമത്തിൽ താമസിച്ചു സമൂഹമായി അപ്രകാരം സാക്ഷ്യം നൽകാൻ അസാധ്യമായി തോന്നുന്നതുകൊണ്ടാണ് പ്രകൃതിയാലെ എനിക്കേറ്റം ഇഷ്ടപ്പെട്ട ആശ്രമജീവിതം ഉപേക്ഷിച്ച് ചെറിയ പാസ്റ്ററൽ സെന്ററുകൾ അന്വേഷിക്കുന്നതിന്റെ ഒരു കാരണം. മറ്റൊരു കാരണം, വൈദികർ ഇനിയും ശരിയായി കടന്നുചെന്നിട്ടില്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട കത്തോലിക്ക കുടുംബങ്ങൾക്കു സേവനം ചെയ്യാൻ ഞാൻ മതിയെന്നു തോന്നുന്നതുകൊണ്ടും മറ്റു പലരെക്കാൾ എനിക്കെളുപ്പമുണ്ടെന്നു തോന്നുന്നതുകൊണ്ടുമാണ്. ആ വഴിക്ക് നമ്മുടെ സഭയെ നവീകരിക്കാമെന്നു തോന്നുന്നു.''

ഒരു അഭിമുഖ സംഭാഷണത്തിൽ ഈ ആശയം ഡൺസ്റ്റണച്ചൻ ഒന്നുകൂടെ വ്യക്തമാക്കുന്നുണ്ട്: "... ലളിതജീവിതം പ്രത്യേകവിധം ലക്ഷ്യംവെച്ച ഒരു 'സെന്റർ' തുടങ്ങണമെന്ന് പ്രവിശ്യാസംഘം (ദേവമാതാ പ്രവിശ്യാ, തൃശൂർ) തീരുമാനമെടുത്തിരുന്നു. അപ്രകാരമൊരു 'സെന്റർ' തുടങ്ങുമ്പോൾ അവിടെ താമസിക്കാൻ ഞാൻ തയ്യാറാണെന്നു സമ്മതിക്കുകയും ചെയ്തിരുന്നു. അങ്ങനെ

യിരിക്കെയാണ് അട്ടപ്പാടിക്കു പോകാമോയെന്ന് പ്രൊവിൻഷ്യാളച്ചൻ എന്നോടു ചോദിച്ചത്. ഞാൻ സമ്മതിക്കുകയും ചെയ്തു.''

അട്ടപ്പാടിയിലേക്കു പുറപ്പെടുന്നതിനുമുമ്പ് പ്രവിശ്യാധികാരിക്ക് അച്ചൻ എഴുതി: "... എന്തായാലും ഞാൻ ഒരുങ്ങുന്നു. അട്ടപ്പാടിയിലെ കൃഷി ഭൂമികൾ അതും 16 ഏക്കർ ഞാൻ ഇഷ്ടപ്പെടുന്നില്ല. (അത്രയും സ്ഥലം സ്വന്തമായുള്ള ആശ്രമത്തിൽ സാക്ഷ്യമൂല്യത്തോടെ ജീവിക്കുക സാധ്യമല്ലെന്ന് അദ്ദേഹം ചിന്തിച്ചു.) ഞാൻ വിഭാവന ചെയ്യുന്നതു കൈവരുന്നതു വരെ സഭ ആവശ്യപ്പെടുന്നതു സന്തോഷത്തോടെ സ്വീകരിക്കുന്നു.

"എവിടെയെങ്കിലും എങ്ങിനേയും ഇനിയുള്ള കാലം കഴിഞ്ഞു കൂടുവാൻ കാര്യമായ വിഷമമൊന്നും ഞാൻ കാണുന്നില്ല; മനഃസാക്ഷിക്കനുസരിച്ച് ജീവിക്കാൻ കഴിഞ്ഞാൽ മതി. ദൈവത്തെപ്രതി, സഭയേയും കേരളസഭയേയും സ്നേഹിക്കുന്നതുകൊണ്ട് എന്റെ അറിവനുസരിച്ച് എന്തെങ്കിലും ചെയ്യുവാൻ ഒരുങ്ങുകയാണ്... ദൈവത്തെ പ്രസാദിപ്പിക്കുവാൻ മാത്രമാണ് ഇന്നത്തെ പരിശ്രമം.''

അട്ടപ്പാടിയിൽ അച്ചന്റെ ജീവിതം സ്വന്തം ദർശനത്തിന്റെ വിജയകരമായ സാക്ഷാത്കാരമായിരുന്നുവെന്നു ചരിത്രം സാക്ഷിക്കുന്നു.

ഡൺസ്റ്റണച്ചന്റെ ബന്ധുവായ സി. റോസ് പോൾ സി.എച്ച്.എഫ്. പറയുന്നു: "ഞാൻ 1983–95 കാലയളവിൽ പത്താമ്പാറ എന്ന സ്ഥലത്തു ജോലി ചെയ്യുകയായിരുന്നു. കണ്ണൂർ ജില്ലയിലെ ഏറ്റവും ഉയരമുള്ളതും യാത്രാസൗകര്യമില്ലാത്തതുമായ സ്ഥലം. ഡൺസ്റ്റണച്ചൻ ഈ വിവരം അറിഞ്ഞ് എന്നെ കാണാൻ ആഗ്രഹിച്ചു. ഞങ്ങൾ കണ്ടുമുട്ടിയപ്പോൾ അച്ചൻ ആ നാട്ടിലെ ഭൂപ്രകൃതിയും മറ്റും ചോദിച്ചറിഞ്ഞു. എന്തിനാണ് അച്ചന് ഈ വിവരങ്ങൾ എന്നു ഞാൻ ചോദിച്ചപ്പോൾ പറഞ്ഞു, "എനിക്ക് ഒരു കുടിൽ കെട്ടി താമസിച്ച്, ഏകാന്തതയിൽ പ്രാർത്ഥിക്കാനും കൂട്ടത്തിൽ ജനങ്ങളെ ആത്മീയമായി സഹായിക്കാനും പറ്റിയ സ്ഥലമാണോ എന്ന് അറിയുവാൻ വേണ്ടിയാണ്. പറ്റുമെങ്കിലല്ലെ അധികാരികളോടു ചോദിക്കേണ്ടു.' ഒരു താപസന്റെ മനോഭാവമാണ് എനിക്ക് അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞത്. "അത് അച്ചനു പറ്റില്ല. പ്രായമായില്ലേ" എന്നു ഞാൻ അഭിപ്രായപ്പെട്ടു.''

### ലളിതജീവിത പരീക്ഷണങ്ങൾ

ഡൺസ്റ്റണച്ചൻ ദാരിദ്ര്യജീവിതത്തെ അതിയായി സ്നേഹിച്ചു. അതിന്റെ സവിശേഷമായ അഭ്യസനം ആഗ്രഹിച്ചു. അദ്ദേഹം അതിനെ 'ലളിതജീവിതം' എന്നു വിളിച്ചു. 1989–ൽ ഏതാനും മാസങ്ങൾ പ്രായോ

ഗിക പരിശീലനം നടത്തിയിരുന്ന സാജു ചക്കാലയ്ക്കലിനോടൊപ്പം ഒന്നര മാസം, ഈറോട് അടുത്ത് ചെന്നിമലയിൽ ദാരിദ്ര്യജീവിതത്തിന്റെ സവിശേഷമായ അഭ്യസനം പരീക്ഷണവിഷയമാക്കി.

ലളിതജീവിത പരീക്ഷണം അതോടെ അച്ചൻ നിറുത്തുന്നില്ല. അത് തുടരണമെന്ന് ആഗ്രഹിച്ചു. പക്ഷേ, കൂട്ടിന് ഒരാളു വേണം. സണ്ണി ഊക്കനച്ചനെ കൂട്ടിനു കിട്ടി. പ്രവിശ്യയുടെ ഭവനാധികാരികളുടെ യോഗത്തിൽ ഡൺസ്റ്റണച്ചന്റെ ആശയം അംഗീകരിച്ചു. ഇനി പരീക്ഷണത്തിന് അനുയോജ്യമായ ഇടം കണ്ടെത്തണം.

ഡൺസ്റ്റണച്ചന്റെ ആഗ്രഹമനുസരിച്ച് സി.എം.ഐ. കോയമ്പത്തൂർ പ്രേഷിത പ്രവിശ്യയുടെ ശ്രേഷ്ഠൻ റാഫേൽ കണ്ണനായ്ക്കലച്ചൻ പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് ഇരിമ്പൻ പിതാവിന് ഒരു കത്തെഴുതി (29 നവംബർ 1989): "ഡൺസ്റ്റണച്ചൻ ലളിതമായ രീതിയിൽ ജീവിക്കാനും സുവിശേഷപ്രവർത്തനങ്ങൾ നടത്താനും ആഗ്രഹമുണ്ടെന്ന് എന്നെ അറിയിച്ചു. അതിന് സൗകര്യമുള്ള ഏതെങ്കിലും കേന്ദ്രങ്ങളിൽ വലിയ ഉത്തരവാധിത്വമില്ലാത്ത, കഴിയുമെങ്കിൽ ഒരു വികാരിയച്ചന്റെ കീഴിൽ, അല്ലെങ്കിൽ ഒരു കൊച്ചു ഇടവകയിൽ സേവനത്തിന് അവസരമുണ്ടാക്കിക്കൊടുത്താൽ നന്നായിരിക്കും. അദ്ദേഹത്തിന്റെ ആരോഗ്യവും പ്രായവും കണക്കിലെടുത്ത് തൽക്കാലത്തേക്ക് 6 മാസത്തെക്കോ മറ്റോ നിയമനം കൊടുത്ത് പിന്നീട് സാവകാശത്തിൽ കൂടുതൽ സമയത്തേക്കു നിയമിക്കുകയായിരിക്കും നല്ലതെന്നു തോന്നുന്നു."

പ്രൊവിൻഷ്യലച്ചന്റെ അഭ്യർത്ഥനയ്ക്കു മറുപടിയായി പിതാവ്, രൂപതയിലെ കടമ്പഴിപ്പുറം വി. യസേപ്പിതാവിന്റെ ഇടവകയുടെ ഒരു നടത്തുപള്ളിയായ കുളക്കാട്ടുകുറിശി സ്റ്റേഷൻ പള്ളി ഡൺസ്റ്റണച്ചന്റെയും സണ്ണി ഊക്കനച്ചന്റെയും സേവനത്തിനും ദാരിദ്ര്യജീവിതത്തിന്റെ സംഘാതമായ അഭ്യസനത്തിനുമായി അനുവദിച്ചു.

അവർ ഇരുവരും ദിനചര്യയുണ്ടാക്കി താമസമാരംഭിച്ചു. വിശുദ്ധ ബലിയർപ്പണം, പ്രാർത്ഥന, ബൈബിൾ പഠനം, തിരുസഭ പ്രബോധന പാരായണം, പാചകം, പരിസര ശുചീകരണം, കുടുംബസന്ദർശനം എന്നിവ മുറതെറ്റാതെ നടന്നു. കുട്ടികളുടെ കാര്യത്തിൽ അവർ പ്രത്യേകമായ ശ്രദ്ധ പുലർത്തി. അവരെ കുർബാനയ്ക്കു കൂടാൻ ഒരുക്കി. ഇംഗ്ലീഷ് പഠിപ്പിച്ചു. അവർക്ക് ധ്യാനം നടത്തി. ഇടവകക്കാരിൽ കുറെപേർ വിശ്വാസത്തിൽ നവാഗതരാണെന്നു മനസ്സിലാക്കിയാണ് കുടുംബസന്ദർശനം ആരംഭിച്ചത്. സന്ദർശനത്തിൽ കാപ്പി സൽക്കാരം അരുതെന്ന് കർശനമായി വിലക്കിയിരുന്നു. സസ്യഭക്ഷണമായിരുന്നു അവർ ശീലിച്ചിരുന്നത്.

പച്ചക്കറി പലചരക്ക് സാധങ്ങൾ വാങ്ങുന്നതിന് കോങ്ങാട്ടേക്കു ബസു കയറണം. ദിവസത്തിൽ ഒരു തവണ മാത്രമെ അവിടെനിന്ന് ബസിന്റെ ഓട്ടമുണ്ടായിരുന്നുള്ളു.

ഒരു ദിവസം തൂമ്പയും പിക്കാക്സും ഉപയോഗിച്ച് സ്ഥലം നിരപ്പാക്കുന്ന ജോലിക്കിടയിൽ പിക്കാക്സിന്റെ മറുമുന കൊണ്ട് ഡൺസ്റ്റണച്ചന്റെ മൊട്ടത്തല പൊട്ടി. ഇത്തരമൊരനുഭവം അമ്പഴക്കാടുവെച്ച് രണ്ടു തവണ ഉണ്ടായിട്ടുണ്ട്.

ഭക്ഷണം, വസ്ത്രം, യാത്ര, ചികിത്സ എന്നിവയ്ക്ക് അന്നത്തെ കുർബാന നിയോഗത്തുകയായ 18 രൂപ മാത്രം മതിയെന്ന് ആരംഭത്തിൽതന്നെ പ്രവിശ്യാധികാരികളോടു പറഞ്ഞൊത്തിരുന്നു. 11 മാസങ്ങൾ നീണ്ട ലളിത ജീവിത പരീക്ഷണത്തിന്റെ അവസാനം കണക്കുനോക്കിയപ്പോൾ ഒരാൾക്ക് ഒരു നാളത്തെ ചെലവ് 9 രൂപ മാത്രം. ബാക്കിയുള്ള പണം പ്രവിശ്യയുടെ ധനകാര്യവകുപ്പിൽ ഏൽപിക്കുകയാണ് ചെയ്തത്.

പല വർഷങ്ങൾക്കുശേഷം ഓർമ്മയ്ക്കു മങ്ങലേറ്റ് അവശനായി മരണത്തോട് അടുത്തുകൊണ്ടിരുന്ന നാളുകളിൽ സണ്ണി ഊക്കനച്ചൻ ഡൺസ്റ്റണച്ചനെ സന്ദർശിക്കാനിടയായി. നല്ല ഓർമ്മയുള്ളതുപോലെ അദ്ദേഹം അച്ചനെ കൈകാട്ടി വിളിച്ചു. കട്ടിലിൽ പിടിച്ചിരുത്തി. കൈത്തണ്ടയിൽ പിടിച്ചുകൊണ്ട് ചോദിച്ചു: “അച്ചാ, മുമ്പ് കുളക്കാട്ടുകുറിശിയിൽ ആയിരുന്നപ്പോൾ നമ്മൾ രണ്ടുപേരും ഒന്നായിരുന്നു അല്ലെ?” ഇരുവരും ഒരുമിച്ചിരുന്നു കരഞ്ഞു. ആ പുണ്യാത്മാവിന്റെ കരസ്പർശം മനസ്സിൽ നിന്നു മായുന്നില്ലെന്ന് സണ്ണിയച്ചൻ പറയുന്നു.

## ദരിദ്രരുടെ സ്നേഹിതൻ

പരാതികളോ പരിഭവങ്ങളോ ഇല്ലാതെ ഇല്ലായ്മയിൽ സംതൃപ്തനായി, കിട്ടുന്നതു ഭക്ഷിച്ച്, പരിമിതമായ സൗകര്യങ്ങളിലൊതുങ്ങി, പാവപ്പെട്ടവരുമായി താദാത്മ്യപ്പെട്ടു ജീവിക്കുവാൻ അച്ചൻ ഇഷ്ടപ്പെട്ടു. ആശ്രമത്തിന്റെ സുരക്ഷിതത്വത്തിൽനിന്നു മാറിനിന്നു നിർദ്ദനരായ മനുഷ്യരുടെ ഇടയിൽ കൂടാരമടിച്ചു ജീവിക്കുന്ന ഒരുവനാകാൻ ആഗ്രഹിച്ചു.

സി.എം.ഐ. പ്രേഷിത പ്രവിശ്യയിൽ ആകാശപ്പറവ പ്രസ്ഥാനം തുടങ്ങിയത് സണ്ണി ഊക്കനച്ചനാണ്. ഡൺസ്റ്റണച്ചന്റെ പ്രാർത്ഥന പ്രസ്ഥാനത്തിനു വലിയൊരു പിൻബലമാണു നൽകിയത്.

ദരിദ്രരോട് അനുകമ്പയുള്ളവനായിരുന്നു ഡൺസ്റ്റണച്ചൻ. റാഞ്ചിയിൽ ഭവനാങ്കണത്തിന്റെ കാവൽക്കാരനായി കുറച്ചുനാൾ നിയമിത

നായത് വൃദ്ധനായ ഒരു പാവം ഹിന്ദിക്കാരനായിരുന്നു. ദയനീയത തോന്നുന്ന വസ്ത്രധാരണവും ശരീര പ്രകൃതിയുമായിരുന്നു ആ സാധുവിന്റേത്. ഒരു ദിവസം യോഗാർത്ഥികളുടെ ഉണക്കാനിട്ടിരുന്ന വസ്ത്രങ്ങൾ കാണാതായി. രാത്രിയിൽ വസ്ത്രങ്ങൾ മോഷ്ടിച്ചത് കാവൽക്കാരൻ തന്നെയാണെന്ന് അന്വേഷണത്തിൽ കൃത്യമായി തെളിഞ്ഞു. വീട്ടുടമയായ ഗുപ്തയുടെ കാര്യസ്ഥൻ ബാനർജി വന്ന് കാവൽക്കാരനെ തട്ടിക്കയറി; തല്ലാനൊരുങ്ങി. അയാളുടെ കൈമുട്ടിനു മുകളിൽ ശക്തിയായി പിടിച്ചു. ഉടനെ ഡൺസ്റ്റണച്ചൻ ചെന്ന് ബാനർജിയുടെ കൈ വിടുവിക്കുകയും കാവൽക്കാരനെ ഉപദ്രവിക്കരുതെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഈ സംഭവത്തെക്കുറിച്ച് ഡൺസ്റ്റണച്ചൻ യോഗാർത്ഥികളോട് പറഞ്ഞത്: “ചിലർ നിവൃത്തികേടുകൊണ്ട് കട്ടെടുക്കുന്നു. നിങ്ങൾക്കുതന്നെ ഉപയോഗിക്കുവാൻ താൽപര്യമില്ലാത്ത നിങ്ങളുടെ പഴയ വസ്ത്രങ്ങൾ ആ പാവം കാവൽക്കാരനു വളരെ വിശേഷപ്പെട്ടതായിരുന്നു. പാവം! ഇതൊക്കെ നാം കണ്ണടച്ചുകളയേണ്ടതാണ്.” ആ കാവൽക്കാരനെ ജോലിയിൽനിന്നു പിരിച്ചുവിട്ട് പുതിയൊരാളെ നിയമിച്ചത് അച്ചന് ദുഃഖത്തിന് കാരണമായി.

എന്നും ദരിദ്രർക്കുവേണ്ടി നിലകൊണ്ടിരുന്ന ഡൺസ്റ്റണച്ചൻ അവരെ കൊടുത്തു മോശമാക്കരുതെന്നും സ്വന്തം കാലിൽ നിൽക്കാൻ പഠിപ്പിക്കണമെന്നും പറയുമായിരുന്നു. അച്ചൻ റാഞ്ചിയിൽ ആയിരുന്ന കാലത്ത് ഒരു വഴിവാണിഭക്കാരൻ യോഗാർത്ഥി ഭവനത്തിൽ വന്ന് ഭക്ഷണം ആവശ്യപ്പെട്ടു. ബലൂൺ, പീപ്പി, പൂക്കൾ എന്നിവ വിറ്റുനടക്കുകയായിരുന്നു അയാളുടെ ജോലി. അച്ചൻ അയാൾക്ക് ഭക്ഷണം നൽകി. കുറച്ചു സമയംകൊണ്ട് അച്ചൻ കച്ചവടക്കാരനുമായി വലിയ ചങ്ങാത്തത്തിലായി. യോഗാർത്ഥികൾ അദ്ദേഹത്തിന് മുന്നറിയിപ്പു നൽകി, “അയാൾ ഗുരുവച്ചനെ പറ്റിക്കും.” ഒരിക്കലും പറ്റിച്ചില്ല. കാരണം, വാണിഭക്കാരനെക്കാളും പാവപ്പെട്ടവനായിരുന്നു അവരുടെ ഗുരുവച്ചൻ. മാത്രമല്ല, ആ പുണ്യസാന്നിദ്ധ്യത്തിൽ അയാൾ ഉപരിനന്മയിലേക്ക് ഉയർത്തപ്പെട്ടു. അച്ചൻ അയാളെ പുതിയൊരു ഉത്പന്നം ഉണ്ടാക്കാൻ പഠിപ്പിച്ചു. ചൈന പേപ്പറിൽ ഒരുതരം പൂവ്!

അധികം നാൾ കഴിയുന്നതിന് മുമ്പ് ആ വാണിഭക്കാരൻ ജ്യോതി നിവാസിൽ വീണ്ടും വന്നു. അയാളെ ഒരു പുതിയ തരം പീപ്പി ഉണ്ടാക്കുന്നതു പഠിപ്പിക്കുവാൻ ആവശ്യമായ ചൈന പേപ്പർ ഡൺസ്റ്റണച്ചൻ കരുതിവെച്ചിരുന്നു. ഡൺസ്റ്റണച്ചൻ നൽകിയ പരിശീലനത്തിൽ അയാൾ പീപ്പി ഉണ്ടാക്കുന്നതിൽ വിദഗ്ദനായി. തുടർന്ന് അച്ചൻ അയാൾക്കു ഭക്ഷണം നൽകി. കുറച്ച് ചൈന പേപ്പർ നൽകി യാത്രയാക്കി.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ അദ്ദേഹം വീണ്ടും ഡൺസ്റ്റണച്ചനെ കാണുവാൻ വന്നു. അദ്ദേഹത്തിന്റെ സഞ്ചിയിൽ ഡൺസ്റ്റണച്ചൻ പഠിപ്പിച്ചതു പ്രകാരം ഉണ്ടാക്കിയ കുറെ പീപ്പികൾ ഉണ്ടായിരുന്നു. അയാൾ പറഞ്ഞു: "ചൈനപേപ്പർ ചുരുട്ടി ചുരുട്ടി ഉണ്ടാക്കുന്ന പീപ്പി ആയതുകൊണ്ട് വായിൽ വെച്ച് ഊതുമ്പോൾ, സാവധാനം നനഞ്ഞ് പീപ്പി കേടാകും. എന്നാലും മോശമല്ലാത്ത വിൽപന ഉണ്ട്."

ധർമ്മം നൽകുക എന്നതിനേക്കാൾ അദ്ധ്വാനിക്കുവാൻ പഠിപ്പിക്കുന്ന ഉയർന്ന ചിന്തയുള്ളവനായിരുന്നു ഡൺസ്റ്റണച്ചൻ.

**ദാരിദ്ര്യഭാവം ജോലിയിലും**

ഒരിക്കൽ അമ്പഴക്കാട് നവസന്ന്യാസ ഭവനത്തിൽ നവസന്ന്യാസികളുടെ ധ്യാനം നടക്കുകയായിരുന്നു. ജെനേസിയൂസ് കോനിക്കരയച്ചനായിരുന്നു ധ്യാനഗുരു. ഒരു ദിവസം ദാരിദ്ര്യവ്രതത്തെക്കുറിച്ച് ധ്യാനിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, ജനലയുടെ പുറത്തേക്കു കൈ ചൂണ്ടിക്കൊണ്ട് പറഞ്ഞു: "ഇതാണ് ദാരിദ്ര്യവ്രതത്തിന്റെ ഒരു വശം. അലസതയില്ലാതെ ഇതുപോലെ അദ്ധ്വാനിക്കണം." ജെനേസിയൂസച്ചൻ കാണിച്ചു കൊടുത്തത് ഡൺസ്റ്റണച്ചനെ ആയിരുന്നു. ഭവനത്തോട് അനുബന്ധിച്ചുള്ള വനവാസ കപ്പേളയിൽ ഡൺസ്റ്റണച്ചൻ സഹായികൾ ആരുമില്ലാതെ സിമന്റ് മിശ്രിതം ശരിപ്പെടുത്തി കോലരുകൊണ്ട് അറ്റകുറ്റ പണികൾ നടത്തുകയായിരുന്നു.

"വെയിലുകൊണ്ട് അച്ചൻ കഷ്ടപ്പെടുന്നത് വെറുതെ. സിമന്റ് തേച്ചതു നനയ്ക്കാനും മറ്റും മറന്നു പോകും. അതുകൊണ്ട് ആ പാവത്തിനെ നിങ്ങൾ സഹായിച്ചേക്ക്" ധ്യാനഗുരു സരസമായി കൂട്ടിച്ചേർത്തു. എന്നാൽ ഡൺസ്റ്റണച്ചൻ അതിനു സമ്മതിച്ചില്ല. അത്തരം ജോലികൾ നവസന്ന്യാസികളുടെ ധ്യാനത്തിനു ഭംഗം വരുത്തുമെന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. നനയ്ക്കുവാൻ ഡൺസ്റ്റണച്ചൻ ഒരിക്കലും മറന്നതുമില്ല.

കായികാദ്ധ്വാനം ഡൺസ്റ്റണച്ചന് ഒരു ഹരമായിരുന്നു; ആദ്ധ്യാത്മികതയുടെ ഭാഗമായിരുന്നു. തന്റെ ദാരിദ്ര്യജീവിതത്തിന്റെയും പ്രാർത്ഥനയുടെയും അവിഭാജ്യഭാഗമായി കായികാദ്ധ്വാനത്തെ കരുതി. ജീവിതത്തിൽ സംഘർഷങ്ങളും പ്രലോഭനങ്ങളും സാധാരണമാണ്. അവയെ അതിജീവിക്കുവാൻ കായികാദ്ധ്വാനം ഉപകരിക്കുമെന്ന് അച്ചൻ വിശ്വസിച്ചിരുന്നു.

എന്തു ജോലിയിൽ ഏർപ്പെടുന്നതിനും മടിയുണ്ടായിരുന്നില്ല. തോട്ട

പ്പണിയും തോട്ടിപ്പണിയും പരിസര ശുദ്ധീകരണവും സരളമായ മന സ്സോടെ ഏറ്റെടുത്തു. ഭവനവും പരിസരവും വൃത്തിയാക്കുക, പാത്രം കഴുകുക തുടങ്ങി ആശ്രമസേവയുമായി ബന്ധപ്പെട്ട ജോലികൾ അലസതകൊണ്ടോ അശ്രദ്ധകൊണ്ടോ അർത്ഥികൾ ചെയ്യാതി രുന്നാൽതന്നെ മടി കൂടാതെ അദ്ദേഹം അതു നിറവേറ്റും.

ഡൺസ്റ്റണച്ചൻ റാഞ്ചിയിൽ വരുന്നതിനുമുമ്പ് നാലു വർഷം അട്ടപ്പാടി ആശ്രമത്തിൽ ആയിരുന്നു. അവിടെ തനിച്ചായിരുന്നു താമസവും സേവനവും. ഡൺസ്റ്റണച്ചന് വിശ്രമം വേണമെന്നു മനസ്സിലാക്കിയിട്ടു കൂടിയാണ് അധികാരികൾ അദ്ദേഹത്തെ റാഞ്ചിയി ലേയ്ക്കയച്ചത്. എന്നാൽ, റാഞ്ചിയിലെത്തിയ ഡൺസ്റ്റണച്ചൻ വളരെ സന്തോഷത്തോടുകൂടെ വിശ്രമമെല്ലാം മാറ്റിവെച്ച് യോഗാർത്ഥികൾക്കു വേണ്ടി കർമ്മനിരതനായി.

പലപ്പോഴും അച്ചൻ തന്നെയായിരുന്നു അടുക്കളയിൽ പാചകജോലി ഏറ്റെടുത്തിരുന്നത്. നല്ല തണുപ്പുള്ള കാലാവസ്ഥയിൽ നേരത്തെ എഴുന്നേറ്റ് കൽക്കരി അടുപ്പ് കത്തിച്ച്, ഭക്ഷണം തയ്യാറാക്കിയശേഷം ദിനചര്യയനുസരിച്ചുള്ള പ്രഭാതപ്രാർത്ഥനയ്ക്കും വിശുദ്ധ കുർബാന യ്ക്കും കൃത്യമായി എത്തിയിരുന്നു. ഇതിനായി ഗുരുവച്ചന് രാത്രിയിലെ ഉറക്കം നഷ്ടപ്പെടുന്നതിനെക്കുറിച്ച് യോഗാർത്ഥികൾ പറയുമ്പോൾ "നിങ്ങൾ കോളേജിൽ പോയിക്കഴിഞ്ഞാൽ, പിന്നെ എനിക്ക് വേറെ പണി ഒന്നും ഇല്ലല്ലൊ. ഉറക്കം അപ്പോഴും ആകാമല്ലോ"എന്നാണ് പറഞ്ഞി രുന്നത്.

വരന്തരപ്പിള്ളിയിൽ ഒരു കാലത്ത് 'റബ്ബർമൂട്ട'യുടെ ശല്യം ഉണ്ടായി രുന്നു. രാത്രികളിൽ അവ പള്ളിയകം മുഴുവൻ കീഴടക്കും ഡൺസ്റ്റണച്ചൻ ആശ്രമത്തിൽ പ്രിയോരായിരിക്കെ അതിരാവിലെ എഴുന്നേറ്റു പള്ളി മുഴു വൻ അടിച്ചു വൃത്തിയാക്കുന്നതു യോഗാർത്ഥികൾക്ക് ഒരു പ്രചോദന മായി.

രാവിലെ എല്ലാവരും കപ്പേളയിൽ എത്തുംമുൻപേ, അച്ചൻ വന്നെത്തി യിരിക്കും. ശേഷം ജനലകളെല്ലാം തുറക്കും. രാത്രിയിൽ പ്രാർത്ഥന കഴി ഞ്ഞു പോകുമ്പോൾ എല്ലാ ജനാലകളും അടച്ചോ എന്നു പരിശോധി ച്ചിട്ടേ പോകാറുള്ളു. സമൂഹത്തിനുവേണ്ടി കൊച്ചുകാര്യങ്ങൾ നിറ വേറ്റുന്നതിൽ അദ്ദേഹം സംതൃപ്തി കണ്ടെത്തി.

## സ്ഥിതപ്രജ്ഞനും മുക്തപുരുഷനും

ദാരിദ്ര്യാരൂപിയെ അതിന്റെ സമൂലതയിൽ അദ്ദേഹം പരിശീലിച്ചു.

ഈലോക സുഖമോഹങ്ങൾക്കും സ്ഥാനമാന പ്രലോഭനങ്ങൾക്കും അതീതനായി നിലകൊണ്ടു. യാതൊന്നും സ്ഥിരമായും സ്വന്തമായും സൂക്ഷിക്കാൻ ആഗ്രഹിച്ചില്ല. ഒന്നും സ്വന്തമെന്നു കരുതിയില്ല. സ്വന്ത മായി എന്തെങ്കിലും ഉണ്ടായിരിക്കുക ഒരാവശ്യമായി കണ്ടില്ല. മുറിയിൽ ബൈബിളോ ഇഷ്ടപ്പെട്ട ഭക്തസാധമോ ഒരു ക്രൂശിതരൂപം പോലുമോ സൂക്ഷിക്കണമെന്നു തോന്നിയില്ല. കുരിശുരൂപത്തോടല്ല ക്രൂശിതനോടാ യിരുന്നല്ലോ ഹൃദയബന്ധം! കിട്ടുന്ന സമ്മാനങ്ങളൊന്നും തനിക്കായി സൂക്ഷിച്ചുവയ്ക്കാതെ മറ്റുള്ളവർക്കു കൈയിലുള്ളതെല്ലാം കൊടുത്തു. മരിക്കുമ്പോൾ സാധനങ്ങളായി ശേഷിച്ചത് ഒരു തകരപ്പെട്ടിയും ഏതാനും പഴയവസ്ത്രങ്ങളും മാത്രം.

വരന്തരപ്പിള്ളിയിൽ റെക്റ്ററായിരിക്കെ ഫംഗസ് മൂലം അച്ചന്റെ തലമുടി കൊഴിയാൻ ആരംഭിച്ചു. ഉടനടി ശരിയായ ചികിത്സ നടത്തി യിരുന്നെങ്കിൽ തല മുഴുവൻ തരിശാകില്ലായിരുന്നു. വട്ടംവട്ടമായി മുടി കൊഴിച്ചിൽ ഉണ്ടായപ്പോൾ ശ്രദ്ധിക്കേണ്ടതായിരുന്നു എന്നു സ്വയം പറയുമായിരുന്നു. പിന്നീട് അതേക്കുറിച്ച് അദ്ദേഹം മാനസികമായി സഹനമനുഭവിച്ചു. മുടി കൊഴിച്ചിൽ തന്നിൽ വരുത്തിയ രൂപപരിണാമം അനൽപമായ വേദനയുണ്ടാക്കി. “പൂട കൊഴിഞ്ഞ പൂവൻ കോഴി” എന്നു ബസ്സ് യാത്രയ്ക്കിടയിൽ ആരോ പരിഹസിച്ചു. അതേക്കുറിച്ച് ഡൺസ് റ്റണച്ചൻ പങ്കുവയ്ക്കുന്നു: “ആളുകൾ കൂടുന്ന സ്ഥലങ്ങളിൽ ചെല്ലു മ്പോൾ കുറച്ചു മുടിയുണ്ടായിരുന്നെങ്കിൽ എന്നു തോന്നാറുണ്ട്. കൊഴി ഞ്ഞുപോയ പുരികത്തിന്റെ സൗന്ദര്യനഷ്ടം സദാനേരവും കണ്ണടവെ ച്ചു പരിഹരിക്കുന്നു. തലയിൽ മരുന്നു പുരട്ടുകയാണെങ്കിൽ രോഗം മാറി വീണ്ടും മുടി കിളിർക്കുമെന്നറിയാം. ചെടിയുടെ വിത്തു പാകി മുളപ്പിച്ചെടുക്കാൻ എനിക്കു പ്രത്യേക താൽപര്യമുണ്ട്. അതുപോലെ തലയിൽ മുടി കിളിർപ്പിച്ചു പരീക്ഷണം നടത്തിയാലോ എന്നു ചിന്തി ച്ചിരുന്നു. സന്ന്യാസത്തിന്റെ പ്രധാന കാര്യങ്ങളെല്ലാം മറന്നുപോകു മെന്നതുകൊണ്ട് അതിനു തുനിഞ്ഞില്ല.” പലരും തലയിൽ വിഗ് വയ്ക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം അതിനു തയ്യാറായില്ല. അത്തരം മനോഭാവങ്ങൾ തന്നിലെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുമെന്ന് അദ്ദേഹം കരുതി. തന്നിൽ ത്യാഗഭാവം വളർത്തി, അതുവഴി ആന്തരികസ്വാതന്ത്ര്യത്തിന് ഉടമയായി. യഥാർത്ഥത്തിൽ ജീവിതം ആസ്വദിച്ചു. പരിപൂർണ്ണമായ ആന്തരിക സ്വാതന്ത്ര്യമായിരുന്നു ആ ജീവിതസൗന്ദര്യത്തിന്റെ കാതൽ.

സ്ഥാനങ്ങളോടും സാധനങ്ങളോടും മാത്രമല്ല വ്യക്തിബന്ധങ്ങ ളിലും ദാരിദ്ര്യത്തിന്റെ അരൂപി അദ്ദേഹം പുലർത്തി. യാതൊന്നിനെ

ക്കുറിച്ചും പരാതിയോ പരിഭവമോ ഇല്ലായിരുന്നു. സഭയ്ക്ക് അകത്തും പുറത്തും സ്വന്തം കുടുംബത്തിലും ബന്ധങ്ങളിൽ പവിത്രതയും വിരക്തിയും സൂക്ഷിച്ചു. ഞാനെന്നും എന്റേതെന്നുമുള്ള ഭാവം വെടി ഞ്ഞു. ഒരു വസ്തുവിനോടോ ഒരു വ്യക്തിയോടോ പ്രത്യേക മമത പുലർ ത്താതെ തികച്ചും നിസ്സംഗമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

ജീവിതത്തിൽ ഒരിക്കലും നഷ്ടപ്പെടാതെ സൂക്ഷിച്ച ഈ അതീത ബോധത്തിന്റെ ഫലമായിരുന്നു അദ്ദേഹത്തിന്റെ പരമമായ നിസ്സംഗത. ആ നിസ്സംഗത ജീവിതവ്യാപാരത്തിൽ അപരിമിതമായ സ്വാതന്ത്ര്യം നൽകി. ഒന്നിനെക്കുറിച്ചും പരാതികളില്ലാതെ പൂർണ്ണമായ ആന്തരികാ നന്ദവും സന്തുഷ്ടിയും അനുഭവിച്ചു.

പൂർണ്ണമായും ഒരു ആദ്ധ്യാത്മിക മനുഷ്യൻ! തികച്ചും നിഷ്കാമ ഭാവം പൂണ്ട ഒരു മുക്തപുരുഷൻ! ശരിക്കുമൊരു സ്ഥിതപ്രജ്ഞൻ! വൈരാഗിയായൊരു വൈദികശ്രേഷ്ഠൻ! ഡൺസ്റ്റണച്ചൻ!

# 11

# പരിമളം പരത്തിയ പുണ്യപ്പൂമരം

നവസന്ന്യാസ ഭവനത്തിലേക്കു കടന്നുവന്ന ഇട്ടൂപ്പുണ്ണിയിൽനിന്നു പരിമളം പുറപ്പെടുന്നു. തീർച്ചയായും അത്തർ പൂശിയിട്ടുണ്ടാകും. നവ സന്ന്യാസഗുരു അവനെ വിളിച്ചു ശക്തമായി രോഷം ചൊരിഞ്ഞു. എന്നാൽ അദ്ദേഹം അത്തർ ഉപയോഗിച്ചിരുന്നില്ല. പരിശോധനയിൽ പരിമളത്തിന്റെ ഉറവിടം പിടികിട്ടി. കീശയിൽ സൂക്ഷിച്ചിരുന്ന ലാങ്കിപ്പൂവാണ് സുഗന്ധത്തിന്റെ കാരണം. ലാങ്കി മരത്തിന്റെ പൂ മാത്രമല്ല, വിത്തും ഇട്ടൂപ്പുണ്ണി വീട്ടിൽനിന്നു കൊണ്ടുവന്നിരുന്നു. അങ്ങനെ മുളപ്പിച്ചുണ്ടായ തത്രെ അമ്പഴക്കാട് ആശ്രമാങ്കണത്തിൽ പരിമളം പരത്തി നിൽക്കുന്ന ലാങ്കിമരം.

ഡൺസ്റ്റണച്ചൻ ഒരു പൂമരമാണ്. സുകൃതത്തിന്റെ പൂക്കൾ വിരിച്ചു സുഗന്ധം പരത്തുന്ന ആകർഷകമായ പൂമരം.

### വിശ്വാസവെളിച്ചത്തിൽ വസിച്ചവൻ

തന്റെ ഓർമ്മക്കുറിപ്പുകളിൽ മാതാപിതാക്കൾ തന്നിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ചു വിവരിക്കുമ്പോൾ ചെറുപ്പംമുതൽ ഇന്നുവരെ തന്റെ ജീവിതത്തെ സൗഭാഗ്യ പൂർണ്ണമാക്കിത്തീർക്കുന്നതിനു സഹായിച്ചിട്ടുള്ള ഒരു ചിന്താശകലം ഡൺസ്റ്റണച്ചൻ രേഖപ്പെടുത്തുന്നുണ്ട്.

"ഒരിക്കൽ അപ്പൻ വായിച്ചുകേൾപ്പിച്ചതും വ്യാഖ്യാനിച്ചതും ഉപദേശിച്ചതുമായ ചിന്ത കുറെ കൊല്ലങ്ങൾക്കുശേഷം അപ്പനിൽനിന്നുതന്നെ കേൾക്കാനിടയായി. പ്രസ്തുത ചിന്ത അനുദിനം പ്രായോഗികമായി എന്നെ നയിച്ചിരുന്നു. അപ്പനെയും അത്രയും കൊല്ലങ്ങൾ അതു നയിച്ചി

രുന്നു എന്നു കണ്ടപ്പോൾ അതു കുറെകൂടെ ശക്തമായി എന്നിൽ പതിഞ്ഞു. ഞാൻ അപ്പനുമായി പല കാര്യങ്ങളിലും സാമ്യമുള്ളവനാണെന്നു മനസ്സിലായപ്പോൾ എനിക്കു വലിയ സന്തോഷമുണ്ടായി.

"അപ്പൻ വായിച്ചു കേൾപ്പിച്ചതു ഒരു ചെറിയ കഥയാണ്: എന്തു സംഭവിക്കുമ്പോഴും 'നല്ല ദൈവം ചെയ്ത ഈ നന്മയെക്കുറിച്ചു ഞാൻ അവിടുത്തെ സ്തുതിക്കുന്നു' എന്നു സന്തോഷപൂർവ്വം പറഞ്ഞിരുന്ന ഒരു മനുഷ്യൻ ഒരു തീർത്ഥയാത്ര സംഘത്തിലുണ്ടായിരുന്നു. ഒരു ദിവസം കപ്പൽ കയറുവാൻ ബദ്ധപ്പെട്ട് ഓടുമ്പോൾ അയാളുടെ കാലൊടിഞ്ഞു. അപ്പോഴും അയാൾ പതിവുപോലെ ആഹ്ലാദഭരിതനായി ദൈവം ചെയ്ത പ്രത്യേക നന്മയെക്കുറിച്ച് അവിടുത്തെ സ്തുതിച്ചു. അതു കേട്ടവർ അവനെ പരിഹസിച്ചു: "ഇപ്പോൾ എന്തു നന്മയാണ് അവനുണ്ടായത്. ഏറെ യോഗ്യത സമ്പാദിക്കാവുന്ന തീർത്ഥയാത്രയിൽ പങ്കുചേരാൻ അവനു കഴിയാതെ പോവുകയാണല്ലോ ചെയ്തത്.' അവനെ അവിടെ ഉപേക്ഷിച്ചിട്ടു മറ്റുള്ളവർ എല്ലാവരും കപ്പൽ കയറി. അടുത്ത ദിവസങ്ങളിൽ തന്നെ കേൾക്കാനിടയായി, ആ കപ്പൽ നശിച്ചു പോയെന്നും യാത്രക്കാർ എല്ലാവരും മരിച്ചെന്നും. ദൈവം അവന് എന്തു നന്മ ചെയ്തെന്ന് അവനെ പരിഹസിച്ചവർക്ക് അങ്ങനെ മനസ്സിലായി. എത്ര വിഷമകരമായ സംഭവങ്ങളിലും ദൈവപരിപാലനയിൽ വിശ്വസിക്കുന്നതിനും സമാധാനവും സന്തോഷവും പാലിക്കുന്നതിനും ഈ കഥ എനിക്കു വളരെ ഉപകരിച്ചിട്ടുണ്ട്.

"അഞ്ചുവയസുള്ളപ്പോൾ മുതൽ എനിക്കു ദൈവകൃപയും വിശ്വാസ വെളിച്ചവും സുലഭമായിരുന്നു. ഒരു ദിവസം ഞാനും ജ്യേഷ്ഠനുംകൂടി അച്ചന്റെ വീട്ടിൽനിന്ന് എഡ്‌വേഡ് റോസിന്റെ കുറെ കമ്പുകൾ കൊണ്ടു വന്നു നട്ടു. ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു കമ്പിന്മേൽ ആദ്യം വന്ന ശിഖരത്തിൽ തന്നെ ഒരു പൂ വിരിഞ്ഞു. നാലുമണിയായപ്പോൾ ആ പൂ കാണാതായി. പൂ പറിച്ചയാൾ ചെടിയിന്മേൽ ബലം പ്രയോഗിച്ചതു കൊണ്ട് വേരുപിടിച്ചു തുടങ്ങുകമാത്രം ചെയ്തിരുന്ന അതിന്റെ കട ഇളകിയിരുന്നു. പൂ ആരാണു പറിച്ചതെന്ന് ജ്യേഷ്ഠൻ എന്നോടു ചോദിച്ചു. ഞാൻ അറിയില്ല എന്നു മറുപടി പറഞ്ഞു. ഞാൻ കള്ളം പറയുകയാണെന്ന ഭാവത്തിൽ ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നു. എനിക്ക് അതു സഹിക്കുവാൻ കുറച്ചു വിഷമമുള്ള ഒന്നായിരുന്നു. എന്നാൽ കോപമോ സങ്കടമോ കൂടാതെ ജ്യേഷ്ഠൻ ഇഷ്ടമുള്ളത് എന്നെക്കുറിച്ചു കരുതികൊള്ളട്ടെ, ദൈവം സത്യമറിയുന്നു എന്നു വിചാരിച്ചു ശാന്തമായിരിക്കുന്നതിന് എനിക്കു സാധിച്ചു.

"വിശ്വാസത്തിന്റെ പ്രവർത്തനത്തിനു തുടർച്ചയായി അവസരം നൽകിയിരുന്ന മറ്റൊരു അനുഭവം പറയാം. പിശാചിനെക്കുറിച്ചുള്ള കഥകൾ ധാരാളം കേട്ടിരുന്ന കാലമായിരുന്നു. ഞാൻ പ്രകൃതിയാലെ വളരെ ഭയമുള്ളവനാണ്. ഇരുട്ടായി തുടങ്ങിയാൽ വീട്ടിൽ ഒരു മുറി യിൽനിന്നു മറ്റൊരു മുറിയിലേക്കുപോലും കൂട്ടില്ലാതെ പോകാൻ ഭയപ്പെട്ടിരുന്നു. വീട്ടിൽനിന്നു പള്ളിയിലേക്കു പോകുന്ന വഴിയരികെ കാടായിരുന്ന ഒരു സ്ഥലമുണ്ട്. ആ സ്ഥലത്തെക്കുറിച്ചു പല ഭയങ്കര കഥകളും പ്രചരിച്ചിരുന്നു. പിശാച് ജന്തുക്കളുടെ രൂപത്തിൽ തെരുവിന്റെ ഒരു വശത്തുനിന്നു മറുവശത്തേക്കു ചാടി പലരേയും പേടിപ്പിച്ചിട്ടു ണ്ടെന്നു ഞാൻ കേട്ടിട്ടുണ്ട്. അതിരാവിലെ ആ വഴി പള്ളിയിൽ പോകു ന്നത് എനിക്കു വളരെ പ്രയാസമേറിയ ഒന്നായിരുന്നു. കാടിന്റെ അതിർത്തിയിൽ എത്തുമ്പോൾ യാത്രക്കാരായി ആരെയെങ്കിലും കണ്ടുമുട്ടിയാൽ വലിയ ഭാഗ്യമായാണു ഞാൻ കരുതിയിരുന്നത്. എന്നാൽ ആ സമയത്ത് മിക്കവാറും ആരെയും കാണുകയില്ല. കാ ടിന്റെ അതിർത്തിയിലെത്തുമ്പോൾ ഞാൻ നന്നായി പ്രാർത്ഥിച്ചുതു ടങ്ങും. ഷർട്ടിനടിയിൽ ഇടാറുള്ള മാലയും കുരിശും പുറത്തിടും. എന്നിട്ട് ധൈര്യമായി നടക്കും."

സ്വന്തം അപ്പനിൽനിന്ന് ഇട്ടൂപ്പുണ്ണി സ്വന്തമാക്കിയ ജീവിതപാഠങ്ങൾ മരണംവരെ നിലനിൽക്കുന്നതായിരുന്നു. ജീവിതം പലപ്പോഴും ദുരിതമയ മായിരുന്നപ്പോഴും അപ്പനെ ഒരിക്കലും അവൻ നിരാശനായി കണ്ടിട്ടില്ല. കഴുത്തോളം കടത്തിൽ മുങ്ങിത്തുടിച്ചപ്പോഴും ശാന്തമായി പ്രാർത്ഥി ക്കാൻ, എല്ലാം ദൈവത്തിനു സമർപ്പിച്ച് പ്രത്യാശയിൽ കാത്തിരി ക്കാൻ കഴിയുന്ന ദൈവാശ്രയബോധമാണ് അപ്പൻ മകനു നൽകിയ ഏറ്റവും വലിയ സമ്പത്ത്.

മുട്ടിപ്പായുള്ള പ്രാർത്ഥനയിലും ദൈവതിരുമനസ്സിന് അച്ചൻ കീഴ്‌വഴങ്ങി. ഒരു നവസന്ന്യാസി തന്റെ ചേച്ചി കാൻസർ രോഗിയായി ത്തീർന്നപ്പോൾ പ്രാർത്ഥിക്കാനായി ഡൺസ്റ്റണച്ചനെ സമീപിച്ചു. അച്ചൻ അദ്ദേഹത്തെ വി. കൊച്ചുത്രേസ്യയുടെ രൂപത്തിനു മുൻപിൽ കൊണ്ടുവന്നിട്ടു പറഞ്ഞു, "ഞാൻ നന്നായി പ്രാർത്ഥിക്കാം. മറിച്ചു സംഭവിച്ചാലും ഈശോയോടു വിഷമിക്കരുത്." പ്രാർത്ഥിക്കാമെന്ന് ഉറപ്പു തന്നതോടൊപ്പം ദൈവഹിത സ്വീകരണത്തിനായി ബ്രദറിനെ ഒരുക്കുകയും ചെയ്തു. ചേച്ചിയുടെ വേർപാടിന്റെ വേദനയ്ക്കിടയിലും ഡൺസ്റ്റണച്ചന്റെ "ഈശോയോടു വിഷമിക്കരുത്" എന്ന വാക്കുകൾ അദ്ദേഹത്തിന് ആശ്വാസം പകർന്നു. ദൈവപരിപാലനയിൽ ആശ്രയിച്ചു

കൊണ്ട് സാഹ്ലാദം, പ്രസന്നമായി ജീവിച്ചിരുന്ന മിസ്റ്റിക്കാണു ഡൺസ്റ്റണച്ചൻ.

അച്ചന്റെ ഒരു പ്രാർത്ഥനയിലും തിരുഹിതത്തിനായി പൂർണമായും സ്വയം സമർപ്പിക്കുന്ന മനോഭാവം ദൃശ്യമാണ്: "അങ്ങു സ്വതന്ത്രമായി എന്നിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെ. എന്റെ സ്വാതന്ത്ര്യം മുഴുവനും അങ്ങേയ്ക്കു കീഴ്പെടുത്തിക്കൊണ്ട് ഇനിമേൽ ഞാൻ നിനക്കുവേണ്ടി മാത്രം ജീവിക്കട്ടെ. എന്റെ ഹൃദയത്തിൽ വസിക്കുന്ന നീ എന്റെ അവയവങ്ങൾ വഴിയായി പ്രവർത്തിക്കുന്നതല്ലാതെ എന്റെ സ്വന്തപ്രവൃത്തികൾ എന്നിൽ കാണപ്പെടാതിരിക്കട്ടെ. ഇനിമേൽ ഞാൻ പ്രവർത്തിക്കുന്നെങ്കിൽ നിന്റെ കൽപനപ്രകാരമോ ആഗ്രഹമനുസരിച്ചോ മാത്രമാകട്ടെ.

"നിനക്ക് ഏറ്റം പ്രസാദിച്ചവ ചെയ്യുന്നതിന് എന്നെ സഹായിക്കണമെ. സ്നേഹത്തോടും വിശ്വസ്തതയോടുംകൂടെ എന്റെ പരിശുദ്ധ ന്യായപ്രമാണത്തേയും ഞാൻ ചെയ്യാൻ പോകുന്ന വ്രതങ്ങളേയും കാത്തുകൊണ്ടു പോകുന്നതിന് എന്നെ ഇപ്പോൾതന്നെ ഒരുക്കണമെ. ഞാൻ നിന്റെ ഇഷ്ടത്തിന് ഒരു ബലിയായിത്തീരട്ടെ. എന്തു സഹിക്കേണ്ടിവന്നാലും വേണ്ടില്ല, എനിക്കുനിന്നെ പ്രസാദിപ്പിപ്പാൻ കഴിഞ്ഞാൽ മാത്രം മതി.

"സർവ്വലോക സന്തോഷങ്ങളും എനിക്കു കൈപ്പായിത്തീരത്തക്കവണ്ണം അങ്ങയിലേക്ക് എന്നെ ആകർഷിക്കണമെ. അങ്ങേയ്ക്കുവേണ്ടി മാത്രം അദ്ധ്വാനിച്ചു വേലചെയ്യുന്നതിന്നുള്ള വരം എനിക്കു തരണമെ. സ്വാർത്ഥത്തിനോ സൃഷ്ടികൾക്കോ അതിൽ ഒരു പങ്കും ഉണ്ടാകാതിരിക്കട്ടെ. സ്വാർത്ഥലാഭേച്ഛയുടെ നിഴൽപോലും പൂർണ്ണമായി മാഞ്ഞുപോകത്തക്കവണ്ണം എന്റെ ആത്മാവിനെ ശുദ്ധീകരിക്കണമെ.''

ആത്മീയ മാർഗ്ഗനിർദ്ദേശത്തിനും കുമ്പസാരത്തിനുമായി തന്നെ സമീപിക്കുന്നവർക്കു നല്കിയ ഉപദേശങ്ങളിൽ "ദൈവം തരും,'' "ദൈവം സഹായിക്കും'' എന്നിങ്ങനെ ദൈവാശ്രയബോധം നിറഞ്ഞ വാക്കുകൾ നിറഞ്ഞുനിന്നു. ശാരീരികവും മാനസികവുമായ വേദനകൾ തന്നെ അലട്ടുമ്പോഴും പരാതിയും പരിഭവവും അദ്ദേഹത്തിൽനിന്ന് ഉണ്ടായില്ല. പകരം ആത്മാവിന്റെ നിമന്ത്രണംപോലെ ചില മന്ത്രങ്ങൾ ഉരുവിട്ടുകൊണ്ടിരുന്നു: "ദൈവമേ, സഹായിക്കണമെ,'' "ദൈവമെ രക്ഷിക്കണമെ,'' "ദൈവമേ, നിന്നെ ഞാൻ സ്നേഹിക്കുന്നു.''

### ദൈവകാരുണ്യം ജീവിച്ചവൻ

ദൈവത്തിലുള്ള പ്രത്യാശയിലും ദൈവാശ്രയബോധത്തിലും ജീവിക്കുന്ന മനുഷ്യൻ തീർച്ചയായും സ്നേഹവും ദൈവകാരുണ്യവും

ആവോളം അനുഭവിച്ചവനാണ്. അവൻ നിരന്തരം ദൈവകാരുണ്യം ധ്യാനിക്കുകയും ജീവിതത്തിൽ പാലിക്കുകയും ചെയ്യും. കാരുണ്യം സ്വീകരിച്ച് കാരുണ്യമായി അവൻ പകർന്നുകൊണ്ടിരിക്കും.

ജ്യേഷ്ഠപുത്രനായ ജസ്റ്റിനുമായി മരണത്തെക്കുറിച്ചുള്ള സ്മരണയെക്കുറിച്ച് തനിക്കുള്ള ചിന്ത പങ്കുവെക്കുന്നുണ്ട്. മരണത്തെക്കുറിച്ചുള്ള ധ്യാനത്തിലൂടെ ഭയം നീങ്ങി ദൈവകാരുണ്യത്തിലും സ്നേഹത്തിലും വളരാനാകുമെന്ന് അദ്ദേഹം പറയുന്നു:

"മരണത്തെക്കുറിച്ചുള്ള ഓർമ്മ നല്ലതാണ്. അമിതമായി ഭയപ്പെട്ടിട്ടാവശ്യമില്ല. നന്നായി ജീവിക്കാൻ സഹായിക്കുന്നവിധം ഓർമ്മ വരുന്നത് നല്ലതാണ്. ദൈവത്തെ സ്നേഹിക്കുകയും ദൈവത്തിന്റെ കരുണയിൽ ആശ്രയിക്കാൻ പഠിക്കുകയും ചെയ്യുമ്പോൾ ഭയം കുറയുകയും സ്നേഹം ശക്തിപ്പെടുകയും ചെയ്യും."

ആബേലച്ചൻ രചിച്ച കനോന നമസ്കാരത്തിന്റെ ആദ്യപതിപ്പുകളിൽ പ്രഭാതപ്രാർത്ഥനയിലെ ഉദയഗീതത്തിൽ ഇപ്രകാരം പാടുന്നു:

"കരളിൽ നിരാശ നിറയ്ക്കരുതേ
കൃപയുടെ വാതിലടയ്ക്കരുതേ
കാക്കും കൈകൾ വലിക്കരുതേ
കരുണ വെടിഞ്ഞു വിധിക്കരുതേ."

ഓരോ പ്രഭാതത്തിലുണർന്ന് തിരുസന്നിധിയിൽ സമൂഹം ഒന്നായി ആദ്യമായി പാടുന്ന പാട്ടിൽ കടന്നുകൂടിയ ദൈവകാരുണ്യത്തിനു നിരക്കാത്ത പദപ്രയോഗങ്ങൾ ഡൺസ്റ്റണച്ചന്റെ ബോദ്ധ്യത്തിൽ ഉടക്കി. അച്ചൻ മറ്റു പലരുമായി അതേക്കുറിച്ചു പങ്കുവച്ചു. ആബേലച്ചനോട് ഈ വരികൾ മാറ്റിയെഴുതണമെന്ന് അഭ്യർത്ഥിച്ചു. ആബേലച്ചൻ എഴുതി:

"കനിവിൻ കൈകളുയർത്തണമേ
കദനമകറ്റി നയിക്കണമേ
കരളിൽക്കതിരു പരത്തണമേ
വിധിയിൽ കരുണ കലർത്തണമേ."

ജീവിതത്തിൽ ദൈവകാരുണ്യത്തിന്റെ പ്രവർത്തനം ആവോളം അനുഭവിച്ചറിഞ്ഞിട്ടുള്ള ഡൺസ്റ്റണച്ചൻ ദൈവസ്നേഹത്താൽ നിറഞ്ഞവനായ് പ്രാർത്ഥിക്കുന്നു: "നല്ല ഈശോ ഞാൻ നിന്നെ സ്നേഹിക്കുന്നു. എന്റെ മുഴുവൻ ഹൃദയത്തോടും മുഴുവൻ ആത്മാവോടും സർവ്വശക്തിയോടുംകൂടെ നിന്നെ ഞാൻ സ്നേഹിക്കുന്നു.

"നിന്നെ അധികമധികം സ്നേഹിപ്പാൻ എന്നെ സഹായിക്കണമെ.

ഈശോ, എന്നെക്കാൾ കൂടുതലായി, ലോകത്തിലുള്ള ആരേയുംകാൾ അധികമായി, ലോകത്തിലുള്ള സർവ്വത്തേക്കാളും അധികമായി നിന്നെ ഞാൻ സ്നേഹിക്കട്ടെ.

"സർവ്വത്തിന്റെയും നാഥാ, നിന്നെ ഞാൻ താണുവീണ് ആരാധിക്കുന്നു. മാധുര്യവാനായ ഈശോ, ഞാൻ നിന്നെ സ്നേഹിക്കുന്നു; നിന്നെ വാഴ്ത്തുന്നു; സ്തുതിക്കുന്നു; നിനക്കു നന്ദിപറയുന്നു. നിന്നെ എപ്രകാരമാണ് സ്നേഹിക്കേണ്ടതെന്ന് ഓർക്കുമ്പോൾ എന്റെ സ്നേഹം എത്രയോ തണുത്തതും മന്ദഗുണമുള്ളതുമെന്നു ഞാൻ അറിയുന്നു. നിന്റെ നേരെയുള്ള സ്നേഹത്താൽ എന്റെ ഹൃദയത്തെ എരിയിക്കണമെ. നിന്റെ മാതാവ് നിന്നെ സ്നേഹിച്ചതുപോലെ സ്നേഹിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. നിന്റെ നേരെയുള്ള സ്നേഹത്തിൽ ലയിച്ച്, സർവ്വവും മറന്ന്, നിന്റെ സന്നിധിയിൽ സദാ വസിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. നിന്റെ മനസ്സുപോലെ എനിക്കു ഭവിക്കട്ടെ..."

**ദൈവത്തെ മാത്രം ശരണമാക്കിയവൻ**

"ഈശോ എന്റെ ദിവ്യമണവാളാ, എന്റെ മുഴുഹൃദയത്തോടെ, ദാരിദ്ര്യം, കന്യാവൃതം, കീഴ്‌വഴക്കം എന്നീ വ്രതങ്ങൾ സമർപ്പിച്ചു മരണപര്യന്തം വിശ്വസ്തതയോടെ ജീവിപ്പാൻ എനിക്കു വരം തരണമെ. കർത്താവേ, ഞാൻ ബലഹീനയും സ്വയമായി ഒന്നും ചെയ്‌വാൻ കഴിവില്ലാത്തവളുമായ ഒരു ശിശുവാകുന്നു. എന്നാൽ എന്റെ ഈ ബലഹീനതതന്നെ സർവ്വശക്തനായ അങ്ങയോടു യോജിച്ചിരിപ്പാൻ എന്നെ പ്രേരിപ്പിക്കുന്നു. അങ്ങയുടെ ആശ്രിതയെ ആർക്കു ജയിക്കുവാൻ കഴിയും."

ഡൺസ്റ്റണച്ചൻ സഹോദരി കൊച്ചുത്രേസ്യക്ക് എഴുതി നൽകിയ പ്രാർത്ഥനയുടെ ഭാഗമാണിത്. ജീവിതത്തിൽ ജനനംമുതൽ മരണംവരെ ശാരീരികമായും മാനസികമായും ഡൺസ്റ്റണച്ചന് ഏറെ സഹനങ്ങൾ നേരിടേണ്ടിവന്നു. പ്രത്യേകമായി ഒരു വിശുദ്ധനാകുന്നതിനുള്ള പരിശ്രമത്തിൽ തനിക്കു തടസമായിനിന്ന ബലഹീനതകൾക്കെതിരായ പോരാട്ടത്തിൽ താൻ തികച്ചും ദുർബലനാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. മുഴുവനായും ദൈവം മാത്രം ശരണമായിത്തീർന്നു. എഴുതുന്ന കത്തുകളിലും പ്രാർത്ഥിക്കുന്ന പ്രാർത്ഥനകളിലും ഈ ശരണമനോഭാവം നിഴലിക്കുന്നതു കാണാം.

സഹോദരി കൊച്ചുത്രേസ്യക്ക് എഴുതിയ കത്തുകളിലെ ചില ഭാഗങ്ങൾ വായിക്കാം:

"... നീ ദൈവത്തിൽ സമാധാനം കണ്ടെത്തിയാൽ നന്നായി. നില

നിൽക്കുന്നവനും മാറ്റമില്ലാത്തവനും ദൈവം മാത്രമെയുള്ളു. ആ ദൈവം ഏറ്റവും കൂടുതൽ നമ്മെ സ്നേഹിക്കുന്ന പിതാവുമാണ്. എന്ത് തെറ്റ് നാം ചെയ്താലും മനസ്തപിച്ചാൽ പിതാവു ക്ഷമിക്കും. പിന്നെ അത് ഒരിക്കലും അവിടുന്നു പരിഗണിക്കുകയുമില്ല. അതു കൊണ്ട് ദൈവത്തിൽ വിശ്വാസവും ശരണവും അർപ്പിച്ചുകൊണ്ട് സ്നേഹിക്കുക. നമുക്ക് സംഭവിക്കുന്നതെല്ലാം നമ്മുടെ നന്മയ്ക്കായി അനുവദിച്ചുതരുന്നതാണെന്നു വിശ്വസിക്കുക. നമുക്കു വിഷമമുള്ളവ മാറ്റാൻ ശ്രമിക്കാം. മാറ്റിത്തരാൻ പ്രാർത്ഥിക്കാം. എന്നിട്ടും മാറാത്തവ ദൈവതിരുമനസ്സിനു വഴങ്ങി സഹിക്കാൻ സഹായിക്കണമെയെന്നു പ്രാർത്ഥിക്കാം.

"ലോകജീവിതം സ്വർഗ്ഗീയ ജീവിതത്തിനുള്ള ഒരുക്കമാണല്ലൊ. ലൗകികമായ വ്യാമോഹങ്ങളിൽനിന്നു മനസ്സിനെ അകറ്റി ദൈവത്തിലും ദൈവിക കാര്യങ്ങളിലും സന്തോഷം കണ്ടെത്തുവാൻ അതിനെ പഠിപ്പിക്കുന്നവർ എത്ര ഭാഗ്യവാന്മാർ. ശാശ്വതമായ സമാധാനവും സംതൃപ്തിയും നമ്മുടെ പിതാവായ ദൈവത്തിലേ നാം കണ്ടെത്തുകയുള്ളു. ദൈവത്തെപ്രതി ആശകളെ അടക്കി ജീവിക്കുന്നവർക്ക് ഏതു വിഷമഘട്ടങ്ങളെയും തരണം ചെയ്യുന്നതിനുള്ള ശക്തി ദൈവം കൊടുക്കാതിരിക്കുകയില്ല. ഒരു കുഞ്ഞിനെപ്പോലെ ദൈവത്തിൽ വിശ്വസിക്കുകയും ശരണം വെയ്ക്കുകയും ചെയ്യുക. മറ്റെവിടെയെങ്കിലും നാം ആശ്രയിക്കുന്നതു ഭോഷത്വമാണ്. മാറ്റമില്ലാത്തവൻ ദൈവം മാത്രം."

സഹോദര പുത്രൻ സ്റ്റനിസ്ലാവൂസിന് എഴുതിയ കത്തിലും ഈ ശരണഭാവത്തിന്റെ പ്രകാശനമാണ് കാണുക:

"ദൈവമൊഴിച്ച് ഒന്നിലും നമുക്ക് ആശ്രയിക്കാൻ നിവൃത്തിയില്ല. സമ്പത്തും സ്നേഹിതന്മാരും ശക്തിയും മറ്റു ഗുണങ്ങളുമെല്ലാം നശ്വരങ്ങളാണ്. സർവ്വശക്തനും സർവ്വജ്ഞനും അളവില്ലാതെ നമ്മെ സ്നേഹിക്കുന്നവനുമായ ദൈവത്തിലല്ലാതെ മറ്റാരിൽ നാം ആശ്രയിക്കും. നമ്മുടെ ആവശ്യങ്ങൾ മറ്റാർക്കാണ് ദൈവത്തെപ്പോലെ അറിയുവാൻ കഴിയുക. നമ്മെ സഹായിക്കാൻ സർവ്വശക്തനെപ്പോലെ ആർക്കു സാധിക്കും. മരണംവരെ ഏതു പാപിയേയും ദൈവം അളവില്ലാതെ സ്നേഹിക്കുന്നുണ്ട്. ഈ ദൈവത്തിനു നമ്മേയും നമുക്കുള്ള എല്ലാറ്റിനേയും സമർപ്പിക്കാം. ശാന്തമായി സമാധാനമായി ദൈവത്തോടൊത്തു ജീവിക്കാം. ദൈവത്തിൽ ആശ്രയിക്കാം. ദൈവേഷ്ടത്തിനു നമ്മെത്തന്നെ വിട്ടുകൊടുക്കാം."

## പരസ്നേഹത്തിൽ ചരിച്ചവൻ

സഹോദരങ്ങളെ ഉള്ളുതുറന്നു സ്നേഹിക്കുകയെന്നതു ഡൺസ്റ്റണ ച്ചന്റെ സവിശേഷതയായിരുന്നു. എല്ലാവരെയും ഉൾക്കൊള്ളുവാൻ മാത്രം തുറവിയുള്ള ഒരു ഹൃദയത്തിന്റെ ഉടമ. മറ്റുള്ളവരുടെ നന്മ മാത്രം ആഗ്രഹിക്കുകയും അവരെ വിലമതിക്കുകയും അവരിൽ വിശ്വാസം അർപ്പിക്കുകയും ചെയ്യുന്ന മനോഭാവം. എല്ലാവരെയും സ്വീകരിക്കാനും അവരുടെ വികാരങ്ങളെ മാനിക്കാനും ചെറുപ്പം മുതൽ അദ്ദേഹം ശ്രദ്ധാലുവായി. "മറ്റുള്ളവരുമായി സമാധാനം നിലനിറുത്തണമെങ്കിൽ അനേകകാര്യങ്ങളിൽ സ്വന്തതാൽപര്യങ്ങൾ വേണ്ടെന്നു വയ്ക്കേണ്ടി വരും" എന്നത് അച്ചന്റെ ജീവിതപ്രമാണമായിരുന്നു.

പരസ്നേഹത്തെപ്രതി സ്വന്തതാൽപര്യങ്ങൾ നാം ഉപേക്ഷിക്കണം. അതോടൊപ്പം തിരുഹിതമറിയാൻ എപ്പോഴും ദൈവത്തിലേക്കു തിരി യണം. അപ്രകാരം ദൈവഹിതമന്വേഷിക്കുന്നവർക്ക് പരസ്നേഹ പാലന ത്തിൽ വീഴ്ചയുണ്ടാകില്ല എന്നാണ് ഡൺസ്റ്റണച്ചന്റെ പക്ഷം. അപ്ര കാരമുള്ള അനുഗ്രഹത്തിനായി ഡൺസ്റ്റണച്ചൻ പ്രാർത്ഥിക്കുന്നു: "ഒരിക്കലും ഞാൻ ഉപവിയിൽ കുറവുള്ളവൻ ആകാതിരിക്കട്ടെ. എല്ലായ് പോഴും ആലോചനയായി ഞാൻ നിന്റെ പക്കലേക്കു തിരിയുന്നെങ്കിൽ അതെങ്ങനെ സംഭവിക്കും? ഇപ്രകാരം ചെയ്യുന്നതിന് എല്ലായ്പോഴും ഓർപ്പിക്കുകയും നിന്റെ വാക്കനുസരിച്ചു കൃത്യമായി പ്രവർത്തിപ്പാൻ എന്നെ ശക്തിപ്പെടുത്തുകയും ചെയ്യണമെ." "സ്വാർത്ഥം വെടിഞ്ഞു മറ്റുള്ളവരുടെ സൗഭാഗ്യത്തിൽ കൂടുതൽ വിചാരമുള്ളവനായിരിപ്പാൻ എന്നെ പഠിപ്പിക്കണമെ."

ബാല്യകാലത്ത് തന്റേത് വളരെ ദേഷ്യപ്രകൃതിയായിരുന്നുവെന്ന് ഡൺസ്റ്റണച്ചൻ പറയുന്നു. എന്നാൽ അന്ന് ആ കുടുംബത്തിൽ ഉണ്ടായിരുന്ന മറ്റു പലരെക്കാൾ ശാന്തസ്വഭാവിയായിരുന്നു ഇട്ടൂപ്പുണ്ണി യെന്ന് മറ്റുള്ളവർ സാക്ഷിക്കുന്നു. നാട്ടുകാരായ പലരിൽനിന്ന് അപ്പൻ കടം വാങ്ങിയിരുന്നു. തക്കസമയത്ത് കടം വീട്ടാൻ കഴിയാതിരിക്കെ കടക്കാർ വീട്ടിൽ വന്നു ശല്യം ചെയ്യുക പതിവായി. വീടിനു മുമ്പിൽ നിന്നുകൊണ്ട് കോപിഷ്ടരായി ആക്രോശിക്കുന്ന കടക്കാരെ സമാധാനി പ്പിച്ച് അയയ്ക്കുന്നതിൽ വീട്ടുകാർ പരാജയപ്പെട്ടു. എന്നാൽ ചിലപ്പോ ഴെല്ലാം സാഹചര്യമനുസരിച്ച് കൊച്ചുകുട്ടിയായ ഇട്ടൂപ്പുണ്ണിയായിരിക്കും അവരോടു സംസാരിക്കുക. അവൻ ശാന്തനായി സംസാരിക്കും. വിനയ ത്തോടെ പെരുമാറും. കടക്കാർ ശാന്തരായി മടങ്ങും.

ചെറുപ്രായത്തിൽ നടന്ന ഒരു സംഭവം ഡൺസ്റ്റണച്ചൻ അനുസ്മരിക്കുന്നു: "ഞാൻ സെക്കന്റ് ഫോമിൽ പഠിക്കുമ്പോൾ എന്റെ ചെറിയ പെങ്ങൾ മേരി പോളൻ ബാധിച്ചു കിടപ്പിലായി. സുഖമായിത്തുടങ്ങിയപ്പോൾ എഴുന്നേറ്റ് എന്റെ അടുത്തു വന്നിരിക്കുമായിരുന്നു. ശ്വസിച്ചു വിടുന്ന വായുവിൽകൂടി സുഖക്കേട് പകരുമെന്നു ഞാൻ പഠിച്ചിരുന്നു. അവളുടെ സൂക്ഷമില്ലാതെയുള്ള പെരുമാറ്റം എനിക്കു തെല്ലും പിടിച്ചില്ല. പകരുന്ന അസുഖമെന്ന വിചാരമില്ലാതെയാണ് പെങ്ങൾ എന്നോടു തൊട്ടിരുന്നു സംസാരിച്ചിരുന്നത്. അവളുടെ വായിൽനിന്നു പുറപ്പെട്ടിരുന്ന വായുവിന്റെ ദുർഗന്ധംപോലും എനിക്കനുഭവപ്പെട്ടിരുന്നതുകൊണ്ട് ആ രോഗം എന്നെയും ബാധിക്കുമെന്നു ഞാൻ ഭയപ്പെട്ടു. എങ്കിലും പെങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്താതിരിക്കാൻ ഞാൻ ഒന്നും മിണ്ടിയില്ല. വരുന്നതു വരട്ടെ എന്നുറച്ച് അവിടെതന്നെ ഇരുന്നു. ഏതാനും ദിവസങ്ങൾക്കു ശേഷം എന്നേയും ആ രോഗം ബാധിച്ചു."

1976-ൽ സാഗർ റീജിയനിലേക്കുള്ള യോഗാർത്ഥികളെ റാഞ്ചിയിലേക്കു പ്രീഡിഗ്രി പഠനത്തിനയച്ചു. തീവണ്ടി യാത്രയിൽ ടിക്കറ്റ് പരിശോധകൻ ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്ന യാത്രക്കാരന്റെ കരണത്തടിച്ചു. ഇതേക്കുറിച്ച് പ്രവിശ്യയുടെ വാർത്താ ബുള്ളറ്റിനിലേക്കു യോഗാർത്ഥികൾ വാർത്ത എഴുതി അയച്ചപ്പോൾ, "റ്റി.റ്റി.ആറിന്റെ ചെകിടത്തുള്ള തബലയടി" എന്നു ശീർഷകമെഴുതി. ഉടനെ ഗുരുവച്ചൻ കുട്ടികളെ തിരുത്തി. എത്ര പാവപ്പെട്ടവനും ബഹുമാനത്തിനു യോഗ്യനാണെന്നും അവരെ ഒരിക്കലും അപമാനിക്കരുതെന്നും പഠിപ്പിച്ചു.

റാഞ്ചിയിലെ ജ്യോതിനിവാസിന് അടുത്തുള്ള അങ്കണത്തിലെ കിണറിൽനിന്ന് തൊട്ടടുത്തുള്ള ലേഡീസ് ഹോസ്റ്റലിലേക്കു വെള്ളം കൊണ്ടു പോകുന്ന ഒരു ജോലിക്കാരൻ ഉണ്ടായിരുന്നു. വെള്ളം കോരിയെടുത്ത് കാവുതണ്ടിൽ* പിടിപ്പിച്ച പാട്ടകളിൽ കൊണ്ടുപോയിരുന്ന ആ വയോധികൻ ഹൈഡ്രോസിൽ രോഗി ആയിരുന്നു. നടക്കുവാൻ നന്നെ കഷ്ടപ്പെട്ടിരുന്നു. ഈ സാധുവിന് ഡൺസ്റ്റണച്ചൻ ചിലപ്പോഴെല്ലാം വെള്ളം കോരിക്കൊടുത്തു സഹായിച്ചിട്ടുണ്ട്.

ഭവനത്തിലെ പാചകക്കാരൻ ജോർജ് അനുകരണ കലയിൽ വിദഗ്ദനായിരുന്നു. ഒരിക്കൽ ഒരു ഉല്ലാസയാത്രയ്ക്കിടയിൽ അവൻ പലരെയും അനുകരിച്ചു കാണിച്ചു. കൂട്ടത്തിൽ ഈ ഹൈഡ്രോസിൽ രോഗി വെള്ളം കൊണ്ടുപോകുന്നതും രസകരമായി അവതരിപ്പിച്ചു. എന്നാൽ ഡൺസ്റ്റ

* കാവുതണ്ട് എന്നത് രണ്ടറ്റത്തും ഭാരം തൂക്കിയിട്ട് തോളിൽ വഹിച്ചുകൊണ്ട് പോകാനുള്ള തണ്ട്.

ണച്ചന് അത് അത്ര രസമായി തോന്നിയില്ല. മറ്റുള്ളവരെ കളിയാക്കി കൊണ്ടുള്ള, പ്രത്യേകിച്ച് വൃദ്ധനായ ആ രോഗിയെ അനുകരിച്ചു കൊണ്ടുള്ള തമാശകൾ ഒട്ടും ഇഷ്ടപ്പെട്ടില്ല. അദ്ദേഹം അത് യോഗാർത്ഥി കളോടു തുറന്നുപറയുകയും ചെയ്തു.

1986 ഏപ്രിൽ 23-ാം തീയതി വൈകുന്നേരം. ശരവണംപട്ടി നവസ ന്ന്യാസ ഭവനത്തിൽ ഗുരുവായ ആന്റണി പുത്തനങ്ങാടിയച്ചൻ അന്നു സ്ഥലത്തില്ല. ഡൺസ്റ്റണച്ചനായിരുന്നു ഭവനത്തിന്റെ ചുമതല. കുറെ പട്ടാളക്കാർ പല വണ്ടികളിലായി ആ വഴി വന്നു. വളരെ വിശാലമായ ആശ്രമാങ്കണം കണ്ടിട്ടാകണം വഴിയരുകിൽ അവരുടെ വണ്ടികൾ നിറുത്തി. അവരിൽ നേതാവ് അച്ചനെ സമീപിച്ച് ഒരു രാത്രി നമ്മുടെ ഭവനത്തിനു മുമ്പിലുള്ള വെളിയിടത്തിൽ കൂടാരമടിക്കാനുള്ള അനുവാദം ചോദിച്ചു. അദ്ദേഹം തെല്ലും ആലോചനക്ക് ഇട നൽകാതെ പെട്ടെന്നുതന്നെ അവർക്ക് അനുവാദം നല്കി. “സുപ്പീരിയർ സ്ഥല ത്തില്ല,” “എനിക്ക് അനുവാദമില്ല” തുടങ്ങി കാരണങ്ങൾ യാതൊന്നും അദ്ദേഹം നിരത്തിയില്ല. “അവർ നമ്മുടെ രാജ്യത്തെ കാക്കുന്നവരാണ്. അവർക്കു താമസസൗകര്യം കൊടുക്കാൻ നമുക്കു ചുമതലയുണ്ട്.” ഡൺസ്റ്റണച്ചൻ നവസന്ന്യാസികളോടു പറഞ്ഞു. പട്ടാളക്കാരുടെ ആവശ്യത്തോടു പ്രകടിപ്പിച്ച സ്വാഭാവിക പ്രതികരണം നവസന്ന്യാ സികളെ ആകർഷിച്ചു.

ചുറ്റുമുള്ളവരെ സൂക്ഷ്മമായി നിരീക്ഷിച്ച് അവർക്കുവേണ്ടി ക്രിയാ ത്മകമായി പ്രതികരിക്കുന്ന മാനുഷികത ഡൺസ്റ്റണച്ചൻ സ്വായത്ത മാക്കിയിരുന്നു.

ദൈവവിളി പ്രവർത്തനങ്ങളുടെ ഭാഗമായി ഡൺസ്റ്റണച്ചൻ നടത്തുന്ന യാത്രക്കിടയിൽ തൃശൂർ അയ്യന്തോളിൽ ഉള്ള ജ്യേഷ്ഠന്റെ മകൾ മേരിയുടെ ഭവനത്തിൽ അന്തിയുറങ്ങുന്ന പതിവുണ്ടായിരുന്നു. ഒരിക്കൽ ആ വീട്ടിൽ ചെന്നപ്പോൾ വീട്ടുജോലിക്കാരിയായി ഗർഭിണിയായ ഒരു സ്ത്രീയെയാണ് അദ്ദേഹം കണ്ടത്. ആ സ്ത്രീയുടെ ചലനങ്ങളും ജോലി ചെയ്യുന്ന രീതികളും അച്ചന്റെ ശ്രദ്ധയിൽ പതിഞ്ഞു. പിറ്റേന്നാൾ രാവിലെ യാത്ര തിരിക്കുന്നതിനുമുൻപ് അച്ചൻ മേരിയോടു പറഞ്ഞു: “നമ്മുടെ ജോലിക്കാരി ഗർഭിണിയാണല്ലോ. അവർ ജോലി ചെയ്യുന്നതി നിടയിൽ ഓരോന്ന് എടുക്കുന്നതും പിടിക്കുന്നതും കുനിയുന്നതും എല്ലാം കാണുമ്പോൾ അത്ര നന്നായിത്തോന്നുന്നില്ല. കൊച്ചിന് എന്തെങ്കിലും കേടുപറ്റാൻ പാടുണ്ട്. ഒന്ന് സൂക്ഷിക്കാൻ പറയണം.”

രോഗി ശുശ്രൂഷയിൽ ഡൺസ്റ്റണച്ചൻ എത്രയും തൽപരനും ശ്രദ്ധാലുവുമായിരുന്നു. രോഗികളോട് ഏറെ സ്നേഹവായ്പോടെ പെരുമാറി. ഒരിക്കൽ അപകടത്തിൽ കാലിനു പരിക്കുപറ്റി ആശുപത്രിയിൽ കഴിഞ്ഞിരുന്ന നവസന്ന്യാസിയെ കാലിൽ തഴുകി, കുരിശു വരച്ച് ആശ്വസിപ്പിച്ചു."കർത്താവ് തരുന്ന സഹനം നമ്മൾ സന്തോഷത്തോടെ സ്വീകരിക്കണം." അച്ചന്റെ സ്നേഹം നവസന്ന്യാസിയുടെ ഹൃദയം കീഴടക്കി.

2000-മാണ്ടിൽ കൊഴിഞ്ഞാമ്പാറ സെന്റ് തോമസ് ആശ്രമത്തിൽ യോഗാർത്ഥിയായിരുന്ന മണ്ണാർക്കാട്ട് കൂറ്റപുരം സ്വദേശി ജോഷി പാറയ്ക്കൽ പങ്കുവെക്കുന്നു: "ഒരു ദിവസം ബാസ്ക്കറ്റ് ബോൾ കളിക്കുന്ന സമയത്ത് എന്റെ കാൽ മടങ്ങിപ്പോയി; പടം മറഞ്ഞുപോയി. കാൽ ഇനി ശരിയാവില്ലായെന്ന സ്ഥിതിയായി. ഒരു വൈദ്യന്റെ അടുക്കൽ ചികിത്സിച്ചു. എണ്ണ നിറച്ച ഒരു പാളയിൽ കാൽ മുക്കി ഞാൻ ഒന്നര മാസം കിടന്നു. അങ്ങനെയുള്ള സമയത്ത് ഡൺസ്റ്റണച്ചൻ ഇടയ്ക്കിടെ എന്റെ അടുക്കൽ വരും. ദീർഘനേരം പള്ളിയിൽ പോയി പ്രാർത്ഥിക്കും. പള്ളിയിൽ പോലും പോകാൻ പറ്റാത്ത അവസ്ഥയിൽ എന്നിൽ ആത്മീയചിന്ത ഉണർത്തണമെന്നും ദൈവബന്ധം വളർത്തണമെന്നും അച്ചൻ ആഗ്രഹിച്ച് എന്റെ അടുക്കൽ ഇരുന്ന് കൊന്ത ചൊല്ലും. എന്റെ കാൽ സാവധാനം സുഖപ്പെട്ടു. സുഖമാകില്ലെന്നു വിചാരിച്ച എന്റെ കാൽ അച്ചൻ കൊന്ത ചൊല്ലിച്ചൊല്ലി പ്രാർത്ഥിച്ചപ്പോൾ കർത്താവ് സുഖപ്പെടുത്തി. ഇപ്പോഴും അതു കണ്ണുനിറയുന്ന ജീവിതാനുഭവമാണ്."

രോഗിയായിരുന്നപ്പോഴും ആരെയും ബുദ്ധിമുട്ടിക്കാതിരിക്കാൻ അദ്ദേഹം ശ്രദ്ധ പതിച്ചു. പല വേദനകളും ആരെയും അറിയിച്ചില്ല. രാത്രിയിൽ കൂട്ടുകിടക്കുന്നവരെ ഉറക്കത്തിൽനിന്ന് ഉണർത്താൻ അദ്ദേഹം തുനിഞ്ഞില്ല. ഉറങ്ങുന്നവരെ ഉണർത്താതെ തനിയെ കട്ടിലിൽനിന്ന് എഴുന്നേറ്റു നടന്ന് ചിലപ്പോഴെല്ലാം വീഴാനിടയായിട്ടുണ്ട്.

ഒരു നാൾ ശരവണംപട്ടി നവസന്ന്യാസ ഭവനത്തിൽ നിശാപ്രാർത്ഥന കഴിഞ്ഞ നേരം. ബ്ര. ജോസ് കൈതവളപ്പിലായിരുന്നു അന്നു ഡൺസ്റ്റണച്ചനു കൂട്ടുകിടക്കേണ്ടിയിരുന്നത്. ജോസ്, അച്ചന്റെ മുറിയിലെത്തി. ധ്യാനചിന്തയിൽ മുഴുകിയവനായി അച്ചൻ കട്ടിലിൽ കിടക്കുന്നു. തറയിൽ പായ് വിരിച്ചു ജോസ് കിടന്നു. അൽപനേരം കഴിഞ്ഞ് എന്തോ സ്വപ്നം കണ്ടുണർന്നതുപോലെ അച്ചൻ ചാടിയെഴുന്നേറ്റു. "ബ്രദർ എന്റെ കട്ടിലും കിടക്കയും ഉപയോഗിച്ചുകൊള്ളു." ജോസ് അതിനു സമ്മതിച്ചില്ല.

അച്ചൻ നിർബ്ബന്ധമായി പുതപ്പും വിരിയും ബ്രദറിനു കൊടുത്തിട്ടു കിടക്കയിൽ ചാഞ്ഞു.

രാത്രിയിൽ തണുപ്പു കൂടിവരുന്നതറിഞ്ഞ് ജോസ് പുതപ്പെടുത്ത് അച്ചനെ പുതപ്പിച്ചു. തുടർന്ന് ഇരുവരും സുഖമായുറങ്ങി. രാവിലെ ഉണർത്തുമണി അടിച്ചപ്പോൾ ശുശ്രൂഷി ഉണർന്നു. രാത്രിയിൽ അച്ചന റിയാതെ താൻ അദ്ദേഹത്തെ പുതപ്പിച്ച പുതപ്പ് താൻ പുതച്ചിരിക്കുന്നു. തികച്ചും നിഷ്കളങ്കമായ ചിരിയോടെ ഡൺസ്റ്റണച്ചൻ കട്ടിലിൽ ഇരിക്കുന്നു.

ഓർമ്മ മങ്ങിയ അവസരത്തിലും രോഗികൾ അദ്ദേഹത്തിന്റെ സ്നേഹത്തിനു പാത്രങ്ങളായി. സ്നേഹവും അനുകമ്പയും ഒരിക്കലും കൈമോശം വന്നില്ല. "വിഷമിക്കേണ്ട. എല്ലാം ശരിയായിക്കൊള്ളും" എന്നു രോഗിയെ ആശ്വസിപ്പിക്കും. സഹോദരങ്ങൾ ആരെങ്കിലും രോഗിയാണെന്നു കണ്ടാൽ അവരെ ആശുപത്രിയിലേക്കു കൊണ്ടുപോ കണമെന്നും താൻതന്നെ കൊണ്ടുപോകാമെന്നും ഗുരുവച്ചനോടു പറയും. ആശുപത്രിയിൽ പോകാൻ ഡൺസ്റ്റണച്ചൻ മടി കാണി ക്കുമ്പോൾ നവസന്ന്യാസികൾ ആരെങ്കിലും രോഗിയായി അഭിനയി ക്കുകയാണു പതിവ്. രോഗിയെ ചികിത്സിക്കുന്നതിന് താൻതന്നെ മുൻകൈയെടുത്തിരിക്കും.

ഒരിക്കൽ ഡൺസ്റ്റണച്ചൻ ഒരു നവസന്ന്യാസിയോടൊപ്പം പതിവു പരിശോധനയ്ക്കായി വിമൽജ്യോതി ആശുപത്രിയിലെത്തി. "ഡോക്ടർ, എനിക്കു സുഖമാണ്. ഇയാൾക്കു സുഖമില്ലെന്നു തോന്നുന്നു. ദയവായി പരിശോധിക്കണം." ഡൺസ്റ്റണച്ചൻ ഡോക്ടറോടു പറഞ്ഞു. ആശ്രമ ത്തിൽ തിരിച്ചെത്തിയതും സുപ്പീരിയറച്ചനോടും ഇതേ വിവരം ആവർ ത്തിച്ചു: "അച്ചാ, എനിക്കു സുഖമാണ്. എന്റെ കൂടെ വന്നയാൾക്ക് അത്ര സുഖമില്ലെന്നു തോന്നുന്നു."

### പരസ്നേഹം പരസ്പര സഹായം

പരസ്നേഹത്തെപ്രതി മറ്റൊരാൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതും ത്യാഗ മനുഷ്ടിക്കുന്നതും ക്ഷമിക്കുന്നതും അവരിൽനിന്നുള്ള ക്ലേശങ്ങൾ ഏറ്റെടുക്കുന്നതും അപരനും തനിക്കും നന്മയായി പരിണമിക്കുമെന്നാണ് ഡൺസ്റ്റണച്ചൻ പറയുന്നത്. നന്മകൾ കൈമാറുന്ന ഒരദൃശ്യനൂലു കൊണ്ട് ഇരുവരും ബന്ധിതരാണ്. യോഗാർത്ഥികളുടെ റെക്ടറായി രിക്കെ സഹോദരി കൊച്ചുത്രേസ്യക്ക് അദ്ദേഹം എഴുതുന്നു: "നിന്റെ ത്യാഗങ്ങൾ എന്റെ കുട്ടികൾക്കുവേണ്ടി കാഴ്ച വെച്ചാൽ കൊള്ളാം.

ഇവർ നല്ല വൈദികരാകുന്നതിനു നിന്റെ പ്രാർത്ഥനകൊണ്ടും ത്യാഗം കൊണ്ടും സഹായിക്കുമെങ്കിൽ അവരുടെ സത്പ്രവൃത്തികളിൽ നിനക്കും പങ്കുണ്ടാകും.''

സഹോദര പുത്രൻ ജസ്റ്റിന് കത്തിലൂടെ നൽകിയ ഉപദേശത്തിലും ഈ കാഴ്ചപ്പാട് ആവർത്തിക്കുന്നു, "അമ്മയ്ക്കുവേണ്ടിയും അമ്മായിക്കുവേണ്ടിയും അവരുടെ വയസ്സുകാലത്ത് ഉണ്ടാകാവുന്ന ശാരീരികവും മാനസികവുമായ ക്ലേശങ്ങൾ നന്നായി സഹിക്കുന്നതിനുവേണ്ട ശക്തി ലഭിക്കുന്നതിനുവേണ്ടിയും പ്രാർത്ഥിക്കുക. മറ്റുള്ളവരിൽനിന്നു നിങ്ങൾക്കുണ്ടാകാവുന്ന വിഷമങ്ങൾ ദൈവത്തെ ഓർത്ത് നന്നായി സഹിക്കുക. അത് അവർക്കും നിങ്ങൾക്കും ഉപകാരപ്പെടും. നാം മറ്റുള്ളവരെ സഹായിക്കുമ്പോൾ ദൈവം ശാരീരികമായിട്ടല്ലെങ്കിലും ആത്മികമായി നമ്മെ തീർച്ചയായും സഹായിക്കും.''

റാഞ്ചിയിൽ യോഗാർത്ഥികൾക്ക് അപ്രിയനായ ഒരു അദ്ധ്യാപകൻ ഉണ്ടായിരുന്നു. ആ അദ്ധ്യാപകനിൽനിന്ന് ഉണ്ടായിട്ടുള്ള ദുരനുഭവങ്ങൾ അവർ പലപ്പോഴും സംസാരവിഷയമാക്കി. "ഈശോയുടെ കാൽവരിയാത്രയിൽ കൂടെ ഉണ്ടായിരുന്നവരിൽ ഭാഗ്യവാനായിത്തീർന്ന ഒരാളാണ് ശെമയോൻ. കാരണം, ശെമയോനാണ് ഈശോയുടെ കുരിശുവഹിച്ച് അവിടുത്തെ സഹായിക്കുവാനുള്ള സൗഭാഗ്യം ഉണ്ടായത്. ആ അദ്ധ്യാപകനിൽനിന്ന് നിങ്ങൾക്കുണ്ടായ കയ്പ്പേറിയ അനുഭവങ്ങൾ ശെമയോന് ഈശോ കൈമാറിയ കുരിശാണെന്നു കരുതി ഈശോയോടൊത്ത് അത് ചുമക്കുകയാണെങ്കിൽ, പകപോക്കുന്ന തരത്തിലുള്ള നിങ്ങളുടെ പരാതിപറച്ചിലുകൾ ഒരിക്കലും ഉണ്ടാകില്ല. മാത്രവുമല്ല, ആ അദ്ധ്യാപകനോട് നിങ്ങൾ നിരുപാധികം ക്ഷമിച്ച് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയാണെങ്കിൽ അദ്ദേഹത്തെയും നിങ്ങൾ ഈശോയിലേയ്ക്ക് അടുപ്പിക്കുകയായിരിക്കും ചെയ്യുന്നത്.''

അമ്പഴക്കാട് നവസന്ന്യാസ ഭവനത്തിലെ സ്വകാര്യക്കപ്പേളയിൽ ഡൺസ്റ്റണച്ചൻ കുർബാന അർപ്പിക്കുമ്പോൾ മരിച്ചവരുടെ കുർബാനയ്ക്കായിരുന്നു പ്രാധാന്യം. മരിച്ചവിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ നാം നമുക്കുവേണ്ടിത്തന്നെയാണ് പ്രാർത്ഥിക്കുന്നത്. നാമെല്ലാവരും ഈശോയുടെ മൗതികശരീരത്തിലെ അംഗങ്ങളാണ്.

അനുജത്തി കൊച്ചുത്രേസ്യയുടെ ഉപയോഗത്തിനു ജ്യേഷ്ഠൻ ഡൺസ്റ്റണച്ചൻ അയച്ചുകൊടുത്ത പ്രാർത്ഥന, തന്നെ പരസ്നേഹത്തിന്റെ ഉപകരണമാക്കുന്നതിനായുള്ള സമർപ്പണമാണ്:

“എനിക്കു ചുറ്റുമുള്ളവർക്ക് എന്റെ സാന്നിദ്ധ്യം സമാധാനവും ആശ്വാസവുമായിരിക്കേണ്ടതിന്, കർത്താവേ, നീ സദാ എന്നിൽ വസിക്കണമെ; പ്രവർത്തിക്കണമെ. ആവശ്യത്തിലിരിക്കുന്നവർക്കു ഞാൻ എപ്പോഴും സഹായമാകട്ടെ; സഹിക്കുന്ന ഹൃദയം എപ്പോഴും എന്നിലെ അനുകമ്പ കണ്ടു തൃപ്തിപ്പെടട്ടെ; കരയുന്നവരുടെ കണ്ണുനീർ തുടയ്ക്കുന്നതിനും മനക്കലക്കത്തിൽ വിഷമിക്കുന്നവർക്കു സമാധാനം നൽകുന്നതിനും മനഃശക്തിയില്ലാതെ വലയുന്നവർക്കു ധൈര്യം നൽകുന്നതിനും ചുരുക്കത്തിൽ, എല്ലാവർക്കും എല്ലാം ആകുന്നതിനു ഞാൻ സന്നദ്ധയാകുവാൻ, കർത്താവേ, നിന്റെ ഹൃദയംതന്നെ എനിക്കു തരണമെ. എന്റെ സഹോദരികളെയും മറ്റുള്ളവരേയും എപ്പോഴും അനുകമ്പയോടും സ്നേഹത്തോടും കൂടെ വിചാരിക്കുന്നതിനും അവരെ എല്ലായ്പോഴും ആദരിക്കുന്നതിനും എന്നെ പഠിപ്പിക്കണമെ. എന്റെ സഹോദരികളുടെ ഹൃദയമുറിവുകളെ വീശി തണുപ്പിക്കുന്നതിനും പൂർണ്ണമായി സുഖപ്പെടുത്തുന്നതിനുമുള്ള ശക്തി എന്റെ വാക്കുകൾക്കു നൽകണമെ. കർത്താവേ, നിന്റെ മണവാട്ടിയായ ഞാൻ, നിന്നെപ്പോലെ സകലരേയും സ്നേഹിപ്പാനും ആശ്വസിപ്പിക്കാനും ആഗ്രഹിക്കുന്നു. സകലർക്കും നന്മ ചെയ്തുകൊണ്ട് ഇഹലോകജീവിതം നയിച്ച നിന്നെ പരിപൂർണ്ണമായി അനുകരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. നിന്നോട് അടുത്തിരുന്നവർക്ക് ഉണ്ടായിരുന്ന അനുഭവംതന്നെ എന്നോട് അടുക്കുന്നവർക്കും ഉണ്ടാകട്ടെ. ഇതിനായി കർത്താവേ, അങ്ങെന്റെ ഹൃദയത്തെ മയപ്പെടുത്തണം. ദൈവസ്നേഹത്താലും ദൈവത്തെപ്രതിയുള്ള പരസ്നേഹത്താലും നിന്റേതുപോലെ എന്റെ ഹൃദയവും എരിയണം. ഹൃദയശാന്തതയും എളിമയുമുള്ള ഈശോയേ, എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന് ഒത്തതാക്കിയരുളണമെ. കർത്താവേ, ഞാൻ നിന്നിലേയ്ക്കു പരിപൂർണ്ണമായി രൂപാന്തരപ്പെടട്ടെ. എന്നെ കാണുന്നവർ എന്നിൽ നിന്നെ കാണട്ടെ.”

### തിരുക്കുടുംബത്തിന്റെ ഡൺസ്റ്റണച്ചൻ

സി.ഐ.ഐ. സഭയിൽ അംഗങ്ങളായി ചേരുന്നവർ നവസന്ന്യാസ പരിശീലനത്തിന്റെ ആരംഭത്തിൽ തങ്ങളുടെ പ്രത്യേകമായ ഭക്തിക്കും ആത്മീയമായ അഭിരുചിക്കും ആഭിമുഖ്യങ്ങൾക്കും അനുസരിച്ച് ഈശോയുടെയും മറിയത്തിന്റെയും ഇഷ്ടരൂപങ്ങളുമായി ബന്ധപ്പെട്ട നാമങ്ങളോ വിശുദ്ധരുടെ പേരുകളോ രണ്ടാം പേരായി സ്വീകരിക്കാറുണ്ട്. അതനുസരിച്ച് ഡൺസ്റ്റണച്ചൻ തിരുക്കുടുംബത്തെയാണ് തന്റെ പേരുമായി കൂട്ടിച്ചേർത്തത്. തിരുക്കുടുംബത്തിന്റെ ഡൺസ്റ്റൺ ക.നി.മൂ.സ. എന്ന് അദ്ദേഹം അറിയപ്പെട്ടു.

"നസ്രത്തിൽനിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ" (യോഹ. 1:46) എന്നത് അപമാനം ദ്യോതിപ്പിക്കുന്ന ഒരു ചോദ്യമായിരുന്നു. എന്നാൽ പ്രതീക്ഷകൾക്കു വിപരീതമായി നസ്രത്തിൽനിന്ന് നന്മയുണ്ടായി. വചനം മാംസമായത് നസ്രത്തിലെ ദരിദ്രമായ ഭവനത്തിലാണ്. യൗസേപ്പിന്റെയും മറിയത്തിന്റെയും മകനായി, മനുഷ്യനായിത്തീർന്ന ദൈവം അറിയപ്പെട്ടു.

ഈശോ, മറിയം, യൗസേപ്പ് എന്നിവർ അടങ്ങുന്ന നസ്രത്തിലെ കുടുംബം സുകൃതപൂരിതമായിരുന്നു. ദൈവത്തെ ധ്യാനിച്ച്, ദൈവേഷ്ടത്തിനും അവിടുത്തെ പരിപാലനയ്ക്കും സദാ കീഴ്‌വഴങ്ങിക്കൊണ്ടാണ് മറിയവും യൗസേപ്പും ജീവിച്ചത്. മനുഷ്യരായ ഇരുവരെയും എളിമയോടെ അനുസരിച്ചുകൊണ്ട് ദൈവപുത്രൻ അവിടെ അജ്ഞാതജീവിതം നയിച്ചു. അസാധാരണമായ ദർശനങ്ങളോ ബഹളങ്ങളോ അവരിൽ ആരിലും ഉണ്ടായിരുന്നില്ല. അദ്ധ്വാനത്തിന്റെ നിയമം ഈ കുടുംബത്തിൽ ശരിയായി പാലിക്കപ്പെട്ടു. ഈ യാഥാർത്ഥ്യങ്ങൾ ഡൺസ്റ്റണച്ചനെ ഏറെ ആകർഷിച്ചു. താഴെ വരുന്ന പ്രാർത്ഥനാശകലങ്ങൾ ഡൺസ്റ്റണച്ചന് തിരുക്കുടുംബത്തോടുള്ള മനോഭാവങ്ങൾ വെളിപ്പെടുത്തുന്നു.:

"God help me.  Mary, my dearest Mother, pray for me.  Make me love my Jesus, remember Him, listen to Him, converse with Him, be with Him always.  St. Joseph, model of interior life, teach me to work hard in union with our Lord."

"വിശുദ്ധ യൗസേപ്പിതാവേ, അങ്ങ് പ. കന്യാമറിയത്തിനും ഈശോക്കും വേണ്ടിയും, അവരുടെ സാന്നിദ്ധ്യത്തിലും അവരുടെ ദിവ്യമാതൃക അനുകരിച്ചുകൊണ്ടും അദ്ധ്വാനിച്ചു ജീവിച്ചിരുന്നതുപോലെ ഞാനും (നിങ്ങളെ മൂവരേയും എന്റെ കൺമുമ്പാകെ വെച്ചുകൊണ്ട് നിങ്ങളെ അനുകരിച്ചു) ജീവിപ്പാൻ എന്നെ സഹായിക്കുകയും പഠിപ്പിക്കുകയും ചെയ്യണമെ."

# 12

# അയക്കപ്പെടുന്നതിനുള്ള അന്തർദ്ദാഹം

ക്രൈസ്തവവിശ്വാസം സ്വീകരിക്കുന്നതിനു താൽപര്യം കാണിക്കുന്നവരെ സഭയിലേയ്ക്കു സ്വാഗതം ചെയ്ത്, തൊഴിലുകൾ പഠിപ്പിച്ച്, വിവാഹത്തിനു സഹായിച്ച്, ക്രിസ്തീയകുടുംബങ്ങൾക്കു രൂപം നൽകുന്ന പതിവ് പാവറട്ടി കൊവേന്തയിൽ നിലവിലിരുന്നു. അപ്രകാരമുള്ള പുതിയ കുടുംബങ്ങളെ ക്രൈസ്തവ വിശ്വാസത്തിൽ ദൃഢപ്പെടുത്തുന്നതിനു പാരമ്പര്യമുള്ള കുടുംബങ്ങളെ ഭരമേൽപിക്കുകയാണു പതിവ്. അപ്രകാരം തങ്ങളെ ഏൽപിച്ചിരുന്ന യൗസേപ്പിന്റെ കുടുംബത്തെ ഒലക്കേങ്കിൽ കുടുംബം സ്വന്തം പറമ്പിൽ വീടിന് അടുത്തുതന്നെ താമസിപ്പിച്ചു. ഒലക്കേങ്കിൽ കുടുംബത്തിൽ അയാൾക്കു പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരുന്നു.

ഇട്ടൂപ്പുണ്ണിയുടെ അപ്പൻ രാത്രി നേരങ്ങളിൽ മണലിൽ എഴുതിക്കൊടുത്തു യൗസേപ്പിനെ എഴുത്തു പഠിപ്പിച്ചു. കുടുംബത്തിലെ കുട്ടികളെല്ലാവരും അയാളെ പേരാണു വിളിച്ചിരുന്നത്. പിന്നീട് മാതാപിതാക്കൾ നിഷ്കർഷിച്ചതനുസരിച്ച് 'യൗസേപ്പു ചേട്ടൻ' എന്നുതന്നെ എല്ലാവരും വിളിക്കാൻ തുടങ്ങി. യൗസേപ്പിന്റെ മൂത്തമകൾ ഇട്ടൂപ്പുണ്ണിയോടൊപ്പമാണ് ആദ്യകുർബാന സ്വീകരിച്ചത്. പരിപാടിയുടെ തലേനാളിൽ ഇരുവർക്കുമായി കടലാസുമുടി അപ്പൻതന്നെ രാത്രി ഉറക്കമിളച്ച് ഒരുക്കിയെടുത്തു. ഡൺസ്റ്റണച്ചൻ അനുസ്മരിക്കുന്നു: "ഞങ്ങളുടെ കുടുംബ ചൈതന്യം അവൻ സ്വന്തമാക്കിയിരുന്നു. അത് ഞങ്ങളുടെ കുടുംബത്തിലെ വേദപ്രചാരരംഗമായിരുന്നു."

ഇതു കൂടാതെ ജൂൺ മാസാവസാനം തിരുഹൃദയ വണക്കമാസം ഘോഷിക്കുന്ന ദിവസം 12 കുട്ടികളെ ക്ഷണിച്ചുവരുത്തി അപ്പൻ അവരെ

വേദപാഠത്തിൽ പരീക്ഷിക്കുകയും ഉപദേശിക്കുകയും പ്രാർത്ഥനകൾക്കുശേഷം അവർക്കു ഭക്ഷണം കൊടുക്കുകയും ചെയ്തിരുന്നു. ഈ കുടുംബ പശ്ചാത്തലം ദൂരദേശത്തിൽ ഒരു മിഷനറിയാകാനുള്ള ദാഹം ഇട്ടൂപ്പുണ്ണിയിൽ പകർന്നു.

ആദ്യകുർബാന സ്വീകരിച്ചതിനു അടുത്ത കാലങ്ങളിൽ വിദൂരങ്ങളിലേക്കു മിഷനറിയായി തന്നെ അയയ്ക്കണമെന്ന ആഗ്രഹം ഇട്ടൂപ്പുണ്ണി പ്രാർത്ഥനയുടെ ഭാഗമാക്കി. "നാടുവിട്ട് അന്യനാടുകളിൽ പോയി കഴിയുമെങ്കിൽ മരണംവരെ ജോലി ചെയ്യണം.'' അന്യനാട് എന്നാൽ പേർഷ്യയുടെയും അറേബിയായുടെയും ഭാഗങ്ങളാണ് അവന്റെ ഓർമ്മയിൽ ഉണ്ടായിരുന്നത്. അറബിക്കടലിനപ്പുറം എന്നാണു ചിന്തിച്ചിരുന്നത്.

കുടുംബത്തിൽനിന്നു ലഭിച്ച ചൈതന്യമനുസരിച്ച് ഇതര മതസ്തരായ സഹോദരങ്ങളിൽ പ്രകടമാകുന്ന ക്രിസ്തുസ്നേഹത്തിന്റെ അടയാളങ്ങളോട് അനുകൂലമായി പ്രതികരിക്കുന്നതിനു തന്റെ ജീവിതത്തിലുടനീളം ഡൺസ്റ്റണച്ചൻ ശ്രദ്ധിച്ചിരുന്നു.

### പ്രേഷിതന്റെ വിശുദ്ധി പ്രേഷിതോപകരണം

പ്രേഷിതപ്രവർത്തനങ്ങളുടെ പ്രഥമലക്ഷ്യം മറ്റുള്ളവർക്കു ക്രിസ്തുവിനെ നൽകുകയെന്നതാണ്. അതിന് മറ്റു ഉപാധികളെക്കാളും ഉപകരണങ്ങളെക്കാളും സ്വന്തം ജീവിതവും വ്യക്തിത്വവുമാണ് പ്രേഷിതപ്രവർത്തനത്തിന്റെ മാനങ്ങളാകേണ്ടത്. ഡൺസ്റ്റണച്ചൻ പ്രാർത്ഥിക്കുന്നു: "എന്നെ കാണുകയും എന്റെ പ്രവൃത്തികൾ സൂക്ഷിച്ചു നോക്കുകയും ചെയ്യുന്നവർ എന്നിലും എന്റെ പ്രവൃത്തികളിലും നിന്നെമാത്രം കാണുവാൻ തക്കവണ്ണം എന്നെ മുഴുവനും നിന്നിലേയ്ക്കു പകർത്തണമെ. അങ്ങനെ അങ്ങെന്നിൽ ജീവിക്കണമെ; പ്രവർത്തിക്കണമെ...

"എന്നെ എളിയവനും പരമാർത്ഥിയും ശിശുതുല്യനും ആക്കണമെ. ആത്മാക്കളെ നിന്റെ പക്കലേയ്ക്കടുപ്പിക്കുവാൻ എന്നെ സഹായിക്കണമെ. നിന്റെ സ്നേഹത്തിന്റെ അരൂപിയാൽ എന്നെ നിറയ്ക്കണമെ. അപ്പോൾ ആത്മാക്കളുടെ മദ്ധ്യേ ആ സ്നേഹം ചിന്തുന്നതിന് എനിക്കു കഴിയും.''

### അംബികാപൂരിലേക്ക്...

കേരളത്തിനുപുറത്ത് ആദ്യമായി സി.എം.ഐ. സഭാംഗങ്ങൾ പ്രേഷിത പ്രവർത്തനത്തിനു വിളിക്കപ്പെട്ടത് അബിസീനിയ, പേർഷ്യ അംബികാപൂർ മുതലായ മിഷനുകളിലേയ്ക്കായിരുന്നു. അംബികാപൂരിലേ

യ്ക്കു പോകാൻ തയ്യാറായിവന്ന മൂന്നു പേരിൽ ഒരാൾ ഡൺസ്റ്റണച്ച നായിരുന്നു. എന്നാൽ ആ ആഗ്രഹം നിറവേറിയില്ല. പലയിടങ്ങളിലായി അദ്ദേഹം കുറിച്ചുവെച്ചിരിക്കുന്ന കാര്യങ്ങൾ ഇവിടെ സമാഹരിക്കുന്നു:

"പ്രവിശ്യകൾ തിരിക്കുന്നതിനുമുമ്പ് അബിസീനിയ, പേർഷ്യ മുതലായ സ്ഥലങ്ങളിലേക്കു പോകാൻ ഒരുക്കമുള്ളവരെ അന്വേഷി ച്ചപ്പോൾ ഞാൻ വലിയ പ്രതീക്ഷയോടെ അപേക്ഷിച്ചിരുന്നു. യോഗാർത്ഥി ഭവനത്തിൽ 15 വയസിൽ ചേരുന്നതിനുമുമ്പേതന്നെ ആ രാജ്യഭാഗങ്ങൾ എന്റെ ആകാശക്കോട്ടകളുടെ ഭാഗമായിരുന്നതുകൊണ്ട് ആ വിളി വന്നപ്പോൾ ആർത്തിയോടുകൂടി പേരു കൊടുത്തു. അത് പട്ടമേറ്റിട്ട് ആറാം കൊല്ലത്തിലായിരുന്നു. പെട്ടെന്ന് പ്രോവിൻസ് തിരിക്കലായതുകൊണ്ട് നടപടികളൊന്നുമുണ്ടായില്ല. മറുപടിയും കിട്ടിയില്ല.

"ഞാൻ പട്ടമേറ്റിട്ട് ഏതാനും വർഷങ്ങൾ കഴിഞ്ഞ് അംബികാപൂർ മിഷനിലേക്കു പോകാൻ ഒരുങ്ങിയിരിക്കയായിരുന്നു. സഭയുടെ പ്രവർ ത്തനങ്ങൾക്കു വേണ്ടത്ര അച്ചന്മാരില്ലാത്തതിനാൽ അംബികാപൂരിൽ ചെന്നശേഷം കൂടുതൽ സഹോദരന്മാരെ പരിശീലിപ്പിച്ചെടുക്കണമെന്നു വിചാരിച്ചിരുന്നു. സാഹചര്യങ്ങളുടെ നിർബന്ധം മൂലം അംബികാപൂരിൽ ചെയ്യാൻ വിചാരിച്ചത് ഇവിടെ തന്നെ നടത്തേണ്ടിവന്നു. അങ്ങനെ മൂന്നു മാസത്തിലധികം സഹോദരന്മാരുടെ ഗുരുവായി ജോലിനോക്കി. അതിനു മുൻപ് ദേവമാതാ പ്രവിശ്യയിൽ സഹോദരന്മാർക്കു ക്രമപ്രകാരമുള്ള പരിശീലനം ഇല്ലായിരുന്നു. അംബികാപൂരിനു പോകാനിരുന്ന എന്നെ പിടിച്ചു യോഗാർത്ഥികളുടെ ഗുരുവാക്കി. 1956-ലാണ് അതു നടന്നത്. ഒരു വർഷത്തേക്കാണ് എന്നു പറഞ്ഞിരുന്നെങ്കിലും നിയമനം നീണ്ടു പോയി."

### അട്ടപ്പാടിയിൽ സ്വപ്നസാക്ഷാത്കാരം

അട്ടപ്പാടിയിലെ പാക്കുളത്ത് 1968-ൽ സെന്റ് ജോസഫ് ഭവൻ സ്ഥാപിത മായി. ആദ്യത്തെ നാലു വർഷങ്ങളിൽ നാലു പേർ ഭവനാധികാരികളായി മാറി മാറി ചുമതലയേറ്റു. ജീവിത സാഹചര്യങ്ങളുടെയും യാത്രാ സൗകര്യങ്ങളുടെയും പരാധീനതകൾ പൊതുവെ അട്ടപ്പാടിയിലേക്കു ചെല്ലുന്നതിനു സഭാംഗങ്ങളെ വിമുഖരാക്കി. അവിടെ ഭവനാംഗങ്ങളായി ചെന്നവർ തിരിച്ചുപോരുന്നതിന് തിടുക്കം കൂട്ടി. 1973 വരെ തൃശൂർ ദേവ മാതാ പ്രവിശ്യാ ഭവനത്തിന്റെ സുപ്പീരിയറായിരുന്ന ഡൺസ്റ്റണച്ചന് ആർക്കും പോകാൻ ഇഷ്ടമില്ലാത്ത അട്ടപ്പാടിയിലേക്കു കുറി വീണ പ്പോൾ അദ്ദേഹത്തിന്റെ ഹൃദയം സന്തുഷ്ടിയാൽ നിറഞ്ഞു. അത്യാനന്ദ

ത്തോടെ അതിനു സമ്മതം നൽകി. ആവേശത്തോടെ യാത്രയായി. താൻ നാളുകളായി കൊതിച്ചിരുന്ന മിഷൻ അനുഭവം കരഗതമായെന്ന് അദ്ദേഹം കരുതി.

അട്ടപ്പാടിയിലെത്തിയ ഡൺസ്റ്റണച്ചൻ അവിടത്തെ ജനത്തിന്റെ ശുശ്രൂഷയ്ക്കായി തന്നെത്തന്നെ മുഴുവനായി സമർപ്പിച്ചു. എന്നും എവിടെയും ഇടവകവൈദികർക്ക് ആവശ്യപ്പെടുമ്പോഴെല്ലാം ത്യാഗ പൂർവ്വം ഓടിയെത്തുന്ന ബഹുമാന്യനായ സഹായിയായിരുന്നു അദ്ദേഹം. അട്ടപ്പാടി പ്രദേശത്തെ ഇടവകപ്പള്ളികളിൽ ദിവ്യബലിയർപ്പിക്കുന്ന തിനു കാൽനടയായി യാത്ര ചെയ്തു. അഞ്ചു മാസം താവളം, ത്രിത്വ മല ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. താവളത്തു കുർബാന ചൊല്ലി വഴിമാർഗ്ഗം ത്രിത്വമലയിൽ എത്തിച്ചേരാൻ കൂടുതൽ സമയമെടുക്കുമെന്നതിനാൽ മല കയറിയിറങ്ങിയാണു ലക്ഷ്യസ്ഥാ നത്ത് എത്തിയിരുന്നത്. അന്ന് അട്ടപ്പാടിയിൽ താവളം പള്ളിയിൽ മാത്രമേ വികാരിയും സ്ഥിരം കുർബാനയും ഉണ്ടായിരുന്നുള്ളു.

ത്രിത്വമല ഹോളി ട്രിനിറ്റി ഇടവകയുടെ രജത ജൂബിലി റിപ്പോർട്ടിൽ ഡൺസ്റ്റണച്ചന്റെ സേവനത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു: “25-5-1976-ൽ ഫാ. ആന്റണി തോട്ടാൻ സ്ഥലം മാറി പോവുകയും ഫാ. ഡൺസ്റ്റൺ സി.എം.ഐ. താവളം ഫൊറോന വികാരിയായും ചാർജെടുത്തു. 10-10-1976 വരെ അദ്ദേഹത്തിന്റെ സേവനം ത്രിത്വമല പള്ളിക്കു ലഭിച്ചു. ചുരുങ്ങിയ കാലം മാത്രമേ അദ്ദേഹം ത്രിത്വമല പള്ളി വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുള്ളുവെങ്കിൽ പോലും പാക്കുളം സി.എം.ഐ. ഭവനിൽ താമസിച്ചിരുന്ന അദ്ദേഹം സ്വന്തം ജോലികൾ മാറ്റിവച്ച്, പുലർച്ചെ 5 കിലോ മീറ്റർ നടന്ന്, ത്രിത്വമലയിൽ വന്ന് ദിവ്യബലി അർപ്പിക്കുകയും ഇടവകാംഗങ്ങളുടെ ആദ്ധ്യാത്മിക കാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്തു.”

പല ദിവസങ്ങളിൽ അച്ചൻ കോട്ടത്തറ മഠത്തിൽ കുർബാനയും കുമ്പ സാരവും നടത്തിയിരുന്നു. യാത്രാസൗകര്യം വളരെ കുറവായിരുന്നു. പാക്കുളത്തുനിന്നു കോട്ടത്തറയ്ക്കുള്ള 15 കി.മീ. ദൂരം ചെരുപ്പില്ലാതെ കാൽനടയായി അദ്ദേഹം യാത്ര ചെയ്തു. യാത്രയ്ക്കിടയിൽ ബസ്സ് കിട്ടിയാലായി.

ആശ്രമത്തിന് അടുത്തുള്ള ആദിവാസി ഊരായ ഒസ്തിയൂരിലേക്കു കടന്നുചെന്ന് ഡൺസ്റ്റണച്ചൻ ആദിവാസികളുമായി ഇടപഴകി. ആദി വാസികളുടെ “ന്യായം പേശൽ” യോഗങ്ങൾ ഊരിലും ആശ്രമത്തിലും നടത്തി. സമ്പാദ്യശീലം തെല്ലുമില്ലാത്ത ആദിവാസികൾക്ക് ലഘു നിക്ഷേപ പദ്ധതി തുടങ്ങി.

അട്ടപ്പാടിയിലെ ജീവിതപശ്ചാത്തലത്തിൽ തന്റെ ജീവിതത്തെ അനുഭൂതിയെന്ന് അദ്ദേഹം വിശേഷിപ്പിക്കുന്നു. ദൈവബന്ധവും മനുഷ്യബന്ധവും ആയിരുന്നു ആ രണ്ട് അനുഭൂതികൾ. ഒന്നാമത്തെ അനുഭൂതി ദൈവവുമായിട്ട്. അട്ടപ്പാടിയിലെ പ്രകൃതിഭംഗി തന്നെ ദൈവത്തിലേക്ക് അടുപ്പിച്ചു.

"രണ്ടാമത്തെ അനുഭൂതി മനുഷ്യനുമായിട്ട്. ആദിവാസികളുമായി വ്യക്തിപരമായ ബന്ധം എനിക്കുണ്ടായി. അവർക്കുവേണ്ടിയാണ് ഞാൻ ജീവിക്കുന്നതെന്ന ചിന്തയുണ്ടായി. ആദിവാസികളുമായുള്ള ബന്ധം എന്റെ പ്രാർത്ഥനാജീവിതത്തിൽ പ്രതിഫലിച്ചു. എന്റെ പ്രാർത്ഥനയിലെല്ലാം ഞാനവരെ കണ്ടു. പ. കുർബ്ബാനയിലെ, " ... നീ മാത്രം യഥാർത്ഥപിതാവായ ദൈവമാകുന്നുവെന്നും നിന്റെ പ്രിയ പുത്രനായ ഈശോമിശിഹായെ അയച്ചുവെന്നും ... കത്തോലിക്കാ സഭയുടെ സന്താനങ്ങളായിത്തീർന്ന എല്ലാവർക്കും ആവശ്യകമായ വിശുദ്ധിയുടെ മാർഗ്ഗം കാണിച്ചു തന്നുവെന്നും എല്ലാ മനുഷ്യരും അറിയുവാൻ ഇടയാകട്ടെ' എന്ന നാലാം പ്രണാമജപത്തിലെ പ്രാർത്ഥനാഭാഗം വളരെയധികം ചിന്തയ്ക്കും ധ്യാനത്തിനും വിഷയമായി."

കത്തോലിക്കാ സഭയുടെ സന്താനമായ തനിക്ക് ആവശ്യമായ വിശുദ്ധിയുടെ മാർഗ്ഗം മിശിഹാ കാണിച്ചുതന്നുവെന്ന് എല്ലാ മനുഷ്യരും അറിയത്തക്കവിധം ജീവിക്കുന്നതിനുള്ള ഒരു ശക്തമായ പ്രേരണ അക്കാലത്ത് അദ്ദേഹത്തിനുണ്ടായി. അപ്രകാരം ജീവിക്കാത്ത കത്തോലിക്കാ സഭാസന്താനങ്ങളുടെ സാന്നിദ്ധ്യം മറ്റുള്ളവരുടെ മാനസാന്തരത്തിന് ഒരു തടസ്സമായി അദ്ദേഹം കണ്ടു. തന്റെ വിശുദ്ധമായ ജീവിതത്തിലൂടെ ദൈവപിതാവിനെക്കുറിച്ചും കത്തോലിക്കാസഭയുടെ സന്താനങ്ങൾക്കു ലഭിക്കുന്ന വിശുദ്ധിയുടെ മാർഗ്ഗത്തെക്കുറിച്ചും മറ്റുള്ളവർ അറിയണമെന്നു തീരുമാനമെടുത്തു.

അതുകൊണ്ടുതന്നെ ആദിവാസികൾക്കിടയിൽ വിശ്വാസ്യതയോടെ ജീവിതം നയിക്കുന്നതിനു ഡൺസ്റ്റണച്ചനു സാധിച്ചു. പണം ദാനമായും കടമായും ആവശ്യപ്പെട്ടുകൊണ്ട് തന്നെ സമീപിച്ചിരുന്നവരോടു പണം ഇല്ലായെന്നു പറഞ്ഞു. അതു സത്യവുമായിരുന്നു. എന്നാൽ ആരംഭത്തിൽ ആരും അതു വിശ്വസിച്ചില്ല. ഒരിക്കൽ ഒരാൾക്കു പണം നിരസിച്ചപ്പോൾ അയാൾ കുപിതനായി അച്ചനു നേരെ 50 പൈസ നീട്ടിയിട്ടു പറഞ്ഞു, "പൈസാ ഇല്ലേ? എന്നാ എടുത്തോ." എന്നാൽ ഡൺസ്റ്റണച്ചന്റെ ജീവതചര്യ അടുത്തറിഞ്ഞപ്പോൾ ജനം വിശ്വസിക്കാൻ തുടങ്ങി. ജനങ്ങളുടെ ഇടയിൽ വളരെ സ്വീകാര്യതയും വിശ്വാസ്യതയും ഉണ്ടായി.

ദരിദ്രനായ ക്രിസ്തുവിനെ പ്രസംഗിക്കുന്നതിൽ അദ്ദേഹം അത്രമേൽ വിജയം വരിച്ചുകഴിഞ്ഞിരുന്നു.

ഒരിക്കൽ യാത്രയിൽ ബസുകൂലി എടുക്കുവാൻ ഡൺസ്റ്റണച്ചൻ മറന്നു. കണ്ടക്റ്റർ ടിക്കറ്റുമായി സമീപിച്ചപ്പോഴാണ് താൻ പണമെടുത്തിട്ടില്ല എന്ന് അദ്ദേഹം ബോധവാനായത്. "ഞാൻ മറന്നുപോയി. അടുത്ത ദിവസം തരാം." കണ്ടക്റ്റർ "പാവം സാമീ, നല്ല സാമീ" എന്നു പറഞ്ഞ് അച്ചന്റെ അനുഗ്രഹം വാങ്ങി.

അച്ചൻ ഊരുകളിൽ ചെല്ലുമ്പോൾ ജനമെല്ലാം അദ്ദേഹത്തിനു ചുറ്റും ഓടിക്കൂടും. അവരുടെ ഹൃദയങ്ങളിൽ ഒരു വലിയ സ്ഥാനം അദ്ദേഹത്തിനു നൽകിയിരുന്നു. സ്നേഹവും കരുണയും വാത്സല്യവും നിറഞ്ഞ ആധ്യാത്മിക ഗുരുവായാണ് അവർ അദ്ദേഹത്തെ കണ്ടത്.

നാലു വർഷം നീണ്ട സേവനത്തിനുശേഷം ഡൺസ്റ്റണച്ചൻ അട്ടപ്പാടിയോട് വിടപറഞ്ഞപ്പോൾ ഒസ്തിയൂരുകാർ വളരെ ആഘോഷമായ യാത്രയയപ്പു നല്കി. അച്ചൻ അവർക്കുവേണ്ടി ചെയ്ത സ്നേഹസേവനങ്ങളെക്കുറിച്ച് പാട്ടും നൃത്തവുമായി ഉള്ളുതുറന്നു സംസാരിച്ചു. യാത്രയയപ്പിനോടനുബന്ധിച്ചു പ്രധാന റോഡിൽനിന്ന് ആശ്രമംവരെ കാർ വരത്തക്ക രീതിയിൽ വഴി നന്നാക്കുന്നതിന് ആദിവാസികൾ തയ്യാറായി.

തന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ ആസ്വദിച്ച കാലഘട്ടമേതാണെന്ന് ചോദിച്ചാൽ ഡൺസ്റ്റണച്ചൻ പറയും, അട്ടപ്പാടിയിലെ ജീവിതമാണെന്ന്.

1980-ൽ അമ്പഴക്കാടുനിന്ന് നവസന്ന്യാസികൾ അവരുടെ പരിശീലനത്തിന്റെ ഭാഗമായി ആദിവാസി ഊരിൽ കുറച്ചു ദിവസങ്ങൾ പ്രവർത്തിച്ചപ്പോൾ അവരെ മുന്നിൽനിന്നു നയിച്ചത് ഡൺസ്റ്റണച്ചനാണ്. "ഞങ്ങൾ എന്തു ചെയ്യണം" നവസന്ന്യാസികൾ ചോദിച്ചു. "നിങ്ങൾ അവരെ അക്ഷരം പഠിപ്പിക്കണം." മുഖ്യമായും വിദ്യയിലൂടെയാണ് അവർക്ക് ഉയർച്ചയുണ്ടാകു എന്ന് അദ്ദേഹത്തിന് ഉറപ്പായിരുന്നു.

**നാഥാ, അയച്ചാലും...**

പ്രൊവിൻഷ്യൽ കനീസിയൂസ് തെക്കേക്കരയച്ചൻ ഒരിക്കൽ സമൂഹത്തിനു കത്തെഴുതി. അത് സാഗർ മിഷനിലേയ്ക്ക് കൂടുതൽ പ്രേഷിതരെ ക്ഷണിച്ചുകൊണ്ടുള്ള കത്തായിരുന്നു. ഡൺസ്റ്റണച്ചൻ ആ കത്തിനു മറുപടി നൽകി: "അവിടെ പോകുന്നതിനും കഴിവുള്ളതു ചെയ്യുന്നതിനും ഒരുക്കമാണ്. പുതിയ ഭാഷ പഠിക്കുന്നതിനു വിഷമമുണ്ടെന്നാണു ഞാനിപ്പോൾ വിചാരിക്കുന്നത്. കാലാവസ്ഥ എന്റെ ശരീരപ്രകൃതിക്കു

പറ്റുമോ എന്നറിഞ്ഞുകൂടാ. പരീക്ഷിച്ചു നോക്കുന്നതിനു സന്തോഷമേയുള്ളു... മിഷനുകളിൽ ചെന്ന് എന്തെങ്കിലും കാര്യമായി ചെയ്യാമെന്ന് ഒരിക്കലും എനിക്കു തോന്നിയിട്ടില്ല. എന്റെ കഴിവു കുറവ് എനിക്ക് എന്നും ബോദ്ധ്യമായിരുന്നു. സ്വയം സമർപ്പിക്കാനുള്ള ആഗ്രഹം മാത്രമായിരുന്നു അതിന് എന്നെ പ്രേരിപ്പിച്ചിരുന്നത്. മിഷനറിമാരെ സഹായിക്കാമെന്നു തോന്നിയിരുന്നു. പ്രകൃതിയാലെ മൊണാസ്റ്റിക് ലൈഫ് ആണ് എനിക്കു താൽപര്യം. ഇറങ്ങിപ്പുറപ്പെടാനാളില്ലെങ്കിൽ പുറപ്പെടാൻ തയാറാണ്, ഞാൻ മതിയെങ്കിൽ."

കെനിയയിൽ മിഷനറിയായിരുന്ന പോൾസൻ കണ്ണനായ്ക്കലച്ചൻ തന്റെ മിഷൻ അനുഭവം പങ്കുവച്ചപ്പോൾ കെനിയയിലേയ്ക്കു കടന്നു ചെല്ലാനും ഡൺസ്റ്റണച്ചൻ ആഗ്രഹം പ്രകടിപ്പിച്ചു. കെനിയയിൽ വിവിധ ശുശ്രൂഷകളിൽ മുഴുകിയിരിക്കുന്ന മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും കെനിയൻ മക്കളുടെ കുമ്പസാരം കേൾക്കുന്നതിനുമുള്ള മനസ്സ് വെളിപ്പെടുത്തി.

ഒരിക്കൽ സാഗർ രൂപതാദ്ധ്യക്ഷൻ മാർ പാസ്റ്റർ നീലങ്കാവിൽ തന്റെ രൂപതയിലെ വൈദികർക്കും സന്ന്യാസികൾക്കും ആദ്ധ്യാത്മിക നിയന്താവിനെ ആവശ്യമെന്നുകണ്ട് ഡൺസ്റ്റണച്ചന്റെ സഹായം തേടി. അച്ചൻ ഉടനടി അതിനു തയ്യാറായെങ്കിലും സാഹചര്യം അതിന് അനുവദിച്ചില്ല.

വാർദ്ധക്യത്തിൽ ഓർമ്മകൾ മങ്ങി മരണത്തോട് അടുത്തുകൊണ്ടിരിക്കുമ്പോഴും അച്ചന്റെ മിഷൻ സ്വപ്നത്തിനു തെല്ലും മങ്ങലേറ്റില്ല. ശരവണംപട്ടിയിൽ നവസന്ന്യാസ ഗുരുവായ ഡേവിസ് തട്ടിലച്ചനോട് ഒരിക്കൽ 30 രൂപ ചോദിച്ചു. "എന്തിനാണ് 30 രൂപ?" "മിഷനു പോകണം. ബസുകൂലിക്കായി 30 രൂപ വേണം."

### ലോകമെങ്ങും സുവിശേഷമറിയിക്കുവാൻ

വിദൂര മിഷനുകളിൽ ചെന്ന് സുവിശേഷമറിയിക്കുകയെന്നത് ഡൺസ്റ്റണച്ചൻ ചെറുപ്രായം മുതൽ മനസ്സിൽ സൂക്ഷിച്ച സ്വപ്നമായിരുന്നു. ഒരു വർഷം റാഞ്ചിയിൽ യോഗാർത്ഥികളുടെ ഗുരുവായി സേവനം ചെയ്തതൊഴികെ ഒരിക്കലും മിഷൻ പ്രദേശങ്ങളിലേക്കു കടന്നുചെല്ലാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. എന്നാൽ നിരവധി സി.എം.ഐ. സഭാംഗങ്ങളെ മിഷനറിമാരായി ലോകത്തിന്റെ വിവിധ രാജ്യങ്ങളിലേയ്ക്ക് അയയ്ക്കുവാൻ ദൈവം അദ്ദേഹത്തെ ഉപകരണമാക്കി. ദേവമാത പ്രവിശ്യയിൽ മാത്രമല്ല, സി.എം.ഐ സഭയുടെ കോയമ്പത്തൂർ, ഭോപാൽ മിഷനുകളിലും ജർമ്മനി, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലും അദ്ദേഹത്തിന്റെ

ശിഷ്യന്മാർ സുവിശേഷവുമായി കടന്നുചെന്നു. അവർ സൃഷ്ടിച്ച നേട്ടങ്ങളുടെ പിറകിൽ ഈ വന്ദ്യവൈദികന്റെ അദ്ധ്വാനവും പ്രാർത്ഥനയുമുണ്ട്.

ദൈവത്തിന്റെ വിളി സ്വീകരിച്ചവർ ലോകത്തിൽ എവിടെയും സേവന മനുഷ്ഠിക്കുവാൻ തയ്യാറാകണമെന്ന് അർത്ഥികളെ അദ്ദേഹം ഉപദേശിച്ചിരുന്നു. മിഷൻ പ്രവർത്തനങ്ങൾക്ക് അനുകൂലമായ മനോഭാവങ്ങൾ അർത്ഥികളിൽ രൂപപ്പെടുവാൻ ശ്രദ്ധ പുലർത്തി.

റാഞ്ചിയിലെ മലയാളി കച്ചവടക്കാരനായിരുന്നു ചാക്കോ. അദ്ദേഹം കേരള ഭക്ഷണവിഭവങ്ങൾ നാട്ടിൽനിന്നു വരുത്തി മലയാളികൾക്കിടയിൽ സൈക്കിളിൽ സഞ്ചരിച്ചു വിൽപന ചെയ്ത് ഉപജീവനം നടത്തിയിരുന്ന ആളായിരുന്നു. കേരള പപ്പടം, ഉള്ളി, കടുമാങ്ങ അച്ചാർ, സാമ്പാർ പൊടി, ഉണക്കമീൻ തുടങ്ങിയ സാധനങ്ങളുമായി ജ്യോതിനിവാസിലും സന്ദർശനം നടത്തും. ഒരു ദിവസം ഡൺസ്റ്റണച്ചൻ പറഞ്ഞു: "ചാക്കോ, വിഷമം വിചാരിക്കരുത്. ഇവിടെ കഷ്ടപ്പെട്ട് വരുന്ന നേരംകൊണ്ട് മലയാളികൾ ഒരുമിച്ചു താമസിക്കുന്ന പ്രദേശങ്ങളിൽ പോയി കച്ചവടം നടത്താമല്ലോ. അഥവാ, എന്തെങ്കിലും സാധനങ്ങൾ ഞങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽ ചാക്കോ ഇവിടെ ഞായറാഴ്ച കുർബാനയ്ക്കു വരുമ്പോൾ പറയാം. എന്നിട്ട് കൊണ്ടുവന്നാൽ മതി.'' മിഷനറിമാർ സ്വന്തം നാടും വീടും ഉപേക്ഷിക്കുന്നതോടൊപ്പം രുചിശീലങ്ങളും ഉപേക്ഷിക്കണം. പകരം മിഷൻ സ്ഥലത്തെ ഭക്ഷണശീലങ്ങൾ സ്വീകരിക്കണം. അതും മിഷൻ ചൈതന്യത്തിന്റെ ഭാഗമാണ്.

ജ്യോതി നിവാസിൽ ചാക്കോയുടെ കച്ചവടം മുടങ്ങിയിട്ടും ഇടയ്ക്കിടെ സന്ദർശനം തുടർന്നു. ഡൺസ്റ്റണച്ചനുമായി അദ്ദേഹത്തിനുള്ള ബന്ധം തികച്ചും ആത്മീയമായിരുന്നു.

ജ്യോതി നിവാസിലെ തോട്ടത്തിൽ യോഗാർത്ഥികൾ കപ്പകൃഷി നടത്തിയിരുന്നു. നാട്ടിൽനിന്ന് കൊണ്ടുവരുന്ന കപ്പത്തണ്ട് റാഞ്ചിയിൽ ഒരുവിധം നന്നായി വളരും. അപ്രദേശത്ത് മലയാളികൾ അംഗങ്ങളായുള്ള സ്ഥാപനങ്ങളിൽ കപ്പ നന്നായി വിളഞ്ഞിരുന്നു. ഡൺസ്റ്റണച്ചനു കുട്ടികളുടെ കൃഷികൾ ഇഷ്ടമായി, കപ്പക്കൃഷി ഒഴികെ. വയോധികനായ ഒരു ബെൽജിയം ഈശോ സഭാ മിഷനറി മലയാളികളെക്കുറിച്ച് പറഞ്ഞ അഭിപ്രായം അദ്ദേഹം പങ്കുവെച്ചു: "കേരളീയർക്ക് ഒരിക്കലും നല്ല മിഷനറിമാരാകുവാൻ സാധിക്കുകയില്ല. മലയാളികൾ എവിടെ ചെന്നാലും മലയാളി ഭക്ഷണവും മലയാളി സംസ്കാരവും തുടരും. ഞാനൊക്കെ ബെൽജിയത്തുനിന്ന് ഇന്ത്യയിൽ വന്നിട്ട് കാലങ്ങൾ ഏറെയായി. ഇവിടത്തെ ഭക്ഷണവും ജീവിത ആചാരങ്ങളുമൊക്കെയായി ഇണങ്ങിച്ചേർന്നു. ബെൽജിയം രീതികൾ പാടെ മറന്നു.''

ഡൺസ്റ്റണച്ചൻ തുടർന്നു: "കൊള്ളി പറിച്ചുകളയുകയൊന്നും വേണ്ട. ആ വെല്യച്ചൻ പറഞ്ഞ കാര്യങ്ങളിലെ നല്ല വശങ്ങൾ ശ്രദ്ധി ച്ചാൽ മതി."

ജ്യോതി നിവാസിൽ യോഗാർത്ഥികളെ ഹിന്ദി പഠിപ്പിക്കുവാൻ ഒരു അദ്ധ്യാപകൻ വരുക പതിവായിരുന്നു. ആദിവാസി കത്തോലിക്കനായ അദ്ദേഹം വളരെ സരള സ്വഭാവക്കാരൻ ആയിരുന്നു. ഒരു ദിവസം ക്ലാസ് കഴിഞ്ഞ് അദ്ധ്യാപകന് ഉച്ചഭക്ഷണം നൽകി. ചോറിൽ കൂട്ടിക്കഴിക്കു വാനുള്ള നറുനെയ് ഒരു കപ്പിൽ ഭക്ഷണ വിഭവങ്ങളോടൊപ്പം വെച്ചിരുന്നു. ഊണ് കഴിക്കുന്നതിനിടയിൽ സൂപ്പ് ആണെന്ന് കരുതി. കപ്പിലെ നെയ് കുറേശ്ശെ കുറേശ്ശെ അദ്ദേഹം കുടിച്ചുതീർത്തു. ഒപ്പമുണ്ടായിരുന്ന ഡൺസ്റ്റണച്ചന്റെ ശ്രദ്ധയിൽ അതു പതിഞ്ഞില്ല. ഊണിനുശേഷമാണ് അച്ചൻ അതറിഞ്ഞത്. ഊണ് കഴിഞ്ഞ് മാസ്റ്റർ പോയി. വിവരങ്ങൾ അറി ഞ്ഞപ്പോൾ യോഗാർത്ഥികൾക്കത് വലിയ തമാശയായി. അവർ കൂട്ടംകൂടി യിരുന്ന് അദ്ധ്യാപകനു പറ്റിയ അബദ്ധത്തെക്കുറിച്ചു പറഞ്ഞ് ഉച്ചത്തിൽ ചിരിച്ചു. "വേഗം പോയി മാഷിനെ തിരികെ വിളിച്ചുകൊണ്ടുവന്ന് നല്ല ചൂടുള്ള വെള്ളം കുടിക്കുവാൻ കൊടുക്കണം. ചിലപ്പോൾ നെയ് കട്ടയായി തൊണ്ടയിൽ കുടുങ്ങിയിരിക്കുന്നുണ്ടാകും. ചുടുവെള്ളം കൊടുത്താൽ മാഷ് രക്ഷപ്പെടും." ഒരാൾ തമാശ പറഞ്ഞു. എല്ലാവരും ആർത്തുചിരിച്ചു.

ചിരിയും ബഹളവും കണ്ട് ഡൺസ്റ്റണച്ചൻ പറഞ്ഞു: "നിങ്ങൾ ഒരു മിഷൻ സ്ഥലത്താണ്. മിഷനറിമാരാകുവാൻ ഒരുങ്ങുന്നവരാണ്. എല്ലാം തികഞ്ഞ സ്ഥലത്ത് മിഷൻ പ്രവർത്തനം വേണ്ടല്ലോ. മാഷിനെ കളിയാക്കി ആരും ഇനി ചിരിക്കണ്ട. ഞാൻ ശ്രദ്ധിക്കേണ്ടതായിരുന്നു. നെയ് ചോറിൽ ഒഴിച്ചുകഴിക്കേണ്ടതാണെന്ന് പറഞ്ഞുകൊടുക്കേണ്ട തായിരുന്നു. തെറ്റ് എന്റെതാണ്. അദ്ധ്യാപകനെ കളിയാക്കുന്നത് വിദ്യാർത്ഥികൾക്ക് ചേർന്നതല്ല. നിങ്ങൾ ഹോസ്റ്റൽ സ്റ്റുഡൻസ് അല്ല, യോഗാർത്ഥികളാണ്. നിങ്ങൾ ഒരിക്കലും ട്യൂഷൻ മാസ്റ്ററെ പരിഹസിച്ചു ചിരിക്കുവാൻ പാടില്ല."

### ഡൺസ്റ്റണച്ചന്റെ ആകാശക്കോട്ട

വിദൂരരാജ്യങ്ങളിൽ മിഷൻ ജോലി ചെയ്യുകയെന്നത് ഡൺസ്റ്റണച്ചൻ 7-ാം വയസ്സു മുതൽ സൂക്ഷിച്ചിരുന്ന സ്വപ്നമാണ്. പട്ടമേറ്റശേഷം മിഷനു പോകുവാനുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങളൊന്നും ഫലമണിഞ്ഞില്ല. പകരം, മിഷൻ സംബന്ധമായ ആശയങ്ങളും ചിന്തകളും വളർന്നു. 1955 ഡിസംബർ മാസത്തിൽ "My Castle in the Air"എന്ന ശീർഷകത്തിൽ

മിഷനുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ട ചില കൃത്യങ്ങൾ അച്ചൻ കുറിക്കുന്നു:

### 1. സന്ന്യാസ സഹോദരന്മാരുടെ മിഷനറി സമൂഹം

ഭാരതത്തിന്റെ സുവിശേഷവത്കരണം വേഗത്തിൽ സാധ്യമാകുന്നതിനു വേണ്ടി, ഈ നാടിന്റെ സാഹചര്യങ്ങളുമായി താദാത്മ്യപ്പെടുന്ന സന്ന്യാസ സഹോദരന്മാരുടെ ഒരു സമൂഹം സ്ഥാപിതമാകണം. മിഷൻ സ്ഥല ങ്ങളിൽ വൈദികർക്കുമുമ്പേ അവർ ചെന്നു പ്രവർത്തനമാരംഭിക്കണം. മിഷൻ സ്ഥാപിതമായി സുഗമമായി മുന്നേറുന്നതോടെ അതു വൈദികരെ ഭരമേൽപിച്ച് അവർ പിൻവാങ്ങണം. വൈദികനല്ലാത്തവനും താപസനും ലാളിത്യം നിറഞ്ഞവനും വിനയാന്വിതനും തന്റെ പിന്നാലെ വരുന്ന വനു വഴിയൊരുക്കിയവനുമായ സ്നാപക യോഹന്നാനായിരിക്കണം അവരുടെ മദ്ധ്യസ്ഥൻ.

ഇത്രയും പ്രാരംഭമായി കുറിച്ചശേഷം ഈ സഹോദരസമൂഹം പിൻ തുടരേണ്ട ജീവിതശൈലി, ഭക്ഷണരീതി, വസ്ത്രധാരണം, ഉപവാസം തുടങ്ങിയ ആത്മീയചര്യകൾ, നിർവ്വഹിക്കേണ്ട അപ്പോസ്തലിക പ്രവർത്തനങ്ങൾ എന്നിവയുടെ വിശദാംശങ്ങളും വിവരിക്കുന്നുണ്ട്.

### 2. മിഷനറി കുടുംബങ്ങൾ

മാതൃകാപരമായ ക്രിസ്തീയ ജീവിതം നയിക്കുന്ന കുടുംബങ്ങളെ മിഷൻ മേഖലകളിൽ താമസിപ്പിക്കുക.

### 3. കത്തോലിക്കരായ വിദ്യാർത്ഥികളുടെ അവധിക്കാലം

പരിശീലനം ലഭിച്ച കത്തോലിക്ക വിദ്യാർത്ഥികളെ അവധിക്കാലങ്ങളിൽ അടുത്തുള്ള മിഷൻ സ്ഥലങ്ങളിൽ താമസിപ്പിക്കാം. ഇവർ വൈദികാ ന്തസിനായി ആഗ്രഹിക്കുന്നവരാകുന്നത് അഭികാമ്യമാണ്. വേദോപദേശ ക്ലാസുകൾ എടുക്കുക, കുട്ടികളെ കുമ്പസാരം, കുർബാന സ്വീകരണം, സ്ഥൈര്യലേപനം എന്നീ കൂദാശകളുടെ സ്വീകരണത്തിനായി ഒരുക്കുക തുടങ്ങിയ ജോലികൾ അവരെ ഭരമേൽപിക്കാം.

### വിശുദ്ധപദത്തിന്റെ പ്രേഷിതമാനം

വിശുദ്ധനായിത്തീരുകയെന്നത് അഞ്ചുവയസുമുതൽ ഇട്ടൂപ്പുണ്ണിയുടെ ആന്തരിക ദാഹമായിരുന്നു. ലോകത്തിന്റെ സ്തുതി നേടുന്നതിനുള്ള പ്രേരണകളിൽനിന്നു തികച്ചും പരിശുദ്ധമായ ദൈവനിയോഗമായി വിശുദ്ധിയിലേക്കുള്ള യാത്ര ക്രമാനുഗതമായി പരിണമിച്ചു. സ്വരാജ്യ

സ്നേഹമാണല്ലോ വിശുദ്ധനാകുന്നതിനുള്ള ആദ്യപ്രചോദനം. അതേക്കുറിച്ച് ഡൺസ്റ്റണച്ചൻ പറയുന്നു: "ഇന്ത്യക്ക് അവളുടെ ഒരു വിശുദ്ധൻ ഈ ആധുനികകാലത്ത് ഉണ്ടാകണമെന്നു ഞാൻ അതിയായി ആഗ്രഹിക്കുന്നു. ഇന്ത്യയുടെ മാനസാന്തരം അതിനെ ആശ്രയിച്ചിരിക്കുന്നു എന്നു ഞാൻ കരുതി. വിശ്വാസത്തിന്റെ മഹത്വവും കഴിവുകളും ലോകം തിരിച്ചറിയണം. ഏഴുവയസ്സു മുതൽ മരണംവരെ മാതൃഭൂമിക്കുവേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കാൻ, ജീവിതമർപ്പിക്കാൻ പ്രേരണ നൽകുന്നതിനു കത്തോലിക്ക വിശ്വാസത്തിനു കഴിവുണ്ടെന്നു ലോകം മനസ്സിലാക്കട്ടെ. ദൈവം തന്റെ മഹത്വം ഇന്ത്യയിൽ വെളിപ്പെടുത്തുന്നതിനായി ഇടവരട്ടെ. ഇന്ത്യയിലെ ലക്ഷോപലക്ഷങ്ങൾക്കു ഞാൻ അങ്ങയെ കാണിച്ചുകൊടുക്കും."

# 13

# വിവേചനബുദ്ധിയുള്ള ദൈവവിളി പ്രേഷിതൻ

ദൈവവിളി പ്രോത്സാഹനം ഡൺസ്റ്റണച്ചന് അതിപ്രിയങ്കര വിഷയമായിരുന്നു. തന്റെ സന്ന്യാസജീവിതത്തിൽ ഉടനീളം ദൈവവിളിയുള്ള യുവാക്കളെ കണ്ടെത്തി അവരിലെ വിളിയെ പ്രോത്സാഹിപ്പിക്കുന്നതു മഹത്തായൊരു കർത്തവ്യമായി കരുതി. വിശാലമായ കാഴ്ചപ്പാടുകൾ അച്ചന്റെ പ്രവർത്തനത്തിനു പ്രേരകമായി. താൻ അംഗമായിരിക്കുന്ന സി.എം.ഐ. സഭയിലേയ്ക്ക് അർത്ഥികളെ ആനയിക്കുകയെന്ന കുറഞ്ഞ പരിധിയിലുള്ള ദർശനമല്ല, മറിച്ച്, ദൈവവിളികളുടെ പരിപോഷണത്തിൽ വിശാലമായ ലക്ഷ്യം അച്ചനെ നയിച്ചു. നാമെല്ലാവരും തിരുസഭയുടെതാണെന്നും എല്ലാ ദൈവവിളികളും തിരുസഭയ്ക്കു വേണ്ടിയാണെന്നും സ്വന്തം ദൈവവിളി കണ്ടെത്തി സ്വീകരിക്കുവാൻ വ്യക്തികളെ പ്രാപ്തരാക്കുകയെന്നതാണു നമ്മുടെ കടമയെന്നും അതുവഴി തിരുസഭ വളരുകയാണെന്നുമുള്ള വിശാലകാഴ്ചപ്പാടിൽ മുന്നേറി. അതുകൊണ്ടുതന്നെ തന്റെ അജപാലനധർമ്മ നിർവ്വഹണത്തിനിടയിൽ കണ്ടുമുട്ടി, പല മാസങ്ങൾ, വർഷങ്ങൾ നീണ്ട ബന്ധത്തിലൂടെ വളർത്തിയെടുത്തവർ മറ്റു സഭകളിലേക്കോ രൂപതകളിലേക്കോ ചേക്കേറുന്നതു കണ്ടപ്പോൾ അദ്ദേഹമൊരിക്കലും പരിതപിച്ചില്ല. തന്റെ അദ്ധ്വാനം തിരുസഭാതരുവിനു വളമായിത്തീരുമെന്ന് അദ്ദേഹം വിശ്വസിച്ചു.

സന്ന്യാസ സഭയുടെ ബലം അതിന്റെ അംഗബലമാണെന്ന വിചാരം വെറും മിഥ്യാധാരണയാണെന്നു ഡൺസ്റ്റണച്ചൻ വിശ്വസിക്കുന്നു. ആദ്യകാലങ്ങളിൽ സഭയിൽ ചേരാൻ ആഗ്രഹിച്ചുവന്ന പലരേയും തിരിച്ചയയ്ക്കുകയാണ് ചെയ്തിരുന്നത്. സന്ന്യാസ സഭയിൽ

അംഗമാകുക എന്നത് അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. എന്നാലിന്ന് ആളെക്കൂട്ടുകയെന്ന ലക്ഷ്യത്തോടെ "ദൈവവിളി പരിപോഷണം" എന്ന പേരിൽ അർത്ഥികളെ തേടിപ്പോകുന്നതിൽ അമിത വ്യഗ്രത കാണിക്കുന്നത് അനാരോഗ്യകര പ്രവണതയായി അച്ചൻ വിലയിരുത്തുന്നു.

**ദൈവവിളി പ്രോത്സാഹനം = ദൈവഹിതാന്വേഷണം**

ദൈവവിളി മേഖലയുമായി ബന്ധപ്പെട്ട് നാം പഠിക്കേണ്ട ആദ്യപാഠം ആദ്യം ദൈവവുമായി സഹകരിക്കണമെന്നതാണ്. ദൈവവിളി പ്രോത്സാഹന രംഗത്ത് ഓരോരുത്തരും സഹകരിക്കുന്നത് ദൈവവുമായിട്ടാണ്; വിളിക്കപ്പെടുന്ന വ്യക്തിയെ സംബന്ധിച്ച ദൈവഹിതത്തോടും ദൈവത്തിന്റെ പദ്ധതികളോടുമാണ്: ദൈവാത്മാവിന്റെ പ്രചോദനങ്ങളോടും പ്രവർത്തനങ്ങളോടുമാണ്.

ആത്യന്തികമായി ഒരാൾ ജീവിതാന്തസ് തെരെഞ്ഞെടുക്കുന്നതിൽ ദൈവത്തിന്റെ ഹിതം അന്വേഷിക്കണമെന്നു ഡൺസ്റ്റണച്ചൻ ഉദ്ബോധിപ്പിക്കുന്നു. സഹോദരി കൊച്ചുത്രേസ്യക്കുള്ള കത്തിൽ ഇക്കാര്യം അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്:

"ദൈവേഷ്ടം സ്പഷ്ടമായി അറിയുന്നതിന്നുമുമ്പെ നിന്നെ ഒരു ജീവിതാന്തസിൽ പ്രവേശിക്കുന്നതിനു ഞാൻ നിർബന്ധിക്കുകയില്ല. സന്തോഷത്തോടെ പ്രവേശിക്കുന്നവർക്കുതന്നെ കാലക്രമത്തിൽ അതു ദുസ്സഹമായി തോന്നുന്നെങ്കിൽ മറ്റുള്ളവരുടെ കാര്യം പറയണമൊ? അതുകൊണ്ട് നമ്മുടെ ഇഷ്ടാനിഷ്ടങ്ങളെക്കാൾ ദൈവത്തിന്റെ ഇഷ്ടത്തിനു മുൻഗണന കൊടുക്കുക. ദൈവേഷ്ടത്തേക്കാൾ നല്ലതു നമുക്കു മറ്റൊന്നുമില്ല. അത് എന്തുതന്നെയായി നമുക്കു പ്രത്യക്ഷപ്പെട്ടാലും അതിനു വഴിപ്പെടുക, അതു ആഗ്രഹിക്കുക. ദൈവം നമ്മെ ശക്തിപ്പെടുത്തും."

"ദൈവത്തിൽ ആശ്രയിക്കുക, ദൈവതിരുമനസ്സോടുകൂടി യോജിച്ചു സമാധാനം കണ്ടെത്തുവാൻ പഠിക്കുന്നവർക്കു മാത്രമെ എവിടെയായാലും യഥാർത്ഥ സമാധാനം അനുവദിക്കുവാൻ സാധിക്കുകയുള്ളു. സ്ഥലമാഹാത്മ്യവും ജീവിതസ്ഥിതിയുടെ മേന്മയും വലിയ കഥയുള്ള കാര്യങ്ങളല്ല. ദൈവം ആഗ്രഹിക്കുന്ന സ്ഥലത്തും വിധത്തിലും ജീവിക്കുക എന്നതാണ് കാര്യമായിട്ടുള്ളത്. ദൈവഹിതമെന്നു നമുക്കു തോന്നുന്നവ ചെയ്യുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുക."

ആന്റണി കുറ്റിക്കാട്ടച്ചൻ (സീനിയർ) യോഗാർത്ഥിയായിരിക്കെ ഗുരുവായ ഡൺസ്റ്റണച്ചൻ ചോദിച്ചു: "ദൈവവിളി ഇല്ല എന്നു പറഞ്ഞു നിന്നെ സെമിനാരിയിൽനിന്നു പറഞ്ഞയയ്ക്കുകയാണെങ്കിൽ നീ എന്ത് ചെയ്യും."

“ഞാൻ ഗുരുവച്ചന്റെ കാലു പിടിച്ചിട്ടാണെങ്കിലും സെമിനരിയിൽ നിൽക്കാൻ ശ്രമിക്കും” യോഗാർത്ഥി പ്രതികരിച്ചു. അപ്പോൾ ഗുരു തിരുത്തി: “മകനെ അങ്ങനെയല്ല, നീ പോകുന്നതാണ് ദൈവഹിതമെങ്കിൽ അങ്ങനെ ചെയ്യണം. ദൈവത്തിന്റെ ഹിതത്തിനു നമ്മൾ എതിരു നിൽക്കാൻ പാടില്ല. ഞാനല്ല അവനാണ് നിന്നെ തിരഞ്ഞെടുക്കേണ്ടത്.”

## എല്ലാ ദൈവവിളികളും മഹനീയം

ഡൺസ്റ്റണച്ചൻ ചെറുപ്പം മുതലേ വി. തോമസ് മൂറിൽ തന്റെ മാതൃകാപുരുഷനെ കണ്ടു. ഒരു സന്ന്യാസിയോ വൈദികനോ ആകുന്നതിനെക്കാൾ ഉത്തമ കത്തോലിക്കനാകുന്നതാണ് പ്രഥമപ്രധാനമെന്നു വിശുദ്ധനിൽനിന്നു മനസ്സിലാക്കി. മോശം സന്ന്യാസിയാകുന്നതിനേക്കാൾ നല്ലൊരു കത്തോലിക്കനാകുന്നതാണു രക്ഷാകരം എന്നത് തോമസ് മൂറിന്റെ ആദർശമായിരുന്നല്ലോ. അതുകൊണ്ടുതന്നെ അർത്ഥികൾക്കു കൊടുക്കുന്ന പരിശീലനം ആദ്യമായി നല്ല കത്തോലിക്കൻ ആകാനുള്ളതായിരിക്കണമെന്നു ഡൺസ്റ്റണച്ചൻ വിശ്വസിച്ചു. അവരിൽ ഈ വിശ്വാസം ഉറപ്പിക്കുന്നതിനു പരിശ്രമിച്ചു.

ഡൺസ്റ്റണച്ചൻ റാഞ്ചിയിൽ ആയിരിക്കെ ഒരു ദിവസം അന്ധനായ ഒരു പരിചിതൻ ഭാര്യയുമായി ഉണ്ടായ അഭിപ്രായ ഭിന്നതയെത്തുടർന്ന് വളരെ ദുഃഖിതനായി ജ്യോതി നിവാസിൽ വന്നു. കണ്ണിനു കാഴ്ചയില്ലാത്ത അദ്ദേഹം വളരെ പ്രയാസപ്പെട്ടാണ് അവിടെ വന്നെത്തിയത്. ഡൺസ്റ്റണച്ചൻ അദ്ദേഹത്തോടു വളരെ സ്നേഹത്തോടും സൗമ്യതയിലും പെരുമാറി. അവർ തമ്മിൽ ഏറെ നേരം സംസാരിച്ചു. കപ്പേളയിൽ ഒരുമിച്ചു പ്രാർത്ഥിച്ചു. സമൂഹത്തോടൊപ്പം ഭക്ഷണം കഴിച്ചു. വൈകുന്നേരം വളരെ സന്തോഷവാനായി അദ്ദേഹം സ്വഭവനത്തിലേയ്ക്കു തിരിച്ചുപോയി.

ഡൺസ്റ്റണച്ചൻ യോഗാർത്ഥികളോടു പറഞ്ഞു: “അദ്ദേഹം വീട്ടിലേക്ക് തിരിച്ചുപോയത് ദൈവാനുഗ്രഹമായി. ഭാര്യയുമായി വഴക്കിട്ട് ആത്മഹത്യ ചെയ്യുവാൻവേണ്ടി വീടുവിട്ട് ഇറങ്ങിയതാണ്. എന്തായാലും, അദ്ദേഹം സന്തോഷത്തോടെയാണ് തിരിച്ചു വീട്ടിലേക്ക് പോയത്.”

തുടർന്ന് അദ്ദേഹം വിവാഹജീവിതത്തിന്റെ മഹത്വം പറഞ്ഞു: “വെറും ഒരു തവണ മാത്രം, അതും അൽപനേരം മാത്രം പരസ്പരം കണ്ടതിനു ശേഷമാണ് നമ്മുടെ ആളുകൾ വിവാഹിതരാകുന്നത്. പിന്നീട് എത്ര വർഷം അവർ ഒരുമിച്ചു കഴിയുന്നു! ഓർക്കുമ്പോൾ അത്ഭുതം തോന്നും. എന്തുമാത്രം പരസ്പരം അഡ്ജസ്റ്റ് ചെയ്ത് അവർ ജീവിക്കുന്നു. അതിനിടയിൽ പ്രസവവും കുഞ്ഞുങ്ങളെ വളർത്തലുമെല്ലാം നടക്കുന്നു.

ദൈവവിശ്വാസമാണ് അവരെ ഒരുമിച്ചു ചേർത്തുനിറുത്തുന്നത്. അതില്ലെങ്കിൽ എന്നും തല്ലും വഴക്കും വേർപിരിയലും ഉണ്ടാകും.''

ഇന്ന് വിവാഹവും ഭാര്യാഭർതൃബന്ധവും ഏറേ മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ടെങ്കിലും ഒരു കാര്യം സത്യമാണ്. വിശ്വാസചൈതന്യം ഇല്ലെങ്കിൽ ദാമ്പത്യം വിജയകരമായി മുന്നോട്ടു പോകുകയില്ല.

സഭയിൽ അത്മായരുടെ കടമകളെക്കുറിച്ച് ഡൺസ്റ്റണച്ചൻ വളരെ ബോധവാനായിരുന്നു. ഇംഗ്ലണ്ടിലെ സഭയിൽ കർദ്ദിനാളിനും വൈദികർക്കും വഴിതെറ്റിയപ്പോൾ സഭാമൂല്യങ്ങളുടെ സംരക്ഷകനായി രംഗത്തു വന്നത് അത്മായനായ തോമസ് മൂർ ആയിരുന്നല്ലോ. സെമിനരിയോടു വിടപറയുന്നവർ ഉത്തമരായ അത്മായരായി സഭയ്ക്കു മുതൽക്കൂട്ടായിത്തീരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. "നല്ല കുട്ടിയായിരുന്നു. വീട്ടിൽ പോയി. കുളിപ്പിച്ചു കുളിപ്പിച്ചു കുട്ടിയില്ലാതായല്ലോ.'' താൻ നിറഞ്ഞ പ്രതീക്ഷ അർപ്പിച്ചിരുന്ന അർത്ഥികളിൽ ഒരാൾ സെമിനരിയിൽനിന്നു പിൻവാങ്ങിയപ്പോൾ പരിശീലകനിൽ നിന്നുണ്ടായ നഷ്ടബോധത്തോടെയുള്ള പ്രതികരണമാണിത്. "നല്ല കുട്ടികൾ വീട്ടിലും വേണ്ടേ? കുളിപ്പിച്ചു കുളിപ്പിച്ചു നല്ല കുട്ടപ്പനാക്കി വീട്ടിലേക്കു പറഞ്ഞയച്ചുവെന്നു കരുതിയാൽ മതി.'' പരിതപിച്ചവന് അച്ചന്റെ ആശ്വാസവചനം.

തന്റെ ജ്യേഷ്ഠസഹോദരന്റെ മകൻ ജോൺ മരിയ വിയാനി വൈദികനാകണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ സി.എം.ഐ. സഭയിൽ ചേരുന്നതിനു ഇളയപ്പനായ ഡൺസ്റ്റണച്ചൻ പ്രേരണ നൽകിയില്ല. പകരം ആത്മാവിന്റെ പ്രചോദനങ്ങൾക്ക് അനുസരണം തീരുമാനമെടുക്കാൻ സ്വാതന്ത്ര്യം നൽകി.

സി.എം.ഐ. സഭയിൽ ബ്രദേഴ്സ് യൂണിറ്റിന്റെ ആദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശകനായി നിയമിതനായതു ഡൺസ്റ്റണച്ചനാണ് (1991–93). സഹോദരസമൂഹം വളർന്നു വികസിക്കാനുള്ള അനുകൂലസാഹചര്യം സൃഷ്ടിക്കുന്നതിന് അദ്ദേഹം ആത്മാർത്ഥമായ സഹകരണം നല്കി. യൂണിറ്റിലേക്ക് അർത്ഥികളായി വരുന്നവരെ സ്വീകരിച്ച് പിതൃഹൃദയത്തോടെ ആതിഥ്യമരുളി. സഹോദരന്മാർ ഓരോ പ്രസ്ഥാനവും സ്ഥാപനവും തുടങ്ങുമ്പോഴും അദ്ദേഹം സന്തോഷിച്ചു.

1985–ൽ മലബാർ മിഷനറി ബ്രദേഴ്സിന്റെ പോസ്റ്റുലൻസ് ഹൗസായ പട്ടിക്കാടുള്ള ജ്യോതി ആശ്രമത്തിന്റെ സുപ്പീരിയറായിരുന്നു ഡൺസ്റ്റണച്ചന്റെ ജ്യേഷ്ഠന്റെ മകൻ ബ്ര. സാവിയോ. ബ്രദറിന്റെ ആഗ്രഹമനുസരിച്ചു പോസ്റ്റുലൻസിന് ഉപദേശം നൽകുന്നതിനും വ്യക്തിപരമായി

നേരിൽ കണ്ടു സംസാരിക്കുന്നതിനുമായി അച്ചൻ ഇടയ്ക്കിടെ ഭവനം സന്ദർശിച്ചിരുന്നു. ബ്രദർ എഴുതുന്നു: "അച്ചൻ വരുന്നതു കുട്ടികൾക്കു വളരെ സന്തോഷമാണ്. അവരെല്ലാവരും അദ്ദേഹത്തിന്റെ വരവിനു കാത്തിരിക്കും. സ്വന്തം ഹൃദയ രഹസ്യങ്ങളെല്ലാം അവർ അച്ചനുമായി പങ്കുവയ്ക്കും. ആ കുട്ടികൾ പലരും നിത്യവ്രത വാഗ്ദാനം കഴിഞ്ഞു വിവിധ ആശ്രമങ്ങളിൽ പ്രവർത്തിക്കുന്നു. അച്ചൻ കൊടുത്ത ഉപദേശം ഒരിക്കലും മറന്നിട്ടില്ല എന്ന് അവർ പറയാറുണ്ട്. എം.എം.ബി. സഭയ്ക്കു ഡൺസ്റ്റണ ച്ചനെ ഒരിക്കലും മറക്കാൻ കഴിയില്ല."

### ജീവിതാന്തസല്ല വിശുദ്ധിയാണ് പ്രധാനം

ഏത് ജീവിതാന്തസ് തെരഞ്ഞെടുക്കുന്നു എന്നതല്ല തെരഞ്ഞെടു ക്കുന്ന ജീവിതാന്തസു വഴിയായി ഒരുവൻ വിശുദ്ധനാകുക എന്നതാണ് പ്രധാനം. സഭയിൽ വ്രതം ചെയ്യുന്നതിലോ ഒരു വൈദികനാകുന്നതിലോ അല്ല നാമെല്ലാവരും സ്വർഗ്ഗത്തിൽ ഒന്നിക്കുന്നതാണു പരമപ്രധാന മെന്നു തന്റെ ഉപദേശങ്ങളിൽ ഊന്നിപ്പറഞ്ഞു.

സഹോദരി കൊച്ചുത്രേസ്യക്ക് അച്ചൻ എഴുതി: "ജീവിതത്തിലെ നിന്റെ ഏക ആശ ഒരു വിശുദ്ധയാകണം എന്നാകട്ടെ. ഇപ്പോൾ തുടങ്ങിയാലും മതി. നമ്മുടെ ഏത് അപരാധവും ക്ഷമിച്ച് നമ്മെ മുന്നോട്ടു നയിപ്പാൻ എപ്പോഴും ദൈവം ഒരുങ്ങിയിരിക്കുന്നു. നാം മനസ്തപിച്ച്, നല്ല പ്രതിജ്ഞ യോടുകൂടി ഒരുങ്ങി അവിടത്തോട് അടുത്താൽ മതി."

സന്ന്യാസ ദൈവവിളി സ്വീകരിക്കുന്നതിനുള്ള പരിശ്രമത്തിൽ പരാജയപ്പെട്ടുപോയ കൊച്ചുത്രേസ്യക്ക് ഏതെങ്കിലും ജീവിതാന്തസല്ല വിശുദ്ധ പ്രാപ്തിയാണ് പ്രധാനമെന്ന് ഡൺസ്റ്റണച്ചൻ ഊന്നിപ്പറയുന്നു: "ദിവ്യമണവാളന്റെ വിളി കേൾക്കുന്നതുപോലെ നിനക്കു തോന്നി. ഉടനെ ഉത്തരം നൽകാൻ നിനക്കു കഴിഞ്ഞില്ല. നീ ആലോചിച്ചു. ചുറ്റും നോക്കി. നീ പുറപ്പെട്ടു. പക്ഷെ മണവറയുടെ വാതുക്കൽ വന്നപ്പോൾ അത് അടയ്ക്ക പ്പെട്ടിരിക്കുന്നതായിട്ടാണ് നീ കാണുന്നത്. ഖേദിക്കേണ്ട. വാതിൽ തുറക്ക പ്പെടുന്ന സമയം നോക്കിക്കൊണ്ടു നിൽക്കുക. തുറക്കപ്പെടുമ്പോൾ തന്റെ കണ്ണുകൾക്കു നീ പ്രിയപ്പെട്ടവളായിത്തീരത്തക്കവണ്ണം അവിടെ നിന്നുതന്നെ ഒരുങ്ങുക. ഒരു പക്ഷെ ഇഹത്തിലെ ഈ താൽക്കാലിക മണവറ നിനക്കായി ഒരിക്കലും തുറക്കപ്പെടുകയില്ലായിരിക്കാം. അവസാന വിനാഴികയും സമാധാനത്തോടും പ്രത്യാശയോടും കൂടി കടത്തിവിടണം. ഈ കാത്തുനിൽപു വൃഥയാകുകയില്ല. നിത്യ മണവറ തുറക്കപ്പെടുമ്പോൾ ദിവ്യമണവാളനോടുകൂടി നീയുണ്ടായിരിക്കും."

സഹോദരിയുടെ ഉപയോഗത്തിനായി എഴുതി നൽകിയ പ്രാർത്ഥന ശകലത്തിലും വിശുദ്ധനാകുന്നതിനു വേണ്ടിയുള്ള ആഗ്രഹമാണ് നിറ ഞ്ഞിരിക്കുന്നത്: "ഞങ്ങളെ ഏറ്റം സ്നേഹിക്കുന്നവനും നിത്യനുമായ ദൈവമേ... നിന്നോടു ഞങ്ങളെ രമ്യപ്പെടുത്തിയ നിന്റെ പുത്രനെപ്രതി, ഒരു വിശുദ്ധയായിത്തീരുവാൻ ആവശ്യമുള്ള എല്ലാ വരപ്രസാദവും എനി ക്കുതരണമെ. സർവ്വശക്തനേ, എന്റെ സ്വാർത്ഥത്തിന് എത്ര ക്ലേശകരമാ യവ സഹിക്കേണ്ടിവന്നാലും വേണ്ടില്ല, എന്നെ ഒരു വിശുദ്ധാക്കണമെ."

ഒരു ജീവിതാന്തസിലേക്കു പ്രവേശിക്കുന്നതിനുമുമ്പ് ആ ജീവിതാന്ത സിനെക്കുറിച്ച് അടിസ്ഥാനപരമായ അറിവും അതിൽ ചേരുന്നതിന്റെ ഉദ്ദേശ്യങ്ങളും അർത്ഥികൾ സ്വന്തമാക്കണമെന്ന് ഡൺസ്റ്റണച്ചൻ പറ യുന്നു. സന്ന്യാസ പ്രവേശനത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരുന്ന കൊച്ചു ത്രേസ്യക്ക് എഴുതിയ കത്തിൽ സന്ന്യാസവ്രതങ്ങളുടെ അർത്ഥവും അവ പാലിക്കുന്നതിലുള്ള പ്രയാസങ്ങളും വിവരിച്ചശേഷം അച്ചൻ തന്റെ ആശയം വ്യക്തമാക്കുന്നു: "നിനക്ക് ഉന്നതങ്ങളായ ഉദ്ദേശ്യങ്ങളില്ലെ ങ്കിൽ നീ പോകേണ്ട. എന്തു സഹിക്കേണ്ടിവന്നാലും സന്ന്യാസത്തിൽ ജീവിച്ച് ഒരു പുണ്യവതിയാകണം. ഈശോയുടെ അനുസരണവും കന്യാ വ്രതവും ദാരിദ്ര്യവും അനുകരിക്കണം എന്ന ദൃഢനിശ്ചയമില്ലെങ്കിൽ പോയിട്ടാവശ്യമില്ല. ലോകജീവിതം വല്ലപ്രകാരവും കഴിച്ചുകൂട്ടണമല്ലോ എന്നു വിചാരിച്ചു നീ പോകേണ്ട. ഒരു പുണ്യവതിയാകണം എന്ന ആഗ്രഹം ഉണ്ടായിട്ടേ നീ പുറപ്പെടേണ്ടു. ആ ആഗ്രഹം ഇല്ലെങ്കിൽ അത് ഉണ്ടാകുവാൻ പ്രാർത്ഥിക്കുക. ദൈവം നിന്റെ പ്രാർത്ഥന കേൾക്കും.

"ദൈവത്തിനിഷ്ടമുണ്ടെങ്കിൽ ഇപ്പോൾ നീ സഹിക്കുന്നതിലും കൂടുതൽ സഹിപ്പാൻ ഒരുങ്ങികൊണ്ട് വേണം പോകാൻ. പേടിക്കേണ്ട. അപേക്ഷിച്ചാൽ അതിനുള്ള ശക്തി ദൈവം തരും. ദൈവത്തിനു നീ ഏറ്റം പ്രിയപ്പെട്ടവളാകും. മനുഷ്യരെല്ലാം നിന്നെ മറന്നാലും നിനക്ക് എന്തു നഷ്ടം?"

### വിവേചനയെന്ന സവിശേഷസിദ്ധി

താനുമായി ബന്ധപ്പെട്ട സംഭവങ്ങളെയും അനുഭവങ്ങളെയും സൂക്ഷ്മ മായി നിരീക്ഷിച്ചറിഞ്ഞു വസ്തുതകളുടെ വിവിധവശങ്ങളെ വിശകലനം ചെയ്തു സ്വന്തമായ തീരുമാനങ്ങളിൽ എത്തിച്ചേരുകയെന്നത് ഡൺസ്റ്റ ണച്ചന്റെ സവിശേഷസിദ്ധിയായിരുന്നു. സ്വന്തം അപ്പനിൽ നിന്നാണ് ഡൺസ്റ്റണച്ചൻ ഈ വിവേചനബുദ്ധി സ്വായത്തമാക്കിയത്. വിവേകമതി യായ അപ്പന്റെ ഉപദേശങ്ങൾ ഇട്ടൂപ്പുണ്ണിയിൽ ആഴമായ സ്വാധീനം ചെലുത്തി.

"അപ്പൻ ചിന്താശീലനും ധാരാളം സംസാരിക്കുന്നവനുമായിരുന്നു. അപ്പന്റെ ഉപദേശങ്ങളിൽ എനിക്കു വലിയ വിശ്വാസമായിരുന്നു. അപ്പന്റെ വിവേകവും നയവും ബുദ്ധിയും ഞാൻ വളരെ മതിച്ചിരുന്നു. ചില പ്രത്യേക ഘട്ടങ്ങളിൽ ജ്യേഷ്ഠനെ വിളിച്ചു നൽകിയിരുന്ന ഉപദേശങ്ങൾകൊണ്ട് എനിക്കു വളരെ പ്രയോജനമുണ്ടായിട്ടുണ്ട്. ആ ഉപദേശങ്ങൾ എന്റെ സ്വഭാവത്തെയും പ്രവർത്തനങ്ങളെയും സാരമായി നിയന്ത്രിച്ചിരുന്നു. ഒരു ഉപദേശശകലം ഇപ്രകാരമായിരുന്നു: "നമ്മുടെ മിക്ക പ്രവൃത്തികൾക്കും സത്ഫലവും, ദുഷ്ഫലവും ഉണ്ടാകുവാൻ പാടുണ്ട്. അതുകൊണ്ട് ഒരു പ്രവൃത്തി ചെയ്താൽ ഉണ്ടാകുന്ന നന്മ എന്തുമാത്രമുണ്ട്, തിന്മ എന്തുമാത്രമുണ്ട് എന്നു ചിന്തിക്കുക. ആ പ്രവൃത്തി ചെയ്തില്ലെങ്കിൽ എന്തു തിന്മ ഉളവാകും, എന്തു തിന്മ തടയപ്പെടും എന്നും ചിന്തിക്കുക. അപ്പോൾ ആ പ്രവൃത്തി ചെയ്യേണ്ടതാണോ അല്ലയോ എന്നു ബോദ്ധ്യപ്പെടും'. ചുരുക്കി പറഞ്ഞാൽ "ചെയ്താൽ എന്തു വരും, ചെയ്തില്ലെങ്കിൽ എന്തു വരും.' "അന്യ ആളുകളുടെ ദേഹത്തിൽ നിന്റെ കൈ വീഴരുത്.' ഇതായിരുന്നു മറ്റൊരു ഉപദേശം. ജ്യേഷ്ഠൻ ഒരു മുൻകോപിയായതുകൊണ്ടാണ് ഈ തരത്തിൽ ഉപദേശിച്ചിരുന്നത്. ഉപദേശങ്ങൾ എനിക്കാണു കൂടുതൽ ഉപകാരപ്പെട്ടത്. അനേക അപകടങ്ങളിൽനിന്ന് അവ എന്നെ രക്ഷിച്ചു. എന്റെ "മർമ്മം നോക്കുന്ന സ്വഭാവം' ഇതിൽനിന്നുളവായതാണ്. സ്വന്തം ജീവിത പരിശീലനത്തിനു മാത്രമല്ല മറ്റുള്ളവരുടെ രൂപീകരണത്തിനും ഈ വിവേചനബുദ്ധി പ്രയോജനമായി."

കാശ്മീർ ആലപ്പാട്ടച്ചൻ ഡൺസ്റ്റണച്ചന്റെ പരിശീലന മുറയെക്കുറിച്ച് പരാമർശിക്കെ പറഞ്ഞു: "ആത്മപിതാക്കന്മാർ ഗരുഡനെപ്പോലെയാണ്." "ഗരുഡന്റെ കണ്ണു പോലെ" എന്ന പഴമൊഴിയുണ്ട്. കാഴ്ചയിൽ അതിസൂക്ഷ്മതയുള്ള ഗരുഡൻ വളരെ ഉയർന്നു പറക്കുമ്പോഴും താഴെ ഭൂമിയിൽ തന്റെ ഇരയെ കണ്ടെത്തും. സത്യസ്വരൂപനായ നീതി സൂര്യന്റെ വെളിച്ചത്തിൽ അവിടുത്തെ മക്കളുടെ വിളി തിരിച്ചറിയുവാൻ ക്രാന്തദർശിത്വം ഉള്ളവരാണ് ഗുരുക്കന്മാർ.

ദൈവവിളിയുടെ വിവേചന ഡൺസ്റ്റണച്ചന്റെ സവിശേഷസിദ്ധിയായിരുന്നു. അർത്ഥികളെ വിലയിരുത്തുന്നതിൽ ആ സൂക്ഷ്മദൃഷ്ടിക്ക് ഒരിക്കലും തെറ്റുപറ്റിയില്ല. സന്ന്യാസജീവിതത്തോട് അഭിരുചിയില്ലാത്ത ഒരു നവസന്ന്യാസിയോട് സഭ വിട്ടുപോകുവാൻ അദ്ദേഹം ഉപദേശിച്ചു. എന്നാൽ അയാൾ ആ ഉപദേശം സ്വീകരിച്ചില്ല. തിരുപ്പട്ടത്തിനു ശേഷം അദ്ദേഹത്തിനു സഭയോടു വിടപറയേണ്ടി വന്നു.

ജ്ഞാനക്കണ്ണുകൊണ്ട് അദ്ദേഹം സർവ്വം ദർശിച്ചു. ഓരോ വ്യക്തിയുടെയും വ്യതിരിക്തതകൾ തിരിച്ചറിഞ്ഞു. പ്രതിസന്ധികളെ തരണം ചെയ്യുന്നതിനും, അവർക്ക് അനുഗുണമായ ദൈവവിളിയുടെ ധാരകളെ തെരഞ്ഞെടുക്കുന്നതിനും സഹായിച്ചു.

റ്റി. വി. ജോസ് എന്നയാൾ വരന്തരപ്പിള്ളിയിലെ യോഗാർത്ഥിയായിരുന്നു. ഇപ്പോൾ ഈശോസഭയിലെ വൈദികനാണ്. അർത്ഥിയുടെ ശരിയായ ദൈവവിളി തിരിച്ചറിഞ്ഞ് പ്രസ്തുത സഭയിലേക്കു അദ്ദേഹത്തെ നയിച്ചത് റെക്റ്ററായ ഡൺസ്റ്റണച്ചനാണ്.

കലങ്ങിയ മനസ്സുമായി തന്നെ സമീപിച്ചവരെ ശാന്തരാക്കി ദൈവവിളിയിൽ ഉറച്ചുനിൽക്കുന്നതിന് അച്ചൻ ശക്തിയും പ്രചോദനവും പകർന്നു. സ്നേഹം കൂടുതൽ ആവശ്യമുള്ളവർക്കു പ്രത്യേക പരിഗണന നൽകി. ജീവിതത്തിന്റെ വിഷമഘട്ടങ്ങളിൽ ആ സാന്നിദ്ധ്യം അവർക്ക് ആശ്വാസമായി. വേദനയോടെ സമീപിക്കുന്നവരെ തന്റെ നിഷ്കളങ്കമായ മനസ്സിന്റെ മൃദുലഭാവങ്ങൾകൊണ്ട് കീഴടക്കി. ഒരു പ്രവാചകനെപ്പോലെ അവരുടെ ദൈവവിളിയിൽ അദ്ദേഹം ഉറപ്പു നൽകി. സഭയോടു വിടപറയുമായിരുന്നവർ ആ സവിശേഷമായ കരുതൽ കൊണ്ടുതന്നെ സഭയിൽ അംഗങ്ങളായിത്തുടർന്നു.

അദ്ദേഹത്തിന്റെ ശിഷ്യരിൽ ഒരുവൻ അനുസ്മരിക്കുന്നു: "വാശിയെയും തെറ്റിദ്ധാരണകളേയും സ്നേഹത്തോടും ആത്മാർത്ഥതയോടും കൂടി നേരിടാൻ ഡൺസ്റ്റണച്ചനാണ് എന്നെ പഠിപ്പിച്ചത്. സഭയിൽനിന്നു പുറത്തു പോകാൻപോലും പ്രേരിതനായ അവസരങ്ങളിലും ഡൺസ്റ്റണച്ചനാണ് എന്നെ സഹായിച്ചു സഭയിൽ തുടരുവാൻ ശക്തി പകർന്നത്. ഇന്നും നന്ദിപൂർവ്വം ഞാനത് അനുസ്മരിക്കുന്നു."

ദൈവവിളിയെക്കുറിച്ച് തെല്ലും ചിന്തിക്കാത്ത ഒരാൾ മറ്റുള്ളവരുടെ പ്രേരണകൊണ്ടുമാത്രം വരന്തരപ്പിള്ളി യോഗാർത്ഥി ഭവനത്തിൽ കയറിപ്പറ്റി. പേടിച്ചും പരുങ്ങിയും മൂന്നു മാസങ്ങൾ കടന്നുപോയി. ഒരു ദിവസം അൽപം ധൈര്യം നടിച്ച് ഡൺസ്റ്റണച്ചന്റെ അടുക്കൽ ചെന്നു. കാര്യങ്ങൾ തുറന്നു പറഞ്ഞു. അച്ചൻ ശ്രദ്ധാപൂർവ്വം അവനെ ശ്രവിച്ചു. പ്രതീക്ഷയ്ക്കു വിപരീതമായിരുന്നു അച്ചന്റെ മറുപടി: "ദൈവവിളി എന്നു പറയുന്നത് മുകളിൽനിന്ന് നേരിട്ടു വരുന്നതല്ല. ദൈവം വിളിക്കുന്നു. പല വ്യക്തികളിലൂടെ നാമതു മനസ്സിലാക്കുന്നു. ബ്രദറിനു ദൈവവിളിക്ക് അനുസൃതമായ നല്ല ഗുണങ്ങളൊക്കെ ഉണ്ട് എന്നാണ് എനിക്കു തോന്നുന്നത്... ബ്രദർ ഇപ്പോൾ വീട്ടിൽ പോയിട്ട് ഒന്നും ചെയ്യാനില്ല. കോളേജിൽ പോകാനുള്ള സമയമൊക്കെ തീർന്നു.

പിന്നെ കൊല്ലം അവസാനിക്കുമ്പോൾ നമുക്കിതിനെപ്പറ്റി ചിന്തിക്കാം; തീരുമാനമെടുക്കാം. വർഷം അവസാനിച്ചപ്പോഴേക്കും യോഗാർത്ഥി ഭവനത്തിലെ അന്തരീക്ഷവുമായി അവൻ പൊരുത്തപ്പെട്ടു കഴിഞ്ഞിരുന്നു. പിന്നീട് ഒരിക്കലും ദൈവവിളിയുമായി ബന്ധപ്പെട്ട ചർച്ച ആവശ്യമായി വന്നില്ല. ദൈവവിളിയിൽ നിലനിന്ന് സി.എം.ഐ. സഭയിൽ സന്ന്യാസവൈദികനായി കുറെയേറെ ജോലി ചെയ്യുന്നതിന് അവസരമൊരുക്കിയത് ഡൺസ്റ്റണച്ചന്റെ പ്രത്യേകമായ ഇടപെടലുകൾ കൊണ്ടാണെന്ന് അദ്ദേഹം കരുതുന്നു.

ബെന്നി ചിറമേലച്ചൻ തുറന്നെഴുതുന്നു: "ഒന്നാം വർഷ നവസന്ന്യാസ കാലഘട്ടം അവസാനിച്ചു. സ്വന്തം ബാച്ചിലുള്ള ചിലരൊക്കെ സന്ന്യാസം ഉപേക്ഷിച്ചു പോയി. വേറെ ചിലർ തീരുമാനങ്ങളെടുക്കുവാൻ ഒരുങ്ങിയിരിക്കുന്നു... എന്നെക്കാൾ ഭക്തി തീക്ഷണതയുള്ളവരും കഴിവുള്ളവരും ഇതിനകം സ്ഥലം വിട്ടു. പിന്നെ ഞാനെന്തിന് ഈ സന്ന്യാസ സമൂഹത്തിൽ നിലകൊള്ളണമെന്ന് ചിന്തിച്ചുകൊണ്ടിരുന്നു.

"അടുത്ത ഒരു ദിവസം ഡൺസ്റ്റണച്ചനെ കാണുവാൻ ചെന്നു. അദ്ദേഹം എന്നോട് വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. അതിനു ശേഷം ഒരു കടലാസും പെൻസിലും കൊണ്ടുവരുവാൻ ആവശ്യപ്പെട്ടു. ഞാൻ അതു കൊണ്ടുവന്നു. എന്നിട്ട് ഒറ്റ കാര്യം മാത്രം പറഞ്ഞു: ആ കടലാസിൽ സന്ന്യാസം വേണ്ടെന്നു വയ്ക്കുവാനുള്ള കാരണങ്ങൾ ഒരു വശത്തും സന്ന്യാസത്തിന്റെ ഗുണങ്ങൾ മറുവശത്തും എഴുതുവാൻ പറഞ്ഞു. സമയമെടുത്ത് അപ്രകാരം ചെയ്തു. ഇത് എഴുതി കഴിഞ്ഞപ്പോൾതന്നെ ഞാൻ സന്ന്യാസത്തിൽ ഉറച്ചു നിൽക്കാൻ തീരുമാനമെടുത്തു. ഓരോ പ്രാവശ്യവും സന്ദർശിക്കുമ്പോൾ, എന്തു മാത്രം പുരോഗതി പ്രാപിച്ചിട്ടുണ്ടെന്ന് അന്വേഷിക്കുകയും അവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുകൊണ്ടിരുന്നു.

"എന്റെ സന്ന്യാസ ജീവിതത്തിന്റെ അടിത്തറ പാകിത്തന്ന് ഉറച്ച തീരുമാനങ്ങളെടുക്കുവാൻ പഠിപ്പിച്ചുതന്ന ഗുരുഭൂതനാണ് ഡൺസ്റ്റണച്ചൻ. വർഷങ്ങൾക്കു മുമ്പ് അദ്ദേഹം നടത്തിയ സ്വതസിദ്ധമായ കൗൺസിലിങ് ഇന്നത്തെ ആധുനിക കൗൺസിലിങ്ങിൽ ഉന്നത ബിരുദം നേടിയവർക്കു പോലും സാധിക്കുമോയെന്നു സംശയമാണ്. വലിയ ബിരുദമൊന്നും എടുക്കാത്ത ഡൺസ്റ്റണച്ചൻ എന്റെ ജീവിതത്തിനു ചെയ്തുതന്ന വലിയ നന്മയ്ക്കുമുമ്പിൽ ഞാൻ ശിരസ്സു നമിക്കുന്നു."

ആന്റൊ നായകരയച്ചൻ അനുഭവം പങ്കുവെക്കുന്നു: "നവസന്ന്യാസ പരിശീലനത്തിന്റെ ആദ്യവർഷത്തിൽ എന്റെ ദൈവവിളിയിൽ അനു

ഭവിച്ച പ്രതിസന്ധി വളരെ കടുത്തതായിരുന്നു. സന്ന്യാസജീവിതത്തോടു വിടപറയാമെന്ന വിചാരമുണ്ടായി. നവസന്ന്യാസ ഗുരുവായ ജോസ് പോൾ എടക്കളത്തൂരച്ചനുമായുള്ള നീണ്ട ചർച്ചകൾക്കുശേഷം വീട്ടിലേയ്ക്കു മടങ്ങുന്നതിനുതന്നെ തീരുമാനമെടുത്തു. വാർത്തയറിഞ്ഞ ഡൺസ്റ്റണച്ചൻ ഉടനെ എന്റെ മുറിയിൽ വന്നു. കൗണ്ടംപാളയത്ത് പ്ലസ് ടു പഠിക്കുമ്പോൾ അദ്ദേഹം എന്റെ റെക്റ്ററച്ചനായിരുന്നു. അച്ചന്റെ പക്കൽ ഞാൻ മനസ്സു തുറന്നു. എന്നെ മുഴുവനുമായി ശ്രവിച്ചശേഷം എന്നെക്കുറിച്ച് അദ്ദേഹത്തിനുള്ള ബോദ്ധ്യങ്ങൾ പങ്കുവെച്ചു. ദൈവവിളിയുമായി ബന്ധപ്പെട്ട് എന്നെക്കുറിച്ചുള്ള ചിന്തകളും എനിക്കുള്ള സന്ന്യാസ ജീവിതാഭിമുഖ്യങ്ങളും എന്റെ ഓർമ്മയിൽ ഉയർത്തി. എന്റെ ഉള്ളുണർവിനെ ഉണർത്തുന്ന അച്ചന്റെ വാക്കുകൾ മനസ്സിനെ ആഴത്തിൽ സ്പർശിച്ചു. ഞാൻ എടുത്ത തീരുമാനത്തെക്കുറിച്ചുള്ള പക്വതയുള്ള പരിചിന്തനത്തിലേക്ക് എന്നെ നടത്തി. അദ്ദേഹത്തിന്റെ ലളിതമായ ഓർമ്മപ്പെടുത്തലുകൾ സന്ന്യാസ ജീവിതത്തിന്റെ ശക്തമായ വഴിത്തിരിവായി. ഡൺസ്റ്റണച്ചൻ നൽകിയ പ്രചോദനത്തിൽ പ്രകാശിതമായ വിശ്വാസം എന്റെ തീരുമാനത്തെക്കുറിച്ചുള്ള പുനശ്ചിന്തയ്ക്ക് കളമൊരുക്കി. ആ രാത്രിയിൽതന്നെ നവസന്ന്യാസ ഗുരുവിനെ ഞാൻ സന്ന്യാസത്തിൽ തുടരുകയാണെന്ന് അറിയിച്ചു.''

വരന്തരപ്പിള്ളിയിലെ ഒരു യോഗാർത്ഥി അഞ്ചു പ്രാവശ്യമെങ്കിലും ദൈവവിളിയിൽനിന്ന് പിന്തിരിയാൻ റെക്റ്ററായ ഡൺസ്റ്റണച്ചനോട് അനുവാദം ചോദിച്ചിട്ടുണ്ട്. ഓരോ വട്ടവും അതീവ ശാന്തതയും സൗമ്യതയുമാർന്ന സഹിഷ്ണതയോടെ അർത്ഥിയെ അദ്ദേഹം ശ്രവിച്ചു. ദീർഘനേരം ഉപദേശം നൽകി ശക്തിപ്പെടുത്തി. ഓരോ പ്രാവശ്യവും മുറിയിൽനിന്ന് തിരിച്ചുവരുമ്പോൾ, "ബ്രദറിന് ദൈവവിളി ഉണ്ട് കേട്ടോ. ഇതൊന്നും സാരമില്ല. ധാരാളം വായിക്കണം.''

അവസാനമായി, വീട്ടിലേക്കു തിരിക്കണമെന്നും തുടരാൻ സാധ്യമല്ലെന്നുമുള്ള ഉറച്ച തീരുമാനവുമായി ഒരു നാൾ അദ്ദേഹം റെക്റ്ററച്ചനെ സമീപിച്ചു. പതിവിനു വിപരീതമായി അദ്ദേഹം അർത്ഥിയേയും കൂട്ടി പള്ളിയിലേക്കു പോയി. ഒരു മണിക്കൂറോളം ആരാധനയിൽ ചെലവഴിച്ചു. ശേഷം രണ്ടു പേരും ഒരുമിച്ചു ഭക്ഷണം കഴിച്ച് റെക്റ്ററിന്റെ മുറിയിൽ തിരിച്ചെത്തി. വീണ്ടും ഉപദേശങ്ങൾ തുടർന്നു. ഇടയിൽ അദ്ദേഹം പലവട്ടം ഉറങ്ങുകയും ഉണരുകയും ചെയ്തു. ഓരോ പ്രാവശ്യം ഉണർന്നപ്പോഴും മാപ്പു ചോദിച്ചു. അദ്ദേഹത്തിന്റെ മുറിയിൽനിന്നു തിരിക്കുന്നതിനുമുമ്പ് ഡൺസ്റ്റണച്ചൻ അർത്ഥിയോടു പറഞ്ഞു: "ബ്രദറിനു

ദൈവവിളി ഉണ്ട്; ഉപേക്ഷിക്കാൻ പാടില്ല. സഭയിൽനിന്നു പോകണമെങ്കിൽ നാളെതന്നെ പോകാം. പോകുന്നില്ലെങ്കിൽ എന്റെ കൈ പിടിച്ചു വാക്കു തരണം. ഇനിയൊരിക്കലും സഭയിൽനിന്നു പോകാൻ ചോദിക്കയില്ലെന്ന്." ഗുരുവിന്റെ വാക്കുകൾ കേട്ടു ശിഷ്യൻ കരഞ്ഞു. എന്തു ചെയ്യണമെന്നറിയാതെ അവൻ വിഷമിച്ചു. അവസാനം സ്നേഹനിധിയായ ആ പിതാവിന്റെ മുമ്പിൽ എഴുന്നേറ്റുനിന്ന് ആ കൈ പിടിച്ചു സത്യം ചെയ്തു. അദ്ദേഹം എഴുതുന്നു: "എന്റെ ജീവിതത്തിന്റെ സങ്കീർണ്ണവും സംഘർഷഭരിതവുമായ നിരവധി അവസരങ്ങളിൽ ഈ അനുഭവം എനിക്കു നൽകിയിട്ടുള്ള ശക്തി വാക്കുകൾക്ക് അതീതമാണ്."

**അതിജീവനത്തിന്റെ മാർഗ്ഗദർശി**

പ്രതിസന്ധികളിൽ മാനസികവ്യഥയിൽ കഴിയുന്നവരെ ഡൺസ്റ്റണച്ചന്റെ പിതൃസഹജമായ വാത്സല്യകരങ്ങൾ ആശ്വസിപ്പിക്കും. ഒരിക്കൽ നിർബ്ബന്ധ റീജൻസി ലഭിച്ചു വിഷമിച്ചു കഴിഞ്ഞിരുന്ന ഒരു ശെമ്മാശനെ ഡൺസ്റ്റണച്ചൻ ആശ്വസിപ്പിച്ചു: "വർഗീസേ (യഥാർത്ഥ പേരല്ല), വർഗീസിനു പെട്ടെന്ന് അച്ചനാവണോ, നല്ല അച്ചനാവണോ? നല്ല അച്ചനാവാൻ കുറച്ചു കാത്തിരുപ്പ് ആവശ്യമുണ്ട്."

തിരുപ്പട്ടം നീട്ടിവെക്കപ്പെട്ടതുകൊണ്ട് പിരിമുറുക്കത്തിൽ കഴിഞ്ഞിരുന്ന ഒരു ശെമ്മാശൻ ഗുരുവായിരുന്ന ഡൺസ്റ്റണച്ചനെ കണ്ട് ദുഃഖങ്ങൾ പങ്കുവെച്ചു. അദ്ദേഹത്തിന്റെ സത്യസന്ധമായ പങ്കുവെക്കലിൽ ഡൺസ്റ്റണച്ചനും വലിയ ദുഃഖമുണ്ടായി. "ശെമ്മാശനെക്കുറിച്ച് മേലധികാരികൾ എടുത്ത തീരുമാനത്തിന്റെ ശരി തെറ്റുകളെ ഇപ്പോൾ പരിശോധിക്കേണ്ടതില്ല. അങ്ങനെ ഒരു പരിശോധനയ്ക്ക് ഒരുമ്പെട്ടാൽ വിദ്വേഷവും വൈരാഗ്യവും മനസ്സിൽ നിറയും. കൂടുതൽ സങ്കടവും നിരാശയും ആയിരിക്കും ഫലം. വൈദികനാകണം എന്ന ഉറച്ച തീരുമാനത്തിൽ തുടരണം. മേലധികാരികൾ തിരുത്തൽ ആവശ്യപ്പെടുന്ന കാര്യങ്ങളിൽ ആത്മാർത്ഥമായ ശ്രദ്ധ വേണം. ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്തോറും ശെമ്മാശന്റെ തീരുമാനം കൂടുതൽ ശക്തമാകും. ഇത്ര കൊല്ലംകൊണ്ട് പുരോഹിതൻ ആക്കിയേക്കാം എന്നു പറഞ്ഞല്ല ഈശോ ദൈവവിളി നൽകിയത്. കഴിഞ്ഞ കാര്യങ്ങളെക്കാൾ വൈദികനായ ശേഷം ചെയ്യാനുള്ള ശുശ്രൂഷകളെക്കുറിച്ചാകണം ഇനിമുതൽ പ്രധാനമായി ചിന്തിക്കേണ്ടത്... ഞാൻ പ്രത്യേകം പ്രാർത്ഥിക്കാം. മുള്ളുകൾ ഉള്ള ഒരു നല്ല റോസാക്കൊമ്പ് കിട്ടിയെന്ന് കരുതിയാൽ മതി. അതിനെ കുഴിച്ചിട്ടു വളർത്തി അതിൽ നല്ല പൂക്കൾ ഉണ്ടാക്കണം."

ദിവ്യനായ ഡൺസ്റ്റണച്ചന്റെ ഉപദേശം ആ ശെമ്മാശനിൽ പ്രത്യാശയുടെ തിരി കൊളുത്തി. പ്രതിസന്ധികൾ സമചിത്തതയോടെ മറികടക്കുവാനുള്ള വലിയൊരു ആത്മീയോർജ്ജം അകമേ നിറഞ്ഞു. എല്ലാ പ്രതിബന്ധങ്ങളേയും അതിജീവിച്ചുകൊണ്ട് അദ്ദേഹം പട്ടം സ്വീകരിച്ചു. പുത്തൻ കുർബാനയുടെ ദിവസവും സമയവും ഓർത്തുവെച്ച് ഡൺസ്റ്റണച്ചൻ പുത്തൻ കുർബാന കഴിഞ്ഞുള്ള സ്വീകരണ സമയം ആയപ്പോഴേക്കും ദീർഘയാത്ര ചെയ്ത് എത്തിച്ചേർന്നു. നവവൈദികന്റെ സന്തോഷത്തിൽ പങ്കുചേർന്നു. പ്രതിസന്ധിയെ അതിജീവിച്ച ഒരു ശെമ്മാശന്റെ കാര്യത്തിൽ അദ്ദേഹം മറക്കാതെ പ്രാർത്ഥനാപൂർവ്വം കാത്തുസൂക്ഷിച്ച കരുതലും നൽകിയ പിന്തുണയും അപാരമായിരുന്നു.

ഡൺസ്റ്റണച്ചന്റെ ശിഷ്യഗണത്തിൽ ഒരുവൻ അദ്ദേഹവുമായുള്ള അനുഭവസ്മരണകൾ പങ്കു വയ്ക്കുന്നു:

“ഞാൻ ജീവിതത്തിൽ ഉടനീളം അനുഭവിച്ച ബ. ഡൺസ്റ്റണച്ചന്റെ പ്രവാചകാത്മക ദർശനത്തെക്കുറിച്ചും വിസ്മയകരമായ ആദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശത്തെക്കുറിച്ചും അൽപം ചിലതു പറയട്ടെ.

“ഞാൻ യോഗാർത്ഥിയായിരിക്കെ ഗുരുവച്ചൻ എന്നോടു പറഞ്ഞു, “ബ്രദറിന്റെ കഴിവുകളും നൈപുണ്യങ്ങളും വിലയിരുത്തുമ്പോൾ ഈ സമൂഹത്തിലെ ജീവിതവും ഈ സഭയിലേക്കുള്ള വിളിയും വേണ്ടത്ര ഫലം ചൂടുവാൻ ഇടയാകുമെന്നു പ്രതീക്ഷയില്ല. ബ്രദറിന് ഈശോ സഭയിൽ ചേരാവുന്നതാണ്. ആ സഭയിൽ ചേരുവാൻ ഞാൻ ബ്രദറിനെ സഹായിക്കാം. ബ്രദർ സി.എം.ഐ. സഭയിൽ തുടരുകയാണെങ്കിൽ കർത്താവിനു സമർപ്പിക്കേണ്ടിവരിക ജീവിതത്തിന്റെ പൂക്കളോ ഫലങ്ങളോ ആയിരിക്കയില്ല, ജീവിതത്തിന്റെ നാമ്പു തന്നെയായിരിക്കും.' ആരംഭത്തിൽ ഈ വാക്കുകൾ ഞാൻ കാര്യമായി ഗണിച്ചില്ല. എന്നാൽ എന്റെ ജീവിതത്തിലെ നിരവധി പ്രതിസന്ധി ഘട്ടങ്ങൾ അതിജീവിക്കുവാൻ അച്ചന്റെ വാക്കുകൾ എന്നെ വളരെയേറെ സഹായിച്ചു.

“ഞാൻ വരന്തരപ്പിള്ളിയിൽ ആയിരുന്നപ്പോൾ എന്റെ ബാച്ചിൽ ചിലർ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലേക്കു പഠനത്തിനായി അയയ്ക്കപ്പെട്ടു. ഉയർന്ന മാർക്ക് ഉണ്ടായിരുന്നിട്ടും ഞാൻ തെരഞ്ഞെടുക്കപ്പെട്ടില്ല. എനിക്കതു നിരാശാജനകമായിരുന്നു. എന്നാൽ ഡൺസ്റ്റണച്ചന്റെ വാക്കുകൾ അനുസ്മരിച്ചു. എനിക്കു പിടിച്ചുനിൽക്കാനായി.

“പിന്നീട് സയൻസ് വിഷയങ്ങളിൽ റാങ്കും നാഷനൽ മെറിറ്റ് സ്കോളർഷിപ്പും നേടിക്കൊണ്ട് ഞാൻ ബാംഗ്ലൂരിൽ ബിരുദപഠനം പൂർത്തിയാക്കി.

എന്നാൽ മിഷൻ സ്ഥലത്തെ അനാഥമന്ദിരത്തിലേക്കു ജോലി ചെയ്യുന്നതിനായി ഞാൻ അയയ്ക്കപ്പെട്ടു. എന്റെ കൂട്ടുകാർ പലരും ഉന്നതപഠനത്തിനായി തെരഞ്ഞെടുക്കപ്പെട്ടു. "എന്തുകൊണ്ട് താങ്കൾ ഉയർന്ന പഠനത്തിനായി പോയില്ലാ'യെന്ന് എന്റെ അദ്ധ്യാപകരും സഹപാഠികളും ചോദിച്ചപ്പോഴെല്ലാം ഞാൻ ആയാസകരവും അപമാനകരവുമായ നിമിഷങ്ങളിലൂടെ കടന്നുപോയി. അപ്പോഴും സന്ന്യാസ ജീവിതത്തിൽ തുടരുവാൻ ഡൺസ്റ്റണച്ചന്റെ വാക്കുകൾ ധൈര്യം പകർന്നു.

"വീണ്ടും ദൈവശാസ്ത്ര പരീക്ഷയിൽ ഞാൻ ഡിസ്റ്റിങ്ഷൻ നേടി. എന്റെ സഹോദരന്മാരിൽ ചിലർ റോമിലേക്ക് തുടർപഠനത്തിനായി അയയ്ക്കപ്പെട്ടപ്പോൾ ഞാൻ മിഷൻ സ്ഥലത്തെ ഫാമിന്റെ മേൽനോട്ടം വഹിക്കുന്നതിനു നിയുക്തനായി.

"മിഷനിലായിരിക്കെ ഞാൻ രോഗിയായി. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ ബിരുദാനന്തര പഠനത്തിനായി ഞാൻ സമർപ്പിച്ച അപേക്ഷയ്ക്ക് അനുവാദം ലഭിച്ചു. ബിരുദപഠനം കഴിഞ്ഞ് ആറു വർഷത്തെ ഇടവേളയ്ക്കുശേഷം സയൻസ് വിഷയത്തിൽ തുടർന്നു പഠിക്കുകയെന്നതു വളരെ ദുഷ്കരമായി തോന്നി. എന്നാൽ ദൈവകൃപയാൽ ഉയർന്ന മാർക്കും മൂന്നു സ്വർണ്ണമെഡലും മൂന്നാം റാങ്കും നേടി പരീക്ഷയിൽ വിജയം വരിക്കുവാൻ എനിക്കു സാധിച്ചു. എന്നാൽ അധികാരികൾ മിഷനിലെ ഒരു പ്രൈമറി സ്കൂളിൽ പഠിപ്പിക്കാനായി എന്നെ നിയോഗിച്ചു. എന്റെ മനസ്സിൽ എപ്പോഴും നിലകൊണ്ടിരുന്ന ഗുരുവച്ചന്റെ പ്രവാചകാത്മക വചനങ്ങൾ ഞാൻ അപ്പോഴും അനുസ്മരിച്ചു.

"ഞാൻ കുറിക്കുന്ന ഈ വാക്കുകൾ ഡൺസ്റ്റണച്ചനെക്കുറിച്ച് എന്നതിനെക്കാൾ എന്നെക്കുറിച്ചായിരിക്കാം. ഞാൻ പറയാനും ചൂണ്ടിക്കാണിക്കാനും ആഗ്രഹിക്കുന്നത് ഡൺസ്റ്റണച്ചന്റെ ശക്തമായ പ്രവചനപരമായ വാക്കുകൾ എപ്രകാരം എന്റെ ജീവിതത്തിൽ ഉടനീളം പ്രയാസകരമായ ജീവിതനിമിഷങ്ങളെ പുഞ്ചിരിയോടെ അതിജീവിക്കുവാൻ എന്നെ സഹായിച്ചു എന്നതാണ്. അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശവും സത്യസന്ധമായ ആത്മീയജീവിതവും എല്ലാവരാലും എല്ലായ്പോഴും പ്രകീർത്തിക്കപ്പെടുന്നു."

## 14

# വിവേകമതിയായ പരിശീലകൻ

ഡൺസ്സ്റ്റണച്ചൻ തന്റെ സന്ന്യാസജീവിതത്തിന്റെ സിംഹഭാഗവും നിയമിതനായത് സി.എം.ഐ. സഭയുടെ പരിശീലനഭവനങ്ങളിലാണ്. വരന്തരപ്പിള്ളി, ഏൽത്തുരുത്ത്, റാഞ്ചി, സായ്ബാബാ കോളനി, കൗണ്ടമ്പാളയം, പാലക്കാട്, കൊഴിഞ്ഞാമ്പാറ എന്നിയിടങ്ങളിൽ യോഗാർത്ഥികളുടെ റെക്റ്ററായി 17 വർഷവും ശരവണംപട്ടി നവസന്ന്യാസഭവനത്തിൽ നവസന്ന്യാസഗുരുവായി രണ്ടു വർഷവും സഭയിലെ പുതുതലമുറയെ രൂപപ്പെടുത്തുന്ന ശുശ്രൂഷയ്ക്ക് അദ്ദേഹം നേതൃത്വം നൽകി. നീണ്ട 25 വർഷങ്ങൾ പരിശീലന ഭവനത്തിലോ അവിടത്തെ പരിശീലനസംഘത്തിലോ അംഗമായി, പരിശീലിതർക്ക് പ്രചോദന മരുളുന്ന സാന്നിദ്ധ്യമായി പരിശീലനശുശ്രൂഷയിൽ ഭാഗഭാഗിത്വം വഹിച്ചു.

നിരവധി വർഷങ്ങൾ പരിശീലനരംഗത്തു തുടർന്നെങ്കിലും താൻ ആ ജോലിക്ക് അയോഗ്യനെന്നായിരുന്നു അദ്ദേഹത്തിന്റെ ധാരണ. അദ്ദേഹം പറയുന്നു: “പരിശീലനരംഗത്തു ജോലിചെയ്യാൻ ഞാൻ തീരെ ആഗ്രഹിച്ചിട്ടില്ല. ഞാൻ അതിനു കൊള്ളാവുന്നവനാണെന്നു തോന്നിയിട്ടുമില്ല. ഞാൻ അയോഗ്യനാണെന്നു തോന്നി. സ്വന്തം കഴിവുകേടുകളെക്കുറിച്ച് വേദനിച്ചു. ജോലി മാറ്റിത്തരാൻ പലപ്രവശ്യം അപേക്ഷിച്ചു. ഫലമുണ്ടായില്ല. മറവി കൂടി. മുടികൊഴിഞ്ഞു. അൽപമുണ്ടായിരുന്ന ആകാരഭംഗി എന്നന്നേക്കുമായി നഷ്ടപ്പെട്ടു. ഇനിയെങ്കിലും ജോലിയിൽനിന്നു മാറ്റുമെന്നു വിചാരിച്ചു. അത് ഉണ്ടായില്ല. പരിശീലന രംഗത്തുനിന്നു മാറി വരന്തരപ്പിള്ളിയിലെ പ്രിയോരായപ്പോൾ ഭരണത്തിനു താൻ അപ്രാപ്ത

നാണെന്നു തോന്നിയെങ്കിലും പരിശീലന ജോലിയിൽ നിന്നു മാറിക്കിട്ടിയല്ലോ എന്നോർത്ത് ഏറെ സന്തോഷിച്ചു.''

പരിശീലനരംഗത്തു സ്വന്തം താൽപര്യങ്ങൾക്കു വിരുദ്ധമായി തുടരേണ്ടി വന്നപ്പോഴും ആ സാഹചര്യത്തോടു അച്ചൻ ധനാത്മകമായ മനോഭാവം പുലർത്തി. “എങ്കിലും ദൈവകരം ഞാൻ എല്ലായിടത്തും കാണുന്നു.'' അതുകൊണ്ടുതന്നെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടുംകൂടെ മുഴുവൻ നേരവും പരിശീലനജോലിയിൽ വ്യാപൃതനാകാൻ അദ്ദേഹത്തിനു കഴിഞ്ഞു. തന്റെ മുഴുവൻ വ്യക്തിത്വത്തെയും ആ ജോലിയിൽ സമർപ്പിച്ചു.

ഫോർമേഷന്റെ ജോലി അച്ചന്റെ ആദ്ധ്യാത്മിക ജീവിതത്തിന് എങ്ങനെയാണ് ഉപകരിച്ചതെന്ന ചോദ്യത്തിന് അദ്ദേഹം മറുപടി നൽകുന്നു: “സ്വയം നന്നാകാൻ നിർബന്ധിതനായി. കൂടുതൽ ആത്മാർത്ഥതയോടെ ജീവിക്കുവാൻ ഈ ജോലി സഹായിച്ചു.''

സഭയിൽ പരിശീലനത്തിനു നൽകുന്ന പ്രാധാന്യം പലപ്പോഴും കുറഞ്ഞുപോകുന്നുവെന്നും വേണ്ടത്ര ഒരുക്കമില്ലാതെയാണ് പൊതുവെ കുട്ടികളുടെ ചുമതല പലരും ഏറ്റെടുക്കുന്നതെന്നും അർത്ഥികളുടെ പരിശീലനം കുറെക്കൂടി ഗൗരവകരമായി കാണണമെന്നും ഡൺസ്റ്റണച്ചൻ സമൂഹത്തിൽ പങ്കുവെക്കുക പതിവായിരുന്നു. ഉത്തമരായ പരിശീലകരെ ഒരുക്കിയെടുക്കുന്നതിന്റെ ഭാഗമായി സഭാംഗങ്ങളിൽനിന്ന് തെരെഞ്ഞെടുക്കപ്പെട്ടവരെ ഉപരിപഠനത്തിന് അയയ്ക്കുന്നതിനെക്കുറിച്ച് അധികാരികളോട് അദ്ദേഹം സംസാരിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ ദേവമാത പ്രവിശ്യാധികാരിയായ ക്ലെമൻസ് തോട്ടുങ്കലച്ചൻ ചോദിച്ചു: “ശരി, അങ്ങനെയെങ്കിൽ ആരെയാണ് പഠിക്കാൻ വിടേണ്ടത്?'' “അവുരേവൂസ് ശെമ്മാശനെ'' ഡൺസ്റ്റണച്ചൻ ഉടനടി മറുപടി നൽകി. അധികം വൈകാതെ തീരുമാനമുണ്ടായി. അവുരേവൂസ് ചക്കാലമറ്റമച്ചൻ ഉപരിപഠനാർത്ഥം റോമിലേക്കു യാത്രയായി. അങ്ങനെ ദേവമാത പ്രവിശ്യയിൽ നിന്ന് ആദ്യമായി അർത്ഥികളുടെ പരിശീലനത്തിനായി ഒരാളെ ഉപരിപഠനത്തിന് അയച്ചു. ഡൺസ്റ്റണച്ചൻ അതിനു നിമിത്തവുമായി.

### അർത്ഥികളെ അറിയുന്നവൻ

പരിശീലനത്തിനായി സർവ്വാത്മനാ സമർപ്പിതനായിരുന്ന ഡൺസ്റ്റണച്ചൻ ഓരോ അർത്ഥിയെയും വ്യക്തിപരമായി അറിഞ്ഞു. അവരുടെ വ്യതിരിക്തത തിരിച്ചറിഞ്ഞു. ഓരോ യോഗാർത്ഥിയുടെയും സവിശേഷതകൾ തിരിച്ചറിഞ്ഞ് അദ്ദേഹം മനസ്സിൽ സൂക്ഷിച്ചു. സ്വന്തം മുറിയിൽ ജോലി

യിൽ മുഴുകുമ്പോഴും വരാന്തയിൽ നിന്നുയരുന്ന പദചലനങ്ങളിൽ നിന്ന് അദ്ദേഹം കുട്ടികളെ തിരിച്ചറിഞ്ഞു.

### ഹൃദയംകൊണ്ടു ശ്രവിക്കുന്നവൻ

നിശബ്ദസുന്ദരമെങ്കിലും ഡൺസ്റ്റണച്ചന്റെ സാന്നിദ്ധ്യം സദാ സചേതനവും ക്രിയാത്മകവുമായിരുന്നു. ആരോടും സംസാരിക്കുന്നതിനോ മനസ്സുതുറന്നു പങ്കുവയ്ക്കുന്നതിനോ അദ്ദേഹത്തിനു വിരോധമില്ല. അതിനു സദാ സന്നദ്ധനുമാണ്. ആശയങ്ങൾ ധാരാളം; ആത്മാർത്ഥതയോ അതിലുമധികം. അദ്ദേഹത്തെ സമീപിക്കുന്നവർ ആരും നിരാശരാകുകയില്ല. അറിവും ആശയങ്ങളും നിറവിൽനിന്ന് അനർഗ്ഗളം ഒഴുകിവന്നു. ആ അനർഗ്ഗളതയിൽ പൊങ്ങച്ചത്തിന്റെ വാക്‌ധോരണിയോ അഹന്തയുടെ അഭിലാഷങ്ങളോ ഇല്ല. തുറന്ന മനസ്സും പരന്ന ഹൃദയവും അവിടെ വിരിഞ്ഞുനിന്നു.

ഏതു പാതിരക്കും ഏത് ആവശ്യത്തിനും അർത്ഥികൾക്ക് അച്ചനെ സമീപിക്കാമായിരുന്നു. മനസ്സുള്ള ആർക്കും ധൈര്യമായി അദ്ദേഹവുമായി പങ്കുവയ്ക്കാൻ സാധ്യമായിരുന്നു. തന്നെ സമീപിക്കുന്നവർക്കായി തന്റെ കാതുകൾ സദാ തുറന്നുവച്ചു. ആരുടെയും ആഗ്രഹങ്ങളും പ്രശ്നങ്ങളും എത്ര തവണ ശ്രവിക്കുന്നതിനും തയ്യാറായി. ഹൃദയത്തിന്റെ വിശാലതയിൽ സർവ്വതിനെയും ഉൾക്കൊണ്ടു. മുൻവിധികളില്ലാതെ തുറന്ന മനസ്സോടെ സ്വീകരിച്ചു. അവരുടെ ചിന്തകളെയും വികാരങ്ങളേയും ആഴത്തിൽ ഗ്രഹിച്ചു. മികവുള്ള സംവേദനശേഷിയിൽ പ്രതികരിച്ചു. ശ്രവണം അദ്ദേഹത്തിന്റെ പ്രത്യേക സിദ്ധിയായിരുന്നു.

### അകമഴിഞ്ഞു പ്രോത്സാഹിപ്പിക്കുന്നവൻ

അർത്ഥികളുടെ ആത്മീയ പുരോഗതിയിൽ ഡൺസ്റ്റണച്ചൻ ആത്മാർത്ഥമായ പ്രോത്സാഹനം നൽകി. ഒരിക്കൽ ഒരു നവസന്ന്യാസിയെ ശ്ലാഘിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "ബ്രദർ എത്രയോ ആത്മീയമായി പുരോഗമിച്ചിരിക്കുന്നു. ഞാൻ ഈ പ്രായത്തിൽ എന്റെ ആത്മസ്ഥിതിയുടെ അധോഗതിയോർത്തു കരയുമായിരുന്നു.''എളിമയോടൊപ്പം, നന്നെ ചെറുപ്രായത്തിൽതന്നെ തന്റെ ആത്മീയവളർച്ചയിൽ ഡൺസ്റ്റണച്ചൻ പുലർത്തിയിരുന്ന ജാഗ്രതയും സംവേദനസൂക്ഷ്മതയും ഈ പ്രതികരണത്തിലൂടെ വ്യക്തമാകുന്നു.

### ലക്ഷ്യബോധമുണർത്തുന്നവൻ

ദൈവമാണ് നമ്മെ വിളിക്കുന്നത്. എന്നാൽ ദൈവം തന്ന വിളിയെ നാമാണ്

അനുദിനം ഉജ്ജ്വലിപ്പിച്ചുകൊണ്ടിരിക്കേണ്ടത്. നാം ശ്രദ്ധാപൂർവ്വം പരിശ്രമിക്കുന്നില്ലെങ്കിൽ ആ തീ കെട്ടുപോകാനിടയാകും.

ഒരിക്കൽ ക്ലാസെടുത്തുകൊണ്ടിരിക്കുമ്പോൾ നവസന്ന്യാസികളോട് ഡൺസ്റ്റണച്ചൻ അവരുടെ ജീവിതലക്ഷ്യത്തെക്കുറിച്ചു ചോദിച്ചു. അർത്ഥികളോരോരുത്തരായി അവരുടെ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും പങ്കുവെച്ചു. "ധ്യാനപ്രസംഗകനാകണം," "സോഷ്യൽ വർക്ക് ചെയ്യണം" എന്നിങ്ങനെ; ചിലർ "പ്രത്യേകിച്ചൊന്നും ഇല്ല"എന്നു പറഞ്ഞു. എന്താ ഇത്? ഒരു ലക്ഷ്യവുമില്ലാതെ ജീവിക്കാമോ? ഒരു സ്വപ്നവും ഇല്ലാതെ ജീവിക്കാനാകുമോ?" ഡൺസ്റ്റണച്ചൻ അർത്ഥികളെ ശാസിക്കുകയും തിരുത്തുകയും ചെയ്തു.

**വിവേകമതിയായ മാതാവ്**

വീട്ടിൽനിന്നു മാതാപിതാക്കളെ വിട്ട് യോഗാർത്ഥി ഭവനത്തിലേക്കു വരുന്ന കുട്ടികൾക്ക് അവരുടെ പരിശീലകൻ ആരായിരിക്കണം? വിവേകവതിയായ മാതാവായിരിക്കണം എന്നതാണ് ഡൺസ്റ്റണച്ചന്റെ കാഴ്ചപ്പാട്. അദ്ദേഹം എഴുതുന്നു: (യോഗാർത്ഥി ഭവനത്തിലെ) "ആദ്യമാസങ്ങൾ കുട്ടികൾക്ക് എല്ലാംകൊണ്ടും വളരെ പ്രയാസകരമാണ്. വളരെ കഴിവുകളും പ്രായവുമുള്ള കുട്ടികൾപോലും പൊട്ടിക്കരയുന്നതു ഞാൻ കണ്ടിട്ടുണ്ട്. പലരും വീട്ടിൽനിന്ന് ആദ്യമായി ഇറങ്ങിയതായിരിക്കും. പുതിയ സ്ഥലം, പുതിയ ഭക്ഷണരീതി, ഒന്നിലധികം പുതിയ ഭാഷകൾ (ലത്തീൻ, സുറിയാനി), ഇംഗ്ലീഷ് ഭാഷയിലുള്ള അപര്യാപ്തത, കളിക്കാൻ കഴിയാത്ത മഴക്കാലം, സ്വന്തം സ്വഭാവന്യൂനതകളോടുള്ള യുദ്ധം, ചിലർക്ക് ഈ സാഹചര്യത്തിൽ പിടിപെടാവുന്ന രോഗങ്ങളും ഭയാശങ്കകളും തുടങ്ങി അനേക പ്രശ്നങ്ങൾക്ക് അവർ സമാധാനം കണ്ടെത്തേണ്ടിവരുന്നു. ഇപ്രകാരമുള്ള സാഹചര്യത്തിൽ വിവേകമതിയായ അമ്മയെപ്പോലെയാണ് അവരുടെ ശിക്ഷണത്തിൽ ഒരുവൻ വർത്തിക്കേണ്ടത്. അല്ലെങ്കിൽ ശരിയായ സ്വഭാവരൂപവൽകരണം അസാദ്ധ്യമാകും."

പറയുക മാത്രമല്ല ഡൺസ്റ്റണച്ചൻ യോഗാർത്ഥികൾക്കു കരുതലുള്ള മാതാവായിരുന്നു. ലത്തീനും സുറിയാനിയും പഠിച്ചുകയറുവാൻ കഷ്ടപ്പെടുന്നവരെ ഏറെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അദ്ദേഹം ശ്രദ്ധ പതിച്ചു. സുറിയാനി ഭാഷയിലെ വിവിധ ക്രിയാരൂപങ്ങൾ എളുപ്പത്തിൽ ഓർക്കുന്നതിനായി സഹായകരമായ ഒരു ക്രമം അദ്ദേഹം ശെമ്മാശനായിരിക്കെത്തന്നെ കണ്ടുപിടിച്ചിരുന്നു. യോഗാർത്ഥികൾക്ക്

അവയെല്ലാം വിശദമാക്കിക്കൊടുത്തു. ക്ലാസ്സിൽ പഠന ഗുരുക്കന്മാരുടെ രോഷത്തിന് ഇരയാകുന്നവരെ ആശ്വസിപ്പിച്ചു. പഠനത്തിൽ പിന്നാക്കം നിൽക്കുന്നതുകൊണ്ട് മാത്രം സെമിനാരിയോടു വിടപറയുവാൻ ഒരുങ്ങി നിന്നവരെ പ്രോത്സാഹിപ്പിച്ച് സഭയിൽ മുന്നേറുവാൻ അദ്ദേഹം പ്രചോദനം നൽകി.

സെമിനാരിയിൽ രോഗികളാകുന്നവർ ഡൺസ്റ്റണച്ചന്റെ പ്രത്യേക പരിഗണനയ്ക്കു പാത്രങ്ങളായി. അദ്ദേഹം അവരെ അടുത്തിരുന്നു ശുശ്രൂഷിച്ചു. പ്രത്യേക പരിഗണന ആവശ്യമുള്ളവർക്ക് അതു നൽകാൻ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. അവർ ആ നിഷ്കളങ്കമായ സ്നേഹ ത്തലോടലിൽ ആശ്വാസം കണ്ടെത്തി.

ഡൺസ്റ്റണച്ചൻ പലപ്പോഴും ചെരിപ്പ് ഉപയോഗിച്ചിരുന്നില്ല. റാഞ്ചി യിൽ തണുപ്പു കാലത്ത് യോഗാർത്ഥികൾ ചെരിപ്പിനോടൊപ്പം സോക്സ് ഉപയോഗിച്ചിരുന്നു. എന്നാൽ കുട്ടികളിൽ ഒരാളുടെ കാലുകൾ തണുപ്പിൽ വിണ്ടു പൊട്ടുന്നതായി ഗുരുവിന്റെ ശ്രദ്ധയിൽ പതിഞ്ഞു. ഉടനടി പ്രത്യേക തരം ഷൂ വാങ്ങിക്കുന്നതിനുള്ള ഏർപ്പാട് അദ്ദേഹം ചെയ്തു.

കുട്ടികളുടെ നിസ്സാരമെന്നു തോന്നുന്ന ആഗ്രഹങ്ങളും ഓർമ്മയിൽ സൂക്ഷിച്ച് സന്ദർഭോചിതമായി നിറവേറ്റി അവരെ കൂടുതൽ ഉന്മേഷ മുള്ളവരാക്കുവാൻ ഡൺസ്റ്റണച്ചൻ ശ്രദ്ധിച്ചിരുന്നു. റാഞ്ചിയിലെ ജ്യോതി നിവാസിൽ ഒരു ദിവസം ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ കുര്യാക്കോസ് ചീരൻ ശെമ്മാശൻ നൂഡിൽസിന്റെ രുചിയെക്കുറിച്ചു വിവരിക്കാനിടയായി. ന്യൂഡിൽസ് അന്നൊരു അപൂർവ്വ വിഭവമായിരുന്നു. ചീരൻ ശെമ്മാശന്റെ ന്യൂഡിൽസിന്റെ വർണ്ണനകൾ കേട്ടപ്പോൾ ഡൺസ്റ്റണച്ചൻ പറഞ്ഞു: "ഈ പിള്ളേരെ വെറുതെ കൊതിപ്പിക്കാതെ. അവർക്കുകൂടി ഇതൊക്കെ കഴിക്കാനുള്ള അവസരം കൊടുക്ക്." ശെമ്മാശൻ പറഞ്ഞു: "അതിനെന്താ? അതൊക്കെ ശരിപ്പെടുത്താം."

കുറച്ചുനാളുകൾക്കുശേഷം ജ്യോതി നിവാസ് സമൂഹത്തിന് ഒരു ഉല്ലാസയാത്ര നടത്തുവാൻ അവസരമുണ്ടായി. ഗബ്രിയേൽ ബ്രദേഴ്സിന്റെ ഒരു ആശ്രമത്തിലായിരുന്നു ഉച്ചഭക്ഷണം ഒരുക്കിയിരുന്നത്. ഭക്ഷണ ത്തിനായി ഇരുന്ന യോഗാർത്ഥികൾക്കു ലഭിച്ചത് ഓരോ ഭക്ഷണപ്പൊതി കൾ. തുറന്നപ്പോൾ സ്വാദുള്ള ന്യൂഡിൽസ്.

ഭക്ഷണപ്രിയം തെല്ലുമില്ലാത്ത, തീർത്തും ദരിദ്രനായ, മറവിക്കാരനായ ഡൺസ്റ്റണച്ചൻ കുട്ടികളുടെ ആഗ്രഹം മനസ്സിൽ സൂക്ഷിച്ച് കുട്ടികൾ ക്കായി ന്യൂഡിൽസ് എന്ന ആർഭാടഭക്ഷണം ഒരുക്കാൻ തയ്യാറായി.

മലാഖിയാസ് കണ്ണനായ്ക്കലച്ചൻ 1979–ലാണ് മരണമടഞ്ഞത്. അന്ന് ഡൺസ്റ്റണച്ചൻ അമ്പഴക്കാട് നവസന്ന്യാസ പരിശീലന സംഘത്തിലെ അംഗമായിരുന്നു. മൃതദേഹം രാത്രിയിൽ ആശ്രമദേവാലയത്തിൽ സൂക്ഷിച്ചു. നവസന്ന്യാസികൾ ചെറു സംഘമായി മാറിമാറി പ്രാർത്ഥന ചൊല്ലിക്കൊണ്ട് ദേവാലയത്തിൽ ചെലവഴിച്ചു. ഡൺസ്റ്റണച്ചൻ മുഴുവൻ സമയവും അവരോടൊപ്പം ഉണ്ടായിരുന്നു. സമയം പാതിര കഴിഞ്ഞു. പെട്ടെന്ന് ഒരു മരപ്പട്ടി ദേവാലയത്തിന്റെ ബാൽക്കണിയിൽനിന്നു താഴോട്ടു ചാടി. എല്ലാവരും പേടിച്ചു പോയി. മരപ്പട്ടി ഓടിമറയുകയും ചെയ്തു. കുട്ടികളുടെ പരിഭ്രാന്തി മനസ്സിലാക്കി ഡൺസ്റ്റണച്ചൻ, അവരോട്, മുഖം കഴുകി ഊട്ടുമുറിയിൽ വെച്ചിരുന്ന കട്ടൻ കാപ്പി കുടിച്ച് വരുവാൻ പറഞ്ഞു. എന്നാൽ പേടികൊണ്ട് ആരും പോകുവാൻ തയ്യാറായില്ല. പ്രയാസം മനസ്സിലാക്കിയ ഡൺസ്റ്റണച്ചൻ അവരെ ഓരോരുത്തരായി ഊട്ടുമുറിയിൽ കൊണ്ടുപോയി കാപ്പി കൊടുത്ത് തിരികെ കൊണ്ടുവന്നു.

**കനിവോടെ കരുത്തോടെ**

സന്ന്യാസപരിശീലകൻ എന്ന നിലയിൽ ഡൺസ്റ്റണച്ചൻ സൂക്ഷ്മമായ നിരീക്ഷണപാടവത്തിന് ഉടമയായിരുന്നു. എന്നാൽ അർത്ഥികളെ സംബന്ധിച്ച് തന്റെ ശ്രദ്ധയിൽ പതിഞ്ഞ എല്ലാ വസ്തുതകളോടും ഉടനടി പ്രതികരിക്കുക അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നില്ല. പരിശീലിതരുടെ പല ദൗർബല്യങ്ങളെയും ഉദാരമായ പിതൃഹൃദയത്തിന്റെ ആർദ്രമായ ധാരണകളോടെ അവഗണിച്ചു. അവയെ നേരിടുന്നതിന് അനുഗുണമായ സമയത്തിനായി വിവേകപൂർവ്വം കാത്തിരുന്നു.

കുട്ടികളെ തിരുത്തുന്നതിൽ സ്വന്തം അപ്പൻ തന്നെയായിരുന്നു അച്ചനു മാതൃക. കുട്ടിയായിരിക്കെ നടന്ന സംഭവം അദ്ദേഹം വിവരിക്കുന്നു: "സ്കൂളിൽ ചേർന്നതിന്റെ ആദ്യദിവസങ്ങളിൽ എനിക്കു സ്കൂളിൽ പോകുവാൻ മടിയായിരുന്നു. ഒന്നു രണ്ടു ദിവസം ഞാൻ പോയില്ല. പിറ്റേദിവസം അപ്പൻ അതറിഞ്ഞ് എന്നെ സ്കൂളിൽ വിടുവാൻ തീർച്ചയാക്കി. വളരെ നയത്തോടുകൂടിയാണ് അപ്പൻ പ്രവർത്തിച്ചത്. എന്നേക്കാൾ പ്രായമുള്ള കുട്ടികൾ ഞങ്ങളുടെ മുറ്റത്തുകൂടി സ്കൂളിലേക്കു പോകുക പതിവായിരുന്നു. അപ്പൻ അവരെ വിളിച്ച് എന്തുകൊണ്ടാണ് തലേദിവസങ്ങളിൽ എന്നെ കൊണ്ടുപോകാതിരുന്നതെന്നു ചോദിക്കുകയും ഇനി പതിവായി കൊണ്ടുപോകണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. ഞാൻ വളരെ ഉത്സാഹമുള്ളവനാണെന്നും അവരു

ടെ കുറ്റംകൊണ്ടു മാത്രമാണ് സ്കൂളിൽ പോകാതിരിക്കാൻ ഇടയായയതെന്നുമുള്ള മട്ടിലുമായിരുന്നു അപ്പന്റെ സംസാരം. ആ കുട്ടികളും അപ്പന്റെ ഉപദേശം മനസ്സിലാക്കി സൂത്രത്തിൽ അവരുടെ കുറ്റം ഏറ്റുപറയുന്ന ഭാവം നടിച്ചു. എന്റെ അഭിമാനത്തിന് ഒട്ടും ക്ഷതം പറ്റാത്തതിനാൽ ഞാനും ഉത്സാഹമുള്ളവന്റെ വേഷം കെട്ടി. അവരെല്ലാം എന്നെ ആദരിച്ചു സംസാരിക്കയും പ്രവർത്തിക്കയും ചെയ്തെങ്കിലും ഞാൻതന്നെയാണ് കുറ്റക്കാരനെന്ന ബോദ്ധ്യം എനിക്കുണ്ടായിരുന്നു. എങ്കിലും പുറത്തു കാണിച്ചില്ല. അന്നുമുതൽ എന്നെ ആരും അക്കാര്യത്തിൽ നിർബന്ധിക്കേണ്ട ആവശ്യമുണ്ടായിട്ടില്ല." കുട്ടിക്കാലത്തെ ഈ സംഭവം തുടർന്നുള്ള ജീവിതത്തിൽ വളരെ സ്വാധീനം ചെലുത്തി. പരിശീലന ജോലിയിൽ അർത്ഥികളോടുള്ള സമീപനത്തിലും ഈ ശൈലി അച്ചൻ അവലംബിച്ചതായി കാണുന്നു.

റാഞ്ചിയിൽ യോഗാർത്ഥികൾ ഇടയ്ക്കിടെ ചെറു സംഘങ്ങളായി ഏകദിനയാത്രകൾക്കു പോകുക പതിവായിരുന്നു. യാത്ര കഴിഞ്ഞ് തിരിച്ചു വന്നാൽ ഉടനെ പരിപാടികൾക്കു നേതൃത്വം നൽകിയവർ ഗുരുവച്ചന്റെ പക്കൽ പണസംബന്ധമായ കണക്ക് ഏൽപിക്കണമായിരുന്നു. രാത്രി ഒരുമിച്ചുകൂടി യാത്രാനുഭവങ്ങൾ പങ്കുവെക്കലും വിലയിരുത്തലും പതിവായി നടന്നിരുന്നു. ഒരു ദിവസം അപ്രകാരമുള്ള യോഗത്തിനായി ഗുരുവച്ചൻ വന്നത് ഒരു കുറിപ്പുമായിട്ടാണ്: "ഏത് പാമ്പുകളെയാണ് വാങ്ങിത്തിന്നത്? റാഞ്ചിയിൽ പാമ്പുകളെ കിട്ടുന്ന ഹോട്ടൽ എവിടെയാണ്?" കുട്ടികൾക്ക് റെക്റ്ററച്ചന്റെ ചോദ്യങ്ങൾ മനസ്സിലായില്ല. ഒരാൾ കണക്കു കൊടുത്തതിൽ snacks എന്നതിന് snake എന്നാണ് എഴുതിയിരുന്നത്. അയാൾ വരുത്തിയ അക്ഷരത്തെറ്റിനെ സരസമായ രീതിയിൽ അച്ചൻ തിരുത്തുകയായിരുന്നു.

യോഗാർത്ഥികൾക്ക് എന്തെങ്കിലും ഹോബി ഉണ്ടാകുന്നത് നല്ലതാണെന്ന് ഡൺസ്റ്റണച്ചൻ ഉപദേശിക്കാറുണ്ട്. ജ്യോതി നിവാസിൽ റെക്റ്ററായിരിക്കെ സ്റ്റാമ്പ് ശേഖരണത്തിന് അദ്ദേഹം പ്രത്യേക പ്രോത്സാഹനം നൽകി. സ്റ്റാമ്പുകൾ ശേഖരിച്ച് Holy Childhood സംഘടനക്ക് അയച്ചു കൊടുക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. സ്റ്റാമ്പുകൾ ശേഖരിച്ച് വിൽപന നടത്തി, ലഭിക്കുന്ന പണം മിഷൻ പ്രവർത്തനത്തിനായി നൽകുന്ന ഒരു പദ്ധതി പ്രസ്തുത സംഘടനക്ക് ഉണ്ടായിരുന്നു. സ്റ്റാമ്പ് ശേഖരണത്തിൽ അച്ചൻ നൽകിയ പ്രത്യേക പ്രോത്സാഹനം അർത്ഥികളിൽ മത്സരബുദ്ധി വളരുവാൻ ഇടയാക്കി. അവരിൽ ഒരാൾ ഭവനത്തിൽ തപാൽ ഉരുപ്പടികളുമായി വരുന്ന പോസ്റ്റു

മാനുമായി സൗഹൃദത്തിലായി. വിതരണം ചെയ്യാനുള്ള തപാൽ കവറുകളിൽനിന്ന് സ്റ്റാമ്പുകൾ അടർത്തിയെടുത്തു നൽകിക്കൊണ്ട് പോസ്റ്റുമാൻ സഹോദരന്റെ സ്റ്റാമ്പ് ശേഖരത്തെ സമ്പന്നമാക്കിക്കൊണ്ടിരുന്നു. ഓരോ ദിവസവും പോസ്റ്റുമാൻ വരുമ്പോൾ നിശ്ചയിക്കപ്പെട്ടയാൾ ചെന്നു തപാൽ സ്വീകരിക്കുന്ന പതിവാണ് നിലവിലിരുന്നത്. എന്നാൽ കുറച്ചു നാളുകളായി അയാളോടൊപ്പം സ്റ്റാമ്പ് ശേഖരിക്കുന്നവനും പോസ്റ്റുമാനുമായി ബന്ധപ്പെടുന്നതായി റെക്റ്ററച്ചന്റെ ശ്രദ്ധയിൽ പതിഞ്ഞു. അന്വേഷണത്തിലൂടെ കാര്യം ഗ്രഹിച്ചു.

"ഹോബി കൂടികൂടി ആർക്കും കിറുക്ക് വേണ്ട. ഇവിടെനിന്ന് നാട്ടിൽ ചെന്നാൽ നിങ്ങളെ നോവിഷ്യേറ്റിലേക്കാണ് ഞാൻ എത്തിക്കേണ്ടത്. സ്രാമ്പിയിലേക്കല്ല. (അമ്പഴക്കാട് ആശ്രമത്തിൽ സ്രാമ്പി എന്ന് പേരുള്ള ഒരു താമസസ്ഥലം ഉണ്ടായിരുന്നു. അത് രോഗികളെ മാറ്റി താമസിക്കുവാനുള്ള താൽക്കാലിക വസതി ആയിരുന്നു.) പോസ്റ്റ് മാൻ വരുന്നത് സ്റ്റാമ്പ് നൽകാൻ അല്ല, പോസ്റ്റ് തരാനാണ്. ഇനി ആരും പോസ്റ്റ്മാന്റെ കൈയിൽനിന്ന് സ്റ്റാമ്പ് കൈക്കലാക്കാൻ പോകരുത്." അച്ചൻ ഗുണദോഷിച്ചു. കുട്ടികൾക്കു കാര്യം മനസ്സിലായി. ശേഷം സ്റ്റാമ്പ് ശേഖരണത്തിനായി ആരും പോസ്റ്റുമാന്റെ പക്കൽ പോയില്ല.

അർത്ഥികളുടെ "കളി'കളോടും കൗശലങ്ങളോടും അവരുടെ ആത്മാഭിമാനത്തെ വ്രണപ്പെടുത്താതെയാണ് ഡൺസ്റ്റണച്ചൻ പ്രതികരിച്ചിരുന്നത്. താനുമായുള്ള സ്വകാര്യമായ അഭിമുഖങ്ങളിൽ ആരെങ്കിലും സഹയോഗാർത്ഥികളുടെയും സമൂഹത്തിന്റെയും വീഴ്ച്ചകളെക്കുറിച്ച് സൂചിപ്പിച്ചാൽ അവയ്ക്കു കാരണമായവരുടെ പേരുകൾ അന്വേഷിക്കുകയോ വെളിപ്പെടുത്തുവാൻ അവരെ നിർബ്ബന്ധിക്കുകയോ ചെയ്യാറില്ല. രഹസ്യങ്ങളെ അദ്ദേഹം ബഹുമാനിച്ചു. അവ വെളിപ്പെടുന്ന സമയത്തിനായി ക്ഷമാപൂർവ്വം കാത്തിരുന്നു.

യോഗാർത്ഥികളെ വളരെ കുറച്ചുമാത്രമേ അദ്ദേഹം ശാസിച്ചിട്ടുള്ളു. തിരുത്തലുകൾ സ്വകാര്യമായിട്ടാണു നൽകുക. പരസ്യശാസനകൾ പതിവില്ലായിരുന്നു. കുട്ടികൾ അസമയത്തും അരുതാത്ത സ്ഥലങ്ങളിലും സംസാരിക്കുന്നതു കണ്ടാൽ ഉടനടി ഗർജ്ജിക്കാറില്ല. പകരം പുഞ്ചിരിച്ചുകൊണ്ടു കടന്നുപോകും. ആ പുഞ്ചിരിമാത്രം മതിയായിരുന്നു കുട്ടികൾക്കു സ്വയം തിരുത്താൻ.

ആരെയും നിർബ്ബന്ധിച്ചു കൃത്യങ്ങൾ നിർവ്വഹിപ്പിക്കുകയെന്നതു ഡൺസ്റ്റണച്ചന്റെ സ്വഭാവമായിരുന്നില്ല. വഴി ചൂണ്ടിക്കാണിക്കുകയും ആ വഴിയേ ചെല്ലുവാൻ ഉപദേശിക്കുകയുമാണ് ചെയ്തിരുന്നത്.

പരിധികൾ ലംഘിക്കുന്ന ആരെയും തന്റെ മൃദുലമായ കോണുകളിൽ സംരക്ഷിക്കാതെ പ്രതികരിക്കാൻ അദ്ദേഹത്തിനു കരുത്തുണ്ടായിരുന്നു. അവരുടെ ദൈവവിളിയെ സംബന്ധിച്ചു മുഖം നോട്ടമില്ലാതെ തീരുമാനങ്ങൾ എടുത്തു.

**വികാരത്തോടെ വിവേകത്തോടെ**

ഒരിക്കൽ വരന്തരപ്പിള്ളിയിലെ നാലു യോഗാർത്ഥികളെ കാണാതായി. കാടിനോട് ചേർന്നുള്ള എച്ചിപ്പാറ എസ്റ്റേറ്റിൽ നടക്കുന്നതിനിടയിൽ അവർക്ക് വഴി തെറ്റിപ്പോയതാണ്. സന്ധ്യയായി. മേഘങ്ങളുടെ മറ കാട്ടിൽ പെട്ടെന്ന് ഇരുട്ടു പരത്തി. രാത്രിയായി. പുറത്തു കടക്കാൻ വഴികാണാതെ കുട്ടികൾ കാട്ടിൽ ഒറ്റപ്പെട്ടുപോയി. വളരെ ദൂരം നടന്ന് ആശ്രമത്തിൽ തിരിച്ചെത്തിയപ്പോൾ ഏറെ വൈകിയിരുന്നു. അന്നത്തെ യോഗാർത്ഥികളിൽ ഒരാളായ ജോസ് കുരുതുകുളങ്ങരയച്ചൻ പറയുന്നു: “പേടിച്ച് പേടിച്ചാണ് ഞങ്ങൾ തിരിച്ചെത്തിയത്. അപ്പോൾ എല്ലാവരും പള്ളിയിൽ ഞങ്ങൾക്കുവേണ്ടിയുള്ള ആരാധനയിലായിരുന്നു. ഗുരുവച്ചൻ എങ്ങനെ പ്രതികരിക്കും എന്നതിനെക്കുറിച്ച് വലിയ ഭയമുണ്ടായിരുന്നു. അടുത്ത ദിവസംതന്നെ വീട്ടുകാരെ വിളിച്ചുവരുത്തി ഞങ്ങളെ വീട്ടിലേയ്ക്കു തിരിച്ചയയ്ക്കുമെന്ന് ഉറപ്പായിരുന്നു. ഞങ്ങളെ കണ്ട മാത്രയിൽ വളരെ സംയമനത്തോടെ ചെറുതായി ഒന്നു ശകാരിച്ചു. വേഗം കുളിച്ചു തയ്യാറായി, അത്താഴം കഴിക്കുവാൻ ഡൺസ്റ്റണച്ചൻ പറഞ്ഞു. അൽപം വെള്ളം കുടിച്ചിട്ടു മതി കുളി എന്നും പറഞ്ഞു.” ഗുരുവച്ചനെ ഉൾപ്പെടെ എല്ലാവരെയും വെള്ളം കുടിപ്പിച്ച യോഗാർത്ഥികൾ വെള്ളം കുടിച്ച്, കുളിച്ച്, അത്താഴം കഴിച്ചു കിടന്നുറങ്ങി. വീട്ടിലേയ്ക്ക് പറഞ്ഞു വിടൽ ഒന്നുമുണ്ടായില്ല.

പല വർഷങ്ങൾക്കുശേഷം കുരുതുകുളങ്ങരയച്ചൻ ഓർമ്മകൾ പങ്കുവെച്ചുകൊണ്ടിരിക്കെ ഡൺസ്റ്റണച്ചൻ സരസമായി പറഞ്ഞു: “കാട്ടിൽ ഇരുട്ടിത്തുടങ്ങിയ സമയത്ത് നടന്നുനടന്ന് വഴി കണ്ടുപിടിച്ചു തിരിച്ചെത്തിയതിനെക്കുറിച്ച് വലിയ വീരസ്യമൊന്നും പറയേണ്ട. കർമ്മല മാതാവ് കാത്തുരക്ഷിച്ചു തിരിച്ചെത്തിച്ചു എന്നു പറഞ്ഞാൽ മതി. പട്ടിപുലികൾ ധാരാളം ഉണ്ടായിരുന്ന കാടാണ് അത്. വട്ടന്മാരെ പട്ടിപുലി പിടിച്ചെങ്കിൽ എന്തായിരിക്കും അവസ്ഥ?”

1959-60 കാലഘട്ടം. ഡൺസ്റ്റണച്ചൻ വരന്തരപ്പിള്ളിയിൽ യോഗാർത്ഥികളുടെ റെക്റ്ററായിരുന്നു. തിരുനാൾ പ്രമാണിച്ചു പള്ളിമുറ്റത്തു കഥാപ്രസംഗം തകർക്കുന്നു. ഇമ്പമുള്ള പാട്ടും ആകർഷകമായ കഥാ

കഥനവും. ഒരു യുവതിയുടെ സൗന്ദര്യം വർണ്ണിക്കുകയായിരുന്നു കാഥികൻ. യോഗാർത്ഥികൾ സദസ്സിൽ സന്നിഹിതരായിരുന്നു. റെക്റ്ററച്ചൻ അവരെ ആളെവിട്ടു വിളിപ്പിച്ചു, ഭക്ഷണം കഴിക്കാൻ. ഊണു കഴിഞ്ഞു പള്ളിമുറ്റത്തേക്കു പോകാൻ അനുവദിച്ചതുമില്ല. എല്ലാവർക്കും വലിയ അസംതൃപ്തിയായി. അച്ചൻ അവരെ ആശ്വസിപ്പിച്ചു. യോഗാർത്ഥികൾക്ക് അത് ഇഷ്ടപ്പെട്ടില്ലെങ്കിലും പിന്നീട് അവർക്കു മനസ്സിലായി അതു നല്ലതിനാണെന്ന്.

യോഗാർത്ഥികളുടെ "വളർച്ചയുടെ പ്രശ്നങ്ങൾ" കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹം ശ്രദ്ധ പുലർത്തി. കുട്ടികളെ അതിനായി നന്നായി ഒരുക്കി.

ഡൺസ്റ്റണച്ചൻ റാഞ്ചിയിൽ യോഗാർത്ഥികളുടെ റെക്റ്ററായിരുന്ന കാലം. യോഗാർത്ഥി ഭവനത്തിന് അടുത്തുള്ള സന്ധ്യാ തിയേറ്ററിൽ "സിസ്റ്റർ" എന്ന നല്ലൊരു ബംഗാളി സിനിമ വന്നു. പ്രശസ്തയായ ഒരു നടി മാതൃകായോഗ്യയും സാമൂഹ്യസേവികയുമായ കന്യാസ്ത്രീയായി അഭിനയിക്കുന്നു. സ്ഥലത്തെ അച്ചന്മാരെല്ലാവരും ആ സിനിമ കണ്ടു. അടുത്ത ദിവസം വൈകുന്നേരത്തെ പ്രദർശനത്തിനു റെക്റ്ററച്ചൻ കുട്ടികളെ പറഞ്ഞയച്ചു.

കുട്ടികളെല്ലാവരും സിനിമ ആസ്വദിച്ചു. ഭാഷയും മനസ്സിലാകുന്നുണ്ട്. ബംഗാളി ഭാഷയും ഹിന്ദിയും വ്യത്യാസമൊന്നുമില്ല. പക്ഷേ, നായികയായ കന്യാസ്ത്രീ എവിടെ? പാട്ടുപാടി നായകനോടൊപ്പം മരം ചുറ്റി ഓടുന്ന നായിക മാനസാന്തരപ്പെട്ടു കന്യാസ്ത്രീ ആകുമെന്നും ആ ഭാഗം വരുന്നേയുള്ളുവെന്നും അവർ കരുതി. എന്നാൽ സിനിമ കഴിഞ്ഞിട്ടും കന്യാസ്ത്രീയെ കണ്ടില്ല. മാത്രമല്ല നായികയുടെ നീണ്ട കാല പ്രണയം സഫലമാകുന്നതു വേദനയോടെ കണ്ടിരിക്കേണ്ടി വന്നു. അവസാനം മനസ്സിലായി, അവർ കണ്ട് ആസ്വദിച്ച സിനിമ ബംഗാളിയല്ല, ഹിന്ദിയാണ്. കാണാൻ ഉദ്ദേശിച്ച സിനിമ അന്നുമുതൽ രണ്ടാമത്തെ പ്രദർശനം മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. യോഗാർത്ഥികൾ വിഷണ്ണരായി മടങ്ങി. സ്നേഹമുള്ള റെക്റ്ററച്ചൻ അവരെ ആശ്വസിപ്പിച്ചു. അവരെ അടുത്ത നാളിൽ ഉദ്ദേശിച്ച സിനിമയ്ക്കു പറഞ്ഞയച്ചു.

സിനിമ കഴിഞ്ഞുവന്ന യോഗാർത്ഥികൾ അച്ചന്റെ നിർദ്ദേശമനുസരിച്ച് ആസ്വാദനം എഴുതി. സിനിമയെക്കുറിച്ച് വിലയിരുത്തുന്നതിന് അവർക്ക് പരിശീലനം നൽകി.

പരിശീലകനെന്ന നിലയിൽ കുട്ടികൾക്കു നൽകുന്ന അനുവാദങ്ങളിൽ ഡൺസ്റ്റണച്ചൻ ഏറെ വിവേകവും വിവേചന ബുദ്ധിയും പുലർത്തി.

സന്ധ്യ തിയേറ്ററിൽ 'മുഗൾ എ ആജം' എന്ന സിനിമ വന്നു. അക്ബർ ചക്രവർത്തിയുടെ മകൻ സലിം രാജകുമാരന്റെ പ്രണയവുമായി ബന്ധപ്പെട്ട സിനിമ വളരെ സുപ്രസിദ്ധമായിരുന്നു. യോഗാർത്ഥികൾക്ക് ഇന്റർമീഡിയറ്റിനു ചരിത്രപാഠപുസ്തകത്തിൽ മുഗൾ ഭരണകാലം ഒരു പ്രധാന വിഷയമായിരുന്നു. ഇക്കാര്യം മറയാക്കി ചിലർ 'മുഗൾ എ ആജം' കാണുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ചരിത്രപഠനത്തിന് ഇത് ഉപയോഗമാകും എന്നായിരുന്നു അവരുടെ വാദഗതി. "നിങ്ങൾക്ക് റഫറൻസിനായി ഇഷ്ടം പോലെ ചരിത്ര പുസ്തകങ്ങൾ ഉണ്ടല്ലോ. ഹിസ്റ്ററിയിൽ റാങ്ക് ലഭിച്ച ചീരൻ ശെമ്മാശനും ഇവിടെയുണ്ട്. സിനിമയിൽ ഹിസ്റ്ററി പഠനം ഉണ്ടാകില്ല. അടുത്തടുത്ത് സിനിമയ്ക്കു പോയാൽ, നിങ്ങളുടെ പഠിപ്പിലുള്ള താൽപര്യംതന്നെ ഇല്ലാതാകും." ഇങ്ങനെ സൂത്രത്തിൽ ഒരു സിനിമ കൂടി കാണുവാനുള്ള ചിലരുടെ ഒളിച്ചുള്ള പദ്ധതി ഡൺസ്റ്റണച്ചൻ പൊളിച്ചടക്കി.

ഒരിക്കൽ കുമ്പസാരക്കാരന്റെ നിർദ്ദേശം ഒരു യോഗാർത്ഥിയുടെ ദൈവവിളിയെ അപകടപ്പെടുത്തുമെന്നു കണ്ട് കുമ്പസാരക്കാരനെ മാറ്റുന്നതിനായി ഡൺസ്റ്റണച്ചൻ നിർദ്ദേശം നൽകി. മറ്റൊരു യോഗാർത്ഥി പ്രത്യേക ബാച്ചിൽ തുടരുന്നത് അദ്ദേഹത്തിന്റെ ദൈവവിളിയെ തളർത്തുമെന്നു കണ്ടപ്പോൾ ബാച്ച് മാറുന്നതിനായി വഴിയൊരുക്കി.

യോഗാർത്ഥികളും നവസന്ന്യാസികളും ഡൺസ്റ്റണച്ചനിൽ ആശ്രയിക്കാവുന്ന ഒരു ആത്മനിയന്താവിനെ കണ്ടെത്തി. യാതൊന്നിലും അമിതമായോ അതിശയോക്തിപരമായോ ആത്മീയത അദ്ദേഹം ആരോപിച്ചില്ല. ഉപദേശങ്ങളിൽ തുലനതയും യാഥാർത്ഥ്യബോധവും പുലർത്തി. ഒരിക്കൽ നവസന്ന്യാസികൾക്കു ക്ലാസ് എടുത്തുകൊണ്ടിരിക്കെ ഡൺസ്റ്റണച്ചൻ, കുരിശിൽ കിടന്നുകൊണ്ടുള്ള യേശുവിന്റെ കരച്ചിലിനെക്കുറിച്ചു പറയാനിടയായി. യേശു കരഞ്ഞു, "എനിക്കു ദാഹിക്കുന്നു." അവിടത്തെ ഈ വചനങ്ങളെ പലരും ചിത്രീകരിക്കുന്നതുപോലെ ആത്മാക്കൾക്കു വേണ്ടിയുള്ള കരച്ചിലായി വ്യാഖ്യാനിക്കരുത്. ദാഹജലത്തിനായുള്ള ആവശ്യവും അതിനായുള്ള കരച്ചിലും കുരിശിൽ കിടന്നുപിടയുന്ന മനുഷ്യനു സ്വാഭാവികമാണ്." തുടർന്ന് അദ്ദേഹം പറഞ്ഞു: "ബൈബിളിനെ പോലും കേവലമായി കരുതരുത്. നല്ലൊരു നോവലോ മറ്റു സാഹിത്യമോ പരമസത്യത്തെ സംബന്ധിച്ച അനുഭവത്തിലേക്കു നമ്മെ നയിച്ചെന്നിരിക്കാം." ഡൺസ്റ്റണച്ചന്റെ ഈ കാഴ്ച്ചപ്പാട് ദൈവശാസ്ത്രത്തെയും നിയമങ്ങളെയും മതപരമായ സിദ്ധാന്തങ്ങളെയും ശാന്തമായും വസ്തുനിഷ്ഠമായും സമീപിക്കുന്നതിനു തന്നെ സഹായിച്ചുവെന്ന് ഒരാൾ സാക്ഷിക്കുന്നു.

ഒരിക്കൽ നവസന്ന്യാസികൾക്കു ക്ലാസെടുത്തുകൊണ്ടിരിക്കെ, ദേവാലയങ്ങളിൽ ശനിയാഴ്ച തോറും പ്രാർത്ഥിച്ചുവരുന്ന നിത്യസഹായ മാതാവിന്റെ നൊവേന പരാമർശനവിഷയമായി. "മറിയമേ, നിന്റെ ചിത്രത്തിൽനിന്നാ നേത്രങ്ങൾക്കൊണ്ടു നോക്കുക.'' "ഓ... മറിയം ആ ചിത്രത്തിൽനിന്ന് ആ കണ്ണുകൾകൊണ്ടുതന്നെ നോക്കണം. വിഗ്രഹാരാധനയുടെ ഒരു പൊരി അതിൽ കടന്നുകൂടിയിട്ടുണ്ട്.'' ഡൺസ്റ്റണച്ചൻ വിമർശിച്ചു.

## കൃപാധാരയിലേക്ക് വഴിയൊരുക്കുന്നവൻ

പരിശീലനഭവനങ്ങളിൽ ഗുരുവായി പരിശീലനത്തിനു നേതൃത്വം നൽകുന്നതിനേക്കാൾ ഡൺസ്റ്റണച്ചൻ ഇഷ്ടപ്പെട്ടത്, പരിശീലനക്കളരിയുടെ അണിയറയിൽ മറഞ്ഞിരുന്നുകൊണ്ട് പരിശീലകരുടെ സഹായി ആയിരിക്കാനാണ്. പരിശീലകരുടെ സഹായികൾക്കു പ്രത്യേക ദൗത്യമുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു. അർത്ഥികളുമായി സഹഗമിക്കുന്നതിനും അവരുടെ രൂപവത്ക്കരണ പ്രക്രിയയിൽ മുഖ്യപങ്കു വഹിക്കുന്നതിനും ദൈവനിയോഗിതരാകുന്നത് പരിശീലനഭവനത്തിലെ ഗുരുക്കന്മാരാണ്. ദൈവവിളിയിൽ വേരൂന്നി വളരുന്നതിനും ഊർജ്ജസ്വലരായി മുന്നേറുന്നതിനും ദൈവത്തിന്റെ മുഖ്യമാദ്ധ്യമമായി വർത്തിക്കുന്നതും മറ്റാരുമല്ല. പരിശീലിതരിൽ ദൈവവിളിയെ പരിപോഷിപ്പിക്കുന്ന കൃപാധാര ഒഴുകിയെത്തുന്നതു പരിശീലനം നൽകുന്ന ഗുരുക്കന്മാരിലൂടെയാണെന്ന് ഡൺസ്റ്റണച്ചൻ ഉറച്ചു വിശ്വസിച്ചു. അർത്ഥികൾ സ്വീകരിച്ച് സ്വായത്തമാക്കേണ്ട ദൈവകൃപയുടെ പ്രധാന മാദ്ധ്യമങ്ങളായി വർത്തിക്കുന്ന പരിശീലകരുമായി അവരെ അടുപ്പിക്കുകയെന്നത് അവരുടെ സഹായിയായ തന്റെ ദൗത്യമായി അദ്ദേഹം സ്വീകരിച്ചു. അർത്ഥികളെ മുഖ്യ പരിശീലകനോടൊപ്പം ദിവ്യഗുരുസവിധത്തിലേക്ക് സഹഗമിക്കുന്നതിന് അവരെ ഒരുക്കിയെടുക്കുകയെന്നതിൽ അച്ചൻ ചാരിതാർത്ഥ്യമടഞ്ഞു. തന്റെ ദൗത്യത്തോട് പൂർണ്ണമായും അദ്ദേഹം വിശ്വസ്തത പാലിച്ചു.

ദൗത്യനിർവ്വഹണത്തിൽ തികച്ചും നിഷ്കാമിയായിരുന്നു ഡൺസ്റ്റണച്ചൻ. ഏതൊരു വ്യക്തിക്കും ഉള്ളതുപോലെ അർത്ഥികളെ സംബന്ധിച്ച ഇഷ്ടാനിഷ്ടങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ യോഗാർത്ഥികളുമായുള്ള വ്യക്തിബന്ധങ്ങളിൽ സ്വന്തം താത്പര്യങ്ങൾ ഒരിക്കലും പ്രകടമാക്കിയിരുന്നില്ല. തനിക്ക് ഇഷ്ടമുള്ളവരെ സ്വന്തമാക്കുക അദ്ദേഹത്തിന്റെ ശൈലിയുമായിരുന്നില്ല. തന്നോട് അടുപ്പം പുലർ

ത്തുന്ന ആരോടും ഒരിക്കലും അമിതമായി ഒട്ടിനിന്നില്ല. അകമേ അവരോടു സ്നേഹം നിറയുമ്പോഴും ബന്ധങ്ങളിൽ തികഞ്ഞ നിസംഗത പുലർത്തി. അമിതമായ സ്നേഹപ്രകടനങ്ങളിൽനിന്ന് അകന്നുനിന്നു. ഉപരിപ്ലവമായ വികാരവിചാരങ്ങളെ അകറ്റി നിറുത്തി. പക്ഷപാതപരമായ സമീപനം അച്ചന് അചിന്ത്യമായിരുന്നു.

### മനസ്സും ശരീരവും ദുർബലമായപ്പോൾ

ജീവിതത്തിന്റെ അവസാനകാലം പരിശീലനഭവനങ്ങളിലാണ് ഡൺസ്റ്റണച്ചൻ കഴിച്ചുകൂട്ടിയത്. അർത്ഥികളെ അച്ചൻ അതിരറ്റു സ്നേഹിച്ചു. അവരോടൊപ്പം ആയിരിക്കാൻ ഇഷ്ടപ്പെട്ടു.

അമിതമായ സ്നേഹപ്രകടനങ്ങൾ അദ്ദേഹത്തിന്റെ പെരുമാറ്റശൈലിയുടെ ഭാഗമായിരുന്നില്ല. ഓർമ്മയ്ക്കു മങ്ങലേറ്റു ബുദ്ധിയെ നിയന്ത്രിക്കുന്നതിന് അശക്തനായിത്തീർന്നപ്പോൾ കുട്ടികളോടുള്ള സ്നേഹം മിതമായാണെങ്കിലും പ്രകടമാകാൻ തുടങ്ങി. 2000-ാം ആണ്ടിൽ കൊഴിഞ്ഞാമ്പാറയിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു ഡൺസ്റ്റണച്ചൻ. മുകളിൽ കുട്ടികൾ ഉല്ലസിക്കുന്ന ശബ്ദം താഴെ നിലയിൽ കഴിയുന്ന ഡൺസ്റ്റണച്ചൻ സംഗീതംപോലെ ആസ്വദിച്ചിരുന്നു. ആ സമയം അദ്ദേഹത്തിന്റെ ചുണ്ടുകളിൽ മന്ദഹാസം വിരിയും. മുകളിലേക്കു കയറിച്ചെന്ന് കുട്ടികളോടൊപ്പം ഉല്ലാസത്തിൽ പങ്കുചേരുവാൻ അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ വീഴുമെന്ന ഭയമുള്ളതുകൊണ്ട് റെക്റ്ററച്ചൻ കോണിപ്പടി കയറുന്നതിൽനിന്ന് അദ്ദേഹത്തെ വിലക്കിയിരുന്നു. മുകളിലേക്കു കയറാൻ അനുവാദമില്ലാതിരുന്നതുകൊണ്ട് കോണിപ്പടിയുടെ അരികിൽ നിന്നുകൊണ്ട് മുകളിലേക്കു കൈചൂണ്ടി കുട്ടികളെ സംബന്ധിച്ച സ്നേഹവും സന്തോഷവും അദ്ദേഹം പ്രകടിപ്പിച്ചിരുന്നു.

സമൂഹത്തിൽ ആരെയെങ്കിലും കാണാതായാൽ, അവർക്ക് എന്തോ സംഭവിച്ചെന്ന മട്ടിൽ അദ്ദേഹം തേടിനടക്കും. "എന്റെ കുട്ടികളെവിടെ?" "അച്ചന്മാർ എവിടെ പോയി?" എന്ന് ചോദിക്കും. ഓർമ്മയില്ലാത്തതുകൊണ്ട് ചോദ്യങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കും.

ശരവണംപട്ടി അരുൾ മലർ ഇല്ലത്തിൽ ഒരു ദിവസം നവസന്ന്യാസികൾ ക്ലാസ് കഴിഞ്ഞ് ഉച്ചയൂണിനു വരാൻ വൈകി. താഴത്തെ നിലയിൽ മുറിയിൽ ഒറ്റയ്ക്കിരുന്ന ഡൺസ്റ്റണച്ചനു വളരെ മടുപ്പു തോന്നി. ക്ലാസ് നടക്കുന്ന രണ്ടാം നിലയിലേക്കു അച്ചൻ കയറാൻ ശ്രമിച്ചു. തന്നെ തടഞ്ഞ സഹായിയെ അദ്ദേഹം തള്ളിമാറ്റി. "എനിക്ക് എന്റെ കുട്ടികളെ കാണണം" എന്ന് ആവേശപൂർവ്വം പറഞ്ഞുകൊണ്ട് അച്ചൻ മുകളിലേക്ക് ഓടി.

"എന്താ വന്നേ?" നവസന്ന്യാസഗുരു ചോദിച്ചു. "എന്റെ കുട്ടികളെ കണ്ടില്ല. അന്വേഷിച്ചു വന്നതാണ്." തുടർന്ന് ക്ലാസ്സിലിരുന്ന് ഒരു നവസന്ന്യാസിയുടെ തീക്ഷ്ണതയോടെ ഗുരുവച്ചനെ അദ്ദേഹം ശ്രവിച്ചു.

പരിശീലകനെന്ന നിലയിൽ ഡൺസ്റ്റണച്ചൻ എന്ന വ്യക്തി ദൈവത്തിന്റെ ഒരു സ്നേഹസമ്മാനമായിരുന്നു. പരിശീലകനായും അവരുടെ സഹായിയായും അർത്ഥികളെ രൂപപ്പെടുത്തുന്നതിൽ അച്ചൻ ധന്യമായ സംഭാവന നൽകി. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തെ അർത്ഥികൾ അനുഗ്രഹമായിക്കരുതി. ആ സാന്നിദ്ധ്യം അർത്ഥികളുടെ വളർച്ചക്ക് അനുകൂലമായ തരംഗങ്ങൾ ഒരുക്കി. പരിശീലിതർ അദ്ദേഹത്തെ ശങ്കയില്ലാതെ സമീപിച്ചു. പ്രതിസന്ധികളിൽ ഉൾപെട്ടവരെ ദൈവീകകാഴ്ചപ്പാടിൽ ശാന്തരാക്കി. അവരുടെ ദൈവവിളികളെ വിവേചിച്ചറിഞ്ഞു വഴിനയിച്ചു. പ്രശ്നങ്ങൾ വ്യക്തതയിൽ ഉൾക്കൊണ്ട് ഉചിതമായ ആത്മീയ മാർഗ്ഗനിർദ്ദേശം നൽകി. കൃപനിറഞ്ഞ അനുരഞ്ജന കൂദാശയിലൂടെ അവരെ ദിവ്യനിറവിലേക്കു നയിച്ചു. ഡൺസ്റ്റണച്ചന്റെ സ്നേഹശിക്ഷണം സ്വീകരിച്ച് സ്ഥായിയായ സ്വഭാവസവിശേഷതകൾ സ്വായത്തമാക്കിയവർ അദ്ദേഹത്തിന്റെ കീഴിലുള്ള പരിശീലന കാലയളവുകളെ ഭാഗ്യപ്പെട്ട അവസരങ്ങളായി കാണുന്നു. സഭ വിട്ടുപോയവർപോലും അദ്ദേഹത്തിന്റെ അനുഗ്രഹം തേടിയെത്തി. ഏറെ നന്ദി നിറഞ്ഞ നിനവുകളാണ് അവരിൽ നിന്നുയരുന്നത്.

# 15

# ദൈവകൃപയുള്ള കുമ്പസാരക്കാരൻ കരുതലുള്ള മാർഗ്ഗദർശി

ആറര വയസ്സ് കഴിഞ്ഞ ശേഷമാണ് ഇട്ടൂപ്പുണ്ണി ആദ്യകുമ്പസാരം നടത്തിയത്. ആദ്യകുമ്പസാരം കഴിഞ്ഞ് ഉടനെ കുർബാന സ്വീകരിക്കുന്ന പതിവ് അന്ന് ആരംഭിച്ചിരുന്നില്ല. കുറച്ചുകാലം കുമ്പസാരം ശീലിച്ചതിനുശേഷം കൂടുതൽ ഒരുക്കത്തോടെ ആദ്യകുർബാന സ്വീകരിക്കുന്ന രീതിയായിരുന്നു അന്നു നിലവിലിരുന്നത്. ആദ്യകുമ്പസാരത്തിനു ശേഷം ആഴ്ചതോറും ഇട്ടൂപ്പുണ്ണി കുമ്പസാരിച്ചിരുന്നു. ഏഴര വയസു തികഞ്ഞപ്പോഴാണ് വി. കുർബാന സ്വീകരണത്തിന് ആദ്യമായി അനുവാദം ലഭിച്ചത്. ഇതേകുറിച്ച് ഇട്ടൂപ്പുണ്ണി സ്വന്തം കാഴ്ച്ചപ്പാട് വ്യക്തമാക്കുന്നു.

“വി. കുർബാന സ്വീകരണം തടയപ്പെട്ടിരുന്നത് യുക്തിപൂർവ്വകമല്ലായെന്ന് അന്നു ഞാൻ പറഞ്ഞിരുന്നതായി ഇപ്പോഴും ഓർക്കുന്നു. കുമ്പസാരം ശരിയായി നടത്തുന്നതിനാണു കൂടുതൽ അറിവ് ആവശ്യമുള്ളത്. ബുദ്ധിമുട്ടും കൂടുതലുണ്ട്. അതു നന്നായി നടത്തിക്കഴിഞ്ഞാൽ കുർബാന സ്വീകരണം വളരെ എളുപ്പമാണ്. ഒന്നും ചെയ്യാനില്ല. സ്വാഭാവിക അപ്പത്തിൽ യേശുവുണ്ടെന്ന തിരിച്ചറിവിനുള്ള പ്രായമായാൽ മതി. ആദ്യകുർബാന സ്വീകരണത്തിന് ആവശ്യമായതെല്ലാം ഞാൻ പഠിച്ചിട്ടുണ്ടായിരുന്നു.”

11 വയസ്സുള്ളപ്പോൾ ഇട്ടൂപ്പുണ്ണി ലാസറച്ചന്റെ അടുക്കൽ കുമ്പസാരിക്കാനിടയായി. കുമ്പസാരം പൂർത്തിയാക്കി ദേവാലയത്തിൽനിന്നു പുറപ്പെട്ടശേഷമാണ് ഏറ്റുപറയാതിരുന്ന ഒരു പാപം കുട്ടിയുടെ ഓർമ്മയിൽ തെളിഞ്ഞത്. വീണ്ടും വൈദികനെ സമീപിച്ച്, പറയാൻ മറന്ന പാപം

ഏറ്റുപറഞ്ഞു. സ്വന്തം ആത്മാവിന്റെ നിർമ്മലതയെ തെല്ലും കളങ്കമില്ലാതെ സൂക്ഷിക്കുന്നതിൽ ഇട്ടൂപ്പുണ്ണി തികച്ചും ഉത്സുകനായിരുന്നു.

ചെറുപ്പംമുതലേ അനുരഞ്ജന കൂദാശയെ തികഞ്ഞ ആദരവോടെയാണ് ഇട്ടൂപ്പുണ്ണി സമീപിച്ചിരുന്നത്. പാപജീവിതത്തിൽനിന്ന് അകന്നുനിൽക്കുന്നതിനു കുമ്പസാരം അവനു പ്രേരണയായി. തന്റെ വാക്കോ പ്രവൃത്തിയോ കുമ്പസാരത്തിൽ ഏറ്റുപറയേണ്ട രീതിയിൽ പാപകരമാണെന്ന ഓർമ്മ ഉണർന്നാൽ അവയിൽനിന്ന് അകന്നുനിൽക്കുന്നതിനു ദൈവകൃപ ശക്തമായ അവബോധം അവനു പ്രദാനം ചെയ്തു. കുമ്പസാരത്തിൽ പറയേണ്ട പാപമാണെന്ന് ഓർപ്പിച്ചുകൊണ്ട് മറ്റുള്ളവരെ തെറ്റുകളിൽനിന്ന് അകറ്റുവാനും ശ്രദ്ധ പുലർത്തിയിരുന്നു. തനിക്കുള്ളതുപോലെ മറ്റുള്ളവർക്കും കുമ്പസാരത്തെക്കുറിച്ചു ബോധ്യങ്ങൾ ഉണ്ടായിരുന്നു എന്നായിരുന്നു ഇട്ടൂപ്പുണ്ണിയുടെ ധാരണ.

"ദൈവശാസ്ത്രം വേണ്ടതുപോലെ പഠിക്കാനായില്ല" എന്നത് ഡൺസ്റ്റൺ ശെമ്മാശനെ അലട്ടിയിരുന്ന ആകുലതയായിരുന്നു. തിരുപ്പട്ടം അടുത്തുവരുന്തോറും ആകുലത മനഃസംഘർഷമായിത്തന്നെ വളർന്നു. അധികാരികളുമായി പങ്കുവച്ചു. അവർ ശെമ്മാശനു ധൈര്യം പകർന്നു. അനുസരണയോടെ പട്ടത്തിനായി അദ്ദേഹം ഒരുങ്ങി. വൈദികനായി കൂദാശകളുടെ പരികർമ്മത്തിൽ വിശ്വസ്തതയുടെ പൂർണ്ണതയിൽ മുഴുകി. കുമ്പസാരക്കൂട്ടിലിരുന്ന് അനേകരെ അനുരഞ്ജന കൂദാശയിലൂടെ ദൈവബന്ധത്തിലേക്കു നയിക്കുന്നത് ഒരു പുണ്യകർമ്മമായി ഡൺസ്റ്റണച്ചൻ കരുതി. തന്റെ പക്കൽ അണയുന്നവരെ പാപജീവിതത്തോടു വിടപറഞ്ഞു ദൈവബന്ധം പുനഃസ്ഥാപിക്കുന്നതിനും ദൈവവഴിയിലൂടെ നടന്നുമുന്നേറുന്നതിനും സഹായിക്കുന്ന ദൈവകൃപയുടെ ഉപകരണമായി അദ്ദേഹം പരിണമിച്ചു. ഏറെ ആശ്വാസത്തോടെ കുമ്പസാരക്കൂട്ടിൽനിന്ന് വളരെ പേർ ഇറങ്ങിപ്പോകുന്നതു കണ്ടപ്പോൾ അച്ചനും ഒന്നു ബോധ്യമായി: "അഗാധമായ പാണ്ഡിത്യമല്ല, വിശുദ്ധിയാണ് ഒരു വൈദികനിൽനിന്ന് പാവപ്പെട്ട ജനം പ്രതീക്ഷിക്കുന്നത്."

ശരവണംപട്ടി കാർമ്മൽ മഠത്തിലെ ജോലിക്കാരി സെലീന സാക്ഷിക്കുന്നു: "1956 മുതൽ എനിക്കു ഡൺസ്റ്റണച്ചനെ പരിചയമുണ്ട്. വരന്തരപ്പിള്ളി ആശ്രമത്തിൽനിന്നു പള്ളിക്കുന്ന് പള്ളിയിലേക്ക് അച്ചൻ പലപ്പോഴും കുമ്പസാരിപ്പിക്കാൻ വരാറുണ്ട്. അന്ന് ഞാൻ ചെറുപ്പമാണ്. 'വളരെ പുണ്യമുള്ള അച്ചനാണ്, നല്ല ഉപദേശം തരും' എന്നു പറഞ്ഞു ഞങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അടുക്കൽ കുമ്പസാരിക്കാൻ പോകാറുണ്ട്. എല്ലാ മാസാദ്യ വ്യാഴാഴ്ചകളിലും മറ്റു വിശേഷ ദിവസങ്ങ

ളിലും കുമ്പസാരക്കൂട്ടിൽ എത്ര സമയം വേണമെങ്കിലും അച്ചൻ ചെലവഴിക്കും. നേരം എത്ര വൈകിയാലും എല്ലാവരെയും കുമ്പസാരിപ്പിച്ചിട്ടേ ആശ്രമത്തിലേക്കു പോകാറുള്ളു... ശരവണംപട്ടിയിൽ അരുൾ മലർ ഇല്ലത്തിൽ കുമ്പസാരിപ്പിക്കാൻ ഇരിക്കുമ്പോഴും ഞാൻ അച്ചന്റെ അടുക്കലാണ് കുമ്പസാരിക്കാറുള്ളത്. അടുക്കള ജോലികൾ പിറുപിറുപ്പു കൂടാതെ നിറവേറ്റുന്നതിന് ആവശ്യമായ കാര്യങ്ങളെല്ലാം പറഞ്ഞു തരുമായിരുന്നു. ഭക്ഷണം പാകംചെയ്തു മറ്റുള്ളവർക്കു കൊടുക്കുന്നതു സുവിശേഷത്തിലെ മർത്തയുടെ ജോലിയാണെന്ന് അച്ചൻ പറയാറുണ്ട്. അതുകൊണ്ട് പാചകം ചെയ്തു സന്തോഷത്തോടെ എല്ലാവരേയും തൃപ്തിപ്പെടുത്തുവാൻ എനിക്കു സാധിക്കാറുണ്ട്."

സി. ഒണോഫ്രിയാ സി.എം.സി. പങ്കുവയ്ക്കുന്നു: "ഡൺസ്റ്റണച്ചൻ പാക്കുളത്ത് ആശ്രമത്തിൽ ആയിരുന്ന കാലംമുതൽ എനിക്ക് അദ്ദേഹത്തെ പരിചയമുണ്ട്. അന്ന് ഞാൻ കോട്ടത്തറ മഠത്തിൽ ആയിരുന്നു. അക്കാലത്ത് കോട്ടത്തറ ലാന്റ് ട്രൈബ്യൂണൽ, സോഷ്യൽ കൺസർവേഷൻ തുടങ്ങി പല സർക്കാർ ഓഫീസുകളിൽ ദൂരെനിന്നുള്ള കുറെ യുവാക്കന്മാർ ജോലി ചെയ്തിരുന്നു. ഇടയ്ക്കൊക്കെ അവർ വന്നു മഠത്തിൽ പറയും: 'ആ ബ്രൗൺ ഉടുപ്പിട്ട അച്ചനെ ഞങ്ങൾക്കു വിളിച്ചു തരണം. അച്ചനോട് എല്ലാം പറഞ്ഞു കുമ്പസാരിച്ചാൽ മനസ്സിൽനിന്നു വലിയ ഭാരം പോയ അനുഭവമാണ്. നടന്നിരുന്ന പാപവഴികൾ വിട്ടുനടക്കാനുള്ള ശക്തമായ പ്രേരണ ഞങ്ങൾക്ക് അച്ചനിൽനിന്ന് കിട്ടുന്നുണ്ട്.'

ഡൺസ്റ്റണച്ചന്റെ അരികിലുള്ള കുമ്പസാരവും അദ്ദേഹം നൽകുന്ന ആത്മീയമാർഗ്ഗനിർദ്ദേശങ്ങളും വലിയൊരു അനുഭവമാണെന്ന് വളരെ പേർ സാക്ഷിക്കുന്നു. അച്ചനിരുന്ന കുമ്പസാരക്കൂട് കൃപ നിറഞ്ഞ ഒരു പാവനവേദിയായി പലർക്കും അനുഭവപ്പെട്ടു. ക്ഷമയും ശാന്തതയുമുള്ള അദ്ദേഹത്തിൽ അറിവും പക്വതയുമുള്ള ഒരു ആദ്ധ്യാത്മിക പിതാവിനെ തിരിച്ചറിഞ്ഞു. ആ വിശുദ്ധ സാന്നിദ്ധ്യത്തിൽ അവർ അവാച്യമായ സമാശ്വാസം നേടി.

ഒരുപാടു പേരുടെ കുമ്പസാരക്കാരനും ആദ്ധ്യാത്മിക പിതാവുമായിരുന്നു ഡൺസ്റ്റണച്ചൻ. പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് ഇരിമ്പന്റെ ഏറെക്കാലത്തെ കുമ്പസാരക്കാരൻ ആയിരുന്നു. പിതാവ് തന്റെ ജീവിതത്തിന്റെ അവസാനഘട്ടം മലമ്പുഴയിലെ പ്രീസ്റ്റ് ഹോമിലാണ് ചെലവഴിച്ചിരുന്നത്. ഡൺസ്റ്റണച്ചന്റെ സന്ദർശനത്തെ സി. അഡലെയ്ഡ് എഫ്.സി.സി. രണ്ടു വിശുദ്ധരുടെ സമാഗമമെന്നാണ് വിശേഷിപ്പിക്കുന്നത്. സിസ്റ്റർ വിവരിക്കുന്നു: "ഒരു ദിവസം ഞാൻ

മലമ്പുഴയിൽ പിതാവിനെ സന്ദർശിക്കാനിടയായി. സംസാരിക്കുന്നതിനിടയിൽ പിതാവ് ഇടയ്ക്കിടക്ക് ജനലിലൂടെ പുറത്തേക്കു നോക്കുന്നുണ്ടായിരുന്നു. അപ്പോഴതാ വളരെ അകലെനിന്ന് ബാഗും കുടയും പിടിച്ച് ഡൺസ്റ്റണച്ചൻ നടന്നുവരുന്നു. പെട്ടെന്ന് പിതാവിന്റെ മുഖത്ത് സന്തോഷത്തിന്റെ പ്രകാശം പരന്നു. 'ഞാൻ ഉടനെ വരാം' എന്നു പറഞ്ഞ് അദ്ദേഹം പുറത്തേക്കു പോയി. പിതാവ് സ്നേഹത്തോടെ ഡൺസ്റ്റണച്ചനെ സ്വീകരിച്ച് ആദരവോടെ കൂട്ടിക്കൊണ്ടു വന്നു. ഇരുവരുടെയും പരസ്പര സ്നേഹവും ബഹുമാനവും എന്നെ ഏറെ സ്പർശിച്ചു. അത് രണ്ടു വിശുദ്ധരുടെ കണ്ടുമുട്ടലായിരുന്നു.''

മരണത്തോട് അടുത്തുകൊണ്ടിരുന്ന പിതാവ് ഡൺസ്റ്റണച്ചന്റെ സാന്നിദ്ധ്യം കൂടുതൽ ആഗ്രഹിച്ചു. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് എല്ലാ ആഴ്ചയിലും ഡൺസ്റ്റണച്ചൻ പ്രീസ്റ്റ് ഹോം സന്ദർശിച്ചു. അപ്പോഴേക്കും ഡൺസ്റ്റണച്ചനെ ഓർമ്മക്കുറവ് വളരെയേറേ ആക്രമിക്കാൻ തുടങ്ങിയിരുന്നു. ബസ്സിൽ കയറിയാൽ എങ്ങോട്ടാണ് പോകുന്നതെന്നു  മറന്നുപോകുക പതിവായി. ബസ്സിൽ ടിക്കറ്റിനായി കണ്ടക്റ്റർ സമീപിക്കുമ്പോൾ ലക്ഷ്യസ്ഥാനം ഓർമ്മിച്ചെടുക്കാനാകാതെ അദ്ദേഹം വിഷമിച്ചു. തന്മൂലം അച്ചന്റെ തനിച്ചുള്ള യാത്ര അധികാരികൾ വിലക്കി. ഡൺസ്റ്റണച്ചനെന്ന കുമ്പസാരക്കാരക്കാരനെ നഷ്ടപ്പെട്ടതിൽ പിതാവിനു ദുഃഖമുണ്ടായി.

സി. അഡലെയ്ഡ് അനുസ്മരിക്കുന്നു: "രാമനാഥപുരത്തെ സെന്റ് ജോർജ് മഠത്തിൽ മാസധ്യാന ദിവസങ്ങളിൽ കുമ്പസാരിപ്പിക്കാനായി ഡൺസ്റ്റണച്ചൻ വരുന്ന പതിവുണ്ടായിരുന്നു. ഒരു ദിവസവും വൈകാതെ ഒരു നിമിഷംപോലും നീട്ടിവെക്കാതെ കൃത്യസമയത്ത് അദ്ദേഹം വന്നുചേരും. വന്നാൽ ഉടനെ കസേരയിൽ ഇരിക്കുകയില്ല. നീലറിൽ അദ്ദേഹത്തെ കാണുകയില്ല. സക്രാരിയുടെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കും. തുടർന്ന് കുമ്പസാരം ആരംഭിക്കും. വിശുദ്ധനായ അദ്ദേഹത്തിന്റെ അടുത്തുപോയി കുമ്പസാരിക്കാൻ എളുപ്പമായിരുന്നു; സന്തോഷമായിരുന്നു.  കുമ്പസാരിക്കുന്നവരെ അദ്ദേഹം ഏറ്റവും നന്നായി ശ്രവിക്കും; ശ്രദ്ധിക്കും; നയിക്കും; സംശയങ്ങൾ ദുരീകരിക്കും. തുടർന്ന്, ചെയ്യേണ്ട പ്രവൃത്തികളും ചരിക്കേണ്ട വഴികളും ചൂണ്ടിക്കാണിക്കും. വളരെ സന്തോഷത്തോടും സമാധാനത്തോടുംകൂടിയാണ് ഞാൻ കുമ്പസാരകൂട്ടിൽനിന്ന് തിരിക്കാറുള്ളത്. വി. ജോൺ മരിയ വിയാനി, വി. പാദ്രേ പിയോ എന്നീ വിശുദ്ധരെപ്പറ്റി വായിക്കുമ്പോൾ എത്രയോ ആളുകൾ, എത്രയോ കാതം യാത്ര ചെയ്താണ് അവരുടെ

അടുത്തു കുമ്പസാരിക്കാൻ തേടി വന്നതെന്നു മനസ്സിലാകുന്നു. പക്ഷേ എനിക്കെന്തൊരു ഭാഗ്യം. ഇത്ര നല്ല കുമ്പസാരക്കാരനെ ദൈവം എനിക്ക് അയച്ചുതരുന്നു.''

ഡൺസ്റ്റണച്ചന്റെ പക്കലുള്ള കുമ്പസാരം പലർക്കും ഹൃദയസ്പർശിയായിരുന്നു. "ദൈവത്തിന്റെ ശക്തമായ കരത്തിനു കീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്ന് തക്കസമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും.'' "നല്ല തമ്പുരാൻ അറിയാതെ ജീവിതത്തിൽ യാതൊന്നും സംഭവിക്കില്ല. എല്ലാ സഹോദരിമാരെയും സ്വന്തം കൂടപ്പിറപ്പുകളായി കണ്ട് സ്നേഹിച്ചു ശുശ്രൂഷിക്കുക. അവരിലൂടെ തമ്പുരാന്റെ തിരുമനസ്സു കാണുക.'' ഇങ്ങനെ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ലളിതവും പ്രായോഗികവുമായിരുന്നു. താൻ നിരന്തരം ജീവിച്ച്, മനസ്സിന്റെ ഉള്ളറകളിൽ അലിഞ്ഞ്, തന്റെ വ്യക്തിത്വത്തിന്റെ ഭാഗമായി പരിണമിച്ചതെല്ലാം സാന്ദർഭികമായി പുറത്തേക്കൊഴുകി.

പാപങ്ങൾ ഏറ്റുപറയുന്നവരെ കുറ്റപ്പെടുത്തുന്ന രീതിയിലുള്ള ഉപദേശങ്ങൾ അദ്ദേഹത്തിന്റെ ശൈലിയുടെ ഭാഗമായിരുന്നില്ല. പകരം സ്നേഹാർദ്രതയാൽ തൊട്ടുതലോടി ഹൃദയത്തെയും മനസ്സിനെയും ഉണർത്തിയും ഉത്തേജിപ്പിച്ചും ആശ്വസിപ്പിച്ചും അനുഗ്രഹിച്ചും സരളമായി പുഞ്ചിരിച്ചുകൊണ്ടു ലളിതമായി ഉപദേശിക്കും. ആ പുഞ്ചിരിയിൽ മൃദുവും അകളങ്കവുമായ ആഹ്ലാദം നിറഞ്ഞു നിന്നിരുന്നു.

ആത്മാവിലെയും ഹൃദയത്തിലെയും വികാരവിചാരങ്ങൾ വായിച്ചറിയാൻ ഡൺസ്റ്റണച്ചനു പ്രത്യേക സിദ്ധിയുണ്ടായിരുന്നു. "അച്ചനെങ്ങനെ എന്റെ മനസ്സറിഞ്ഞു'' എന്ന് പലരും അത്ഭുതപ്പെട്ടു. പാപങ്ങൾ ഏറ്റുപറയുന്നവരുടെ ഉള്ളറിഞ്ഞ് ഉപദേശം നൽകുന്നതിനുള്ള ആ കഴിവ് പലർക്കും അനുഭവമാണ്. ഓരോ വ്യക്തിയെയും അവർ ആയിരിക്കുന്ന അവസ്ഥയിൽ അംഗീകരിച്ച് അദ്ദേഹം സ്നേഹിച്ചു. ആദ്ധ്യാത്മിക ജീവിതത്തിലെ അപകടങ്ങളെക്കുറിച്ചു മുന്നറിയിപ്പു നൽകി.

പതിവായി തന്റെ അടുക്കൽ കുമ്പസാരിക്കുന്നവരുടെ ആത്മീയ വളർച്ചയിൽ അച്ചൻ പ്രത്യേക ശ്രദ്ധ പുലർത്തി. അവരുടെ ആത്മീയ പുരോഗതി തന്റെകൂടെ ഉത്തരവാദിത്വമായി കരുതി. അവർ ഏറ്റുപറയുന്ന പ്രശ്നങ്ങൾ അച്ചൻ ഓർമ്മയിൽ സൂക്ഷിക്കും. അവ എങ്ങനെ തരണം ചെയ്തെന്നും അന്വേഷിക്കും. മുൻകുമ്പസാരത്തിൽ താൻ കൊടുത്ത നിർദ്ദേശങ്ങൾ എപ്രകാരം പാലിച്ചുവെന്നു ചോദിച്ചറിയും. ഇപ്പോൾ എന്തു പുസ്തകമാണ് വായിക്കുന്നത്? ആ പുസ്തകം വായിച്ചു കഴിഞ്ഞോ?

എന്നിങ്ങനെ ചോദിച്ചറിയുക പതിവായിരുന്നു. ഇക്കാര്യത്തിൽ അദ്ദേഹം പുലർത്തിയ അസാമാന്യമായ ഓർമ്മശക്തിയെക്കുറിച്ച് പലരും അത്ഭുതപൂർവ്വം സംസാരിക്കുന്നു.

ആർക്കെങ്കിലും ആവശ്യമുണ്ടെന്ന് അറിഞ്ഞാൽ എത്ര ക്ഷീണിതനായിരുന്നാലും ഉടനടി കുമ്പസാരക്കൂട്ടിൽ കയറി ഇരിക്കും. ഓർമ്മകളെല്ലാം വിസ്മൃതിയിൽ ആണ്ടിരുന്നപ്പോഴും സഹോദരിമാരെ കണ്ടാൽ പറയും, "ആവശ്യമുള്ളപ്പോളൊക്കെ വിളിച്ചോ." കുമ്പസാരം ആവശ്യമുള്ളപ്പോഴൊക്കെ വിളിച്ചാൽ ഞാൻ വരാം എന്നാണ് അദ്ദേഹം പറയുന്നത്. മറ്റുള്ളവരുടെ ആത്മീയ വളർച്ചയ്ക്ക് എത്ര സമയം വേണമെങ്കിലും ചെലവഴിക്കാൻ ഡൺസ്റ്റണച്ചൻ തയ്യാറായി. ദൈവം തന്നിൽ നിക്ഷേപിച്ച സവിശേഷസിദ്ധി സഫലമാകുന്നതിൽ അച്ചൻ ആനന്ദമണിയുകയായിരുന്നു.

### തേടിവന്നു കാത്തിരിക്കുന്ന നല്ലിടയൻ

മറ്റുള്ളവരെ കുമ്പസാരിപ്പിക്കുന്നത് സ്വന്തം ആവശ്യമായി ഡൺസ്റ്റണച്ചൻ കരുതി. ജോലിത്തിരക്കു മൂലം തന്റെ അടുത്തേക്കു വന്നെത്താൻ സാധ്യമല്ലാത്തവരെ തേടിച്ചെന്നു. ശരവണംപട്ടി വിമൽജ്യോതി ആശുപത്രിയിലെ സഹോദരി ഹെർമൻ പറയുന്നു: "ആശുപത്രിയിലെ ജോലിത്തിരക്കു കണ്ട്, ധൃതി കൂട്ടാതെ, കാത്തിരുന്ന്, അന്വേഷിച്ചുവരുന്ന കാരുണ്യം നിറഞ്ഞ അനുഭവങ്ങളുണ്ട്. ആശുപത്രിയിൽ ഞങ്ങൾ വല്ലാത്ത തിരക്കിലാണെന്നു കാണുമ്പോൾ പോയി പിന്നീട് തിരിച്ചു വന്നു കുമ്പസാരിപ്പിച്ചിട്ടുണ്ട്. എന്റെ സംശയങ്ങളും ഉൽക്കണ്ഠകളും ആകുലതകളും ക്ഷമയോടെ ശ്രവിച്ച് തക്ക പ്രതിവിധി പറഞ്ഞുതരുന്ന സ്നേഹം നിറഞ്ഞ അപ്പൻ! ഞാൻ പറയാതെതന്നെ അദ്ദേഹം എന്റെ ഉള്ളറിഞ്ഞിരുന്നു. അച്ചൻ മരിച്ചിട്ടു ഞങ്ങൾ കാണാൻ വന്നപ്പോൾ ലഭിച്ച അദ്ദേഹത്തിന്റെ പടത്തിൽ ഞാൻ ദീർഘനേരം ഇപ്പോഴും നോക്കിയിരിക്കാറുണ്ട്. ഞാൻ അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുക പതിവാണ്."

സി. സിസി സി.എം.സി. സംസാരിക്കുന്നു: "ഞാൻ കടമ്പഴിപുറം മഠത്തിലെ അംഗമായിരിക്കെ ഒരിക്കൽ ശരവണംപട്ടിയിൽ അച്ചനെ കാണാൻ വന്നു. അച്ചനപ്പോൾ സ്ഥലത്തുണ്ടായിരുന്നില്ല. ഞാൻ തിരിച്ചു പോന്നു. പിന്നീട് ഒരു ദിവസം കടമ്പഴിപ്പുറം ഇടവകപ്പള്ളിയിൽ സങ്കീർത്തിയിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ മഠത്തിൽനിന്ന് ഒരു കൊച്ചു സഹോദരി വന്നു പറഞ്ഞു: "മദറേ, ഓടിവാ. ഒരു അച്ചൻ വന്നിട്ടുണ്ട്.

തലേൽ മുടി ഒന്നുമില്ല.' ഞാൻ ചെന്നപ്പോൾ നമ്മുടെ അച്ചൻ കൈകൂപ്പി പിടിച്ച് പള്ളിയുടെ ജനലിനു പുറത്ത് പള്ളിയിലേയ്ക്കു നോക്കി നിൽപ്പാണ്. ഡൺസ്റ്റണച്ചനോ! അച്ചൻ എങ്ങനാ ഈ വഴി വന്നേ? എന്തായിരിക്കും കാരണം? ഞാൻ ഇരുത്തി സംസാരിച്ചു. "എന്നെ അന്വേഷിച്ചു വന്നിരുന്നല്ലേ? കുമ്പസാരിക്കണമല്ലേ? ഞാൻ അവിടെ ഉണ്ടായിരുന്നില്ല. ഞാൻ ഇന്ന് പെരിന്തൽമണ്ണയ്ക്കു പോകാ. അപ്പോൾ റെക്റ്ററച്ചനോടു ചോദിച്ചു, കടമ്പഴിപുറം കൂടി പോകട്ടേന്ന്. അച്ചൻ അനുവാദം തന്നു.' എന്നെ കുമ്പസാരിപ്പിക്കാൻ അച്ചൻ കടമ്പഴിപുറം മഠത്തിലേക്കു വന്നിരിക്കുകയാണ്! ഇത്രയും ഓർമ്മശക്തിയോ! ഒരിക്കൽ തൃശൂർക്കു പോയ അച്ചൻ ഗുരുവായൂരിൽ ബസ്സ് ഇറങ്ങിയതായും വീണ്ടും തൃശൂരാണല്ലോ പോകേണ്ടത് എന്നോർത്ത് അവിടെനിന്ന് തൃശൂർക്കു ബസ് കയറിയതുമായ കഥ കേട്ടിട്ടുണ്ട്. അത്രയും "ഓർമ്മശക്തിയുള്ള' ആളാണ് എന്നെത്തേടി കടമ്പഴിപുറത്തേക്കു വന്നിരിക്കുന്നത്.''

അച്ചന്റെ സാന്നിധ്യംതന്നെ പരിശീലനരംഗത്തു വിലപ്പെട്ടതായിരുന്നു. പ്രവിശ്യയിലെ പരിശീലന ഭവനങ്ങളിൽ പതിവായി സന്ദർശനം നടത്തുന്നതിന് അധികാരികൾ അദ്ദേഹത്തെ നിയോഗിച്ചു. അർത്ഥികൾക്കു തനിയെ അഭിമുഖം നൽകി, അവർക്കു ദൈവവിളിയിൽ പ്രോത്സാഹനവും ധൈര്യവും പകർന്ന് അവരുടെ മുന്നോട്ടുള്ള യാത്രയ്ക്ക് ഊർജ്ജം പകരുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ സന്ദർശനോദ്ദേശ്യം. അതീവ തീക്ഷ്ണതയോടെ തന്റെ ഉത്തരവാദിത്വം അദ്ദേഹം നിർവ്വഹിച്ചു. പല ആശ്രമങ്ങളിൽ ഒറ്റക്കോ സമൂഹമായോ ബിരുദപഠനവും പ്രായോഗികപരിശീലനവും നടത്തുന്ന ശെമ്മാശന്മാരെ അദ്ദേഹം നിരന്തരം ഓർമ്മയിൽ സൂക്ഷിച്ചു. അവരുടെ പ്രശ്നങ്ങൾ സ്വന്തം പ്രാർത്ഥനയുടെ വിഷയമായി. ശെമ്മാശന്മാർ ആവശ്യപ്പെടാതെതന്നെ പലപ്പോഴും അവരെ തേടിച്ചെല്ലുവാൻമാത്രം അവർ അദ്ദേഹത്തിന്റെ പരിഗണനാപാത്രങ്ങളായി. ആദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശം സ്വീകരിക്കാനായി തന്നെ സമീപിക്കുന്നവരെ ഏറെ നാളുകൾ കാണാതിരുന്നാൽ അവരെതേടി അച്ചൻ പുറപ്പെടും. ആർക്കെങ്കിലും തന്റെ ആദ്ധ്യാത്മികോപദേശം ആവശ്യമുണ്ടെന്നു കണ്ടാൽ അവരെ തേടിച്ചെല്ലും. ദൈവവിളി സംബന്ധമായ പ്രതിസന്ധികളിൽ അവർക്കു താങ്ങായി; തണലായി. അർത്ഥികളെ അവരിലെ അരൂപിയുടെ പ്രവർത്തനങ്ങളിൽ ഇടപെടാതെ അവരെ ദൈവവിളിയുടെ വളർച്ചയിലേക്കും ദൈവബന്ധത്തിലേക്കും നയിക്കുന്നതിന് അച്ചൻ ശ്രദ്ധ പുലർത്തി.

### കരുതലിന്റെ ധാരാളഹൃദയൻ

ഡൺസ്സ്റ്റണച്ചനുമായി ഇടപഴകിയവരിൽ പലർക്കും അദ്ദേഹത്തിന്റെ പ്രത്യേകമായ കരുതലിന്റെ അനുഭവങ്ങൾ പങ്കുവയ്ക്കാനുണ്ട്. വളരെ സ്വാഭാവികവും സ്വതന്ത്രവും സത്യസന്ധവുമായിരുന്നു അച്ചന്റെ പെരുമാറ്റമെന്ന് അവർ സാക്ഷിക്കുന്നു.

ഒരാൾ അനുഭവം അനുസ്മരിക്കുന്നു: "യോഗാർത്ഥിയായിരിക്കെ ഒരിക്കൽ രാത്രിയിൽ ഡൺസ്സ്റ്റണച്ചന്റെ അരികിൽ ആത്മീയ മാർഗ്ഗനിർദ്ദേശങ്ങൾക്കായി ഏറെ നേരം ചെലവഴിച്ചു. വളരെ വൈകിയാണ് ഉറങ്ങാൻ പോയത്. പിറ്റേന്നാൾ രാവിലെ പ്രഭാതഭക്ഷണത്തിനുശേഷം ഇക്കാര്യം ഡൺസ്സ്റ്റണച്ചന്റെ ഓർമ്മയിൽ വന്നു. അദ്ദേഹം അർത്ഥിയെ വിളിച്ച്, 'കുറച്ചു നേരം ഉറങ്ങിക്കോ. ക്ലാസിനു നേരമാകുമ്പോൾ ഞാൻ വിളിച്ചുകൊള്ളാം' എന്നു പറഞ്ഞു വിശ്രമിക്കുന്നതിന് അദ്ദേഹത്തെ അനുവദിച്ചു. ഏറെ കാര്യങ്ങൾ മറന്നാലും മറ്റുള്ളവർക്ക് അനിവാര്യമായ കാര്യങ്ങൾ കരുതലോടെ ഓർമ്മയിൽ സൂക്ഷിച്ചു.

മറ്റൊരു ശെമ്മാശന്റെ അനുഭവം: അദ്ദേഹം പ്രായോഗിക പരിശീലന കാലയളവിൽ ആശ്രമത്തിലെ നാലുചക്രവാഹനം ഓടിച്ചുനോക്കുക പതിവായിരുന്നു. വാഹനം ഓടിച്ചു പരിചയിക്കുകയെന്നതായിരുന്നു ലക്ഷ്യം. ഒരു ദിവസം അദ്ദേഹം വണ്ടിയുമായി പെരുമാറിയപ്പോൾ അതിനു വളരെ നിസ്സാരമായ കേടുപറ്റി. ആശ്രമത്തിന്റെ സുപ്പീരിയർ സംഭവം വലിയ വാർത്തയാക്കി അധികാരികളുടെ അടുക്കലെത്തിച്ചു. ഈ അനുഭവം ശെമ്മാശന് അൽപം മനോവേദനയ്ക്കു കാരണമായി. മൂന്നു വർഷങ്ങൾക്കുശേഷം നിത്യവ്രതത്തിനായി ഒരുങ്ങിനിൽക്കുന്ന ശെമ്മാശനെ സമീപിച്ച് ഡൺസ്സ്റ്റണച്ചൻ അന്വേഷിച്ചു, "ആ വണ്ടിപ്രശ്നമൊക്കെ ശരിയായോ? നിത്യവ്രതത്തിന് അനുവാദം കിട്ടിയോ?"

കോയമ്പത്തൂരിലെ ലിറ്റിൽ ഫ്ളവർ ആശ്രമത്തിൽ പ്രായോഗിക പഠനം നടത്തിയിരുന്ന ഒരു ശെമ്മാശന്റെ അനുഭവം: ഡൺസ്സ്റ്റണച്ചനെയാണ് ആദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശത്തിനായി അദ്ദേഹം തെരഞ്ഞെടുത്തിരുന്നത്. കുറെ നാൾ ശെമ്മാശൻ ആത്മീയഗുരുവിനെ ചെന്നുകണ്ടില്ല. ഒരു നാൾ ശെമ്മാശനെ തേടി ഡൺസ്സ്റ്റണച്ചൻ കൊവേന്തയിൽ ചെന്നു. ശെമ്മാശന്റെ തിരക്കു കാരണം ഇരുവർക്കും നേരിൽ കാണാൻ കഴിഞ്ഞില്ല. കുറേ നേരം കാത്തിരുന്നശേഷം ശെമ്മാശനോട് ഡൺസ്സ്റ്റണച്ചൻ പറഞ്ഞു, അദ്ദേഹത്തിന്റെ കൂടെ ബസ്സ് സ്റ്റോപ്പ് വരെ ഒന്നു ചെല്ലാൻ. ഇരുവരും ഒരുമിച്ചു നടക്കുന്ന നേരം ആത്മകാര്യങ്ങൾ

സംസാരിച്ചു. ആത്മാക്കളെക്കുറിച്ച് അച്ചനുണ്ടായിരുന്ന തീക്ഷ്ണത വളരെ വലുതായിരുന്നു.

ഒരിക്കൽ ഒരു ശെമ്മാശൻ തന്റെ കുറെ വേദനകൾ അച്ചനുമായി പങ്കു വച്ചു. പിന്നീട് ഇരുവരും കണ്ടുമുട്ടുന്നതിനുള്ള സാഹചര്യം ഇല്ലാതായി. പല മാസങ്ങൾ കഴിഞ്ഞ് പെരിന്തൽമണ്ണ സേക്രട്ട് ഹാർട്ട് ആശ്രമത്തിൽ നിന്നു ഡൺസ്റ്റണച്ചൻ പ്രൊവിൻഷ്യാളച്ചനെ ഫോണിൽ വിളിച്ചു. "അടുത്ത ആഴ്ച പ്രൊവിൻഷ്യാളച്ചൻ വരുമ്പോൾ ആ ശെമ്മാശനെ കൂടെ കൊണ്ടുവരണം. എനിക്കൊന്നു കാണണം."

സന്ന്യസ്തരും വൈദികരും മാത്രമല്ല സാധാരണ ജനവും അച്ചന്റെ കരുതലിനു പാത്രമായി. ശരവണംപട്ടിയിൽ നവസന്ന്യാസഗുരുവായി ജോലി ആരംഭിക്കുമ്പോൾ ആ പ്രദേശത്ത് രണ്ടേരണ്ട് സുറിയാനിക്കത്തോ ലിക്കരാണ് ഉണ്ടായിരുന്നത്. ആ രണ്ടു കുടുംബങ്ങളെ അച്ചൻ ഒരുമിച്ചു കൂട്ടി. അവരുടെ വീടുകൾ സന്ദർശിച്ചു. കുടുംബസമ്മേളനം നടത്തി. അവരുടെ ആത്മീയകാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തി. കുടുംബ സമ്മേളനങ്ങളിൽ ചെലവേറിയ കാപ്പി സൽക്കാരങ്ങൾ അച്ചൻ മുടക്കി യിരുന്നു. കാരണം, സൽക്കരിക്കാൻ പണമില്ലാത്തതുകൊണ്ട് കൂട്ടാ യ്മ മുടങ്ങിപ്പോകരുതെന്ന് സംഘാടകനു നിർബന്ധമുണ്ടായിരുന്നു.

സാവധാനം മൂന്നാമതൊരു കുടുംബം ആ പ്രദേശത്തു വന്നുചേർന്നു. അവരുടെ ആത്മപാലകൻ അവരെ ഉപദേശിക്കാൻ തുടങ്ങി. "നമ്മൾ ദീർഘ വീക്ഷണത്തോടെ പ്രവർത്തിക്കണം. ഇടവക ഉണ്ടാകണം, സിമിത്തേരി വേണം." സിമിത്തേരിക്കായി സ്ഥലം അന്വേഷിച്ചു. ശരവണംപട്ടിയിൽ നിന്ന് ഒരു കിലോ മീറ്റർ അകലെ കീരണം ഭാഗത്ത് ഒരു ഏക്കർ സ്ഥലം കണ്ടെത്തി. രൂപതയിൽനിന്ന് അനുവാദവും വാങ്ങി. എന്നാൽ പദ്ധതി നിറവേറിയില്ല.

### സഹഗമിക്കുന്ന ആത്മപാലകൻ

ഡൺസ്റ്റണച്ചന്റെ ജ്യേഷ്ഠന്റെ മകൾ സി. ലിസി തന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു: അപ്പന്റെ മരണത്തിനുശേഷമാണ് എനിക്കു ദൈവ വിളി ഉണ്ടാകുന്നത്. അത് അപ്പന്റെ വേർപാടിന്റെ ദുഃഖം മൂലമാണെന്നു പലരും വ്യാഖ്യാനിച്ചു. വർഗീസ് പാലത്തിങ്കലച്ചൻ ഞാൻ പഠിച്ചിരുന്ന ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിൽ ചെന്ന്, അപ്പൻ മരിച്ച വേദന യിലാണ് ലിസി ഇങ്ങനെ പറയുന്നതെന്നും രണ്ടു കൊല്ലംകൂടി പഠിക്കട്ടെ യെന്നും അവിടത്തെ സഹോദരിമാരെ അറിയിച്ചു. ഞാനാകെ വിഷമിച്ചു. ഡൺസ്റ്റണച്ചൻ ഇക്കാര്യത്തിൽ ഇടപെട്ടു. ദൈവവിളി ഉണ്ടെങ്കിൽ അവൾ

ഇപ്പോൾതന്നെ പൊയ്ക്കൊള്ളട്ടെയെന്നു പറഞ്ഞുകൊണ്ട് എന്റെ ദൈവ വിളിയിലുള്ള തടസ്സങ്ങൾ മാറ്റിത്തന്ന് എന്നെ സഹായിച്ചു.

ഞാൻ പോസ്റ്റുലന്റ് ആയിരിക്കുമ്പോഴാണ് എന്നെ എം.എസ്.സി.ക്കു പഠിക്കാൻ അയയ്ക്കുന്നത്. എനിക്ക് ആകെ വിഷമമായി. എന്റെ ബാച്ചു കാർ പോയി. ഇനി ഞാൻ അടുത്ത ബാച്ചിന്റെകൂടെ പഠിക്കണം. ഞാൻ അച്ചനോടു വിഷമം പറഞ്ഞു. അദ്ദേഹം പറഞ്ഞു: "നിന്റെ കൂട്ടുകാരി കളുടെ ഹൃദയമാകുന്ന വിളക്കിൽ ദൈവസ്നേഹത്തിന്റെ എണ്ണ നിറഞ്ഞു. നിന്റേതു നിറയുന്നതുവരെ കാത്തിരിക്കുക." ഇതു കേട്ടപ്പോൾ എന്റെ വിഷമം മാറി.

ഞാൻ എം.എസ്.സി.ക്കു പഠിച്ചതു കേരളവർമ്മ കോളേജിലാണ്. തൃശൂർ അമല ആശുപത്രിയോട് അനുബന്ധിച്ചുള്ള മേരി റാണി മഠത്തി ലാണ് അന്നു താമസിച്ചിരുന്നത്. അക്കാലത്ത് ഞാൻ എന്റെ ചെറിയ തെറ്റുകൾപോലും അച്ചനോടു തുറന്നു പറയുമായിരുന്നു. ആദ്യത്തെ പരീക്ഷ കഴിഞ്ഞപ്പോൾ തോൽക്കുമെന്ന ഭീതിയിൽ ഞാനാകെ വിഷമിച്ചു. അടുത്ത പരീക്ഷയ്ക്കു പഠിക്കുവാൻ പോലും എനിക്കു കഴിഞ്ഞിരു ന്നില്ല. ഞാൻ മുറിയടച്ചിരുന്നു കരഞ്ഞു. സഹോദരിമാർ വാതിൽ തട്ടി യിട്ടും ഞാൻ തുറന്നില്ല. ആ സമയത്ത് ആരോ പറഞ്ഞു, "ഡൺസ് റ്റണച്ചൻ വന്നിരിക്കുന്നു." ഞാൻ വാതിൽ തുറന്നു. ഡൺസ്റ്റണച്ചൻ എന്റെ മുമ്പിൽ നിൽക്കുന്നു. ഞാൻ വിഷമം പങ്കുവെച്ചു. അച്ചൻ പറഞ്ഞു, "കഴിഞ്ഞതു കഴിഞ്ഞു. അതു ദൈവത്തിനു സമർപ്പിക്കുക. വരാൻ പോകു ന്നതിനു തയ്യാറാകുക." ഇതു പറഞ്ഞപ്പോൾ എന്റെ എല്ലാ ദുഃഖവും മാറി. 10 മിനിറ്റ് ഞങ്ങൾ സംസാരിച്ചു. എന്നെ കാണുവാൻ മാത്രമാണ് അദ്ദേഹം കോയമ്പത്തൂരുനിന്നു വന്നത്. ദൈവം എന്റെ ദുഃഖം അച്ചനു കാണിച്ചു കൊടുത്തു. അദ്ദേഹം എന്നെത്തേടി വന്നു. പിന്നെ തോൽക്കുമെന്നു കരുതിയ പരീക്ഷയിൽ ഞാൻ ജയിച്ചു.

എന്റെ നവസന്യാസ പരിശീലനം മരത്താക്കരയിൽ ആയിരുന്നു. ഒരു ദിവസം അച്ചൻ എന്നെ കാണാൻ വന്നപ്പോൾ പറഞ്ഞു: "എനിക്കു ദാവീദിനെ വലിയ ഇഷ്ടമാണ്. സങ്കീർത്തനം വായിച്ചു പ്രാർത്ഥിക്കാ റുണ്ട്. നിങ്ങളും സങ്കീർത്തനം വായിക്കണം. പിന്നെ ബൈബിളും ക്രിസ്താനുകരണവും മാത്രം വായിച്ചാൽ മതി. അതിൽ നിന്ന് എല്ലാം കിട്ടും." തുടർന്ന് എനിക്കു രണ്ട് സുകൃതജപങ്ങൾ പറഞ്ഞു തന്നു: 1. Oh Sweet heart of Jesus, be you my true joy. 2. Oh Holy Spirit, abide with me and make me abide with you always. പിന്നീടും ആത്മീയ കാര്യങ്ങൾ അദ്ദേഹം എനിക്ക് എഴുതാറുണ്ട്.

നിത്യവ്രതം ചെയ്യുന്നതിനു തൊട്ടുമുമ്പുള്ള കാലഘട്ടത്തിൽ, സഭയോടു വിടപറഞ്ഞ് ഏകാന്തതയിൽ പ്രാർത്ഥിക്കാനും കൂടുതൽ ലളിതമായ ജീവിതം നയിക്കാനും ഞാൻ ആഗ്രഹിച്ചു. ഞാൻ ഡൺസ്റ്റണച്ചനെ എഴുതി അറിയിച്ചു. അച്ചൻ മൂന്നു പുറമുള്ള ഒരു മറുപടി അയച്ചു. ഞാൻ അതിന്റെ മൂന്നു വരി വായിച്ചു. എന്റെ സംരംഭത്തിനു തടസ്സം നിൽക്കുന്ന കത്താണ് അതെന്നു മനസ്സിലായി. ഞാനതു കീറിക്കളഞ്ഞു. തുടർന്ന് എന്റെ കുമ്പസാരക്കാരൻ ആവശ്യപ്പെട്ടതനുസരിച്ച് ബ്ര. സാവിയോയോടൊപ്പം ബിജ്നോർ മെത്രാൻ മാർ ഗ്രേഷ്യൻ മുണ്ടാടൻ പിതാവിനെ കാണുന്നതിനായി പോയി. അവിടെ ചെന്നപ്പോൾ പിതാവ് ഒരു കത്ത് കാണിച്ചിട്ട് ഇത് ആരുടെതാണെന്നു നോക്കാൻ പറഞ്ഞു. അത് ഡൺസ്റ്റണച്ചന്റെ എഴുത്തായിരുന്നു. അതിൽ ഇങ്ങനെ എഴുതിയിരുന്നു, "അവൾ ഒരു സാഹസത്തിനു മുതിരുന്നതായി ഞാനറിഞ്ഞു. എനിക്ക് അവിടെ വന്ന് അവളെ സഹായിക്കാൻ സാധ്യമല്ല. ദയവു ചെയ്തു പിതാവ് അവളോടു സംസാരിച്ച് അവളെ രക്ഷപ്പെടുത്തണം.' അങ്ങനെ സഭ വിട്ടു പോകുന്നതിൽനിന്നു ഡൺസ്റ്റണച്ചൻ എന്നെ രക്ഷിച്ചു.

പിന്നീട് അദ്ദേഹം എന്നെ കണ്ടപ്പോൾ പറഞ്ഞു. "കൂടുതൽ ലളിത ജീവിതം നയിക്കാൻ എനിക്കും ആഗ്രഹമുണ്ട്. ഈ ആഗ്രഹം നമ്മൾ കാത്തുസൂക്ഷിക്കുക. എനിക്ക് ഇപ്പോഴും അവസരം കിട്ടിയിട്ടില്ല. ഞാൻ പ്രവിശ്യാസംഘത്തിൽ പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. അതുപോലെ ലിസിയും പറയുക. സമയമാകുമ്പോൾ അതു നടക്കും."

അവസാനമായി, ഞാൻ വാരണാസിയിൽ റീഹാബിലിറ്റേഷൻ സെന്ററിൽ താമസിക്കുന്ന സമയത്ത് (2003) ഡൺസ്റ്റണച്ചന് ഒരു കത്ത് എഴുതി. അതിൽ എന്നെ നയിക്കാൻ ഇനി ആരുമില്ല എന്നെഴുതി. അതെഴുതുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു. ആ എഴുത്ത് അയച്ചു തിരിച്ചുവന്നപ്പോൾ വീട്ടിൽനിന്ന് ചെറിയേട്ടന്റെ ഫോൺ വന്നു. "ഡൺസ്റ്റണച്ചൻ വീണു. ഓർമ്മ പോയി. ഇപ്പോൾ കുട്ടികളെപ്പോലെയാണ്." എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ഞങ്ങൾ തമ്മിലുള്ള ആത്മബന്ധം ഇന്ദ്രിയാതീതമായി സന്ദേശങ്ങൾ കൈമാറുകയായിരുന്നു. ഡൺസ്റ്റണച്ചൻ വീണതോടെ എനിക്കിനി ഒരു മാർഗ്ഗദർശി ഇല്ലെന്ന തിരിച്ചറിവിൽ ഞാൻ കരഞ്ഞതും അതുകൊണ്ടുതന്നെ.

ജ്യേഷ്ഠപുത്രനായ ജസ്റ്റിന് കത്തിലൂടെ നൽകുന്ന മാർഗ്ഗനിർദ്ദേശവും ഇവിടെ കുറിക്കപ്പെടുന്നതിനു യോഗ്യമാണ്: "ഇപ്പോൾ നീ ഇടദിവസങ്ങളിൽ പള്ളിയിൽ പോകുന്നുണ്ടോ? നിനക്ക് അതിനു സാധിക്കുമോ? നീ ദൈവത്തോട് എന്തുമാത്രം അടുത്തു പെരുമാറുന്നു? നീ ദൈവത്തെ

സ്നേഹിക്കുന്നതിനെക്കാൾ കൂടുതൽ ഭയപ്പെടുകയാണോ? അതോ ദൈവത്തെ ഒട്ടും ഓർക്കുന്നില്ലേ? അല്ലെങ്കിൽ കാര്യമായി ഓർക്കുന്നില്ലേ? അല്ലെങ്കിൽ കുടെകൂടെ ഓർക്കുന്നുണ്ടോ?

"ദൈവത്തെ കുറച്ചുകൂടെ അടുത്തടുത്ത് ഓർക്കാനും കുറച്ചുകൂടെ കൂടുതൽ സ്നേഹിക്കാനും ആഗ്രഹമുണ്ടോ?

"ദൈവത്തിനു പ്രീതികരമായി നിനക്കിനിയും എന്തു ചെയ്യാൻ കഴിയും? നിന്നിൽനിന്നു ദൈവം എന്താണു പ്രത്യേകമായി ആവശ്യപ്പെടുന്നത് എന്നു പ്രാർത്ഥനാപൂർവം ചിന്തിച്ചുനോക്കുക. നീ ദൈവത്തോടു സംസാരിക്കാറുണ്ടോ? നിനക്ക് അതിനു ഭയമാണോ? താൽപര്യമാണോ? നിനക്ക് അതിന് എളുപ്പമുണ്ടോ? എനിക്കു നിന്നെ സഹായിക്കാൻ കഴിയുമോ? എങ്ങനെ എനിക്കു നിന്നെ സഹായിക്കാൻ കഴിയും?

"ഈ എഴുത്ത് ഒരു മാസത്തിനകം നാലുപ്രാവശ്യം വായിച്ച് ഓരോ പ്രാവശ്യവും ദൈവത്തിന്റെ മുമ്പാകെ പ്രാർത്ഥിച്ചുകൊണ്ട് ഉത്തരം പറയുക. ഓരോ പ്രാവശ്യവും ഉത്തരങ്ങൾ എഴുതിവെക്കുക. തിയതി വച്ചു നാലാം പ്രാവശ്യവും എഴുതിയതിനു ശേഷം നിനക്കിഷ്ടമെങ്കിൽ എനിക്കെഴുതുക.''

## മങ്ങിയ ഓർമ്മയിലും പ്രജ്ജ്വലമായ ചൈതന്യം

ജീവിതത്തിന്റെ അന്ത്യത്തിൽ മങ്ങിയ ഓർമ്മയിൽ വ്യാപരിക്കുമ്പോഴും അച്ചന്റെ കൊച്ചുകൊച്ചു വാക്കുകളും ലളിതമായ സാന്നിദ്ധ്യവും അർത്ഥികൾക്ക് ആത്മീയതയുടെ മാർഗ്ഗനിർദേശകങ്ങളായി മാറി. ആത്മീയ ചൈതന്യം പ്രസരിക്കുന്ന ദിവ്യസാന്നിദ്ധ്യമായാണ് ഡൺസ്റ്റണച്ചനെ എല്ലാവരും കണ്ടിരുന്നത്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ശാന്തിയും സമാധാനവും സന്തോഷവും മറ്റുള്ളവർക്കു പകർന്നുകൊടുത്തു. കുട്ടികളുടെ കൂട്ടായ്മക്കും ആത്മീയപുരോഗതിക്കും ആ സാന്നിദ്ധ്യം സഹായകമായി.

നിരന്തരം ദൈവത്തിൽ അഭിരമിച്ചു വിശുദ്ധിയുടെ തപസ്യയിൽ മുഴുകിയ ഡൺസ്റ്റണച്ചൻ! മരണത്തോട് അടുത്ത്, തീർത്തും ബലഹീനതയിൽ അമർന്നപ്പോഴും ആ തപസ്യ ഇടമുറിയാതെ മുന്നേറി. ചെറുപ്പം മുതൽ തന്റെ അകമെ ഉറവെടുത്ത് ഒഴുകിയിരുന്ന പരമപ്രേമം വാർദ്ധക്യത്തിന്റെ ദുർബ്ബലതകൾ ഭേദിച്ച്, "സ്ഥലപരിസര വിവേകമില്ലാതെ'' പുറത്തേക്കൊഴുകി. സക്രാരിക്കു മുൻപിൽ കരഞ്ഞു പ്രാർത്ഥിച്ചു. ഹൃദയത്തിന്റെ നിറവിൽനിന്നു സുകൃതജപങ്ങൾ ഒഴുകി. പരസ്പര

ബന്ധമില്ലാത്തതും അവ്യക്തവുമായ പദങ്ങളിൽ ഉറക്കെ ദൈവത്തെ സ്തുതിച്ചു. ആ പ്രാർത്ഥന മറ്റുള്ളവർക്ക് ആശ്വാസവും പ്രചോദനവുമായി. വേദനിക്കുന്നവർക്ക് ആശ്വാസമായി, ആകുലചിത്തർക്കു വെളിച്ചമായി, ദൈവവിളിയിൽ ശങ്കിച്ചുനിൽക്കുന്നവർക്കു ധൈര്യമായി പകർന്നു.

ഒരു നവസന്ന്യാസി തന്റെ അനുഭവം വിവരിക്കുന്നു: "രാത്രി ആത്മശോധനയുടെ നേരം. എനിക്ക് ഒന്നിനും കഴിയുന്നില്ല. ചിന്തകൾ എന്നെ വലിഞ്ഞുമുറുക്കി. അനങ്ങാൻ വയ്യ. തല പെരുക്കുംപോലെ. എന്തു ചെയ്യും... ഒരു രൂപവുമില്ല. ഒരു സഹായം എവിടെനിന്നു ലഭിക്കും. പെട്ടെന്ന് ആ നിശ്ശബ്ദതയിൽ ഒരു വലിയ ശബ്ദം. 'ഓ... ദൈവമേ, സഹായിക്കണമെ... ദൈവമേ, സഹായിക്കണമെ... അച്ചാ നമ്മുടെ കുട്ടികൾ അച്ചാ... ദൈവമേ സഹായിക്കണമെ... അച്ചാ ഒരു കുട്ടി... കുട്ടി... കുട്ടി... ദൈവമേ സഹായിക്കണമെ...' അൽപബോധം മാത്രം ശേഷിച്ചിട്ടുള്ള ഡൺസ്റ്റണച്ചൻ പ്രാർത്ഥിക്കുകയാണ്. നവസന്ന്യാസി തുടരുന്നു: "അദ്ദേഹത്തോടൊപ്പം ഞാനും മനസ്സിൽ പറയാൻ തുടങ്ങി, 'ദൈവമേ സഹായിക്കണമെ...' അപ്പോൾ ഞാൻ അനുഭവിച്ച സമാധാനം വിവരിക്കാൻ വാക്കുകളില്ല."

ദൈവവിളി സംബന്ധമായ പലവിധ ചിന്തകളാൽ ആകുലനായിരുന്ന ഒരു അർത്ഥി ഒരിക്കൽ ഡൺസ്റ്റണച്ചനു രാത്രിയിൽ കൂട്ടുകിടക്കാൻ പോയി. ഉറക്കം നഷ്ടപ്പെടുമെന്നതിനാൽ അത്ര താൽപര്യത്തോടു കൂടിയല്ല അദ്ദേഹം ആ ജോലി ഏറ്റെടുത്തത്. എന്നാൽ ആ രാത്രിയിൽ ഡൺസ്റ്റണച്ചൻ നന്നായുറങ്ങി. പാതിരാത്രിയിൽ അർത്ഥിയെ വിളിച്ചുണർത്തിയിട്ടു പറഞ്ഞു, "നിനക്കു വലിയ ഭാഗ്യമാണ് കിട്ടിയിരിക്കുന്നത്. നന്നായി പ്രാർത്ഥിക്കണം." പിന്നെ പല സുകൃത ജപങ്ങൾ ചൊല്ലിക്കൊണ്ടിരുന്നു. അച്ചന്റെ സാന്നിദ്ധ്യവും പ്രാർത്ഥനയും അദ്ദേഹത്തിനു വളരെ മുന്നേറുവാനുള്ള ശക്തി പകർന്നു. അച്ചനു കൂട്ടുകിടക്കാൻ കിട്ടിയ അവസരം ഒരു ഭാഗ്യമായി തോന്നി. പിന്നീട് കാണുമ്പോഴെല്ലാം പറയും, "പേടിക്കേണ്ട. പ്രാർത്ഥിക്ക്." ധൈര്യവും പ്രചോദനവും തരുന്നതായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ.

# 16

# പ്രകൃതിയൊരനുഭൂതിയായ്...

"സൃഷ്ടിയുടെ ശക്തി സൗന്ദര്യങ്ങളിൽനിന്ന് അവയുടെ സ്രഷ്ടാവിന്റെ ശക്തിസൗന്ദര്യങ്ങളെക്കുറിച്ചറിയാം" (ജ്ഞാനം 13:5) എന്ന് വിശുദ്ധ ഗ്രന്ഥം നമ്മെ ഉപദേശിക്കുന്നു. ഡൺസ്റ്റണച്ചൻ പ്രകൃതിയെ സ്നേഹിച്ചു. അതിനെ നിരീക്ഷിച്ചു. അതിൽനിന്നു പാഠങ്ങൾ പഠിച്ചു. പ്രകൃതിബോധം അദ്ദേഹത്തെ ദൈവത്തോട് അടുപ്പിച്ചു.

"ഞാൻ പലപ്പോഴും സ്കൂളിലേക്കും പള്ളിയിലേക്കും തനിയെ പോകും. ചെടികളും മരങ്ങളും പൂക്കളുമൊക്കെ നോക്കിക്കൊണ്ടു നടക്കും. അങ്ങനെ പതുക്കെ പതുക്കെ ഞാൻ പള്ളിയിലെത്തും; സ്കൂളിലെത്തും." ഡൺസ്റ്റണച്ചൻ പങ്കുവയ്ക്കുന്നു. ചെറുപ്രായം മുതൽ മരങ്ങളോടും ചെടികളോടും പൂക്കളോടും മൗനമായി സംസാരിച്ചു ശീലിച്ചവനു വളർന്നപ്പോൾ പ്രകൃതിതന്നെ ഒരു അനുഭൂതിയായി പകർന്നു. 1973-77 കാലയളവിൽ അട്ടപ്പാടിയിലെ ആശ്രമത്തിൽ ഏകനായി കഴിയുമ്പോൾ ആ അനുഭൂതി സ്വതന്ത്രമായി ഒഴുകി.

പറമ്പിലെ കാടു വെട്ടി, പച്ചക്കറികൾ കൃഷി ചെയ്തു. ചെടികളും മരങ്ങളും നട്ടുപിടിപ്പിച്ചു. പുല്ലു ചെത്തി, വീടും പരിസരവും ശുചിയാക്കി. പ്രകൃതിയെ ശുശ്രൂഷിച്ചു. പ്രകൃതിയിൽ അലിഞ്ഞു ജീവിച്ചു. അവിടെ ദൈവത്തെ കണ്ടുമുട്ടി. "അട്ടപ്പാടിയിലെ പ്രകൃതിഭംഗി എന്നെ ദൈവത്തിലേക്ക് അടുപ്പിച്ചു. സൂര്യോദയവും സൂര്യാസ്തമയവും ഞാൻ വളരെ ആസ്വദിച്ചു. കുളിരുള്ള പ്രഭാതത്തിൽ ആകാശത്തു കിഴക്കുനിന്നു പടിഞ്ഞാട്ടും പടിഞ്ഞാറുനിന്നു കിഴക്കോട്ടും മെല്ലെമെല്ലെ തെന്നിനീങ്ങുന്ന വെൺമുകിലുകളുടെ ചന്തം ഞാൻ നോക്കി നിന്നിട്ടുണ്ട്." അച്ചൻ പങ്കുവയ്ക്കുന്നു.

എല്ലാത്തിലും ദൈവത്തെ കണ്ടു. എല്ലാത്തിനെയും ദൈവത്തിൽ കണ്ടു. അങ്ങനെ ആ ജീവിതം ധന്യമായി. ആത്മനിഷ്ഠവും പ്രപഞ്ച ബദ്ധവുമായ ജ്ഞാനാനുഭവമാണിത്. ഒന്നിനേയും അള്ളിപ്പിടിക്കാതെ, യാതൊന്നിന്റെയും അടിമയാകാതെ തീർത്തും വിരക്തനും നിഷ്കാമി യുമായ ഡൺസ്റ്റണച്ചൻ ജീവിതം യഥാർത്ഥത്തിൽ ആസ്വദിച്ചു. തികഞ്ഞ ത്യാഗഭാവത്തിലായിരുന്നു ആ ജീവിതാസ്വാദനം. ദിവ്യമായ ഉൾപ്രചോദനത്തിൽ പ്രപഞ്ചവസ്തുക്കളെ പ്രേമിക്കുന്ന സർഗാത്മക ഭാവമാണത്.

**മരുഭൂമിയുടെ ആത്മീയത**

1982-ൽ കോയമ്പത്തൂർ ശരവണംപട്ടിയിൽ പ്രേഷിത പ്രവിശ്യയുടെ നവസന്ന്യാസ പരിശീലനം ആരംഭിച്ചു. കെട്ടിടപ്പണി പൂർത്തിയായിരു ന്നില്ല. ഭവനത്തിനുസമീപം മരങ്ങളോ ചെടികളോ ഇല്ല. മഞ്ഞപ്പാവട്ട യായിരുന്നു പ്രധാനമായും മരമെന്ന പേരിൽ ഉണ്ടായിരുന്നത്. നവ സന്ന്യാസികൾ പലർക്കും പുതിയ നവസന്ന്യാസ ഭവനത്തിലെ സാഹ ചര്യങ്ങൾ പഥ്യമായില്ല. പല അസൗകര്യങ്ങളുടെയും പേരിൽ സമൂഹ ത്തിൽ അൽപസ്വൽപം മുറുമുറുപ്പുണ്ടായി.

സമൂഹത്തോട് മൊത്തമായും ചിലരോടു പ്രത്യേകമായും ഗുരുവായ ഡൺസ്റ്റണച്ചൻ ഉപദേശമാരംഭിച്ചു. മരുഭൂമിയുടെ ആത്മീയതയെ ക്കുറിച്ചു പറഞ്ഞു. ദൈവം ഇസ്രായേൽ ജനത്തെ മരുഭൂമിയിലേക്കു നയി ച്ചതും അനുഭവങ്ങളിലൂടെ രൂപപ്പെടുത്തിയതുമായ വചനഭാഗങ്ങളി ലേക്ക് ശ്രദ്ധ ക്ഷണിച്ചു. മരുഭൂമിയിലെ പിതാക്കന്മാരെക്കുറിച്ചു പറഞ്ഞു. മരുഭൂമിയുടെ ആത്മീയത പ്രതിപാദിക്കുന്ന പുസ്തകങ്ങൾ പലയിട ങ്ങളിൽനിന്നായി കൊണ്ടുവന്ന് നവസന്ന്യാസികൾക്കു പരിചയപ്പെ ടുത്തി. കാർലോ കരേറ്റോയുടെ ലെറ്റേഴ്സ് ഫ്രം ദ ഡെസേർട്ട്, ദ ഗോഡ് ഹൂ കംസ്, ഇൻ സേർച്ച് ഓഫ് ദ ബിയോണ്ട്, കതെറിൻ ഡി ഹിയൂക് ദൊരെത്തിയുടെ പൗസ്റ്റീനിയ തുടങ്ങിയ പുസ്തകങ്ങൾ അങ്ങനെ ഭവനത്തിലെ പുസ്തകശേഖരത്തിലെ ഭാഗമായി. പ്രസ്തുത പുസ്തക ങ്ങൾ വായിച്ച് അച്ചൻ സ്വന്തമാക്കിയ ബോദ്ധ്യങ്ങളെല്ലാം കൂടെക്കൂടെ ഉപദേശങ്ങളിലും ക്ലാസുകളിലും കടന്നുവന്നു.

ഇസ്രായേൽ ജനത്തെ ദൈവം സ്വന്തം ജനമായി തെരെഞ്ഞെടുത്ത് മരുഭൂമിയിലൂടെ വാഗ്ദാനദേശത്തേക്കു നയിച്ചു. 40 വർഷം നീണ്ട ആ യാത്രയിൽ അവരെ വാഗ്ദാനദേശത്തിനു യോഗ്യരാക്കുന്നതിനു പിതാവ് മക്കളെ എന്ന പോലെ ഒരുക്കി (നിയ. 8:2-6). അത്യന്താപേക്ഷിതമായ

ആവശ്യങ്ങൾക്കുതന്നെയും ദൈവത്തിന്റെ പരിപാലനയിൽ വിശ്വാസമർപ്പിച്ചു മുന്നേറുന്നതിന് അവർക്കു പരിശീലനം നൽകി. മരുഭൂമി എന്നത് വാഗ്ദാനദേശത്തു ചെന്നുചേരുന്നതിനുള്ള പരിശീലന പാതയാണ്.

ഏകാന്തസ്ഥലങ്ങൾ ആൾക്കൂട്ടത്തിന്റെ സമ്മർദ്ദത്തിൽനിന്ന് മനുഷ്യന് അനൽപമായ ആശ്വാസം നൽകുന്നവയാണ് (മാർക്കോ. 6:31). പ്രാർത്ഥനയ്ക്ക് അവ അനുഗുണമായ പരിസരം ഒരുക്കുന്നു (മത്താ. 14:23). ദീർഘമായ ധ്യാനത്തിനു കളമൊരുക്കുന്നു (ലൂക്ക. 6:12). പിതാവുമായി തികഞ്ഞ ഏകാന്തതയിൽ ആയിരിക്കാനുള്ള ദാഹം ശമിപ്പിക്കുന്നു (മാർക്കോ. 14:32-35).

ഇടയ്ക്കിടെ നാമും മരുഭൂമിലേക്കു ചെല്ലണം. ലോകവ്യാപാരങ്ങളിൽ നിന്ന് പിൻവാങ്ങണം. സ്വന്തം ജീവിതത്തിൽ മരുഭൂമി ഒരുക്കണം. സ്വന്തം ചിന്തകളിലും മനോവ്യാപാരങ്ങളിലും അസ്വസ്ഥരാകാതെ ശാന്തതയിൽ നിർലീനരാകാൻ കഴിയണം. ലോകത്തിന്റെ അശാന്തികൾക്കിടയിലും നിരന്തരം ദൈവബന്ധത്തിലായിരിക്കാനും മനസ്സ് ആഴക്കടൽ പോലെ ശാന്തവും സന്തുലിതവുമായിരിക്കാനുമുള്ള തപസ്യയുടെ അഭ്യാസമാണ് മരുഭൂമിയുടെ ആത്മീയത നിഷ്കർഷിക്കുന്നത്.

## പ്രകൃതി നിരീക്ഷണവും പരീക്ഷണവും പരിശീലനവും

പ്രകൃതിയെ അദ്ദേഹം പ്രത്യേകം നിരീക്ഷിച്ചിരുന്നു. എവിടെ ചെന്നാലും ഡൺസ്റ്റണച്ചന്റെ ദൃഷ്ടി അവിടെയുള്ള വൃക്ഷങ്ങളിലും ചെടികളിലും പൂക്കളിലും പതിയും.

ഫാ. തോമസ് ആച്ചാണ്ടി തന്റെ അനുഭവം വിവരിക്കുന്നു. ഡൺസ്റ്റണച്ചൻ അട്ടപ്പാടിയിലായിരിക്കെ കേരളത്തിലെ ഔഷധസസ്യങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന ഹോർട്ടസ് മലബാരിക്കസ് (Hortus Malabaricus) എന്ന 12 വാല്യങ്ങളിൽ 84,000 പുറങ്ങളുള്ള ലത്തീൻ ഗ്രന്ഥസമാഹാരം ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുകയെന്ന കർത്തവ്യത്തിൽ തോമസച്ചൻ മുഴുകിയിരിക്കുകയായിരുന്നു. ഡൺസ്റ്റണച്ചനോടൊപ്പം താമസിച്ചുകൊണ്ടാണ് പ്രസ്തുത കൃത്യം നിർവ്വഹിച്ചത്. 400 വർഷങ്ങൾക്കുമുമ്പ് പഴയ ലത്തീനിൽ വിരചിതമായ ഗ്രന്ഥസമാഹാരം മൊഴിമാറ്റം നടത്തുക തികച്ചും ശ്രമകരമായിരുന്നു. പഴയ ലത്തീനിലെ എല്ലാ സംശയങ്ങളും തോമസച്ചനു തീർത്തുകൊടുത്തിരുന്നത് ഡൺസ്റ്റണച്ചനായിരുന്നു മാത്രമല്ല, തോമസച്ചനെ ഇടയ്ക്കിടെ പറമ്പിലേക്കു കൂട്ടിക്കൊണ്ടു പോകും. ചിത്രങ്ങളിൽ കണ്ട ഔഷധച്ചെടികൾ തൊട്ടു കാണിച്ച് ഓരോ ചെടിയുടെയും സവിശേഷതകൾ വിവരിച്ചുകൊടുക്കും.

പറമ്പിലെ ചെടികളെക്കുറിച്ചും മരങ്ങളെക്കുറിച്ചുമുള്ള ശരിയായ വിവരങ്ങൾ അദ്ദേഹത്തിനു ഹൃദിസ്ഥമായിരുന്നു. കുരുമുളക്, വാഴ, കപ്പ തുടങ്ങിയ പച്ചക്കറികൾ കൃഷിയിറക്കുമ്പോൾ സൂക്ഷിക്കേണ്ട കാര്യങ്ങളെക്കുറിച്ച് മറ്റുള്ളവർക്ക് അറിവു പകരാൻ മാത്രം കൃഷി കാര്യങ്ങളിൽ അദ്ദേഹം അനുഭവസ്ഥനായിരുന്നു. കുരുമുളക് കൊടി മുറിച്ചെടുത്ത് വേരു പിടിപ്പിക്കും. പാപ്പായയുടെ അതെ തരം നിലനിറു ത്തുന്നതിനുവേണ്ടി അതിന്റെ കമ്പെടുത്ത് മണലിൽ നട്ട് വേരു പിടിപ്പിച്ചശേഷം നട്ടുപിടിപ്പിക്കും. തുളസി നട്ടുവളർത്തും. ഔഷധഗുണ മുള്ള തഴുതാമ നട്ടു പിടിപ്പിച്ച് കൊവേന്തയിലെ അടുക്കളയിൽ കറി വെയ്ക്കുന്നതിന് ഏൽപിക്കും.

യോഗാർത്ഥികളുടെ റെക്റ്ററായിരിക്കെ, യാത്രപോയി തിരിച്ചെത്തു മ്പോൾ കൈയിൽ പലപ്പോഴും കുറെ ചെടികളും ഉണ്ടാകും. ചെടിക്കമ്പു കൾ അദ്ദേഹംതന്നെ മണ്ണ് നിറച്ച ചട്ടികളിൽ കുഴിച്ചിട്ട് ശ്രദ്ധയോടെ നനച്ച് അവയെ കിളിർപ്പിക്കും. പൂക്കളെ വിശകലനം ചെയ്തും വിവിധ യിനം ചെടികൾ ഒട്ടിച്ചു ചേർത്തും തോട്ടപ്പണിയുടെ സമയം ചെലവഴിച്ചു. ഈ സുന്ദരപ്രപഞ്ചത്തെ കൂടുതൽ സുന്ദരമാക്കുന്നതിൽ സന്തോ ഷിച്ചു.

പ്രകൃതിയിലെ തന്റെ അന്വേഷണത്തിലും അദ്ധ്വാനത്തിലും അർത്ഥികളെയും പങ്കുചേർക്കുന്നതിൽ ഗുരുവച്ചൻ ശ്രദ്ധാലുവായി രുന്നു. ചെടിവിത്തുകൾ പാകിമുളപ്പിക്കുന്നതും ചെടികൾക്കു വളം നൽകുന്നതുമൊക്കെ ചെയ്തുകാണിച്ചുകൊണ്ട് അവർക്ക് പരിശീലനം നൽകി. ഈസ്റ്ററിനുവേണ്ടി എങ്ങനെ ലില്ലിപൂക്കൾ വിരിയിക്കാമെന്ന കൗതുകകരമായ അറിവ് പകർന്നുകൊടുത്തു.

അമ്പഴക്കാട് നവസന്ന്യാസികൾ ഒരു ദിവസം തോട്ടപ്പണി ചെയ്തു കൊണ്ടിരിക്കെ ഡൺസ്റ്റണച്ചൻ അവരെ സമീപിച്ചു പറഞ്ഞു: "ഇവിടെ ധാരാളം ജെരബ്ര ഉണ്ടായിരുന്നു. ഇപ്പോൾ അതൊന്നും കാണാനില്ല. ഇവിടെ എവിടെയെങ്കിലും ഉണ്ടാകും. അതിന്റെ കട പെട്ടെന്ന് കെട്ടുപോകു കയില്ല. മഴ പെയ്താൽ അതിന്റെ കിഴങ്ങിൽനിന്ന് തൈകൾ മുളയ്ക്കും. അവയെ കണ്ടുപിടിക്കണം.'' ഡൺസ്റ്റണച്ചൻ ജെരബ്ര അന്വേഷിച്ചു നടന്നു; കണ്ടെത്തി. നവസന്ന്യാസികളുടെ സഹായത്തോടെ അവ പറിച്ചെ ടുത്ത് മറ്റൊരു സ്ഥലത്തു നട്ടു. ജെരബ്രയുടെ പൂക്കൾ എങ്ങനെയിരിക്കും? നവസന്ന്യാസികൾ കാത്തിരുന്നു. ഒരു ദിവസം വിരിഞ്ഞുവന്നു, നീളമുള്ള പച്ചതണ്ടിന്റെ അറ്റത്ത് ഇളംറോസ് നിറമുള്ള ജെരബ്ര പൂക്കൾ!

അമ്പഴക്കാട് ആശ്രമ വളപ്പിൽ വിശേഷ തരമായ ബംബ്ലൂസ് നാരക ങ്ങൾ ഉണ്ടായിരുന്നു. അവയിൽ പലതും പ്രായമേറിയവയായിരുന്നു.

ഡൺസ്റ്റണച്ചൻ പറഞ്ഞു: "ബംബ്ലൂസ് നാരകത്തിന്റെ വിത്തുകൾ മുളക്കാൻ പ്രയാസമാണ്. മുളച്ചുകിട്ടിയ തൈ വളർന്ന് നാരകം ഉണ്ടാ യാൽ ശരിയായ ഗുണമേന്മ ഉണ്ടാകണമെന്നില്ല. അതുകൊണ്ട് കമ്പു കളിൽ വേരു പിടിപ്പിച്ച് നടുന്നതാണ് നല്ലത്." ബംബ്ലൂസ് നാരകത്തിന്റെ ശിഖരങ്ങളിൽ കത്തികൊണ്ട് വരഞ്ഞ് തൊലി മാറ്റി അവയിന്മേൽ ചകിരിയും ഉണക്കമണ്ണും പിടിപ്പിച്ച് തുണികൊണ്ട് ചുറ്റിവെച്ച് വേര് പിടിപ്പിക്കുന്ന വിദ്യ ഡൺസ്റ്റണച്ചൻ അവരെ പഠിപ്പിച്ചു.

"ഇതൊക്കെ സന്ന്യാസത്തിന്റെ സന്തോഷം ഇരട്ടിപ്പിക്കും." ചെടികളും പൂക്കളും പരിപാലിക്കുന്നതിനിടയിൽ അർത്ഥികളോടു പറയും. സന്ന്യാസഭവനങ്ങളെ ആകർഷകമാക്കുന്നതിൽ മരങ്ങൾക്കും ചെടി കൊടികൾക്കും പൂക്കൾക്കും വലിയ പങ്കുണ്ട്. ആശ്രമത്തിൽ വസിക്കു ന്നവരിലും ആശ്രമം സന്ദർശിക്കുന്നവരിലും അവ ജീവന്റെ ചൈതന്യ മുണർത്തും.

അമ്പഴക്കാട് നവസന്ന്യാസികൾ അച്ചന്റെ ഷഷ്ഠിപൂർത്തിയുടെ ആഘോഷത്തിൽ "ഒരുല്ലാസദിനം' ചോദിച്ചപ്പോൾ അദ്ദേഹം നിർദ്ദേശി ച്ചത്, ഒരു "ഷഷ്ഠി വാടി'യാണ്. 60 വാഴക്കുഴി കുത്തി അതിൽ വാഴ വെച്ച് ആ പ്രസ്ഥാനം നിറവേറ്റുവാൻ പറഞ്ഞു.

## പ്രകൃതി പഠിപ്പിക്കുന്ന പാഠങ്ങൾ

പല ദിവസങ്ങളിലും പ്രഭാതഭക്ഷണത്തിനുശേഷം പിക്കാക്സുമെ ടുത്ത് അദ്ദേഹം പറമ്പിലേക്കിറങ്ങും. അർത്ഥികളിൽ ഒരുവനായി തോട്ടത്തിൽ വേല ചെയ്യുന്നതിൽ വ്യാപൃതനാകും. 83-ാം വയസ്സിലും രാവിലെത്തന്നെ തൂമ്പയും വെട്ടുകത്തിയുമായി പറമ്പിലേക്ക് ഇറങ്ങുന്ന ഡൺസ്റ്റണച്ചൻ 18 തികഞ്ഞ നവസന്ന്യാസികൾക്കു പ്രചോദനമാ യിരുന്നു.

ശരവണംപട്ടി നവസന്ന്യാസഭവനത്തിന്റെ പറമ്പിൽ മഞ്ഞപ്പാവട്ടയും കറുകയും ധാരാളം ഉണ്ടായിരുന്നു. സമയമെടുത്ത് അവ വേരോടെ പിഴുതെടുക്കുന്നതിൽ അച്ചൻ ക്ഷമ പുലർത്തി. പറമ്പിലെ മുത്തങ്ങയും കറുകപ്പുല്ലും ആദ്ധ്യാത്മികതയുടെ വിഷയമായി. ആഴത്തിലിറങ്ങിയി രിക്കുന്ന അവയുടെ വിത്തും വേരും തൂമ്പ, ഫോർക്ക്, പിക്കാക്സ് തുട ങ്ങിയ പണിയായുധങ്ങൾ പ്രയോഗിച്ചു പിഴുതെടുത്തു കളയുന്നത് എങ്ങനെയെന്ന് നവസന്ന്യാസികൾക്കു കാണിച്ചുകൊടുക്കുമായിരുന്നു. മേൽമണ്ണുമാത്രം വൃത്തിയാക്കിയാൽ ആഴത്തിൽ ഒളിഞ്ഞു വളരുന്ന വേരിന് ഒന്നും സംഭവിക്കുന്നില്ല. ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ

കളകൾ പിഴുതെടുത്ത് കറകൾ ശുദ്ധീകരിച്ച് വിശുദ്ധിയുടെ കരുത്തുള്ള മുളകൾ തളിർക്കുവാൻ നവസന്ന്യാസി സ്വയം ഒരുക്കണമെന്ന സന്ദേശം തോട്ടപ്പണിക്കിടയിലും നവസന്ന്യാസികൾക്ക് അദ്ദേഹം നൽകി.

"മണ്ണ് ശരിയാക്കി, വളമിട്ട്, ചെടിവെച്ച്, വെള്ളമൊഴിച്ച്, വളർത്തിയാൽ മാത്രമേ ആ ചെടിയിൽ നല്ലഫലങ്ങളും പൂക്കളും ഉണ്ടാകു. ഇതുപോലെ ത്തന്നെയാണ് നമ്മുടെ ആധ്യാത്മിക ജീവിതവും. നമ്മുടെ ജീവിതം മറ്റുള്ള വർക്ക് ആസ്വാദ്യകരമാകണമെങ്കിൽ വളരെ ശ്രദ്ധയോടെ നാം അതിനെ കാത്തുസൂക്ഷിക്കണം." പ്രകൃതി പാഠത്തിലൂടെ ഡൺസ്റ്റണച്ചൻ അർത്ഥികൾക്കായ് ആധ്യാത്മികതയുടെ വാതിൽ തുറന്നിടുന്നു.

ഒരിക്കൽ ഡൺസ്റ്റണച്ചനും ഒരു യോഗാർത്ഥിയും ചേർന്നു പറമ്പിൽ കപ്പ നട്ടു. രണ്ടു നാൾ കഴിഞ്ഞ് അച്ചൻ കുറച്ചു ചീരവിത്ത് ബ്രദറിന്റെ കൈയിൽ കൊടുത്തിട്ടു കപ്പത്തോട്ടത്തിൽ വിതറാൻ പറഞ്ഞു. "കപ്പയും ചീരയും എങ്ങനെ ചേർന്നുപോകും." സഹോദരനു സംശയം. "ഇവിടെ കപ്പകൃഷി ബുദ്ധിമുട്ടാണ്. എല്ലാം എലി കൊണ്ടുപോകും. അപ്പോൾ ചീര നമുക്ക് ഉപകരിക്കും." ഒപ്പം അദ്ദേഹം കൂട്ടിച്ചേർത്തു. "സന്ന്യാസത്തിൽ ചെറുതിനെ നിലനിൽപ്പുള്ളു." പറഞ്ഞതുപോലെ കപ്പ മുഴുവൻ എലി തിന്നു. ചീരകൃഷി വിജയിച്ചു.

കായികാദ്ധ്വാനത്തിനു വയ്യാത്ത അവസരത്തിലും ജോലികളിൽ നിന്ന് അദ്ദേഹം മാറിനിന്നില്ല. നടപ്പ് ഇഷ്ടവിഷയമായിരുന്നു. നടന്നു നീങ്ങുമ്പോൾ മുറ്റത്തു കൊഴിഞ്ഞു വീഴുന്ന ഇലകൾ പെറുക്കി അകറ്റും. തെങ്ങിന്റെ പട്ടയും വിറകുചുള്ളികളും പെറുക്കി അടുക്കളയിൽ എത്തി ക്കും. മരങ്ങളിൽനിന്നു പഴങ്ങൾ ശേഖരിക്കും. അടുക്കളവഴി കടന്നു പോകും. ശേഖരിച്ചവയെല്ലാം സമൂഹത്തിനായി അവിടെ കരുതി വയ്ക്കും. പഴം എത്ര ചെറുതായിരുന്നാലും കുറവായിരുന്നാലും തനിയെ കഴിക്കാതെ അതു പൊതുവായി അനുഭവിക്കാനുള്ളതാണെന്ന് അദ്ദേഹം കരുതി.

ആന്റൊ അക്കരപ്പറ്റിയേക്കലച്ചൻ എഴുതുന്നു: "പറമ്പിലെ ചെറിയ ചെറിയ പ്ലാസ്റ്റിക് സാധങ്ങൾ, ഉജാല ബോട്ടിലുകൾ തുടങ്ങിയവ അച്ചൻ പറമ്പിൽ നടന്നു പെറുക്കുന്നതു കണ്ടിട്ടുണ്ട്. ഒരു പ്രാവശ്യം എന്നോടും പറമ്പിൽനിന്ന് പ്ലാസ്റ്റിക് പെറുക്കിക്കൊണ്ടുവരാൻ അച്ചൻ പറഞ്ഞു. 'ഈ സാധനങ്ങൾ എന്തിന് ഉപകരിക്കും; വിറ്റാലും വലിയ കാശൊന്നും കിട്ടുകയില്ല' എന്നു ഞാൻ ചിന്തിച്ചു. എന്നാൽ പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നും പറമ്പിൽ പ്ലാസ്റ്റിക്

സാധനങ്ങൾ കിടക്കുന്നത് നല്ലതല്ലെന്നും അതു ഭൂമിയെ നശിപ്പിക്കു മെന്നും പിന്നീടാണ് മനസ്സിലാക്കിയത്.''

**ഗാന്ധിമാർഗത്തിൽ...**

ഭാരതത്തിന്റെ രാഷ്ട്രപിതാവായ ഗാന്ധിജിയെ ഡൺസ്റ്റണച്ചൻ ആഴ മായി സ്നേഹിച്ചിരുന്നു. തന്റെ ഓർമ്മക്കുറിപ്പുകളിൽ ഇക്കാര്യം സൂചി പ്പിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിജിയുടെ ആത്മകഥ അച്ചൻ ശ്രദ്ധാപൂർവ്വം വായിച്ചു. ആ വായനയിലൂടെ ഗാന്ധിയൻ ചിന്തകളുടെ സ്വാധീനം അദ്ദേഹത്തിൽ സ്വാധീനം ചെലുത്തി. മഹാത്മാവിന്റെ അടിസ്ഥാന തത്വമായ അഹിംസാ സിദ്ധാന്തം രൂപപ്പെടുത്തിയതിൽ ക്രിസ്തു പ്രബോധനങ്ങളുടെ വലിയ സ്വാധീനം തിരിച്ചറിഞ്ഞു.

ഗാന്ധിജി ജീവിതത്തിൽ പാലിച്ചിരുന്ന ലാളിത്യവും പ്രകൃതി ചികിത്സാ രീതികളും സ്വന്തം ജീവിതത്തിലും പാലിച്ചു. ചില അസുഖ ങ്ങൾക്ക് ശുദ്ധജലത്തിൽ നനച്ച തുണിയും കുതിർന്ന മണ്ണുമൊക്കെ വെച്ചുകെട്ടി പരീക്ഷണം നടത്തിയിരുന്നു.

ഡൺസ്റ്റണച്ചന്റെ കാലുകളിൽ എക്സിമ വളരെ ചെറുപ്പകാലം മുതൽ ഉണ്ടായിരുന്നു. അദ്ദേഹം അട്ടപ്പാടിയിൽ ആയിരുന്നപ്പോൾ രോഗം കൂടുതൽ അലട്ടാൻ തുടങ്ങി. ആദിവാസികൾ പറഞ്ഞതനു സരിച്ച് കാലിൽ അട്ടയെ പിടിപ്പിക്കാറുണ്ട്. രോഗമുള്ള കാലിൽ കുറെ നേരം കടിച്ചു പിടിച്ചിരുന്ന് അട്ട രക്തം കുടിച്ചു കഴിഞ്ഞാൽ രോഗത്തിനു വളരെ ശമനം ലഭിക്കാറുണ്ടത്രെ. അട്ടപ്പാടി ആശ്രമ വളപ്പിൽ പണിക്കു വന്നിരുന്ന ആദിവാസി സഹോദരങ്ങൾ അട്ടയെ പിടിച്ച് മൺകലത്തിലിട്ട് കൊണ്ടുവന്ന് അച്ചന്റെ കാലിൽ പിടിപ്പിക്കുകയാണ് ചെയ്യുക.

# 17

# അഴകില്ല, ആകാരഭംഗിയില്ല അകം മുഴുവൻ അഴകാണ്

ബാഹ്യമായ അഴകോ ആകാരഭംഗിയോ ഇല്ലായിരുന്നു. തലയിൽ മുടിയില്ല. പുരികങ്ങൾ ശൂന്യം. ആ അനാകർഷകതയുടെ മറയിൽ ആഴമുള്ള ആദ്ധ്യാത്മികതയുടെ അഴക് ഒളിഞ്ഞിരുന്നു. ബാഹ്യമായ ആകർഷകത്വത്തെ വെല്ലുന്ന ആന്തരികസൗന്ദര്യം അച്ചനു സ്വന്തം. ഉന്നതമായ ജീവിതാദർശങ്ങൾ പറഞ്ഞു ഫലിപ്പിക്കാനുള്ള വാക്ചാതുര്യം ഇല്ലായിരുന്നു. ഉപദേശത്തെക്കാൾ അദ്ദേഹത്തിന്റെ ജീവിതശൈലിയായിരുന്നു ആരെയും ആകർഷിച്ചത്. "എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്നു നിശ്ശബ്ദം പ്രസംഗിച്ചുകൊണ്ടിരുന്നു. നിർമ്മലഹൃദയത്തിന്റെ സന്തോഷം സദാ ആ മുഖത്തു പ്രകാശിച്ചു. പലരും അദ്ദേഹത്തെ ഒരു മാതൃകയായി ആരാധനയോടുകൂടി കണ്ടിരുന്നപ്പോഴും അച്ചൻ അതൊന്നും കാര്യമായി കരുതിയില്ല. നിഷ്കളങ്കമായ പുഞ്ചിരി കൊണ്ട് എല്ലാറ്റിനേയും നേരിട്ടു.

### മാതാപിതാക്കൾക്ക് മതിപ്പ്

ഇട്ടൂപ്പുണ്ണിയെക്കുറിച്ചു സ്വന്തം മാതാപിതാക്കൾക്കു മതിപ്പായിരുന്നു. ഡൺസ്റ്റണച്ചൻ പറയുന്നു: "ഞങ്ങളുടെ മാതാപിതാക്കന്മാർ എന്നെ കാര്യമായി മതിച്ചിരുന്നെന്ന് അവരുടെ രഹസ്യ സംഭാഷണങ്ങളിൽ നിന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. വലിയ പെങ്ങളും ഞാനും ഒതുങ്ങിയ പ്രകൃതിക്കാരായാണു വിമർശിക്കപ്പെട്ടത്. ഞങ്ങൾ അധികം സ്വയം ആദരിക്കാറില്ല. ഞങ്ങളുടെ സ്വഭാവം മാതാപിതാക്കന്മാർക്കു കൂടുതൽ തൃപ്തിയുളവാക്കിയിരുന്നെന്ന് ആ സംഭാഷണത്തിൽ നിന്നു ഞാൻ മനസ്സിലാക്കി...

“അപ്പൻ, എന്നേക്കാൾ മൂത്തവരുടെ കുറ്റങ്ങളെ വളരെ കാഠിന്യ ത്തോടെ തിരുത്തിയിരുന്നതായി എനിക്കറിയാം. എന്നാൽ കഠിനതയോ വലിയ ലാളനയോ അപ്പൻ എന്നോടു കാണിച്ചിട്ടില്ല.’’

## ആത്മീയ പിതാവ് തിരിച്ചറിഞ്ഞു

ചെറുപ്പത്തിൽതന്നെ ആഴമേറിയ ആത്മീയത അച്ചൻ സ്വന്തമാക്കി. ഒരു യുവവൈദികനായിരിക്കെ സ്വന്തം ആദ്ധ്യാത്മികാനുഭവങ്ങളുടെ കുറിപ്പു തയ്യാറാക്കുന്നതിന് ആദ്ധ്യാത്മിക പിതാവായ ഫാ. മലാഖിയാസ് കണ്ണനായ്ക്കൽ അദ്ദേഹത്തോട് ആവശ്യപ്പെട്ടു.

## കുണ്ടുകുളം പിതാവ് പറഞ്ഞു

ഡൺസ്റ്റണച്ചന്റെ വ്രതാനുഷ്ഠാന സുവർണജൂബിലി പാവറട്ടിയിൽ ആഘോഷിച്ചപ്പോൾ രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു. തിരുകർമ്മങ്ങൾക്കു മുമ്പ് ആശ്രമ ഊട്ടുമുറിയിലേക്കു വന്ന പിതാവ് സരസമായി ചോദിച്ചു: “കക്ഷി എത്തിയോ? എന്തായാലും ഡൺസ്റ്റണച്ചൻ ജൂബിലി ആഘോഷ ത്തിനു നിന്നുതരുവാൻ തയ്യാറായല്ലോ?’’

ദിവ്യബലിക്ക് ശേഷമുള്ള അനുമോദന സമ്മേളനത്തിൽ അദ്ധ്യക്ഷ നായിരുന്ന പിതാവ് പ്രസംഗത്തിൽ പഞ്ഞു: “ഒരു മനുഷ്യന് ഇത്രയും നിഷ്കളങ്കനാകാൻ പറ്റുമോ? ആർക്കും ഒരു ശല്യവുമാകാതെ, ആരുടെയും ശല്യത്തിന് ഇരയാകാതെ ജീവിക്കുന്ന ഒരു സാധു മനുഷ്യൻ. ഡൺസ്റ്റണച്ചൻ കോയമ്പത്തൂർ പ്രവിശ്യയിൽ ചേർന്നതിൽ എനിക്ക് ഇഷ്ടക്കുറവ് ഉണ്ടെന്ന് അദ്ദേഹത്തോട് ഞാൻ മുമ്പ് പറഞ്ഞിട്ടുണ്ട്. കാരണം, നമ്മുടെ തൃശൂർ രൂപതയ്ക്ക് ഒരു വിശുദ്ധ വൈദികനെ നഷ്ടപ്പെട്ടു.’’

## കണ്ടുമുട്ടിയവരിൽ പതിഞ്ഞ മായാമുദ്ര

എല്ലാവരോടും ലളിതമായും ഋജുവായും ഡൺസ്റ്റണച്ചൻ പെരുമാറി. അദ്ദേഹത്തെ കണ്ടുമുട്ടിയവരിൽ ആ സുകൃത സവിശേഷതകളുടെ മായാമുദ്ര പതിഞ്ഞു. ഒരിക്കൽ ജർമ്മൻകാരായ ബൈസറച്ചനും സി. ജെർത്രൂതും ശരവണംപട്ടിയിലെ നവസന്ന്യാസഭവനം സന്ദർശിക്കയു ണ്ടായി. പിന്നീട് ആന്റണി പുത്തനങ്ങാടിയച്ചൻ ഇരുവരെയും ജർമ്മനി യിൽ കണ്ടുമുട്ടാനിടയായി. “ഞങ്ങൾ അച്ചന്റെ നവസന്ന്യാസഭവനത്തിൽ പോയിരുന്നു. ഞങ്ങൾ അവിടെ തപസ്സും പ്രാർത്ഥനയും മൂലം ക്ഷീണിച്ചു

മെലിഞ്ഞ ഒരു അച്ചനെ കണ്ടു. മാക്സ്മില്ലിയൻ കോൾബയെ പോലെയിരിക്കുന്നു.''

ഒരിക്കൽ ശരവണംപട്ടിയിലെ നവസന്ന്യാസികൾക്ക് ഇംഗ്ലീഷ് ക്ലാസെടുക്കുന്നതിനു ജോലിയിൽനിന്നു വിരമിച്ച ഒരു കോളേജ് പ്രൊഫസർ വന്നു. ആ സ്ത്രീ ഒരു കത്തോലിക്ക സഭാംഗമായിരുന്നു. ക്ലാസെടുത്തുകൊണ്ടിരിക്കെ വൈദികരുടെ കുറവുകളും വീഴ്ചകളും സംസാരവിഷയമായി. നവസന്ന്യാസികൾക്ക് അവർ ഉപദേശവും നൽകി. ക്ലാസ് കഴിഞ്ഞു പുറത്തിറങ്ങിയപ്പോൾ ഡൺസ്റ്റണച്ചൻ വരാന്തയിലൂടെ നടന്നുവരുന്നു. "He is a saint.'' ഉടനടി ആ വനിത പ്രതികരിച്ചു.

ജോസഫ് ഏലിയാസ് കണ്ണാത്തച്ചന്റെ പിതാവ് റുഹാദകുദ്ശയുള്ള അച്ചന്മാരെക്കുറിച്ചു പറയുന്നു: "ഞാൻ ഏറെ അച്ചന്മാരെ കണ്ടിട്ടുണ്ട്. ഇടവകപ്പട്ടക്കാരുണ്ട്; കൊവേന്തപ്പട്ടക്കാരുമുണ്ട്; ളോഹ ഇട്ടവരൊക്കെ അച്ചന്മാർ. പക്ഷേ, അച്ചന്മാരിലുമുണ്ട് അച്ചന്മാർ. മൂന്നു പേരെയാണ് ഞാൻ അച്ചന്മാരായി കണ്ടിട്ടുള്ളത്. അവരിൽ ഒന്നാമൻ, തലയിൽ മുടിയില്ലാത്ത വരന്തരപ്പിള്ളിയിലെ ആ ഗുരുവച്ചൻ (ഡൺസ്റ്റണച്ചൻ), രണ്ടാമത്, എറണാകുളത്ത് ഉണ്ടായിരുന്ന ആ താടിയുള്ള ജനറാളച്ചൻ (കനീസിയൂസച്ചൻ), പിന്നെ, കെസ്സിലെ തോപ്പിലാനച്ചൻ (അഗസ്റ്റിൻ തോപ്പിലച്ചൻ). അവര് റൂഹാദകുദ്ശയുള്ള അച്ചന്മാരാ!''

### പ്രഗത്ഭനല്ല വിശുദ്ധനാണ്

മേലധികാരി ഒരിക്കൽ നിയോഗിച്ചതിന്റെ പേരിൽ ഡൺസ്റ്റണച്ചൻ ഒരു മഠത്തിൽ ധ്യാനിപ്പിക്കേണ്ടിവന്നു. പല മഠങ്ങളിൽനിന്നുള്ളവർ ധ്യാനത്തിൽ പങ്കെടുത്തു. ആദ്യപ്രഭാഷണം തുടങ്ങി 15 മിനിറ്റു കഴിഞ്ഞപ്പോൾ ധ്യാനഗുരു പറയുന്നു, "ഞാൻ ഒരുങ്ങിക്കൊണ്ടുവന്ന വിഷയം തീർന്നു. ഇനി നിങ്ങൾ കേട്ടതിനെക്കുറിച്ച് സ്വയമേവ ദൈവസന്നിധിയിൽ ഇരുന്ന് ധ്യാനിക്കുക.'' ഇത് ആദ്യപ്രഭാഷണത്തിന്റെ മാത്രം കഥയല്ല. അവസാന പ്രഭാഷണം വരെയും സമയം മുഴുപ്പിക്കാനാവാതെ അദ്ദേഹം വിഷമിച്ചുപോയി.

അന്ന് ധ്യാനത്തിൽ പങ്കെടുത്ത കന്യാസ്ത്രീ ഏകദേശം 50 വർഷങ്ങൾക്കുശേഷം പറയുന്നു, "എത്ര പ്രഗൽഭരായ ധ്യാന ഗുരുക്കന്മാർ, വചന പ്രഘോഷകർ ഇതിനിടെ വന്നു ധ്യാനിപ്പിച്ചുപോയി. എന്നാൽ ഡൺസ്റ്റണച്ചന്റെ ചുരുങ്ങിയ നേര ധ്യാനത്തെ വെല്ലുന്നവയൊന്നും എന്റെ ജീവിതത്തിൽ ഇന്നുവരെ കേട്ടിട്ടില്ല. അദ്ദേഹം ഞങ്ങൾക്ക് പകർന്നുതന്ന സന്ന്യാസ ചിന്തകൾ ഇന്നും മായാതെ, മറയാതെ മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു.''

## ചർച്ച് ഓഫ് ദ ഏപ്രൺ

“സി.എം.ഐ. തിരുവനന്തപുരം പ്രവിശ്യാംഗം സോണി ഉള്ളാട്ടിക്കുന്നേല ച്ചന്റെ അനുഭവക്കുറിപ്പ് വായിക്കാം: “ഡൺസ്റ്റണച്ചനെപ്പോലുള്ള ഒരു വിശുദ്ധനെ നമുക്ക് ഓർക്കാതിരിക്കാൻ കഴിയില്ല. ഏറ്റവും ചെറിയ കാര്യ ങ്ങളിൽ ശ്രദ്ധ ചെലുത്തുന്നത് അച്ചന്റെ ജീവിതരീതിയുടെ ഭാഗമായി രുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടാണ് ജീവിതത്തിൽ ഞാൻ ഒരൊറ്റ തവണ മാത്രം കണ്ടിട്ടുള്ള ഡൺസ്റ്റണച്ചൻ എന്ന ലളിത രൂപം ഇന്നും എന്റെ ഹൃദയത്തിൽ നിലനിൽക്കുന്നത്.

“മാന്നാനത്തെ മൈനർ സെമിനാരി പരിശീലനകാലത്തെ ഞങ്ങളുടെ വാർഷിക വിനോദയാത്ര കൊടൈക്കനാലിലേക്കായിരുന്നു. പോകുംവഴി കോയമ്പത്തൂർ പ്രൊവിൻസിനു കീഴിൽ ശരവണംപട്ടിയിലുള്ള സെമിനാരിയിലാണ് ഞങ്ങൾക്ക് അത്താഴം ഏർപ്പെടുത്തിയിരുന്നത്. പലസ്ഥലങ്ങളിൽ ഗതാഗതാക്കുരുക്കിലകപ്പെട്ട ഞങ്ങൾ രാത്രി ഏറെ വൈകിയാണ് അവിടെ എത്തിച്ചേരുന്നത്. മൊബൈൽ ഫോൺ ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ ഞങ്ങൾ സമയം വൈകുന്നതിന്റെ വിവരങ്ങൾ ഒന്നും അറിയിക്കാൻ കഴിഞ്ഞതുമില്ല.

“ഏറെ വൈകി എത്തിച്ചേർന്ന ഞങ്ങളെ വാതിൽ തുറന്നു ഒരു ചെറു പുഞ്ചിരിയുമായി സ്വീകരിച്ചത് ഡൺസ്റ്റണച്ചനായിരുന്നു. രാത്രിയിൽ ഏതോ സമയത്ത് കയറിച്ചെന്ന ഞങ്ങളെ ആദ്യവസാനം സ്വീകരിച്ചു ഭക്ഷണ മേശയിൽ അനുഗമിച്ച് മറ്റു സൗകര്യങ്ങൾ എല്ലാം അദ്ദേഹം കാണിച്ചുതന്നു. ഞങ്ങൾ അവിടെനിന്നും പുറപ്പെടുവോളം കൂടെയുണ്ടാ യിരുന്നു. അന്നവിടെ മറ്റാരൊക്കെ ഉണ്ടായിരുന്നു എന്ന് ഞാൻ ഓർമ്മി ക്കുന്നില്ല.

“കൊടൈക്കനാൽ യാത്രയെക്കുറിച്ച് ഓർമിക്കുമ്പോൾ ഇന്നും ഞാൻ ആകെ ഓർത്തിരിക്കുന്നത് “ഡൺസ്റ്റണച്ചൻ’ എന്ന വ്യക്തിത്വത്തെ മാത്രമാണ്. എളിമയ്ക്കും ലാളിത്യത്തിനും യുവഹൃദയങ്ങളെ സ്വാധീനി ക്കാൻ കഴിയുമോ എന്ന് ചോദിച്ചാൽ അതിനുള്ള ഒരു ഉത്തരം കൂടിയാണ് ഡൺസ്റ്റണച്ചൻ. ജീവിതത്തിൽ ഒരൊറ്റ തവണമാത്രം ഞാൻ കണ്ടിട്ടുള്ള ഡൺസ്റ്റണച്ചൻ എന്തുകൊണ്ട് ഇന്നും പച്ചകെടാതെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു?

“മെലിഞ്ഞ ശരീരപ്രകൃതിയും ചെറുമന്ദഹാസം നിറഞ്ഞ അതിശാന്ത നുമായ ഡൺസ്റ്റണച്ചനെയും കോട്ടയം പ്രൊവിൻസിലെ “ആത്മാവച്ച നെയും’, എനിക്ക് പരിചയമുള്ള മറ്റു ചില വിശുദ്ധ വ്യക്തിത്വങ്ങളെയും കുറിച്ചൊക്കെ ചിന്തിക്കുമ്പോൾ അവരുടെയൊക്കെ ഭൗമിക ജീവിത

ത്തിലെ "രൂപഭാവം' ഒരേപോലെയാണോ എന്ന് പോലും തോന്നിപ്പോകാറുണ്ട്! വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽനിന്ന് കടമെടുത്ത ഒരു പദം ഉപയോഗിച്ച് എല്ലാവരുടെയും ശുശ്രൂഷകരാകുന്ന സഭയെ പരാമർശിക്കുന്ന "ചർച്ച് ഓഫ് ദി ഏപ്രൺ" എന്ന് ഡൺസ്റ്റണച്ചനെയും വിശേഷിപ്പിക്കാനായി ഞാൻ ആഗ്രഹിക്കുന്നു. താൻ കണ്ടുമുട്ടിയവരെ വിലമതിക്കുന്ന, "ഏപ്രൺ' ധരിച്ച സഭയെ തന്റെ ഹൃദയത്തിൽ കൊത്തിവച്ച ആ മനുഷ്യൻ സി.എം.ഐ. സഭയ്ക്കുള്ള സമ്മാനമാണ് എന്ന് ഞാൻ കരുതുന്നു. ചില കണ്ടുമുട്ടലുകൾ നമ്മുടെ ജീവിതത്തിൽ അവിസ്മരണീയവും മനോഹരവുമായ ' എപ്പിഫനികൾ'ക്കു കാരണമാകും. ഒരിക്കൽ മാത്രം കണ്ടിട്ടുള്ള ഡൺസ്റ്റണച്ചന്റെ മുഖം ഇപ്പോഴും ഒരു തിരുശേഷിപ്പായി എന്റെ ഹൃദയത്തിൽ സൂക്ഷിക്കുന്നു."

### ഓർമ്മകൾ നിറയ്ക്കുന്ന സാന്നിദ്ധ്യം

കാണുന്നവരിൽ നല്ല ഓർമ്മകൾ നിറക്കുന്ന വിശുദ്ധ സാന്നിദ്ധ്യമായിരുന്നു ഡൺസ്റ്റണച്ചൻ. "ആ പുണ്യപ്പെട്ട അച്ചനു സുഖമാണോ?" ഒരു നവസന്ന്യാസിയുടെ വീട്ടിൽനിന്നു വന്ന കത്തിൽ ഡൺസ്റ്റണച്ചനെക്കുറിച്ചുള്ള അന്വേഷണം.

അച്ചനെ ശുശ്രൂഷിച്ചവരിലെല്ലാം സ്നേഹം നിറഞ്ഞു. യാതൊന്നും സ്വയം നിറവേറ്റാൻ കഴിവില്ലാത്ത അവസ്ഥയിലും ആ ശുശ്രൂഷയിൽ പലരും സന്തോഷം കണ്ടെത്തി. അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിൽ പലരും മത്സരിച്ചു. 2005ന്റെ അന്ത്യഘട്ടത്തിൽ ഡൺസ്റ്റണച്ചനെ ശരവണംപട്ടി അരുൾ മലർ ഇല്ലത്തിൽനിന്നു കൊഴിഞ്ഞാമ്പാറ സെന്റ് തോമസ് ആശ്രമത്തിലേക്കു കൊണ്ടുപോയി. വിൻസൻ മൊയലനച്ചനും ആശ്രമാംഗങ്ങളും സ്നേഹപുരസരം ശുശ്രൂഷിച്ചു. മൂന്നു മാസങ്ങൾ കടന്നുപോയി. ഒരു നാൾ അപ്രതീക്ഷിതമായി, വിൻസനച്ചന്റെ അസാന്നിദ്ധ്യത്തിൽ ഡേവിസ് തട്ടിലച്ചൻ ഡൺസ്റ്റണച്ചനെ തട്ടിക്കൊണ്ടുവന്നു. വിൻസനച്ചനെ സംബന്ധിച്ചിടത്തോളം തുടർന്ന് വേദനയുടെ നാളുകളായി.

ഡൺസ്റ്റണച്ചന്റെ സംസ്കാര കർമ്മത്തിൽ ഏതാനും യുവാക്കൾ പങ്കെടുക്കാനെത്തി. അച്ചന്റെ സഹോദര പുത്രനായ ജോൺ വിയാനിയച്ചൻ പരേതനുമായി അവർക്കുള്ള ബന്ധത്തെക്കുറിച്ച് ആരാഞ്ഞു. ഒരിക്കൽ വഴിയാത്രയിൽ ഈ യുവാക്കൾ അച്ചനെ കണ്ടുമുട്ടാനിടയായി. അൽപസമയം യുവാക്കളും അച്ചനും തമ്മിൽ സല്ലപിച്ചു. വഴിപിരിയുന്ന നേരം അച്ചൻ ചോദിച്ചു, "നിങ്ങൾ എവിടേക്കാ?" "ഞങ്ങൾ പന്തുകളി

കാണാൻ പോകുന്നു" അവർ മറുപടി പറഞ്ഞു. "ഓ, പന്തുകളി എനിക്കും ഇഷ്ടമാണ്. ഞാനുമുണ്ട് നിങ്ങളോടൊപ്പം." ഡൺസ്റ്റണച്ചൻ ആ യുവാക്കളോടൊപ്പം കൂടി. അച്ചന്റെ ലളിതമായ പെരുമാറ്റശൈലി അവരുടെ മനസ്സിൽ പതിഞ്ഞു. പല വർഷങ്ങൾക്കുശേഷം 2006 ഒക്റ്റോബർ 21-ാം തീയതി ഡൺസ്റ്റണച്ചന്റെ മരണവാർത്ത വർത്തമാനപത്രത്തിൽ ഫോട്ടോയോടുകൂടി പ്രസിദ്ധീകരിച്ചുവന്നപ്പോൾ ആ യുവജനം അദ്ദേഹത്തെ തിരിച്ചറിഞ്ഞു. ആണ്ടുകൾക്കുമുമ്പ് തങ്ങളുടെ ഹൃദയം കവർന്ന അച്ചന്റെ സംസ്കാരകർമ്മത്തിൽ പങ്കെടുക്കുന്നതിന് അവർ വന്നെത്തി.

കാണുന്നവരുടെയെല്ലാം മനസ്സിൽ അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾ പതിഞ്ഞു. വേലന്താവളത്തെ നവസന്ന്യാസഭവനത്തിന്റെ ഉദ്ഘാടന വേളയിൽ കുർബാനയ്ക്കുശേഷം നടന്ന യോഗത്തിൽ പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവ് കപ്പേളയുടെ മുൻപിൽ സ്ഥാപിച്ചുള്ള നല്ലിടയന്റെ ചിത്രത്തിൽ നോക്കിപ്പറഞ്ഞു, "നമ്മുടെ ഡൺസ്റ്റണച്ചനെ പോലെയിരിക്കുന്നു."

# 18

# മറിയം
# മാതാവും മാതൃകയും

എല്ലാ വിശുദ്ധരും പരിശുദ്ധ അമ്മയെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. സത്യത്തിന്റെ പാതയിൽ ചരിക്കുന്നവർക്ക് യേശുവിന്റെ അമ്മയെ വിസ്മരിക്കാനാവില്ല. ആത്മാക്കളുടെ വിശുദ്ധീകരണത്തിലും രക്ഷാകര പദ്ധതിയിലും അവളുടെ സ്ഥാനം അവഗണിക്കാനുമാവില്ല. ഓരോ വിശുദ്ധാത്മാവും സ്വന്തം സ്വഭാവവും മനോഭാവവും വ്യക്തിത്വത്തിന്റെ വ്യതിരിക്തതയും പ്രത്യേകമായ അഭിരുചിയും അനുസരിച്ച് അമ്മയ്ക്ക് ജീവിതത്തിൽ സവിശേഷമായ സ്ഥാനം നൽകി.

ഡൺസ്റ്റണച്ചൻ ജീവിതത്തിൽ പരിശുദ്ധ അമ്മയ്ക്ക് ഉന്നതമായ സ്ഥാനം നൽകിയിരുന്നു. മാതാവിനെ മഹാവിശുദ്ധർ സ്നേഹിച്ചതുപോലെ താനും സ്നേഹിക്കുന്നതിനുള്ള സഹായം മറിയത്തോടുതന്നെ അദ്ദേഹം ചോദിക്കുന്നുണ്ട്.

അമ്മയോടുള്ള ഭക്തിയും സ്നേഹവും അദ്ദേഹം ജനിച്ചു വളർന്ന കുടുംബത്തിൽതന്നെയാണ് മുളയെടുത്തത്. വി. കൊച്ചുത്രേസ്യയെ അനുകരിച്ച് അമലോത്ഭവ മാതാവിനോടുള്ള കാഴ്ചവെപ്പ് ചൊല്ലുന്നതിന് അമ്മ മകനെ നിർബന്ധിച്ചിരുന്നു. അപ്പനും അമ്മയും ആ പ്രാർത്ഥന സ്ഥിരമായി ചൊല്ലിയിരുന്നതാണ്. അപ്പന്റെ മാതൃകയനുസരിച്ച് ഇട്ടൂപ്പുണ്ണി കൂടുതൽ തീക്ഷണതയോടെ അതു ചൊല്ലാൻ ആരംഭിച്ചു. അമ്മ പറഞ്ഞപ്പോൾതന്നെ അതു നന്നായി ചൊല്ലിയിരുന്നെങ്കിൽ തനിക്കു പിൽകാലത്തുണ്ടായ നിർഭാഗ്യങ്ങൾ സംഭവിക്കുകയില്ലായിരുന്നു എന്ന് അദ്ദേഹം എടുത്തുപറയുന്നു.

## മറിയമെന്ന അമ്മ

ഡൺസ്റ്റണച്ചനു മറിയം അമ്മയാണ്. യേശുവിന്റെ അമ്മ "എന്റെയും അമ്മ"യാണെന്ന് അദ്ദേഹം പറയുന്നു. ശിശുതുല്യമായ സ്നേഹത്തോടെ അമ്മയോടു സംസാരിക്കുന്നു. അമ്മയെ അമ്മയെന്നു വിളിക്കാൻ സ്വന്തം കുഞ്ഞിനെ പഠിപ്പിക്കുന്നത് അമ്മതന്നെയാണ്. അപ്പനെ അപ്പനെന്നു പരിശീലിപ്പിക്കുന്നതും മറ്റാരുമല്ല. അതുകൊണ്ട്, ദൈവപിതാവെന്ന അപ്പനെയും മറിയമെന്ന അമ്മയെയും സ്നേഹപൂർവ്വം സംബോധന ചെയ്യുന്നതിനും സ്നേഹിക്കുന്നതിനും അമ്മയുടെ സഹായംതന്നെ തേടുന്നു. അമ്മയെത്തന്നെ വിളിച്ചപേക്ഷിക്കുന്നു. വിദൂരത്തിലായിരിക്കുന്ന അമ്മയെ തൊട്ടിലിൽ കിടക്കുന്ന കുഞ്ഞ് കരഞ്ഞു വിളിക്കുന്നതുപോലെ അച്ചനും നിലവിളിക്കുന്നു: "O my dear Mother... You are my Mother. It is the mothers that teach their own babies to call them, 'Mamma'. It is they that teach them to call their fathers, 'Papa'. So, my dear Mother, there is no need of any one to come between us and teach me to call you. Reveal yourself to me and teach me to call upon my 'Father'. Come, my Mother. It is like a blind child that calls its mother who is at his cradle. You are ever at my side eager to do to me all the good possible. It is I who live as if away from you."

അമ്മയോടുള്ള സ്നേഹത്താൽ പ്രേരിതനായി ഒരു ദിവസം എത്ര മാത്രം ജപമാല ചൊല്ലിയിരുന്നു എന്ന് അച്ചനുതന്നെയുമറിയില്ല. ചൊല്ലുന്ന കൊന്തയുടെ എണ്ണം സൂക്ഷിക്കുന്ന പതിവുമില്ല. ഏത് മൊഴിയിലാണ് ചൊല്ലുന്നത് എന്നുതന്നെയും ഓർമ്മയില്ലായിരുന്നു. ചിലപ്പോൾ ഒരു രഹസ്യത്തിൽതന്നെ "നന്മ നിറഞ്ഞ മറിയം" മലയാളം, ഇംഗ്ലീഷ്, സുറിയാനി, ലത്തീൻ ഭാഷകൾ മാറി മാറി ചൊല്ലിക്കൊണ്ടിരുന്നു.

മാതാവിനോടുള്ള ഭക്തിയുള്ളവർ ഒരിക്കലും ദൈവവിളി ഉപേക്ഷിച്ചു പോകില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ ബോദ്ധ്യം. ഇക്കാര്യം സാന്ദർഭികമായി അർത്ഥികളോട് പങ്കുവെക്കുമായിരുന്നു.

## മറിയമെന്ന മാതൃക

"ഡൺസ്റ്റണച്ചൻ ഈശോയോടു തന്റെ ആഗ്രഹം വെളിപ്പെടുത്തുന്നു, "നിന്റെ മാതാവ് നിന്നെ സ്നേഹിച്ചതുപോലെ സ്നേഹിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു."

തന്നെക്കുറിച്ച് പുത്രനായ ദൈവത്തിന്റെ ഹിതം കൂടുതലായി അറിയുന്നതിനുള്ള കഴിവുള്ള അമ്മയാണ് മറിയമെന്ന് ഡൺസ്റ്റണച്ചൻ

അറിയുന്നു, അതുകൊണ്ട് അച്ചൻ തുടർന്നു യാചിക്കുന്നു: “You know well, my dear Mother, the desires of your Son concerning me. Help me, my dear Mother, to reform well. Pray for me. I can hardly hear the voice of Jesus. Lead me to listen and understand. Let me know, my Mother, that you love me. Let me love you as saints loved you. Praise Jesus for me. Tell Him I have approached you.”

മറിയമാണ് യേശുവിനെ സ്നേഹിക്കുന്നതിൽ മാതൃകയെന്ന് അച്ചനു ബോദ്ധ്യമുണ്ട്. എന്നാൽ മറിയത്തെ സ്നേഹിക്കുന്നതിനെക്കാൾ യേശുവിനെയാണ് സ്നേഹിക്കേണ്ടതെന്ന് അദ്ദേഹം മറക്കുന്നില്ല. സ്വർഗ്ഗസ്ഥനായ പിതാവിന്റെ അഭീഷ്ടമനുസരിച്ച് നമ്മുടെ ജീവിതത്തെ അനുരൂപപ്പെടുത്തുന്ന ദിവ്യമാതൃക ഈശോയാണ്. ഈ ദിവ്യ മാതൃകയുടെ പരിപൂർണ്ണ പതിപ്പാണ് മറിയം. ആ മറിയത്തിനു നമ്മെ സഹായിക്കുന്നതിനു സാധ്യമാണ്.

യേശുവിനോടും അവിടുത്തെ അമ്മയായ മറിയത്തോടുമുള്ള സ്നേഹം പരസ്പരബന്ധിതമാണെന്നും അച്ചൻ അറിയുന്നു. അദ്ദേഹം ഈശോയോടു പറയുന്നു: “അങ്ങെന്റെ കൂടെയുണ്ടെന്ന വിശ്വാസം മാത്രമാണ് എന്റെ പ്രതീക്ഷ. വിശുദ്ധരെപ്പോലെ എനിക്കും അങ്ങയുടെ മാതാവിനെ (എന്റേയും അമ്മയെ) സ്നേഹിക്കാൻ സാധിച്ചെങ്കിൽ. നിന്നോടുള്ള സ്നേഹത്തിൽ വളരാതെ അങ്ങയുടെ മാതാവിനെ സ്നേഹിക്കുന്നതിൽ എനിക്കെങ്ങനെ വളരാൻ കഴിയും. എങ്കിലും ഞാൻ അമ്മയെ സ്നേഹിക്കുന്നു. എന്നെക്കാൾ കൂടുതലായി അമ്മ എന്നെ സ്നേഹിക്കുന്നുണ്ടെന്ന് എനിക്കറിയാം.’’

### ശുദ്ധീകരണത്തിന്റെ ഉപകരണമായ മറിയം

കുഞ്ഞുങ്ങളുടെ ശരീരത്തിലും വസ്ത്രത്തിലും വളരെ വേഗം അഴുക്കു പുരളാനുള്ള സാധ്യതയുണ്ട്. എന്നാൽ അവർക്കു സ്വയമേവ തങ്ങളെത്തന്നെ ശുദ്ധിയാക്കുവാനുള്ള കഴിവില്ല. അമ്മതന്നെയാണ് അതിന് അവർക്ക് ആശ്രയം.

താൻ ദിവ്യകാരുണ്യം എഴുന്നെള്ളിയിരിക്കുന്ന അരുളിക്കയാണെന്നും അതിൽ നിറയെ അഴുക്കു പുരണ്ടതുകൊണ്ട് തന്നിലുള്ള ഈശോയെ ആർക്കും കാണാനാകുന്നില്ലെന്നും മറ്റുള്ളവരെ കർത്താവിലേക്കു നയിക്കുന്നതിൽ താൻ പരാജയപ്പെട്ടുപോയെന്നും മറിയത്തെപ്പോലെ താൻ ഈശോയെ സ്നേഹിച്ചിരുന്നുവെങ്കിൽ അപ്രകാരം സംഭവിക്കുമായിരുന്നില്ലെന്നും ഡൺസ്റ്റണച്ചൻ വിലപിക്കുന്നു:

“കർത്താവേ, ഞാൻ നിന്നെ പരിപൂർണ്ണമായി അനുകരിച്ചിരുന്നെങ്കിൽ, എന്നിൽ നിന്നെ ഞാൻ പ്രത്യക്ഷപ്പെടുത്തിയിരുന്നെങ്കിൽ, എത്ര പേരെ ഇതിനകം ഞാൻ നിന്റെ പക്കലേയ്ക്ക് അടുപ്പിക്കുമായിരുന്നു. നിന്റെ അമ്മ നിന്നെ ഉദരത്തിൽ വഹിച്ചുകൊണ്ട് എലിസബത്തിനെ കാണാൻ പോയപ്പോൾ അവളുടെ ഉദരത്തിലുണ്ടായിരുന്ന യോഹന്നാൻ പാപ വിമുക്തനായി സന്തോഷത്താൽ കുതിച്ചുചാടിയതുപോലെ, ഞാൻ നിന്നെ വഹിച്ചുകൊണ്ട് നിന്റെ മാതാവിനെപ്പോലെ നിന്നെ സ്നേഹിച്ചു ജീവിച്ചിരുന്നെങ്കിൽ, എത്ര ആത്മാക്കൾ എന്റെ സാന്നിദ്ധ്യത്തിൽ സന്തോ ഷത്താൽ നിന്റെ പക്കലേക്കു കുതിച്ചുചാടുമായിരുന്നു.”

അതോടൊപ്പം അഴുക്കു നിറഞ്ഞ ഈ അരുളിക്കായെ വൃത്തിയാക്കി ശോഭയുള്ളതാക്കുമെന്നും അച്ചൻ പ്രതിജ്ഞ ചെയ്യുന്നുണ്ട്. അതിനായി അമ്മയുടെ സഹായം തേടുന്നു: “എന്റെ അമ്മേ, എന്റെ ഈ ആഗ്രഹ ങ്ങളെല്ലാം സാധിക്കുന്നതിന് എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ. ഈശോ യോട് ഐക്യപ്പെട്ടുകൊണ്ടുള്ള നിന്റെ ജീവിതത്തെ അനുകരിപ്പാൻ എന്നെ സഹായിക്കേണമെ.” “My Mother, help me. O! Refuge of sinners, wash me clean from all stains, reform me. I don’t know how to improve myself; almost hopeless. Make me a saint. You are my sole hope together with Jesus... Help me repair the past... Mother, make me your good child. Teach me to say your rosary devoutly. Make me faithful at it every day.”

**മരിയത്തിന്റെ പ്രഘോഷകൻ**

വി. കൊച്ചുത്രേസ്യ പറഞ്ഞു, “പരിശുദ്ധ മറിയത്തെപ്പറ്റി പ്രസംഗിക്കുവാൻ വേണ്ടി ഒരു വൈദികനാകുവാൻ ഞാൻ എത്രമാത്രം ആഗ്രഹിച്ചു.” ത്രേസ്യ യുടെ വചനം അവളുടെ ഭക്തനായ ഡൺസ്റ്റണച്ചനിൽ അനൽപമായ ലജ്ജയും മനഃസ്താപവും ഉളവാക്കി. തന്റെ ബലഹീനത അച്ചൻ ഏറ്റു പറയുന്നു. ലജ്ജയും അലസതയും നീക്കി മറിയത്തെ പ്രസംഗിക്കുന്നതി നുള്ള വരത്തിനായി ചെറുപുഷ്പത്തിന്റെ പ്രാർത്ഥനയും യാചിക്കുന്നു.

“Mother, Help me to preach about you. Your child, St. Therese of Infant Jesus, said that, had she been a priest she would extol your praises. But, here am I, a poor dumb priest!...

“O! Little Flower of Jesus, have pity on this useless priest. I am ashamed. When little children proclaim the praises of our Mother, I, a priest, having the duty to preach, remain dumb. Help me to shake off my shyness and idleness. Make me true to my vocation.”

## കർമ്മലയിൽ സമർപ്പിതം

കുടുംബത്തിൽ ആരംഭിച്ച ഇട്ടൂപ്പുണ്ണിയുടെ ദൈവമാതൃഭക്തി കർമ്മലീത്ത പാരമ്പര്യത്തിന്റെ അഴകും ആഭിജാത്യവും പകർന്നു വികസിതമായത്, പാവറട്ടി കൊവേന്തയിലെ സന്ന്യാസിമാരുമായി അവനുണ്ടായിരുന്ന ആത്മാർത്ഥ ബന്ധമാണ്. കാർമ്മൽ പരിശുദ്ധ അമ്മയുടെ സഭയാണ്. കർമ്മലീത്തർ മറിയത്തെ അമ്മയായി വണങ്ങുന്നു. ഏകാന്തത, പ്രാർത്ഥന, അദ്ധ്വാനം തുടങ്ങിയ ആത്മീയ മൂല്യങ്ങൾ കാർമ്മലിന്റെ മുഖമുദ്രകളാണ്. അവയെല്ലാം നസ്രസിലെ ജീവിതത്തിന്റെ പുനരാവിഷ്കാരമാണല്ലോ. അതുകൊണ്ടുതന്നെ കൊവേന്തയുമായി ബന്ധം പുലർത്തുന്നതും സി.എം.ഐ. സഭയിൽ അംഗമായിരിക്കുന്നതും മാതാവിനോടുള്ള ഭക്തിയിൽ വളരുന്നതിന് ഇട്ടൂപ്പുണ്ണിക്ക് അനുകൂലമായ സാഹചര്യമൊരുക്കി.

കർമ്മല മാതാവിന്റെ അടിയുറച്ച ഭക്തനായിരുന്നു ഡൺസ്റ്റണച്ചൻ. ഒപ്പം, കർമ്മല സഭയുടെ ആദ്ധ്യാത്മിക പാരമ്പര്യത്തിൽ അദ്ദേഹം അഭിമാനിച്ചിരുന്നു. സി.എം.ഐ. സഭയെ സ്വന്തം അമ്മയെപ്പോലെ സ്നേഹിച്ചു. സഭയുടെ ചരിത്രവും പാരമ്പര്യവും തനിമയും അദ്ദേഹത്തിനു വളരെ വിലപ്പെട്ടവയായിരുന്നു. കർമ്മലമാതാവിനോടും കർമ്മല ചൈതന്യത്തോടും അസാധാരണമായ ഒരു അടുപ്പം ഉണ്ടായിരുന്നു. കർമ്മലവസ്ത്രവും ജീവിതരീതിയും ഒരിക്കലും അദ്ദേഹം ഉപേക്ഷിച്ചില്ല. അമ്പഴക്കാട് കൊവേന്തയിൽ തോട്ടത്തിൽ പണിതുകൊണ്ടിരുന്ന ഡൺസ്റ്റണച്ചനോട് ഒരു ശെമ്മാശൻ ചോദിച്ചു: "എന്തിനാണ് ഈ ഉടുപ്പും സ്കാപ്പുളരും കപ്പൂസും ഇട്ട് കഷ്ടപ്പെട്ടു ജോലി ചെയ്യുന്നത്. ഇതെല്ലാം മാറ്റി പാന്റ്സും ഷർട്ടും ഇട്ടാൽ ജോലി എളുപ്പമാകില്ലെ." "അങ്ങനെ അല്ല മകനേ, നാം സന്ന്യാസികളാണ്, നാം ചെയ്യുന്ന ഓരോ ജോലിയും സന്ന്യാസവസ്ത്രം ധരിച്ചുകൊണ്ട് ചെയ്യുമ്പോഴാണ് കൂടുതൽ സന്തോഷമുണ്ടാകുന്നത്." അച്ചൻ സ്വന്തം ബോദ്ധ്യം തുറന്നുപറഞ്ഞു.

കർമ്മലയിലെ ആവിലായിലെ അമ്മത്രേസ്യ, കുരിശിന്റെ വി. യോഹന്നാൻ, കൊച്ചുത്രേസ്യാ തുടങ്ങിയ വിശുദ്ധർ ഡൺസ്റ്റണച്ചന്റെ മനം കവർന്നിരുന്നു. പ്രാർത്ഥനയിലും ലാളിത്യത്തിലും കർമ്മലാദ്ധ്യാത്മികത സ്ഫുരിച്ചുനിന്നു.

താൻ അംഗമായിരിക്കുന്ന സന്ന്യാസ സഭയുടെ ആദ്ധ്യാത്മികതയുടെ ഭാഗമായ കർമ്മലചൈതന്യത്തെ ഉപേക്ഷിക്കുന്നതിനായി ചിലർ നടത്തിയ പരിശ്രമങ്ങളെ അദ്ദേഹം ശക്തിയുക്തം എതിർത്തു. സമൂഹത്തിന്റെ ന്യായപ്രമാണത്തിന്റെ നവീകരണവുമായി ബന്ധ

പ്പെട്ട് പൊതുസംഘത്തിലും മറ്റു ചർച്ചകളിലും സജീവമായി പങ്കെടുത്തു. "സമൂഹത്തിന്റെ കർമ്മലീത്താ സ്വഭാവം ഉപേക്ഷിക്കുന്ന രീതിയിൽ തീരുമാനമുണ്ടാകുകയാണെങ്കിൽ, ഞങ്ങൾക്ക് ഏതാനും കൊവേന്തകൾ വിട്ടുതരുക; ഞങ്ങൾ പൊയ്ക്കൊള്ളാം. താൽപര്യ മുള്ളവരെ ഉൾപ്പെടുത്തി കർമ്മലീത്താ തനിമയുള്ള സമൂഹമായി ജീവിച്ചുകൊള്ളാം." സമൂഹത്തിൽ ചിലർക്കുണ്ടായ ബോദ്ധ്യത്തോ ടൊപ്പം ഡൺസ്റ്റണച്ചൻ നിർഭയനായി നിലകൊണ്ടു.

# 19

# മറവിയുടെ ആത്മീയതയും രസകരകഥകളും

ഒരു വിദ്യാർത്ഥിയായിരുന്ന കാലത്തു തന്നെ ഇട്ടൂപ്പുണ്ണിയെ മറവി ബാധിച്ചിരുന്നു. തന്റെ പല ബലഹീനതകളോടൊപ്പം പഠനത്തിനും ദൈവ വിളിക്കും മറവി തടസ്സമാകുമെന്ന് അവൻ ഭയപ്പെട്ടു. ജീവിതത്തിന്റെ അന്ത്യംവരെയും തന്റെ വ്യക്തിത്വത്തിന്റെ അവിഭാജ്യഭാഗമായി മറവിയെന്ന ബലഹീനത പിന്തുടർന്നു. അവസാനം മറവിരോഗത്തിനു കീഴടങ്ങിക്കൊണ്ട് അദ്ദേഹം മരണത്തിനു വരവേൽപു നൽകി.

മറവിമൂലം തനിക്കു നേരിടുന്ന എല്ലാ ക്ലേശങ്ങളേയും അപമാനങ്ങളേയും അതീവ നിഷ്കളങ്കതയിലും വിശുദ്ധമായ വിനയത്തിലും അച്ചൻ സ്വീകരിച്ചു. എല്ലാ അനുഭവങ്ങളേയും  വിശുദ്ധിയുടെ വികാസത്തിനു പോഷകമായി മാറ്റുന്നതിന് അദ്ദേഹത്തിനു സാധ്യമായി.

### സ്വയം അംഗീകരിച്ച ആത്മജ്ഞാനി

തനിക്കു മറവിയുണ്ടെന്നു സമ്മതിക്കാൻ ഡൺസ്റ്റണച്ചനു തെല്ലും മടിയില്ലായിരുന്നു. സ്വന്തം ബലഹീനതയെക്കുറിച്ചുള്ള അവബോധത്തോടെ തന്റെ കുറവുകളെ നോക്കി അദ്ദേഹം പുഞ്ചിരി തൂകി. അവയെല്ലാം തന്റേതുതന്നെയെന്ന് അംഗീകരിച്ചു. അവ മറ്റുള്ളവർ അറിയുന്നതു കുറച്ചിലായി കരുതിയില്ല. തന്റെ മറവിയുടെ കഥകൾ മടിയില്ലാതെ മറ്റുള്ളവരുമായി പങ്കുവെച്ചു. മറ്റുള്ളവരുടെ സഹായം എളിമയോടെ സ്വീകരിച്ചു. കൊച്ചുകുഞ്ഞുങ്ങളെപ്പോലെ മറ്റുള്ളവരോടു കാര്യങ്ങൾ ചോദിച്ചറിഞ്ഞു. അവർ പറയുന്ന കാര്യങ്ങൾ എത്ര ചെറുതായിരുന്നാലും അനുസരിച്ചു. അവരുടെ കളിയാക്കലുകളെ ആസ്വാദ്യകരമായ പുഞ്ചിരികൊണ്ട് അദ്ദേഹം നേരിട്ടു. വീഴ്ചകളിൽ മാപ്പു ചോദിച്ചു.

സ്വയം അറിഞ്ഞ വ്യക്തി! സ്വന്തം കഴിവുകേടുകളെക്കുറിച്ച് അവബോധമുള്ള ആത്മജ്ഞാനി!

തോമസ് അമ്പൂക്കനച്ചൻ ഡൺസ്റ്റണച്ചന്റെ മറവിയെ "വിശുദ്ധമറവി' എന്നാണ് വിശേഷിപ്പിക്കുന്നത്. ബ്ലെയിസ് കടിച്ചീനിയച്ചൻ കൂടുതൽ വിവരിക്കുന്നു: "അച്ചന്റെ മറവി ഒരു രോഗം പോലെ ആയിരുന്നെങ്കിലും അതുമൂലം സംഭവിക്കുന്ന അബദ്ധങ്ങൾക്ക് അദ്ദേഹം ക്ഷമ ചോദിക്കുകയും, നഷ്ടങ്ങൾ പരിഹരിക്കുകയും ചെയ്യുമായിരുന്നു." അങ്ങനെ സ്വന്തം ബലഹീനതയെ ഡൺസ്റ്റണച്ചൻ ആത്മീയതയുടെ ബലമാക്കി മാറ്റി. മറവി വിശുദ്ധമറവിയായി.

അച്ചൻ അട്ടപ്പാടിയിൽ ആയിരുന്നപ്പോൾ ശീങ്കര മഠത്തിൽ കുർബാന ചൊല്ലിയിരുന്നു. എല്ലാ ദിവസവും നടന്നാണു കുർബാനയ്ക്കു പോയിരുന്നത്. ആശ്രമത്തിനിന്ന് ഇറങ്ങി പ്രധാന വഴിയിൽ ചെന്ന്, ചിലപ്പോൾ വലത്തോട്ടു തിരിഞ്ഞു കൂക്കംപാളയം മഠത്തിന്റെ പടിക്കലെത്തും. "ഏനിക്കു തെറ്റിയല്ലോ. ശീങ്കര മഠത്തിലേക്കല്ലെ പോകേണ്ടത്" എന്നു സ്വയം പറഞ്ഞു തിരിച്ചുനടന്ന് ലക്ഷ്യസ്ഥാനത്തു ചെന്നു ദിവ്യബലി അർപ്പിക്കും. കുർബാന കഴിഞ്ഞു കാപ്പി കുടിക്കുമ്പോൾ പറ്റിയ അബദ്ധം സഹോദരിമാരോടു പറയും. അച്ചന്റെ മറവി അങ്ങനെ മഠത്തിൽ ഉല്ലാസത്തിനു വിഷയമാകും.

പോൾ കല്ലുവീട്ടിലച്ചൻ 1994-95 വർഷങ്ങളിൽ ചാവറ പിതാവിനെക്കുറിച്ച് പരിയാരത്തെ സി.എസ്.ആറിൽ ധ്യാനങ്ങൾ നടത്തിയിരുന്നു. ഒരു ധ്യാനത്തിൽ ഡൺസ്റ്റണച്ചനും സംബന്ധിച്ചു. എന്നാൽ ഒരു ദിവസം വൈകിയാണ് അദ്ദേഹം സ്ഥലത്തെത്തിയത്. മറവികൊണ്ട് തീയതി തെറ്റിപ്പോയതാകണം. വന്നയുടനെ ധ്യാനഗുരുവിനെ നേരിൽ കണ്ടു ക്ഷമായാചനം നടത്തി. ശേഷം, നഷ്ടപ്പെട്ട ധ്യാനങ്ങളുടെ കുറിപ്പ് മറ്റുള്ളവരിൽനിന്നു വാങ്ങി എഴുതിയെടുത്തു.

1989-ൽ ഡൺസ്റ്റണച്ചന്റെ വ്രതവാഗ്ദാന ജൂബിലി ജന്മനാടായ പാവറട്ടിയിൽ ആഘോഷിച്ചു. സ്ഥലത്തെ കൊവേന്ത കപ്പേളയുടെ ഉത്തരവാദിത്വം വഹിച്ചിരുന്നത് അദ്ദേഹത്തിന്റെ ശിഷ്യരിൽ ഒരുവനായ ജോർജ് നേരേപ്പറമ്പിലച്ചനായിരുന്നു. ശിഷ്യനു ഗുരുവിനെ നന്നായി അറിയാമായിരുന്നു. അവർ തമ്മിൽ ഏറെ സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. "ജൂബിലി കുർബാനയ്ക്കുശേഷം ഒരു പൊതുയോഗം ഉണ്ടായിരിക്കും. യോഗാവസാനം മറുപടി പ്രസംഗം പറയേണ്ടിവരും," ശിഷ്യൻ ഗുരുവിനെ ഓർമ്മിപ്പിച്ചു. "ഞാൻ പ്രസംഗം എഴുതിത്തരട്ടെ?" ശിഷ്യൻ പറഞ്ഞതു ഗുരുവച്ചൻ എളിമയോടെ ശ്രവിച്ചു. വാഗ്ദാനം ചെയ്ത സേവനം വിനയപൂർവ്വം സ്വീകരിച്ചു. ശിഷ്യൻ എഴുതിക്കൊടുത്ത

ലഘുപ്രസംഗമാണ് മറുപടിയായി ഗുരു പറഞ്ഞത്. പ്രസംഗത്തിന്റെ അവസാനം ഇപ്രകാരം കൂട്ടിച്ചേർത്തു: "നിങ്ങൾ കരുതുന്നതുപോലെ യല്ല കാര്യങ്ങൾ. എന്നിൽ കുറവുകൾ ഉണ്ട്. അതു നികത്തി നന്മരണം കിട്ടാൻ പ്രാർത്ഥിക്കണം.'' ദിവ്യനായ ആ സന്ന്യാസി ജീവിതാന്ത്യം വരെ തികഞ്ഞ സ്വയാവബോധത്തിൽ ജീവിച്ചു.

**ദൈവവും സഹോദരങ്ങളും ഒഴികെ...**

ഡൺസ്റ്റണച്ചന്റെ മറവി പലപ്പോഴും മറവി ആയിരുന്നില്ല. ജീവിതത്തിൽ ദൈവമാണ് സുപ്രധാനമെന്നും വിശുദ്ധനായിത്തീരുക എന്നതാണ് തന്റെ ദൈവവിളിയെന്നുമുള്ള ബോദ്ധ്യം അച്ചനിൽ ആഴത്തിൽ പതിഞ്ഞിരുന്നു. സദാ ദൈവത്തിൽ മുഴുകുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടു. സുപ്രധാനമെന്നു തോന്നുന്ന കാര്യങ്ങളിൽ പൂർണ്ണമായും മുഴുകുന്നതുകൊണ്ട് പല കാര്യങ്ങളും അദ്ദേഹം മറന്നുപോയി. തന്റെ സന്ന്യാസജീവിതത്തിന്റെ മേന്മയ്ക്കും തന്നെ ഏൽപിച്ച ഉത്തരവാദിത്വങ്ങളുടെ നിർവ്വഹണത്തിനും സഹായകമല്ലാത്തതെല്ലാം അദ്ദേഹം മറന്നു. പകരം ദൈവവിചാരവും അപരരെക്കുറിച്ചുള്ള പരിഗണനയും മനസ്സിൽ നിറഞ്ഞുനിന്നു. പരിശീലനത്തിനായി നൽകപ്പെട്ട അർത്ഥികളുടെ വ്യക്തിപരവും കുടുംബപരവുമായ വിശദാംശങ്ങൾ ഒരിക്കലും അദ്ദേഹം മറന്നില്ല. യോഗാർത്ഥികളുമായുള്ള വ്യക്തിപരമായ കൂടിക്കാഴ്ചകൾ സമയവും ഭക്ഷണവും മറന്നു നീണ്ടുപോയി. അനുരഞ്ജന കൂദാശയ്ക്കും ആത്മീയ മാർഗ്ഗനിർദ്ദേശത്തിനുമായി തന്നെ സമീപിച്ചിരുന്നവരുടെ പ്രതിസന്ധികളെയും ആവശ്യങ്ങളെയും സംബന്ധിച്ച് അത്ഭുതാവഹമായ ഓർമ്മശക്തി അദ്ദേഹം സൂക്ഷിച്ചു.

കാവൽ മാലാഖയോട് ഡൺസ്റ്റണച്ചനു ഭക്തിയുണ്ടായിരുന്നു. അവശ്യമായ കാര്യങ്ങൾ ശരിയായ നേരത്ത് ഓർപ്പിക്കുന്നതിനായി കാവൽ മാലാഖയുടെ സഹായം അദ്ദേഹം തേടിയിരുന്നു.

ദൈവം ഈ വിശുദ്ധാത്മാവിനു നൽകിയ അത്ഭുതവരമായിരുന്നുവോ മറവി? മറവിയുടെ, അത്ഭുതകരമായ ഓർമ്മയുടെ വരപ്രസാദം! ആ മറവിയിൽ തിളങ്ങുന്നത് ആത്മീയതയുടെ ഒരു സുവിശേഷമാണ്.

**പിഴവുകളില്ലാത്ത റിപ്പോർട്ട്**

1978-ൽ റാഞ്ചിയിലെ ജ്യോതി നിവാസിൽ പരിശീലനം പൂർത്തിയാക്കിയ യോഗാർത്ഥികൾ നാട്ടിലേക്കു തിരിക്കുവാൻ സമയമായി. റെക്റ്ററായിരുന്ന ഡൺസ്റ്റണച്ചൻ പൊതുസംഘത്തിലും പ്രവിശ്യാ സംഘത്തിലും പങ്കെടുത്ത് റാഞ്ചിയിലേക്കു യാത്ര തിരിച്ചു. ടിക്കറ്റ്

മുൻകൂട്ടി ബുക്ക് ചെയ്യാതിരുന്നതുകൊണ്ട് ബസ്സുകൾ പലത് മാറിക്കേറിയാണ് അദ്ദേഹം റാഞ്ചിയിലെത്തിയത്. തിരിച്ചെത്തിയ റെക്റ്ററച്ചൻ രാത്രി മുഴുവൻ ഉറക്കമൊഴിച്ച് 11 യോഗാർത്ഥികളുടെ റിപ്പോർട്ട് തയ്യാറാക്കി. ശേഷം, കുട്ടികളെയും കൂട്ടി നാട്ടിലേക്കു തിരിച്ചു.

തൃശൂർ പ്രവിശ്യാഭവനത്തിലെത്തിയ യോഗാർത്ഥികൾ മുൻകൂട്ടി തീരുമാനിച്ച പ്രകാരം പ്രൊവിൻഷ്യലായ അലക്സ് ഊക്കനച്ചനെ നേരിൽ കാണാനൊരുങ്ങി. അപ്പോൾ ഡൺസ്റ്റണച്ചൻ അവരെ തടഞ്ഞു, "എനിക്കൊരു അബദ്ധം പറ്റി. നിങ്ങളെക്കുറിച്ച് പ്രൊവിൻഷ്യലച്ചനു നൽക്കേണ്ട റിപ്പോർട്ട് ഞാൻ തയ്യാറാക്കി. അത് റാഞ്ചിയിലെ എന്റെ മേശപ്പുറത്ത് മറന്നുവെച്ചു. ഞാൻ പ്രൊവിൻഷ്യലച്ചനെ കണ്ട് നിങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ പറഞ്ഞിട്ടു വരട്ടെ. എന്നിട്ടാകാം നിങ്ങൾ പ്രൊവിൻഷ്യലച്ചനെ കാണുന്നത്.'' അച്ചന്റെ മുഖഭാവത്തിൽ തെല്ലും ജാള്യതയില്ല. പകരം നിഷ്കളങ്കമായ പുഞ്ചിരി മാത്രം.

അച്ചൻ ഉടനെ പ്രൊവിൻഷ്യലച്ചന്റെ മുറിലേക്കു പോയി. പുറത്ത് കാത്തിരിക്കുന്ന 11 യോഗാർത്ഥികളിൽ നാലു പേർ സെമിനരിയോടു വിട പറയുന്നതിനു സ്വയം തീരുമാനമെടുത്തവരായിരുന്നു. "ഡൺസ്റ്റണച്ചൻ പ്രൊവിൻഷ്യലച്ചനെ കാണുമ്പോൾ നമ്മുടെ പേരുകൾ തെറ്റി പറയും, തീർച്ച. വീട്ടിലേക്കു പോകാനുള്ളവർ നോവിഷ്യേറ്റിലേക്കു പോകും. നോവിഷ്യേറ്റിലേക്കു പോകുവാൻ ഒരുങ്ങിയിരിക്കുന്നവർ പലരും പെട്ടിയും തൂക്കി വീട്ടിലേക്കു പോകേണ്ടിവരും.''

അൽപം കഴിഞ്ഞ് ഡൺസ്റ്റണച്ചൻ തിരിച്ചെത്തി. അടുത്തത് യോഗാർത്ഥികളുടെ ഊഴമായിരുന്നു. പ്രൊവിൻഷ്യലച്ചൻ അവരോട് വിശേഷങ്ങളെല്ലാം ചോദിച്ചറിഞ്ഞു. സെമിനരിയോടു വിടപറയുവാൻ ഒരുങ്ങിയിരിക്കുന്നവരുടെ പേരുകൾ അദ്ദേഹംതന്നെ പറഞ്ഞു. അവരോട് സംസാരിക്കാനുണ്ടെന്നും മറ്റുള്ളവർക്ക് ഉടനെ അവധിക്കായി വീട്ടിൽ പോകാമെന്നും കൂട്ടിച്ചേർത്തു.

ഡൺസ്റ്റണച്ചൻ പ്രൊവിൻഷ്യലച്ചന് നൽകിയ റിപ്പോർട്ട് കൃത്യമായിരുന്നു. പിഴവുകൾ തെല്ലുമില്ല.

### ഉറങ്ങിയും മറന്നും

യോഗാർത്ഥികളുമായുള്ള സ്വകാര്യ സംഭാഷണങ്ങൾക്കിടയിൽ പലപ്പോഴും ഡൺസ്റ്റണച്ചൻ ഉറങ്ങുമായിരുന്നു. ഉറക്കത്തിൽനിന്ന് ഉണരുമ്പോൾ ഒരു ചിരിയോടെ സംഭാഷണം പുനരാരംഭിക്കും. ബീഹാറിലെ റാഞ്ചിയിൽ വൈദികവിദ്യാർത്ഥികളുടെ ഗുരു ആയിരുന്നപ്പോൾ നടന്ന ഒരു സംഭവം: വൈകുന്നേരം ഒരു യോഗാർത്ഥി ആദ്ധ്യാത്മിക ഉപദേശം

തേടി ഡൺസ്റ്റണച്ചന്റെ മുറിയിലെത്തി. ഇരുവരും സംസാരിച്ചുകൊണ്ടിരിക്കെ വൈദ്യുതി നിലച്ചു. പരസ്പരം സംസാരിക്കുകയും ശ്രവിക്കുകയും ചെയ്തിരുന്നതിനാൽ അവർ വിളക്കുകളൊന്നും തെളിയിച്ചില്ല. ഉടനെ വൈദ്യുതി തിരിച്ചുവരുമെന്ന പ്രതീക്ഷയിൽ ഉപദേശം തുടർന്നു. അത്താഴത്തിനു സമയമായപ്പോൾ സഹയോഗാർത്ഥികൾ അവരെ വിളിക്കുവാൻ ചെന്നു. അപ്പോൾ ഗുരുവും ശിഷ്യനും ഇരുന്നിടത്തിരുന്ന് ഉറങ്ങുന്നതാണ് കണ്ടത്. സംഭവം എല്ലാവർക്കും ചിരിക്കാനായി വക നൽകി.

പല കാര്യങ്ങൾക്കായി അദ്ദേഹം ആശ്രമത്തിൽനിന്നു യാത്രതിരിക്കും. പലതും മറന്നിട്ടു തിരിച്ചെത്തും. റെക്റ്ററച്ചനു മറവിയുള്ളതുകൊണ്ട് അദ്ദേഹം യാത്ര പുറപ്പെടുന്നതിനു മുമ്പ് ചെയ്യേണ്ട കാര്യങ്ങളെല്ലാം യോഗാർത്ഥികൾ എഴുതി ഏൽപിക്കും. അദ്ദേഹം അതു കീശയിൽ സൂക്ഷിക്കും. എന്നാലും പലതും മറന്നിട്ടായിരിക്കും ആൾ തിരിച്ചെത്തുക. കീശയിൽ കിടക്കുന്ന കുറിപ്പെടുത്തു നോക്കാൻ ഓർത്തിട്ടു വേണ്ടേ.

അമ്പഴക്കാട് നവസന്ന്യാസികൾ ഒരു ദിവസം നടക്കാനിറങ്ങി. വഴിയരികിൽ ഡൺസ്റ്റണച്ചൻ ബസ് കാത്തു നിൽക്കുന്നു. അവർ "ഹലോ' പറഞ്ഞിട്ടു കടന്നുപോയി. നടപ്പു കഴിഞ്ഞു തിരിച്ചുവരുമ്പോഴും അച്ചൻ അവിടെ തന്നെയുണ്ട്. "എന്താ അച്ചനു ബസ്സ് കിട്ടിയില്ലേ?" നവസന്ന്യാസികൾ അന്വേഷിച്ചു. "ബസു കിട്ടി. അതിൽ കയറിയപ്പോഴാണ് തിരിയുന്നത്, ബസുകൂലി എടുത്തില്ലെന്ന്. ഉടനെ ഇറങ്ങി."

ഡൺസ്റ്റണച്ചൻ അമ്പഴക്കാട് കൊവേന്തയിലെ അംഗമായിരിക്കെ തന്റെ ചെരുപ്പ് കാണാതെ പോയി. അന്വേഷണമാരംഭിച്ചു. താമസമുറിയിലും പള്ളിയുടെ പരിസരത്തും കപ്പേളയ്ക്കു മുമ്പിലും ഉല്ലാസമുറിയിലും ഊട്ടുമുറിയിലും അന്വേഷിച്ചു. നവസന്ന്യാസികൾ അന്വേഷണത്തിൽ പങ്കുചേർന്നു. ചെരുപ്പ് കണ്ടെത്താനായില്ല. "അന്വേഷിച്ചത് മതി. നമുക്ക് പുതിയൊരു ജോടി ചെരുപ്പ് വാങ്ങാം." പ്രിയോരച്ചൻ പ്രഖ്യാപിച്ചു. അന്വേഷണത്തിനു വിരാമമായി.

ഒരിക്കൽ ഡൺസ്റ്റണച്ചൻ അമ്പഴക്കാട് കൊവേന്തയിൽനിന്ന് അടുത്തുള്ള സ്നേഹഗിരി ഇടവകപ്പള്ളിയിൽ കുമ്പസാരിപ്പിക്കുന്നതിനായി പോയി. കുമ്പസാരം കഴിഞ്ഞ് പള്ളിക്കു പുറത്തുവന്ന് അച്ചൻ ചെരുപ്പ് അന്വേഷിച്ചു. കാണുന്നില്ല. സങ്കീർത്തി, താമസമുറി, കുളിമുറി, ഊട്ടുമുറി എന്നിങ്ങനെ ഡൺസ്റ്റണച്ചൻ സഞ്ചരിച്ചിരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലെല്ലാം അന്വേഷണം നടത്തി. വികാരിയും വിശ്വാസികളും അന്വേഷണത്തിൽ കാര്യക്ഷമമായി പങ്കെടുത്തു. അവസാനം വികാരി തോമസ് വാഴക്കാലയച്ചൻ അമ്പഴക്കാട് കൊവേന്തയിലേക്കു ഫോൺ

വിളിച്ചന്വേഷിച്ചു. “ചെരുപ്പ് ഇവിടെത്തന്നെയുണ്ട്” കൊവേന്തയിൽനിന്ന് മറുപടി കിട്ടി. അന്വേഷകർക്കെല്ലാവർക്കും ആശ്വാസമായി.

## കത്തുന്ന മെഴുകുതിരി കറാപ്പ് ആയപ്പോൾ

ശരവണംപട്ടിയിലെ നവസന്ന്യാസഭവനത്തിൽ രാത്രി ആത്മശോധനയുടെ നേരം. വൈദ്യുതി നിലച്ചതുകൊണ്ട് മെഴുകുതിരി തെളിയിച്ചായിരുന്നു പ്രാർത്ഥന. നിശ്ചിതനേരത്തെ മൗനത്തിനുശേഷം ഗുരുവച്ചൻ സി.എം.ഐ. സഭയുടെ നിശാപ്രാർത്ഥന ചൊല്ലി, സമൂഹത്തെ ഹന്നാൻ വെള്ളം തെളിക്കുകയാണ് പതിവ്. മറ്റു വൈദികർ ആരും സ്ഥലത്തില്ലായിരുന്നു. പ്രാർത്ഥനയ്ക്കു നേതൃത്വം നൽകിയ ഡൺസ്റ്റണച്ചൻ ആത്മശോധനയുടെ നേരത്ത് ഉറങ്ങിപ്പോയി. നവസന്ന്യാസികൾക്ക് ആർക്കും അദ്ദേഹത്തെ ഉണർത്താൻ ധൈര്യം തോന്നിയില്ല. അച്ചനെ ഉണർത്തുന്നതിനായി ഒരാൾ കസേരയിൽ തട്ടി ശബ്ദമുണ്ടാക്കി. ഡൺസ്റ്റണച്ചൻ ഞെട്ടിയുണർന്നു. വെള്ളം തെളിക്കുന്നതിനു നേരമായെന്ന വിചാരത്തിൽ കത്തുന്ന മെഴുകുതിരി കറാപ്പെന്നു കരുതി സമൂഹത്തിനു നേരെ എടുത്തുവീശി. “അ ... വ് ...” ഉരുകിയ മെഴുക് കഴുത്തിൽ വീണ് സുഖനിദ്രയിൽനിന്ന് ഉണർന്ന നവസന്ന്യാസി ഒരാൾ കരഞ്ഞു. സമൂഹത്തിൽ ചിരിയുടെ അമിട്ടു പൊട്ടാൻ താമസമുണ്ടായില്ല.

## തന്നെത്തന്നെയും മറന്നുപോയപ്പോൾ

പലപ്പോഴും കുളിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും അദ്ദേഹം മറന്നു. വിശപ്പും ദാഹവും അനുഭവപ്പെടുമ്പോഴായിരിക്കും താൻ വെള്ളം കുടിച്ചില്ലല്ലോ, ഭക്ഷണം കഴിച്ചില്ലല്ലോ എന്ന് ഓർമ്മിക്കുക. വരന്തരപ്പിള്ളിയിൽ റെക്റ്ററായിരിക്കെ നിശ്ചിത നേരങ്ങളിൽ അദ്ദേഹത്തെ ഓർപ്പിച്ചു, ഭക്ഷണം വിളമ്പിക്കൊടുത്തു കഴിപ്പിക്കുന്നതിന് പ്രവിശ്യാശ്രേഷ്ഠനായ ക്ലെമൻസ് തോട്ടുങ്കലച്ചൻ ചില യോഗാർത്ഥികളെ ഏൽപിച്ചിരുന്നു.

1989–1990 ഡൺസ്റ്റണച്ചന്റെ ജൂബിലി വർഷവുമായിരുന്നു. അച്ചൻ അംഗമായിരുന്ന സായ്ബാബ കോളനി ലിറ്റിൽ ഫ്ളവർ മൈനർ സെമിനാരിയിൽ ലളിതമായ ആഘോഷങ്ങൾക്കുള്ള ഒരുക്കങ്ങൾ നടന്നു. കോയമ്പത്തൂരിലെ സി.എം.ഐ. ഭവനങ്ങളിൽനിന്നും അടുത്തുള്ള മഠങ്ങളിൽനിന്നും ക്ഷണിക്കപ്പെട്ടവർ ആഘോഷത്തിൽ പങ്കുചേരുന്നതിനു സമയത്തിനുതന്നെ വന്നെത്തി. എന്നാൽ ജൂബിലേറിയനെമാത്രം കണ്ടില്ല. അദ്ദേഹം പാവറട്ടിയിൽ പോയിട്ടു തിരിച്ചെത്തിയിട്ടില്ല. സമയം അതിക്രമിച്ചപ്പോൾ ഫോണിൽ വിളിച്ച് അന്വേഷണം നടത്തി.

കക്ഷി പാവറട്ടിയിൽനിന്നു പുറപ്പെട്ടിട്ടില്ല. ആഘോഷത്തെപ്പറ്റി മറന്നു പോയിരുന്നു. വന്നവരെല്ലാം അച്ചന്റെ അസാന്നിദ്ധ്യത്തിൽ ജൂബിലി വിരുന്ന് സമൃദ്ധമായി ആസ്വദിച്ച് കുണ്ഠിതത്തോടെ തിരിച്ചുപോയി.

"ഡൺസ്റ്റണച്ചൻ ഉണ്ടോ?'' കൽവീരാംപാളയം പ്രവിശ്യാഭവനത്തിൽനിന്ന് ജോയ് കോളേങ്ങാടനച്ചൻ കൗണ്ടംപാളയം യോഗാർത്ഥി ഭവനത്തിലേക്കു ഫോണിൽ ചോദിച്ചു. "നോക്കിയിട്ട് വരട്ടെ.'' ഫോൺ എടുത്തയാൾ റിസീവർ വെച്ചിട്ട് രണ്ടാം നിലയിൽ കയറി, ഡൺസ്റ്റണച്ചനെ തേടി. അൽപസമയം കഴിഞ്ഞ് അദ്ദേഹം തിരിച്ചുവന്ന് ജോയച്ചനു മറുപടി നൽകി: "ആ ... ഞാൻ തന്നെയാ ഡൺസ്റ്റണച്ചൻ.''

### ഒരു രസമില്ലാത്ത കഥ

മറവിയുടെ രസകരകഥകൾ പറയുമ്പോൾ അത്ര രസമില്ലാത്ത കഥയും പറയാനുണ്ട്. അത് പങ്കുവയ്ക്കുന്നത് തോമസ് അമ്പൂക്കനച്ചനാണ്. "ഞാൻ വരന്തരപ്പിള്ളി മൈനർ സെമിനരിയിൽ വന്ന് ഏകദേശം മൂന്നു മാസത്തിനുശേഷം, ഒരു പരീക്ഷയുടെ അവസരത്തിൽ എന്റെ അച്ഛന്റെ (അമ്മയുടെ ആങ്ങള) വീട്ടിൽനിന്ന് ഒരു ഫോൺ (ട്രങ്ക് കോൾ) വന്നു. അദ്ദേഹത്തിന്റെ മൂത്ത മകളുടെ (എന്റെ ഏറ്റവും പ്രിയപ്പെട്ട ജോളി പെങ്ങൾ - ഏകദേശം 20 വയസ്) മരണവാർത്ത അറിയിച്ച വിളിയാണത്. പരീക്ഷ കഴിഞ്ഞ് ഈ വിവരം എന്നെ അറിയിച്ചാൽ മതിയെന്നു റെക്റ്ററച്ചൻ തീരുമാനിച്ചു. എന്നാൽ സമയമായപ്പോൾ അദ്ദേഹം അക്കാര്യം മറന്നുപോയി. അങ്ങനെ പെങ്ങളുടെ മരണവിവരം ഞാൻ അറിഞ്ഞില്ല. ഒരാഴ്ചയ്ക്കുശേഷം വീട്ടിൽനിന്ന് എനിക്ക് ഒരു കത്ത് വന്നു. റെക്റ്ററച്ചൻ ആ എഴുത്ത് വായിച്ചു. പാവം റെക്റ്ററച്ചൻ അപ്പോഴാണ് ഓർമ്മിക്കുന്നത് പെങ്ങൾ മരിച്ച വിവരം എന്നോടു പറഞ്ഞില്ലല്ലോ എന്ന്. എഴുത്തിൽ നിറയെ ഞാൻ ചെല്ലാത്തതിന്റെ സങ്കടവും പരിഭവവും ആയിരുന്നു. പൊട്ടിച്ച കത്തുമായി ബ. റെക്റ്ററച്ചൻ എന്റെ അടുത്തുവന്ന് നിറകണ്ണുകളോടെ എന്നോടു പറഞ്ഞു. "ബ്രദറേ, എനിക്കൊരു അബദ്ധം പറ്റി.' വീണ്ടും അദ്ദേഹം ഒന്നു വിതുമ്പി. അതിനുശേഷം അദ്ദേഹം കാര്യം പറഞ്ഞു. ഞാൻ ആ കത്ത് വായിച്ച് പൊട്ടിക്കരഞ്ഞു. റെക്റ്ററച്ചൻ എന്നെ മുറിയിൽ കൊണ്ടുപോയി ഒരുപാടു നേരം ആശ്വസിപ്പിച്ചു. അന്നുതന്നെ എന്നെ വീട്ടിലേക്കു പറഞ്ഞയയ്ക്കുകയും സമൂഹത്തിൽ ഈ വിവരം പറയുകയും ചെയ്തു. ആദ്യം കുറച്ചു വേദനിച്ചെങ്കിലും അടുത്തറിഞ്ഞപ്പോൾ ഡൺസ്റ്റണച്ചനോട് എനിക്കു സ്നേഹവും ബഹുമാനവുമാണ് തോന്നിയത്.''

# 20

# സ്വർഗ്ഗത്തിൽ ഒരു പൂ വിരിയുന്നു

ജീവിതത്തിന്റെ അവസാനനാളുകളിൽ ശരവണംപട്ടി അരുൾ മലർ ഇല്ലം, കൊഴിഞ്ഞാമ്പാറ സെന്റ് തോമസ് ആശ്രമം, കൗണ്ടമ്പാളയം ലിറ്റിൽ ഫ്ളവർ മൈനർ സെമിനരി എന്നിയിടങ്ങളിൽ അച്ചന്മാരുടെയും അർത്ഥികളുടെയും ശുശ്രൂഷ സ്വീകരിച്ചുകൊണ്ട് ഡൺസ്റ്റണച്ചൻ വിശ്രമജീവിതം നയിച്ചു. മൂന്നു വർഷങ്ങൾ അച്ചന്റെ ശുശ്രൂഷകനെന്ന നിലയിൽ ഗണേശൻ സന്തതസഹചാരിയായിരുന്നു. പുണ്യവാനായ ആ സന്ന്യാസിയെ ശുശ്രൂഷിച്ചപ്പോൾ ഏവരുടെയും ഹൃദയം സ്നേഹം കൊണ്ടു നിറഞ്ഞു.

2002 മുതൽ ശരവണംപട്ടി അരുൾ മലർ ഇല്ലത്തിലെ അംഗമായിരുന്നു ഡൺസ്റ്റണച്ചൻ. 2006-ൽ നവസന്ന്യാസ പരിശീലനം വേലന്താവള ത്തേക്കു മാറ്റി. കെട്ടിടപ്പണി പൂർത്തിയാകാത്തതുകൊണ്ട് തൽക്കാലം കൗണ്ടമ്പാളയം ലിറ്റിൽ ഫ്ളവർ മൈനർ സെമിനരിയിൽ അച്ചനെ താമസിപ്പിക്കുന്നതിനു തീരുമാനമുണ്ടായി. അങ്ങനെ 2006 ജൂൺ 26-ാം തീയതി ഡൺസ്റ്റണച്ചൻ കൗണ്ടമ്പാളയം യോഗാർത്ഥി ഭവനത്തിൽ താമസമാരംഭിച്ചു.

ദിവസങ്ങൾ ചെല്ലുന്തോറും അദ്ദേഹം കൂടുതൽ കൂടുതൽ ക്ഷീണിത നായിത്തീർന്നു. ശരവണംപട്ടിയിലെ വിമൽജ്യോതി ആശുപത്രിയി ലാണു ചികിത്സ തേടിയിരുന്നത്. ഇടയ്ക്കിടെ ഡോക്റ്ററെ സന്ദർശിച്ചും ആശുപത്രിയിൽ തങ്ങിയും ചികിത്സ തുടർന്നു. 2006 സെപ്റ്റംബർ 17-ാം തീയതി രാത്രി 8.45-ന് ഡൺസ്റ്റണച്ചനു തലചുറ്റൽ അനുഭവ പ്പെട്ടു. അബോധാവസ്ഥയിലുമായി. പലമാസങ്ങളായി ഇടയ്ക്കിടെ

ഈ അനുഭവം ആവർത്തിച്ചിരുന്നു. ഉടനെ അദ്ദേഹത്തെ വിമൽജ്യോതി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 19-ാം തീയതി വിദഗ്ധചികിത്സയ്ക്കായി രാമകൃഷണ ആശുപത്രിയിലേക്കു അദ്ദേഹത്തെ മാറ്റി. 21-ാം തീയതി വരെ അവിടെ താമസിച്ചു ചികിത്സ തേടി. തുടർന്ന് ഇടയ്ക്കിടെ സന്ദർശിച്ചിരുന്നതും രാമകൃഷ്ണ ആശുപത്രിയാണ്. ഒക്റ്റോബർ 19-ന് അതേ ആശുപത്രിയിൽതന്നെ അച്ചന്റെ പതിവു പരിശോധന നടന്നു. കഴിച്ചിരുന്ന മരുന്നുകൾതന്നെ തുടരണമെന്ന നിർദ്ദേശമാണ് ഡോക്റ്റർ നൽകിയത്.

ഒക്റ്റോബർ മാസം 21-ാം തീയതി യോഗാർത്ഥികളുടെ "കമ്മ്യൂണിറ്റി ഡേ' ആഘോഷിക്കുന്നതിനു തീരുമാനം എടുത്തിരുന്നു. ആഘോഷിക്കുന്നതിനുള്ള ഒരുക്കങ്ങൾ മാസത്തിന്റെ തുടക്കത്തിൽതന്നെ ആരംഭിച്ചു. 19-ാം തീയതി രാത്രിയിൽ പ്രേഷിതനിലയത്തിന്റെ ഓഡിറ്റോറിയത്തിൽ യോഗാർത്ഥികൾ കലാപരിപാടികൾ ഒരുങ്ങുകയായിരുന്നു. ഡൺസ്റ്റണച്ചനും അവരോടൊപ്പം ഉണ്ടായിരുന്നു. സമയം 9.20 ആയപ്പോൾ അച്ചൻ പെട്ടെന്നു തലകറങ്ങി വീണു. അദ്ദേഹം അബോധാവസ്ഥയിലുമായി. സാബു പള്ളായിയച്ചനും ജോസഫും ചേർന്ന് അച്ചനെ രാമകൃഷ്ണ ആശുപത്രിയിലേക്കു കൊണ്ടുപോയി. പ്രാഥമിക പരിശോധനകൾ പൂർത്തിയാക്കി അദ്ദേഹത്തെ മുറിയിലേക്കു മാറ്റി.

സമയം 11.00 മണി. ഡൺസ്റ്റണച്ചൻ മരണാസന്നനായി കാണപ്പെട്ടു. തന്നെ ശുശ്രൂഷിച്ചുകൊണ്ടിരുന്നയാളുടെ കരങ്ങളിൽ അദ്ദേഹം മുറുകെ പിടിച്ചു. "ഞാൻ മരിച്ചു ... ഞാൻ പോവാണ് ... എനിക്കു സന്തോഷാണ് ... എന്നെ സഹായിക്കണെ ... രക്ഷിക്കണെ ... ഈശോ ..." എന്ന് അച്ചൻ ആവർത്തിച്ചുകൊണ്ടിരുന്നു. ശുശ്രൂഷകൻ കാതിൽ യേശുനാമം ഉരുവിട്ട് അച്ചനെ മരണത്തിന് ഒരുക്കി.

ആ ജീവൻ നിലനിറുത്തുന്നതിന് ഈ ഭൂമിയിലെ പ്രാണവായു തികച്ചും അശക്തമായിത്തീർന്നു. രണ്ടു മണിയായതോടെ ശ്വാസമെടുക്കുന്നതിനു രോഗിക്കു പ്രയാസമായി. തീവ്രപരിശീലന വിഭാഗത്തിലേക്ക് അദ്ദേഹത്തെ മാറ്റി. ഡൺസ്റ്റണച്ചൻ തന്റെ അന്ത്യത്തോട് അടുക്കുന്നതായി ആശുപത്രി വൃത്തങ്ങൾ അറിയിച്ചു. പ്രവിശ്യാഭവനത്തിൽനിന്നു പ്രൊവിൻഷ്യൽ, ഫ്രാൻസിസ് കിഴക്കുന്തലയച്ചൻ, പ്രീഫക്റ്റ് റാഫേൽ കണ്ണനായ്ക്കലച്ചനോടൊപ്പം ആശുപത്രിയിൽ എത്തിച്ചേർന്നു. റാഫേലച്ചന്റെയും ഫാ. സാബു പള്ളായി, ഫാ. പോളി പയ്യപ്പിള്ളി, ബ്ര. അലക്സ് തണ്ണിപ്പാറ എന്നിവരുടെയും സാന്നിദ്ധ്യത്തിൽ 3.40-ന്, പ്രൊവിൻഷ്യലച്ചൻ ഡൺസ്റ്റണച്ചനു രോഗിലേപനം നൽകി. ജീവിതത്തിന്റെ 86 വർഷങ്ങൾ പൂർത്തിയാകാനിരിക്കെ, 2006 ഒക്റ്റോബർ 20-ാം തീയതി

പുലരിയിൽ 4.05–ന് നിത്യസമ്മാനത്തിനായി അദ്ദേഹം യാത്ര പറഞ്ഞു. തികച്ചും സമാധാനപൂർണവും പ്രസാദകരവുമായ മരണം. അങ്ങനെ വിശുദ്ധിയിലേക്കുള്ള ആ നീണ്ട തീർത്ഥയാത്രയ്ക്കു വിസ്മയചിഹ്നം കൊണ്ടു വിരാമം കുറിച്ചു! ആ വിശുദ്ധ ജീവിതത്തിനു സാർത്ഥസായൂജ്യമായി.

ആശുപത്രിയിലെ എല്ലാ നടപടികളും പൂർത്തിയാക്കി മൃതശരീരം ലിറ്റിൽ ഫ്ളവർ സെമിനരിയിലേക്കു കൊണ്ടുവന്നു. ശരവണംപട്ടിയിലെ വിമൽജ്യോതി ആശുപത്രിയിൽനിന്നു സി. സിദ്ധിയും സി. വിമലയും ചേർന്നു മൃതശരീരം ഒരുക്കി മഞ്ചയിൽ കിടത്തി. തുടർന്ന് സെമിനരി കപ്പേളയിൽ ദർശനത്തിനായി വച്ചു. പരിചിതരായ ആളുകൾ സന്ദർശിച്ച് ദിവസം മുഴുവൻ പ്രാർത്ഥന നടത്തി.

21–ാം തീയതി രാവിലെ സംസ്കാര കർമ്മങ്ങൾക്കായി പാലക്കാട് ഭാരതമാത ആശ്രമത്തിലേക്കു കൊണ്ടുപോയി. രാവിലെ 10.45–ന് ഭാരതമാത ചാപ്പലിൽ സംസ്കാരകർമ്മങ്ങൾ ആരംഭിച്ചു. പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് അതിനു നേതൃത്വം നൽകി. ജനറൽ കൗൺസിലർ ഫാ. ജസ്റ്റിൻ കോയിപ്പുറം, പ്രവിശ്യാശ്രേഷ്ഠൻ ഫാ. ഫ്രാൻസിസ് കിഴക്കുന്തല, ദേവമാതാ പ്രവിശ്യാ കൗൺസിലർ ഫാ. ലൂഷ്യസ് നേരെപ്പറമ്പിൽ, പരേതന്റെ സഹോദരപുത്രൻ ഫാ. ജോൺ മരിയ വിയാനി എന്നിവർ സഹകാർമികത്വം വഹിച്ചു. ഡൺസ്റ്റണച്ചന്റെ സഹോദര സന്താനമായ ബ്ര. സാവിയോ എം.എം.ബി., കോയമ്പത്തൂർ, തൃശൂർ, സാഗർ പ്രവിശ്യകളിലെ സഭാംഗങ്ങൾ, ഇടവക വൈദികർ, സഹോദരിമാർ, ബന്ധുക്കൾ, നാട്ടുകാർ എന്നിവരും തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു. ഹഡ്രിയാൻ അമ്പൂക്കനച്ചൻ ചരമ പ്രസംഗം നടത്തി. ആശ്രമാങ്കണത്തിൽ പുതുതായി പണിതീർത്ത സെമിത്തേരിയിൽ ആദ്യമായി ഡൺസ്റ്റണച്ചന്റെ ഭൗതികദേഹം അടക്കം ചെയ്തു.

ഡൺസ്റ്റണച്ചന്റെ ചരമവാർത്ത അറിഞ്ഞവരെല്ലാം "ഒരു വിശുദ്ധൻ മരിച്ചു" എന്നു പ്രതികരിച്ചു. അച്ചനുമായി ഹൃദയബന്ധം സ്ഥാപിച്ചിരുന്നവർ ഇനി ഇങ്ങനെയൊരാൾ തങ്ങളോടൊപ്പമില്ലെന്നു നിസ്സഹായതയോടെ തിരിച്ചറിഞ്ഞു. ഒരു പൂ ഭൂമിയിൽ കൊഴിഞ്ഞ് സുഗന്ധം ശേഷിപ്പിക്കുന്നതുപോലെ ഒരു സുകൃതസ്മരണയായി അദ്ദേഹം നിറഞ്ഞു.

# അനുബന്ധം

# ഡൺസ്റ്റണച്ചന്റെ ജീവിതനാൾവഴികൾ

| | | |
|---|---|---|
| 27-11-1920 | - | ജനനം, പാവറട്ടി ഒലക്കേങ്കിൽ കുടുംബം |
| 06-12-1920 | - | മാമ്മോദീസ |
| 01-07-1925 | - | പ്രാഥമികവിദ്യാഭ്യാസം, സെന്റ് മേരീസ് എലമെന്ററി സ്കൂൾ, പുതുമനശ്ശേരി, പാവറട്ടി |
| 06-07-1928 | - | ആദ്യകുർബാനസ്വീകരണം |
| 24-06-1929 | - | സെന്റ് ജോസഫ്സ് ഹൈസ്കൂൾ, പാവറട്ടി |
| 22-09-1935 | - | യോഗാർത്ഥിഭവന പ്രവേശനം, സെന്റ് ബെർക്കുമൻസ് അസ്പേരന്റ്സ് ഹൗസ്, പാവറട്ടി |
| 25-07-1937 | - | ലത്തീൻ, സുറിയാനി ഭാഷാപഠനം, ലിറ്റിൽ ഫ്ളവർ അസ്പേരന്റ്സ് ഹൗസ് (സെന്റ് ആന്റണീസ് മൊണാസ്റ്ററി) ആലുവ |
| 20-07-1938 | - | നവസന്ന്യാസ പ്രവേശനം, ലിറ്റിൽ ഫ്ളവർ നൊവിഷ്യേറ്റ് സെന്റ് തെരേസാസ് മൊണാസ്റ്ററി, അമ്പഴക്കാട് |
| 23-11-1938 | - | സഭാവസ്ത്ര സ്വീകരണം |
| 24-11-1939 | - | ആദ്യവ്രതം |
| 04-01-1941 | - | പ്രസംഗകല പരിശീലനം, ലത്തീൻ, സുറിയാനി ഭാഷ പഠനം, സെന്റ് ജോസഫ്സ് മൊണാസ്ട്രി, കൂനമ്മാവ് |
| 05-01-1942 | - | തത്വശാസ്ത്ര പഠനം, സെന്റ് ജോൺ ഓഫ് ദ ക്രോസ് മൊണാസ്റ്ററി, മുത്തോലി |
| 24-11-1942 | - | നിത്യവ്രതം |

| | |
|---|---|
| 19-06-1943 | - ആസ്ഥപ്പാട്, 1, 2 പട്ടങ്ങൾ |
| 06-01-1944 | - ദൈവശാസ്ത്രപഠനം, സേക്രട്ട് ഹാർട്ട് സ്കൊളാസ്റ്റിക്കേറ്റ്, ചെത്തിപ്പുഴ |
| 03-06-1944 | - 3, 4 പട്ടങ്ങൾ |
| 26-05-1945 | - അഞ്ചാം പട്ടം |
| 15-06-1946 | - ആറാം പട്ടം |
| 31-05-1947 | - വൈദികപട്ടം |
| 02-06-1947 | - നവപൂജാർപ്പണം |
| 07-06-1947 | - ദൈവശാസ്ത്രപഠനം തുടരുന്നു, സേക്രട്ട് ഹാർട്ട് സ്കൊളാസ്റ്റിക്കേറ്റ്, ചെത്തിപ്പുഴ |
| 20-12-1947 | - അംഗം, സെന്റ് ജെയിംസ് മൊണാസ്റ്ററി, കരിക്കാട്ടൂർ |
| 29-08-1948 | - അംഗം, സേക്രട്ട് ഹാർട്ട് മൊണാസ്റ്ററി, ചെത്തിപ്പുഴ |
| 17-10-1949 | - ചെത്തിപ്പുഴ ആശ്രമത്തിന്റെ കീഴിൽ അയിരൂരിലുള്ള മിഷൻ ഹൗസായ ലൂർദെസ് കാർമ്മൽ ആശ്രമത്തിൽ സ്ഥിരതാമസമാക്കുന്നു. |
| 03-1950 | - അംഗം, ലൂർദെസ് കാർമ്മൽ ആശ്രമം, അയിരൂർ |
| 31-08-1950 | - ലൂർദെസ് കാർമ്മൽ ആശ്രമത്തിന്റെ ഭാഗമായ ഇടവകയുടെ ചുമതല ഏറ്റെടുക്കുന്നു. |
| 19-05-1953 | - പ്രൊക്യുരേറ്റർ, സെന്റ് തെരേസാസ് മൊണാസ്റ്ററി, അമ്പഴക്കാട് |
| 27-05-1956 | - റെക്റ്റർ, സെന്റ് പയസ് ടെൻത്ത് അസ്പേരന്റ്സ് ഹൗസ്, വരന്തരപ്പിള്ളി |
| 20-02-1966 | - റെക്റ്റർ, സെന്റ് ബെർക്കുമാൻസ് അസ്പേരന്റ്സ് ഹൗസ്, ഏൽത്തുരുത്ത് |
| 06-06-1967 | - റെക്റ്റർ, സെന്റ് പയസ് ടെൻത്ത് അസ്പേരന്റ്സ് ഹൗസ്, വരന്തരപ്പിള്ളി |
| 04-06-1969 | - പ്രിയോർ, ഇമ്മാക്കുലേറ്റ് ഹാർട്ട് മൊണാസ്റ്ററി, വരന്തരപ്പിള്ളി |
| 11-02-1972 | - പ്രീഫെക്റ്റ്, ദേവമാത പ്രൊവിൻഷ്യൽ ഹൗസ്, തൃശ്ശൂർ |
| 11-05-1973 | - സുപ്പീരിയർ, സെന്റ്. ജോസഫ് ഹോം, അട്ടപ്പാടി |
| 06-07-1974 }<br>02-10-1974 } | - താവളം, ത്രിത്വമല എന്നിയിടങ്ങളിൽ ഹോളി ട്രിനിറ്റി ഇടവകകളുടെ വികാരി |
| 25-06-1977 | - റെക്റ്റർ, ജ്യോതി നിവാസ്, റാഞ്ചി |
| 07-05-1978 | - പ്രിയോർ, ഇമ്മാക്കുലേറ്റ് ഹാർട്ട് മൊണാസ്റ്ററി, വരന്തരപ്പിള്ളി |

| | | |
|---|---|---|
| 22-06-1978 | - | സി.എം.ഐ. കോയമ്പത്തൂർ ഉപപ്രവിശ്യയിൽ അംഗമായി ചേരുവാൻ സമ്മതം അറിയിച്ചു. |
| 13-06-1979 | - | പ്രീഫെക്റ്റ്, സെന്റ് ആന്റണീസ് ആശ്രമം, ശരവണംപട്ടി |
| 20-09-1979 | - | അംഗം, ലിറ്റിൽ ഫ്ളവർ നൊവിഷ്യേറ്റ്, അമ്പഴക്കാട് |
| 05-08-1982 | - | റെക്റ്റർ, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 24-05-1984 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 16-11-1986 | - | റെക്റ്റർ, സെന്റ് തോമസ് ആശ്രമം, കൊഴിഞ്ഞാമ്പാറ |
| 04-07-1987 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 07-01-1988 | - | റെക്റ്റർ, സി.എംഐ. ഭവൻ, പാലക്കാട് |
| 03-05-1989 | - | അംഗം, ലിറ്റിൽ ഫ്ളവർ മൈനർ സെമിനരി, സായ്ബാബ കോളനി |
| 03-10-1989 | - | ലളിത ജീവിതം, ചെന്നിമലൈ (കോയമ്പത്തൂർ ലിറ്റിൽ ഫ്ളവർ മിഷൻ സെന്ററിലെ അംഗം) |
| 18-11-1989 | - | അംഗം, ലിറ്റിൽ ഫ്ളവർ മൈനർ സെമിനരി, സായ്ബാബ കോളനി |
| 14-06-1990 | - | ലളിത ജീവിതം, കുളക്കാട്ടുകുരിശി (കോയമ്പത്തൂർ ലിറ്റിൽ ഫ്ളവർ മിഷൻ സെന്ററിലെ അംഗം) |
| 01-05-1991 | - | സേക്രട്ട് ഹാർട്ട് ആശ്രമം, പെരിന്തൽമണ്ണ |
| 14-05-1991 | - | ആനിമേറ്റർ, സി.എം.ഐ. ബ്രദേഴ്സ് യൂണിറ്റ്, സെന്റ് ഏലിയാസ് അരണ്യാശ്രമം, നിരവിൽപ്പുഴ |
| 28-06-1992 | - | ആനിമേറ്റർ, സി.എം.ഐ. ബ്രദേഴ്സ് യൂണിറ്റ്, സെന്റ് പോൾസ് ഹൗസ്, കടലുണ്ടി |
| 20-05-1993 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 04-05-1994 | - | റെക്റ്റർ, ലിറ്റിൽ ഫ്ളവർ മൈനർ സെമിനരി, കൗണ്ടം പാളയം |
| 25-05-1996 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 30-06-1997 | - | അംഗം, സെന്റ് തെരേസാസ് മൊണാസ്റ്ററി, അമ്പഴക്കാട് |
| 08-07-1999 | - | അംഗം, ഭാരതമാത ആശ്രമം, പാലക്കാട് |
| 29-03-2001 | - | അംഗം, സെന്റ് തോമസ് ആശ്രമം, കൊഴിഞ്ഞാമ്പാറ |
| 14-11-2003 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 26-06-2006 | - | ലിറ്റിൽ ഫ്ളവർ മൈനർ സെമിനരി, കൗണ്ടംപാളയം |
| 20-10-2006 | - | മരണം |